BASHEER. AHMED,
MANJESHWAR

# അന്നുബുവ്വത്തു ഫിൽ ഇസ്ലാം

## ഇസ്ലാമിലെ പ്രവാചകത്വം


മൗ: അബ്ദുല്ലാഹ് സാഹിബ്, എച്ച്. എ.

തെന്നിന്ത്യാ അഹ്മദിയ്യാ റയീസുത്തബ്ലീഗ്



പ്രസാധകർ:

അഹ്മദിയ്യാ സെൻറിനറി ഫോറം

(കോഴിക്കോട്-കൊടിയത്തൂർ)

കോഴിക്കോട്_673 001

ANNUBUWATHU FIL ISLAM

(Prophethood in Islam)

Author:

Moulana B. Abdullah Sahib H. A.

(Chief of Ahmadiyya Missionaries, South India)

Publishers:

Ahmadiyya Centenary Forum,

(Kozhikode-Kodiyathur)

Kozhikode-673 001

Printers:

Nusrath Printing Press

Cannanore-670 001.


1st. Edition—1934

2nd. Edition—1989

Copies: 2000

Price—Rs. 50-00

C. F/M. 1/2000/'89.



മൗലാനാ അബ്ദുല്ലാഹ് സാഹിബ് എച്ച്. ഏ. (റഹ്)

# വിഷയവിവരം

## ഒന്നാം അദ്ധ്യായം


അഹ്മദിയ്യാ പ്രസ്ഥാനം 1—23

1 ലോകത്തിൻെറ സ്ഥിതിയും വാഗ്ദാനം ചെയ്യപ്പെട്ട മഹാത്മാവിൻെറ ആഗമനവും 1
2 ലോകത്തിൻെറ വിരോധവും ഹസ്റത്ത് അഹ്മദുൽ ഖാദിയാനിയുടെ വിജയവും 3
3 എതിരാളികളുടെ വാദങ്ങാം 8
4 പ്രവാചകത്വത്തെ സംബന്ധിച്ചുള്ള അഭിപ്രായങ്ങാം 11
5 പ്രതിയോഗികളുടെ ന്യായങ്ങാം 13
6 പ്രവാചകനിയോഗത്തിൻെറ ആവശ്യകത 18
7 ഒരു മഹാത്മാവിൻെറ ആവിർഭാവത്തിലുള്ള പ്രതീക്ഷ 20
8 നബിതിരുമേനിയുടെ പേരിൽ ഞങ്ങാംക്കുള്ള ഭക്തിശ്രദ്ധകാം 22


## രണ്ടാം അദ്ധ്യായം


സാർവ്വലൗകികമായ ദൗത്യവും പ്രവാചകാവതാരവും 24—59

9 നബിതിരുമേനിയിൽ ഞങ്ങാംക്കുള്ള ഭക്തിവിശ്വാസം 24
10 സാർവ്വജനീനമായ ദൌത്യം പ്രവാചകാവതാരത്തിന്നു തടസ്സമാകുന്നില്ല 27
11 പ്രവാചകൻ വരുന്നതുകൊണ്ടു നബിതിരുമേനിയുടെ ദൗത്യം സാർവ്വജനീനമല്ലാതായിത്തീരുന്നില്ല 30

12 ഇനി പ്രവാചകനു വരാവതല്ലെങ്കിൽ നബിതിരുമേനി
യുടെ ദൌത്യവും നിഷേധിക്കേണ്ടതായ്‌വരും 32
13 സാർവ്വജനീനമായ ദൌത്യത്തിനുശേഷം പ്രവാചകനു
വരാവതല്ലെങ്കിൽ നിരവധി പ്രവാചകന്മാരെ നിഷേ
ധിക്കേണ്ടതായ്‌വരും 36
14 ആദ്യനബിയ്ക്കു് ശേഷം പ്രവാചകനിയോഗം
നിഷിദ്ധം! 39
15 ലോകൈകദൌത്യത്തിനു ശേഷവും പ്രവാചകന്റെ
ആവശ്യം ശേഷിക്കുന്നു 41
16 മുസ്ലിംലോകത്തിന്റെ ശോച്യാവസ്ഥ 43
17 തിരുമേനിയുടെ സ്ഥാനമാഹാത്മ്യം അനുയായികളിൽ
പ്രവാചകനുണ്ടാകാമെന്നു തെളിയിക്കുന്നു 55

## മൂന്നാം അദ്ധ്യായം

ന്യായപ്രമാണത്തിന്റെ പരിപൂർണ്ണതയും
പ്രവാചകാവതാരവും 60—86

18 സമ്പൂർണ്ണന്യായപ്രമാണം പ്രവാചകന്റെ
വരവിനു പ്രതിബന്ധമല്ല 60
19 പ്രവാചകൻ വരുന്നതു ന്യായപ്രമാണംകൊണ്ടു്
വരുന്നതിനു മാത്രമല്ല. 64
20 ഇസ്രായീല്യർക്കുള്ള ന്യായപ്രമാണം 'തൌറാത്ത്' 65
21 തൌറാത്ത് പരിപൂർണ്ണമായിരുന്നിട്ടും ഇസ്റായീല്യരിൽ
പ്രവാചകൻമാർ ആഗതരായി 69
22 പ്രവാചകന്റെ വരവ് പരിപൂർണ്ണ ന്യായ
പ്രമാണത്തിനു ഹാനികരമല്ല 74
23 ന്യായപ്രമാണം പരിപൂർണ്ണമായതുകൊണ്ടു
പ്രവാചകൻമാരുണ്ടാകാം 76
24 പ്രവാചകത്വം അനുഗ്രഹമായതുകൊണ്ടു് അതു
പ്രാപ്യമാണ് 79

## നാലാം അദ്ധ്യായം

### സുരക്ഷിത ന്യായപ്രമാണവും പ്രവാചകാവതാരവും 87—130


25 സുരക്ഷിതമായ ന്യായപ്രമാണം പ്രവാചകാവതാരത്തിന്നു പ്രതിബന്ധമല്ല 87

26 ഗ്രന്ഥകർത്താവിന്റെ ന്യായം സാധുവാകുമെങ്കിൽ അനേകം പ്രവാചകൻമാരെ നിഷേധിക്കേണ്ടിവരും 90

27 രക്ഷാവാഗ്ദാനമുള്ളതുകൊണ്ടു ന്യായപ്രമാണത്തിന്റെ രക്ഷക്കു ഏർപ്പാടുണ്ടായിരിക്കേണ്ടതാണ് 95

28 വിശുദ്ധഖുർആന്റെ സംരക്ഷണം 97

29 പരിപൂർണ്ണ ന്യായപ്രമാണവും പരിപൂർണ്ണ പ്രവാചകത്വവും 102

30 ന്യായപ്രമാണം സുരക്ഷിതമായിരിക്കെ നബിതിരുമേനി നിര്യാതനായി 107

31 പ്രവാചകനുണ്ടാകാവതല്ലെങ്കിൽ ഖലീഫമാരും മുജദ്ദിദ്മാരും ഉണ്ടാകാവതല്ല 109

32 ന്യായപ്രമാണം സുരക്ഷിതമായിട്ടും ധർമ്മലോപം 116

33 പരിപൂർണ്ണ ന്യായപ്രമാണവും ദിവ്യപുരുഷന്റെ ആവശ്യകതയും 122

34 മാതൃകാപുരുഷന്റെ ആവശ്യകത 123

35 ന്യായപ്രമാണത്തിന്റെ ആവശ്യമില്ലേ? പ്രവാചകന്റെ ആവശ്യമുണ്ട് 126


## അഞ്ചാം അദ്ധ്യായം

### പൂർവ്വപ്രവാചകൻമാരിലുള്ള വിശ്വാസവും പ്രവാചകാവതാരവും 131—221


36 ഗ്രന്ഥകർത്താവിന്റെ ന്യായത്തിനു വാദവിഷയവുമായി ബന്ധമില്ല 131

37 പരിപൂർണ്ണമായ മതോപദേശവും പൂർവ്വ
പ്രവാചകൻമാരിലുള്ള വിശ്വാസവും 134

38 ഗ്രന്ഥകർത്താവിൻെറ ന്യായം സാധുവാകുമെങ്കിൽ
അനേകം പ്രവാചകൻമാരെ നിരാകരിക്കേണ്ടിവരും 136

39 പൂർവ്വപ്രവാചകൻമാരിൽ വിശ്വസിക്കാനുള്ള ശാസന
പിൻവരുന്നവരിൽ വിശ്വസിക്കേണ്ടതാണെന്ന്
കാണിക്കുന്നു 139

40 പൂർവ്വമതഗ്രന്ഥങ്ങളിലെ സാരാംശങ്ങളടങ്ങിയ
ന്യായപ്രമാണവും പ്രവാചകനിയോഗവും 142

41 പൂർവ്വമതഗ്രന്ഥങ്ങളിലെ സാരങ്ങളടങ്ങിയത്
ഖുർആനിൽ മാത്രമല്ല 144

42 പൂർവ്വപ്രവാചകന്മാരിലുള്ള വിശ്വാസം 148

43 മുൻപ്രവാചകന്മാരെക്കുറിച്ചും പിൻവരുന്നവരെക്കുറിച്ചുമുള്ള
പ്രസ്താവനകൾ തമ്മിലുള്ള വ്യത്യാസം 152

44 വിശ്വാസപ്രമാണങ്ങളുടെ വിവരണം
പ്രവാചകാവതാരത്തിന്നു പ്രതിബന്ധകമല്ല. 154

45 മുൻപ്രവാചകന്മാരിൽ വിശ്വസിക്കണമെന്നതു
കൊണ്ടു പിൻവരുന്നവരിൽ വിശ്വസിക്കേണ്ടതി
ല്ലെന്നു വരുന്നില്ല 158

46 എല്ലാ പ്രവാചകന്മാരിലും വിശ്വസിക്കേണ്ടതാവ
ശ്യമാണ് 161


## വബിൽ ആഖിറതി ഹും യൂഖിനൂൻ 165—197


47 ആഖിറത്തും വഹ്യും 165

48 'ആഖിറത്'' എന്നതിൻെറ വിവക്ഷിതം 168

49 'ആഖിറ'ത്തിന്നു 'പിൻവരുന്ന വഹ്യ്'' എന്നർത്ഥ
മാകുന്നത്കൊണ്ടു അന്ത്യദിനത്തിലുള്ള വിശ്വാസം
നഷ്ടമാകുന്നില്ല 172

50 'ആഖിറത്'' എന്ന പദത്തിൻെറ പ്രയോഗങ്ങൾ 177

51 'ആഖിറത്'' എന്നതിനു 'പിൻവരുന്ന വെളിപാട്''
എന്നർത്ഥമെടുക്കാവുന്നതാണ് 179

52 'ആഖിറത്'' ശബ്ദത്തിനുള്ള രണ്ടർത്ഥം 180

53 'കിതാബ്' അഥവാ 'ഗ്രന്ഥ'ത്തിൽ വിശ്വസിക്ക
എന്നതിന്റെ താൽപര്യം 187

വഹ്‌യ് അഥവാ ദിവ്യവെളിപാട് 196—221

55 അല്ലാഹ സംസാരിക്കുന്നവനത്രെ 197
56 വഹ്‌യ് ഇല്ലാതിരിക്കയെന്നതു ഒരനുഗ്രഹനഷ്ടമാണ് 199
57 പൂർവ്വസമുദായങ്ങളും വൈഭാഷണവും 200
58 തിരുമേനിയുടെ സമുദായത്തിന്റെ ഉൽകൃഷ്ടത 202
59 വിശുദ്ധഖുർആനും വഹ്‌യും 206
60 'വലി'മാരുടെ വഹ്‌യ് 208
61 ദിവ്യവെളിപാടിനെക്കുറിച്ചു മഹാത്മാക്കളുടെ
അഭിപ്രായം 209
62 വഹ്‌യും ഇൽഹാമും 213
63 മലക്കു മുഖാന്തരമുള്ള വഹ്‌യ് 216
64 വാഗ്ദത്തം ചെയ്യപ്പെട്ട മസീഹിന്നു വഹ്‌യ്
ഉണ്ടാകുന്നതാണ് 218
65 നിലച്ചു പോയിരിക്കുന്നതു ശരീഅത്തിന്റെ
വഹ്‌യ് മാത്രമാണ് 220

## ആറാം അദ്ധ്യായം

പൂർവ്വപ്രവാചകന്മാരുടെ വൃത്താന്തവും
പ്രവാചകാഗമനവും 222—248

66 മുൻപ്രവാചകന്മാരുടെ വൃത്താന്തം മേലിൽ പ്രവാചകനു
ണ്ടാകുന്നതല്ലെന്നതിനു സാക്ഷ്യമല്ല 222
67 പ്രവാചകാഗമനവും ദൈവീക നിയമ ചട്ടവും 224
68 മുൻപ്രവാചകവൃത്താന്തം തിരുനബിയുടെ ദൌത്യ
സാക്ഷ്യം 227
69 മുൻപ്രവാചകവൃത്താന്തം ഭാവിപ്രവാചകാവിർഭാവ
നിഷേധകമല്ല 228
70 മുൻപ്രവാചകവൃത്താന്തം എന്തിന്? 235

71 മേലിൽ പ്രവാചകനുണ്ടാകാവതല്ലെങ്കിൽ
മനുഷ്യനും ഉണ്ടാകാവതല്ല 243
72 മേലിൽ പ്രവാചകനുണ്ടാകാവതല്ലെങ്കിൽ
സമുദായങ്ങളും ഉണ്ടായിരിക്കാവല്ല. 245


## ഏഴാം അദ്ധ്യായം

### 'ഖാതമുന്നബിയ്യീൻ' എന്ന ദൈവവാക്യവും ഭാവിപ്രവാചകാവതാരവും 249—318


73 നബിതിരുമേനിയുടെ വരവിനാൽ പ്രവാചക
ത്വാനുഗ്രഹം നിലച്ചുപോയിട്ടില്ല 250
74 'ഖാതമുന്നബിയ്യീൻ' എന്നതിനു നബിതിരുമേനി
യുടെ വചനങ്ങളിൽനിന്നു മനസ്സിലാകുന്ന അർത്ഥം 254
75 ഗ്രന്ഥകർത്താവിൻെറ വ്യാഖ്യാനത്തെ ഖുർആൻ
സാക്ഷിക്കുന്നില്ല. 259
76 അറബിഭാഷയിൽ 'ഖാതം' എന്ന പദത്തിൻെറ
പ്രയോഗവും അർത്ഥവും 260
77 'ആഖിറുൽ ഖൌം' എന്നതിൻെറ വിവക്ഷിതം 277
78 ഖാതമുന്നബിയ്യീനും ആത്മീയസന്താനവും 286
79 ഗ്രന്ഥകർത്താവിൻെറ അർത്ഥപ്രകാരം അനേകം
'ഖാത്തമുന്നബിയ്യീൻ'മാർ ഉണ്ടായിത്തീരുന്നു. 291
80 'ഖാതമുന്നബിയ്യീൻ' എന്നതിൻെറ അർത്ഥത്തിൽ
ഗ്രന്ഥകർത്താവിനുള്ള ആക്ഷേപം 296
81 മുദ്ര സാക്ഷീകരണത്തിനുള്ള ഉപകരണമാണ് 299
82 'ഖാതമുന്നബിയ്യീൻ' എന്ന വചനത്തിൻെറ
മററു വ്യാഖ്യാനങ്ങൾ 303
83 ശിഷ്യപ്രവാചകൻെറ ആഗമനത്താൽ നബിതിരു
മേനിയുടെ പദവി സുസ്ഥാപിതമാകുന്നു 307
84 ആത്മീയമായ സന്താനപരമ്പരയും തിരുമേനിയുടെ
സ്ഥാനമാഹാത്മ്യവും 311
85 ആകച്ചുരുക്കം 314

## എട്ടാം അദ്ധ്യായം

ഫത്റത് കാലവും പ്രവാചകാവതാരവും 319—365


86 ഗ്രന്ഥകർത്താവിൻെറ ന്യായം 319

87 ആറു നൂററാണ്ടത്തെ 'ഫത്റത്'' ഇസ്രായീല്യക്ക് മാത്രമുള്ളതാണ് 320

88 ലോകത്തിനു പൊതുവെയുള്ള 'ഫത്റത്'' കാലം പന്ത്രണ്ടു നൂററാണ്ടിലും ദീർഘതരമാണ് 321

89 'ഫത്റത്'' ജനങ്ങളെ പ്രതീക്ഷയിൽ നിർത്താനായുള്ളതല്ല 325

90 ഗ്രന്ഥകർത്താവിൻെറ ന്യായപ്രകാരം നബിതിരുമേനിയും ദിവ്യദൂതനല്ലെന്നുവരും 326

91 തിരുമേനിക്കുമുമ്പുള്ള 'ഫത്റത്'' ലോകാരംഭം മുതൽ തിരുവവതാരം വരെയുള്ള കാലമത്രെ 329

92 പ്രവാചകാവതാരത്തിന്നുള്ള കാലം മനുഷ്യന്നു നിർണ്ണയിക്കാവതല്ല. 332

93 പ്രവാചകൻ വരേണ്ട കാലം ഇതുതന്നെ 339

94 സഹാബിമാരിൽ ആരും നബിയാകാതിരുന്നതുകൊണ്ടു പിന്നീടൊരിക്കലും നബിയുണ്ടായിക്കൂടെന്നില്ല. 342

95 സഹാബിമാരെല്ലാവരും സിദ്ദീഖുമാരാകാതിരുന്നതുകൊണ്ടു പിന്നീടാർക്കും സിദ്ദീഖായിക്കൂടെന്നില്ല 346

96 പ്രവാചകത്വം പ്രയത്നംകൊണ്ടുമാത്രം പ്രാപ്യമാകാവതല്ല 350

97 പ്രവാചകനുണ്ടാകാമെന്നതുകൊണ്ടു പ്രവാചകന്മാരാൽ ലോകം നിബിഡമാകേണമെന്നില്ല 357

98 ആരേയും പ്രവാചകനാക്കുവാൻ സാദ്ധ്യമല്ലെന്നു തിരുമേനി പറഞ്ഞുവെങ്കിൽതന്നെ അതുകൊണ്ടു പ്രവാചകനുണ്ടാകുന്നതല്ലെന്നു വരുന്നതല്ല 361

## ഒമ്പതാം അദ്ധ്യായം

നബിവചനങ്ങളും പ്രവാചകാവതാരവും 366-464

99 ഈസബ്നമർയമിന്റെ ആഗമനം 366
100 ഇബ്നമർയമിന്റെ ആഗമനത്തെ പ്രഖ്യാപിക്കുന്ന ഹദീസിനെ 'ഖബ്റുൽവാഹിദ്' എന്നുവെച്ചു തള്ളാവുന്നതല്ല 369
101 ഇബ്നമർയം വരുമെന്നതിന്റെ താല്പര്യം 370
102 'ലാനബിയ്യ ബഅ്ദീ' എന്ന ഹദീസിന്റെ ശരിയായ താൽപര്യം 372
103 'ലാ' ശബ്ദത്തിന്റെ പ്രയോഗം 378
104 ''ബഅ്ദ്'' എന്ന പദത്തിന്റെ അർത്ഥം 383

ഗ്രന്ഥകർത്താവ് തെളിവായുദ്ധരിച്ച ഹദീസുകൾ 389-394

105 ഹസ്രത്ത് അലിയും പ്രവാചകത്വവും 389
106 കപടവാദികളും പ്രവാചകത്വവും 395
107 കപടവാദിയും സംഘബലവും 403
108 നബിതിരുമേനിയും പ്രവാചകത്വമാകുന്ന കെട്ടിടവും 411
109 ആഖിബും പ്രവാചകത്വവും 416
110 നബിതിരുമേനിയുടെ ആറു വിശിഷ്ടതകളും പ്രവാചകത്വവും 422
111 അന്ത്യപ്രവാചകനും അവസാനത്തെ പള്ളിയും 429
112 പ്രവാചകത്വവും മുബശ്ശിറാത്തും 434
113 അന്ത്യസമുദായവും അന്ത്യപ്രവാചകനും 441
114 'ലാ ഉമ്മത്തബഅ്ദകും' 444
115 അന്ത്യപ്രവാചകനും പ്രവാചകത്വവും 446

116 ഹസ്രത്ത് ഉമറും പ്രവാചകത്വവും. 450
117 ഹസ്രത്ത് ഖാലിദിൻെറ രിവായത്തും പ്രവാചകത്വവും 455
118 'ലാ നബിയ്യ ബഅ്ദീ' എന്ന വചനവും
ഹസ്രത്ത് ആയിശഃയും 457

## പത്താം അദ്ധ്യായം

പ്രവാചകത്വവും മതപണ്ഡിതന്മാരുടെ
അഭിപ്രായവും 465—525

119 'ഖാതം' എന്ന പദവും നിഘണ്ടുകർത്താക്കളും 465
120 അന്ത്യപ്രവാചകനും ഖുർആൻവ്യാഖ്യാതാക്കളും 476
121 മുഫസ്സിറുമാരുടെ വ്യാഖ്യാനം മതാധാരമാണോ? 483
122 അന്ത്യപ്രവാചകനും മതതത്വജ്ഞൻമാരും 487
123 പുതിയതും പഴയതുമായ പ്രവാചകത്വം 493
124 പ്രവാചകൻ വരുമെന്നുള്ള വിശ്വാസവും
കുഫ്റഫത്വയും 496
125 മതപണ്ഡിതൻമാരുടെ കുഫ്റ് ഫത്വാ 498
126 പ്രവാചകത്വവാദവും കൊലശിക്ഷയും 502
127 കള്ളപ്രവാചകനും മുഅ്ജിസാത്തും 505
128 "ഇജ്മാഉം' പ്രവാചകത്വവും 508
129 പ്രവാചകത്വത്തെ സംബന്ധിച്ച പണ്ഡിതൻമാരുടെ
അഭിപ്രായങ്ങൾ 512

## പതിനൊന്നാം അദ്ധ്യായം

വിശുദ്ധഖുർആനും പ്രവാചകത്വവും 526—620

130 പ്രവാചകാവതാരം നിലച്ചുപോയെന്നുള്ള
വിശ്വാസം പുതിയതല്ല 526

131 പ്രവാചകനിയമവും വിശുദ്ധഖുർആന്റെ
പരിപൂർണ്ണതയും 606
132 ഹദീസും പ്രവാചകത്വവും 608

## പന്ത്രണ്ടാം അദ്ധ്യായം

## വാഗ്ദാനം ചെയ്യപ്പെട്ട മഹാത്മാവും പ്രവചനവും 621—717

133 നബിതിരുമേനിയുടെ ദൗത്യവും മതഗ്രന്ഥമില്ലാത്ത
ജനങ്ങളും 622
134 നബിതിരുമേനിയുടെ ദൗത്യവും ഗ്രന്ഥമുള്ള
ജനങ്ങളും 625
135 നബിതിരുമേനിയെ സംബന്ധിച്ച പ്രവചനവും
ഇസ്റായീല്യരും 628
136 നബിതിരുമേനിയെക്കുറിച്ചുള്ള പ്രവചനം 632
137 ഗ്രന്ഥകർത്താവിന്റെ ഒരു അബദ്ധവ്യാഖ്യാനം 640
138 ആവശ്യമില്ലാത്തതു ഖുർആനിൽ യാതൊന്നുമില്ല 634
139 പ്രവചനമില്ലെങ്കിലും സത്യവാദിയെ
സ്വീകരിക്കേണ്ടതാവശ്യമാണ് 646
140 പ്രവചനമുണ്ടായിരുന്നിട്ടും ഗ്രന്ഥാവലംബികൾ
നബിതിരുമേനിയെ നിഷേധിച്ചു 649
141 ഈസാനബിയെ യഹൂദർ നിഷേധിച്ചു 652
142 ആഗതനാകുന്ന മസീഹിനെ സംബന്ധിച്ച
പ്രവചനവും ഖുർആനും 655
143 ഹദീസിൽ മാത്രമുള്ള പ്രവചനവും സ്വീകാര്യംതന്നെ 657
144 ഇക്കാലത്തു ദൈവനിയുക്തനായ മഹാത്മാവും
വിരോധികളും 666

145 വാഗ്ദത്തം ചെയ്യപ്പെട്ട മഹാത്മാവും ഖുർആൻെറ പ്രവചനവും 674
146 നബിതിരുമേനിയുമായുള്ള ദൈവത്തിൻെറ ഉടമ്പടി 705
147 നബിതിരുമേനി അരുളിയ പ്രവചനം സ്വീകാര്യംതന്നെ 707
148 പ്രവചനത്തെ സംബന്ധിച്ച തെററിദ്ധാരണ 710

## പതിമൂന്നാം അദ്ധ്യായം

വാഗ്ദാനം ചെയ്യപ്പെട്ട മസീഹ് 718–775

149 പൂർവ്വപ്രവാചകന്മാരും വിരോധികളുടെ ആക്ഷേപങ്ങളും 718
150 സത്യവാദിയുടെ ലക്ഷണങ്ങൾ 727
151 ആഗതനായ മഹാപുരുഷനെ സ്വീകരിക്കേണ്ടതു നിർബ്ബന്ധിതമാകുന്നു 741

# Prophethood in Islam

This book is the reprint of an exhaustive rejoinder by late Moulana Moulavi Abdullah Sahib H. A., the chief Ahmadiyya Missionary of South India and Sri Lanka (1896-1968) to a booklet entitled 'Khatamunnubuwath' an exposition on the finality of prophethood in Islam by late P. Abdul Kader Moulavi, a renowned Mujahid Moulavi of Kerala. The original was published in Cannanore in 1934 and its second print was necessitated by the reproduction of 'Khatamunnubuwath'at Calicut recently. A booklet of the same title, the Malayalam version of a work of Moulana Moudoodi has also been brought out to which too the present publication serves answers.

Moulana Abdullah Sahib H. A. was one of the most eminent religious scholars of South India and Sri Lanka, and an Ahmadiyya Missionery of the highest stature. In this book he deals with almost all arguments raised by the opponents of Ahmadiyya Movement on the question of the finality of prophethood. We hope every Truth-seeker will be convinced of the soundness and sincerity of Ahmadiyya beliefs.

—Publishers

# വായനക്കാരുടെ ശ്രദ്ധയ്ക്ക്

അരനൂററാണ്ടു മുമ്പുള്ള കേരളത്തിലെ മുസ്ലിംകൾക്ക് 1930 കളുടെ കാലഘട്ടം ഒട്ടേറെ കൌതുകമുണർത്തുന്നതായിരുന്നു. വിഭിന്ന വിശ്വാസാദർശങ്ങളുടെ വിവാദതരംഗങ്ങളാൽ അന്നത്തെ മതാന്തരീക്ഷം അരങ്ങ് തകർത്തു. മതാവേശത്തിൻെറ പ്രോജ്ജ്വലമായ ഈ ചരിത്രസാഹചര്യത്തിലാണ് അഹ്മദിയ്യാസന്ദേശം ആഴത്തിൽ വേരൂന്നിയ മലമ്പാർ പ്രദേശം അനേകം വാദപ്രതിവാദങ്ങൾക്കും, ലിഖിതസംവാദങ്ങൾക്കും സാക്ഷ്യം വഹിച്ചത്.

പ്രഗത്ഭപണ്ഡിതന്മാർ പ്രഭാഷണങ്ങളും പ്രസിദ്ധീകരണങ്ങളും ആയുധമാക്കി അഹ്മദിയ്യാ പ്രസ്ഥാനത്തെ എതിർത്തു തോൽപ്പിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കയായിരുന്നു. പക്ഷെ, അന്നത്തെ അഹ്മദിയ്യാമിഷണറിയും, മതപണ്ഡിതന്മാരിൽ പ്രമുഖനുമായ പരേതനായ മൌലാനാ ബി. അബ്ദുല്ലാഹ് സാഹിബ് എച്ച്. എ. യുടെ വാഗ്വിലാസങ്ങളുടേയും കരുത്തുററ തൂലികയുടെയും മുമ്പിൽ അവർക്ക് അടിയറവ് പറയേണ്ടിവന്നു, കെ. എം. മൌലവി സാഹിബ്, ഇ. കെ. മൌലവി സാഹിബ്, എം. സി. സി. എ. കെ. അബ്ദുൽലത്തീഫ് മൌലവി സാഹിബ്, പി. കെ. യൂനുസ് മൌലവി, കെ. സി. അബൂബക്കർ മുസ്ല്യാർ, പതി അബ്ദുൽ ഖാദർ മുസ്ല്യാർ തുടങ്ങി കേരളത്തിലെ പേരുകേട്ട മുജാഹിദ് സുന്നി ആലിംകൾ നേരിട്ടും എഴുത്തു മുഖേനയും അദ്ദേഹവുമായി ഏററുമുട്ടി പരാജയത്തിൻെറ പാതാളം കണ്ടവരാണ്.

1933ൽ, കണ്ണൂരിലെ 'സർവൻറ്സ് ഓഫ് ഇസ്ലാം സൊസൈ
ററി' മുജാഹിദ് പണ്ഡിതന്മാരിൽ അഗ്രഗണ്യനായ അബ്ദുൽഖാദിർ
മൌലവി സാഹിബിൻെറ 'ഖത്തമുന്നബുവ്വത്ത്' എന്ന ഗ്രന്ഥം
പ്രസിദ്ധീകരിച്ചു. നബുവ്വത്ത് നിലച്ചുപോയെന്ന വാദം അഷ്ട
ബന്ധമിട്ടുറപ്പിക്കാനുള്ള ഒരു ശ്രമമായിരുന്നു അതു. എന്നാൽ, മൌ
ലാനാ അബ്ദുല്ലാഹ് സാഹിബ് എച്ച്. ഏ. ഈ മുജാഹിദ് മൌ
ലവിയുടെ നിരർത്ഥകവാദങ്ങളെ ഖണ്ഡിച്ചുകൊണ്ട് നബുവ്വത്ത്
നിലച്ചുപോയിട്ടില്ലെന്നു യുക്തിഭദ്രമായി തെളിയിച്ചു. ഖുർആനും
ഹദീസും മററു പ്രാമാണികരേഖകളും ഉദ്ധരിച്ച് 'ഖത്തമുന്നബു
വ്വ'ത്തിനെ ഖണ്ഡിക്കുക മാത്രമല്ല അദ്ദേഹം ചെയ്തത്. നബുവ്വ
ത്തിനെ സംബന്ധിച്ചുള്ള മുസ്ലിംകളുടെ വികലമായ ധാരണകളേ
യും സന്ദേഹങ്ങളേയും തുടച്ചുമാററാനുള്ള തീവ്രയത്നവും കൂടിയാണ്
നിർവ്വഹിച്ചത്. ഇതാണ് 'അന്നബുവ്വത്ത് ഫിൽ ഇസ്ലാം' എന്ന
ത്രികാലപ്രസക്തിയുള്ള ബൃഹത്തായ ഗ്രന്ഥം പിറന്നുവീണതി
ൻെറ പശ്ചാത്തലം !

മലബാർ അഞ്ചുമൻ അഹ്മദിയ്യാ 1934ൽ കണ്ണൂരിൽ പ്രസി
ദ്ധീകരിച്ച 'അന്നബുവ്വത്ത് ഫിൽ ഇസ്ലാ'മിൻെറ ഈ രണ്ടാം പതിപ്പ്
പുറത്തിറക്കാൻ ഞങ്ങളെ പ്രേരിപ്പിച്ചത് 'ഖത്മുന്നബുവ്വത്ത്' എന്ന
പഴയ ഗ്രന്ഥം കോഴിക്കോട്ട് വീണ്ടും പ്രസിദ്ധീകരിക്കപ്പെട്ടതാ
ണ്. ഒന്നാം പതിപ്പിൽ ഒട്ടും മാററം വരുത്താതെയാണ് ഞങ്ങൾ
ഈ രണ്ടാംപതിപ്പ് പ്രസിദ്ധീകരിക്കുന്നത്. ആശയാവിഷ്ക്കാ
രത്തിൻെറ ഗഹനതയിലും, ഗ്രന്ഥത്തിലുടനീളം അനുവർത്തിച്ചു കാ
ണുന്ന തർക്കശാസ്ത്രശൈലിയിലും, സാഹിത്യതപസ്യയിൽ പോ
യകാല തലമുറ സ്വീകരിച്ചുവന്ന അവതരണരീതിയിലും ഞങ്ങൾ
കൈക്രിയ നടത്തിയിട്ടില്ല. പരേതനായ മൗലാനാ അബ്ദുല്ലാഹ്സാ
ഹിബ് എച്ച്. എ. ലിഖിതസംവാദത്തിലൂടെ വിട്ടേച്ചുപോയ
വിലപ്പെട്ട രേഖയായും, അരനൂററാണ്ട് മുമ്പ് ഇസ്ലാംമതരംഗത്തു
ണ്ടായ സവിശേഷതകളുടെ കൂട്ടത്തിൽ ഒരു ചരിത്രസംഭവമായും,
അഹ്മദിയ്യാപ്രസ്ഥാനത്തിനുവേണ്ടി തൂലിക പടവാളാക്കിയ
ഒരു ജേതാവിൻെറ സ്മരണികയായും ഈ ഗ്രന്ഥത്തെ ഞങ്ങ
ൾ കരുതുന്നു.

ഞങ്ങ൦ മറെറാരു കാര്യം കൂടി ഇവിടെ സൂചിപ്പിക്കട്ടെ: 'ജമാഅത്തെ ഇസ്ലാമി'യുടെ സ്ഥാപകനായ മൗലാനാ അബുൽ അഅ്ലാ സാഹിബ് മൗദൂദി പാക്കിസ്ഥാനിൽ അഹ്മദിയ്യാ വിരോധ പ്രക്ഷോഭത്തിൻെറ പശ്ചാത്തലത്തിൽ, 'ഖത്തമുന്നബുവ്വത്ത്'' എന്ന പേരിൽതന്നെ ഒരു പുസ്തകമെഴുതുകയുണ്ടായി. അതിൻെറ മലയാള പരിഭാഷ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുമുണ്ട്. അതിൽ അദ്ദേഹം പുതിയ പ്രമാണയുക്തികളൊന്നും ഉന്നയിച്ചിട്ടില്ല. പി. അബ്ദുൽ ഖാദർ മൗലവി സാഹിബിൻെറ 'ഖത്തമുന്നുബുവ്വത്ത്'' ഗ്രന്ഥത്തെ അപേക്ഷിച്ച് അതു ഉ൦ക്കനം കുറഞ്ഞതാണെന്നും വാദമുഖങ്ങളെ സംബന്ധിച്ചേടത്തോളം താരതമ്യേന ദരിദ്രമാണെന്നും രണ്ടു പുസ്തകങ്ങളും ഒപ്പം വച്ചു വായിക്കുന്നവർക്ക് മനസ്സിലാക്കാൻ പ്രയാസമില്ല. അതുകൊണ്ട്, ഈ പുസ്തകം മൗലാനാ മൌദൂദിയുടെ 'ഖത്തമുന്നുബുവ്വ'ത്തിനു കൂടിയുള്ള മറുപടിയായി കാണേണ്ടതാണ്. ചുരുക്കത്തിൽ, പ്രവാചകത്വസമാപ്തിവാദത്തിന്നു അനുകൂലമെന്നോണം ഇന്നേവരെ ഉന്നയിക്കപ്പെട്ട എല്ലാ പ്രമാണയുക്തികളെയും തകർത്തു തരിപ്പണമാക്കിയ ഒരു കൃതിയെന്നനിലയിൽകൂടിയാണ് ഞങ്ങളിതു കേരളീയരുടെ മുമ്പിൽ സമർപ്പിക്കുന്നത്.

'ഖത്തമുന്നബുവ്വത്ത്'' എന്ന പി. അബ്ദുൽ ഖാദർ മൌലവി സാഹിബിൻെറ പുസ്തകത്തിൻെറ അവതാരിക എഴുതിയത് കേരളത്തിലും പുറത്തും മതരംഗത്തും രാഷ്ട്രീയരംഗത്തും പേരും പദവിയുംകൊണ്ടു പ്രസിദ്ധനും വന്ദ്യവയോധികനുമായ ഇ. മൊയ്തു മൌലവി സാഹിബ് അവർകളാണ്. കേരളത്തിൽ അഹ്മദിയ്യാ പ്രസ്ഥാനത്തിൻെറ ആരംഭം മുതൽക്കുള്ള എല്ലാ എതിർപ്പുക൦ക്കും സാക്ഷ്യം വഹിച്ചപോന്നിട്ടുള്ള അദ്ദേഹം ഒരിക്കലും അതിൻെറ പിന്നോട്ടുള്ള ചലനം കണ്ടിട്ടില്ല. മറിച്ചു, അതിനെ തോല്പിക്കുന്നതിന്നു, മൌലാനാ അബ്ദുല്ലാഹ് സാഹിബ് എച്ച്. എ. യുമായി ''ചോദ്യോത്തരം'' നടത്താൻ 1925 ൽ കണ്ണൂരിൽവന്ന അദ്ദേഹം പിന്നീട് അതിന്നായി, ഇ. കെ. മൌലവി സാഹിബ് അടക്കം 20 പ്രമുഖന്മാരുടെയും ഒരു ''പത്രറിപ്പോർട്ട''രുടെയും പേരുകളടങ്ങിയ ഒരു പട്ടിക സമർപ്പിച്ചപ്പോ൦ ഒരു തുറന്ന വാദപ്ര

തിവാദത്തിന്നുതന്നെ മൗലാനാ അബ്ദുല്ലാഹ് സാഹിബ് എച്ച്. ഏ. സന്നദ്ധനാണെന്ന് വ്യക്തമാക്കപ്പെട്ട സാഹചര്യത്തിൽ 'അടക്കബസാ'റിലെ പ്രതിഷേധയോഗത്തിൽ ''അടക്കം പറഞ്ഞു'' ആ ശ്രമത്തിനു സ്വയം തീരശ്ശീലയിടുകയാണുണ്ടായത് എന്ന ചരിത്ര വസ്തുത ഞങ്ങൾ ഇവിടെ അനുസ്മരിക്കുന്നു (അഹ്മദിയ്യാ ഗ്രന്ഥമാല—നമ്പ് 9—ഇ. മൊയ്തു മൌലവി—പി. പി. പി. ബ്ദുൽ ഖാദർ കത്തെടപാട്ടകം, 1925) ഈ സംഭവത്തിനുശേഷമാണ് മൊയ്തു മൌലവി സാഹിബ് 'ഖത്തമുന്നുബുവ്വ'ത്തിന്റെ അവതാരികയിൽ പ്രത്യക്ഷപ്പെട്ടതു. 1934ൽ, 'അന്നുബുവ്വത്തു ഫിൽ ഇസ്ലാം' പ്രസിദ്ധപ്പെടുത്തിയശേഷം ഇ. മൊയ്തു മൗലവി സാഹിബ് അഹ്മദിയ്യാ പ്രസ്ഥാനത്തിന്നെതിരെ ഒരക്ഷരം ഉരിയാടിയിട്ടില്ല. ''ഖാദിയാനി വിഷവായു ഊതിക്കൊണ്ടിരിക്കുന്ന കണ്ണൂരിൽനിന്നുതന്നെ ആ ഉപദ്രവത്തെ തടയാനുള്ള പ്രതിവിധി തുടങ്ങിക്കാണുന്നതു സന്തോഷാവഹം തന്നെയാണ്'' എന്നു അദ്ദേഹം 'ഖത്തമുന്നുബുവ്വ'ത്തിന്റെ അവതാരികയിൽ പറഞ്ഞിരുന്നു. 'ഖത്തമുന്നുബുവ്വ'ത്തിന്റെ രണ്ടാം പതിപ്പ് പ്രസിദ്ധം ചെയ്ത കോഴിക്കോട്ടുനിന്നു തന്നെ അതിന്റെ മറുപടിയായി എഴുതപ്പെട്ട 'അന്നുബുവ്വത്തു ഫിൽ ഇസ്ലാ'മിന്റെ രണ്ടാം പതിപ്പും പ്രസിദ്ധപ്പെടുത്താൻ സാധിച്ചതിൽ ഞങ്ങൾ അതീവസന്തുഷ്ടരാണെന്നു പറഞ്ഞുകൊള്ളട്ടെ!

'പ്രവാചകത്വസമാപ്തിത്വ'ത്തിന്റെ പേരിലാണ് ഇന്ന് ലോകം മുഴുവനും അഹ്മദിയ്യാവിരുദ്ധപ്രക്ഷോഭത്തിന്ന് അടിസ്ഥാനമിടപ്പെടുന്നത്. പാക്കിസ്ഥാനിൽ അഹ്മദികളെ അമുസ്ലിംന്യൂനപക്ഷമായി പ്രഖ്യാപിച്ചിട്ടുള്ളതും ഈ അടിസ്ഥാനത്തിലാണല്ലോ. എന്നാൽ, പ്രവാചകത്വസമാപ്തിത്വ'ത്തിന്റെ അടിത്തറ എത്ര ദുർബ്ബലമാണെന്നും, അഹ്മദികൾ തങ്ങളുടെ വിശ്വാസങ്ങൾ ഖുർആന്റെയും ഹദീസുകളുടെയും പ്രമാണയുക്തികളുടെയും എത്ര ബലപ്പെട്ട അടിത്തറയിലാണ് ഉറപ്പിച്ചുവച്ചിട്ടുള്ളതെന്നും ഈ ഗ്രന്ഥം വായിക്കുന്നവർക്ക് മനസ്സിലാക്കാൻ കഴിയും.

പ്രവാചകത്വ സമാപ്തിതത്വം ഈ അടുത്ത കാലത്തായി മുസ്ലിം ബഹുജനങ്ങളുടെ ''ഈമാൻകാര്യങ്ങ''ളിൽ ഒന്നെന്നോണം അവതരിപ്പിക്കപ്പെട്ടിരിക്കയാണല്ലോ. നബിതിരുമേനിയെ പററി സ്ഥാനത്തും അസ്ഥാനത്തും 'അന്ത്യപ്രവാചകൻ' എന്നു വിശേഷിപ്പിക്കുന്നതും ഒരു ഫാഷൻ ആയിമാറിയിട്ടുണ്ട്. യഥാർത്ഥത്തിൽ ഇതു അടുത്തകാലംവരെ പുലർത്തിപ്പോന്ന വിശ്വാസസിദ്ധാന്തങ്ങൾക്ക് എതിരായിട്ടുള്ളതാണ്. ഈസാനബി (അ) ആകാശത്തിൽ ജീവിച്ചിരിക്കുന്നുവെന്നും അദ്ദേഹംതന്നെ തിരുനബിയ്ക്ക് ശേഷം ഇസ്ലാം ദീനിനെ പുനരുജ്ജീവിപ്പിക്കാൻ ഇറങ്ങിവരുമെന്നുമുള്ളതു വിശ്വാസപ്രമാണമായി ഉരുവിട്ടും പഠിപ്പിച്ചും പോന്നിട്ടുള്ളവർക്ക് ആ വിശ്വാസം പററെ കൈയൊഴിക്കേണ്ടിവന്ന സാഹചര്യത്തിലാണ് പ്രവാചകത്വസമാപ്തിതത്വത്തിനു പ്രസക്തി കണ്ടെത്തിയത്. അല്ലെങ്കിൽ ശക്തിയുക്തങ്ങളായ ഖുർആനിക പ്രമാണങ്ങളെയും മസീഹ്ഇബ്നുമറിയം വീണ്ടും വരുമെന്നും മസീഹ നബിയായിരിക്കുമെന്നുമുള്ള പ്രബലമായ ഹദീസുകളെയും 'ഖാത്തമുന്നബിയ്യീൻ' എന്നതിന് ഹ. ആയിശാ (റ) നൽകിയ വ്യാഖ്യാനത്തെയും ഹസ്രത്ത് ഇബ്നു അറബി തുടങ്ങിയ സൂഫിവര്യന്മാർ പ്രകടിപ്പിച്ച അഭിപ്രായങ്ങളെയും എല്ലാം തള്ളിക്കളയാൻ ഉലമാക്കൾ ഒരുങ്ങുകയില്ലായിരുന്നു. ഈസാനബിയുടെ മരണം ആയിരുന്നു അഹ്മദികൾക്കെതിരിൽ സുന്നികളുടെയും അപ്പോലെതന്നെ മുജാഹിദുകളുടെയും ആദ്യകാലത്തെ ചക്രായുധം. അതു ഫലിക്കുന്നില്ലെന്ന് കണ്ടപ്പോൾ പ്രവാചകത്വ സമാപ്തിയുടെ ദുർബ്ബലമായ ആയുധം എടുത്തു പയററുകയാണുണ്ടായതു. ആ ആയുധമാണ് മർഹൂം മൌലാനാ അബ്ദുല്ലാഹ് സാഹിബ് എച്ച്. എ. ഈ ഗ്രന്ഥത്തിൽ തവിടുപൊടിയാക്കിയിരിക്കുന്നത്!

ഒരു സംഗതികൂടി: 1989 മെയ് 28-ാംനു കൊടിയത്തൂരിൽ നടന്ന ചരിത്രപ്രധാനമായ മുബാഹലയ്ക്ക് അടിസ്ഥാനമാക്കിയ ഒരു വിഷയമാണ് പ്രവാചകത്വ സമാപ്തി തത്വം. അഹ്മദിയ്യാ വിശ്വാസങ്ങളുടെ ഖുർആനികവും ഹദീസുപരവും യുക്തിപരവുമായ അടിസ്ഥാനം എത്ര ബലപ്പെട്ടതും കരുത്തുററതുമാണെന്ന് ഈ ഗ്രന്ഥത്തിന്റെ പുനപ്രസാധനംവഴി ഒരിക്കൽകൂടി

തെളിയിച്ചുകാട്ടിയിരിക്കുകയാണ്. എന്തെന്നാൽ, ഇത്ര നിരുത്തരമായ ഒരു കൃതിയായി വിലസുന്ന കാലത്തോളം സത്യത്തിന്റെ മുഖം തിളങ്ങിക്കൊണ്ടിരിക്കുന്നതായി ആർക്കും ബോദ്ധ്യപ്പെടും.

ഇതിന്ന മറുപടിയെഴുതാൻ പരേതനായ പി. അബ്ദുൽ ഖാദർ മൌലവി സാഹിബ് പലവട്ടം ശ്രമിച്ചുനോക്കിയതായി കേട്ടിട്ടുണ്ട്. ഓരോ തവണയും ആ ശ്രമം നടത്തിയപ്പോൾ തന്റെ വാദമുഖങ്ങൾക്കുള്ള തകർപ്പൻ ഖണ്ഡനം ഗ്രന്ഥത്തിന്റെ മറ്റൊരു ഭാഗത്ത് അദ്ദേഹം കണ്ടെത്തുകയാൽ കുഴഞ്ഞുപോകയും അങ്ങനെ ശ്രമം ഉപേക്ഷിക്കുകയും ചെയ്തുവത്രെ!

അഹ്മദിയ്യാ ശതവാർഷികത്തിന്റെ ഭാഗമായി പ്രസിദ്ധീകരിക്കുന്ന ഈ രണ്ടാംപതിപ്പിന്റെ പ്രസാധക ചുമതല ഏറ്റെടുത്തത് കോഴിക്കോട്ടും കൊടിയത്തൂരും ചേർന്നുള്ള 'അഹ്മദിയ്യാ മുസ്ലിം സെന്റിനറി ഫോറം' ആണ്. ഈ സന്ദർഭത്തിൽ, പുസ്തകത്തിന്റെ 'പ്രൂഫ്റീഡിങ്ങും' മറ്റും നിർവ്വഹിച്ച 'സത്യദൂതൻ' പത്രാധിപർ എൻ. അബ്ദുർറഹീം സാഹിബിനും പുസ്തകം ഭംഗിയായി അച്ചടിച്ചുതന്ന 'നസ്രത്ത് പ്രിന്റിങ്ങ് പ്രസ്സി'നും, പുനഃപ്രകാശനത്തിന് സഹായസഹകരണങ്ങൾ നല്കിയ മറ്റു സുഹൃത്തുക്കൾക്കും ഞങ്ങൾ ഹൃദയംനിറഞ്ഞ നന്ദി രേഖപ്പെടുത്തുന്നു. മാന്യവായനക്കാരോടും ഒരപേക്ഷയുണ്ട്: ലാഘവബുദ്ധ്യാ അലസമായി വായിച്ചുതള്ളേണ്ട ഒരു ഗ്രന്ഥമല്ല ഇത്. ആശയങ്ങളുടെ നീഗൂഢതകളിലേക്കിറങ്ങിച്ചെന്ന് വാദഗതികളുടെ സൂക്ഷ്മതലങ്ങളെ ശ്രദ്ധാപൂർവ്വം ഗ്രഹിക്കുവാൻ ഞങ്ങൾ അഭ്യർത്ഥിക്കുന്നു.

—പ്രസാധകർ.

# ഒന്നാം പതിപ്പിൻെറ
# മുഖവുര

പി. അബ്ദുൽഖാദിർ മൌലവിയവർകൾ എഴുതിയ 'ഖതമുന്നുബുവ്വത്ത്'' എന്ന പുസ്തകത്തിനുള്ള മറുപടിയാണ് പ്രകൃതഗ്രന്ഥം. 1932 നവംബർ, ഡിസെമ്പർ എന്നീ രണ്ടുമാസംകൊണ്ടു എഴുതി മുഴമിച്ചിട്ടുള്ളതാണെങ്കിലും അനിർവാഴ്യമായ പല പ്രതിബന്ധങ്ങളാലും ഇപ്പോൾ മാത്രമാണ് പ്രസിദ്ധപ്പെടുത്തുവാൻ സാധിക്കുമാറായിരിക്കുന്നതു.

അഹ്മദികളായ ഞങ്ങളെ കാഫിറാക്കുന്നതിനു എതിരാളികൾ കാരണമായി പറയുകയും ഞങ്ങളുടെ പേരിൽ പൊതുജനങ്ങൾക്കു വിദ്വേഷം ജനിപ്പിക്കുന്നതിനു ആയുധമായി ഉപയോഗിക്കുകയും ചെയ്തുവരുന്നതായ ഒരു പ്രധാന സംഗതി, ഞങ്ങൾ ഹസ്രത്ത് അഹ്മദുൽഖാദിയാനിയെ പ്രവാചകനെന്നു വിശ്വസിക്കുന്നുവെന്നുള്ളതാണ്. നബിതിരുമേനിക്കുശേഷം യാതൊരു തരത്തിലുള്ള പ്രവാചകനും ഉണ്ടാകുന്നതല്ലെന്നും തന്മൂലം ഞങ്ങളുടെ വിശ്വാസം അബദ്ധമായതാണെന്നും സ്ഥാപിക്കുക

യാണ് ''ഖതമുന്നുബുവ്വത്ത്''കൊണ്ടു തൽകർത്താവു ഉദ്ദേശിച്ചിരിക്കുന്നതു. ഈ ഉദ്ദേശ്യം നിറവേററുവാൻ അദ്ദേഹത്തിനു എത്രത്തോളം സാധിച്ചിട്ടുണ്ടെന്നും അദ്ദേഹം കാണിച്ച ന്യായങ്ങൾ വിഷയത്തിലേക്കു എത്രമാത്രം ആധാരമായിട്ടുണ്ടെന്നും ഉള്ള സംഗതി, ഈ ഗ്രന്ഥം നിഷ്പക്ഷനിലയിൽ വായിച്ചു ചിന്തിക്കുന്നവൎക്കു പ്രയാസം കൂടാതെ മനസ്സിലാക്കുവാൻ കഴിയുമെന്നുതന്നെയാണ് എന്റെ വിശ്വാസം. ആകയാൽ, മാന്യവായനക്കാരേവരും ഈ ഗ്രന്ഥം നിഷ്പക്ഷബുദ്ധ്യാ സശ്രദ്ധം വായിച്ചുനോക്കുവാൻ സാദരം അഭ്യൎത്ഥിച്ചുകൊള്ളുന്നു. രണ്ടായിരം കൊല്ലം മുമ്പു ഇസ്രായീല്യരിൽ ആഗതനായിരുന്ന ഒരു പ്രവാചകന്റെ പുനരാഗമനത്തെ പ്രതീക്ഷിച്ചുപോരുന്നവർ തന്നേ നബിതിരുമേനിക്കുശേഷം യാതൊരു പ്രകാരത്തിലുള്ള പ്രവാചകനും വരുന്നതല്ലെന്നു പറഞ്ഞു ഞങ്ങളെ എതിൎക്കുന്നുണ്ടെങ്കിലും, ഞങ്ങൾ പ്രവാചകനുണ്ടാകാമെന്നു പറയുന്നതു നബിതിരുമേനിയുടെ സ്ഥാനമാഹാത്മ്യത്തേയും ഇസ്ലാമിന്റെ ശ്രേഷ്ഠതയേയും കളങ്കപ്പെടുത്തുന്ന തരത്തിൽ അല്ലെന്നും, മറിച്ചു തിരുമേനിയുടെ ആത്മികശക്തിയേയും ഇസ്ലാമിന്റെ പരിപൂർണ്ണതയെയും പുലർത്തുന്ന തരത്തിലാണെന്നുമുള്ള പരമാൎത്ഥം ഈ ഗ്രന്ഥത്തിൽനിന്നും സ്പഷ്ടമാകുന്നതാണ്.

''ഖതമുന്നുബുവ്വത്തി''ന്റെ കർത്താവു തന്റെ വാദത്തിലേക്കു സാക്ഷ്യങ്ങളായി കാണിച്ചിട്ടുള്ള സകല സംഗതികളെയും പ്രകൃതഗ്രന്ഥത്തിൽ സരേഖം ഖണ്ഡിക്കുകയും ഒരേ സംഗതിക്കു ഒന്നിലധികം സമാധാനം പറയുകയും ചെയ്തിട്ടുണ്ടു. സംഗതികളെ കഴിയുന്നത്ര ലളിതമായ തരത്തിൽ പ്രതിപാദിച്ചിട്ടുണ്ടെങ്കിലും വിഷയം അത്യന്തഗ

ഹനമായിട്ടുള്ളതാകയാൽ സമഗ്രമായി ഗ്രഹിക്കുന്നതിനു ഈ ഗ്രന്ഥം അവധാനപൂർവ്വം പലവുരു വായിച്ചു നോക്കേണമെന്നു ഒരിക്കൽകൂടി വായനക്കാരോടു അഭ്യർത്ഥിക്കുന്നതു അസ്ഥാനത്തിലാവുകയില്ലെന്നു വിശ്വസിക്കുന്നു.

''ഖതമുന്നുബുവ്വത്തി''ൽ തൽകർത്താവു തെളിവുകളായി കാണിച്ചിരിക്കുന്ന ന്യായങ്ങളെ അദ്ദേഹം സ്വീകരിച്ചിട്ടുള്ള ക്രമത്തിൽതന്നേ എടുത്തു ഖണ്ഡിക്കുന്നതിനുപകരം, പ്രതിപാദ്യവിഷയം സ്വഭാവേന അർഹിക്കുന്ന തരത്തിൽ സംഗതികളെ മുമ്പിലും പിമ്പിലും ആക്കി വ്യവസ്ഥിതമായ രീതിയിൽ ഖണ്ഡിക്കുകയാണ് ഞാൻ ചെയ്തിരിക്കുന്നതു. ഇപ്രകാരം ചെയ്യുന്നതിനു ഞാൻ പ്രേരിതനായിരിക്കുന്നതു വിഷയത്തെ വിശകലനം ചെയ്തു ശരിയായ ക്രമത്തിൽ നിരൂപണം ചെയ്യുന്നതായാൽ വായനക്കാർക്കു സംഗതി ഗ്രഹിക്കുന്നതിനു സുഗമമായിരിക്കുമെന്നുള്ള വിചാരത്താലാണ്. ഈ ഗ്രന്ഥത്തിൽ പ്രതിപാദിക്കപ്പെട്ടിരിക്കുന്ന ഒരേ സംഗതി ഒന്നിലധികം സ്ഥലത്തു പ്രസ്താവിക്കേണ്ടിവന്നിട്ടുണ്ടെങ്കിൽ അതിനെ സൂചിപ്പിക്കുന്നതിനും വിസ്തീർണ്ണവിവരം വരുന്ന ഘട്ടങ്ങളെ കാണിക്കുന്നതിനും മററും അവിടവിടെ 'കീഴ്ക്കുറിപ്പുകൾ' ചേർത്തിരിക്കുന്നതു വായനക്കാരുടെ സൌകര്യത്തെ ഉദ്ദേശിച്ചു മാത്രമാകുന്നു.

''ഖതമുന്നുബുവ്വത്ത്''' എന്ന പുസ്തകത്തിൽ പ്രതിപാദിക്കപ്പെട്ടിട്ടുള്ള ന്യായങ്ങൾക്കു ഖണ്ഡനമായി ഇനിയും പല സംഗതികളും പറയാവുന്നതാണെങ്കിലും ഈ ഗ്രന്ഥം ഇപ്പോൾത്തന്നെ വിചാരിച്ചതിലധികം വലുപ്പത്തിലായിരിക്കയാൽ, ആ സംഗതികൾ പ്രസ്താവിക്കാതിരു

ന്നിട്ടുള്ള സംഗതിയ്ക്ക, സുദീർഘമായ ഒരു മുഖവുര എഴുതിച്ചേർക്കുകയോ, ''ഖതമുന്നുബുവ്വത്തി''ലെ പ്രസ്താവന, അവതാരിക, മുഖവുര എന്നിതുകളിൽ കാണുന്ന അബദ്ധപ്രസ്താവങ്ങളെ നിരൂപണം ചെയ്വാൻ വിചാരിക്കുകയോ ചെയ്യുന്നില്ല. എങ്കിലും, അവയിൽ പ്രസ്താവിതമായ ചില സംഗതിയെക്കുറിച്ചു ഇവിടെ രണ്ടുവാക്കു പറയുന്നതു ഗുണകരമായിരിക്കുമെന്നു കരുതുന്നു.

മിസ്റ്റർ ''കൃഷ്ണമൂർത്തി മുതലായ മാന്യന്മാരെ പ്രവാചകൻമാരായി അഭിഷേകം'' ചെയ്തപ്രകാരമാണ് ഞങ്ങൾ ഹസ്രത്ത് അഹ്മദുൽഖാദിയാനിയെ പ്രവാചകനായി സ്വീകരിച്ചിരിക്കുന്നതു് എന്നു 'പ്രസ്താവന'യിൽ പറഞ്ഞു കാണുന്നതിൽ ഞങ്ങൾ ആശ്ചര്യപ്പെടുകയും വ്യസനിക്കുകയും ചെയ്യുന്നു. വേണ്ടുവോളം പരിചയമില്ലാത്ത ഒരു സംഗതിയെക്കുറിച്ചു അഭിപ്രായം പറയരുതു എന്ന ഇസ്ലാമികോപദേശത്തെ ''ഖതമുന്നുബുവ്വത്ത്''' പ്രസാധകന്മാർ അനുവർത്തിച്ചിരുന്നുവെങ്കിൽ ഇപ്രകാരം പ്രസ്താവിക്കുന്നതിനിടവരുമായിരുന്നില്ല. മിസ്റ്റർ കൃഷ്ണമൂർത്തിയെ ദൃഷ്ടാന്തമായി എടുത്തുപറയുന്നതിനുമുമ്പായി അദ്ദേഹത്തിൻെറ വിശ്വാസമെന്തൊക്കെയാണെന്നും അദ്ദേഹത്തിനു ദൈവികനിയോഗത്തെക്കുറിച്ചുള്ള വാദം വല്ലതുമുണ്ടോ എന്നും അവർ അറിയേണ്ടതായിരുന്നു. വാസ്തവം പറയുന്നതായാൽ അദ്ദേഹത്തിനു അപ്രകാരം യാതൊരു വാദവുമില്ല. തന്നേയുമല്ല, ദൈവികനിയോഗത്തെക്കുറിച്ചേ് ദൈവത്തെക്കുറിച്ചുതന്നെയുമോ അദ്ദേഹത്തിനു വിശ്വാസമില്ലെന്നും, തന്നെ ലോകഗുരുവായി ഡാക്ടർ ആനിബസൻറ് പ്രഖ്യാപനം ചെയ്തതിനെ അദ്ദേഹം നിരസിക്കുക

യാണ് ചെയ്യതെന്നുമുള്ളതു അനിഷേധ്യമായ ഒരു പരമാ ർത്ഥമാണ്. ഇനി, അദ്ദേഹത്തിനു അപ്രകാരമുള്ള വാദമുണ്ടെങ്കിൽത്തന്നെ, അതുകൊണ്ടു ദൈവനിയുക്തനായ ഒരു സത്യവാദി അസത്യവാദിയായിത്തീരുന്നതുമല്ല.

''ഖതമുന്നുബുവ്വത്തി''ൻെറ അവതാരികാകാരനായ ഇ. മൊയ്തുമൌലവിയവർകൾ 'അവതാരിക'യിൽ, ''ഖാദിയാനി വിഷവായു ഊതിക്കൊണ്ടിരിക്കുന്ന കണ്ണൂരിൽനിന്നു തന്നേ ആ ഉപദ്രവത്തെ തടയാനുള്ള' പ്രതിവിധി തുടങ്ങിക്കാണുന്നതു സന്തോഷാവഹം തന്നെയാണ്'' എന്നു സന്തോഷംകൊള്ളുന്നു. സത്യദ്വേഷികൾ പണ്ടേക്കുപണ്ടേ സത്യത്തെ ഒരു വിഷദ്രവ്യമായി കരുതുകയും വിദ്വാൻമാർ എന്നു നടിക്കുന്നവർ അതിനെ നശിപ്പിക്കുവാൻ പണിപ്പെടുകയും ചെയ്തുപോന്ന സ്ഥിതിക്കു്, അവതാരികാകാരൻ മേൽപ്രകാരം പ്രസ്താവിച്ചുകാണുന്നതിൽ അത്ഭുതപ്പെടുവാനില്ല. എന്നാൽ, ഈസാനബി(അ) സ്ഥൂലദേഹത്തോടുകൂടി ആകാശത്തിൽ ജീവിച്ചിരിക്കുന്നുണ്ടെന്നും അദ്ദേഹംതന്നെ തിരിയെ വരുമെന്നും പ്രസംഗവേദിയിൽ കയറി നിലവിളിക്കുകയും, ഇതിനു കേവലം വിപരീതമായി നബിതിരുമേനിക്കുശേഷം യാതൊരു തരത്തിലുള്ള പ്രവാചകനും വരുവാൻ പാടില്ലെന്നും അങ്ങനെ യാതൊരാളെക്കൊണ്ടും ആവശ്യമില്ലെന്നും പ്രസ്താവിക്കുകയും ചെയ്തുകൊണ്ടു് ഒരു ആദർശവുമില്ലാതെ പ്രവർത്തിച്ചുപോരുന്ന ഇത്തരക്കാർ, ലോകമൊട്ടുക്കു പ്രചരിതമായിട്ടുള്ള അഹ്മദിയ്യാ പ്രസ്ഥാനത്തെ ഒരു പുസ്തകപ്രസിദ്ധീകരണംകൊണ്ടു തടഞ്ഞുകളയാമെന്നു വിചാരിക്കുന്ന

തിനെക്കുറിച്ച എന്തു പറയട്ടെ! മുമ്പും ഇപ്രകാരം ആശിച്ചിരുന്നവരുടെ ആശകളെല്ലാം വിഫലങ്ങളായി ഭവിച്ചതുപോലെത്തന്നെ ഇദ്ദേഹത്തിൻെറ ഈ വിചാരവും വ്യർത്ഥമായിത്തീരുമെന്നു ഞങ്ങൾ ദൃഢമായി വിശ്വസിക്കുന്നു.

വിശുദ്ധഖുർആനിലും ഹദീസിലും "ദൈവത്തിൻെറ ഏകത്വം എപ്രകാരം സ്ഥാപിക്കപ്പെട്ടിട്ടുണ്ടോ അപ്രകാരം" തന്നേ നബിതിരുമേനിക്കുശേഷം പ്രവാചകൻ വരുന്നതല്ലെന്ന സംഗതിയും സ്ഥാപിക്കപ്പെട്ടിട്ടുണ്ടെന്നു "ഖതമുന്നുബുവ്വത്തി"ൻെറ കർത്താവു തൽമുഖവുരയിൽ പ്രസ്താവിച്ചുകാണുന്നു. എന്നാൽ, അല്ലാഹു ഏകനാണെന്നും അവനു യാതൊരു കൂട്ടുകാരനുമില്ലെന്നും വിശുദ്ധഖുർആനിൽ പത്തോ നൂറോ സ്ഥലത്തല്ല പ്രസ്താവിച്ചു കാണുന്നത്. ഈ നിലക്ക് നബിതിരുമേനിയുടെ പിറകെ പ്രവാചകനുണ്ടാകുന്നതല്ലെന്നു പ്രസ്താവിക്കുന്ന പത്തു ഖുർആൻവാക്യങ്ങളെങ്കിലും ഉദ്ധരിക്കുകയോ 'ലാഇലാഹ ഇല്ലല്ലാഹു മുഹമ്മദുർറസൂലുല്ലാഹി' എന്നുള്ള ഇസ്ലാമികമുദ്രാവാക്യത്തെപ്പോലെ തിരുമേനിക്കുശേഷം യാതൊരു പ്രവാചകനുമുണ്ടാകുന്നതല്ലെന്നു പ്രസ്താവിക്കുന്ന ഒരു മുദ്രാവാക്യമുള്ളതായി കാണിച്ചുതരുകയോ ചെയ്തുകൊണ്ടാണ് അദ്ദേഹം അപ്രകാരം പ്രസ്താവിച്ചിരുന്നതെങ്കിൽ, അതിലെന്തെങ്കിലും വാസ്തവമുണ്ടെന്നു വിചാരിക്കാമായിരുന്നു. എന്നാൽ, ഏകദൈവത്വത്തെ സ്ഥാപിച്ചിട്ടുള്ളപ്രകാരംതന്നെ തിരുമേനിക്കുശേഷം യാതൊരു പ്രവാചകനുമുണ്ടാകുന്നതല്ലെന്നും ഖുർആൻ സ്ഥാപിച്ചിട്ടുണ്ടെങ്കിൽ, ഏകദൈവത്വത്തെക്കുറിച്ചു പ്രകടമായി പ്രസ്താവിക്കുന്ന ഖുർ

ആൻ വാകൃങ്ങളിൽനിന്നു കുറഞ്ഞപക്ഷം പത്തുവാകൃങ്ങ ളെ ഉദ്ധരിച്ച്, അതിന്നെതിരിൽ, പ്രവാചകനുണ്ടാകുന്നത ല്ലെന്നു വിശദമായി പറയുന്ന പത്തു വാകൃങ്ങളെയും ഗ്രന്ഥ കത്താവു കാണിച്ചുതരേണ്ടതാണ്. അങ്ങനെ, കാണിച്ചു തരുവാൻ അദ്ദേഹത്തിന്നു സാദ്ധ്യമല്ലെങ്കിൽ. അദ്ദേഹത്തി ൻെറ ഈ പ്രസ്താവന വാസ്തവവിരുദ്ധമായിട്ടുള്ളതാണെ ന്നു പറയാതെ നിവൃത്തിയില്ല. ഈ വസ്തുത പ്രകൃതഗ്രന്ഥ ത്തിൽനിന്നു വായനക്കാക്കു നല്ലപോലെ ഗ്രാഹ്യമാകു ന്നതാണ്.

ഈ ഗ്രന്ഥത്തിൻെറ രചയിതാവു ഞാൻതന്നെയെങ്കി ലും ഇതിൻെറ കൈയെഴുത്തിൽ എന്നെ സഹായിക്കുകയും ഭാഷ ശുദ്ധീകരിക്കുകയും അച്ചടിസമയത്തു പ്രൂഫ് തിരു ത്തുകയും പ്രസിദ്ധീകരണവിഷയകമായി വേണ്ടപ്പെട്ട മററു ജോലി ചെയ്യുകയും ചെയ്തിട്ടുള്ളതു ജനാബ് എൻ. ഹാമിദ സാഹിബാണ്. എൻെറ ആത്മബന്ധുവും മാനൃസ്നേഹി തനുമായ ഇദ്ദേഹത്തിൻെറ അക്ഷീണപരിശ്രമം സഹായക മായില്ലായിരുന്നുവെങ്കിൽ പ്രകൃതഗ്രന്ഥം എഴുതുന്നതും പ്ര സിദ്ധപ്പെടുത്തുന്നതും അസാദ്ധ്യമായിരിക്കുമായിരുന്നു എ ന്നുള്ള പരമാത്ഥം തുറന്നുപറയുന്നതിനു ഞാൻ ഒട്ടും ശങ്കിക്കു ന്നില്ല. ദുർഗ്രഹമായ ഒരു വിഷയത്തെ ഗ്രഹിക്കുകയും അ തുവഴി സതൃത്തെ തിരിച്ചറിയുകയും ചെയ്യുന്നതിനു പ്രകൃത ഗ്രന്ഥം പര്യാപ്തമായിട്ടുണ്ടെന്നു വിചാരിക്കുന്നവർ, എനി ക്കു ദൈവപ്രീതിയും ആത്മനിർവൃതിയും ലഭ്യമാകുന്നതി

ലേക്കു പ്രാൎത്ഥിക്കുന്നതിനോടൊപ്പം എൻെറ ഈ പ്രിയ സഹോദരൻെറ ഇഹപരങ്ങളിലെ ക്ഷേമങ്ങൾക്കായും പ്രാൎത്ഥിക്കേണമെന്നു വിനയപൂർവ്വം അപേക്ഷിച്ചുകൊള്ളുന്നു. അല്ലാഹു ഞങ്ങളുടെ എളിയ പരിശ്രമത്തെ സ്വീകരിച്ചു ജനങ്ങൾക്കു സത്യം ഗ്രഹിക്കുന്നതിനു ഹേതുകമാക്കിത്തീൎക്കുകയും, ഞങ്ങൾക്കു പാപമോചനം നൽകി തിരുസാന്നിദ്ധ്യംകൊണ്ടു ഞങ്ങളെ അനുഗ്രഹിക്കുകയും ചെയ്യുമാറാകുവാൻ ഭക്ത്യാ പ്രാർത്ഥിച്ചുകൊള്ളുന്നു.

കണ്ണൂര്,
1—5—'34

എന്ന്,
ഗ്രന്ഥകർത്താ.

---

തിരുത്ത്: 'വായനക്കാരുടെ ശ്രദ്ധയ്ക്കു' എന്ന ശീർഷകത്തിലെ പ്രസാധക പ്രസ്താവനയിൽ രണ്ടാം ഖണ്ഡികയിൽ പി. സി. അബ്ദുൽലത്തീഫ് മൗലവി എന്നതു് എ. കെ. അബ്ദുല്ലത്തീഫ് മൗലവി എന്നു തിരുത്തണം.

അച്ചടിപ്പിശകുകൾ പ്രത്യേകിച്ചും 'അറബി' അക്ഷരത്തെററുകൾ കണ്ടാൽ സദയം ശ്രദ്ധിച്ചു തിരുത്താനപേക്ഷ.

—പ്ര.

بسم الله الرحمن الرحيم

نحمده ونصلي على رسوله الكريم - وعلى عبده المسيح الموعود

# അന്നുബുവ്വതു ഫിൽ ഇസ്ലാം

## ഒന്നാം അദ്ധ്യായം

## അഹ്മദിയ്യാ പ്രസ്ഥാനം

### ലോകത്തിന്റെ സ്ഥിതിയും വാഗ്ദാനം ചെയ്യപ്പെട്ട മഹാത്മാവിന്റെ ആഗമനവും

ലോകം മൂഢവിശ്വാസങ്ങളും ദുരാചാരങ്ങളുമാകുന്ന അന്ധകാരപടലങ്ങളാൽ ആവൃതമാവുകയും വിശുദ്ധഖുർആന്റെ നിർദ്ദേശമനുസരിച്ചുള്ള ജീവിതവും യഥാർത്ഥമായുള്ള ഇസ്ലാമികബോധവും നാസ്തിയായി ഭവിക്കുകയും മനുഷ്യർ പ്രപഞ്ചാനുരാഗത്തിൽ ഏർപ്പെട്ട് ധർമ്മബോധമില്ലാത്തവരായിത്തീരുകയും മുസ്ലിംകൾ ആത്മീകശക്തിയെന്നു മാത്രമല്ല ഭൌതിക ശക്തികൂടി നഷ്ടപ്പെട്ടവരായി പരിണമിക്കുകയും ചെയ്യുന്ന ഒരു കാലം ഉണ്ടായിരിക്കുമെന്നും, ഈ ദുർഘടഘട്ടത്തിൽ ലോകത്തെ സാക്ഷാൽ ഇസ്ലാമിലേക്കു ക്ഷണിക്കുന്നതിനും ഇസ്ലാമിന്റെ ശ്രേഷ്ഠതയേയും പ്രവാചകഗുരുവായ മുഹമ്മദുമുസ്തഫാ (സ) തിരുമേനിയുടെ മാഹാത്മ്യത്തേയും തെളിയിച്ചുകാണിക്കുന്നതിനുമായിട്ടു ഒരു മഹാത്മാവു നിയോഗിതനാകുമെന്നും ഉള്ള പ്രവചനമനു

സരിച്ച മഹ്ദീ–മസീഹായി ആവിർഭവിക്കുന്ന പുണ്യാത്മാവിനെ മുസ്ലിംലോകം ഉൽക്കണ്ഠയോടെ പ്രതീക്ഷിച്ചുകൊണ്ടിരുന്നു. ഇപ്രകാരംതന്നെ ഒരു മതപരിഷ്കർത്താവിൻെറ അവതാരത്തെക്കുറിച്ച് ഇതരമതസ്ഥരുടെ ഇടയിലും ദീർഘദർശനമുള്ളതിനാൽ അവരും ആ ദിവ്യമാർഗ്ഗദർശകനെ കാത്തുകൊണ്ടിരുന്നു. എന്നാൽ, മനുഷ്യർ അവരുടെ ദുഷിച്ച ജീവിതം നിമിത്തം സദാചാരപരമായി അധഃപതിക്കയും ധാർമ്മികചിന്തയും ആത്മികബോധവും ഇല്ലാത്തവരായിത്തീരുകയും ഒടുക്കം പ്രവചനത്തിൽ വിവരിക്കപ്പെട്ടപ്രകാരം അതിശോചനീയമായ ഒരവസ്ഥയിലേക്കു ആണ്ടുപോകയും ചെയ്തു. അപ്പോൾ ലോകമാസകലം അന്ധകാരം വ്യാപിച്ചു; സകല ജാതിമതസ്ഥരുടെയും ധാർമ്മികജീവിതം ദുഷ്ടമായിത്തീന്നു. യഥാർത്ഥമായ ദൈവവിശ്വാസവും ദൈവഭക്തിയും കണികാൺമാനില്ലാതായി. ധാർമ്മികജീവിതമാകുന്നപൂങ്കാവനം വാടിത്തുടങ്ങി. ഇസ്ലാമാകുന്ന കപ്പൽ രക്ഷപ്പെടുവാൻ അസാദ്ധ്യമാകുമാറു ഭയങ്കരമായുള്ള ചുഴലിയിൽപ്പെട്ടു വട്ടംതിരിയുകയായി. പ്രപഞ്ചാനുരാഗമാകുന്ന വിഷക്കാററിനാൽ ഇസ്ലാമിൻെറ ഓമനസന്താനങ്ങൾതന്നെ ക്ഷീണബാധിതരായിത്തീന്നു. സ്വജനങ്ങൾക്കും പരജനങ്ങൾക്കുംഒന്നുപോലെ ഇസ്ലാമിൻെറഭാവി ഇരുളടഞ്ഞതായി കാണപ്പെട്ടു; ആ പരിശുദ്ധമതം ലോകത്തിൽനിന്നും മറഞ്ഞുപോകാറായിരിക്കുന്നതായി തോന്നിത്തുടങ്ങി. മതപണ്ഡിതന്മാരുടെ അന്ധവിശ്വാസവും മത്സരബുദ്ധിയും ദുർവൃത്തിയും ഹേതുവായി ഇസ്ലാമിന്നു സാരമായ പരുക്കുപററി. സൂഫിയാക്കളെന്നു നടിക്കുന്ന ഗൂഢാത്മവാദികളുടേയും മതവ്യാഖ്യാതാക്കളെന്നു നടിക്കുന്ന പണ്ഡിതന്മാരുടെയും ദുർവ്യാഖ്യാനങ്ങളാൽ ഇസ്ലാംമതം അലങ്കോലപ്പെട്ടു. ഇങ്ങിനെ പ്രവചനത്തിൽ പ്ര

സ്ലാവിക്കപ്പെട്ടപ്രകാരം ലോകസ്ഥിതി അത്യന്തം ശോച നീയമായി ഭവിച്ചപ്പോ൦ പരമകാരുണികനായ അല്ലാഹ മനുഷ്യരിൽ കനിവു തോന്നി ആത്മീയാന്ധകാരം നിറ ഞ്ഞ ഈ കാളരാത്രിയിൽ കിഴക്കുനിന്നും ഒരു പ്രകാശം ഉദ യംചെയ്യുമാറാക്കി. അതെ, വാഗ്ദത്തം ചെയ്യപ്പെട്ട പു ണ്യപുമാൻ, അദ്ദേഹത്തെ ലോകം ഉൽകണ്ഠാപൂർവ്വം കാത്തു കൊണ്ടിരിക്കയും അദ്ദേഹത്തിൻെറ ആഗമനം ലോകത്തി ന്നു അത്യന്താപേക്ഷിതമായിത്തീരുകയും ചെയ്ത കൃത്യസമ യത്തു പ്രവചനത്തിൽ വിവരിക്കപ്പെട്ട ലക്ഷണങ്ങളോടുകൂ ടി പ്രത്യക്ഷനാകയുണ്ടായി.

### ലോകത്തിൻെറ വിരോധവും ഹസ്റത്ത് അഹ്മദുൽ ഖാദിയാനിയുടെ വിജയവും.

ഇസ്ലാമാകുന്ന കപ്പലിൻെറ അമരക്കാരനും ഇസ്ലാമിക പൂങ്കാവനത്തിൻെറ പരിപാലകനും മതലോകത്തിൻെറ പരിഷ്കത്താവും ആയുള്ള ആ മഹാത്മാവു ലോകത്തെ ദൈവികമാഗ്ഗത്തിലേക്കു ആകർഷിക്കുന്നതിന്നു സത്യപ്രകാ ശത്തോടുകൂടി ആഗതനായി. ഇസ്ലാമിൻെറ ജയശാലി യായ സേനാപതിയായിവന്ന അദ്ദേഹം, അതിൻെറ നേക്കു ശത്രുക്കളം തൊടുത്തുവിട്ട ആക്ഷേപങ്ങളാകുന്നെ ഞ്ഞു കാണിച്ചു, അവരുമായി ധീരധീരം പോരാ ടുകയും അതിന്നു മഹത്തായ വിജയവും ശ്രേഷ്ഠമായഭാ വിയും കൈവരുത്തുന്നതിന്നു സകല പൈശാചികശക്തി കളേയും ജയിച്ചടക്കുകയുംചെയ്തു. അദ്ദേഹം ലക്ഷക്കണ ക്കായ ജീവശ്ശവങ്ങളിൽ തൻെറ ശ്വസനംകൊണ്ടു ആത്മീയ ചൈതന്യം നിറക്കുകയും അതുവഴി താൻ മസീഹാണെന്നു ലോകത്തിന്നു വെളിപ്പെടുത്തികൊടുക്കയും ചെയ്തു. പ്രപ ഞ്ചാനുരാഗത്തിൽപെട്ടു ധമ്മബോധമില്ലാതെ വഴിതെററി

ഉഴന്ന അസംഖ്യം ആദംസന്തതികളെ അദ്ദേഹം ക്ഷേമമാൎഗ്ഗത്തിൽ സഞ്ചരിക്കുമാറാക്കി, തദ്വാരാ താൻ മഹ്ദിയാണെന്നുള്ള പരമാൎത്ഥത്തെ ലോകദൃഷ്ടിക്കു ഗോചരമാക്കിക്കൊടുത്തു. ഇങ്ങനെ, ആ പുണ്യപുമാൻ സത്യലക്ഷണങ്ങളോടും ദിവ്യാടയാളങ്ങളോടും കൂടെ വന്നുവെങ്കിലും ലോകം ഹാ, അദ്ദേഹത്തെ കൈക്കൊണ്ടില്ല! മുൻകഴിഞ്ഞ ജനസഞ്ചയങ്ങൾ അവരുടെ അടുക്കൽ വന്ന ദിവ്യപ്രവാചകന്മാരോടു പെരുമാറിയിരുന്നപോലെത്തന്നെ ഇന്നത്തെ ലോകവും ആഗതനായ മഹാത്മാവിനോടു പെരുമാറി; അദ്ദേഹത്തെ അവർ അസത്യവാദിയെന്നു തള്ളിപ്പറയുകയും പരിഹസിക്കുകയും ശകാരിക്കയും കല്ലെറിയുകയും കള്ളക്കേസ്സിൽ കടുക്കുകയും കൊല്ലാൻ ശ്രമിക്കുകയുംചെയ്തു. അദ്ദേഹത്തിൻെറ അനുയായികൾക്കു മതഭ്രഷ്ടു കൽപിക്കുകയും അവരെ സകലവിധേനയും ബഹിഷ്കരിക്കുകയും അവരുടെ അഭിവൃദ്ധിമാൎഗ്ഗത്തെ തടയുകയും അവരിൽ പലരേയും ദയനീയമായുള്ള പലവിധ ഹിംസകൾക്കും ലക്ഷ്യമാക്കിത്തീൎക്കയും ചിലരെ കല്ലാൽ എറിഞ്ഞുകൊല്ലുകയും ചെയ്കയുണ്ടായി. ഇങ്ങിനെ എതിരാളികൾ തങ്ങളാലാവുന്നതൊക്കെ അദ്ദേഹത്തിൻെറയും അനുയായികളുടെയും നേൎക്കു ചെയ്തുപോന്നു. ആലിംകൾ അവരുടെ പാണ്ഡിത്യത്തിൽ അഹങ്കരിച്ചും മുഫ്തിമാർ അവരുടെ വിധികൎത്തൃത്വത്തിൽ ഊററം നടിച്ചും ആ സത്യാത്മാവിൻെറയും അദ്ദേഹം സ്ഥാപിച്ച പ്രസ്ഥാനത്തിൻെറയും വിജയമാൎഗ്ഗത്തെ നിരോധിക്കുന്നതിനും അദ്ദേഹത്തിൻെറ ആത്മീയശക്തിയാൽ ആകൃഷ്ടരായി അദ്ദേഹത്തിൻെറ അടുക്കൽ പാഞ്ഞടുക്കുന്ന തത്വാൎത്ഥികളെ തടഞ്ഞു നിറുത്തുന്നതിനും പരിശ്രമിച്ചുപോന്നു. എന്നാൽ ഇവരുടെ ഈ ശ്രമങ്ങളെല്ലാം വിഫലങ്ങളായതേയുള്ളൂ. ആ പുണ്യാത്

മാവിന്റെ ആത്മീയശക്തികളും ഖുർആനികജ്ഞാന ത്തിനും അദ്ദേഹത്തിനു സിദ്ധിച്ചുകൊണ്ടിരുന്ന ദൈവിക സഹായങ്ങൾക്കും എതിരിൽ പ്രതിയോഗികളായ മതപ ണ്ഡിതന്മാരുടെ തന്ത്രങ്ങളൊന്നും ഫലിച്ചില്ല. അവർ അ ദ്ദേഹത്തിനുമുമ്പിൽ മുട്ടുകുത്തിപ്പോകയുണ്ടായി. അവരുടെ ഫത്‌വ (വിധി)കളാകുന്ന കോട്ടമതിലുകൾക്ക സത്യാന്വേ ഷികളുടെ പുരോഗതിയെ തടയുവാൻ ശക്തിയുണ്ടായി ല്ല. പുണ്യാത്മാവായ ഹസ്രത്ത് അഹ്മദുൽ ഖാദിയാനി (അ) ധനശക്തിയോ ജനശക്തിയോ ഇല്ലാതിരുന്ന ആളാ കയാൽ ഈ ലോകത്തിന്റെ മക്കൾ അദ്ദേഹത്തെ നിഷ് പ്രയാസം ഹനിക്കാമെന്നു ആശിച്ചു. ആകയാൽ അവർ ആ ദിവ്യപ്രകാശത്തെ കെടുത്തുകളയുവാനും ദൈവത്തി ന്റെ തിരുകരത്താൽ കുഴിച്ചിടപ്പെട്ട ആ ചെറു ചെടിയെ പിഴുതെറിയുവാനും ശ്രമിച്ചു. അവർ തങ്ങളുടെ സാധന ശക്തികൊണ്ട് ആ സത്യനാദത്തെ അമർത്തിക്കളയുന്നതിനു യത്നിച്ചു. എന്നാൽ ഇപ്രകാരം മനുഷ്യകരങ്ങൾകൊണ്ടു അടക്കിയമർത്തുവാൻ സാധിക്കുന്നതിനു അതു മനുഷ്യകണ്ഠ ത്തിൽനിന്നും പുറപ്പെട്ട ഒരു ശബ്ദമായിരുന്നില്ല. അ താകട്ടെ അല്ലാഹുവിന്റെ കാഹളധ്വനിയായിരുന്നു. യാ തൊരുവിധത്തിലും പ്രസിദ്ധിയില്ലാതെ പഞ്ചാബിന്റെ ഒരു മൂലയിൽകിടന്ന ഖാദിയാൻ എന്ന ഒരു കുഗ്രാമത്തിൽ നിന്നും കേൾപ്പോരും കേൾവിയും ഇല്ലാതിരുന്ന ഹസ്രത്ത് അഹ്മദ് മുഖേന ആ പാവനധ്വനിയെ ഉയർത്തുവാനും തന്റെ ശക്തിയേറിയ അടയാളങ്ങൾ ലോകത്തിനു വെളി പ്പെടുത്തി കൊടുക്കുവാനും അല്ലാഹു നിശ്ചയിച്ചു. ആ ദി വ്യചെടി തഴച്ചു വളർന്നു വൃക്ഷമായി, അതിന്റെ ശാഖോ പശാഖകൾ ലോകത്തെല്ലാം പടന്ന്, അതിന്റെ തണ ലിൽ ലോകർ വിശ്രമം കൊള്ളേണമെന്നാണ് ദൈവം ഇ

പ്പിച്ചതു. തൻമൂലം, അന്ധകാരത്തിൻെറ മക്കളെല്ലാം ഒന്നു ചേൎന്നു ഈ ദിവ്യയോദ്ധാവിനെ ആക്രമിച്ചപ്പോഠം അല്ലാഹു തന്നെ അദ്ദേഹത്തിൻെറ സഹായത്തിനു വന്നു. ബലഹീനനും പീഡിതനുമായ ആ പുണ്യദാസനെ തുണക്കുന്നതിനു, ലോകം വളരെക്കാലമായി കാണാതിരുന്ന അത്ഭുതാടയാളങ്ങളും ദൃഷ്ടാന്തങ്ങളും അല്ലാഹു കാണിച്ചുകൊടുത്തു. ആകയാൽ, ആലിംകളുടെയും പാതിരിമാരുടെയും ആൎയ്യപണ്ഡിതന്മാരുടെയും മറെറല്ലാ വൈരികളുടെയും പരിശ്രമങ്ങളും തന്ത്രോപായങ്ങളും എതിരായുണ്ടായിരുന്നിട്ടും ഈ ചെറുചെടി വളരുകതന്നെ ചെയ്തു. അതെ അതു വളൎന്നു ഒരു മഹാവൃക്ഷമായിത്തീൎന്നു. അതിൻെറ ശാഖകഠം ഇന്ത്യയുടെ നാനാകോണുകളിലുമെന്നല്ല, അഫ്ഗാനിസ്താൻ, ഈറാൻ, ശാം, പലസ്തീൻ, മിസ്ര്, അറബ്, ജാവ, സുമെത്രാ, ആസ്ത്രേലിയ, ആഫ്രിക്ക, അമേരിക്ക, യൂറോപ്പ് എന്നിങ്ങനെ ലോകത്തിൻെറ പല ഭാഗങ്ങളിലും വ്യാപിച്ചു. അതിൻെറ തണലിൽ ഇപ്പോഠം ലക്ഷക്കണക്കായ ജനങ്ങഠം സമാധാനപൂൎവ്വം വിശ്രമിച്ചുപോരുന്നു.

അല്ലാഹു തൻെറ പ്രവൃത്തിമുഖേന സത്യാന്വേഷികളായ ഭക്തജനങ്ങഠംക്കു കാണിച്ചുകൊടുത്ത ഈ ദൃഷ്ടാന്തംതന്നെ ആഗതനായ മഹാത്മാവിൻെറ സത്യതയിലേക്കു മതിയായ സാക്ഷ്യമാണ്. എന്നാൽ, സത്യത്തിൻെറ വൈരികഠം ഈ സാക്ഷ്യത്തെ സ്വീകരിക്കുന്നതിനു പകരം പലപ്രകാരത്തിലും ഈ പ്രസ്ഥാനത്തെ നശിപ്പിക്കുവാൻ യത്നിക്കയാണ് ചെയ്യുന്നതു.

وَكَذَالِكَ جَعَلْنَا فِي كُلِّ قَرْيَةٍ أَكَابِرَ
مُجْرِمِيهَا لِيَمْكُرُوا فِيهَا

''ഇപ്രകാരം നാം ഒപ്പോരു നാട്ടിലും അവിടത്തെ കുററവാളികളെ തന്ത്രം പ്രയോഗിച്ചുകൊള്ളുന്നതിനായിട്ട് അവിടുത്തെ മൂപ്പൻമാരാക്കിയിരിക്കുന്നു''(6:124) എന്നു വിശുദ്ധഖുർആൻ പറഞ്ഞപ്രകാരം, ഹസ്രത്ത് അഹ്മദുൽഖാദിയാനി (അ) കള്ളവാദിയാണെന്നു വരുത്തുവാൻ ഓരോ ദേശത്തും ഏതെങ്കിലും വിധത്തിൽ മൂപ്പൻമാരായിട്ടുള്ളവർ തന്ത്രം പ്രയോഗിച്ചുകൊണ്ടിരിക്കുന്നതായി നാം കാണുന്നുവല്ലോ.

وَكَذَالِكَ جَعَلْنَا لِكُلِّ نَبِىٍّ عَدُوًّا شَيَاطِينَ
الانْسِ والْجِنِّ يُوحِى بَعْضُهُم الى بَعْضٍ
زُخْرُفَ الْقَوْلِ غُرُورًا

''ഇതേ പ്രകാരം, നാം ഒപ്പോരു പ്രവാചകനും ഇൻസിൽനിന്നും ജിന്നിൽനിന്നുമുള്ള പിശാചുക്കളെ ശത്രുക്കളാക്കിയിരിക്കുന്നു. അവരിൽ ചിലർ മററു ചിലക്ക് ചതിക്കുവാനുള്ള മോഹനവാക്കുകൾ മന്ത്രിച്ചുകൊടുക്കുന്നു'' (6:113) എന്നു വിശുദ്ധഖുർആനിൽ വായിക്കുന്നപ്രകാരം സത്യാത്മാവായ അഹ്മദുൽഖാദിയാനിയുടെ വിരോധികളും അദ്ദേഹം കള്ളവാദിയാണെന്നു ലോകത്തെ തെററിദ്ധരിപ്പിക്കുന്നതിനു ഓരോ മോഹനവാക്കുകൾ പ്രയോഗിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ,

مَا يُقَالُ لَكَ إِلاَّ مَا قَدْ قِيلَ لِلرُّسُلِ مِنْ قَبْلِكَ

''നിങ്ങൾക്കുമുമ്പുള്ള പ്രവാചകൻമാരെപ്പററി പറയപ്പെട്ടിട്ടുള്ളതല്ലാതെ നിങ്ങളെ സംബന്ധിച്ചും പറയപ്പെടുന്നി

ല്ല'' (41:43) എന്നു അല്ലാഹു നബിതിരുമേനിയെ സംബോധനചെയ്തു പറഞ്ഞുകൊണ്ട്, വിരോധികൾ തിരുമേനിയുടെ നേൎക്കു പുറപ്പെടുവിച്ച ആക്ഷേപങ്ങളെല്ലാം മുൻ പ്രവാചകൻമാരെക്കുറിച്ചു അവരുടെ ശത്രുക്കളും പറഞ്ഞു വന്നിട്ടുള്ളവ തന്നെയാണെന്നും അങ്ങിനെ ആക്ഷേപിക്കപ്പെട്ടതിനാൽ തിരുമേനി അസത്യവാദിയാണെന്നല്ല, സത്യവാദിയാണെന്നാണ് തെളിയുന്നതെന്നും നമ്മെ ഉൽബോധിപ്പിച്ചിരിക്കുന്നു. ഇപ്രകാരംതന്നെ, ഇക്കാലത്തു അല്ലാഹു നിയോഗിച്ചയച്ച മഹാത്മാവിൻെറ നേൎക്കു വിരോധികൾ പുറപ്പെടുവിച്ചുകൊണ്ടിരിക്കുന്ന ആക്ഷേപമെല്ലാം മുൻ പ്രവാചകൻമാരെക്കുറിച്ചും പറയപ്പെട്ടുപോന്നതാകയാൽ അതു അദ്ദേഹത്തിൻെറ സത്യതയിലേയ്ക്കു സാക്ഷ്യമായിരിക്കയേ ചെയ്യുന്നുള്ളു. ഇവരുടെ ഈ ആക്ഷേപത്തെക്കുറിച്ചു ചിന്തിക്കുന്നതായാൽ أَتَوَاصَوْا بِهِ بَلْ هُمْ قَوْمٌ طَاغُونَ ''എന്തു്, ഇക്കൂട്ടർ ഓരോരുത്തരും ഇതിനെക്കുറിച്ചു പരസ്പരം ഉപദേശിച്ചു വന്നിരിക്കയാണൊ? അല്ല, ഇവർ അതിരുകടന്ന കൂട്ടരത്രെ'' (51:53) എന്നു ഖുർആൻ പറഞ്ഞതു് അക്ഷരംപ്രതി ഇന്നത്തെ ജനങ്ങളിലും സത്യമായി പുലൎന്നിരിക്കുന്നു എന്നു സമ്മതിക്കുവാൻ നിർബന്ധിതരാകുന്നതാണ്,

### എതിരാളികളുടെ വാദങ്ങൾ.

വാഗ്ദത്തം ചെയ്യപ്പെട്ട മഹാത്മാവു പ്രവചിക്കപ്പെട്ട പ്രകാരം നിശ്ചിതകാലത്തു പ്രത്യക്ഷനായി ലോകത്തെ സന്മാൎഗ്ഗത്തിലേയ്ക്കു ക്ഷണിച്ചപ്പോൾ, തങ്ങൾക്കു വാഗ്ദാനം ചെയ്യപ്പെട്ടിട്ടുള്ളതു ആകാശത്തിൽനിന്നും വരേണ്ട ഒരാളാണെന്നും അയാൾ രണ്ടായിരം കൊല്ലങ്ങളോളമായി അവി

ടെ കടിയേറി പാത്തുവരുന്ന എന്നും പറഞ്ഞ് ഒരുകൂട്ടർ ആഗതനായ സത്യാത്മാവിനെ നിരാകരിച്ചുകളഞ്ഞു. അവർ ആകാശത്തിൽ പാത്തുവരുന്നതായി വിചാരിച്ച ഈസാനബി (അ) മരിച്ചുപോയിരിക്കുന്നു എന്നും അതിനാൽ അദ്ദേഹം തിരികെ വരുന്നതല്ലെന്നും എത്രതന്നെ ഉപദേശിച്ചിട്ടും ആ പരമാത്ഥത്തെ അവർ ഗ്രഹിച്ചില്ല. ഇൽയാസ്നബി(അ) തിരികെ വരുമെന്നു യഹൂദരുടെ മതഗ്രന്ഥങ്ങളിൽ പ്രവചിക്കപ്പെട്ടതിൻെറ താത്പര്യം അദ്ദേഹത്തിനു തുല്യനായ ഒരാറം വരുമെന്നാണെന്നു ഈസാനബി (അ) പറഞ്ഞതു കൈകൊള്ളാതെ, ഇൽയാസ് ആകാശത്തിൽ നിന്നുതന്നെ വരേണ്ടതാണെന്നു യഹൂദർ ശഠിച്ചതിൻെറ ഫലമായി അവക്ക നാളിതുവരെ മസീഹിനെ സ്വീകരിക്കാൻ ഭാഗ്യമില്ലാതെപോയി. ഇതേപ്രകാരം മസീഹ് ആകാശത്തിൽ നിന്നുതന്നെ വരേണമെന്നു മുസ്ലിംകളും കാത്തിരിക്കുന്നപക്ഷം അന്ത്യനാറംവരെ അവക്കായി ആകാശത്തിൽനിന്നും ആരും വരുന്നതല്ലെന്നു ആഗതനായ പുണ്യാത്മാവ് പറഞ്ഞതു് അവർ കൂട്ടാക്കിയില്ല. മററൊരുകൂട്ടർ, വാഗ്ദത്തം ചെയ്യപ്പെട്ട മസീഹ് വരേണ്ട കാലം ആയിട്ടില്ലെന്നു പറഞ്ഞ് അദ്ദേഹത്തിൻെറ വാദത്തെ തള്ളിക്കളഞ്ഞു. പ്രവചിക്കപ്പെട്ട അടയാളങ്ങറം സംഭവിക്കയും ചിരപ്രതീക്ഷിതമായ ആ പുണ്യകാലം വെളിപ്പെടുകയും ജ്ഞാനപ്രബുദ്ധരായ പുണ്യപുരുഷന്മാർ ചൂണ്ടിപ്പറഞ്ഞ ആ അനുഗ്രഹീതമായ നൂററാണ്ടിൽ നാം പ്രവേശിക്കയും ചെയ്തുകഴിഞ്ഞിട്ടും വാഗ്ദത്തംചെയ്യപ്പെട്ട കാലം ഇനിയുമായിട്ടില്ലെന്നു പറയുന്നതു അബദ്ധമാണെന്നുള്ള സത്യബോധനത്തെ അവർ ഗണ്യമാക്കുന്നില്ല. മുൻകഴിഞ്ഞ പ്രവാചകന്മാരേ അവർ പ്രത്യക്ഷരായപ്പോറം കാലമായിട്ടില്ലെന്നു പറഞ്ഞു നിഷേധിച്ചുകളഞ്ഞ ജനസമുദായങ്ങറംക്ക പിന്നെ അവരെ കൈ

കൊള്ളുവാൻ സാധിച്ചിട്ടില്ലെന്നുള്ള പരമാർത്ഥം ഹാ ഈ കൂട്ടർ മനസ്സിലാക്കുന്നില്ല.

വേറൊരുകൂട്ടരാകട്ടെ തങ്ങളോടു യാതൊരാളുടെ വരവിനെക്കുറിച്ചും പ്രവചനം ചെയ്യപ്പെട്ടിട്ടില്ലെന്നും തങ്ങൾക്ക് അങ്ങിനെയുള്ള യാതൊരാളെയും ആവശ്യമില്ലെന്നും പറഞ്ഞു ആഗതനായ മഹാപുരുഷനെ കള്ളവാദിയാക്കി ത്തള്ളുന്നു. നബിതിരുമേനിക്കു ശേഷം ഒരു പ്രവാചകൻെറയും ആവശ്യകത ശേഷിക്കാത്തതുകൊണ്ടു ഇനി പ്രവാചകനു വരാവതല്ലെന്നാണ് ഇവർ വാദിക്കുന്നത്. എന്നാൽ ഇപ്രകാരം പറയുകയെന്നത് വിശുദ്ധഖുർആനെയും നബിവചനത്തെയും തള്ളിപ്പറയുന്നതിന്നും പതിമൂന്നു നൂററാണ്ടു കാലമായി മുസ്ലിംലോകം മസീഹിൻെറ ആഗമനത്തെ പ്രതീക്ഷിച്ചിരുന്നതു ഒരു വ്യാമോഹം മാത്രമാണെന്നു സമ്മതിക്കുന്നതിനും തുല്യമാണെന്നും, ലോകത്തിൻെറ സ്ഥിതി വിശിഷ്യ മുസ്ലിംലോകത്തിൻെറ സ്ഥിതി ദൈവനിയുക്തനായ ഒരു പരിഷ്കർത്താവിൻെറ അത്യാവശ്യകതയെ വിളിച്ചുപറയുന്നുവെന്നും ഇവർ ചിന്തിക്കാത്തതു കഷ്ടം തന്നെ! തങ്ങൾ എത്ര ഉന്നതമായ ഒരു സ്ഥിതിയിൽനിന്നാണ് ഇപ്പോഴത്തെ അധമാവസ്ഥയിലേയ്ക്കു താണുപോയിരിക്കുന്നതു എന്നു ഇവർ നിഷ്കളങ്കതയോടെ ചിന്തിച്ചിരുന്നുവെങ്കിൽ ഇവർക്കിങ്ങനെ പറയുന്നതിന്നു ധൈര്യമുണ്ടാകയില്ലായിരുന്നു. ''ഖതമുന്നുബുവ്വത്ത്'' എന്ന പുസ്തകത്തിൽ തൽകർത്താവു

---

അഫ്സലുൽ ഉലമാ പി. അബ്ദുൽഖാദിർ മൌലവി അവർകൾ, നബിതിരുമേനിക്കുശേഷം യാതൊരു പ്രവാചകൻെറയും ആവശ്യമില്ലെന്നും ആകയാൽ ഇനി ആരും പ്രവാചകനായി വരുന്നതല്ലെന്നും തെളിയിക്കാനും, അതുവഴി ഹസ്രത്ത് അഹ്മദുൽഖാദിയാനിയെ ഒരു വ്യാജവാദിയെന്നു കാണിക്കാനും ആണ് പരിശ്രമിച്ചിരിക്കുന്നത്.

### പ്രവാചകത്വത്തെ സംബന്ധിച്ചുള്ള അഭിപ്രായങ്ങൾ

പ്രവാചകൻ ഇനി ലോകത്താവിർഭവിക്കയില്ലെന്നുള്ള വാദം പുതിയതല്ല. പ്രവാചകത്വത്തിന്റെ ആവശ്യകതയെ നിരാകരിച്ചവർ ലോകത്തു എല്ലാകാലങ്ങളിലും ഉണ്ടായിട്ടുണ്ട്. അല്ലാഹു മാർഗ്ഗദർശനാർത്ഥം ആരെയും പ്രവാചകനായി നിയോഗിക്കുന്നതല്ലെന്നു പറഞ്ഞു കൊണ്ട് പ്രവാചകത്വത്തെ കേവലമായി നിഷേധിക്കുന്നവരും, ഒരു നിശ്ചിതകാലത്തിനുശേഷം പ്രവാചകത്വം നിലച്ചുപോയിരിക്കുന്നുവെന്നു പറയുന്നവരും മുമ്പും ലോകത്തുണ്ടായിട്ടുണ്ട്. ഇങ്ങനെ പ്രവാചകത്വത്തെ നിഷേധിക്കുന്നവർ രണ്ടുവിധം അഭിപ്രായക്കാരാണെന്നുള്ള വസ്തുത ചരിത്രത്തിൽനിന്നു മാത്രമല്ല, വിശുദ്ധഖുർആനിൽനിന്നുതന്നേയും മനസ്സിലാകുന്നുണ്ട്. ഒരു കൂട്ടർ,

مَا أَنْزَلَ اللّٰهُ عَلَى بَشَرٍ مِنْ شَيْءٍ

''അല്ലാഹു മനുഷ്യനു യാതൊന്നും ഇറക്കികൊടുത്തിട്ടില്ല'' (6:92) എന്നു പറഞ്ഞതായി ഖുർആനിൽ നാം വായിക്കുന്നു. മറെറാരിടത്തു,

قَدْ جَاءَنَا نَذِيرٌ فَكَذَّبْنَا وَقُلْنَا مَا نَزَّلَ اللّٰهُ مِنْ شَيْءٍ

''ഞങ്ങളുടെ അടുക്കൽ പ്രബോധകൻ വന്നു; എന്നാൽ ഞങ്ങൾ കള്ളനാക്കിത്തള്ളുകയും അല്ലാഹു യാതൊന്നും ഇറക്കീട്ടില്ലെന്നു പറയുകയും ചെയ്തു'' (67:9) എന്നു നരകവാസികൾ പറയുന്നതായി വിശുദ്ധഖുർആൻ പ്രസ്താവിക്കുന്നു. പ്രസ്തുത വാക്യങ്ങളിൽനിന്നു ഒരു കൂട്ടർ പ്രവാവകത്വത്തെ കേവലം നിഷേധിച്ചിരിക്കുന്നുവെന്നു വെളിവാകുന്നു.

ليس بممتنع كما زعمت السمنية والبراهمة

''സമനിയ്യാക്കളും ബറാഹീമാക്കളും വാചിരിക്കുന്നപോലെ പ്രവാചകത്വം ഉണ്ടാവാൻ പാടില്ലാത്തതല്ല'' എന്നു അല്ലാമഃ തുഫ്ത്താസാനി പ്രസ്താവിച്ചിരിക്കുന്നതിൽ നിന്നു ഈ രണ്ടു കക്ഷികളും പ്രവാചകത്വത്തിൻെറ സംഭാവ്യതയെ കേവലം നിഷേധിക്കുന്നവരാണെന്നു മനസ്സിലാകുന്നു. ഇന്നു യൂറോപ്പ്, അമേരിക്ക മുതലായ രാജ്യങ്ങളിലുള്ള ഒരു തരം ഏകദൈവത്വവാദികളും ഇന്ത്യയിലെ ബ്രഹ്മസമാജികളും ഇതേ വാദക്കാർ തന്നെയാണ്.

ഇനിയൊരുകൂട്ടർ ഒരു നിശ്ചിതകാലത്തിനു ശേഷം പ്രവാചകത്വം നിലച്ചുപോയിരിക്കുന്നു എന്നു വാദിക്കുന്നവരാണ്. യൂസുഫ് നബിയുടെ നിര്യാണത്തിനുശേഷം ചിലർ

لَن يَبْعَثَ اللهُ مِنْ بَعْدِهِ رسولا

''അദ്ദേഹത്തിനു പിറകെ ഇനി അല്ലാഹു പ്രവാചകനെ അയക്കുന്നതല്ല'' (40:43) എന്നും, നബിതിരുമേനിയുടെ കാലത്തുള്ള ചിലർ لَن يَبْعَثَ اللهُ احدا ''അല്ലാഹു ഒരാളെയും നിയോഗിക്കുന്നതല്ല'' (72:7) എന്നും പറഞ്ഞിട്ടുള്ളതായി വിശുദ്ധഖുർആനിൽ വായിക്കുന്നു. ഇതിൽ നിന്നു ഒരു നിശ്ചിത കാലത്തിനുശേഷം പ്രവാചകത്വം ആവിർഭവിക്കുന്നതല്ലെന്നു വാദിച്ചവർ ലോകത്തുണ്ടായിരുന്നതായി മനസ്സിലാകുന്നു. ആര്യസമാജികരം, നാലുവേദങ്ങരം വെളിപ്പെട്ടതോടുകൂടി പ്രവാചകനിയോഗം അവസാനിച്ചുപോയിരിക്കുന്നു എന്നു പറയുന്നു. യഹൂദരാകട്ടെ മൂസാനബിയുടെ പിറകെ ഇസ്രായീല്യരിലുണ്ടായ പ്രവാ

ചകന്മാർക്ക ശേഷം പ്രവാചകത്വത്തിന്റെ ആവശ്യമേയില്ലെന്നു പറയുന്നു. അപ്രകാരംതന്നെ കൃസ്ത്യാനികളും യേശുകൃസ്തുവിന്നുശേഷം തങ്ങൾക്ക യാതൊരാളെയും ആവശ്യമില്ലെന്നു പറയുന്നു. നമ്മുടെ ഗ്രന്ഥകർത്താവും അദ്ദേഹത്തെപ്പോലുള്ളവരും ഇപ്രകാരംതന്നേ നബിതിരുമേനിക്കു ശേഷം ഒരാളും വരേണ്ട ആവശ്യമില്ലെന്നും ഒരാളും നിയോഗിതനാകുന്നതല്ലെന്നും വാദിക്കുന്നു.

### പ്രതിയോഗികളുടെ ന്യായങ്ങൾ.

ഇങ്ങനെ വാദിക്കുന്നകൂട്ടർ ന്യായം പറയുന്നതു തങ്ങൾ വിശ്വസിക്കുന്നതൊഴികെയുള്ള യാതൊന്നും തങ്ങൾക്കാവശ്യമില്ലെന്നാണ്. അല്ലാഹു വിശുദ്ധഖുർആനിൽ പറയുന്നതാവിത്:-

وَإِذَا قِيلَ لَهُمْ آمِنُوا بِمَا أَنْزَلَ اللَّهُ قَالُوا نُؤْمِنُ
بِمَا أُنْزِلَ عَلَيْنَا وَيَكْفُرُونَ بِمَا وَرَاءَهُ
وَهُوَ الْحَقُّ مُصَدِّقًا لِمَا مَعَهُمْ

''അല്ലാഹു ഇറക്കീട്ടുള്ളതിൽ വിശ്വസിക്കുവാൻ അവരോടു പറയപ്പെട്ടപ്പോൾ, ഞങ്ങൾക്കിറക്കപ്പെട്ടതിൽ ഞങ്ങൾ വിശ്വസിക്കുന്നു, എന്നവർ പറയുകയും അതൊഴികെയുള്ളതിനെ നിഷേധിക്കുകയും ചെയ്യുന്നു; അതാകട്ടെ അവരുടെ പക്കലുള്ളതിനെ സത്യബോധപ്പെടുത്തുന്നതായ പരമാർത്ഥ തത്വമാകുന്നു''(2:91). ഈ വാക്യത്തിൽനിന്നു ചിലർ ഖുർആൻ തന്നേയും തങ്ങൾക്കാവശ്യമില്ലെന്നു തള്ളിപ്പറയുകയും അതിനു മുമ്പു ഇറക്കപ്പെട്ടതുതന്നെ തങ്ങൾക്കു മതി

യായതാണെന്നു തൃപ്‌തിപ്പെടുകയും ചെയ്തിരുന്നതായി മനസ്സിലാകുന്നു. ഇപ്പോഴും ഖുർആൻ ആവശ്യമില്ലെന്നു വിമതസ്ഥർ പറയുന്നതിനു അവർ കാണിക്കുന്ന ആധാരം മുൻകഴിഞ്ഞ ഒവ്വോരു പ്രവാചകനോടും ശത്രുക്കൾ പറഞ്ഞുപോന്ന അതേ ന്യായം തന്നെയാണ്‌. ഇതേ ന്യായംതന്നെയാണ്‌ നമ്മുടെ ഗ്രന്ഥകർത്താവും ശക്തിയോടുകൂടി വാദിച്ചിരിക്കുന്നത്‌. അദ്ദേഹം തൻെറ പുസ്തകത്തിൽ പ്രതിപാദിച്ചിരിക്കുന്നതിൻെറ രത്‌നചുരുക്കവും ഇതുതന്നെയാകുന്നു. എന്നാൽ, ഇങ്ങനെയുള്ള ന്യായംപറഞ്ഞുകൊണ്ടു ജനങ്ങൾ അല്ലാഹു ഇറക്കിയ സത്യത്തെ നിഷേധിക്കയും തങ്ങളുടെ പക്കലുള്ളതിനെ സത്യബോധപ്പെടുത്തുന്നതായിട്ടുകൂടി അതിനെ കൈക്കൊള്ളാതിരിക്കയും ചെയ്തു വലിയൊരു കുററമായി വിശുദ്ധ ഖുർആൻ പരിഗണിച്ചിരിക്കുന്നതിനെക്കുറിച്ചു ഗ്രന്ഥകർത്താവു സ്വൽപമായൊന്നു ചിന്തിച്ചിരുന്നുവെങ്കിൽ, നബിതിരുമേനിയേയും വിശുദ്ധ ഖുർആനേയും സത്യബോധപ്പെടുത്തുവാനും ഇസ്ലാമിൻെറ മാഹാത്മ്യത്തെയും നബിതിരുമേനിയുടെ ശ്രേഷ്ഠതയെയും തെളിയിച്ചു കാണിക്കാനുംവേണ്ടി ഇക്കാലത്തു അല്ലാഹു നിയോഗിച്ചയച്ച മഹാത്മാവിനെ ആവശ്യമില്ലെന്നു പറയുന്നത്‌ ഭീമമായ ഒരബദ്ധമാണെന്നു അദ്ദേഹത്തിനു മനസ്സിലാകുമായിരുന്നു.

പ്രവാചകൻ ഇനിയുണ്ടാകാതിരിക്കുന്നപക്ഷം ഏററവും വലിയൊരു അനുഗ്രഹമായ പ്രവാചകത്വം ലോകത്തിനു നഷ്‌ടമായിപ്പോകുന്നു. എന്നാൽ, പ്രവാചകനിയോഗം നിലച്ചുപോയതുകൊണ്ടു ആ അനുഗ്രഹം ലോകത്തിനു നഷ്ടമായിപ്പോകുന്നില്ലെന്നു കാണിപ്പാൻ നമ്മുടെ ഗ്രന്ഥകർത്താവു പറയുന്ന ന്യായം ഇപ്രകാരമാണ്‌:—''ആ അനുഗ്രഹം അതിൻെറ പരിപൂർണ്ണതയോടുകൂടി മനുഷ്യർക്കു ലഭി

ച്ചിരിക്കുന്നു. നാം പ്രവാചകത്വമാകുന്ന ആ അനുഗ്രഹം വിരോധിക്കപ്പെട്ടവരല്ല. പക്ഷേ, ആ അനുഗ്രഹം പരിപൂർണ്ണവും അത്യുൽകൃഷ്ടവും ആയ രൂപത്തെ പ്രാപിച്ചുകൊണ്ടു നമ്മുടെ മുമ്പാകെ സ്ഥിതിചെയ്യുന്നു'' (ഖത്മുന്നുബുവ്വത്ത്. ഭാ. 2). വിശുദ്ധ ഖുർആൻ പരിപൂർണ്ണവും സുരക്ഷിതവും ആയ സ്ഥിതിയിൽ നമ്മുടെ കയ്യിലിരിക്കുന്നതുകൊണ്ടു നമുക്കു മററു യാതൊരു ന്യായപ്രമാണത്തി (ശരീഅത്തി)ൻെറയും ആവശ്യമില്ല. ഇതേപ്രകാരംതന്നെ പ്രവാചകപ്രഭുവായ നബിതിരുമേനി നമ്മുടെ ഇടയിൽ ജീവിച്ചിരിക്കവെയാണ് ഗ്രന്ഥകർത്താവു പ്രസ്തുത ന്യായം പുറപ്പെടുവിച്ചിരുന്നതെങ്കിൽ അതു ശ്രദ്ധേയമാകുമായിരുന്നു. എന്നാൽ, തിരുമേനി ലോകത്തെ വിട്ടുപിരിയുകയും മുസ്ലിം ലോകം അത്യന്തം ശോചനീയമായ ഒരവസ്ഥയിലേക്കു അധഃപതിക്കുകയും ചെയ്തിട്ടുള്ളതായി ബോധമുണ്ടായിരിക്കെ ഗ്രന്ഥകർത്താവ് ഇപ്രകാരം പറഞ്ഞത് എത്രയും ആശ്ചര്യജനകമായിരിക്കുന്നു. മുഹമ്മദുമുസ്ത്വഫാ (സ) ജീവനുള്ള നബിയാണെന്നും ആ തിരുമേനിയുടെ ആത്മീയശക്തി ഇപ്പോഴും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നുവെന്നുള്ളത് പരമാർത്ഥമാണെങ്കിൽ, തിരുമേനിയുടെ സ്ഥാപനത്തെ ജീവിപ്പിക്കുവാനും അതിൻെറ ശ്രേഷ്ഠതയെ തെളിയിക്കുവാനും ആവശ്യം നേരിടുമ്പോഴൊക്കെ അല്ലാഹു തിരുമേനിയുടെ അനുയായികളിൽനിന്നു മഹാപുരുഷന്മാരെ നിയോഗിച്ചുകൊണ്ടിരിക്കയും അതുവഴി തിരുമേനി ജീവനുള്ള നബിയാണെന്നു സ്ഥാപിക്കയും ആണ് വേണ്ടത്. എന്നല്ലാതെ, പുണ്യപ്രവാചകൻ (സ) തൻെറ കൃത്യം നിർവ്വഹിച്ചു ലോകത്തെ വിട്ടുപിരിയുകയും അനുയായികൾ അത്യധികം ശോചനീയമായ ദുരവസ്ഥയെ പ്രാപിക്കയും ചെയ്തുകഴിഞ്ഞിട്ടും ആ നുബുവ്വത്ത് (പ്രവാചകത്വം) പരി

പൂൎണ്ണാവസ്ഥയിൽ നമ്മുടെ മുമ്പിൽ സ്ഥിതിചെയ്യുന്നുണ്ടെന്നു വെറുതെ പറഞ്ഞതുകൊണ്ടു അതു വാദത്തിന്നു തെളിവായിരിക്കുന്നതല്ല. അതു തെളിവായിരിക്കുമെങ്കിൽ ഇതേ ന്യായം ക്രിസ്ത്യാനികൾക്കും ആൎയ്യസമാജികൾക്കും പറയാവുന്നതും അപ്പോൾ അതുസ്വീകാൎയ്യമായിരിക്കേണ്ടതുമാണ്. തന്നേയുമല്ല, ഗ്രന്ഥകൎത്താവിന്റെ ഈ ന്യായം സ്വീകാൎയ്യമായിരിക്കുമെങ്കിൽ, ശക്തിയേറിയഖിലാഫത്തുഭരണം അതിന്റെ പൂൎണ്ണരൂപത്തിൽ ഇപ്പോഴും മുസ്ലിംകളിൽ സ്ഥിതിചെയ്യുന്നുണ്ടെന്നും അതു അവൎക്കു നഷ്ടമായിപ്പോയിട്ടില്ലെന്നും ഒട്ടും ശങ്കകൂടാതെ പറയാവുന്നതാണ്. പ്രവാചകത്വം വഹിച്ചിരുന്ന തിരുമേനി നിൎയ്യാതനായിട്ടും പ്രവാചകത്വമാകുന്ന അനുഗ്രഹം പരിപൂൎണ്ണാവസ്ഥയിൽ തങ്ങളുടെമുമ്പാകെ സ്ഥിതിചെയ്യുന്നുണ്ടെന്നു പറയാവുന്നപോലെത്തന്നെ അബൂബക്കർ(റ), ഉമർ(റ) മുതലായ ഖലീഫമാരുടെ മരണശേഷം അവരുടെ ഖിലാഫത്തും പരിപൂൎണ്ണാവസ്ഥയിൽ നമ്മുടെ മുമ്പാകെ ഇരിക്കുന്നുണ്ടെന്നും, അതുപോലെ മുൻകടന്ന മുസ്ലിംരാജാക്കന്മാരുടെ രാജത്വവും ഭരണാധികാരവും എല്ലാം പരിപൂൎണ്ണനിലയിൽ നമ്മുടെ കൈയ്യിൽ ഇരിക്കുന്നുണ്ടെന്നും പറയാവുന്നതാണ്. ഇങ്ങനെ മുമ്പു ലഭിച്ചിരുന്ന അനുഗ്രഹങ്ങളെല്ലാം ഇപ്പോഴും നമ്മുടെ മുമ്പിൽ സ്ഥിതിചെയ്യുന്നുണ്ടെന്നു പറയാമെങ്കിൽ, മുസ്ലിംകൾക്കു യാതൊരു അനുഗ്രഹവും നഷ്ടപ്പെട്ടുപോയിട്ടില്ലെന്നും മുമ്പുണ്ടായിരുന്ന സകലതും ഇപ്പോഴും അവരുടെ പക്കൽ ഇരിക്കുന്നുണ്ടെന്നും പറയാവുന്നതാണ്. ''നബികരീം (സ. അ) മിന്റെ ദൌത്യമാകുന്ന സൂൎയ്യൻ എന്നു ലോകത്തു വെളിപെട്ടു കഴിഞ്ഞുവോ അന്നുമുതൽ പ്രവാചകത്വമാകുന്ന വിളക്കിന്റെ ആവശ്യമെന്ത്?'' (ഖതമ്. 3) എന്നു നമ്മുടെ ഗ്രന്ഥകൎത്താവു ചോദിക്കുന്നു. ''ദൌത്യമാകുന്ന സൂൎയ്യൻ'' എ

ന്നു പറഞ്ഞതിൻെറ വിവക്ഷിതം വിശുദ്ധഖുർആനാണെങ്കിൽ, ന്യായപ്രമാണത്തോടുകൂടിയ വേറൊരു പ്രവാചകത്വത്തിൻെറ ആവശ്യം ഇനിയില്ലെന്നതു ശരിതന്നെ. കാരണം, അതു നമ്മുടെമുമ്പിൽ പരിപൂർണ്ണവും സുരക്ഷിതവുമായുള്ള രൂപത്തിൽ സ്ഥിതിചെയ്യുന്നുണ്ട്. എന്നാൽ, ആ പരിപൂർണ്ണന്യായപ്രമാണത്തിലേക്കുതന്നെ ജനങ്ങളെ ക്ഷണിക്കുന്നതിനു ഒരു പ്രവാചകൻ ആവശ്യമില്ലെന്നു പറയണമെങ്കിൽ ആ സൂര്യൻ ഒരിക്കലും മറഞ്ഞുപോകാതിരിക്കേണ്ടിയിരുന്നു. സൂര്യൻ മറഞ്ഞുപോകുമ്പോഴം, അതിൻെറ ഉണ്മയിലേക്കുള്ള സാക്ഷ്യം അതിൽനിന്നും പ്രകാശം സ്വീകരിച്ചിട്ടുള്ള ചന്ദ്രനും നക്ഷത്രജാലവും അന്ധകാരം നിറഞ്ഞ രാത്രിയിൽ ഉദിച്ചുയരുന്നതുതന്നെയാണ്. അങ്ങനേയല്ലെന്നുവരുകിൽ, ആ മറഞ്ഞ സൂര്യനു സ്വയം പ്രകാശം ഉണ്ടെന്നു തെളിയുന്നതല്ല. ആകയാൽ, "എപ്പോഴം സൂര്യൻ വെളിപ്പെട്ടു കഴിഞ്ഞുവോ അപ്പോഴം വിളക്കിൻെറ ആവശ്യമില്ല" (ഖ്വതമു. 2–3) എന്നു ഗ്രന്ഥകർത്താവുപറഞ്ഞതു വാസ്തവംതന്നേയെങ്കിലും സൂര്യൻ അസ്തമിച്ചാൽ നക്ഷത്രജാലങ്ങളുടെയും ചന്ദ്രൻെറയും എന്നല്ലാ, വിളക്കിൻെറതന്നേയും ആവശ്യം ശേഷിക്കുന്നുണ്ട്. അതിനാൽ തന്നെയാണ് പ്രവാചകത്വമാകുന്ന നഭോമണ്ഡലത്തിൽ സൂര്യനായി പ്രകാശിച്ചിരുന്ന നബിതിരുമേനി(സ) മറഞ്ഞ് ലോകം അന്ധകാരാവൃതമായപ്പോഴം ആ സൂര്യനു സാക്ഷാൽ പ്രകാശമുണ്ടെന്നു തെളിയിക്കാനും മനുഷ്യലോകത്തിനു വെളിച്ചം നൽകുവാനുമായി അതിൽനിന്നുതന്നെ പ്രകാശം ഗ്രസിച്ചിട്ടുള്ള ചന്ദ്രനും നക്ഷത്രജാലങ്ങളും ഉദയം ചെയ്തുകൊണ്ടിരിക്കുന്നതാണെന്നും ഞങ്ങൾ പറയുന്നത്. ഇങ്ങനെ ലക്ഷ്യങ്ങൾ വെളിപ്പെട്ടുകൊണ്ടിരിക്കാത്തപക്ഷം തിരുമേനി (സ) ആത്മീയലോകത്തെ സൂര്യനാണെന്നതിനു ലക്ഷ്യമില്ലാതായ്പോകുന്നതാണ്.

## പ്രവാചകനിയോഗത്തിൻെറ അവശ്യകത.

പ്രവാചകത്വം ദൈവീകമായുള്ള വലിയൊരു അനുഗ്രഹമാണെന്നു വിശുദ്ധഖുർആനിൽനിന്നു നാം അറിയുന്നു. നബിതിരുമേനിയുടെ വരവുകൊണ്ടു ആ അനുഗ്രഹത്തിൻെറ വാതിൽ അടഞ്ഞുപോയിട്ടില്ല. പ്രവാചകൻമാരെ അല്ലാഹ്ഹ അയച്ചുകൊണ്ടിരുന്നത് പുതിയതായി വെവ്വേറെ ന്യായപ്രമാണം സ്ഥാപിക്കാനൊ നിലവിലുള്ള ന്യായപ്രമാണത്തിൽ ഭേദഗതി വരുത്തുവാനൊ മാത്രമായിരുന്നില്ല. നിലവിലുള്ള ന്യായപ്രമാണത്തിലേക്കുതന്നെ വീണ്ടും ലോകരെ ക്ഷണിക്കുന്നതിനു അനേകം പ്രവാചകന്മാർ മുമ്പും നിയോഗിക്കപ്പെട്ടുകയുണ്ടായിട്ടുണ്ട്. മുസ്ലിംകൾ ഖുർആൻെറ ഉപദേശത്തിൽനിന്നും വളരെ അകന്നു പോകുന്ന ഒരു കാലം വരുമെന്നു വിശുദ്ധഖുർആനും നബിവചനവും നമ്മെ ഉൽബോധിപ്പിക്കയും ആ ശോച്യഘട്ടം വന്നുകഴിഞ്ഞുവെന്നു ലോകസ്ഥിതി നമുക്കു മനസ്സിലാക്കിത്തരികയും ചെയ്യുമ്പോൾ, നബിതിരുമേനിക്കുശേഷം പ്രവാചകൻ വന്നിട്ടാവശ്യമില്ലെന്നു പറയുന്നതു ഒരു പ്രകാരത്തിലും ന്യായമായിരിക്കുന്നതല്ല. ഗ്രന്ഥകത്താവിൻെറ മുഖ്യമായ വാദം നബിതിരുമേനിക്കുശേഷം യാതൊരു പ്രവാചകൻെറയും വരവിന്നാവശ്യമില്ലെന്നുള്ളതാണ്. പ്രവാചകനിയോഗത്തിൻെറ ആവശ്യകതയെപ്പററി വിശുദ്ധഖുർആൻ പ്രസ്താവിച്ച സംഗതികളെന്തൊക്കെയാണെന്നു അദ്ദേഹം ചിന്തിച്ചിരുന്നുവെങ്കിൽ, ഈ വാദം അദ്ദേഹം പുറപ്പെടുവിക്കുമായിരുന്നില്ലെന്നുതന്നെ വിചാരിക്കാം. പ്രത്യേകം ഒരു ന്യായപ്രമാണം (ശരീഅത്തു) കൊണ്ടുവരുകയോ നിലവിലുള്ള ന്യായപ്രമാണത്തിൽ ഭേദഗതി വരുത്തുകയോ ചെയ്യാതെ, ആ മൂലപ്രമാണത്തിലേക്കു ക്ഷണിക്കുന്നതിനായിട്ടു മാത്രം പ്രവാചകന്മാർ

ആഗതരായിട്ടുണ്ടെന്നു വിശുദ്ധഖുർആനിൽനിന്നു തെളിയുന്നതുകൊണ്ടുതന്നെ ഗ്രന്ഥകർത്താവിൻെറ വാദങ്ങളശേഷവും ഉടഞ്ഞുപോകുന്നു. "പ്രവാചകന്മാരെയും ദൈവദൂതന്മാരെയും ഏതൊരുദ്ദേശത്തോടുകൂടി അല്ലാഹു നിയോഗിച്ചുവോ ആ ഉദ്ദേശ്യം അതിൻെറ പരിപൂർണ്ണനിലയെ പ്രാപിച്ചുകൊണ്ടു നബികരീം (സ. അ) മിൻെറ ആഗമനത്തോടുകൂടി അവസാനിച്ചിരിക്കുന്നു." (ഖതമ്. 1) എന്നു ഗ്രന്ഥകർത്താവു പറയുന്നു. എന്നാൽ, പ്രവാചകാവതാരത്തിൻെറ ഉദ്ദേശ്യങ്ങളായി ഖുർആൻ പ്രസ്താവിച്ചിട്ടുള്ള സംഗതികളിൽ ചിലതെങ്കിലും അദ്ദേഹം ഉദ്ധരിച്ചിരുന്നുവെങ്കിൽ, അദ്ദേഹത്തിൻെറ പ്രസ്തുത അഭിപ്രായം എത്രത്തോളം ന്യായമായതാണെന്നു വായനക്കാക്കുതന്നെ തീർച്ചപ്പെടുത്താമായിരുന്നു. "മനുഷ്യനെ പരമോന്നതപദവിയിലെത്തിക്കുവാനായി പുതിയഭാഗത്തെ വിസ്തരിച്ചുകൊടുക്കേണ്ടതിനാണ്, ലോകത്തു പ്രവാചകൻെറ ആവശ്യം നേരിടുന്നത്" (ഖതമ്. 2) എന്നു ഗ്രന്ഥകർത്താവു പറയുന്നതു പരമാർത്ഥമെങ്കിൽ, തൌറാത്തിലേയ്ക്കു ജനങ്ങളെ ക്ഷണിക്കുന്നതിനായ്ക്കൊണ്ടു അല്ലാഹു പ്രവാചകന്മാരെ അയച്ചുകൊണ്ടിരുന്നതായി വിശുദ്ധഖുർആൻ പ്രസ്താവിക്കുന്നതു അബദ്ധമാണെന്നും, ഒരു പ്രവാചകൻെറ വിയോഗാനന്തരം മററൊരു പ്രവാചകനെന്നവണ്ണം തുടർച്ചയായി ചില സമുദായക്കാരുടെ ഇടയിൽ പ്രവാചകന്മാരെ അല്ലാഹു നിയോഗിച്ചുപോന്നത് പ്രയോജനരഹിതമാണെന്നും വിചാരിക്കേണ്ടതായിവരും. തന്നേയുമല്ല, "ഇസ്രാഈൽ സന്താനങ്ങളിൽ ശരീഅത്തോടുകൂടിയ പ്രവാചകൻ മൂസാ (അ) മാത്രമാണ്" (ഖതമ്. 59) എന്നു ഗ്രന്ഥകർത്താവുതന്നെ പ്രസ്താവിച്ചിരിക്കുന്നതു അദ്ദേഹത്തിൻെറ മുന്നുദ്ധരിച്ച പ്രസ്താവനയ്ക്കു എതിരായതുമാണ്. അപ്പോരം

മൂസാനബിക്കു ശേഷം വന്നിട്ടുള്ള പ്രവാചകന്മാർ ''പുതിയ ഭാഗത്തെ വിസ്തരിച്ചുകൊടുക്കേണ്ടതിന്നു'' വന്നവരല്ലെന്നു മനസ്സിലാകുന്നു.

### ഒരു മഹാത്മാവിന്റെ ആവിർഭാവത്തിലുള്ള പ്രതീക്ഷ

നബിതിരുമേനിക്കുശേഷം പ്രവാചകൻ വരാൻ പാടുണ്ടോ എന്നും പ്രവാചകന്റെ വരവിന്നുള്ള ആവശ്യം ശേഷിപ്പുണ്ടോ എന്നുമുള്ള സംഗതി നമ്മുടെ ഗ്രന്ഥകർത്താവിന്നു മറെറാരുവിധത്തിലും മനസ്സിലാക്കാൻ സാധിച്ചിരുന്നില്ലെങ്കിൽ, തിരുമേനി എത്രയും സ്പഷ്ടമായ വാക്യത്തിൽ മസീഹിന്റെ വരവിനെക്കുറിച്ചു പ്രവചിക്കുകയും ചെയ്തതിൽനിന്നെങ്കിലും മുസ്ലിംകൾക്കു ഒരു ഒരു പ്രവാചകൻ ആവശ്യമായി വരുന്ന കാലം ഉണ്ടാകുമെന്നു മനസ്സിലാക്കാമായിരുന്നു. ''പന്ത്രണ്ടു ശതാബ്ദത്തോളം പ്രതീക്ഷിച്ചിരുന്നതിന്റെ ഫലമായി ലോകത്തുവരുന്ന പ്രവാചകൻ'' (ഖതു. 23) എന്നു പ്രസ്താവിച്ചുകൊണ്ടു തിരുമേനിക്കുശേഷം ഒരു പ്രവാചകന്റെ വരവിനെ മുസ്ലിംലോകം കാത്തിരുന്നിട്ടുള്ളതായി ഗ്രന്ഥകർത്താവുതാനും സമ്മതിച്ചിട്ടുണ്ടു്. ഈ സ്ഥിതിക്കു തിരുമേനിയുടെ പിറകെ പ്രവാചകന്റെ വരവിന്നാവശ്യമില്ലെന്നു വരുത്തുവാൻ അദ്ദേഹം ശ്രമിച്ചതു് ആശ്ചര്യജനകമായിരിക്കുന്നു. വാസ്തവത്തിൽ തിരുമേനിക്കുശേഷം ഒരു പ്രവാചകന്റെ വരവിനെ മുസ്ലിംലോകം മുഴുവനും പ്രതീക്ഷിക്കുകയുണ്ടായിട്ടുണ്ടു്. എന്നാൽ, സത്യാത്മാവായ നബിതിരുമേനിയെക്കുറിച്ചു പ്രവചിക്കപ്പെട്ടതനുസരിച്ചു തിരുമേനിയുടെ വരവിനെ അന്നുള്ളവർ പ്രതീക്ഷിച്ചുകൊണ്ടിരിക്കുകയും എന്നാൽ തിരുമേനി ആഗതനായപ്പോൾ തിരുമേനിയെ സ്വീകരിക്കുന്നതിനുപക

രം കപടവാദിയെന്നുവെച്ച തള്ളുകയും തങ്ങൾക്കു യാതൊരാളെക്കൊണ്ടും ആവശ്യമില്ലെന്നു പറഞ്ഞു നിരാകരിക്കയും ചെയ്തപ്രകാരംതന്നെ, മഹ്ദീമസീഹ വരുമെന്നു മുസ്ലിംകളുടെ ഇടയിലുള്ള സകല കക്ഷികളും ഒന്നുപോലെ കാത്തുകൊണ്ടിരിക്കയും എന്നാൽ പ്രത്യക്ഷനായപ്പോൾ അദ്ദേഹത്തെ കള്ളനെന്നുവെച്ച തള്ളുകയും അദ്ദേഹത്തെക്കൊണ്ടാവശ്യമില്ലെന്നു പറഞ്ഞു നിരാകരിക്കുകയുമാണ് ചെയ്തതു്.

فَإِنْ كَذَّبُوكَ فَقَدْ كُذِّبَ رُسُلٌ مِّن قَبْلِكَ جَاءُو
بِالْبَيِّنَٰتِ وَالزُّبُرِ وَالْكِتَٰبِ الْمُنِيرِ

''നിന്നെ അവർ കള്ളവാദിയാക്കിത്തള്ളിയെങ്കിൽ, നിനക്കുമുമ്പു ദൃഷ്ടാന്തങ്ങളോടും തിരുവെഴുത്തുകളോടും വ്യക്തമായ ഗ്രന്ഥത്തോടുംകൂടെ വന്ന പ്രവാചകന്മാരും കള്ളന്മാരാക്കപ്പെട്ടിട്ടുണ്ട്'' (3:183) എന്നു അല്ലാഹ നബിതിരുമേനിയോട് പറഞ്ഞിട്ടുള്ളതോൎക്കുന്നതായാൽ, തിരുമേനിയുടെ പ്രതിപുരുഷനായി നിയോഗിതനായ മഹാത്മാവിനെ കള്ളവാദിയെന്നു പറയുന്നതും, തിരുമേനിയോട്: 'ഞങ്ങൾക്കിറക്കപ്പെട്ടതിൽ ഞങ്ങൾ വിശ്വസിക്കയും അതൊഴികെയുള്ളതിനെ ഞങ്ങൾ നിഷേധിക്കയുംചെയ്യുന്നു,' എന്നു വിരോധികൾ പറഞ്ഞിട്ടുള്ള സ്ഥിതിക്ക ആഗതനായ പുണ്യാത്മാവിനോട് നബിതിരുമേനിയുടെ പിറകെ ഒരു പ്രവാചകന്റേയും ആവശ്യമേയില്ലെന്നു പറയുന്നതും ആശ്ചര്യാവഹമല്ല.

### നബിതിരുമേനിയുടെ പേരിൽ
### ഞങ്ങൾക്കുള്ള ഭക്തിശ്രദ്ധകൾ

ഗ്രന്ഥകർത്താവു തൻെറ വാദത്തിന്നു സാക്ഷ്യമായി കാണിച്ചിട്ടുള്ള സംഗതികളെക്കുറിച്ചു പ്രതിപാദിക്കുന്നതിന്നു മുമ്പു ഒരു സംഗതി ഇവിടെ പ്രസ്താവ്യമാണ്. പരിപൂർണ്ണവും സുരക്ഷിതവും ആയ ന്യായപ്രമാണവും ലോകത്തിന്നൊട്ടാകെയുള്ള ദൌത്യവും മേലിൽ പ്രവാചകൻെറ വരവിന്നു തടസ്സമായിരിക്കുന്നതോ പ്രവാചകൻെറ ആവശ്യകതയെ ഇല്ലാതാക്കിത്തീർക്കുന്നതോ അല്ല. എന്നാൽ, തിരുമേനിക്കുശേഷം പ്രവാചകന്നു വരാമെന്നു ഞങ്ങൾ പറയുന്നതിൻെറ താല്പര്യം, വിശുദ്ധഖുർആൻെറ അധികാരം അവസാനിച്ചുപോയെന്നോ അതിൽ എന്തെങ്കിലും ഭേദഗതി വരുത്താമെന്നോ തിരുമേനിയുടെ ശിഷ്യനല്ലാത്ത സ്വതന്ത്രനായ ഒരു പ്രവാചകന്നു വരാമെന്നോ ആണെന്നു ആരും തെററിദ്ധരിക്കരുതു. സകല പ്രവാചകന്മാരെക്കാളും ഉപരിയായ ഒരു മഹൽസ്ഥാനം തിരുമേനിക്കുണ്ടെന്നും മററു നബിമാരുടെ അനുയായികൾക്കു സിദ്ധിക്കാതിരുന്ന സ്ഥാനം തിരുമേനിയോടുള്ള അനുസരണംകൊണ്ടു സിദ്ധമാകുന്നതാണെന്നും അത്രേ ഞങ്ങൾ പറയുന്നത്. നബിതിരുമേനിയുടെ അനുയായികളിൽ പ്രവാചകൻ ഉണ്ടാകാമെന്നു പറയുന്നതു തിരുമേനിയുടെ ഈ സ്ഥാനമാഹാത്മ്യത്തിന്നു ഒരു സാക്ഷ്യമായിരിക്കുന്ന തരത്തിലാകുന്നു. ആകയാൽ, പ്രവാചകൻ ഉണ്ടാകാമെന്നു ഞങ്ങൾ പറയുന്നതുമൂലം തിരുമേനിയുടെ സ്ഥാനമാഹാത്മ്യത്തിന്നു ഭംഗമുണ്ടാകുന്നു എന്നു വിചാരിക്കാവതല്ല. ഞങ്ങൾക്കു തിരുമേനിയുടെ നേക്കുള്ള പ്രേമവും ഭക്തിയാദരവും എത്രത്തോളമാണെന്നു എതിരാളികൾക്കു അനുമാനിക്കുവാൻ വയ്യാ. ഇക്കാലത്തു അല്ലാഹു പ്രവാചകനായി നിയോഗിച്ചയച്ച പുണ്യാത്മാവു

ആ തിരുമേനിയുടെ ശിഷ്യനും തിരുമേനിയെ ഭക്തിപൂർവ്വം അനുസരിക്കവഴി സ്ഥാനലബ്ധിയുണ്ടായിട്ടുള്ള ആളും ആണെന്നു ഞങ്ങൾ വിശ്വസിച്ചുപോരുന്നതുതന്നെ, ആ തിരുമേനിയെ ഞങ്ങൾ എങ്ങനെയുള്ള ഒരു പ്രവാചകനായിട്ടാണ് വിശ്വസിച്ചിരിക്കുന്നതു എന്നു തിരിച്ചറിയുവാൻ വെളിച്ചം നൽകുന്നതിനു പര്യാപ്തമാണ്. തിരുമേനിയുടെ സത്യതയും ശ്രേഷ്ഠതയും വിശുദ്ധഖുർആൻെറ മാഹാത്മ്യവും ലോകസമക്ഷം തെളിയിച്ചുകാണിക്കാനും ദൃഷ്ടാന്തങ്ങൾമുഖേന ആ തെളിവിനെ സുസ്ഥാപിക്കാനും ഖുർആൻെറ സിദ്ധാന്തങ്ങളിലേയ്ക്കു ലോകത്തെ ക്ഷണിക്കാനുമായിട്ടാണ് അല്ലാഹു ഇക്കാലത്തു ഒരു പ്രവാചകനെ ഏഴുന്നേല്പിച്ചിരിക്കുന്നതു എന്നു ഞങ്ങൾ പ്രഖ്യാപനംചെയ്തുപോരുന്ന ഏക സംഗതിതന്നെ തിരുമേനിയുടെ ശ്രേഷ്ഠതയിലും മാഹാത്മ്യത്തിലും വിശ്വസിക്കുന്നവരും തിരുമേനിയുടെ പേരിൽ അതിയായ ഭക്തിയാദരങ്ങളുള്ളവരും ആ സത്യാത്മാവിൻെറ മഹത്വം ലോകമെല്ലാം അറിയണമെന്നു ആഗ്രഹിക്കുന്നവരും ഞങ്ങളാണെന്നാണ് തെളിയിക്കുന്നതു. ആകയാൽ, ഞങ്ങളുടെ യഥാർത്ഥ വിശ്വാസവും ന്യായവും ഗ്രഹിക്കാതെ ഞങ്ങളെ തെററിദ്ധരിക്കരുതെന്നും ഞങ്ങളുടെ യഥാർത്ഥ നില ഞങ്ങളുടെ വക പ്രസിദ്ധീകരണങ്ങളിൽനിന്നുതന്നെ അറിയാൻ ശ്രമിക്കേണമെന്നും മാന്യ വായനക്കാരോടു അഭ്യർത്ഥിച്ചുകൊണ്ടു ഗ്രന്ഥകർത്താവിൻെറ ന്യായങ്ങളെക്കുറിച്ചുള്ള പ്രതിപാദനത്തിലേയ്ക്കു പ്രവേശിച്ചു കൊള്ളുന്നു. കരുണാനിധിയായ അല്ലാഹു എല്ലാവർക്കും നിഷ്പക്ഷബുദ്ധ്യാ സത്യത്തെ ചിന്തനം ചെയ്‌വാനും അതിനെ സ്വീകരിക്കുവാനും സൌഭാഗ്യം നൽകുമാറാകട്ടെ; അവൻ സർവ്വശക്തനും കാരുണ്യവാരിധിയുമല്ലൊ. ○

## രണ്ടാം അദ്ധ്യായം

# സാർവ്വലൗകികമായ ദൗത്യവും പ്രവാചകാവതാരവും

### നബിതിരുമേനിയിൽ ഞങ്ങൾക്കുള്ള ഭക്തിവിശ്വാസം

നബിതിരുമേനിക്കുശേഷം ഒരു പ്രകാരത്തിലുള്ള പ്രവാചകനും വന്നുകൂടാ എന്നു സ്ഥാപിക്കുന്നതിനു നമ്മുടെ ഗ്രന്ഥകർത്താവു കാണിച്ചിരിക്കുന്ന ഒരു തെളിവു, തിരുമേനി മുഴലോകത്തിനും നിയോഗിതനായ നബിയാണെന്നുള്ള സംഗതിയാണ്. ഈ ന്യായത്തെ സ്ഥിരീകരിക്കുന്നതിന്നു തിരുമേനി സർവ്വ ജനതകൾക്കുമായി നിയുക്തനായിട്ടുള്ള നബിയാണെന്നു പ്രസ്താവിക്കുന്ന ഖുർആൻ വാക്യങ്ങളെയും ഗ്രന്ഥകർത്താവു ഉദ്ധരിച്ചിട്ടുണ്ടു. എന്നാൽ, തിരുമേനിയുടെ ദൌത്യം ലോകത്തിനൊട്ടാകെയുള്ളതാണെന്നു, വിശുദ്ധഖുർആൻെറ പ്രഖ്യാപനമനുസരിച്ചു, ഞങ്ങൾ ദൃഢമായി വിശ്വസിക്കുന്നുവെന്നു മാത്രമല്ല, ഈ പരമാർത്ഥത്തെ ലോകത്തിനു തെളിയിച്ചു കൊടുക്കുകകൂടി ചെയ്യുന്നു. യൂറോപ്പ്, അമേരിക്ക, ആസ്ട്രേല്യ മുതലായ രാജ്യങ്ങളിൽ അധിവസിക്കുന്ന ജനവിഭാഗങ്ങളെ തിരുമേനിയുടെ സാർവ്വജനീനമായ സന്ദേശത്തിലേയ്ക്കു ക്ഷണിക്കുകയും അതിനായ്ക്കൊണ്ടു മുതലിനെയും ജീവനെയും ബലികഴിയപ്പിക്കുകയും ചെയ്തു പോരുന്ന ഒരേ ഒരു സംഘം ഇന്നു അഹ്മദിയ്യാസംഘം മാത്രമാണെന്നുള്ള പരമാർത്ഥം ബദ്ധവൈരികൾ പോലും സമ്മതിച്ചിട്ടുള്ളതാണ്. ഈ വസ്തു

ത പ്രസംഗവേദിയിലും പത്രരംഗത്തിലും ഒരുപോലെ മാറ്റൊലിക്കൊണ്ടു കഴിഞ്ഞിരിക്കുന്നു. ഈ സംഘത്തെപ്പോലെ ഇസ്ലാംമതപ്രചാരണത്തിന്നായി ത്യാഗം ചെയ്യുപോരുന്ന വേറെ സംഘമില്ലെന്നും ഈ ത്യാഗത്തിന്നുള്ള ഉദാഹരണം പതിമൂന്നു നൂററാണ്ടുകൾക്കപ്പുറം ജീവിച്ചിരുന്ന ആ അനുഗ്രഹീതസംഘത്തിലേ കണ്ടെത്തുകയുള്ളു എന്നും പലരും തുറന്നുപറഞ്ഞിട്ടുണ്ടു. ഉദാഹരണാൎത്ഥം ഏതാനും പത്രപ്രസ്താവനകളെ ചുവടെ ഉദ്ധരിച്ചുകൊള്ളാം:

'സമിൻദാർ'പത്രം ഇപ്രകാരം പറഞ്ഞു:—''അഹ്മദിയ്യാസംഘം ഇസ്ലാമിന്നു അമൂല്യമായ സേവനം ചെയ്യുകൊണ്ടിരിക്കുന്നു. 'അവരുടെ ത്യാഗവും പരിശ്രമവും നിഷ്കളങ്കതയും ദൈവഭക്തിയും ഇക്കാലത്തു നിസ്തുല്യമായതല്ലെങ്കിൽ, അതിററ ബഹുമാനത്തിനും ആദരവിന്നും അർഹമായതുതന്നെയാണ്'. നമ്മുടെ പണ്ഡിതന്മാരും പുരോഹിതന്മാരും യാതൊരു ചലനവും ചിന്തയുംകൂടാതെ ഇരിക്കുന്ന ഇക്കാലത്തു ദൃഢനിശ്ചയത്തോടുകൂടി ഈ സംഘം ഇസ്ലാമിന്നു മഹത്തരമായ സേവനംചെയ്യു കാണിച്ചിരിക്കുന്നു'' (1923 ജൂൺ 24—ാം നു). ഗോറഖ്പൂരിലെ 'മശ്രിഖ്' പത്രം 1927 സപ്തെമ്പർ 22—ാംനുത്തെ ലക്കത്തിൽ പറഞ്ഞു:— ''ഇപ്പോൾ ഇന്ത്യയിൽ മുസ്ലിംകളുടെ ഇടയിലുള്ള സംഘങ്ങളെല്ലാം ഒരു സംഗതിക്കല്ലെങ്കിൽ മറെറാരു സംഗതിക്കു ഇംഗ്ലീഷുകാരെയൊ ഹിന്ദുക്കളെയോ മറേറതെങ്കിലും സമുദായക്കാരേയൊ ഭയപ്പെട്ടിരിക്കുകയാകുന്നു. എന്നാൽ, ആദിമമുസ്ലിംകളെപ്പോലെ യാതൊരു വ്യക്തിയേയും സംഘത്തേയും ഭയപ്പെടാതെ യഥാൎത്ഥമായുള്ള ഇസ്ലാമികസേവനം ചെയ്യുകൊണ്ടിരിക്കുന്നതു അഹ്മദിയ്യാസംഘം മാത്രമാകുന്നു.'' ആൎയ്യസമാജ

ക്കാരുടെ 'തേജ്'' പത്രം പറഞ്ഞിരിക്കുന്നതു കാണുക:—''ലോകത്തിലെ സർവ്വമുസ്ലിംകളെക്കാളമധികം ഊർജ്ജസ്വലമായും നിരന്തരമായും വിജയപൂർവ്വകമായും പ്രചാരവേല ചെയ്യുന്ന ഒരു ശക്തി അഹ്മദിയ്യാ സംഘമത്രേ. അഹ്മദിയ്യാപ്രസ്ഥാനം ഭയങ്കരമായ ഒരു അഗ്നിപർവ്വതമാണെന്നു പറഞ്ഞാൽ അതിശയോക്തിയായിരിക്കയില്ല. ബാഹ്യദൃഷ്ടിക്കു അതു ഭയങ്കരമായതല്ലെങ്കിലും അതിന്റെ അന്തർഭാഗത്തിൽ നാശകരങ്ങളായ അഗ്നിപ്രവാഹങ്ങൾ ഇളകിമറിഞ്ഞുകൊണ്ടിരിക്കുന്നു. അതിൽനിന്നും രക്ഷപ്പെടുവാൻ ശ്രമിക്കാത്തപക്ഷം അതു എപ്പോഴെന്നില്ലാതെ നമ്മെ ദഹിപ്പിച്ചുകളയുന്നതാണ്'' (1927 ജൂലായി 25-ാംനു). 'മശ്‌രിഖ്'' പത്രം ഇങ്ങനെകൂടി പറഞ്ഞിരിക്കുന്നു:—'' അഹ്മദിയ്യാസംഘം എങ്ങനെയുള്ള ത്യാഗബുദ്ധിയോടും ശ്രദ്ധയോടും ഉത്സാഹത്തോടുംകൂടിയാണൊ ഇസ്ലാംമതപ്രചരണാർത്ഥം പ്രയത്നിച്ചുവരുന്നതു അങ്ങനെയുള്ള പ്രയത്നം ഇക്കാലത്തു മററു സംഘങ്ങളുടെ ഇടയിൽ കാണപ്പെടുന്നില്ല'' (1923 മാർച്ച് 15-ാംനു) അമൃത്സറിൽനിന്നും പുറപ്പെട്ടുകൊണ്ടിരുന്ന 'തൻസീം' പത്രം പറഞ്ഞിട്ടുള്ളതു ഇപ്രകാരമാണ്:—''കുറച്ചുമുമ്പുവരെ അഹ്മദിയ്യാ സംഘത്തിന്നു മതപരമായ സമ്മേളനത്തിൽ പരിഹാസപാത്രവും കളിപ്പണ്ടവും ആയിരിക്കുന്നതിൽപരമായ യാതൊരു സ്ഥാനവും ഉണ്ടായിരുന്നില്ല. എന്നാൽ ഇപ്പോഴാകട്ടെ അതു വമ്പിച്ച ഒരു സമുദായമായിത്തീർന്നിരിക്കുന്നു. അതിലെ അംഗങ്ങളുടെ സംഖ്യ തുഛമാണെങ്കിലും അതിന്റെ പരിശ്രമത്തിന്റേയും ത്യാഗത്തിന്റേയും തുക വളരെ വലുതാകുന്നു. ഭിന്നിച്ചു കിടക്കുന്ന കോടിക്കണക്കായ മുസ്ലിംകൾക്കു ചെയ്‌വാൻ സാധിക്കാത്ത കാര്യം ഈ വ്യവസ്ഥിതമായ സംഘം നിഷ്പ്രയാസം

സാധിക്കുന്നു....ഇന്നു അഹ്മദിയ്യാ പ്രസ്ഥാനത്തിൻെറ പ്രചരണവ്യവസ്ഥയോടു കിടപിടിക്കത്തക്ക വല്ല സ്ഥാപനവുമുണ്ടെങ്കിൽ അതു ക്രസ്തീയരുടേ പ്രചരണവ്യവസ്ഥ മാത്രമാണ്. എന്നാലും ഉത്സാഹം, ത്യാഗം, അനുസരണം സംഘടനാബലം എന്നീ സംഗതികളിൽ ഇന്ത്യയിലെ ക്രൈസ്തവസംഘങ്ങൾക്ക അഹ്മദിയ്യാ സംഘത്തെ സമീപിക്കുവാൻപോലും സാദ്ധ്യമല്ല. ഖാദിയാനീ സംഘത്തിൻെറ സംഘടനാശക്തിക്കു ഏററവും ബലവത്തായ ഒരു ഭരണക്കൂടത്തെപ്പോലും എതിരിടുവാൻ സാധിക്കുന്നതാണ്. അതിൻെറ കീഴിൽ പ്രവർത്തിക്കുന്ന ഒവ്വൊരു ഡിപ്പാർട്ടുമെണ്ടിലും ഒരു വ്യവസ്ഥിതമായ ഗവമ്മേണ്ടിൻെറ ഡിപ്പാർട്ടുമെണ്ടുകളിൽ കാണാവുന്ന തരത്തിലുള്ള വ്യവസ്ഥയും അച്ചടക്കവും ചട്ടവട്ടവും കാണാവുന്നതാണ്'' (1926 ഡിസെമ്പർ 28-ാംനു), വിസ്തരഭയമില്ലായിരുന്നുവെങ്കിൽ ഇത്തരത്തിലുള്ള നിരവധി സാക്ഷ്യങ്ങൾ ഇനിയും ഉദ്ധരിക്കാമായിരുന്നു. ചുരുക്കത്തിൽ, നബിതിരുമേനിയുടെ നിയോഗം ലോകത്തിനൊട്ടാകെയുള്ളതാണെന്നു ഗ്രന്ഥകർത്താവിനെപ്പോലെ ഞങ്ങൾ സമ്മതിക്കുക മാത്രമല്ല, ഈ വാസ്തവത്തെ പ്രവൃത്തിരൂപേണ ലോകത്തിനു വെളിപ്പെടുത്തിക്കൊടുക്കുകകൂടി ചെയ്യുന്നു.

### സാർവ്വജനീനമായ ദൌത്യം പ്രവാചകാവതാരത്തിന്നു തടസ്സമാകുന്നില്ല

എന്നാൽ, തിരുമേനി മുഴലോകത്തിനും പ്രവാചകനായിരിക്കുന്നതുകൊണ്ടു തിരുമേനിക്കുശേഷം മനുഷ്യരെ സത്യപാതയിലേക്കു ആനയിക്കുന്നതിനു ''മറെറാരാൾക്ക പ്രവാചകത്വത്തെ വാദിക്കുവാൻ കാരണം ശേഷിക്കുന്നില്ല'' (ഖതമു. 7) എന്നു ഗ്രന്ഥകർത്താവു അനുമാനിക്കുന്നതു

ഒട്ടം ശരിയല്ല. എന്തുകൊണ്ടെന്നാൽ, ലോകത്തിനൊട്ടാകെ പ്രവാചകനായി വന്നിട്ടുള്ള ഒരാളുടെ പിറകെ വേറൊരു പ്രവാചകനും വന്നുകൂടാ എന്നു ഗ്രന്ഥകർത്താവു ഉദ്ധരിച്ചിട്ടുള്ള ഖുർആൻ വാക്യങ്ങരം പ്രസ്താവിക്കുകയോ അദ്ദേഹം അതിലേയ്ക്കു വേറേതെങ്കിലും തെളിവുകരം കാണിക്കുകയോ ചെയ്കയുണ്ടായിട്ടില്ല. തിരുമേനി ലോകത്തിനൊട്ടുക്കും പ്രവാചകനായി വന്നതുകൊണ്ടു ഇനി വെറൊരു പ്രവാചകനും വരാൻ പാടില്ലെന്നു തെളിയുന്നു എന്നു വെറുതേയങ്ങു പറഞ്ഞാൽ അതു ഒരു തെളിവായിത്തീരുന്നതല്ല. ഒരു സംഗതി ഒരു വിഷയത്തിലേയ്ക്കു പ്രമാണമാണെന്നു പറയണമെങ്കിൽ, അതു പ്രമാണമായിത്തീരുന്നതു എപ്രകാരമെന്നു കാണിച്ചിരിക്കേണ്ടതാണ്. അല്ലാതെ, വെറുതെ എന്തെങ്കിലും പറഞ്ഞുകൊണ്ടു അതു ഒരു വിഷയത്തിലേക്കു പ്രമാണമാണെന്നുപറഞ്ഞാൽ സ്വീകാര്യമാകുന്നതെങ്ങിനെ? വെറും വാക്കു സ്വീകാര്യമായ തെളിവായിത്തീരുമെന്നുണ്ടെങ്കിൽ, മനുഷ്യൻ രണ്ടുകാലിൻമേൽ നടക്കുന്നതുകൊണ്ടു ഭൂമി ഗോളാകൃതിയിലുള്ളതാണെന്നു തെളിയുന്നുവെന്നൊ, പശു ഒരു നാല്ക്കാലിയായതുകൊണ്ടു സൂര്യൻ ഭൂമിയേക്കാരം വലുതാണെന്നു തെളിയുന്നുവെന്നൊ മറ്റൊ പറയുന്നതായാൽ അതും സ്വീകാര്യമായിത്തീരേണ്ടതാണ്. മനുഷ്യൻ രണ്ടു കാലിൻമേൽ നടക്കുകയെന്നതിനും ഭൂമി ഗോളാകൃതിയിലുള്ളതാണെന്നതിനും തമ്മിലും, പശു നാൽക്കാലിയാണെന്നതിനും സൂര്യൻ ഭൂമിയേക്കാരം വലുതാണെന്നതിനും തമ്മിലും യാതൊരു ബന്ധവും ഇല്ലായ്കയാൽ ഒന്നു മററതിലേയ്ക്കു പ്രമാണമായിത്തീരുന്നില്ലെന്നതു പരമാർത്ഥമാണെങ്കിൽ, അപ്രകാരം തന്നെ നബിതിരുമേനി (സ) ലോകത്തിനൊട്ടാകെ പ്രവാചകനാണെന്നുള്ളതിനും ഇനിയൊരു പ്രവാചകനും വരാൻ പാടില്ലെന്നുള്ളതിനും തമ്മിൽ

ഒന്നു മറേറതിനു പ്രമാണമായിത്തീരത്തക്ക യാതൊരു ബന്ധവും ഇല്ലാത്തതുകൊണ്ടു തിരുമേനി ആകലോകത്തിന്നും പ്രവാചകനായിരിക്കയാൽ ഇനി പ്രവാചകനു വരാൻ പാടില്ലെന്നുള്ളസിദ്ധാന്തം സ്വീകാര്യമായിത്തീരുന്നതല്ല. ഒരു വിഷയത്തിലേയ്ക്കു തെളിവായിത്തീരാത്ത ഒരു സംഗതി, അതു തെളിവായിത്തീരുന്നതെങ്ങനെയെന്നു കാണിക്കപോലും ചെയ്യാതെ, എടുത്തുദ്ധരിച്ചുകൊണ്ടു വിഷയത്തെ സ്ഥാപിക്കാമെങ്കിൽ, അതെ, സ്ഥാപിച്ചുവെന്നു വിചാരിക്കാമെങ്കിൽ, നബിതിരുമേനിയുടെ പിറകെ പ്രവാചകനു വരാവുന്നതല്ലെന്നുള്ളതിലേയ്ക്കു മററു പല സംഗതികളും ഉദ്ധരിക്കാവുന്നതാണ്. പ്രമാണത്തിനും (دلیل) പ്രമാണ്യത്തിനും (مدلول) തമ്മിൽ ബന്ധമില്ലാതെ പ്രമാണമെന്നുവെച്ച ഒരു സംഗതി എടുത്തുപറയുകമാത്രം ചെയ്യുന്നതുകൊണ്ടു പ്രമാണ്യം അഥവാ വിഷയം തെളിയുമെന്നു വരുകിൽ, നബിതിരുമേനിക്കു ശേഷം പ്രവാചകനു വരാൻ പാടില്ലെന്നുള്ളതിലേയ്ക്കു തിരുമേനി മക്കയിൽ ജനിച്ചതും ജനനത്തിനുമുമ്പുതന്നെ പിതാവു മരിച്ചതും 6-ാമത്തെ തിരുവയസ്സിൽ മാതാവും ചരമം പ്രാപിച്ചതും 63-ാമത്തെ വയസ്സിൽ തിരുമേനി നിര്യാതനായതും എല്ലാം പ്രമാണമായി കാണിക്കുകയും അതുകൊണ്ടു വിഷയം തെളിയുന്നുവെന്നു പറയുകയും ചെയ്യാവുന്നതാണ്. എന്നാൽ പ്രസ്തുത സംഗതികൾക്കും തിരുമേനിക്കുശേഷം പ്രവാചകനുണ്ടാകയില്ലെന്നുള്ളതിനും തമ്മിൽ യാതൊരു ബന്ധവും ഇല്ലാത്തതിനാൽ അതുകൊണ്ടൊന്നും ഇനി പ്രവാചകനു വരാവുന്നതല്ലെന്നു തെളിയാതിരിക്കുന്നപോലെത്തന്നെ തിരുമേനിയുടെ ദൗത്യം ലോകത്തിനൊട്ടാകെയുള്ളതാണെന്നതിനും ഇനി പ്രവാചകനു വരാവുന്നതല്ലെന്നതിനും തമ്മി

ൽ ബന്ധമില്ലായ്കയാൽ, തിരുമേനി മുഴലോകത്തിനുമാ യി നിയുക്തനായതുകൊണ്ടു മേലിൽ പ്രവാചകനു വ രാവുന്നതല്ലെന്നുള്ള സിദ്ധാന്തം ഒരിക്കലും സ്വീകാര്യമായി ത്തീരുന്നതല്ല. മതപരമായി എത്രയും ഗൌരവപ്പെട്ട ഒരു വിഷയത്തെക്കുറിച്ചുള്ള പ്രതിപാദനത്തിൽ പണ്ഡിതനാ യ ഗ്രന്ഥകൎത്താവു തൻെറ വാദത്തിനു തെളിവായി കാണി ച്ച പ്രമാണത്തിനു വിഷയവുമായി ബന്ധമില്ലാതായി കാ ണുന്നതു ആശ്ചര്യാവഹമായിരിക്കുന്നു. ഇങ്ങനെ ഗ്രന്ഥക ൎത്താവും തെളിവായി കാണിച്ച ഒന്നാമത്തെ ന്യായംതന്നെ അദ്ദേഹത്തിൻെറ വാദത്തിലേയ്ക്കു പ്രമാണമായിത്തീരാത്ത ഒരു സംഗതിയായിപ്പോയി.

പ്രവാചകൻ വരുന്നതുകൊണ്ടു നബിതിരുമേനിയുടെ ദൌത്യം സാർവ്വജനീനമല്ലാതായിത്തീരുന്നില്ല.

നബിതിരുമേനിയുടെ ദൌത്യം ലോകത്തിനൊട്ടുക്കുമു ള്ളതാണെന്നും ലോകമാസകലത്തിന്നും ഒരു പരിപൂൎണ്ണ ന്യായപ്രമാണത്തിൻെറ ആവശ്യകത നേരിട്ടപ്പോഠം തിരു മേനി സാർവ്വജനീനമായ ദൌത്യത്തോടുകൂടി നിയുക്ത നായി എന്നുമുള്ളത് പരമാർത്ഥംതന്നെ. എന്നാൽ, തിരു മേനിയുടെ ദൌത്യം ഇപ്രകാരം മുഴലോകത്തിനുമുള്ളതാക കൊണ്ടു ഇനി ഒരു പ്രവാചകനും വരാവുന്നതല്ലെന്നുള്ള ന്യാ യം ശരിയായിരിക്കണമെങ്കിൽ, തിരുമേനിയുടെ പിറകെ വരുന്ന പ്രവാചകൻെറ ആഗമനത്താൽ തിരുമേനിയുടെ ദൌത്യം ലോകത്തിനൊട്ടുക്കുമുള്ളതല്ലാതായിത്തീരുന്നു എ ന്നു വരണം. അതല്ലെങ്കിൽ തിരുമേനി മുഴലോകത്തിനുമാ യി വന്നതുകൊണ്ടു ഇനി പ്രവാചകനു വരാവുന്നതല്ലെന്നു പറയുന്നതു സാധുവാകുന്നതല്ല. പ്രവാചകപ്രഭുവിന്നു ശേഷം വരുന്ന പ്രവാചകൻ ആ തിരുമേനിയുടെ ദൌത്യം

മുഴലോകത്തിനുമായുള്ളതല്ലെന്നു പറയാതെ, ലോകത്തി നൊട്ടാകെ ബാധകമായതാണെന്നു വാദിക്കുകയും തിരുമേ നിയുടെ ആ സാർവ്വജനീനമായ സന്ദേശത്തിലേയ്ക്കു ലോക രെ ക്ഷണിക്കുന്നതിനു വന്നയാളെന്നു ഘോഷിക്കുകയും ചെ യ്യുന്നുവെങ്കിലോ, അത്തരം പ്രവാചകൻെറ വരവുകൊണ്ടു തിരുമേനിയുടെ ദൌത്യം മുഴലോകത്തിനുമുള്ളതല്ലാതായി ത്തീരുന്നില്ല. ആകയാൽ, തിരുമേനിയുടെ ദൌത്യം ലോ കത്തിനൊട്ടുക്കുമുള്ളതാകകൊണ്ടു ഇനി ഒരു പ്രവാചകനും വരാവതല്ലെന്നുള്ള വാദം താനെ ദുർബ്ബലപ്പെട്ടുപോകുന്നു, തിരുമേനിക്കുശേഷം പ്രവാചകനായി വന്ന മഹാത്മാവി നെ സ്വീകരിച്ചിട്ടുള്ള ഞങ്ങളാകട്ടെ നബിതിരുമേനി (സ) ലോകത്തിനൊട്ടാകെയുള്ള പ്രവാചകനാണെന്നു വിശ്വസി ക്കുകയും അപ്രകാരം പ്രബോധനം ചെയ്യുകയും ചെയ്യുന്നവ രത്രെ. ഇതുകൊണ്ടുതന്നെ നബിതിരുമേനിക്കുശേഷം പ്ര വാചകൻ വരുന്നതിനാൽ തിരുമേനിയുടെ ദൌത്യം സാർവ്വ ജനീനമല്ലാതായിത്തീരുന്നില്ലെന്നു മനസ്സിലാക്കാവുന്ന താണ്.

നബിതിരുമേനിക്കുശേഷം പ്രവാചകൻ വന്നതുകൊ ണ്ടു തിരുമേനിയുടെ ദൌത്യം ലോകത്തിനൊട്ടാകെയു ള്ളതല്ലാതായിത്തീരുന്നുവെങ്കിൽ, ഇസ്രായീൽജനത്തി നൊട്ടാകെ നിയുക്തനായ മൂസാനബിയുടെ ദൌ ത്യം അദ്ദേഹത്തിനു ശേഷം മററു പ്രവാചകൻമാർ വന്നപ്പോഠം ഇസ്രായീൽജനത്തിനു ഒട്ടുക്കുമുള്ളതല്ലാ തായിത്തീർന്നിരിക്കേണ്ടതാണ്. എന്നാൽ, അദ്ദേഹ ത്തിൻെറ ദൌത്യം അദ്ദേഹത്തിനുശേഷം അനേകം പ്രവാചകൻമാർ വന്നിട്ടുകൂടി ഇസ്രായീൽജനത്തിനു ഒട്ടു ക്കുമുള്ളതായിത്തന്നെ ഇരുന്നു. അവരുടെ ഇടയിൽ ന്യായപ്ര മാണത്തോടുകൂടി വന്ന പ്രവാചകൻ മൂസാനബി(അ) മാത്ര മാണെന്നുള്ള പരമാർത്ഥത്തെ നമ്മുടെ ഗ്രന്ഥകർത്താവുതന്നെ

യും സമ്മതിച്ചിട്ടുണ്ട്. ഇങ്ങനെ, ഇസ്രായീൽ ജനത്തിനൊട്ടാകെയുള്ള ദൌത്യത്തോടുകൂടി വന്ന മൂസാനബിക്കുശേഷം അവരുടെ ഇടയിൽ വേറെയും പ്രവാചകൻമാർ വന്നതുകൊണ്ടു അദ്ദേഹത്തിൻെറ ദൌത്യം അവക്കൊട്ടാകെയുള്ളതല്ലാതായിത്തീരാതിരുന്നപ്രകാരംതന്നെ ലോകത്തിനൊട്ടാകെയുള്ള ദൌത്യത്തോടുകൂടിയ നബിതിരുമേനിക്കുശേഷം അനുയായികളിൽനിന്നു പ്രവാചകൻ വരുന്നതുകൊണ്ടു തിരുമേനിയുടെ ദൌത്യം ലോകത്തിനൊട്ടാകെയുള്ളതല്ലായിത്തീരുന്നില്ല. ആകയാൽ, തിരുമേനി ലോകത്തിലെ സർവ്വജനങ്ങൾക്കായുള്ള നബിയായിരിക്കകൊണ്ടു ഇനി അനുയായികളിൽനിന്നു പ്രവാചകനു വരാൻ പാടില്ലെന്നുള്ള വാദം അടിസ്ഥാനരഹിതമെന്നു തെളിയുന്നു.

ഇനി പ്രവാചകന്നു വരാവതല്ലെങ്കിൽ
നബിതിരുമേനിയുടെ ദൌത്യവും നിഷേധിക്കേണ്ടതായ്‌വരും

ലോകത്തിനൊട്ടുക്കുമുള്ള ദൌത്യത്തോടുകൂടിയ ഒരു പ്രവാചകൻെറ വരവിനുശേഷം മററൊരു പ്രവാചകനു വരാൻ പാടില്ലെന്ന ന്യായം ശരിയായിരിക്കുമെങ്കിൽ, നബിതിരുമേനിക്കു തന്നേയും ലോകത്തിന്നൊട്ടാകെ പ്രവാചകസന്ദേശത്തോടുകൂടി വരാൻ പാടില്ലാതായ്‌വരും. ഒവ്വൊരു സമുദായത്തിന്നിടയിലും പ്രവാചകൻ വന്നിട്ടുണ്ടെന്നു വിശുദ്ധഖുർആൻ ഒന്നിലധികം സ്ഥലത്തു പ്രസ്താവിക്കുന്നുണ്ട്. ഒരിടത്തു അതു പറയുന്നതാവിത്:—

وَلَقَدْ بَعَثْنَا فِي كُلِّ أُمَّةٍ رَسُولًا أَنِ اعْبُدُوا اللّٰهَ
وَاجْتَنِبُوا الطَّاغُوتَ

''സാക്ഷാൽ ഏകദൈവത്തെ ആരാധിക്കുകയും ദുർദേവതകളെ നിരാകരിക്കുകയും ചെയ്കയെന്ന ഉപദേശത്തോടുകൂടി നാം സർവ്വജനതതികളിലും പ്രവാചകൻമാരെ നിയോഗിച്ചു'' (16:36). ഇങ്ങനെ വന്നിട്ടുള്ള ഒവ്വൊരു പ്രവാചകൻെറയും ദൌത്യം അതാതു സമുദായത്തിനു പ്രത്യേകമായിട്ടുള്ളതാണെങ്കിലും എല്ലാസമുദായങ്ങൾക്കായും പ്രവാചകൻമാർ വന്നു കഴിഞ്ഞിട്ടുള്ളതുകൊണ്ടു ലോകമൊട്ടുക്കും ദൈവീകസന്ദേശം എത്തിക്കഴിഞ്ഞുവെന്നതു തീർച്ചതന്നെ. സൻമാർഗ്ഗത്തിലേക്കു ക്ഷണിക്കുക എന്നുള്ള പ്രവാചകനിയോഗത്തിൻെറ ഉദ്ദേശ്യം പ്രത്യേകം പ്രത്യേകം പ്രവാചകൻമാർ മുഖാന്തരമായിട്ടാണെങ്കിലും ലോകത്തിലെ സർവ്വജനസമുദായങ്ങളുടെ ഇടയിലും നിവൃത്തിയായിട്ടുള്ളതുകൊണ്ടു, പിന്നീടു ലോകത്തെ ആകമാനം ആ സൻമാർഗ്ഗത്തിലേക്കു ക്ഷണിക്കുന്നതിനു സാർവ്വജനീനമായ ദൌത്യത്തോടുകൂടിയ ഒരു പ്രവാചകൻ വരേണ്ട ആവശ്യമില്ല. എന്തുകൊണ്ടെന്നാൽ, മുമ്പുതന്നെ ദൈവീകസന്ദേശം ലോകമൊട്ടാകെ എത്തിക്കഴിഞ്ഞിട്ടുണ്ട്. അപ്പോൾ നബിതിരുമേനിയുടെ വരവ് ദൈവീകസന്ദേശം ലോകമൊട്ടാകെ എത്തിക്കഴിഞ്ഞതിനു ശേഷമാണെന്നു വന്നു. ആകയാൽ, സ ർവ്വലൗകികമായ സന്ദേശത്തോടുകൂടിയ പ്രവാചകൻെറ വരവിനുശേഷം വേറൊരു നബിക്കും വരാൻ പാടില്ലെന്നുള്ള ന്യായം ശരിയായിരിക്കുമെങ്കിൽ, നബിതിരുമേനിയുടെ നിയോഗം ദൈവീകസന്ദേശം ലോകമൊട്ടുക്കും എത്തിക്കഴിഞ്ഞതിനു ശേഷമായിരിക്കയാൽ അതു സ്വീകാരയോഗ്യമല്ലെന്നു സമ്മതിക്കേണ്ടതായ്‌വരും. പ്രവാചകൻമാർ ലോകമൊട്ടാകെ സത്യസന്ദേശം എത്തിക്കുകയും ഒവ്വൊരു സമുദായത്തേയും സത്യമാർഗ്ഗത്തിലേക്കു ക്ഷണിക്കുകയും ചെയ്തു കഴിഞ്ഞതിനുശേഷവും സവ്വജനസമു

ദായങ്ങളെയും ദൈവമാർഗ്ഗത്തിലേക്ക ക്ഷണിക്കുന്നതിനാ യ്യൊണ്ട നബിതിരുമേനിക്ക ആഗതനാകാമെങ്കിൽ, തി രുമേനിയുടെ ദൌത്യം മുഴലോകത്തിനുമുള്ളതാകയാൽ ഇ നിയൊരു പ്രവാചകനും വരാൻ പാടില്ലെന്നു പറയുന്നതു ഒരിക്കലും ന്യായപൂർവ്വകമാകുന്നതല്ല. അതിനാൽ, ഒന്നുകി ൽ നബിതിരുമേനിക്കശേഷം ഒരു പ്രവാചകനും വരാ ൻ പാടില്ലെന്നുള്ള സിദ്ധാന്തം പ്രമാണാസ്പദമല്ലെന്നു സമ്മതിക്കുകയോ, അതോ, പ്രവാചകൻമാർ മുഖാന്തരം ലോകമൊട്ടാകെ ദൈവീകസന്ദേശം എത്തിക്കഴിഞ്ഞിരി ക്കയാൽ നബിതിരുമേനിയുടെ ദൌത്യം–നഊദുബില്ലാ– അസത്യമായതാണെന്നു സമ്മതിക്കുകയോ ചെയ്യേണ്ടി വരും.

പുണ്യാത്മാവായ നബിതിരുമേനിക്കുമുമ്പ് ലോക മൊട്ടാകെ ദൈവീകസന്ദേശം എത്തിയതു പല പ്രവാചക ൻമാർ മുഖാന്തരമാകയാൽ അങ്ങിനെയുള്ളവരുടെ പിറകെ തിരുമേനിക്ക വരാൻ പാടുണ്ടെന്നു നമ്മുടെ ഗ്രന്ഥകർത്താവു ഒരു ന്യായം ഇവിടെ കൊണ്ടുവന്നേക്കാം. എന്നാൽ, ദിവ്യ സന്ദേശം ലോകത്തിനു ലഭിക്കുന്നതു പല പ്രവാചകന്മാർ മുഖാന്തരമായാലും ഒരു പ്രവാചകൻ മുഖാന്തരമായാലും ലോകത്തിനൊട്ടാകെ ആ സന്ദേശം എത്തുകയെന്നുള്ളത് സാദ്ധ്യമാകുന്നുണ്ട. അപ്പോഠം ഒരു പ്രവാചകൻ മുഖാന്ത രമായാലും അനേക പ്രവാചകന്മാർ മുഖാന്തരമായാലും ഉ ദ്ദേശ്യം ഒരുപോലെ നിവൃത്തിയാകുന്നതാണ്. ആകയാൽ, നബിതിരുമേനിക്കുമുമ്പു സർവ്വ ജനതതികളിലും പ്രവാച കന്മാർ വന്നു കഴിഞ്ഞിട്ടുള്ളതുകൊണ്ട, ഗ്രന്ഥകർത്താവിൻെറ ന്യായപ്രകാരം, തിരുമേനിക്കുതന്നെയും പ്രവാചകനായി വരാൻ പാടില്ലെന്നു വരുന്നതാണ്. അല്ലാഹ തിരുമേ നിയെ ലോകത്തിനൊട്ടാകെയുള്ള ദൌത്യത്തോടുകൂടി അ

യച്ചിട്ടുള്ളതു തൻെറ ദൂതിനെ ലോകത്തിലെത്തിക്കുന്നതിനായിട്ടല്ലാതെ, തിരുമേനിക്കു ഇപ്രകാരമൊരു സ്ഥാനം ലഭിച്ചിട്ടുണ്ടെന്നു കാണിക്കുന്നതിനായിട്ടായിരിക്കാവതല്ലല്ലൊ. അപ്പോഠം ആ സന്ദേശം ഒരു പ്രവാചകൻ മുഖാന്തരം ലോകമെല്ലാടവും എത്തുന്നതിൻെറയും അനേകപ്രവാചകന്മാർ മുഖാന്തരം എത്തുന്നതിൻെറയും ഫലം ഒന്നായിരിക്കകൊണ്ടു, നബിതിരുമേനിക്കുമുമ്പു ആ സന്ദേശം ലോകത്തിനു ലഭിച്ചതു പല നബിമാർ മുഖാന്തരമായിരിക്കയാൽ അതിനുശേഷം തിരുമേനിക്കു വരാൻ പാടുണ്ടെന്നു പറയുന്നതു ന്യായപൂർവ്വകമായിരിക്കയില്ല. തിരുമേനിക്കുമുമ്പു ദിവ്യസന്ദേശം ലോകത്തിനു ലഭിച്ചിരുന്നതു പല നബിമാർ മുഖാന്തരമായിരുന്നാലും സത്യസന്ദേശം ലോകമൊട്ടാകെ എത്തിയെന്നുള്ളതിനു വ്യത്യാസമൊന്നുമുണ്ടാകുന്നില്ല. അന്തരമുണ്ടെങ്കിൽ അതു പതിനാറു പേരുകൂടി ഒരുവന്നു ഒരു രൂപാ കൊടുക്കുന്നതും ഒരാഠംതന്നെ ഒരു രൂപാ കൊടുക്കുന്നതും തമ്മിലുള്ളതുപോലുള്ള ഒരു ഭേദം മാത്രമാണ്. രണ്ടിലേതു വിധവും അവന്നു ഒരു രൂപാ കിട്ടുകതന്നേ ചെയ്യുന്നു. പലർ മുഖേന കിട്ടുന്നതുകൊണ്ടു അതു സാക്ഷാൽ രൂപാ അല്ലാതായിത്തീരുന്നില്ല. ഇതേ പ്രകാരംതന്നേ ദൈവികസന്ദേശം പലപ്രവാചകന്മാർ മുഖാന്തരം വിവിധസമുദായങ്ങളിലായി ലോകമൊട്ടാകെ എത്തിക്കഴിഞ്ഞുവെങ്കിൽ, ലോകത്തിന്നൊട്ടാകെ ആ സന്ദേശം ലഭിച്ചു എന്നു നിസ്സംശയം പറയാം. ചുരുക്കത്തിൽ, നബിതിരുമേനി (സ) ലോകത്തിന്നാകമാനമുള്ള ദൌത്യത്തോടുകൂടി വന്ന പ്രവാചകനായതുകൊണ്ടു തിരുമേനിയുടെ പിറകെ വേറെ ഒരു നബിക്കും വരാവതല്ലെന്നു പറയുകയാണെങ്കിൽ, തിരുമേനിക്കുതന്നേയും പ്രവാചകനായി വരാൻ പാടില്ലെന്നു സമ്മതിക്കേണ്ടതായ്‌വരും.

അങ്ങനെ സമ്മതിക്കുന്നതു ശരിയായിരിക്കയില്ലെങ്കിൽ പിന്നെ നബിതിരുമേനിയുടെ ദൌത്യം ലോകത്തിനൊട്ടാകെയുള്ളതാകകൊണ്ടു തിരുമേനിക്കുശേഷം ഒരു പ്രവാചകനും വരാൻ പാടില്ലെന്നുള്ള വാദം സ്വീകാൎയ്യമായിത്തീരുന്നതല്ല.

സാർവ്വജനീനമായ ദൌത്യത്തിനുശേഷം
പ്രവാചകനു വരാവതല്ലെങ്കിൽ നിരവധി
പ്രവാചകന്മാരെ നിഷേധിക്കേണ്ടതായ്‌വരും.

നബിതിരുമേനിയുടെ ദൌത്യം ലോകത്തിനൊട്ടാകെയുള്ളതാകയാൽ ഇനിയൊരു പ്രവാചകൻെറ ആവശ്യമേയില്ലെന്നു പറയുന്നതു് ന്യായമായിരിക്കുമെങ്കിൽ, യാതൊരു വ്യത്യാസവും കൂടാതെ അതേ ന്യായപ്രകാരം ഒരു പ്രത്യേകസമുദായത്തിൽ ആദ്യമായി ഒരു പ്രവാചകൻ വന്നുകഴിഞ്ഞാൽ പിന്നെ അവൎക്കായി വേറെ പ്രവാചകൻ വരാൻ പാടില്ലെന്നു സമ്മതിക്കേണ്ടതായ്‌വരും. എന്തുകൊണ്ടെന്നാൽ, പുണ്യാത്മായ നബിതിരുമേനിയുടെ ദൌത്യം ലോകത്തിനൊട്ടാകെ ബാധകമാണെന്നതുപോലെത്തന്നെ ഒരു പ്രത്യേക സമുദായത്തിന്നായി വന്ന ഒരു പ്രവാചകൻെറ ദൌത്യം ആ സമുദായത്തിന്നൊട്ടാകെയും ബാധകമാണ്. അപ്പോൾ, തിരുമേനിയുടെ ലോകത്തിന്നൊട്ടാകെയുള്ള ദൌത്യത്തിന്നുശേഷം മറെറാരു പ്രവാചകനു ലോകത്താവിർഭവിക്കാവതല്ലെങ്കിൽ, പ്രസ്തുത ന്യായമനുസരിച്ചു, ഒരു സമുദായത്തിനു ഒരു പ്രവാചകൻ ആദ്യമായി നിയോഗിതനായി കഴിഞ്ഞാൽ പിന്നെ അദ്ദേഹത്തിൻെറ ന്യായപ്രമാണത്തെ നടത്തുന്നതിനായിട്ടുതന്നേയും വെറൊരു പ്രവാചകനു വരാൻ പാടില്ലാതായിത്തീരുന്നു. നേരെമറിച്ചു, ഒരു സമുദായത്തിൽ ഒന്നാമതു വന്ന പ്രവാചകനുശേഷം ആ പ്രവാചകൻെറ ന്യാ

യപ്രമാണത്തെ നടത്തുന്നതിനായിട്ട അതേ സമുദായത്തിൽ വേറെയും പ്രവാചകന്മാർ വരാവുന്നതാണെങ്കിൽ, മുഴ ലോകത്തിനും പ്രവാചകനായി വന്ന മഹാത്മാവിന്നുശേഷം അദ്ദേഹത്തിൻെറ ന്യായപ്രമാണത്തെത്തന്നെ നടത്തുന്നതിനായിട്ട മറെറാരു ശിഷ്യപ്രവാചകനു വന്നുകൂടാ എന്നു പറയുന്നതു അസംഗതമായിത്തീരുന്നു. മൂസാനബി ഇസ്രായീൽജനത്തിനൊട്ടാകെ ദൈവത്തിൻെറ സന്ദേശവാഹി ആയിട്ട വന്നിട്ടുള്ള ആളാണല്ലൊ. അദ്ദേഹവുമായി പ്രവാചകപ്രഭുവായ മുഹമ്മദുമുസ്തഫാ (സ) തിരുമേനിക്ക സാദൃശ്യമുള്ളതായി വിശുദ്ധഖുർആനിലും യഹൂദരുടെ തൌറാത്തിലും പ്രസ്താവിച്ച കാണുന്നു*. അപ്പോൾ നബിതിരുമേനിയുടെ ദൌത്യത്തിനു ലോകവുമായുള്ള ബന്ധമെപ്രകാരമോ അപ്രകാരമുള്ള ഒരു ബന്ധമാണ് മൂസാനബിയുടെ ദൌത്യത്തിന്നു ഇസ്രായീൽജനതയുമായുള്ളതെന്നു സ്പഷ്ടമായി. നബിതിരുമേനി (സ) മുഖാന്തരം ലോകത്തിനൊട്ടാകെ ഒരു ന്യായപ്രമാണം ലഭിച്ച പ്രകാരംതന്നെ മൂസാനബി (അ) മുഖാന്തരം ഇസ്രായീൽജനത്തിനൊട്ടാകെ ഒരു ന്യായപ്രമാണം ലഭിക്കയുണ്ടായിട്ടുണ്ട. തന്നേയുമല്ല, ഇസ്രായീൽക്കാരുടെ ഇടയിൽ ന്യായപ്രമാണത്തോടുകൂടി വന്ന പ്രവാചകൻ ഹസ്രത്ത് മൂസാ (അ) മാത്രമാണെന്നു നമ്മുടെ ഗ്രന്ഥകത്താവു സമ്മതിച്ചിട്ടുമുണ്ടx. ഇങ്ങനെയുള്ള മൂസാനബിക്കശേഷം അനേക പ്രവാചകന്മാർ ഇസ്രായീൽക്കാരുടെ ഇടയിൽ വന്നിട്ടുള്ളതായി വിശുദ്ധഖുർആൻ പ്രസ്താവിക്കുന്നു: –

وَلَقَدْ آتَيْنَا مُوسَى الْكِتَابَ وَقَفَّيْنَا مِن بَعْدِهِ بِالرُّسُلِ

* ഖുർആൻ 73: 15; ആവർത്തനം. 18:18;

x ഖതമുന്നുബുവ്വത്ത്. ഭാ. 59.

''നിശ്ചയമായും നാം മൂസാനബിക്കു ഗ്രന്ഥം നൽകുകയും, അദ്ദേഹത്തിനുശേഷം അദ്ദേഹത്തെത്തുടൎന്നു പ്രവാചകന്മാരെ അയച്ചു കൊണ്ടിരിക്കുകയുംചെയ്തു'' (2:87). ആകയാൽ, മുഴുലോകത്തിനും പ്രവാചകനായിരിക്കുന്നതുകൊണ്ടു നബിതിരുമേനിക്കുശേഷം പ്രവാചകനു വരാൻ പാടില്ലെന്ന ന്യായം ശരിയായിരിക്കണമെങ്കിൽ, ന്യായപ്രമാണവാഹിയായ മൂസാനബിക്കുശേഷം ഇസ്രായീൽ ജനത്തിനു ഒരു പ്രവാചകനും വന്നിട്ടില്ലെന്നു ഗ്രന്ഥകൎത്താവു സമ്മതിക്കേണ്ടിയിരിക്കുന്നു. അങ്ങനെ സമ്മതിച്ച് മൂസാനബിക്കുശേഷം ആഗതരായ പ്രവാചകന്മാരെല്ലാം വ്യാജവാദികളാണെന്നു പറവാൻ ഗ്രന്ഥകൎത്താവു ധൃഷ്ടനാകയില്ലെങ്കിൽ, അഥവാ അങ്ങനെ പറയുന്നതു സത്യവിരുദ്ധമാണെന്നു വിചാരിക്കുന്നുവെങ്കിൽ, അതേ ന്യായമനുസരിച്ചു, നബിതിരുമേനി മുഴുലോകത്തിനുമുള്ള ദൌത്യത്തോടുകൂടി വന്നതുകൊണ്ടു തിരുമേനിക്കുശേഷം ഒരുപ്രകാരത്തിലുള്ള പ്രവാചകനും വരാവുന്നതല്ലെന്നു പറയുന്നതു അടിസ്ഥാനരഹിതവും യുക്തിവിരുദ്ധവും ആണെന്നു സമ്മതിക്കേണ്ടതായിരിക്കുന്നു. ചുരുക്കത്തിൽ, നമ്മുടെ ഗ്രന്ഥകൎത്താവു ഒന്നുകിൽ ആദ്യമായി ഒരു സമുദായത്തിൽ വന്ന പ്രവാചകനുശേഷം യാതൊരു പ്രവാചകനും അവരുടെയിടയിൽ വരാവുന്നതല്ലെന്നുള്ള സംഗതിയെ സ്വീകരിച്ചു മൂസാനബിക്കുശേഷം ഇസ്രായീൽക്കാരുടെ ഇടയിൽ ആഗതരായ പ്രവാചകന്മാരെല്ലാം – നഊദുബില്ലാ— കപടവാദികളാണെന്നു സമ്മതിക്കുകയോ, അഥവാ, മുഴുലോകത്തിനായുമുള്ള ദൌത്യത്തോടുകൂടി വന്ന പ്രവാചകവൎയ്യനുശേഷം മറ്റൊരു പ്രവാചകനും വരാൻ പാടില്ലെന്നുള്ള വാദത്തെ ഉപേക്ഷിക്കുകയോ വേണ്ടതാണ്. അങ്ങനെ ചെയ്യാത്ത പക്ഷം നബിതിരുമേനിയുടേതെന്നു മാത്രമല്ല, മൂസാന

ബിയുടെ പിറകെ ഇസ്രായീൽ ഗോത്രത്തിൽ വന്ന മററെല്ലാ പ്രവാചകന്മാരുടേയും ദൌത്യവും വ്യാജാസ്പദമായിട്ടുള്ളതാണെന്നു സമ്മതിക്കേണ്ടി വരുന്നതാണ്.

ആദ്യനബിയ്ക്കുശേഷം പ്രവാചകനിയോഗം
നിഷിദ്ധം!

ഇതിന്നുപുറമെ, ഗ്രന്ഥകർത്താവിൻെറ പ്രസ്തുത ന്യായം ശരിയാണെന്നുവരുന്ന പക്ഷം ലോകത്തു ഒന്നാമതു വന്ന പ്രവാചകന്നുശേഷം പിന്നെ യാതൊരു പ്രവാചകന്നും വരാൻ പാടില്ലാത്തതാണെന്നുകൂടി സമ്മതിക്കേണ്ടിവരും. എന്തുകൊണ്ടെന്നാൽ, മനുഷ്യസൃഷ്ടിയുടെ ആരംഭദശയിൽ നിയുക്തനായ പ്രവാചകൻെറ ദൌത്യം അന്നുള്ള മനുഷ്യകുടുംബത്തിനു മാത്രമായിരുന്നാലും അന്നു മനുഷ്യസമുദായം ആ കുടുംബം മാത്രമായിരുന്നതുകൊണ്ടു അദ്ദേഹം ലോകത്തിനൊട്ടാകെയുള്ള പ്രവാചകനായിരിക്കണമല്ലൊ. അന്നുള്ള സകലരും ആ പ്രവാചകൻെറ ദൌത്യത്തിൻ കീഴിൽ ആയിരിക്കുന്നതും അദ്ദേഹം അവക്കെല്ലാവക്കും ദൈവത്തിൻെറ പ്രവാചകനായിരിക്കുന്നതുമാണ്. ആദിപിതാവായ ആദം (അ) ദിവ്യസന്ദേശത്തോടുകൂടി വന്നപ്പോൾ തൻെറ സന്തതികളായുള്ളവക്കെല്ലാം പ്രവാചകനായിരുന്നു. ''ആദം (അ) മനുഷ്യപിതാവാകുന്നു. മനുഷ്യസന്താനങ്ങളുടെ ഉത്ഭവവും അദ്ദേഹത്തിനുശേഷമാണ്'' (ഖതമു. 26) എന്നു ഗ്രന്ഥകർത്താവുതന്നെ സമ്മതിച്ചിട്ടുണ്ടു. നബിതിരുമേനി (സ) ലോകത്തുള്ള ജനതതികൾക്കൊട്ടാകെ പ്രവാചകനായി വന്നതുപോലെ തന്നെയാണ് ആദിയിൽ നിയുക്തനായ ആൾ അന്നുള്ള സകലക്കും പ്രവാചകനായിരിക്കുക. ആ പ്രവാചകൻ ഇന്ന സമുദാ

യത്തിനുമാത്രമായുള്ള ദൈവദൂതനാണെന്നു അവകാശപ്പെടുവാൻ തരമില്ല. എന്തു കൊണ്ടെന്നാൽ, അദ്ദേഹം യാതൊരു ജനതയ്ക്കായി ഏഴഴന്നേല്പിക്കപ്പെട്ടുവോ ആ കൂട്ടരല്ലാതെ അന്നു ലോകത്തു വേറെ ജനങ്ങൾ ഉണ്ടായിരുന്നില്ല. അതിനാൽ അദ്ദേഹം സമസ്ത ജനത്തിനും പ്രവാചകനായി വന്ന ആളായിരിക്കണം. നബിതിരുമേനി (സ) മുഴലോകത്തിനും പ്രവാചകനായി വന്നിട്ടുള്ളതുകൊണ്ടു തിരുമേനിക്കുശേഷം ഒരു പ്രവാചകനും വരാൻ പാടില്ലെന്നുള്ള സിദ്ധാന്തം ശരിയായിരിക്കുമെങ്കിൽ, ഒന്നാമതായി ലോകത്തു വന്ന പ്രവാചകൻ ലോകമാസകലത്തിനും പ്രവാചകനായിരുന്നതു കൊണ്ടു അദ്ദേഹത്തിനുശേഷംതന്നേ ഒരുപ്രവാചകനും വരാൻ പാടില്ലാത്തതാണെന്നു തീരുമാനിക്കേണ്ടിവരും. അപ്രകാരം തീരുമാനിക്കുന്നപക്ഷം ഒന്നാമതായി വന്ന പ്രവാചകനെയൊഴിച്ചു ശേഷമുണ്ടായ സകല പ്രവാചകന്മാരെയും പുണ്യാത്മാവായ നബിതിരുമേനിയെത്തന്നെയും—നഊദുബില്ലാ—വ്യാജവാദികളെന്നു സമ്മതിക്കേണ്ടിവരും. ആ സമ്മതം സത്യവിരുദ്ധമാകുമെങ്കിൽ, മുഴലോകത്തിനുമായി തിരുമേനി പ്രവാചകനായി വന്നതുകൊണ്ടു ഇനി ഒരു പ്രവാചകനും വന്നുകൂടാ എന്നുള്ള സിദ്ധാന്തം അബദ്ധപൂർണ്ണമാണെന്നു തീരുമാനിക്കാതെ നിവൃത്തിയില്ല. ചുരുക്കത്തിൽ, തിരുമേനി മഴലോകത്തിനും പ്രവാചകനായി വന്നതുകൊണ്ടു ഇനി പ്രവാചകനു വരാൻ പാടില്ലെന്നുള്ള ഗ്രന്ഥകർത്താവിന്റെ ന്യായത്തെ വകവെച്ചു കൊടുക്കുന്നപക്ഷം നബിതിരുമേനിയേയും ആദിയിൽ വന്ന പ്രവാചകനൊഴികെയുള്ള സകല പ്രവാചകന്മാരെയും നിരാകരിക്കേണ്ടിവരുന്നതാണ്.

ലോകൈകദൈവത്യത്തിനു ശേഷവും
പ്രവാചകൻെറ ആവശ്യം ശേഷിക്കുന്നു

പ്രവാചകന്മാരുടെ വരവിൻെറ ഉദ്ദേശ്യം ''മനുഷ്യരെ സത്യപാതയിലേക്കു നയിക്കുക'' (ഖതമു. 3) എന്നുള്ളതാണെന്നു ഗ്രന്ഥകർത്താവുതന്നെ പ്രസ്താവിച്ചിട്ടുണ്ട്. സത്യപാതയിലേക്കു നയിക്കുകയെന്നതു രണ്ടു തരത്തിലായിരിക്കുന്നതാണ്. ഒന്നു, ലോകത്തിനു ഒരു പുതിയ ന്യായപ്രമാണത്തിൻെറ ആവശ്യകതയുണ്ടാകുമ്പോൾ അതോടുകൂടി വന്നു ലോകത്തെ സന്മാർഗ്ഗത്തിലേക്കു നയിക്കുക രണ്ടാമത്തേതു, ഒരു ന്യായപ്രമാണം നിലവിലിരിക്കെതന്നെ അതിൽനിന്നും ലോകർ വ്യതിചലിക്കുമ്പോൾ ഒരു പ്രവാചകൻ വന്നു അവരെ വീണ്ടും ആ ന്യായപ്രമാണത്തിൻെറ അനുസരണത്തിലാക്കുക. ഒന്നാമതു പറഞ്ഞ തരത്തിൽ ഇസ്രായീൽക്കാരെ സത്യപാതയിൽ നടത്തുന്നതിനായിട്ടാണ് മൂസാനബി (അ) ആഗതനായിരുന്നതു. ആ മഹാത്മാവിന്നുശേഷം അവരുടെ ഇടയിൽ പ്രവാചകന്മാർ വന്നുകൊണ്ടിരുന്നതു, രണ്ടാമതു പറഞ്ഞ തരത്തിൽ. ആദ്യപ്രവാചകൻ വെട്ടിത്തെളിയിച്ചിട്ടുള്ള ആ മാർഗ്ഗത്തിൽതന്നെ ആ ജനതയെ നയിക്കുന്നതിനായിട്ടായിരുന്നു; എന്നല്ലാതെ വ്യത്യസ്തമാർഗ്ഗങ്ങളിലേയ്ക്കു നടത്തുന്നതിനായിട്ടായിരുന്നില്ല. ഇസ്രായീൽ ജനത്തിനു ന്യായപ്രമാണം ലഭിച്ചതു മൂസാനബി (അ) മുഖേനയാണെന്നു വിശുദ്ധഖുർആൻ സാക്ഷിക്കുന്നു. ഈ വസ്തുതയെ ഗ്രന്ഥകർത്താവും സമ്മതിച്ചിട്ടുണ്ട്. ആകയാൽ, മൂസാനബിക്കുശേഷം ഇസ്രായീൽക്കാരുടെ ഇടയിൽ അവതരിച്ച പ്രവാചകന്മാരെല്ലാം അദ്ദേഹത്തിൻെറ ന്യായപ്രമാണം നടത്തുന്നതിനായിട്ടുള്ളവർ തന്നെയാണ്. വിശുദ്ധഖുർആൻ പറയുന്നതു കാണുക:—

انا انزلنا التورىة فيها هدى ونور يحكم بها النبيون

''നിശ്ചയമായും, നാം മാർഗ്ഗദർശനവും പ്രകാശവും അടങ്ങി
യ തൌറാത്തിനെ ഇറക്കിക്കൊടുത്തു; പ്രവാചകന്മാർ അ
തുകൊണ്ടു വിധി 'കല്പിക്കാറുണ്ടായിരുന്നു'' (5:44). ഈ
വാക്യംകൊണ്ടു മൂസാനബിയാൽ സ്ഥാപിതമായ മാർഗ്ഗ
ത്തിലേക്കു് ഇസ്രായീൽക്കാരെ നയിക്കുന്നതിനായി പ്രവാ
ചകന്മാർ വന്നുകൊണ്ടിരുന്നതായി മനസ്സിലാകുന്നു. ഇങ്ങ
നെ സത്യമാർഗ്ഗത്തിലേക്കുള്ള ക്ഷണം രണ്ടുതരത്തിലായിരി
ക്കുകയും മൂസാനബിമുഖേന ഇസ്രായീല്യർക്കു നൽകപ്പെ
ട്ട *പൂർണ്ണമാർഗ്ഗദർശനമായ തൌറാത്തിലേക്കു് ക്ഷണിക്കുവാ
ൻ പ്രവാചകന്മാർ വന്നുകൊണ്ടിരിക്കുകയും ചെയ്തിട്ടുള്ള
സ്ഥിതിക്കു, നബിതിരുമേനി മുഖാന്തരം സ്ഥാപിതമായ
സത്യമാർഗ്ഗത്തിൽനിന്നു മനുഷ്യർ അകന്നുപോകുമ്പോറം
അവരെ വീണ്ടും അതിലേക്കുതന്നെ നയിക്കുന്നതിനായ്ക്കൊ
ണ്ടു പ്രവാചകനു വന്നുകൂടാത്തതു എന്തുകൊണ്ടാണു്? ലോ
കത്തിനൊട്ടാകെ മാർഗ്ഗദർശനമായി നബിതിരുമേനി മുഖാ
ന്തരം പ്രത്യക്ഷപ്പെട്ടിട്ടുള്ള ദൈവികസന്ദേശം പരിപൂർണ്ണ
മായിരിക്കുന്നതുകൊണ്ടു അതു നിലവിലിരിക്കെ വേറെ പൃ
ത്ഥുതായൊരു ന്യായപ്രമാണം ആവശ്യമില്ലെന്നുള്ളതു വാസ്ത
വം തന്നെ. എങ്കിലും ലോകർ ആ ന്യായപ്രമാണത്തിൻെറ
അനുസരണത്തിൽനിന്നു അകന്നുപോകുമ്പോറം അവരെ അ
തിലേക്കു തന്നെ വീണ്ടുകൊണ്ടുവരുന്നതിനു വേറൊരു പ്ര
വാചകനു വന്നു കൂടാ എന്നു പറയുന്നതു സാധുവാകണമെ
ങ്കിൽ, ലോകർ സത്യമാർഗ്ഗത്തിൽനിന്നു ഒരിക്കലും അകന്നു
പോകാതിരിക്കയും മുൻകാലത്തു ജനങ്ങറം സത്യമാർഗ്ഗത്തി
ൽനിന്നു അകന്നുപോയപ്പോഴെല്ലാം അവരെ അതിലേക്കു
തന്നെ നടത്തിക്കൊണ്ടുപോകുന്നതിനു പ്രവാചകന്മാർ ആ

* 'മൂന്നാം അദ്ധ്യായം' നോക്കുക.

വിർഭവിക്കാതിരിക്കയും ചെയ്യേണ്ടിയിരുന്നു. എന്നാൽ, മുസ്ലിംകളാകട്ടെ സത്യമാർഗ്ഗമാകുന്ന ഇസ്ലാമിൽനിന്നു വളരേയധികം അകന്നു അതിശോചനീയമായ ഒരു ദുരവസ്ഥയിലേക്കു അധഃപതിച്ചുപോയിരിക്കുന്നു. ഈ വസ്തുതയെ മുസ്ലിംകളുടെ ഇന്നത്തെ നടപ്പുവസ്ഥകളും, സമുദായപ്രവർത്തകന്മാരുടേയും പണ്ഡിതന്മാരുടേയും മുറവിളികളും അവരെ ഏകചരടിലെന്നോണം ഇണക്കിനിറുത്തുന്നതിനു സമർത്ഥനായ ഒരു നേതാവിൻെറ ആവശ്യകതയെ ചൊല്ലിയുള്ള നിലവിളികളും സാക്ഷിക്കുന്നുണ്ട്.

### മുസ്ലിംലോകത്തിൻെറ ശോച്യാവസ്ഥ

മുസ്ലിംകളുടെ അതിദയനീയമായ ദുരവസ്ഥയെക്കുറിച്ചു നേതാക്കന്മാർ പ്രസ്താവിച്ചിട്ടുള്ള എത്രയോ സാക്ഷ്യവചനങ്ങൾ ഉദ്ധരിക്കുവാൻ കഴിയും. വിസ്തരഭയത്താൽ അവയിൽ ചിലതിനെമാത്രം ഉദാഹരണാർത്ഥം ഇവിടെ ചേർത്തുകൊള്ളാം. അഹ്മദിയ്യാപ്രസ്ഥാനത്തിൻെറ ബദ്ധവൈരിയായ മൌലവി സനാഉല്ലാ സാഹിബ് ഇപ്രകാരം പറയുന്നു:— ''അല്ലാഹു ആയിരക്കണക്കിലുള്ള പ്രവാചകൻമാരെ അയച്ചിരുന്നത് ഏതേതു അന്ധവിശ്വാസങ്ങളെ ഖണ്ഡിക്കുന്നതിനായിട്ടാണോ അതേ തരത്തിലുള്ള അത്ഭുതാവഹങ്ങളായ അന്ധവിശ്വാസങ്ങൾ ഈ നാമമാത്ര മുസ്ലിംകൾ കൈക്കൊണ്ടിരിക്കുന്നു'' (തഫ്സീർ സനായി, വാല്യം 1, ഭാ. 97), വീണ്ടും, ''മററു ജനങ്ങളിൽ കാണപ്പെടുന്ന ദുഷ്കർമ്മങ്ങളും ദുസ്സമ്പ്രദായങ്ങളും മുസ്ലിംകളുടെ ഇടയിലും സാധാരണമായിത്തീന്നിരിക്കുന്നു. ദിവ്യഗ്രന്ഥമായ വിശുദ്ധ ഖുർആനെ ഉപേക്ഷിച്ചുകൊണ്ട് അല്ലാഹുവിൻെറ ഗ്രന്ഥത്തെ അവർ തങ്ങളുടെ പിൻപുറംതള്ളിക്കളഞ്ഞിരിക്കുന്നു' എന്ന വിധിക്കു അവർ തികച്ചും അർഹരായിരി

ക്കുന്നു. നമ്മുടെ മിമ്പറുകൾ (പള്ളിയിലെ പ്രസംഗപീഠങ്ങൾ) കള്ളവാർത്തകളും നിരർത്ഥകകഥകളും പറയപ്പെടുന്ന സ്ഥലങ്ങളായി ചമഞ്ഞിരിക്കുന്നു. 'ഓ, എന്റെ ദൈവമെ! എന്റെ ജനം ഖുർആനെ കൈവിട്ടുകളഞ്ഞിരിക്കുന്നു എന്നു റസൂൽ അരുളിച്ചെയ്യു' എന്നു ഖുർആനിൽ പറഞ്ഞിട്ടുള്ള ആവലാതി നമ്മുടെ പേരിൽ ഉണ്ടാകുന്ന കാലത്തു, അഹോ കഷ്ടം! നാമെന്തു സമാധാനം പറയും?'' (തഫ്സീർ സനായി, വാ. 1, ഭാ. 82). അല്ലാമ: ഇഖ്ബാൽ ഇപ്രകാരം പറഞ്ഞു:—''ദൈവാനുരാഗമാകുന്ന അഗ്നി കെട്ടുപോയി. അഹോ, കഷ്ടം! ഇന്നുള്ളവർ മുസ്ലിംകളല്ല; ചാമ്പൽ കൂമ്പാരമത്രേ'' (ബാങ്കെദറാ). അല്ലാമ: സിദ്ദീഖ് ഹസൻ പറഞ്ഞതു കാണുക:—''ഇപ്പോൾ ഇസ്ലാമിന്റെ പേരും ഖുർആനിലെ എഴുത്തുംമാത്രമെ ശേഷിപ്പുള്ളൂ. ബാഹ്യമായി നോക്കുമ്പോൾ പള്ളികൾ ജനബഹുലമായിട്ടുണ്ടെങ്കിലും അവ കേവലം സന്മാർഗ്ഗനിഷ്ഠാശൂന്യങ്ങളായി കിടക്കുന്നു. സമുദായത്തിലെ ഉലമാ എന്ന പണ്ഡിതവർഗ്ഗം ആകാശത്തിൻ കീഴിൽ ഏററവും നികൃഷ്ടജീവികളായിത്തീൎന്നിരിക്കുന്നു. അവരിൽനിന്നു സകലവിധ കുഴപ്പങ്ങളും ഛിദ്രങ്ങളും ഉത്ഭവിക്കയും അവ അവരുടെ പക്കലേക്കുതന്നെ മടങ്ങിച്ചെല്ലുകയും ചെയ്യുന്നു'' (ഇഖ്തിറാബുസ്സാഅ; ഭാ. 12). മൌലാനാ മുഹമ്മദലി കാൺപൂരിൽവെച്ചുകൂടിയ ഉലമാസമ്മേളനത്തിന്റെ അദ്ധ്യക്ഷപ്രസംഗത്തിൽ പറഞ്ഞു:-''മുസ്ലിംകളുടെ ഇന്നത്തെ രാഷ്ട്രീയ നിലയിൽനിന്നു വെളിപ്പെട്ടുകാണാവുന്ന അധഃപതനം ഇസ്രായീൽ ജനങ്ങളിൽ ഇറങ്ങിയിരുന്ന ദൈവകോപത്തെക്കുറിച്ചു നമ്മെ ബോധപ്പെടുത്തുന്നു. എന്നാൽ, ഇസ്രായീൽക്കാർ അവരുടെ സാമ്പത്തികസ്ഥിതിയെ എങ്കിലും അഭിവൃദ്ധിപ്പെടുത്തിയിട്ടുണ്ട്. മുസ്ലിംകളുടെ സാമ്പത്തികസ്ഥിതിയാവ

ട്ടെ അവരുടെ രാഷ്ട്രനിലയേക്കാരം അധികം മോശപ്പെട്ടിരിക്കയാണ്''' (ഹിമ്മത്ത്, 1929 ഡിസമ്പർ 29 ാംനു-). മൗലാനാ രിയാസ് ഖൈറാബാദി പറഞ്ഞിരിക്കുന്നതു കാണുക:—''അറിവില്ലാത്ത മുല്ലാമാർ മതത്തിൻെറ പ്രമാണപുരുഷന്മാരായ ആലിംകളായി ചമഞ്ഞിരിക്കുന്നു. ഉലമാ അഥവാ പണ്ഡിതന്മാരുടെ ഇടയിൽ തന്നെയും ഈമാൻ (സത്യവിശ്വാസം) ഉള്ളവരായി ആരേയും കാണുന്നില്ല.'' ('ഹിമ്മത്ത്, 1930 ജനവരി 14-ാംനു-). ഐക്യസംസ്ഥാനത്തിലെ ജംഇയ്യത്തുൽഉലമാ എന്ന സംഘത്തിൻെറ പൊതു കാര്യദർശിയായ മൌലാനാ കറംഅലി പറഞ്ഞതിപ്രകാരമാണ്:—''ഇന്നു പ്രചാരത്തിലുള്ളതു ലൗകികവും ധാർമ്മികവും ആയ വിദ്യാഭ്യാസമോ ഇന്നു കാണുന്നതു മദ്രസകളോ ആലിംകളോ അറന്നൂററാണ്ടുമുമ്പു ഉണ്ടായിരുന്നില്ല. ആലിംകളുടെ എണ്ണം അധികപ്പെട്ടുകൊണ്ടിരിക്കയും ചെയ്യുന്നു. എന്നാൽ, ആലിംകരം ധാരാളമുണ്ടെങ്കിലും മതാനുസൃതമായ ജീവിതം നാസ്തിയായിപ്പോയിരിക്കുന്നു എന്നു വ്യസനസമേതം പ്രസ്താവിക്കേണ്ടിയിരിക്കുന്നു. മതപ്രസംഗങ്ങളും മതപരമായ സമ്മേളനങ്ങളും അധികമായുണ്ടായിക്കൊണ്ടിരിക്കുന്നേടത്തോളം മുസ്ലിംകരം മതത്തിൽനിന്നും അകന്നകന്നുപോയിക്കൊണ്ടിരിക്കുന്നു'' (ഹിമ്മത്ത്, 1929 ആഗസ്റ്റ് 24). ബൈത്തുൽ മുഖദ്ദസിൽകൂടിയ അഖിലലോക മുസ്ലിംകാൺഫ്രൻസിൽ ഫലസ്തീനിലെ മുഫ്ത്തി അഅ്സം ചെയ്ത സ്വീകരണസംഘാദ്ധ്യക്ഷപ്രസംഗത്തിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു:—''മുസ്ലിംകരംക്കു ഉയച്ചക്കുശേഷം താഴ്ചയും, ബഹുമാനത്തിനുശേഷം അപമാനവും, പ്രബലതക്കുശേഷം ദുർബ്ബലതയും, വലുപ്പത്തിനുശേഷം കുറച്ചിലും ഉണ്ടായിരിക്കുന്നത് അവർ പരിശുദ്ധമായ മതത്തിൻെറ വഴികളിൽനിന്നു അകലുകയും അതിൻെറ വ്യവസ്ഥകളെ നിന്ദിക്കു

കയും നിയമചട്ടങ്ങളെ ലംഘിക്കുകയും വിധികളെ പരി ത്യജിക്കയും ചെയ്തതിന്റെ ഫലമായിട്ടുമാത്രമാണ്. തീർച്ചയായും നാം ദൈവത്തെ മറന്നുകളഞ്ഞു; അതിനാൽ നമ്മെ അവനും കൈവിട്ടുകളഞ്ഞു. നാം അല്ലാഹുവിനെ മറന്നപ്പോൾ അവൻ നമുക്കു നമ്മെപ്പററിയുള്ള ബോധവും ഇല്ലാതാക്കി. നാം അവന്റെ ഗ്രന്ഥമനുസരിച്ചുള്ള ജീവിതത്തെ ഉപേക്ഷിച്ചപ്പോൾ അവൻ നമ്മേയും ഉപേക്ഷിച്ചു. നമ്മുടെ ദുർവൃത്തികൾ കാരണം അവൻ നമ്മെ നിഷ്ഠൂരരും നിർദ്ദയരുമായുള്ള ഒരു കൂട്ടരുടെ കീഴിൽ ആക്കിക്കളഞ്ഞു........മുസ്ലിംകൾ മതകാര്യത്തെ വെടിയുകയും ഖുർആന്റെ ഉപദേശത്തിൽനിന്നും അകലുകയും ചെയ്തപ്പോൾ അവരുടെ സ്ഥിതി മോശപ്പെട്ടുതുടങ്ങി. അജ്ഞാനവും പരശ്ശക്തിയും അവരെ കീഴ്പ്പെടുത്തി. അവരിന്നു 53 കോടിയിലധികമുണ്ടായിട്ടുകൂടിയും ചെറുതും വലുതുമായുള്ള സകലസമുദായങ്ങളും അവരെ കൊത്തിപ്പറിക്കുന്നു'' (ഫലസ്തീൻ അൽ അറബിയ്യ, 1931 ഡിസംബർ 7). അഫ്സലുൽ ഉലമാ, മൌലവി അബ്ദുൽഹക്ക് സാഹിബ് എം. എ. കേരളമുസ്ലിം ഐക്യസംഘത്തിന്റെ വാർഷിക സമ്മേളനത്തിൽ ചെയ്ത അദ്ധ്യക്ഷപ്രസംഗത്തിൽ പറഞ്ഞു: ''നമ്മുടെ ആചാരങ്ങളെ ശുദ്ധീകരിക്കുന്നതിനും മതരക്ഷണം ചെയ്യുന്നതിനും കടപ്പെട്ട ഉലമാക്കളാകട്ടെ തങ്ങളുടെ കടമകളെല്ലാം ഉപേക്ഷിച്ചു കുഫ്ർ ഫത്ത്വ കൊടുക്കുന്നതിലും അന്യരെ ആക്ഷേപിക്കുന്നതിലും സമയം വ്യയം ചെയ്തുകൊണ്ടിരിക്കുന്നു. തന്നിമിത്തം ബിംബാരാധനക്കാരുടെ പല ചടങ്ങുകളും നമ്മുടെയിടയിൽ പ്രചരിക്കുകയും അവിശ്വാസങ്ങളും അനാചാരങ്ങളും വർദ്ധിക്കുകയും മതവിധിയേക്കാൾ നിരർത്ഥകങ്ങളായ ആചാരങ്ങൾക്കു പ്രാമാണ്യം നൽകുന്നവരായി ഒരുകൂട്ടർ നമ്മുടെയിടയിൽ ഉണ്ടായിത്തീരുകയുംചെയ്തു.....നമ്മുടെ മതപണ്ഡിതന്മാരും

ശൈഖന്മാരും സത്യത്തിൽനിന്നും വ്യതിചലിച്ചതിൻെറ ഫലമായിട്ടാണ് ഇതെല്ലാം ഉണ്ടായിട്ടുള്ളത്. നമ്മുടെ ചില കപടപണ്ഡിതന്മാർ, പതിനഞ്ചാം നൂററാണ്ടിലെ കൃസ്തീയ പാതിരിമാരോട് സദൃശ്യരായിപ്പോയി.'' (ഐക്യം, 1928 ജൂൺ, 6).

അമൃതസറിലെ 'വക്കീൽ' പത്രം ഇങ്ങനെ പറഞ്ഞു:–''മുസ്ലിംകൾ മതവുമായി കേവലം ബന്ധമില്ലാത്തവരാവുകയും ഇസ്ലാമിൽനിന്നു വളരെ അകന്നുപോവുകയും അവരുടെ അധമ്മവും ദുർവൃത്തിയും പാപകമ്മവും അതിരുകവിയുകയും ചെയ്തപ്പോൾ ദൈവകോപമുണ്ടാകയും നബിതിരുമേനിയുടെ കാലശേഷം നാളിതുവരെ ലോകത്തുണ്ടായിട്ടില്ലാത്തവിധം നാശങ്ങളും വിപത്തുകളും അവരിലിറങ്ങുകയും ചെയ്തിരിക്കുന്നു'' (1921 ജനവരി, 3). വീണ്ടും:—''മുസ്ലിംകൾ ആദ്യം വ്യക്തിപരമായ ജീവിതത്തിൽ യഹൂദരേയും നസറാണികളേയും പിൻപററുകയുണ്ടായി; ഇപ്പോഴാകട്ടെ, സാമൂഹ്യമായും അവരെ അനുകരിച്ചുതുടങ്ങിയിരിക്കുന്നു''(1927 ജനവരി, 15). ലാഹോറിലെ 'വതൻ' ഇപ്രകാരം പറഞ്ഞിരിക്കുന്നു:—''മുസ്ലിംകളുടെ അധഃപതനത്തിനും കഷ്ടസ്ഥിതിക്കും ക്ഷീണാവസ്ഥക്കുമുള്ള കാരണം അവർ നാംകുനാം മതത്തിൽനിന്നു അകന്നുപോയിക്കൊണ്ടിരിക്കുന്നുവെന്നുള്ളതാണ്. അവരുടെ കമ്മങ്ങൾ വളരെ ദുഷ്ടമായിത്തീന്നു; അവർ സദാചാരപരമായി വളരെ അധഃപതിച്ചുപോയി; ഇസ്ലാമിൻെറ യഥാത്ഥോപദേശത്തെക്കുറിച്ചു തീരെ അജ്ഞരായിപ്പോകയും ചെയ്തു'' (1930 ജൂൺ, 13). വഹ്ഹാബികളെന്നു പറയപ്പെടുന്നവരെക്കുറിച്ചു അമൃതസറിലെ 'അഹ്ൽഹദീസ്'' പറഞ്ഞു:—''യഹൂദർ വേദഗ്രന്ഥത്തിൻെറ ഒരു ഭാഗം വിശ്വസിക്കുകയും ഒരു ഭാഗം നിഷേധി

ക്കുകയും ചെയ്യുന്നുവെന്നു ഖുർആൻ അവരെ ആക്ഷേപിച്ചിട്ടുണ്ട്. എന്നാൽ, അഹ്ൽഹദീസുകളായ നമ്മളിൽ വിശേഷിച്ചും ഈ ദോഷം കുടികൊള്ളുന്നു എന്നു വ്യസനസമേതം പ്രസ്താവിക്കേണ്ടിയിരിക്കുന്നു'' (1907 ഏപ്രിൽ, 19) വീണ്ടും:—''ഖുർആൻ നമ്മിൽനിന്നു കേവലം ഉയർന്നുപോയിരിക്കുന്നു എന്നുള്ളത് വാസ്തവമാണ്. നാം ഖുർആനിൽ പേരിനുമാത്രം വിശ്വസിക്കുന്നുവെങ്കിലും സത്യമായും നാം ഹൃദയംകൊണ്ടു അതിനെ കേവലം സാമാന്യവും നിഷ്പ്രയോജനവും ആയ ഒരു ഗ്രന്ഥമായിട്ടാണ് കരുതുന്നത്'' (1912 ജൂൺ, 14). പ്രസ്തുതപത്രംതന്നെ പറഞ്ഞിരിക്കുന്നതു കാണുക:—''ഉലമാഅ് ശവമായിട്ടുള്ള ഈ ലോകത്തിൽ ആസക്തരായിഭവിക്കുകയും നബിയുടെ ജ്ഞാനത്തിന്നു പിന്തുടർച്ചാവകാശികളായുള്ളവർ കണികാൺമാൻപോലും ഇല്ലാതായിത്തീരുകയും ചെയ്തിരിക്കുന്നു'' (1912 മെയ്, 31). പ്രസ്തുത പത്രംതന്നെ ഇപ്രകാരവും പറഞ്ഞു:—''ഇന്നു നാം ദിവ്യോപദേശത്തെയും നബിതിരുമേനിയുടെ ജീവിതമാതൃകയേയും അനുസരിക്കുകയും, ദൈവകൽപനകളേയും ഇസ്ലാമികസിദ്ധാന്തങ്ങളെയും കൈവെടിയാതിരിക്കുകയും, സദാചാരനിഷ്ഠയെ പാലിക്കുകയും ചെയ്തുപോന്നിരുന്നുവെങ്കിൽ, ദൈവികസഹായവും വിജയവും ഇസ്ലാമികപതാകയും നമ്മുടെ കൈയിൽ ഇരിക്കുമായിരുന്നു'' (1931 ഒക്ടോബർ, 9). ഇട്ടാവായിലെ 'അൽബശീർ' ഇപ്രകാരം പറഞ്ഞിരിക്കുന്നു:—''നബിതിരുമേനിയുടെ കാലത്തെ ക്രിസ്ത്യാനികളുടെയും യഹൂദരുടെയും ഇടയിലുണ്ടായ കക്ഷിവഴക്കിന്റെ ചരിത്രം വായിക്കുകയും ഇന്നത്തെ മുസ്ലിം മതപണ്ഡിതൻമാരുടെ സ്ഥിതിയെ അവരുടേതുമായി താരതമ്യപ്പെടുത്തിനോക്കുകയും ചെയ്യുന്നതായാൽ, ഇക്കാലത്തെ മതപണ്ഡി

തന്മാരിൽ അധികപേരും അക്കാലത്തെ യഹൂദിനസാറാക്കളുടെ ഇടയിലുള്ള മതപണ്ഡിതന്മാരുടെ ശരിപ്പകർപ്പുകളാണെന്നു കാണാവുന്നതാണ്'' (1925 ഡിസംബർ ലക്കം). ലക്നോവിലെ 'ഹംദം' പറഞ്ഞിരിക്കുന്നതാവിത്,–''മുസ്ലിംകളുടെ മതം പരിപൂർണ്ണമായതാണെന്നു നാം അഭിമാനപൂർവ്വം ഘോഷിക്കുന്നു. എന്നാൽ, അതിൻെറ പരിപൂർണ്ണതയിൽനിന്നു നാം ഇക്കാലത്തു യാതൊരു ഫലവും എടുക്കുന്നില്ല. എങ്ങുനോക്കിയാലും ഏതെങ്കിലും വിധത്തിലുള്ള ദോഷം നമ്മളിൽ കാണാവുന്നതാണ്. നമ്മുടെ നാഗരികത, ജീവിതരീതി, സദാചാരനിയമം, മതം എന്നിവയുടെയെല്ലാം കെട്ടററുപോയിരിക്കുന്നു'' (1926 മെയ്, 3). ദൽഹിയിലെ 'അൽജംഇയ്യാ' പത്രം ഇങ്ങനെ പറഞ്ഞിരിക്കുന്നു:—''മുസ്ലിം സമുദായം എന്നതു ഒരേ ചരടിൽകോർത്ത മാലയെപ്പോലെ സംഘടിതമായ ഒരു സംഘത്തിനുള്ള പേരാണെങ്കിൽ, ഇന്നു ശരിയായ അൎത്ഥത്തിൽ മുസ്ലിം സമുദായം തന്നെ ഇല്ല. ഇന്നു അവരാകട്ടെ ചിതറികിടക്കുന്ന കടലാസ്സുതുണ്ടുകറംകണക്കെയും വിതറികിടക്കുന്ന മണികറം പോലെയും ഇടയനില്ലാതെ കൂട്ടംപിരിഞ്ഞു അലഞ്ഞുതിരിയുന്ന ഏതാനും ആടുകളെപ്പോലെയും മാത്രമാകുന്നു'' (1931 ഏപ്രിൽ, 14). ദിമശ്ഖിൽനിന്നു പുറപ്പെടുന്ന 'അർറാബിതത്തുൽ ഇസ്ലാമിയ്യ' പ്രസ്താവിച്ചതായി ലാഹോറിലെ 'സമീൻദാർ' പത്രം പരിഭാഷപ്പെടുത്തി ചേൎത്തിരിക്കുന്നതിപ്രകാരമാണ്:– ''എല്ലാ ദേശത്തുള്ളമുസ്ലിംകളും ഖുർആൻ വായിക്കുന്നു. എല്ലാവരും ഒരേ മതബന്ധംകൊണ്ടു നിബദ്ധരായിരിക്കുന്നു. എന്നാൽ, കഷ്ടം! നാം എണ്ണത്തിൽ അധികപ്പെട്ടുവരുന്നതുകണ്ടു നമുക്കുള്ള ആപത്തുകളും സങ്കടങ്ങളും അധികമായിക്കൊണ്ടിരിക്കുന്നു. കാരണം നാം അല്ലാഹുവിനെ കൈവിട്ടു; നാം

നമ്മെ സ്വന്തം നന്നാക്കുന്നില്ല. അതിനാൽ അല്ലാഹുവും നമ്മെ നന്നാക്കുന്നില്ല. നാം നമ്മുടെ സ്വേച്ഛയെ പിന്തുടരുകയും ഖുർആനെ പുറന്തള്ളുകയുംചെയ്തു. എന്നാൽ, ഹാ കഷ്ടം! ഇതുകൊണ്ടും നാം അടങ്ങിയില്ല. ഖുർആനോടുതന്നെ വെറുത്തിരിക്കമാറു, അതു വിരോധിക്കുന്നതിനെ നാം ചെയ്തുപോരുകയും കൽപിക്കുന്നതിനെ വിട്ടൊഴിയുകയും ചെയ്യുന്നു'' (സമീൻദാർ, 1932 ജൂലായി, 10).

ഏരിയാടിൽനിന്നും പുറപ്പെട്ടുകൊണ്ടിരുന്ന 'അൽ ഇസ്ലാഹ്'' എന്ന അറബി മലയാളപത്രം മുസ്ലിംകളുടെ ശോച്യാവസ്ഥയെക്കുറിച്ച് വിലപിക്കുന്നതു കാണുക:— ''സർവ്വശക്തനായ റബ്ബേ! നിന്റെ പരിശുദ്ധ നബിയുടെ ഉമ്മത്തുകരം എന്നഭിമാനിക്കുന്ന കൂട്ടർ നിന്നെ മറന്നുകളയുന്നു. നിന്നെമാത്രം ആരാധിച്ച് നിന്നോടു മാത്രം ചോദിക്കയെന്നതു അവർ തീരെ വിസ്മരിച്ചു കളഞ്ഞിരിക്കുന്നു. നിന്റെ നാമം ഉച്ചരിക്കുവാൻ അവരുടെ നാവു വരുന്നില്ല. നിന്നെ സ്മരിക്കുവാൻ അവരുടെ ഹൃദയത്തിനു ഇടമില്ല'' (വാല്യം. 1. ലക്കം. 1. ഭാ. 2). ''ജനങ്ങരം നിന്നെ വിട്ടു ആരാധിക്കുവാൻ തുടങ്ങി. കണ്ട കല്ലിനും മണ്ണിനും അവർ കുമ്പിട്ടു തുടങ്ങി. നിനക്കുപകരം ചില ഔല്യാക്കളേയും ശൈഖന്മാരേയും അവർ സ്വീകരിച്ചു. നിന്നെ ആരാധിക്കയെന്നതും നിന്നെ വിളിച്ച് അപേക്ഷിക്കയെന്നതും അവക്കുത്രരസമില്ലാതായി. നിന്റെ മുമ്പിൽ തല കുത്തുന്നതിനു പകരം നിന്റെ ചില അടിമകളുടെ ശവകുടീരങ്ങളിൽ സുജൂദ് ചെയ്യാൻ തുടങ്ങി. ഏതെങ്കിലും ഒരാപത്തിൽനിന്നു രക്ഷപ്പെടാനായി നിന്നെ വിളിക്കുന്നതിനു പകരം നിന്റെ ചില അടിമകളെ വിളിച്ചു സഹായത്തെ അപേക്ഷിക്കുന്നു. ഇതിനെല്ലാം തലവന്മാരായി ദീനിന്റെ ഉലമാക്കരം എന്ന

ഭിമാനിക്കുന്ന ഒരുതരം മുസല്യാക്കളും ഒരുങ്ങിനില്ക്കുന്നു; സാധുജനങ്ങളെ പലതും പറഞ്ഞു തെററിദ്ധരിപ്പിക്കുന്നു'' (ലക്കം 1. ഭാ. 2). ''ശിക്ക് എന്നു പറയപ്പെടുന്ന സൃഷ്ടിപൂജക്കു വിരോധമായ കല്പനകളാൽ പരിശുദ്ധഖുർആൻ നിറഞ്ഞിരിക്കുന്നുവെങ്കിലും ഇക്കാലത്തെ മുസ്ലിമീങ്ങളിൽ പലരിലും കണ്ടുവരുന്ന ദുരാഗ്രഹങ്ങളിൽനിന്നും ദുരാചാരങ്ങളിൽനിന്നും സൃഷ്ടിപൂജയുടെ ഹോമധൂമങ്ങൾ പുറപ്പെട്ടിട്ടു ആകാശമാർഗ്ഗത്തെ അന്ധകാരമയമാക്കിയിരിക്കുന്നു.'' (ല. 5. ഭാ. 6). ''നാം മനുഷ്യരുടെ ശവകുടീരങ്ങളിൽ ചെന്നു വീണു മാറത്തടിച്ചു കരയുകയും പ്രാത്ഥിക്കുകയും അവയെ പുഷ്പമാലകൾകൊണ്ടു പൂജിക്കുകയും ഖബറുകളിൽ വിളക്കു കത്തിച്ചുവെക്കുകയും അവിടത്തെ മണ്ണിനുതന്നെ എന്തോ മാഹാത്മ്യം കല്പിച്ചു അതിനെ മാന്തിക്കൊണ്ടുപോയി ഔഷധമായി ഉപയോഗിക്കുകയും മററും ചെയ്യുന്നതിന്റെ അത്ഥമെന്തു? (ല. 11. ഭാ. 2). 'അൽ ഇർശാദ്'' (ഏരിയാട്) എന്ന മാസിക ഇപ്രകാരം പറഞ്ഞിരിക്കുന്നു:—''ഒരുകാലത്തു് എത്രയും ഉയന്ന പദവിയിൽ ജീവിച്ചിരുന്ന നമ്മുടെ സമുദായം ഇന്നിതാ പാതാളത്തിലേയ്ക്കു താണുപോയിരിക്കുന്നു. ശരീഅത്തിന്റെ വിധികളെ നാം വിലവെച്ചില്ല. മുസ്ലിമീങ്ങൾ തമ്മിലുള്ള ഹക്കുകളെ നാം സംരക്ഷിച്ചില്ല....ഐക്യത്തിന്റെ സ്ഥാനത്തു ഛിദ്രവും, സ്നേഹത്തിന്റെ സ്ഥാനത്തു വിരോധവും, വിശ്വാസത്തിന്റെ സ്ഥാനത്തു അവിശ്വാസവും, വിനയത്തിന്റെ സ്ഥാനത്തു അഹംഭാവവും, നീതിയുടെ സ്ഥാനത്തു അനീതിയും അക്രമവും കടന്നുകൂടി. അല്ലാഹുത്തആലായുടെ ഖുദ്റത്തിനെ നാം മറന്നു. ഖുർആനെ നാം പിന്നിലേക്കു തള്ളിവിട്ടു. ദേഹേച്ഛ എന്ന കഴുതപ്പുറത്തു കയറി സവാരിചെയ്യുവാനും തുടങ്ങി. സന്മാർഗ്ഗോപദേശവും ദുർമ്മാർഗ്ഗനിരോധവും ചെയ്യു

വാൻ കടപ്പെട്ടവർ അതു ചെയ്യില്ലെന്ന മാത്രമല്ല, അവരിൽ പലരും ദുർമ്മാർഗ്ഗോപദേശവും സന്മാർഗ്ഗനിരോധവും ചെയ്യ തുടങ്ങി.'' (വാ. 1, ല. 4). വക്കത്തുനിന്നും പുറപ്പെട്ടിരുന്ന 'അൽ ഇസ്ലാം' മാസിക ഇപ്രകാരം പറഞ്ഞുകാണുന്നു:- ''ദീനുൽ ഇസ്'ലാമിൻെറ ആ വിശിഷ്ട ഗുണങ്ങൾ നമ്മുടെ പൂർവ്വികന്മാരിൽ പ്രകാശിച്ചിരുന്നപോലെ ഇന്നു നമ്മളിൽ പ്രകാശിക്കാതിരിക്കുന്നത് തന്നെ മതത്തോടുള്ള നമ്മുടെ ബന്ധം പൊതുവിൽ പുറംകൊണ്ടു മാത്രമേയുള്ളുവെന്നു കാണിക്കുന്നു.'' ''മതത്തോടുള്ള ബഹുമാനം വാക്കിൽ മാത്രമല്ലാതെ പ്രവൃത്തിയിൽ മിക്കവാറും കാണുന്നില്ല. ബിദ്അത്തുകൾ ദീനിയായ അമലുകളായും അമലുകളൊക്കെ ജീവനില്ലാത്ത വെറും ചടങ്ങുകളായും തീർന്നിരിക്കുന്നു. വളരെക്കാലം മുമ്പുതന്നെ മുസ്ലിമീങ്ങളുടെ ഇടയിൽ നിന്നു നശിച്ചുപോയ സാമുദായിക ബോധം ഇനിയും നമ്മുടെ ഇടയിൽ പുനർജീവിച്ചിട്ടില്ല.'' ''വാസ്തവം പറയുന്നതായാൽ ഇന്നു നാം 'മുസ്ലിം ബഹുജനങ്ങൾ എന്നല്ലാതെ 'മുസ്ലിംസമുദായം' എന്ന പേരിനെ അർഹിക്കുന്നില്ല. അതായതു നാം സാമുദായികജീവനും' സാമുദായികബന്ധവും നശിച്ചു അന്യോന്യം ബന്ധമില്ലാത്ത ഒററ ഒററ അംഗങ്ങളായിത്തീർന്നിരിക്കുന്നു. സന്മാർഗ്ഗനിഷ്ഠ മുതലായ സൽഗുണങ്ങളും നമ്മിൽ ലോപിച്ചുപോയിരിക്കുന്നു....ഇങ്ങനെ ഓരോ വിഷയങ്ങളിലുമുള്ള നമ്മുടെ സ്ഥിതികളെ ഒന്നൊന്നായി എടുത്തുപറയുക എന്നുവെച്ചാൽ എത്ര സംഗ്രഹമായി പറഞ്ഞാലും എളുപ്പത്തിൽ അവസാനിക്കുന്നതല്ല. ഇത് നമ്മളിൽ പ്രത്യേകം ഒരു വർഗ്ഗക്കാരുടെയോ, ഒരു ദേശക്കാരുടെയോ അവസ്ഥ മാത്രമല്ല; ഏറക്കുറെ മുസ്ലിം ലോകത്തിൻെറ പൊതുവായ സ്'ഥിതി ഇതുതന്നെയാകുന്നു'' (വാല്യം 1. ഭാ. 15 — 18). തിരുവനന്തപുരത്തുനിന്നു പുറപ്പെട്ടിരുന്ന 'മുസ്ലിം മിത്രം' പ്രസ്താവിച്ചിട്ട

ള്ളതിങ്ങനെയാണ്:–''ഒരു ഒന്നാംതരം വൈദികൻ ഒരിക്കൽ ഇങ്ങനെ പറയുകയുണ്ടായി: 'തങ്ങളുടെ പിതാക്കന്മാരുടെ വിധവകളെ വിവാഹം ചെയ്യുക, പെൺകുട്ടികളെ ജീവനോടുകൂടി കുഴിച്ചുമൂടുക, ഇവ രണ്ടുമൊഴികെ ഇസ്ലാംമതോദയത്തിനു മുമ്പുണ്ടായിരുന്ന അറബികളുടെ സകലദോഷങ്ങളും ഇന്നുള്ള മുസ്ലിംകളിൽ സാർവ്വത്രികമായി കാണാവുന്നതാണ്''....ഇന്നത്തെ മുസ്ലിങ്ങളെക്കുറിച്ച് യഥാൎത്ഥബോധമുള്ള ഒരുത്തനും ഇതു ഒരു വെറും അതിശയോക്തിയാണെന്നു കരുതുമെന്നു തോന്നുന്നില്ല. അതേ, ഇലാഹിനെക്കുറിച്ചുള്ള ബോധത്തിനും വിശ്വാസത്തിനും വലിയ മാലിന്യം അവരിൽ പററിപ്പോയിരിക്കുന്നു'' (1927 ഏപ്രിൽ ലക്കം, ഭാ. 10). വീണ്ടും:–''ജൂതന്മാരുടെ സകല ലക്ഷണങ്ങളും നമ്മിലും കണ്ടുതുടങ്ങിയിരിക്കുന്നു....പരിശുദ്ധ ഖുർആനെ നാം പൂൎണ്ണമായി കൈവെടിഞ്ഞിരിക്കുന്നു. നബി അവർകളുടെ ജീവിത ചൎയ്യകൾ നമ്മുടെ സ്മൃതിപഥത്തിൽ നിന്നു മറഞ്ഞുകഴിഞ്ഞു.'' ''ഇസ്ലാംമതത്തിൽ അറിയപ്പെടാത്ത പല ആചാരങ്ങളും ബാഹ്യചടങ്ങുകളും മതശാസനകളെന്നോണം വിചാരിച്ചു അനുഷ്ഠിച്ചുവരുന്നു; ദൈവത്തെത്തന്നെയും അവൻെറ മഹോന്നത പീഠത്തിൽനിന്നു വലിച്ചു താഴ്ത്തിയിട്ട് മനുഷ്യൻ തുടങ്ങി കീഴ്പ്പോട്ടുള്ള കല്ലു, മരം ആദിയായ നിസ്സാരസാധനങ്ങളെ തൽസ്ഥാനത്തു പിടിച്ചുകയററിത്തുടങ്ങിയിരിക്കുന്നു. യാഥാൎത്ഥ്യം പറയുന്നപക്ഷം മുല്ലാമാർ, മുസല്യാക്കൾ, ഷൈഖന്മാർ എന്നിവർമൂലം പരിശുദ്ധ ഇസ്ലാംമതത്തിനു ഭയങ്കരങ്ങളായ പല ക്ഷതങ്ങളും പററിപ്പോയിരിക്കുന്നു. ഇക്കൂട്ടരുടെ തോന്ന്യാസംമൂലം ഇസ്ലാംമതസൌധംതന്നേ ഇളകിമറിയുകയും കാററിൽപെട്ട നിലംപതിക്കാൻ ഭാവിക്കയുംചെയ്യുന്നു.''

''ചില സംഗതികളിൽ ഇന്നത്തെ മുസ്ലിമീങ്ങൾ വിഗ്രഹാ

രാധകന്മാരെന്നു പറയുന്നവരേക്കാരം തുലോം ബഹുദൈവ വിശ്വാസികരം—മുഷ്രികീങ്ങരം— ആയിട്ടാണ് കാണ പ്പെടുന്നത്'' (വാ. 1. ഭാ. 314—316).

മുസ്ലിംകരംക്ക ഇങ്ങനെയുള്ള ദുരവസ്ഥ സംഭവിക്കു മെന്നു വിശുദ്ധ ഖുർആനിൽനിന്നും നബിവചനങ്ങളിൽ നിന്നും വിശദമാകുന്നുണ്ട്. ലോകത്തിനൊട്ടാകെയുമായി വന്നിട്ടുള്ള ഒരു സത്യമാഗ്ഗദർശനത്തിൽനിന്നു ലോകർ ഇപ്രകാരം അകന്നുപോകുന്നുവെങ്കിൽ, അവരെ സന്മാഗ്ഗ ത്തിലേക്ക് വീണ്ടുകൊണ്ടുവരുന്നതിനായിക്കൊണ്ടു തീച്ച യായും പ്രവാചകനു വരാവുന്നതാണ്. മുൻ പ്രസ്താവി ച്ചതു പ്രകാരം ഒരു പ്രവാചകൻ സംസ്ഥാപിച്ച മതമാർ ഗ്ഗത്തിൽനിന്നു തദനുയായികരം അകന്നുപോയപ്പോഴെല്ലാം അവരെ അതേ മാർഗ്ഗത്തിലേക്ക നയിക്കുന്നതിനു ആവ ശ്യാനുസരണം പ്രവാചകന്മാർ വന്നുകൊണ്ടിരുന്നതായി വിശുദ്ധഖുർആനിൽ തെളിഞ്ഞു കാണാമെന്നിരിക്കെ, നബിതിരുമേനിയുടെ മാർഗ്ഗത്തിൽനിന്നു അനുഗാമികരം അകന്നുപോകുമ്പോരം അവരെ അതിലേയ്ക്കുതന്നെ നട ത്തിക്കൊണ്ടു പോകുന്നതിനു തിരുമേനിയുടെ ശിഷ്യനായു ള്ള ഒരു പ്രവാചകനു വന്നുകൂടാ എന്നു പറയുന്നതു അ സംഗതം തന്നെയാണ്. ചുരുക്കത്തിൽ, ഒരു നബിമു ഖാന്തരം സ്ഥാപിതമായിട്ടുള്ള മതമാർഗ്ഗത്തിലേക്ക ജനങ്ങ ളെ ക്ഷണിക്കുന്നതിനായിക്കൊണ്ടു വേറെ പ്രവാചകൻ മുമ്പൊരിക്കലും നിയോഗിക്കപ്പെട്ടിട്ടില്ലെന്നും, മൂസാന ബിയുടെ പിറകെ തൌറാത്തിൻെറ മാർഗ്ഗത്തിലേക്ക ക്ഷ ണിക്കുന്നതിനു മററു പ്രവാചകന്മാർ ആവിർഭവിച്ചപ്പോരം മൂസാനബിയുടെ ദൌത്യം ഇസ്രായീൽ ജനത്തിനൊട്ടാകെ യുള്ളതല്ലാതായിത്തീന്നുവെന്നും, ലോകമൊട്ടുക്കുമുള്ള ദൌ ത്യത്തോടുകൂടിയ പ്രവാചകനുശേഷം അദ്ദേഹത്തിൻെറ അ

നഗാമിയായുള്ള ഒരു പ്രവാചകൻ വരുന്നതായാൽ ആ മുൻ പ്രവാചകൻെറ ദൌത്യം ലോകത്തിനൊട്ടാകെയുള്ള തല്ലാതായിത്തീരുമെന്നും പ്രമാണസഹിതം സ്ഥാപിക്കുന്നതു വരെ ''സർവ്വലോകത്തിനുമായി സർവ്വസമ്പൂർണ്ണമായ ഒരു ഹിദായത്തോടുകൂടി എന്നു ഒരു പ്രവാചകൻ നിയുക്തനായോ അന്നുമുതൽക്കു മററൊരാൾക്കു പ്രവാചകത്വത്തെ വാദിക്കുവാൻ കാരണം ശേഷിക്കുന്നില്ല'' (ഖതമു 7) എന്നുള്ള നമ്മുടെ ഗ്രന്ഥകർത്താവിൻെറ വാദം അടിസ്ഥാനരഹിതമായിത്തന്നെ ഇരിക്കുന്നതാണ്.

തിരുമേനിയുടെ സ്ഥാനമാഹാത്മ്യം
തദനുയായികളിൽ പ്രവാചകനുണ്ടാകാമെന്നു തെളിയിക്കുന്നു.

ഇതിന്നുപുറമെ, നബിതിരുമേനി മുഖാന്തരം ലോകത്തു വെളിപ്പെട്ടിട്ടുള്ള മാർഗ്ഗദർശനത്തിൻെറ മാഹാത്മ്യത്തെ കാണിക്കുന്നതിനു ഗ്രന്ഥകർത്താവ് തൻെറ ഒന്നാം ന്യായത്തെ പ്രതിപാദിച്ചേടത്തു: ''മനുഷ്യർക്കു ഈ ലോകത്തു പ്രാപിക്കുവാൻ കഴിയുന്ന മാനുഷിക പരിപൂർണ്ണതയുടെ അങ്ങേ അററത്തെ തെളിയിച്ചുകാണിക്കുന്ന ആ പരിപൂർണ്ണമായ ഹിദായത്ത്'' (ഖതമു. 4), എന്നു പ്രസ്താവിച്ചിരിക്കുന്നതിൽനിന്നു പൂർവ്വമാർഗ്ഗദർശനങ്ങൾമൂലം തദനുയായികൾക്കു ലഭ്യമാകാതിരുന്ന മഹത്തരമായുള്ള ആത്മീയ ''പരിപൂർണ്ണതയുടെ അങ്ങേ അററം'' തിരുമേനിയോടുള്ള അനുസരണം വഴി പ്രാപ്യമാകുന്നതാണെന്നു വ്യക്തമാകുന്നുണ്ട്. ഇങ്ങനെയുള്ള പരമമായ ഒരു സ്ഥാനം ലഭ്യമല്ലെന്നുവരുകിൽ, ''പരിപൂർണ്ണതയുടെ അങ്ങേ അററത്തെ തെളിയിച്ചുകാണിക്കുന്ന'' എന്നു തിരുമേനിയുടെ മാർഗ്ഗദർശനത്തിനു ഒരു വിശേഷണം ചെയ്യിട്ടാവശ്യമില്ല. അതിനാൽ, മുൻപ്രവാചകന്മാരോടുള്ള അനുസര

ണത്താൽ പൂർവ്വജനങ്ങൾക്കു സിദ്ധിക്കാതിരുന്ന ഏതോ മഹത്തരമായ ഒരു സ്ഥാനം തിരുമേനിയുടെ മാർഗ്ഗദർശനത്തെ പിന്തുടരുന്നതുകൊണ്ട ലഭ്യമാകുന്നതാണെന്നു മനസ്സിലാകുന്നു. എന്നാൽ, തിരുമേനി മുഖേന അനുയായികൾക്ക പ്രാപ്യമാകുന്നതായി ഗ്രന്ഥകത്താവു പ്രസ്താവിക്കുന്ന സ്ഥാനങ്ങളത്രയും മുൻ പ്രവാചകന്മാരുടെ അനുയായികൾക്കും ലബ്ധമായിട്ടുള്ളവതന്നെയാണ്. അദ്ദേഹം പറയുന്നതു കാണുക:— ''ഒരു യഥാത്ഥ വിശ്വാസിക്കു സിദ്ദീഖും ശഹീദും സാലിഹും ആയിത്തീരാം എന്നു ഖുർആൻ പറയുന്നു. പക്ഷെ അദ്ദേഹത്തിനു പ്രവാചകനാവാൻ കഴിയുമെന്നു എവിടെയും കാണുന്നില്ല. 'വല്ലദീന ആമനൂ ബില്ലാഹി വറസൂലിഹി ഉലാഇക ഹുമുസ്സിദ്ദീഖൂന വശ്ശുഹദാഉ ഇൻദ റബ്ബിഹിം' എന്ന ആയത്ത് നോക്കുക'' (ഖതമു. 77). ഗ്രന്ഥകത്താവു ഇവിടെ ഉദ്ധരിച്ചിട്ടുള്ള പ്രമാണവാക്യം ഖുർആനിലുള്ളതു അപ്രകാരം തന്നെയാണെന്നും അതിൽ പ്രസ്താവിച്ചിട്ടുള്ളതു നബിതിരുമേനിയിൽ വിശ്വസിച്ചവരെക്കുറിച്ചു തന്നെയാണെന്നും സങ്കല്പിക്കുന്നതായാലും, 'സിദ്ദീഖിയ്യത്ത്' വരെയുള്ള സ്ഥാനങ്ങൾ തിരുമേനിക്കുമുമ്പുണ്ടായിരുന്ന സത്യവിശ്വാസികൾക്കും സിദ്ധിച്ചിട്ടുണ്ടായിരുന്നുവെന്നു അദ്ദേഹം സമ്മതിക്കുന്നതായി മനസ്സിലാകുന്നു. തിരുമേനിയുടെ അനുയായികളിൽ ആത്മീയതയുടെ ''അങ്ങേഅററം'' പ്രാപിക്കുന്നവക്കുകൂടിയും 'സിദ്ദീഖ്' മാത്രമേ ആയിത്തീരുവാൻ പാടുള്ളുവെന്നു വരുകിൽ, തിരുമേനിയുടെ മാൎഗ്ഗദശനത്തെ പിൻപററുന്നതു മൂലം മുൻ പ്രവാചകന്മാരുടെ അനുയായികൾക്ക സിദ്ധിക്കാതിരുന്ന ആത്മീയോന്നതിയുടെ ''അങ്ങേ അററം'' പ്രാപ്യമാണെന്നു ഗ്രന്ഥകത്താവു പറയുന്നതിൻെറ അത്ഥമെന്തായിരിക്കാം?

മുൻപ്രവാചകന്മാരോടുള്ള പിൻതുടർച്ചവഴി അവരുടെ അനുയായികൾക്ക സിദ്ധിച്ചിട്ടുണ്ടായിരുന്ന അനുഗ്രഹത്തെക്കുറിച്ചു നബിതിരുമേനി (സ) അരുളിച്ചെയ്തിട്ടുള്ള ഒരു വാക്യത്തിൽനിന്നു അവരുടെ സ്ഥാനാനുഭൂതികൾ എത്ര മഹനീയങ്ങളായിരുന്നു എന്ന് ഊഹ്യമാകുന്നതാണ്. ആ തിരുവാക്യം ഇപ്രകാരമാകുന്നു: —

لَقَدْ كَانَ فِي مَن كَانَ قَبْلِكُم مِن بَنِي إِسرائِيلَ رِجالٌ
يُكَلَّمُونَ مِن غَيرِ أَن يَكُونُوا أَنبِيَاءَ

„നിങ്ങൾക്ക മുമ്പു ഇസ്രായീല്യരിൽ ദൈവഭാഷണം ലഭിച്ചിട്ടുള്ളവരായി പ്രവാചകന്മാരല്ലാത്ത ആളുകൾ ഉണ്ടായിരുന്നു'' (ബുഖാരി, കിതാബുൽ ഫസായിൽ). ഈ വാക്യംകൊണ്ടു ഇസ്രായീൽക്കാരുടെ ഇടയിൽ ദൈവം സംസാരിക്കുന്നതിനു സൌഭാഗ്യം സിദ്ധിച്ചിട്ടുള്ള പുണ്യാത്മാക്കൾ ഉണ്ടായിരുന്നതായി മനസ്സിലാകുന്നു. ആകയാൽ, നബിതിരുമേനിയോടുള്ള അനുസരണം വഴി അനുയായികളിൽ സിദ്ദീഖിൻെറ സ്ഥാനം സിദ്ധിച്ചിട്ടുള്ളവരും ദൈവഭാഷണത്താൽ ധന്യരായിട്ടുള്ളവരും മാത്രമേ ഉണ്ടാകുവാൻ പാടുള്ളുവെങ്കിൽ, അത്തരം സ്ഥാനികൾ മുൻപ്രവാചകന്മാരുടെ അനുയായികളിലും ഉണ്ടായിരുന്നതുകൊണ്ടു, തിരുമേനിയുടെ മാർഗ്ഗദർശനം മുഖാന്തരം ആത്മീയതയുടെ ''അങ്ങേ അററം'' പ്രാപിക്കാമെന്നു പറയുന്നതു അന്വത്ഥമാകുന്നില്ല. അതു അത്ഥവത്തായിരിക്കണമെങ്കിൽ, മുൻ പ്രവാചകൻമാരോടുള്ള അനുസരണംവഴി അവരുടെ അനുയായികൾക്ക സിദ്ധിക്കാതിരുന്ന മഹൽസ്ഥാനം നബിതിരുമേനിയോടുള്ള അനുസരണം മൂഖേന തദനുയായി

കാംക്ഷ സിദ്ധിക്കേണ്ടിയിരിക്കുന്നു. ചുരുക്കത്തിൽ പറയുന്നപക്ഷം, ഗ്രന്ഥകർത്താവു ഒന്നുകിൽ "മാനുഷികപരിപൂർണ്ണതയുടെ അങ്ങേ അററത്തെ തെളിയിച്ചുകാണിക്കുന്ന" പരിപൂർണ്ണ മാർഗ്ഗദർശനം തിരുമേനിയുടേതു മാത്രമാണെന്നുള്ള വാദത്തിൽനിന്നു പിൻവലിഞ്ഞ് അതിനു അങ്ങനെയൊരു വിശിഷ്ടതയില്ലെന്നു സമ്മതിക്കുകയോ, അതോ, മുൻപ്രവാചകൻമാരുടെ മാർഗ്ഗദർശനങ്ങൾ മുഖാന്തരം ലഭ്യമാകാതിരുന്ന—അതായതു സിദ്ദീഖിൻെറ സ്ഥാനത്തെക്കവിഞ്ഞുള്ള—ഒരു സ്ഥാനവുംകൂടി നബിതിരുമേനിയോടുള്ള അനുസരണംവഴി സിദ്ധിക്കുന്നതാണെന്നു ഏററുപറയുകയോ ചെയ്യേണ്ടിയിരിക്കുന്നു. ഈ ഒടുവിലത്തേ തരത്തിൽ ഏററുപറയുന്നതായാൽ, തിരുമേനിയുടെ ദൌത്യം ലോകത്തിനൊട്ടാകെയുള്ളതാകകൊണ്ടു തിരുമേനിക്കുശേഷം ഒരു പ്രവാചകനും വരുവാൻ പാടില്ലെന്നുള്ള വാദം താനേ ദുർബ്ബലപ്പെട്ടുപോകുന്നു. എന്തുകൊണ്ടെന്നാൽ സിദ്ദീഖിൻെറ സ്ഥാനത്തെ കവിഞ്ഞുള്ള സ്ഥാനം പ്രവാചകത്വം എന്നതല്ലാതെ മറെറാന്നുമല്ല. അപ്പോൾ സിദ്ദീഖിയ്യത്തിനെ കവിഞ്ഞുള്ള ഒരു സ്ഥാനം തിരുമേനിയുടെ അനുയായികൾക്കു സിദ്ധിക്കുന്നതാണെന്നു സമ്മതിക്കുന്നപക്ഷം പ്രവാചകത്വം പ്രാപ്യമാണെന്നു സ്പഷ്ടം. വാസ്തവത്തിൽ തിരുമേനി ലോകത്തിനൊട്ടാകെ പ്രവാചകനായി വന്ന് പരിപൂർണ്ണമായ മാർഗ്ഗദർശനം താൻ മുഖേനമാത്രമാണെന്നു സ്ഥാപിച്ചിരിക്കയാൽ, ലോകം ആ മാർഗ്ഗദർശനത്തിൽനിന്നു അകന്നുപോകുമ്പോൾ അവരെ വീണ്ടും അതിലേക്കുതന്നെ നടത്തിക്കൊണ്ടുപോകുന്നതിനും അന്യരെ അതിലേക്കു ക്ഷണിക്കുന്നതിനും ആയി ദൈവത്താൽ നിയുക്തനാകുന്ന പ്രവാചകൻ ആ തിരുമേനിയുടെ ശിഷ്യഗണത്തിൽ ഉൾപ്പെടുകയും തിരുമേനി

യോടുള്ള പിന്തുടർച്ചവഴി ദൈവനിയോഗത്തിനു അർഹ തപ്പെടുകയും ചെയ്തിട്ടുള്ള ആരും ആയിരിക്കേണ്ടതാണ്. ഇതുതന്നെയാണ് തിരുമേനിയുടെയും തൽമാർഗ്ഗദർശനത്തിൻെറയും വിശിഷ്ടതകളിൽ പ്രധാനമായിരിക്കുന്നതും.

നബിതിരുമേനി (സ) ലോകത്തിനൊട്ടാകെയുള്ള ദൌത്യത്തോടുകൂടി ആഗതനായതുകൊണ്ടു് ഇനി പ്രവാചകനു വരാവുന്നതല്ലെന്നു നമ്മുടെ ഗ്രന്ഥകർത്താവു പറയുന്നതു കേവലം അബദ്ധമാണെന്നു മേൽവിവരണംകൊണ്ടു മനസ്സിലായിരിക്കുമല്ലൊ. ഒരു പ്രകാരത്തിലും തൻെറ വാദത്തിലേയ്ക്കു് ആധാരമായിരിക്കാത്തതും നിരവധി പ്രവാചകൻമാരെയും പ്രവാചകവര്യനായ തിരുമേനിയെത്തന്നെയും നിരാകരിക്കുന്നതിനു സംഗതിയാക്കുന്നതുമായ ഒരു ന്യായത്തെയാണ് ഗ്രന്ഥകർത്താവു അവലംബമാക്കിയിരിക്കുന്നത്. അദ്ദേഹം ഈ സംഗതിയെക്കുറിച്ചു നല്ലപോലെ ചിന്തനം ചെയ്യുകയും തൻെറ ന്യായവാദത്തിലുള്ള യുക്തിഭംഗത്തെ മനസ്സിലാക്കുകയും ചെയ്തിരുന്നുവെങ്കിൽ പ്രസ്തുത ന്യായത്തെ തൻെറ വാദത്തിലേക്കു ആധാരമാക്കുമായിരുന്നില്ലെന്നുതന്നെ വിചാരിക്കാം. ഇങ്ങിനെ അസംഗതമായുള്ള ഒരു സംഗതിയെ അദ്ദേഹം തൻെറ സിദ്ധാന്തസ്ഥാപനത്തിന്നു ഒരു പ്രമാണമായി സ്വീകരിച്ചതു എത്രയും പരിതാപകരം തന്നെ!

---

## മൂന്നാം അദ്ധ്യായം

# ന്യായപ്രമാണത്തിന്റെ പരിപൂർണ്ണതയും പ്രവാചകാവതാരവും

### സമ്പൂർണ്ണന്യായപ്രമാണം പ്രവാചകന്റെ വരവിനു പ്രതിബന്ധമല്ല

നബിതിരുമേനിക്കുശേഷം പ്രവാചകനുണ്ടാകുന്നതല്ലെന്നുള്ള വാദത്തെ സ്ഥാപിക്കുന്നതിനു ഗ്രന്ഥകത്താവു കാണിച്ചിരിക്കുന്ന മറെറാരു തെളിവു, തിരുമേനി മൂഖാന്തരം വെളിപ്പെട്ട 'ഹിദായത്ത്' അഥവാ 'മാർഗ്ഗദർശനം' പരിപൂർണ്ണമായതാണെന്നുള്ളതാണ്. അദ്ദേഹം പറയുന്നതു കാണുക:—''ഏതൊരു പ്രവാചകൻ ഹിദായത്തിന്റെ പരിപൂർണ്ണതയെ വാദിക്കുന്നുവോ അദ്ദേഹത്തിനുശേഷം വേറെ പ്രവാചകന്റെ ആവശ്യംതന്നെ ഇല്ലെന്നു അറിയപ്പെടുന്നു. അദ്ദേഹം അന്ത്യപ്രവാചകനാണെന്നു സമ്മതിക്കേണ്ടതായും വരുന്നു'' (ഖതമ്. 14, 15). മാർഗ്ഗദർശനത്തിന്റെ പരിപൂർണ്ണതയെ തെളിയിക്കുന്നതിനു അദ്ദേഹം

اليوم اكملت لكم دينكم و اتممت عليكم نعمتى

എന്ന ദൈവവാക്യത്തെ പ്രമാണമായി ഉദ്ധരിച്ചിരിക്കുന്നു. ഈ ഖുർആൻവാക്യത്തിന്റെ അത്ഥം: ''ഇന്നേ ദിവസം ഞാൻ നിങ്ങൾക്കായി നിങ്ങളുടെ മതത്തെ പരിപൂർണ്ണമാക്കുകയും എന്റെ അനുഗ്രഹത്തെ നിങ്ങളിൽ പൂർത്തീകരിക്കുകയും ചെയ്തിരിക്കുന്നു'' എന്നാണ്. ഈ

പ്രമാണമനുസരിച്ച ഇസ്ലാം പരിപൂൎണ്ണമായ മതമാൎഗ്ഗമാണെന്നു ഞങ്ങൾ വിശ്വസിക്കുകയും വാദിക്കുകയും ചെയ്യുന്നു. സ്വല്പമെങ്കിലും ഞങ്ങളെസ്സംബന്ധിച്ച വിവരമുള്ളവൎക്കു ഈ വസ്തുത നിഷേധിക്കാവതല്ല. വിശുദ്ധ ഖുർആൻ ദൈവപ്രോക്തഗ്രന്ഥമാണെന്നു വിശ്വസിക്കുന്ന യാതൊരുവനും നബിതിരുമേനി മുഖേന സ്ഥാപിതമായ ശരീഅത്ത് (ന്യായപ്രമാണം) പരിപൂൎണ്ണമായതാണെന്നുള്ളതിൽ സന്ദേഹിക്കുന്നതല്ല.

ന്യായപ്രമാണത്തിൻെറ പരിപൂൎണ്ണതയെയാണ് ഗ്രന്ഥകൎത്താവു തൻെറ വാദത്തിനു ഒരാധാരമായി കാണിച്ചിരിക്കുന്നതെന്നു കണ്ടുവല്ലൊ. ന്യായപ്രമാണം പരിപൂൎണ്ണമായിരിക്കുന്നതുകൊണ്ടു ഇനി പ്രവാചകനു വരുവാൻ പാടില്ലെന്നു തെളിയുന്നുവെന്നു അദ്ദേഹം സങ്കല്പിച്ചതല്ലാതെ, അതു തെളിയുന്നതെങ്ങിനെ എന്നു കാണിക്കയുണ്ടായിട്ടില്ല. അങ്ങനെ തെളിയുന്നു എന്നു പറയുകമാത്രം ചെയ്യുന്നതുകൊണ്ടു സംഗതി സ്ഥാപിതമായെന്നു വിചാരിക്കാമെങ്കിൽ, ന്യായപ്രമാണം പരിപൂൎണ്ണമായിരിക്കകൊണ്ടു ഇനി ലോകത്തു മനുഷ്യൻ ജനിക്കുന്നതല്ലെന്നു തെളിയുന്നു എന്നു വല്ലവരും പറയുന്നതായാൽ അതും സമ്മതിച്ചുകൊടുക്കാവുന്നതാണല്ലൊ. ന്യായപ്രമാണത്തിൻെറ പരിപൂൎണ്ണതക്കു മനുഷ്യൻെറ ജനനവുമായി യാതൊരു ബന്ധവുമില്ലാത്തതുകൊണ്ടു ഒന്നു മററതിലേക്കു തെളിവായിത്തീരുന്നില്ലെങ്കിൽ, അപ്രകാരംതന്നെ ന്യായപ്രമാണത്തിൻെറ പരിപൂൎണ്ണതക്കു പ്രവാചകനിയോഗവുമായി ബന്ധമില്ലായ്കയാൽ, അതു, ഇനി പ്രവാചകൻ നിയോഗിക്കപ്പെടുന്നതല്ലെന്നതിലേക്കും പ്രമാണമായിത്തീരുന്നില്ല. ഇങ്ങനെ, പണ്ഡിതനായ ഗ്രന്ഥകൎത്താവു വാദവിഷയത്തിനു തെളിവായിത്തീരാത്ത ഓരോ സംഗതിയെ

പ്രമാണമെന്നോണം എടുത്തു കാണിച്ച്, അതിൽനിന്നെല്ലാം വിഷയം തെളിയുന്നതായി അനുമിച്ച്, സ്വയം കൃതാൎത്ഥതയടഞ്ഞു കാണുന്നതിൽ, താൻ ഉപപാദിക്കുവാൻ തുടങ്ങിയ വിഷയം എത്തരത്തിലുള്ളതാണെന്നുകൂടി അദ്ദേഹം മനസ്സിലാക്കിയില്ലയോ എന്നു ശങ്കിക്കേണ്ടിയിരിക്കുന്നു. ന്യായപ്രമാണം പരിപൂർണ്ണമായതുകൊണ്ടു ഇനി പ്രവാചകനു വരാവതല്ലെന്നുള്ള വാദം സാധുവായിരിക്കണമെങ്കിൽ, പ്രവാചകാവതാരത്തിൻെറ ഉദ്ദേശ്യം പുതിയതായ ന്യായപ്രമാണം കൊണ്ടുവരുകയോ നിലവിലുള്ള ന്യായപ്രമാണത്തിൽ ഭേദഗതി വരുത്തുകയോ ആണെന്നു ആദ്യമായി തെളിയിക്കേണ്ടിയിരിക്കുന്നു. അപ്രകാരം അദ്ദേഹം തെളിയിച്ചിട്ടില്ല; അങ്ങനെ തെളിയിക്കുവാൻ സാദ്ധ്യവുമല്ല. എന്നിരിക്കെ, ന്യായപ്രമാണം പരിപൂർണ്ണമായിരിക്കകൊണ്ടു ഇനി പ്രവാചകൻ വരുകയില്ലെന്നു വിധിച്ചതു ആശ്ചര്യജനകമായിരിക്കുന്നു. പ്രവാചകനിയോഗത്തിൻെറ ഉദ്ദേശ്യവും ആവശ്യവും എന്തൊക്കെയാണെന്നു വിശുദ്ധഖുർആനെ മുൻനിറുത്തി അദ്ദേഹം വിചാരം ചെയ്തിരുന്നുവെങ്കിൽ, താൻ തെളിവായി കാണിക്കുന്ന സംഗതി വാദവിഷയവുമായി സംബന്ധമില്ലാത്തതാണെന്നു അദ്ദേഹത്തിനുതന്നെ മനസ്സിലാക്കാമായിരുന്നു.

നബിതിരുമേനി (സ) മുഖാന്തരം വെളിപ്പെട്ട 'ഹിദായത്ത്' (മാർഗ്ഗദർശനം) പരിപൂർണ്ണമായിരിക്കുന്നു എന്നു ഗ്രന്ഥകർത്താവു പല സ്ഥലത്തും പ്രസ്താവിച്ചിരിക്കുന്നതു മതം പരിപൂർണ്ണമായിരിക്കുന്നു എന്ന അൎത്ഥത്തിലായിരിക്കാം. അദ്ദേഹം പ്രമാണമായി ഉദ്ധരിച്ചിട്ടുള്ള ഖുർആൻവാക്യം മതത്തിൻെറ പരിപൂർണ്ണതയെക്കുറിച്ചാണ് പ്രസ്താവിക്കുന്നതു്. മതത്തെ പരിപൂർണ്ണമാക്കി എന്നതി

ന ഹിദായത്തിനെ പരിപൂർണ്ണമാക്കി എന്ന അർത്ഥം ക ൽപിക്കാമോ എന്നതിനെക്കുറിച്ച ഇവിടെ നിരൂപണം ചെയ്‌വാൻ വിചാരിക്കുന്നില്ല. ഏതായാലും, മതം പരി പൂർണ്ണവും സുരക്ഷിതവുമായി സ്ഥിതിചെയ്യുന്നേടത്തോ ളം കാലം പുതുതായൊരു മതത്തിന്റെ ആവശ്യകതയി ല്ലെന്നു തീർത്തുപറയാം. എന്നാൽ, ആ മതത്തിലേക്കുത ന്നെ ജനങ്ങളെ വീണ്ടും മാർഗ്ഗദർശനം ചെയ്യേണ്ടതായി വരുമ്പോഠം വേറെ പ്രവാചകന്റെ ആവശ്യകതയുണ്ടാകു ന്നതല്ലെന്നു അതുകൊണ്ടു തെളിയുന്നില്ല. നിലവിലിരി ക്കുന്ന മതമാർഗ്ഗത്തിലേക്കു ക്ഷണിക്കുന്നതിനായി വരുന്ന ശിഷ്യപ്രവാചകൻ മുഖാന്തരം പ്രവൃത്തമാകുന്നതും ഹിദാ യത്ത് അഥവാ മാർഗ്ഗദർശനം തന്നെയാണ്; എന്നാൽ, അതു ഒരു പുതിയ ന്യായപ്രമാണത്തോടുകൂടിയതല്ലെന്നു മാത്രമേയുള്ളൂ. മററൊരു പ്രകാരത്തിൽ പറയുന്നതായാൽ, എല്ലാ പ്രവാചകൻമാക്കും പ്രത്യേകം പ്രത്യേകമായി മ തമില്ലെങ്കിലും, അവരേവരുടെയും മുഖേന പ്രവൃത്തമായതു ഹിദായത്തു തന്നെയാണ്. ആകയാൽ സ്വന്തമായുള്ള പ്രത്യേക ന്യായപ്രമാണം മുഖേനയോ, നിലവിലിരിക്കു ന്ന ന്യായപ്രമാണം മുഖേനയോ പ്രവാചകൻമാർ മാർഗ്ഗദ ർശനം ചെയ്യുന്നതാണ്. അപ്പോഠം മതമെല്ലാം ഹിദായ ത്ത് തന്നേയെങ്കിലും ഒവ്വൊരു പ്രവാചകൻ മുഖേനയും നട പ്പിൽവരുന്ന ഹിദായത്തും പ്രത്യേകമായ മതം ആയിരി ക്കണമെന്നില്ലെന്നു സ്പഷ്ടം. തന്നിമിത്തം, മതം പ രിപൂർണ്ണമായി സ്ഥിതിചെയ്യുന്നേടത്തോളം കാലം വെ റൊരു പുതുമതത്തിന്റെ ആവശ്യകതയുണ്ടാകുന്നില്ലെങ്കി ലും ഹിദായത്ത് പരിപൂർണ്ണമായതിനുശേഷം ഹിദായ ത്തിന്റെ ആവശ്യകത—മററൊരു പ്രകാരത്തിൽ പ്രവാച കാവതാരത്തിന്റെ ആവശ്യകത -ഉണ്ടാകുന്നില്ലെന്നു പറയു

ന്നതു ഒരിക്കലും ശരിയായിരിക്കുന്നതല്ല. എന്തുകൊണ്ടെ ന്നാൽ, നിലവിലിരിക്കുന്ന മതമാർഗ്ഗത്തിലേയ്ക്കു തന്നെ ലോകരെ നടത്തിക്കൊണ്ടുപോകുന്നതിനുള്ള ഹിദായത്തോ ടുകൂടി ഒരു പ്രവാചകൻ വരുന്നതുകൊണ്ടു ആ മതം പരി പൂർണ്ണമാകാത്തതാണെന്നു വരുന്നതല്ല. ചുരുക്കത്തിൽ, മ തം നബിതിരുമേനി (സ) മുഖേന പരിപൂർണ്ണമായിരി ക്കുന്നു എന്നതു വാസ്തവം തന്നെയെങ്കിലും അങ്ങിനെ പരിപൂർണ്ണമായിരിക്കുന്നതു കൊണ്ടു ''ഇനി പ്രവാചക ത്വത്തിൻെറ ആവശ്യം ലോകത്തിന്നില്ലാതായിത്തീരുന്നു'' എന്നു ഗ്രന്ഥകർത്താവു പറയുന്നതു മുൻകാണിച്ച ന്യായ ങ്ങളാൽ അസാധുവായിത്തീരുന്നു.

### പ്രവാചകൻ വരുന്നതു
### ന്യായപ്രമാണം കൊണ്ടുവരുന്നതിനു മാത്രമല്ല.

''ഇന്നേദിവസം നിങ്ങൾക്കായി നിങ്ങളുടെ മതത്തെ പരിപൂർണ്ണമാക്കിയിരിക്കുന്നു'' എന്ന ഖുർആൻവാക്യത്തെ യാണല്ലൊ ഗ്രന്ഥകർത്താവു നബിതിരുമേനിക്കുശേഷം പ്രവാചകൻ ഉണ്ടാകയില്ലെന്നതിലേക്കു ഒരു പ്രമാണമാ യി കാണിച്ചിരിക്കുന്നതു. എന്നാൽ, പ്രസ്തുത വാക്യത്തിൽ ഇനി പ്രവാചകൻ വരുന്നതല്ലെന്നു സൂചിപ്പിക്കുന്ന ഒരു അ ക്ഷരംപോലുമില്ലെന്നു ആക്കും നിഷ്പ്രയാസം മനസ്സിലാ ക്കാവുന്നതാണ്. അതാകട്ടെ ഇസ്ലാം പരിപൂർണ്ണമായ ഒരു മതമാണെന്നു മാത്രമേ പ്രസ്താവിക്കുന്നുള്ളു. ഇസ്ലാം പ രിപൂർണ്ണമാണെന്നുള്ളതിനു ഇനി പ്രവാചകനുണ്ടാകയില്ലെ ന്നുള്ളതുമായി യാതൊരു ബന്ധവുമില്ല. ഇപ്രകാരം പ്ര വാചകനിയോഗവുമായി യാതൊരു ബന്ധവുമില്ലാത്ത ഒരു വാക്യത്തിൽനിന്നു ഇനി പ്രവാചകനു വരാൻ പാടി ല്ലെന്നു സ്ഥാപിക്കാൻ ശ്രമിച്ചുകാണുന്നതു ആശ്ചര്യാവ ഹമായിരിക്കുന്നു. മതം പരിപൂർണ്ണമായതുകൊണ്ടു ഇനി

പ്രവാചകന്ന വരാവതല്ലെന്നുള്ള വാദം ന്യായപൂർവ്വകമായിരിക്കണമെങ്കിൽ, പുതിയതായി മതം കൊണ്ടുവരുന്നതിനായിട്ട മാത്രമാണ് പ്രവാചകൻ വരുന്നതെന്നും, പ്രത്യേകമായുള്ള ഓരോ മതത്തോടുകൂടിയല്ലാതെ ഉതിനുമുമ്പ ഒരു പ്രവാചകനും വന്നിട്ടില്ലെന്നും ഗ്രന്ഥകർത്താവു സ്ഥാപിച്ചിരിക്കേണ്ടതാണ്. എന്നാൽ, പുതിയതായുള്ള ഓരോ മതം കൊണ്ടുവരുക എന്നതാണ് പ്രവാചകാവതാരത്തിൻെറ ഉദ്ദേശ്യമെന്ന ഖുർആനിൽ എവിടേയും പ്രസ്താവിക്കപ്പെട്ടതായി കാണിക്കുവാൻ ആക്കും സാധിക്കുന്നതല്ല. ഖുർആൻ പലസ്ഥലങ്ങളിലായി പ്രവാചകാഗമനത്തിൻെറ ആവശ്യങ്ങളെ വിവരിച്ചിട്ടുണ്ട്. എന്നാൽ, ഒരിടത്തെങ്കിലും പ്രവാചകാവതാരത്തിൻെറ ഉദ്ദേശ്യം പുതിയതായി മതത്തെ സ്ഥാപിക്കുക മാത്രമാണെന്ന പ്രസ്താവിച്ചുകാണുന്നില്ല. അതിനാൽ പ്രവാചകൻ വരുന്നതു പുതുതായി മതം കൊണ്ടുവരുന്നതിനായിട്ട മാത്രമല്ലെന്ന മനസ്സിലാകുന്നു. അപ്പോഠം ഇസ്ലാംമതത്തിൻെറ പരിപൂർണ്ണത ഭാവിയിൽ പ്രവാചകാവതാരത്തിന തടസ്സമാകുന്നില്ലെന്ന വന്നു. ആകയാൽ, മതം പരിപൂർണ്ണമായിരിക്കുന്നതിൽനിന്ന ഇനി പ്രവാചകനുണ്ടാകയില്ലെന്നുള്ള അനുമാനം കേവലം അബദ്ധമാണ്.

### ഇസ്രായീല്യർക്കുള്ള ന്യായപ്രമാണം 'തൌറാത്ത്'

'തൌറാത്ത്' മാത്രമല്ലാതെ ഇസ്രായീല്യക്ക വേറെ ന്യായപ്രമാണമുണ്ടായിരുന്നില്ലെന്ന ഖുർആനിലെ നിരവധി വാക്യങ്ങളിൽനിന്ന മനസ്സിലാകുന്നു. ഉദാഹരണമായി, വിശുദ്ധഗ്രന്ഥം ഒരിടത്തു ഇപ്രകാരം പറയുന്നു:—

ولقد آتينا موسى الكتاب وقفينا من بعده بالرسل و اتينا عيسى

ابن مريم البينات

''നിശ്ചയമായും നാം മൂസാക്കു ഗ്രന്ഥം നല്കുകയും അന ന്തരം, അദ്ദേഹത്തെത്തുടൎന്നു പ്രവാചകന്മാരെ അയച്ചുകൊ ണ്ടിരിക്കുകയും ഈസബ്നു മൎയമിന്നു ലക്ഷ്യങ്ങരം നല്കുക യുംചെയ്തു'' (2: 87). ഈ വാക്യത്തിൽ മൂസാനബിക്കുശേ ഷം അനേകം പ്രവാചകന്മാർ ഉണ്ടായിരുന്നതായി പ്രസ്താ വിച്ചിട്ടുണ്ടെങ്കിലും, അദ്ദേഹത്തിനല്ലാതെ മററാൎക്കും ഗ്രന്ഥം നൽകിയിരുന്നതായി പ്രസ്താവിച്ചിട്ടില്ല. ഇങ്ങനെ, മൂസാ നബിക്കു ഗ്രന്ഥം നൽകപ്പെട്ടതായി ഖുർആനിൽ പലേ വശങ്ങളിലും പ്രാസ്ലവിച്ചുകാണാമെങ്കിലും, അനന്തര ഗാമികളായ ഇസ്രായീൽപ്രവാചകന്മാരിലാൎക്കും ഗ്രന്ഥം നൽകപ്പെട്ടതായി എവിടേയും പ്രസ്താവിച്ചുകാണാതിരി ക്കുന്നതിൽനിന്നു മൂസാനബിയുടെ ഗ്രന്ഥംമാത്രമേ ഇസ്രാ യീല്യൎക്കു ന്യായപ്രമാണമായി ഉണ്ടായിരുന്നുള്ളു എന്നു മനസ്സിലാകുന്നു. അതിനാൽത്തന്നെയാണ് അല്ലാഹു വി ശുദ്ധഖുർആനിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നതു:—

ولقد آتينا موسى الهدى واورثنا بنى اسرائيل الكتاب

''നിശ്ചയമായും നാം മൂസാക്കു മാൎഗ്ഗദൎശനം നൽകുകയും ഇ സ്രായീൽ സന്തതികളെ ആ ഗ്രന്ഥത്തിനു അവകാശിക ളാക്കുകയും ചെയ്തു'' (40:53). ഈ വാക്യത്തിൽനിന്നു ന്യാ യപ്രമാണമടങ്ങിയ ഗ്രന്ഥം തൌറാത്ത് മാത്രമാണെന്നും അതു ഇസ്രായീല്യൎക്കു ലഭിച്ചതു മൂസാനബി (അ) മുഖേന

മാത്രമാണെന്നും മനസ്സിലാകുന്നു*. തന്നേയുമല്ല, ഖുർആൻ പലസ്ഥലങ്ങളിലും ഇസ്രായീല്യരെക്കുറിച്ചു آتينام الكتاب "നാം അവക്കു ഗ്രന്ഥം നല്കി" എന്നു പറഞ്ഞു കാണാം. ഇവിടെയെല്ലാം 'ഗ്രന്ഥം' എന്നതിൻെറ വിവക്ഷിതം മൂസാനബി (അ) മുഖേന അവക്കു ലഭിച്ചിട്ടുള്ള ഗ്രന്ഥം മാത്രമാണ്. ഖുർആൻ ഒരു സ്ഥലത്തെങ്കിലും 'ഇസ്രായീല്യക്കു ഗ്രന്ഥങ്ങൾ നൽകി' എന്നു പറഞ്ഞതായി കാണുന്നില്ല. അപ്രകാരംതന്നെ, അവരെപ്പററി 'അഹ്ലുൽ കിതാബ്' (ഗ്രന്ഥമുള്ളവർ) എന്നല്ലാതെ, 'അഹ്ലുൽ കുതുബ്' (ഗ്രന്ഥങ്ങളുള്ളവർ) എന്നു പ്രസ്താവിച്ചു കാണുന്നില്ല. ഇവിടെയെല്ലാം 'അൽകിതാബ്' الكتاب അഥവാ 'ഗ്രന്ഥം' എന്നു പ്രയോഗിച്ചിട്ടുള്ളതു മൂസാനബി (അ) മുഖാന്തരം വെളിപ്പെട്ട ന്യായപ്രമാണഗ്രന്ഥത്തെ ഉദ്ദേശിച്ചു മാത്രമാണ്. ഇസ്രായീല്യർക്കുള്ള ന്യായപ്രമാണം അതൊന്നു മാത്രമായിരുന്നതുകൊണ്ടുതന്നെയാണ് 'നാം അവക്കു ഗ്രന്ഥങ്ങൾ നൽകി' എന്നു പറയുകയൊ, അവരെ 'ഗ്രന്ഥങ്ങളുള്ളവർ' എന്നു വിളിക്കുകയൊ ചെയ്യാതിരുന്നിട്ടുള്ളത്. ഇതിനുപുറമെ, ഖുർആനു മുമ്പുള്ള ഗ്രന്ഥമായി തൌറാത്തിനെയും, തൌറാത്തിനുശേഷമുള്ള ഗ്രന്ഥമായി ഖുർആനെയും മാത്രമാണ് വിശുദ്ധഖുർആൻ പല സ്ഥലത്തും എടുത്തു പറഞ്ഞിരിക്കുന്നതു. ഉദാഹരണമായി അതു ഒരു സ്ഥലത്തു പറയുന്നു:—

ومن قبله كتاب موسى اماما ورحمة

"ഇതിനുമുമ്പു മൂസായുടെ ഗ്രന്ഥമാണ് വഴികാട്ടിയും അനുഗ്രഹവും ആയിരുന്നതു" (46:12). മറെറാരു സ്ഥലത്തു ഖുർ

* രണ്ടാം അദ്ധ്യായം. ഖാ. 41, 42 നോക്കുക.

ആനെക്കുറിച്ചു തന്നെ പറയുന്നതു كتابا أنزل من بعد موسى ''മൂസാക്കുശേഷം ഇറക്കപ്പെട്ട ഗ്രന്ഥം'' (46:30) എന്നാണ്. ചുരുക്കത്തിൽ, ഖുർആനിലെ നിരവധി വാക്യങ്ങളിൽനിന്നു, ഇസ്രായീല്യർക്ക പരിപൂർണ്ണന്യായപ്രമാണമായിരുന്നതു തൌറാത്ത് മാത്രമാണെന്നും, തൌറാത്തിന്നും ഖുർആന്നും മദ്ധ്യേ അവർക്കു വേറെ ന്യായപ്രമാണം ഉണ്ടായിട്ടില്ലെന്നും മനസ്സിലാകുന്നു.

പ്രവാചകന്മാരെല്ലാവരും വെവ്വേറെന്യായപ്രമാണത്തോടുകൂടിയവർ ആയിരുന്നില്ലെന്നുള്ള പരമാത്ഥത്തെ മുസ്ലിം മതപണ്ഡിതന്മാരും സമ്മതിച്ചിട്ടുണ്ട്. ഉദാഹരണമായി ''റൂഹുൽമആനി''യിൽ ഇപ്രകാരം പ്രസ്താവിച്ചുകാണുന്നു:–

انَّ الرَّسولَ لا يَجِبَ اَنْ يكون صاحِبُ شَرِيعَةٍ مُستقِلَةٍ فان اولادا ابراهيمَ عَلَيْهم السلامُ كانوا على شَرِيعَتِهِ

''പ്രവാചകൻ പ്രത്യേകം ഒരു ന്യായപ്രമാണത്തോടുകൂടിയ ആളായിരിക്കണമെന്നില്ല. എന്തുകൊണ്ടെന്നാൽ, ഹസ്രത്ത് ഇബ്രാഹീമിൻെറ സന്താനങ്ങളും അദ്ദേഹത്തിൻെറ ന്യായപ്രമാണത്തിലായിരുന്നു'' (വാല്യം 5, ഭാ. 186) അല്ലാമ. സർഖാനി പറയുന്നു:—

قَدْ لا يكُنُ النَّبِىُ مُستقلا بَلْ ياتى لِتقو يم شريعَةِ نبى قبله

''ചില പ്രവാചകന്മാർ സ്വന്തമായി ന്യായപ്രമാണം ഇല്ലാത്തവരായിരിക്കും. അവർ വരുന്നതു തങ്ങാംക്ക മുമ്പുള്ള പ്രവാചകൻെറ ന്യായപ്രമാണത്തെ സുസ്ഥാപിക്കുന്നതിനായിരിക്കുന്നതാണ്'' (സർഖാനി, വാ. 4. ഭാ 74) ഇങ്ങനെ ന്യായപ്രമാണംകൂടാതെയുള്ള പ്രവാചകന്മാരും മുമ്പുണ്ടായിരുന്നതായി വിശുദ്ധഖുർആൻകൊണ്ടും മതപണ്ഡിതന്മാരുടെ വ്യാഖ്യാനംകൊണ്ടും തെളിഞ്ഞിരിക്കയാൽ, പരിപൂർണ്ണന്യായപ്രമാണം അതിൻെറ പ്രചരണത്തിന്നായിട്ടു നിയുക്തനാകുന്ന ഒരു ശിഷ്യപ്രവാചകൻെറ വരവിന്നുകൂടിയും പ്രതിബന്ധമാണെന്നുള്ള വാദം അടിസ്ഥാനരഹിതമെന്നു സ്പഷ്ടമായി.

### തൗറാത്ത് പരിപൂർണ്ണമായിരുന്നിട്ടും ഇസ്രായീല്യരിൽ പ്രവാചകൻമാർ ആഗതരായി

ഇതിനുപുറമെ, മതം പരിപൂർണ്ണമായിരിക്കുന്നതുകൊണ്ടു ഇനി പ്രവാചകനു വരാൻ പാടില്ലെന്നു പറയുന്നതു സ്വീകാര്യമാണെങ്കിൽ, മുൻവന്ന എത്രയോ സത്യപ്രവാചകന്മാരുടെ ദൗത്യത്തെ നിരാകരിക്കേണ്ടി വരുന്നതാണ്. എന്തുകൊണ്ടെന്നാൽ, വിശുദ്ധഖുർആൻ മനുഷ്യലോകത്തിനു ഒരു പരിപൂർണ്ണ ന്യായപ്രമാണമായിരിക്കുന്നപോലെത്തന്നെ, തൌറാത്ത് ഇസ്രായീൽജനത്തിനു ഒരു പരിപൂർണ്ണമതനിയമമായിരുന്നു. ഇസ്രായീല്യർക്കു ന്യായപ്രമാണം നൽകിയതു മൂസാനബി മാത്രമായിരുന്നു എന്നു ഗ്രന്ഥകർത്താവു സമ്മതിച്ചിട്ടുണ്ട്. അപ്പോാം തൌറാത്ത് അവക്കു പരിപൂർണ്ണന്യായപ്രമാണമായിരുന്നുവെന്നു മനസ്സിലാകുന്നു. അല്ലായിരുന്നുവെങ്കിൽ, അതിന്നുശേഷം അവക്കു വേറെ മതനിയമം ഉണ്ടാകേണ്ടിയിരുന്നു. എന്നാൽ തൗറാത്ത് അല്ലാതെ വേറെ ന്യായപ്രമാണം അവക്കുണ്ടായിട്ടില്ലായ്കയാൽ അതു അവക്കു പരി

പൂർണ്ണമായിരുന്നുവെന്നു സ്പഷ്ടമായി. ''മുഴുവൻ വിദ്യാഭ്യാസവും നിങ്ങരംക്കു നൽകുവാൻ എനിക്കു കഴികയില്ല. എന്തുകൊണ്ടെന്നാൽ നിങ്ങരംക്കു വഹിക്കുവാൻ കഴിയാത്ത അനേകസംഗതികരം ഇനിയും കിടപ്പുണ്ട്. പരിപൂർണ്ണമായ തഅ്ലീം എനിക്കുശേഷം വരുന്ന പ്രവാചകൻ നല്കുന്നതാണ്.'' (ഖതമു. 6) എന്നു ഉപദേശിച്ചിരുന്നതായി ഗ്രന്ഥകർത്താവു പറയുന്ന ക്രിസ്തുതന്നെ, തൌറാത്ത് എന്ന ന്യായപ്രമാണത്തിലെ ഒരു വള്ളിയോ പുള്ളിയോ നീക്കം ചെയ്‌വാൻ താൻ അധികൃതനല്ലെന്നും അതിലെ സകലതും നിവൃത്തിയാവോളം അതിൽനിന്നു യാതൊന്നും നീങ്ങിപ്പോകുന്നതല്ലെന്നും* പ്രസ്താവിച്ചുകൊണ്ടു, അതു മൂസാനബി (അ) തൊട്ടു നബിതിരുമേനി (സ) അവതരിക്കുന്നതുവരെക്കും ഇസ്രാഈല്യൎക്കു പരിപൂർണ്ണ മാർഗ്ഗദർശനമായിരുന്നു എന്നു സ്ഥാപിച്ചിട്ടുണ്ട്. അതിനാൽ വിശുദ്ധഖുർആൻ മനുഷ്യ ലോകത്തിന്നു പരിപൂർണ്ണമായ നിയമശാസ്ത്രമായിരിക്കുന്നപ്രകാരംതന്നെ തൌറാത്ത് ഇസ്രായീൽ ജനത്തിനു പൂർണ്ണമായ ന്യായപ്രമാണമായിരുന്നുവെന്നു സ്പഷ്ടം. എന്നാൽ ഒന്നു ലോകത്തിനൊട്ടാകെ അന്ത്യനാരംവരെക്കും ബലത്തിലിരിക്കുന്നതും മററതു ഇസ്രായീൽ ജനത്തിനു നബിതിരുമേനിയുടെ അവതാരകാലംവരെയ്ക്കു മാത്രമുള്ളതും ആണെന്നു രണ്ടിനും തമ്മിൽ ഭേദമുണ്ട്. ആകയാൽ, ഖുർആൻ പരിപൂർണ്ണന്യായപ്രമാണമായിരിക്കുന്നതുകൊണ്ടു ഇനി ഒരു പ്രവാചകന്നും വരാവതല്ലെങ്കിൽ, അപ്രകാരംതന്നെ തൌറാത്ത് ഇസ്രായീല്യൎക്കു പരിപൂർണ്ണമായിരുന്നതുകൊണ്ടു മൂസാനബിക്കുശേഷം അവരിൽ പ്രവാചകന്മാർ ഉണ്ടായിരിക്കാവതല്ലെന്നും അഥവാ, ഉണ്ടായിട്ടുള്ളവരെല്ലാം—നഊദുബില്ലാ

---

* മത്തായി, 5: 17, 18.

ഹ്—വ്യാജവാദികളാണെന്നും സമ്മതിക്കേണ്ടിവരും. എന്നാൽ, ഇസ്രായീല്യൎക്കു പരിപൂർണ്ണന്യായപ്രമാണമായി തൗറാത്ത് നിലവിലിരിക്കെത്തന്നെ അവരുടെ ഇടയിൽ അനേക പ്രവാചകന്മാർ പ്രത്യക്ഷരായിരുന്നതായി വിശുദ്ധഖുർആനും നബിവചനവും പഠിപ്പിക്കുന്നതിനെ ഗ്രന്ഥകർത്താവു സ്വീകരിച്ചിരിക്കെ, തിരുമേനി പരിപൂർണ്ണന്യായപ്രമാണത്തോടുകൂടി വന്നതുകൊണ്ടു ഇനി ഒരു പ്രവാചകനും വന്നുകൂടാ എന്നു പറയുന്നതു സാധുവാകുന്നതെങ്ങനെ? തൌറാത്ത് ഇസ്രായീല്യൎക്കു പരിപൂർണ്ണമല്ലായിരുന്നുവെങ്കിൽ, മൂസാനബിയുടെ പിറകെയുണ്ടായ പ്രവാചകന്മാർ മുഖേന അവൎക്കു വേറെ ന്യായപ്രമാണം ലഭിക്കേണ്ടതായിരുന്നു. തന്നേയുമല്ല, ആ സമുദായത്തിനു തൗറാത്ത് പരിപൂർണ്ണമായതായിരുന്നുവെന്നു വിശുദ്ധഖുർആൻതന്നെ പ്രഖ്യാപിക്കുന്നുണ്ട്. അതു ഇപ്രകാരം പറയുന്നു:—

ثم آتينا موسى الكتاب تماما على الذى احسن وتفصيلا

لكل شيئى وهدى ورحمة

''പിന്നെ നാം, സൽക്കൎമ്മം ചെയ്യുന്നവൎക്കു പരിപൂർണ്ണമായതും, സകലകാര്യങ്ങളേയും വിശദീകരിക്കുന്നതും, മാർഗ്ഗദർശനവും കാരുണ്യവും ആയിരിക്കുന്നതും, ആയ ഗ്രന്ഥം മൂസാക്കു് നൽകി'' (6:155). ഈ വാക്യത്തിൽ പ്രയോഗിക്കപ്പെട്ടിട്ടുള്ള 'തമാമൻ' تماما എന്ന പദത്തെ വ്യാഖ്യാതാക്കൾ രണ്ടുതരത്തിൽ വ്യാഖ്യാനിച്ചിട്ടുണ്ട്. ഒന്നു, ''പൂർത്തീകരിക്കുന്നതിനായിട്ടു'' എന്ന അൎത്ഥത്തെ അവലംബിച്ചു ''സൽകൎമ്മം ചെയ്യുന്നവരിൽ ദൈവത്തിന്റെ

അനുഗ്രഹവും പ്രസാദവും പൂർത്തീകരിക്കുന്നതിനായിട്ടു'' എന്നും, രണ്ടാമത്തു ''പൂർണ്ണമായിരിക്കുന്നതായിട്ടു'' എന്ന അർത്ഥത്തെ അവലംബിച്ചു ''തൌറാത്ത് പരിപൂർണ്ണ ഗ്രന്ഥമായിട്ട്''' എന്നും ആണ് വ്യാഖ്യാനിച്ചു കാണുന്നത്. ഈ സംഗതി തഫ്സീർ കബീർ അബിസ്സഊദ്, ബൈസാവീ, ജമൽ, ഇഅ്റാബുൽഖുർആൻ എന്നീ വ്യാഖ്യാനഗ്രന്ഥങ്ങളിൽ കാണാവുന്നതാണ്. 'തമാമൻ' എന്ന പദത്തിന്നു രണ്ടിലേതു അർത്ഥമെടുത്താലും തൌറാത്ത് ഇസ്രായീല്യൎക്കു പരിപൂർണ്ണമാർഗ്ഗദർശനമായിരുന്നു എന്നുതന്നെ മനസ്സിലാകുന്നു. അനുഗ്രഹ പൂർണ്ണമാകണമെങ്കിൽ മതം പരിപൂർണ്ണമായിരിക്കണമല്ലോ. കൂടാതെ, ''പരിപൂർണ്ണമായത്'' എന്നതിനെ തുടൎന്നു ''സകലകാര്യങ്ങളേയും വിശദീകരിക്കുന്നത്''' എന്നുകൂടി പറഞ്ഞിട്ടുള്ളതുകൊണ്ടു തൌറാത്ത് ഇസ്രായീല്യൎക്കു പരിപൂർണ്ണമായതായിരുന്നു എന്നു സംശയമററു തെളിഞ്ഞിരിക്കുന്നു. ഇതിനുപുറമെ, അല്ലാഹു വിശുദ്ധഖുർആനെക്കുറിച്ചു'' വഴികാട്ടി, കാരുണ്യം, പ്രകാശം, അനുഗ്രഹീതഗ്രന്ഥം'' എന്നൊക്കെ പറഞ്ഞിട്ടുള്ള പ്രകാരം തൌറാത്തിനെക്കുറിച്ചും പറഞ്ഞുകാണാം. ഇതുകൊണ്ടെല്ലാം തൌറാത്ത് മാത്രമെ ഇസ്രായീല്യൎക്കു ന്യായപ്രമാണമായിരുന്നുള്ളു എന്നും അതു അവൎക്കു പരിപൂർണ്ണമാർഗ്ഗദൎശനമായിരുന്നുവെന്നും സ്പഷ്ടമാകുന്നുണ്ട്. ഇങ്ങനെ തൌറാത്ത് അവൎക്കു പരിപൂർണ്ണമായ ന്യയപ്രമാണമായിരുന്നിട്ടും അതിന്നു വിധേയരായി എത്രയോ പ്രവാചകന്മാർ അവരിൽ ഉണ്ടായിക്കൊണ്ടിരുന്നു. ഇതിൽനിന്നു, പ്രവാചകൻമാരെല്ലാം പ്രത്യേകം ന്യായപ്രമാണമുള്ളവരായിരിക്കണമെന്നോ, പരിപൂർണ്ണ ന്യായപ്രമാണം നിലവിലിരിക്കുമ്പോൾ പ്രവാചകന്നു വന്നുകൂടാ എന്നോ അല്ല തെളിയുന്നതു, നേരെമറിച്ചു മുൻപ്രവാചകന്നു വിധേയനായി ന്യായപ്രമാണം കൂടാതെ

യുള്ള പ്രവാചകനു വരാവുന്നതാണെന്നാകുന്നു. അഥവാ ഒരു പ്രവാചകനും വരാവുന്നതല്ലെങ്കിൽ, പൂർണ്ണമായ ന്യായപ്രമാണമിരിക്കയാൽ ഇസ്രായീല്യരിൽ മൂസാനബിക്കുശേഷം പ്രവാചകൻമാർ വരാതിരിക്കേണ്ടിയിരുന്നു. എന്നാൽ, അവരിൽ അനേകം പ്രവാചകൻമാർ ആവിർഭവിച്ച്, ആദ്യപ്രവാചകൻെറ ന്യായപ്രമാണത്തെ നടത്തിപ്പോന്നതായി വിശുദ്ധഖുർആൻ പ്രബോധിപ്പിക്കുന്നു. അതു പറയുന്നു:—

انا انزلنا التورة فيها هدى و نور يحكم بها النبيون

"നിശ്ചയമായും, നാം മാർഗ്ഗദർശനവും പ്രകാശവും അടങ്ങിയ തൌറാത്തിനെ ഇറക്കി; പ്രവാചകൻമാർ അതുകൊണ്ടു വിധികല്പിക്കാറുണ്ടായിരുന്നു'' (5:44). ചുരുക്കത്തിൽ, പ്രവാചകൻമാരെല്ലാം പ്രത്യേകം ന്യായപ്രമാണങ്ങളും കൊണ്ടുവരുന്നതിനായിട്ടല്ല വരുന്നതെന്നും, പ്രത്യേകം ന്യായപ്രമാണമില്ലാതെ മുൻപ്രവാചകൻെറ ന്യായപ്രമാണത്തെ സുസ്ഥാപിക്കുന്നതിനായിട്ടും പ്രവാചകന്മാർ വന്നിട്ടുണ്ടെന്നും, ഒരു സമുദായത്തിനു സംപൂർണ്ണമായുള്ള മാർഗ്ഗദർശനം നിലവിലിരിക്കെ അവർക്കായി പിന്നെയും പ്രവാചകന്മാർ പ്രത്യക്ഷരായിട്ടുണ്ടെന്നും വിശുദ്ധഖുർആനിൽനിന്നു സ്പഷ്ടമാകുന്നു. ആകയാൽ, തിരുമേനി (സ) മുഖേന ന്യായപ്രമാണം പരിപൂർണ്ണമായിരിക്കുന്നതുകൊണ്ടു ഇനി ഒരു പ്രവാചകനും വരാവുന്നതല്ലെന്നും പരിപൂർണ്ണ ന്യായപ്രമാണം നിലവിലിരിക്കുന്നതുകൊണ്ടു അതിനെ നടത്തുന്നതിനായിട്ടുതന്നെയും ഒരു പ്രവാചകൻ ആവശ്യമില്ലെന്നും പരിപൂർണ്ണ ന്യായപ്രമാണത്തിനുശേഷം പ്രവാചകൻ വരുന്നതായാൽ അതു പരിപൂർണ്ണമല്ലാതായിത്തീരുന്നതാണെന്നും ഉള്ള ഗ്രന്ഥകർത്താവിൻെറ സി

ഢാന്തം പ്രമാണാസ്പദമല്ലാത്ത ഒരു സങ്കൽപം മാത്രമായി ത്തീരുന്നു. ഈ സങ്കൽപന്യായം സ്വീകാര്യമായിരിക്കു ന്ന പക്ഷം മൂസാനബിക്കുശേഷം വന്ന പ്രവാചകന്മാരെ യെല്ലാം നിഷേധിക്കുകയും ഖുർആൻെറ സത്യപ്രഖ്യാപ നത്തെ തള്ളുകയും ചെയ്യേണ്ടിവരുന്നതാണ്.

പ്രവാചകൻെറ വരവ്
പരിപൂർണ്ണ ന്യായപ്രമാണത്തിനു ഹാനികരമല്ല

സാർവ്വജനീനവും പരിപൂർണ്ണവും സുരക്ഷിതവുമായ മതത്തിൽ മാററം വരുകയോ അതിനുശേഷം വേറൊരു മതത്തിൻെറ ആവശ്യകതയുണ്ടാവുകയോ ചെയ്യുന്നതല്ലെ ന്നുള്ളതു പരമാർത്ഥം തന്നെ. തന്നിമിത്തം ആ പരിപൂർണ്ണ മതത്തിൽ ഭേദഗതി വരുത്തുകയോ നബിതിരുമേനി യുടെ സാർവ്വജനീനമായ തത്വത്തെ ഭംഗപ്പെടുത്തുകയോ ചെയ്യുന്ന ഒരു പ്രവാചകനു വന്നുകൂടാത്തതാണ്. എന്നാ ൽ, പ്രവാചകന്മാരേവരും ന്യായപ്രമാണത്തോടുകൂടി യവർ ആയിരിക്കണമെന്നില്ലെന്നു തെളിഞ്ഞിരിക്കയാൽ നബിതിരുമേനി (സ) പ്രവാചകശ്രേഷ്ഠനാണെന്നും, തി രുമേനി സ്ഥാപിച്ച മതം പരിപൂർണ്ണമാണെന്നും, തന്മൂലം മുൻ പ്രവാചകന്മാരുടെ അനുയായികൾക്കു സിദ്ധിക്കാതി രുന്ന "പരിപൂർണ്ണതയുടെ അങ്ങേ അററം" തിരുമേനി യോടുള്ള അനുസരണംകൊണ്ടു പ്രാപ്യമാകുന്നതാണെന്നും ലോകത്തിനു ദൃഷ്ടാന്തപ്പെടുത്തികൊടുക്കുവാൻ ഒരു പ്രവാ ചകൻ പ്രത്യക്ഷനാകുന്നതുമൂലം മതത്തിൻെറ പരിപൂർണ്ണ ത സുസ്ഥാപിതമാവുകയല്ലാതെ, ശിഥിലമാവുകയല്ല ഉ ണ്ടാവുന്നത്. ആകയാൽ, ഇത്തരം പ്രവാചകൻെറ ആഗ മനത്തിനു മതത്തിൻെറ പരിപൂർണ്ണത ഒരുപ്രകാരത്തിലും പ്രതിബന്ധമായിത്തീരുന്നില്ല. മതം പരിപൂർണ്ണമായി

രിക്കുന്നതുകൊണ്ടു പ്രവാചകൻ ഇനിയുണ്ടാകാവതല്ലെന്നു പറയുകയാണെങ്കിൽ, ഇസ്ലാമിൽ ഖലീഫമാരും മുജദ്ദിദ്മാരുംകൂടി ഉണ്ടായിരിക്കാൻ പാടില്ലെന്നു സമ്മതിക്കേണ്ടതായ്‌വരും. എന്തുകൊണ്ടെന്നാൽ, അവരും ഇസ്ലാമിൻെറ മഹത്വത്തെ സ്ഥാപിക്കുന്നതിനു വേണ്ടിയാണല്ലൊ വരുന്നത്. അവരുടെ വരവുകൊണ്ടു ഇസ്ലാമിൻെറ പരിപൂർണ്ണതയ്ക്കു കളങ്കമുണ്ടാകുന്നില്ലെങ്കിൽ, അപ്രകാരംതന്നെ ഇസ്ലാമിൻെറ ശ്രേഷ്ഠതയെ സ്ഥാപിക്കുന്നതിനായിട്ടു ഒരു പ്രവാചകൻ വരുന്നതുകൊണ്ടും ആ പരിപൂർണ്ണതയ്ക്കു കളങ്കമേൽക്കുന്നില്ല; മറിച്ചു ആ പ്രവാചകൻെറ വരവുകൊണ്ടു മതത്തിൻെറ പരിപൂർണ്ണതയും ശ്രേഷ്ഠതയും പൂർവ്വാധികം പ്രകാശിതമാവുകയാണ്‌ചെയ്യുന്നത്. എന്നാൽ, മുജദ്ദിദ്മാരും ഖലീഫമാരും നിർവ്വഹിച്ചുപോന്ന അതേ കൃത്യം ഒരു പ്രവാചകൻമുഖാന്തരം നിർവ്വഹിക്കപ്പെടേണ്ടുന്ന ഘട്ടമായപ്പോറം അതിലേക്കു ഒരു പ്രവാചകൻതന്നെ നിയുക്തനായി. തന്നിമിത്തം ഇസ്ലാമിൻെറ ശ്രേഷ്ഠതയും നബിതിരുമേനിയുടെ പ്രഭാവവും മുൻകഴിഞ്ഞ മഹാന്മാർ മുഖാന്തരം വെളിപ്പെട്ടതിലും കൂടുതൽ ശോഭനമായ തരത്തിൽ പ്രകാശിക്കയുണ്ടായി; എന്നല്ലാതെ അതിൻെറ പരിപൂർണ്ണതയ്ക്കു കളങ്കമേൽക്കുകയുണ്ടായിട്ടില്ല. മതം പരിപൂർണ്ണമായിരിക്കുന്നതുകൊണ്ടു അതിൻെറ പരിപൂർണ്ണതയെ പുലത്തുന്നതിനുപോലും ഒരു പ്രവാചകനു വന്നുകൂടാത്തതാണെങ്കിൽ, മതത്തിൻെറ പരിപൂർണ്ണതയെ പ്രഖ്യാപനംചെയ്യുകൊണ്ടുള്ള ദൈവവാക്യം വെളിപ്പെട്ട അന്നേ ദിവസംതന്നെ നബിതിരുമേനി (സ) ലോകത്തുനിന്നു തിരോധാനം ചെയ്യുകയോ കുറഞ്ഞപക്ഷം അന്നുതൊട്ടു തിരുമേനിക്കു വഹ്‌യ് (ദൈവഭാഷണം) ഉണ്ടാകാതിരിക്കുകയോ വേണ്ടതായിരുന്നു. എന്നാൽ, പ്രസ്തുതവാക്യത്തിൻെറ വെളിപാടിനുശേഷം തിരുമേനി ഉദ്ദേശം മൂന്നുമാസ

ക്കാലം ജീവിച്ചിരിക്കുകയും തിരുമേനിക്കു ദൈവഭാഷണം ഉണ്ടായിക്കൊണ്ടിരിക്കയും ചെയ്തിട്ടുണ്ടെന്നുള്ളതു അനിഷേധ്യമായ ഒരു പരമാത്ഥമാണ്. ഇങ്ങനെ തിരുമേനിയുടെ ജീവിച്ചിരിപ്പുകൊണ്ടു മതത്തിൻെറ പരിപൂർണ്ണതയ്ക്കു ഭംഗമുണ്ടാവുകയല്ല, അതു സുദൃഢമാവുകയാണു ചെയ്തിരിക്കുന്നത്. അഥവാ ഭംഗമുണ്ടാകുമായിരുന്നുവെങ്കിൽ, പ്രസ്തുത വാക്യം വെളിപ്പെട്ട അന്നുതന്നെ തിരുമേനി നിര്യാതനാകേണ്ടിയിരുന്നു. ആ വാക്യത്തിൻെറ വെളിപാടിനു ശേഷവും തിരുമേനി ജീവിച്ചിരുന്നതുകൊണ്ട് മതത്തിൻെറ പരിപൂർണ്ണതയ്ക്കു ഭംഗമുണ്ടായിട്ടില്ലെങ്കിൽ, തിരുമേനിയുടെ ശ്രേഷ്ഠതയേയും മതത്തിൻെറ പരിപൂർണ്ണതയേയും തെളിയിച്ചു കാണിക്കുന്നതിനു അനുയായികളിൽ നിന്നു ഒരു മഹാത്മാവു പ്രവാചകനായി നിയോഗിക്കപ്പെടുന്നതുകൊണ്ടും അപ്രകാരംതന്നെ കളങ്കമുണ്ടാകുന്നതല്ല; നേരെമറിച്ചു ആ ശിഷ്യപ്രവാചകൻെറ ആഗമനം കൊണ്ടു മതത്തിൻെറ പരിപൂർണ്ണത സുസ്ഥാപിതമാവുകയാണ് ചെയ്യുന്നത്. ആകയാൽ, മതം പരിപൂർണ്ണമായിരിക്കുന്നതുകൊണ്ടു ഇനി പ്രവാചകനുണ്ടാകാവതല്ലെന്നുള്ള അനുമാനം കേവലം അബദ്ധമാണ്.

### ന്യായപ്രമാണം പരിപൂർണ്ണമായതുകൊണ്ടു പ്രവാചകന്മാരുണ്ടാകാം

ഇതിനു പുറമെ, പ്രസ്തുത ഖുർആൻവാക്യംകൊണ്ടു നബിതിരുമേനിക്കുശേഷം പ്രവാചകനുണ്ടാകയില്ലെന്നല്ല, മറിച്ചു തിരുമേനിയോടുള്ള അനുസരണത്തിൻ ഫലമായി അനുയായികളിൽ പ്രവാചകന്മാരുണ്ടാകുമെന്നാണ് തെളിയുന്നത്. എന്തെന്നാൽ, തിരുമേനി മുഖാന്തരം ന്യായപ്രമാണം പരിപൂർണ്ണമാവുകയും അതുവഴി അനുഗ്രഹം

പൂർത്തിയാവുകയും ചെയ്യിരിക്കുന്നു എന്നു പറഞ്ഞതുകൊണ്ടു സ്പഷ്ടമാകുന്നതു് മതവും അനുഗ്രഹവും തിരുമേനി മുഖാന്തരം 'പരിപൂർണ്ണമായിരിക്കുന്നതരത്തിൽ മുൻപ്രവാചകന്മാർ മുഖാന്തരം പൂർണ്ണമായിട്ടില്ലെന്നും, തൻമൂലം മുൻപ്രവാചകൻമാരുടെ അനുയായികൾക്കു സിദ്ധിക്കാതിരുന്ന മഹത്തായ അനുഗ്രഹം തിരുമേനിയോടുള്ള അനുസരണംകൊണ്ടു അനുയായികൾക്കു് ലഭ്യമാകുന്നതാണെന്നും ആണ്*. എന്നാൽ, 'സിദ്ദീഖിയ്യത്ത്'വരെയുള്ള സ്ഥാനങ്ങൾ മുൻ പ്രവാചകൻമാരുടെ അനുയായികൾക്കും സിദ്ധിച്ചിട്ടുണ്ടായിരുന്നുവെന്നു ഖുർആനും ഹദീസും സാക്ഷിക്കുന്നു. വിശുദ്ധഖുർആൻ പറയുന്നു:—

والذين آمنوا بالله ورسله أولئك هم الصديقون

"അല്ലാഹുവിലും അവൻെറ പ്രവാചകൻമാരിലും വിശ്വസിക്കുന്നവരാകട്ടെ സിദ്ദീഖുകളാണ്'' (57 : 19). മുൻ പ്രവാചകൻമാരുടെ അനുയായികൾക്കു സിദ്ധിച്ചിട്ടുണ്ടായിരുന്ന ഈ .സ്ഥാനം മാത്രമേ നബിതിരുമേനിയുടെ അനുയായികൾക്കും സിദ്ധിക്കയുള്ളവെങ്കിൽ, തിരുമേനി മുഖേന മതം പരിപൂർണ്ണമാകുകയും അതുവഴി അനുഗ്രഹം പൂത്തിയാവുകയും ചെയ്യിരിക്കുന്നു എന്നു പറയുന്നതിൽ യാതൊരത്ഥവും ഇല്ലെന്നു സമ്മതിക്കേണ്ടിവരും. എന്നാൽ, മുൻപ്രവാചകൻമാരുടെ അനുയായികൾക്കു സിദ്ദീഖിയ്യത്ത് വരെയുള്ള സ്ഥാനങ്ങൾ മാത്രമേ ലഭ്യമായിരുന്നുള്ളു എന്നു പ്രസ്താവിച്ചിട്ടുള്ള ഖുർആൻതന്നെ, തിരുമേനിയോടുള്ള അനുസരണഫലമായി അനുയായികൾക്കു പ്രസ്തുത സ്ഥാനങ്ങളിലും ഉപരിയായ പ്രവാചകത്വംകൂടി പ്രാപ്യമാണെന്നു പ്രഖ്യാപിച്ചിട്ടുണ്ട്x. വിശുദ്ധഖുർആൻ ഇപ്രകാരം പറയുന്നു:—

* രണ്ടാം അദ്ധ്യായം. ഓ. 55—58.

x പതിനൊന്നാം അദ്ധ്യായം.

ومن يطع الله والرسول فأولئك مع الذين انعم الله عليهم من

النبيين والصديقين والشهداء والصالحين

''അല്ലാഹുവിനെയും ഈ പ്രവാചകനേയും അനുസരിക്കു ന്നവർ അല്ലാഹു അനുഗ്രഹിച്ചവരായ പ്രവാചകൻമാർ, സിദ്ദീഖുകൾ, ശഹീദുകൾ, സാലിഹുകൾ എന്നിവരോ ടുകൂടി ആയിരിക്കുന്നതാണ്'' (4 : 69). തിരുമേനിയോടു ള്ള അനുസരണം കൊണ്ടുണ്ടാകുന്ന ഫലത്തെക്കുറിച്ചു ഖു ർആൻ ഇപ്രകാരം പ്രസ്താവിച്ചുകൊണ്ടു, മതം പരി പൂർണ്ണമായിരിക്കുന്നുവെന്നതിൻെറ യാഥാർത്ഥ്യത്തെ വെളി പ്പെടുത്തിത്തരുകയും മുൻ പ്രവാചകൻമാരുടെ അനുഗാമി കൾക്കു ലഭ്യമാകാതിരുന്ന എത്രയും ഉപരിയായ സ്ഥാനം നബിതിരുമേനിയോടുള്ള അനുസരണംകൊണ്ടു പ്രാപ്യമാ കുന്നതാണെന്നു വിശദമാക്കുകയും ചെയ്തിരിക്കുന്നു. മത വും അനുഗ്രഹവും പരിപൂർണ്ണമായിരിക്കുന്നതുകൊണ്ടു തിരുമേനിയോടുള്ള തുടർച്ചയിൽ പ്രവാചകൻമാരുണ്ടാ കയില്ലെന്നു പറയുകയാണെങ്കിൽ, മതം പരിപൂർണ്ണമായെ ന്നുള്ളത് വാസ്തവമല്ലെന്നും അതു തിരുമേനിക്കു മുമ്പു ള്ള സ്ഥിതിയിൽതന്നെ ഇരിക്കയാണെന്നും സമ്മതി ക്കേണ്ടിവരും. അഥവാ, പരിപൂർണ്ണതാവാദം യഥാർത്ഥ മായിട്ടുള്ളതാണെങ്കിൽ, മുൻപ്രവാചകൻമാരോടുള്ള അനു സരണംകൊണ്ട് ലഭിക്കാതിരുന്ന ഏതോ ഒരു പരമമായ സ്ഥാനം തിരുമേനിയോടുള്ള അനുസരണം വഴി സി ദ്ധിക്കുമെന്നു സമ്മതിക്കേണ്ടിവരുന്നതാണ്. ആ പരമ മായ സ്ഥാനം പ്രവാചകത്വം അല്ലാതെ മറ്റൊന്നുമാ യിരിക്കാവതല്ല.

പ്രവാചകത്വം അനുഗ്രഹമായതുകൊണ്ട്
അതു പ്രാപ്യമാണ്.

വാസ്തവത്തിൽ. 'മതത്തെ പരിപൂർണ്ണമാക്കി' എന്നതിനെ തുടർന്ന 'അനുഗ്രഹത്തെ പൂർത്തീകരിച്ചു' എന്നു പറഞ്ഞിട്ടുള്ളതിൽനിന്നു, മതത്തിൻെറ പൂർണ്ണതയാൽ ലഭ്യമാകാവുന്നതും പൂർണ്ണമല്ലാത്ത മതത്തോടുള്ള തുടച്ചുമൂലം സാദ്ധ്യമല്ലാത്തതും ആയ പരമമായുള്ള ഒരു അനുഗ്രഹം പ്രാപ്യമാണെന്നുതന്നെ മനസ്സിലാകുന്നു. മതം പരിപൂർണ്ണമായിരിക്കുന്നതുകൊണ്ടു ആക്കും ഇനി ദിവ്യവെളിപാടു ഉണ്ടാകയില്ലെന്നോ അനുഗ്രഹം സിദ്ധിക്കുന്നതല്ലെന്നൊ വിചാരിക്കാവതല്ല. എന്തുകൊണ്ടെന്നാൽ, ''അനുഗ്രഹത്തെ നിങ്ങളിൽ പൂർത്തീകരിച്ചു'' എന്നതുകൊണ്ടു അതു ഇസ്ലാമിൽ സ്ഥാപിതമാവുകയാണ് ചെയ്തിരിക്കുന്നതു. അതായതു, ഇനി ആ അനുഗ്രഹം ഇസ്‌ലാമിനെ പിൻപററിയവക്കല്ലാതെ മററാക്കും ലഭ്യമല്ലെന്നു വരുത്തുവാനായിട്ടാണ് 'മതത്തെ പരിപൂർണ്ണമാക്കി' എന്നതിനെ തുടൎന്നു 'അനുഗ്രഹത്തെ പൂർത്തീകരിച്ചു' എന്നു പറഞ്ഞിരിക്കുന്നതു്. 'മതത്തെ പൂർണ്ണമാക്കി' എന്നുള്ളതുകൊണ്ടു ഇനി പ്രവാചകനുണ്ടാകാവതല്ലെങ്കിൽ, 'അനുഗ്രഹത്തെ പൂർത്തീകരിച്ചു' എന്നുള്ളതുകൊണ്ടു തിരുമേനിക്കശേഷം ഒരു പ്രകാരത്തിലുള്ള അനുഗ്രഹവും ഉണ്ടാകാവതല്ലെന്നും സമ്മതിക്കേണ്ടതായിവരും. അപ്പോഠം പ്രവാചകത്വമെന്നു വേണ്ട, സിദ്ദീഖ്, ശഹീദ്, സാലിഹ് എന്നിവരുടെ സ്ഥാനങ്ങളം ഭരണാധികാരം തുടങ്ങിയ മററനുഗ്രഹങ്ങളും ഒന്നുംതന്നെ തിരുമേനിയുടെ അനുയായികഠംക്ക സിദ്ധിക്കാവതല്ലെന്നു വരുന്നതാണ്. പ്രവാചകത്വം വലുതായ ഒരു അനുഗ്രഹമാണെന്നു വിശുദ്ധഖുർആൻ പറയുന്നു. ആകയാൽ, 'അനുഗ്രഹത്തെ പൂർത്തീകരിച്ചു എന്നതിൻെറ

താല്പര്യം അതു അനയായികാക്ക പ്രാപ്യമാണെന്നല്ലാതെ, അസാദ്ധ്യമാണെന്നായിരിക്കാൻ പാടില്ല. ഖുർആൻ അനുഗ്രഹപൂർത്തീകരണത്തെക്കുറിച്ചു പ്രസ്താവിച്ചേടത്തെല്ലാം അനുഗ്രഹം ലഭ്യമാണെന്നല്ലാതെ, അലഭ്യമാണെന്നല്ല വിവക്ഷിച്ചിരിക്കുന്നതു. അനുഗ്രഹം പൂർത്തിയായിരിക്കുന്നതുകൊണ്ടു പ്രവാചകനു വരാൻ പാടില്ലെന്നു പറയുന്നപക്ഷം, യൂസുഫ്നബിയിൽ അനുഗ്രഹപൂത്തി ഉണ്ടായതായി ഖുർആൻ പറഞ്ഞിരിക്കുന്നതുകൊണ്ടു അദ്ദേഹത്തിനു ശേഷംതന്നെ പ്രവാചകനു വരാൻ പാടില്ലാത്തതാണെന്നു സമ്മതിക്കേണ്ടിവരും. യൂസുഫ്നബിയെക്കുറിച്ചു പറഞ്ഞിരിക്കുന്നതിപ്രകാരമാണ്:—

وَيُتِمُّ نِعْمَتَهُ عَلَيْكَ وَعَلَىٰ آلِ يَعْقُوبَ كَمَا أَتَمَّهَا عَلَىٰ

أَبَوَيْكَ مِن قَبْلُ إِبْرَاهِيمَ وَإِسْحَاقَ

"'അവൻ (അല്ലാഹു) തന്റെ അനുഗ്രഹത്തെ നിന്നിലും യഅ്ഖൂബിന്റെ കുടുംബത്തിലും പൂർത്തീകരിക്കുന്നതാണ്; മുമ്പ് അതു നിന്റെ രണ്ട് പിതാക്കന്മാരായ ഇബ്രാഹീമിലും ഇസ്ഹാഖിലും പൂർത്തീകരിച്ചിട്ടുള്ള പ്രകാരം തന്നെ'' (12 : 6). നമ്മുടെ ഗ്രന്ഥകർത്താവിന്റെ സിദ്ധാന്തത്തെ അവലംബിച്ചു പറയുന്ന പക്ഷം, യൂസുഫ്നബിക്കുശേഷം പ്രവാചകത്വം എന്ന അനുഗ്രഹം ആക്കും ഉണ്ടായിരിക്കാൻ പാടില്ലായിരുന്നു. എന്നാൽ, അദ്ദേഹത്തിനു ശേഷം അനേകം പ്രവാചകന്മാരുണ്ടായിട്ടുള്ളതുകൊണ്ട്, 'അനുഗ്രഹത്തെ പൂർത്തീകരിച്ചു' എന്നു പറഞ്ഞതിൽനിന്നു ഇനി അനുഗ്രഹം ലഭ്യമാകാവതല്ലെന്നു ധരിക്കുന്നതു അബദ്ധമാണെന്നു മനസ്സിലാകുന്നു. തന്നേയുമല്ല, അനു

ഗ്രഹം പൂർത്തിയായിരിക്കുന്നതുകൊണ്ട് നബിത്വമാകുന്ന പരമമായ അനുഗ്രഹം സിദ്ധിക്കാവതല്ലെന്നു അനുമാനിക്കുകയാണെങ്കിൽ, നബിത്വമെന്നല്ല, മററു യാതൊരു വിധ അനുഗ്രഹവും സിദ്ധിക്കാവതല്ലെന്നുകൂടി സമ്മതിക്കേണ്ടിവരുന്നതാണ്. അപ്പോൾ, നബിതിരുമേനി(സ) സംപൂർണ്ണന്യായപ്രമാണത്തോടുകൂടി വന്നു എന്നതും പ്രവാചകശ്രേഷ്ഠനാണെന്നതും അനുയായികൾക്കു അഭിമാനത്തിനോ അനുഗ്രഹലബ്ധിക്കോ കാരണമാകുന്നില്ലെന്നു വരും. ചുരുക്കത്തിൽ. മതം പരിപൂർണ്ണമാവുകയും അതുവഴി അനുഗ്രഹം പൂർത്തിയാവുകയും ചെയ്തിട്ടുള്ളതുകൊണ്ട് തിരുമേനിക്കുശേഷം പ്രവാചകനുണ്ടാകയില്ലെന്നല്ല, ശിഷ്യപ്രവാചകന്മാർ ഉണ്ടാകുമെന്നാണ് മനസ്സിലാകുന്നത്.

''പ്രവാചകത്വത്തിൻെറ ഉദ്ദേശ്യം അതായതു ഹിദായത്ത് പൂർത്തിയാകാതിരുന്നാൽ മനുഷ്യക്ക് പരമോന്നത പദവി പ്രാപിക്കാൻ കഴിയാതെവരും'' (ഖതമു. 16) എന്നു ഗ്രന്ഥകർത്താവുതന്നെ പറയുന്നു. എന്നാൽ, നബിതിരുമേനിയുടെ അനുയായികളിലാർക്കും പ്രവാചകത്വപദം ലഭ്യമാകാവതല്ലെങ്കിൽ. ഹിദായത്ത് പരിപൂർണ്ണമായിരിക്കുന്നതുമൂലം മനുഷ്യർക്കു പ്രാപ്യമാകുന്നതായി അദ്ദേഹം പറയുന്ന ''പരമോന്നതപദവി'' ഏതായിരിക്കാം ? സിദ്ദീഖിയ്യത്ത്‌വരെയുള്ള സ്ഥാനങ്ങൾ മുൻപ്രവാചകന്മാരുടെ അനുയായികൾക്കും ലഭിച്ചിട്ടുള്ളവ തന്നെയാണല്ലോ. അവ മാത്രമേ തിരുമേനിയുടെ അനുയായികൾക്കും ലഭ്യമാകയുള്ളവെങ്കിൽ, ഗ്രന്ഥകർത്താവു പല ആവർത്തി എടുത്തു പറഞ്ഞിരിക്കുന്ന ''പരമോന്നതപദവി''യും ''പൂർണ്ണതയുടെ അങ്ങേ അററ''വും പ്രാപിക്കാൻ സാധിക്കുമെന്നുള്ളതു നിരർത്ഥകമാകയില്ലേ? ഇങ്ങനെയുള്ള ഒരു പരമപ

ദത്തെക്കുറിച്ചു അദ്ദേഹം ഇത്ര വളരെ പറഞ്ഞതു വായനക്കാരെ ആനന്ദിപ്പിക്കുന്നതിനു മാത്രമായിരിക്കുമോ? നബി തിരുമേനിയോടുള്ള അനുസരണംകൊണ്ടു ഇങ്ങനെ പരമമായ ഒരു പദപ്രാപ്തി ഉണ്ടാകുമെന്നു് വിചാരിച്ചു വായനക്കാർ ആനന്ദംകൊള്ളുന്നതിനോ, അഥവാ, തനിക്കു തന്നെ എഴുതി തൃപ്തിയടയുന്നതിനോ ആയിട്ടല്ല ഗ്രന്ഥകർത്താവു മുന്നുദ്ധരിച്ചവിധം പറഞ്ഞതു എങ്കിൽ, ആ പ്രാപ്യമാകുന്നതായ പരമപദം ഏതാണെന്നു അദ്ദേഹം പറഞ്ഞുതരേണ്ടിയിരിക്കുന്നു. എന്നാൽ, വാസ്തവത്തിൽ പ്രാപ്യമാകാവുന്നതായുള്ള ആ പരമപദം പ്രവാചകത്വം എന്നതല്ലാതെ മറ്റൊന്നുമല്ല. ആകയാൽ, മുൻപ്രവാചകന്മാരുടെ അനുയായികൾക്കു സിദ്ധിക്കാതിരുന്ന ''പരമോന്നതപദവി''യും ''പരിപൂർണ്ണതയുടെ അങ്ങേ അററ''വും തിരുമേനിയോടുള്ള അനുസരണംവഴി അനുയായികൾക്കു പ്രാപ്യമാകുന്നതാണെന്നു ഗ്രന്ഥകർത്താവു പറയുന്നതു നിരർത്ഥകമാകാതിരിക്കേണമെങ്കിൽ, ആ പരമപദം തിരുമേനിയുടെ അനുയായികൾക്കു സിദ്ധിക്കുന്നതാണെന്നുതന്നെ സമ്മതിക്കേണ്ടിയിരിക്കുന്നു. അപ്പോൾ 'മതത്തെ പരിപൂർണ്ണമാക്കുകയും അനുഗ്രഹത്തെ പൂർത്തീകരിക്കുകയും ചെയ്തിരിക്കുന്നു' എന്നു പറഞ്ഞതുകൊണ്ടു ഇനി പ്രവാചകനുണ്ടാകയില്ലെന്നല്ല, മറിച്ചു തിരുമേനിയോടുള്ള അനുസരണം വഴി അനുയായികളിൽ പ്രവാചകനുണ്ടാകുമെന്നാണു് മനസ്സിലാകുന്നതു.

ചുരുക്കത്തിൽ, ന്യായപ്രമാണം പരിപൂർണ്ണമായിരിക്കുന്നതുകൊണ്ടു മേലിൽ പ്രവാചകനുണ്ടാകയില്ലെന്നുള്ള ന്യായം സാധുവാകുന്നതാണെങ്കിൽ, മൂസാനബിക്കുശേഷം ഇസ്രായീല്യരിൽ ആഗതരായ പ്രവാചകന്മാരെയെല്ലാം

വ്യാജവാദികളെന്നു തള്ളുകയോ, അതോ, തൌറാത്ത് ഇസ്രായീല്യക്ക പരിപൂണ്ണമായിരുന്നുവെന്നുള്ള ഖുർആൻെറ പ്രഖ്യാപനത്തെ നിരാകരിക്കുകയോ ചെയ്യുകയും, നബി തിരുമേനിയോടുള്ള അനുസരണം വഴി അനുയായികാംക്ക 'പരമോന്നതപദവി' പ്രാപിക്കുവാൻ കഴിയുമെന്നു ഗ്രന്ഥകത്താവു പറയുന്നതു അബദ്ധമാണെന്നും, അനുഗ്രഹം പൂത്തിയായിരിക്കകൊണ്ടു മേലിൽ ആക്കും അനുഗ്രഹം സിദ്ധിക്കുന്നതല്ലെന്നും സമ്മതിക്കുകയും ചെയ്യേണ്ടി വരുന്നതാണ്. സംപൂർണ്ണന്യായപ്രമാണത്തിനുശേഷം പ്രവാചകനുണ്ടാകുന്നതല്ലെന്നു ഗ്രന്ഥകത്താവു തീരുമാനിച്ചുകളഞ്ഞതു പ്രവാചകന്മാരെല്ലാം വെവ്വേറെ ന്യായപ്രമാണത്തോടുകൂടിയവരോ, നിലവിലുള്ള ന്യായപ്രമാണത്തിൽ ഭേദഗതിയെങ്കിലും ചെയ്‌വാനുള്ളവരോ ആണെന്നുള്ള ധാരണകൊണ്ടായിരിക്കുമെങ്കിൽ, അതു, നിലവിലിരിക്കുന്ന ന്യായപ്രമാണത്തിൽ യാതൊരു ഭേദഗതിയും വരുത്താതെ അതിനെത്തന്നെ നടപ്പാക്കുന്നതിന്നായിട്ടു പ്രവാചകന്മാരുണ്ടാകാമെന്നു ഖുർആനിൽനിന്നു മനസ്സിലാവുകയും അപ്രകാരമുള്ള പ്രവാചകന്മാർ മുൻസമുദായങ്ങളിൽ ഉണ്ടായിരുന്നതായി തെളിയുകയും ചെയ്യുന്നതിന്നു എതിരായിരിക്കുന്നതാണ്'. ആകയാൽ, നബിതിരുമേനി (സ്) മുഖാന്തരം ന്യായപ്രമാണം പരിപൂണ്ണമായിരിക്കുന്നുവെങ്കിലും, അതിനെത്തന്നെ നടത്തിക്കൊണ്ടുപോരുന്നതിന്നുള്ള ശിഷ്യപ്രവാചകന്മാക്ക ഇനിയും വരാവുന്നതാണെന്നും, അവരുടെ വരവുകൊണ്ടു ന്യായപ്രമാണത്തിൻെറ പരിപൂണ്ണതയ്ക്കു യാതൊരു കോട്ടവും തട്ടുന്നില്ലെന്നും മനസ്സിലാകുന്നു. തന്നിമിത്തം ഗ്രന്ഥകത്താവിൻെറ പ്രസ്തുത ന്യായവും അദ്ദേഹത്തിൻെറ വാദത്തിലേക്കു ഒരു പ്രകാരത്തിലും സാക്ഷ്യമായിത്തീരുന്നില്ല.

''ഇന്നേദിവസം ഞാൻ നിങ്ങാംക്കായി നിങ്ങളുടെ മതത്തെ പരിപൂർണ്ണമാക്കുകയും എൻെറ അനുഗ്രഹത്തെ നിങ്ങളിൽ പൂർത്തീകരിക്കുകയും ചെയ്തിരിക്കുന്നു'' (5:3) എന്ന ദൈവവാക്യത്തിൽനിന്നു, നബിതിരുമേനിക്കുശേഷം പ്രവാചകനുണ്ടാകുന്നതല്ലെന്നു തെളിയുന്നു എന്നു വരുത്തുന്നതിനായിട്ട്, ഈ വാക്യം വെളിപ്പെട്ട ദിവസത്തെ ഒരു സ്മാരകദിനമായി തിരുമേനിയുടെ അനുചരന്മാർ കരുതിയിരുന്നുവെന്നും, 'സഹീഹുബുഖാരി'യിൽ പ്രസ്തുതവാക്യത്തെ വ്യാഖ്യാനിച്ച ഘട്ടത്തിൽ, അതു യഹൂദക്കായിരുന്നു വെളിപ്പെട്ടതെങ്കിൽ അവർ ആ ദിവസം പെരുന്നാളാചരിക്കുമായിരുന്നു എന്നു ഒരു യഹൂദി ഹസ്രത്ത് ഉമറിനോടു പറഞ്ഞതിനു അദ്ദേഹം, ആ തിരുവാക്യം വെളിപ്പെട്ടതു എപ്പോഴെന്നു തനിക്കു അറിയാമെന്നു മറുപടി പറഞ്ഞുവെന്നും, അന്നേദിവസം തിരുമേനി അറഫായിൽ ചെയ്ത പ്രസംഗത്തിൽ ''ഞാൻ ദൈവസന്ദേശത്തെ നിങ്ങാംക്കു പരിപൂർണ്ണനിലയിൽ എത്തിച്ചുതന്നില്ലയോ'' എന്നു ചോദിച്ചുവെന്നും ഗ്രന്ഥകത്താവ് സവിസ്തരമായി പ്രസ്താവിച്ചിട്ടുണ്ട്. അദ്ദേഹം ഈ സംഗതികാം എടുത്തുകാണിച്ചുകൊണ്ട്, തിരുമേനി അറഫായിലെ പ്രസംഗത്തിൽ പറഞ്ഞത് പ്രസ്തുത ദൈവവാക്യത്തെക്കുറിച്ചായിരുന്നുവെന്നും, അനുചരന്മാർ ആ വാക്യം വെളിപ്പെട്ട ദിവസത്തെ ഒരു സ്മാരകദിനമായി കരുതിയിരുന്നുവെന്നും വായനക്കാരെ മനസ്സിലാക്കുന്നു. എന്നാൽ തൻെറ പുസ്തകത്തിലെ 18-ം 19-ം വശങ്ങളിൽ ചേത്തപ്രകാരം ഈ സംഗതികാം 'ബുഖാരി'യിൽ എവിടെയാണ് പറഞ്ഞിരിക്കുന്നതെന്നു അദ്ദേഹം കാണിച്ചുതന്നാൽ കൊള്ളാം! പ്രസ്തുത ദൈവവാക്യത്തെ സംബന്ധിച്ചുള്ള രിവാ

യത്തുകരം (വാത്ഃനിവേദനങ്ങരം) ബുഖാരിയിൽ പല സ്ഥലങ്ങളിലും ചേർത്തുകാണാം. ഒരു ''യഹൂദി ഹസ്രത്ത് ഉമറിനോട്ട, 'നിങ്ങരം നിങ്ങളുടെ ഗ്രന്ഥത്തിൽ ഒരു വാക്യത്തെ ഓതുന്നു. അതു ഇറങ്ങിയതു ഞങ്ങരംക്കായിരുന്നവെങ്കിൽ ഞങ്ങരം ആ ദിവസം പെരുന്നാളാചരിക്കുമായിരുന്നു' എന്നു പറഞ്ഞപ്പോരം, അദ്ദേഹം അതേതു വാക്യമാണെന്നു ചോദിച്ചു. അതിനു യഹൂദി 'അൽയൌമ അക് മൽതു' എന്നു തുടങ്ങുന്നവാക്യം ഓതിക്കൊടുത്തു. അപ്പോരം ഹസ്രത്ത് ഉമർ, 'അതിറങ്ങിയ ദിവസവും സ്ഥലവും എനിക്കു നല്ലപോലെ അറിയാം' എന്നു പറയുകയുണ്ടായി'' എന്നിങ്ങനെ 'ബുഖാരി'യുടെ ആരംഭഘട്ടത്തിൽ 'കിതാബുൽ ഈമാനി'ൽ പ്രസ്താവിക്കപ്പെട്ടു കാണുന്നു. ഇതിൽനിന്നു, പെരുന്നാരം 'ആഘോഷിക്കുന്നതിനു അർഹതയുള്ളതായ ആ തിരുവാക്യം ഏതാണെന്നു ഹസ്രത്ത് ഉമർ ഒരു യഹൂദിയോട്ട അങ്ങോട്ടു ചോദിക്കയാണുണ്ടായതെന്നും, അനുചരന്മാർ ഗ്രന്ഥകർത്താവു പറയുന്നപോലെ ആ ദിവസത്തെ ഒരു സ്മാരകദിനമായി കരുതിപോന്നിട്ടില്ലെന്നും ആണ് മനസ്സിലാകുന്നതു. ഇപ്രകാരംതന്നെ നബിതിരുമേനി (സ) അറഫായിലെ പ്രസംഗത്തിൽ പ്രസ്തുത ദൈവവാക്യത്തെക്കുറിച്ചു യാതൊന്നുംതന്നെ പറഞ്ഞതായി 'ബുഖാരി'യിൽ കാണുന്നില്ല. തിരുമേനി അന്നേദിവസം പല സന്ദേശങ്ങളും ജനങ്ങരംക്കു നൽകിയതിന്നു ശേഷം, താൻ ആ ദിവ്യസന്ദേശങ്ങരം എത്തിച്ചുകഴിഞ്ഞില്ലയോ എന്നു പറയുകമാത്രമാണുണ്ടായതു്. ആകയാൽ, ഗ്രന്ഥകർത്താവു പറയുന്നപോലെ പ്രസ്തുത ദൈവവാക്യത്തെക്കുറിച്ചു നബിതിരുമേനി (സ) അറഫായിലെ പ്രസംഗത്തിൽ യാതൊന്നും പറഞ്ഞിരുന്നില്ലെന്നും, ആ വാക്യത്തിൽനിന്നു തിരുമേനിക്കു ശേഷം പ്രവാചകനുണ്ടാ

കുന്നതല്ലെന്നു തെളിയുന്നില്ലെന്നും സ്പഷ്ടമായി. ഗ്രന്ഥകൎത്താവു പ്രമാണമായി ഉദ്ധരിച്ച പ്രസ്തുത ദൈവവാക്യത്തിനു അനുബന്ധകമായി മുൻകാണിച്ച സംഗതികളെല്ലാം എടുത്തു പറഞ്ഞതു്, മേലിൽ പ്രവാചകനുണ്ടാകാവതല്ലെന്നു ആ വാക്യത്തിൽനിന്നു തെളിയുന്നു എന്നുള്ള തന്റെ അനുമാനത്തെ ബലപ്പെടുത്തുന്നതിനു വേണ്ടിയായിരിക്കാം. എന്നാൽ ആ വാക്യം അദ്ദേഹത്തിന്റെ സിദ്ധാന്തത്തെ സ്ഥാപിക്കുന്നതിനു ഒരു പ്രകാരത്തിലും, തെളിവായിത്തീരുന്നില്ലെന്നു മുൻവിവരണംകൊണ്ടു നല്ലപോലെ വിശദമായിരിക്കുന്നു.

## നാലാം അദ്ധ്യായം

## സുരക്ഷിതന്യായപ്രമാണവും പ്രവാചകാവതാരവും

### സുരക്ഷിതമായ ന്യായപ്രമാണം പ്രവാചകാവതാരത്തിന്നു പ്രതിബന്ധമല്ല

നബിതിരുമേനിക്കശേഷം പ്രവാചകനുണ്ടാകുന്നതല്ലെന്നു സ്ഥാപിക്കുന്നതിനായിട്ടു നമ്മുടെ ഗ്രന്ഥകർത്താവു കാണിച്ചിരിക്കുന്ന മററൊരു ന്യായം, വിശുദ്ധഖുർആൻ ''സുരക്ഷിതമായിത്തന്നെ സ്ഥിതിചെയ്യുന്നു''* എന്നുള്ളതാണ്. മുമ്പുള്ള ദൈവികഗ്രന്ഥങ്ങളെല്ലാം മനുഷ്യകൈയേററം നിമിത്തം രൂപാന്തരപ്പെട്ടുപോകയും ഖുർആനാകട്ടെ, അല്ലാഹു അതിനെ സംരക്ഷിക്കുമെന്നുള്ള വാഗ്ദാനമനുസരിച്ചു, സുരക്ഷിതമായിരിക്കയും ചെയ്കതിൽനിന്നു, നബിതിരുമേനിക്കശേഷം പ്രവാചകനുണ്ടാകാവതല്ലെന്നു മനസ്സിലാകുന്നു എന്ന് ഗ്രന്ഥകർത്താവു പറയുന്നു. വിശുദ്ധഖുർആൻ സുരക്ഷിതമായ ന്യായപ്രമാണഗ്രന്ഥമാണെന്നു കാണിക്കുന്നതിനു അദ്ദേഹം,

انا نحن نزلنا الذكر و انا له لحافظون

''നിശ്ചയമായും നാമത്രെ ഈ ഗ്രന്ഥത്തെ ഇറക്കിയിരിക്കുന്നതു; നാംതന്നെ അതിനെ സംരക്ഷിച്ചുകൊള്ളുന്നതാ

---

* ഖത്തമുന്നുബുബ്വത്ത്, ഭാ. 19

ണ്''' (15:9), എന്ന ദൈവവാക്യത്തെ ഉദ്ധരിക്കുകയും ചെയ്യുന്നു. ഈ ദിവ്യവാഗ്ദാനമനുസരിച്ചു ഖുർആൻ ഇതേവരെ സുരക്ഷിതമായിരിക്കുന്നുണ്ടെന്നും അന്ത്യനാശം വരെ അപ്രകാരം സുരക്ഷിതമായിരിക്കുന്നതാണെന്നും ഉള്ളതു വാസ്തവംതന്നെ. എന്നാൽ, അതു പരിപൂർണ്ണമായ ന്യായപ്രമാണമായിരിക്കയാൽ മേലിൽ പ്രവാചകനുണ്ടാകാവതല്ലെന്നു ഗ്രന്ഥകർത്താവു തീരുമാനിച്ചതു അബദ്ധമായിരിക്കുന്നതുപോലെത്തന്നെ, അതു സുരക്ഷിതമായിരിക്കുന്നുവെന്നുള്ളതുകൊണ്ടു ഇനി പ്രവാചകനുണ്ടാകാവതല്ലെന്നു തീരുമാനിച്ചതും കേവലം അബദ്ധമാണ്. ന്യായപ്രമാണത്തിന്റെ പരിപൂർണ്ണത പ്രവാചകാവതാരത്തിനു തടസ്സമാകാതിരിക്കുന്നപോലെത്തന്നെ അതു സുരക്ഷിതമാണെന്ന സംഗതിയും തടസ്സമാകുന്നില്ല. വിശുദ്ധഖുർആനുശേഷം വേറെ യാതൊരു ന്യായപ്രമാണത്തിന്റേയും ആവശ്യകതയില്ലെന്നു പറയുന്നതു അതു പരിപൂർണ്ണമാണെന്നുള്ളതുകൊണ്ടുമാത്രമല്ല, സുരക്ഷിതമാണെന്നുള്ളതുകൊണ്ടുകൂടിയാണ്. നബിതിരുമേനിക്കുശേഷം പ്രവാചകനുണ്ടാകുന്നതല്ലെന്നു ഗ്രന്ഥകർത്താവു അനുമാനിക്കുന്നതും ഖുർആനു ഈ രണ്ടു ലക്ഷണങ്ങളും തികഞ്ഞിരിക്കുന്നതുകൊണ്ടുതന്നെയാണെന്നു അദ്ദേഹത്തിന്റെ സ്വന്തം പ്രസ്താവനയിൽനിന്നു മനസ്സിലാകുന്നു. അദ്ദേഹം പറയുന്നു:—''പരിപൂർണ്ണതക്കു ഒരിക്കലും കേടു തട്ടുകയില്ലെന്നുള്ള ഒരു ആശ്വാസം ഇല്ലെങ്കിൽ ആ വാക്യം മനസ്സിനു സന്തോഷത്തെ പ്രദാനം ചെയ്യുകയില്ലായിരുന്നു'' (ഖതമ്. ഭാ. 19). വീണ്ടും:—''ഒരു ഭാഗത്തിൽകൂടി ഹിദായത്ത് അതിന്റെ പരിപൂർണ്ണനിലയെ പ്രാപിച്ചിരിക്കുന്നു എന്നു കാണിക്കുന്നു. മററൊരു ഭാഗത്തി

ൽകൂടി, അതിനെ സംരക്ഷിക്കാനായി വാഗ്ദാനംചെയ്തു കൊണ്ടു പുതിയ പ്രവാചകത്വത്തിനുള്ള വാതിൽ ബല മായി അടച്ചിരിക്കുന്നുവെന്നും കാണിക്കുന്നു'' (ഭാ. 21). ഈ ഉദ്ധാരണങ്ങളിൽനിന്നു, വിശുദ്ധഖുർആൻ പരിപൂർണ്ണ ന്യായപ്രമാണമായതുകൊണ്ടു യാതൊരു വ്യത്യാസവും വ രാതെ സുരക്ഷിതമായിരിക്കുന്നു എന്നും, ഇങ്ങനെ പരി പൂർണ്ണവും സുരക്ഷിതവും ആയിരിക്കുന്നതുകൊണ്ടു മേലി ൽ പ്രവാചകനുണ്ടാകാവതല്ലെന്നും ആണ് ഗ്രന്ഥകർത്താ വ് പറയുന്നതെന്നു മനസ്സിലാകുന്നു. എന്നാൽ, ന്യായപ്ര മാണം സുരക്ഷിതമായിരിക്കുന്നതിനു കാരണഭൂതമായ അതിൻെറ 'പരിപൂർണ്ണത'തന്നേയും മേലിൽ പ്രവാചകൻ വരുന്നതിനു പ്രതിബന്ധമായിരിക്കുന്നില്ലെന്നു മുൻ അ ദ്ധ്യായത്തിൽ തെളിയിച്ചുകഴിഞ്ഞിട്ടുണ്ട്.

ഇപ്രകാരം സംരക്ഷണയ്ക്കു ആസ്പദമായ 'പ രിപൂർണ്ണത' തന്നെ പ്രവാചകാവതാരത്തിനു തടസ്സമാ കാതിരിക്കുമ്പോൾ, പരിപൂർണ്ണതയുടെ ഫലമായുണ്ടായ സുരക്ഷിതത്വം തടസ്സമാകുന്നതെങ്ങനെ?: പരസ്പരം ബന്ധിച്ചുനില്ക്കുന്ന പ്രസ്തുത ലക്ഷണങ്ങളിൽ ഒന്നാമത്തേതും രണ്ടാമത്തേതിനു ആസ്പദമായിരിക്കുന്നതുമായ ന്യായപ്രമാ ണത്തിൻെറ 'പരിപൂർണ്ണത'തന്നെ പ്രവാചകാവതാരത്തി നു തടസ്സമാകുന്നില്ലെന്നു തെളിഞ്ഞിരിക്കയാൽ, രണ്ടാമ ത്തെ സംഗതിയായ സുരക്ഷിതത്വം തടസ്സമാകുന്നുവെ ന്നുള്ള അനുമാനം ന്യായപൂർവ്വകമല്ലെന്നുള്ളത് സുവ്യക് തമാണ്. ചുരുക്കത്തിൽ, വിശുദ്ധഖുർആൻ പരിപൂർ ണ്ണമായ ന്യായപ്രമാണമായിരിക്കുന്നതുകൊണ്ടു അതു സു രക്ഷിതമായിരിക്കുന്നതാണെന്നുള്ള ദിവ്യവാഗ്ദാനമനു സരിച്ചു നിർബ്ബാധമായി സാക്ഷാൽരൂപത്തിൽ സ്ഥി തിചെയ്യുന്നുവെന്നുള്ളതു വാസ്തവംതന്നെ. എന്നാൽ, അ

തു ഇപ്രകാരം സുരക്ഷിതമായിരിക്കുന്നതുകൊണ്ടു മേലിൽ പ്രവാചകനുണ്ടാകാവതല്ലെന്നു പറയുന്നത്, ന്യായപ്രമാണം പരിപൂർണ്ണമായിരിക്കകൊണ്ടു പ്രവാചകനുണ്ടാകാവതല്ലെന്നു പറയുന്നതിനേക്കാൾ ഏറെ ന്യായരഹിതമായിട്ടുള്ളതാണ്. എന്തുകൊണ്ടെന്നാൽ, ന്യായപ്രമാണത്തിൻെറ പരിപൂർണ്ണതയ്ക്കു പ്രവാചകൻ വരാതിരിക്കുക എന്നുള്ളതുമായി യാതൊരു ബന്ധവുമില്ലാത്തതുകൊണ്ടു ഒന്നു മററതിലേക്ക് പ്രമാണമായിരിക്കാത്തതുപോലെതന്നെ ന്യായപ്രമാണം സുരക്ഷിതമാണെന്നുള്ളതിനു പ്രവാചകനുണ്ടാകാതിരിക്കുക എന്നതുമായി ബന്ധമില്ലാത്തതിനാൽ അതും വിഷയത്തിലേക്കു പ്രമാണമായിത്തീരുന്നില്ല. ഇങ്ങനെ തെളിവായി കാണിക്കുന്ന പ്രമാണത്തിനു സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന വിഷയവുമായി ഉണ്ടായിരിക്കേണ്ട ബന്ധത്തെക്കുറിച്ചു ചിന്തിക്കാതിരുന്നതുകൊണ്ടോ, ആ സംഗതി മനസ്സിലാക്കാതിരുന്നതുകൊണ്ടോ ആയിരിക്കാം ഗ്രന്ഥകർത്താവു മുമ്പെ ചില സംഗതികളെ പ്രമാണങ്ങളായി കാണിച്ചിരിക്കുന്നപോലെ പ്രസ്തുത സംഗതിയെയും പ്രമാണമായികാണിച്ചിരിക്കുന്നത്. വാസ്തവത്തിൽ, ന്യായപ്രമാണം സുരക്ഷിതമാണെന്ന സംഗതി ഒരു പ്രകാരത്തിലും പ്രവാചകാവതാരത്തിനു തടസ്സമാകുന്നതല്ലെന്നു നിഷ്പക്ഷമായി ചിന്തിക്കുന്നപക്ഷം ഒരു മതപണ്ഡിതനു മനസ്സിലാക്കുവാൻ ഒട്ടും പ്രയാസമില്ലാത്തതാണ്.

ഗ്രന്ഥകർത്താവിൻെറ ന്യായം സാധുവാകുമെങ്കിൽ
അനേകം പ്രവാചകന്മാരെ നിഷേധിക്കേണ്ടിവരും.

ഓരോരു പ്രവാചകന്നും പ്രത്യേകമായ ന്യായപ്രമാണമുണ്ടെന്നു വരുന്നതായാൽ മാത്രമേ, വിശുദ്ധഖുർആൻ പരിപൂർണ്ണമായ ന്യായപ്രമാണമായതുകൊണ്ടു ഇനി പ്രവാ

ചകന്നു വന്നുകൂടാ എന്നു പറയുന്നതു സാധുവാകയുള്ളു. എന്നാൽ, പ്രവാചകന്മാരെല്ലാവരും വെവ്വേറെ ന്യായപ്രമാണത്തോടു കൂടിയവരായിരുന്നില്ലെന്നും നിലവിലുള്ള ന്യായപ്രമാണത്തെ നടത്തുന്നതിനായിട്ടും പ്രവാചകന്മാർ വന്നിട്ടുണ്ടായിരുന്നുവെന്നും വിശുദ്ധഖുർആനിൽനിന്നു മനസ്സിലാകുന്നുണ്ടു. മൂസാനബിയുടെ ന്യായപ്രമാണത്തെ നടത്തുന്നതിനായിട്ടു പ്രവാചകന്മാർ വന്നുകൊണ്ടിരുന്നതായി വിശുദ്ധഖുർആൻ പറയുന്നതിനെ ഗ്രന്ഥകർത്താവു സമ്മതിക്കുന്നുമുണ്ടു. ആകയാൽ, ന്യായപ്രമാണം സുരക്ഷിതമായിരിക്കുന്നതുകൊണ്ടു ഇനി പ്രവാചകനു വരാൻ പാടില്ലെന്നു പറയുകയാണെങ്കിൽ, മുൻകഴിഞ്ഞ ഓരോ പ്രവാചകൻെറ ആഗമനംകൊണ്ടും അദ്ദേഹത്തിനു മുമ്പു നിലവിലുള്ള ന്യായപ്രമാണം സുരക്ഷിതമല്ലാതായിത്തീരുകയും തന്മൂലം ഓരോ പ്രവാചകൻെറയും ആഗമനത്തോടുകൂടി പുതിയതായ ഓരോ ന്യായപ്രമാണം ഉണ്ടായിത്തീരുകയും ചെയ്തിട്ടുണ്ടെന്നു സമ്മതിക്കേണ്ടിവരുന്നതാണ്. അഥവാ, ഓരോ പ്രവാചകൻെറ വരവിനാലും മുൻന്യായപ്രമാണം സുരക്ഷിതമല്ലാതായിത്തീർന്നിട്ടില്ലെങ്കിൽ, നബിതിരുമേനിയുടെ ന്യായപ്രമാണം സുരക്ഷിതമാണെന്നതുകൊണ്ടു മേലിൽ പ്രവാചകനുണ്ടാകാവതല്ലെന്നു പറയുന്നതു ഒരിക്കലും ന്യായീകരിക്കപ്പെടാവുന്നതല്ല. പ്രവാചകന്മാരെല്ലാം ന്യായപ്രമാണത്തോടുകൂടി വന്നവരല്ലെന്നും നിലവിലുള്ള ന്യായപ്രമാണത്തിലേക്കു ക്ഷണിക്കുന്നതിനായിട്ടും പ്രവാചകന്മാർ ഉണ്ടായിട്ടുണ്ടെന്നും തെളിഞ്ഞിരിക്കയാൽ, സുരക്ഷിതമായ ന്യായപ്രമാണമിരിക്കുന്നതുകൊണ്ടു പ്രവാചകനുണ്ടാകാവതല്ലെന്നുള്ള ഗ്രന്ഥകർത്താവിൻെറ വാദം ദുർബ്ബലപ്പെട്ടുപോകുന്നു. ന്യായപ്രമാണം കൂടാതുള്ള പ്രവാചകൻ വന്നിരുന്നതു നിലവിലുണ്ടായിരുന്ന ന്യായപ്രമാണത്തെ നടത്തുന്നതിനായിട്ടുതന്നെയാണല്ലൊ. മുൻ

ന്യായപ്രമാണം സുരക്ഷിതമായിരിക്കാതെ മനുഷ്യകയ്യേ റെത്താൽ അലങ്കോലപ്പെട്ടുപോയെങ്കിൽ, പിൻവന്ന പ്ര വാചകനു ആ മതപ്രമാണത്തിലേയ്ക്കു ക്ഷണിക്കാൻ പാടി ല്ലാതായിത്തീരുകയും, മറിച്ചു പിൻവന്ന പ്രവാചകൻ ആ പ്രമാണത്തിലേക്കുതന്നെ ക്ഷണിച്ചിട്ടുണ്ടെങ്കിൽ അതു സു രക്ഷിതമായിരുന്നുവെന്നു വരുകയും, ചെയ്യുന്നതാണ്. ആ കയാൽ, ഒന്നുകിൽ പ്രവാചകന്മാരേവരും വെവ്വേറെ ന്യാ യപ്രമാണത്തോടുകൂടിയവരാണെന്നു സമ്മതിക്കുകയോ, അല്ലെങ്കിൽ, ഒരു ന്യായപ്രമാണം സുരക്ഷിതമായിരിക്കു മ്പോഴം അതിനു വിധേയനായിട്ടു മറെറാരു പ്രവാചകനു വന്നു കൂടാത്തതാണെന്നുള്ള സിദ്ധാന്തം അബദ്ധമാണെന്നു സ്വീകരിക്കുകയോ ചെയ്യേണ്ടിയിരിക്കുന്നു. എന്തുകൊ ണ്ടെന്നാൽ, ഈ രണ്ടു സംഗതികളും പരസ്പരം അഭേദ്യമാം വിധത്തിൽ ബന്ധിച്ചുനില്ക്കുന്നവയാണ്. കൂടാതെ, പ്ര വാചകന്മാരെല്ലാം വെവ്വേറെ ന്യായപ്രമാണങ്ങളോടുകൂടി യവരായിരുന്നില്ലെന്നു ഗ്രന്ഥകർത്താവുതന്നെ സമ്മതി ച്ചിട്ടുള്ളതിനാൽ, ചില പ്രവാചകന്മാർ നിലവിലുണ്ടായി രുന്ന ന്യായപ്രമാണങ്ങളെ നടത്തുന്നതിനായിട്ടു വന്നവരാ യിരുന്നു എന്നു അദ്ദേഹത്തിനു സമ്മതിക്കാതിരിപ്പാൻ നി വൃത്തിയില്ല. അപ്പോഴം സുരക്ഷിതമായ ന്യായപ്രമാണം നിലവിലിരിക്കുന്നതുകൊണ്ടു മേലിൽ പ്രവാചകനുണ്ടാകാ വതല്ലെന്നുള്ള വാദം അദ്ദേഹത്തിന്റെ സ്വന്തം പ്രസ്താവ നക്കുതന്നെ എതിരായിത്തീരുന്നു. ചുരുക്കത്തിൽ, മുൻക ഴിഞ്ഞ പ്രവാചകന്മാരെല്ലാം പ്രത്യേകം ന്യായപ്രമാണ ങ്ങളോടുകൂടി വന്നവരായിരുന്നുവെന്നും അവരോരോരുത്ത രുടേയും ആഗമനകാലത്തു മുൻന്യായപ്രമാണം മനുഷ്യകൈ യേററത്താൽ അലങ്കോലപ്പെട്ടുപോയിരുന്നുവെന്നും ഗ്രന്ഥ കർത്താവു സമ്മതിക്കുന്നതിനു ഒരുക്കമെങ്കിൽ മാത്രമെ, വിശുദ്ധഖുർആൻ സുരക്ഷിതമായിരിക്കുന്നതുകൊണ്ടു മേ

ലിൽ പ്രവാചകനു വരാവുന്നതല്ലെന്നുള്ള അദ്ദേഹത്തിൻെറ വാദം സാധുവാകയുള്ളൂ; എന്നാൽ, പ്രവാചകന്മാരെല്ലാം വെവ്വേറെ ന്യായപ്രമാണത്തോടുകൂടി വന്നവരല്ലാത്തതു കൊണ്ടു, പരിപൂർണ്ണന്യായപ്രമാണം, പിറകെ പ്രവാചകൻ വരുന്നതിനു തടസ്സമാകാതിരിക്കുന്നപോലെത്തന്നെ അതു സുരക്ഷിതമാണെന്നതും അതിനു തടസ്സമായിത്തീരുന്നില്ല.

മൂസാനബിക്കുശേഷം ഇസ്രായീല്യരുടെ ഇടയിൽ തുടർച്ചയായി പ്രവാചകന്മാർ വന്നുകൊണ്ടിരുന്നതായി വിശുദ്ധഖുർആൻ പ്രസ്താവിക്കുന്നതു മുൻവിവരിച്ചുവല്ലൊ. ഇനി ഈ വിഷയകമായി നബിതിരുമേനി (സ) അരുളിച്ചെയ്തിരിക്കുന്നതു കാണുക:—

كَانَتْ بَنُوا اِسْرَائِيلَ تَسُوسُهُمُ الاَنْبِيَاءُ كُلَّمَا هَلَكَ نَبِيٌّ خَلَفَهُ نَبِيٌّ

''ഇസ്രായീൽക്കാരെ പ്രവാചകന്മാർ ഭരിച്ചുകൊണ്ടിരുന്നു; ഒരു പ്രവാചകൻ മരിച്ചപ്പോൾ മറെറാരു പ്രവാചകൻ അദ്ദേഹത്തിനു പ്രതിപുരുഷനായി വന്നു'' (സഹീഹു ബുഖാരി). ഇതിൽനിന്നു, ഇസ്രായീൽക്കാരിൽ പ്രവാചകന്മാർ ഒന്നിൻപിൻഒന്നായി എഴുന്നേല്പിക്കപ്പെട്ടുകൊണ്ടിരുന്നു എന്നു മനസ്സിലാകുന്നു. ന്യായപ്രമാണം സുരക്ഷിതമായതു കൊണ്ടു ഒരു പ്രവാചകനും വരാൻ പാടില്ലെന്നു പറയുന്നതു സ്വീകാര്യമാണെന്നു വരുകിൽ, മൂസാനബിയുടെ നിര്യാണത്തോടുകൂടി തൌറാത്ത് മനുഷ്യകൈയേററത്താൽ അലങ്കോലപ്പെട്ടുപോയിരുന്നുവെന്നും തന്മൂലം, അദ്ദേഹത്തിനുശേഷം വന്ന പ്രവാചകൻ പുതിയ ന്യായപ്രമാണ

ത്തോടുകൂടിയ ആളായിരുന്നുവെന്നും സമ്മതിക്കേണ്ടിവരുന്നതാണ്. എന്നാൽ, ഒരുപ്രവാചകൻ മുഖാന്തരം വെളിപ്പെട്ട ന്യായപ്രമാണം അദ്ദേഹത്തിൻെറ നിര്യാണത്തോടുകൂടി മനുഷ്യകൈയേററത്താൽ അലങ്കോലപ്പെട്ടുപോയെന്നു വിവേകമുള്ള ആരും സമ്മതിക്കാവതല്ല. എന്തുകൊണ്ടന്നാൽ, അങ്ങനേയുള്ള മനുഷ്യകൈയേററവും രൂപഭേദവും മതപ്രമാണത്തിനു ഉണ്ടായിത്തീരുന്നതു സാവധാനത്തിൽ മാത്രമായിരിക്കുന്നതാണ്. അഥവാ അതു അപ്രകാരം അലങ്കോലപ്പെട്ടുപോയിരുന്നുവെങ്കിൽ, തീർച്ചയായും പിൻവന്ന പ്രവാചകൻ വേറൊരു ന്യായപ്രമാണം കൊണ്ടുവന്നിരിക്കേണ്ടിയിരുന്നു. അങ്ങനെ സംഭവിച്ചിരുന്നതായി നമ്മുടെ ഗ്രന്ഥകർത്താവു താനും സമ്മതിക്കുന്നില്ല. അതിനാൽ മൂസാനബിയുടെ നിര്യാണത്തോടുകൂടി തൌറാത്ത് അലങ്കോലപ്പെട്ടുപോയിരുന്നില്ലെന്നും ന്യായപ്രമാണത്തോടുകൂടി അദ്ദേഹത്തിൻെറ പിറകെ ഒരു പ്രവാചകനും വന്നിരുന്നില്ലെന്നും മനസ്സിലാകുന്നു. മറെറാരുപ്രകാരത്തിൽ പറയുന്നപക്ഷം, മൂസാനബിക്കു ശേഷം പ്രവാചകന്മാർ തുടർച്ചയായി വന്നുകൊണ്ടിരുന്നുവെന്നു വിശുദ്ധ ഖുർആനും നബിവചനവും പഠിപ്പിക്കുന്നതുകൊണ്ടു, തൌറാത്ത് മൂസാനബിയുടെ നിര്യാണത്തോടുകൂടി. അലങ്കോലപ്പെട്ടുപോയെന്നും തന്മൂലം, പിൻവന്ന പ്രവാചകൻ വേറെ ന്യായപ്രമാണം കൊണ്ടുവന്നുവെന്നും സമ്മതിക്കുകയോ, അല്ലെങ്കിൽ, മൂസാനബിയെ തുടൎന്നു പ്രവാചകന്മാർ വന്നുകൊണ്ടിരുന്നുവെന്നുള്ള വസ്തുതയെ നിഷേധിക്കുകയോ ചെയ്യേണ്ടതായിവരും. എന്തുകൊണ്ടെന്നാൽ, ഗ്രന്ഥകർത്താവിൻെറ ന്യായപ്രകാരം മതപ്രമാണം സുരക്ഷിതമായിരിക്കുമ്പോഴം മറെറാരു പ്രവാചകനു വരാൻ പാടില്ലാത്തതാണ്. ആകയാൽ മൂസാനബിയുടെ മരണത്തോടുകൂടി തൌറാത്ത് അലങ്കോലപ്പെട്ടുപോകയോ വേറെ ന്യായപ്ര

മാണം വെളിപ്പെടുകയോ ചെയ്യിട്ടില്ലാതിരിക്കെതന്നെ ഇസ്രായീൽക്കാരിൽ പ്രവാചകന്മാർ തുടർച്ചയായി വന്നിട്ടുള്ളതുകൊണ്ടു നബിതിരുമേനി(സ) മുഖാന്തരം വെളിപ്പെട്ട ന്യായപ്രമാണം സുരക്ഷിതമായിരിക്കയാൽ മേലിൽ പ്രവാചകനുണ്ടായിരിക്കാവതല്ല എന്നു പറയുന്നതു കേവലം അബദ്ധമാണെന്നു സിദ്ധിക്കുന്നു. അഥവാ ന്യായപ്രമാണം സുരക്ഷിതമായിരിക്കുന്നതുകൊണ്ടു നബിതിരുമേനിക്കുശേഷം ഒരു പ്രവാചകനും വരാൻ പാടില്ലെന്നു പറയുന്നതു സാധുവായിരിക്കുമെങ്കിൽ, മൂസാനബിക്കുശേഷം തുടർച്ചയായി വന്നുകൊണ്ടിരുന്ന അനേക പ്രവാചകന്മാരുടെ ദൌത്യത്തെ നിഷേധിക്കേണ്ടതായിവരും. ഇതിനു ഗ്രന്ഥകർത്താവു തയ്യാറില്ലെങ്കിൽ, വിശുദ്ധഖുർആൻ സുരക്ഷിതമായിരിക്കുന്നതുകൊണ്ടു മേലിൽ പ്രവാചകനുണ്ടാകാവതല്ലെന്നുള്ള വാദത്തെ കൈവെടിയാതിരിക്കുവാൻ അദ്ദേഹത്തിനു നിവൃത്തിയില്ല.

### രക്ഷാവാഗ്ദാനമുള്ളതുകൊണ്ടു ന്യായപ്രമാണത്തിന്റെ രക്ഷക്കു ഏർപ്പാടുണ്ടായിരിക്കേണ്ടതാണ്

ഖുർആൻ പരിപൂർണ്ണവും സുരക്ഷിതവും സ്വീകാര്യവും ആയ ഒരു ന്യായപ്രമാണമാണെന്നു ലോകത്തെ പ്രബോധിപ്പിക്കുന്നതിനും അതിന്റെ ശ്രേഷ്ഠതയേയും ദിവ്യത്വത്തേയും തെളിയിച്ചുകാട്ടുന്നതിനും വേണ്ടിയുള്ള നബിതിരുമേനിയുടെ ശിഷ്യനായ ഒരു പ്രവാചകന്റെ വരവിനു, ആ വിശുദ്ധ ഗ്രന്ഥത്തെക്കുറിച്ച രക്ഷാവാഗ്ദാനം പ്രതിബന്ധമായിരിക്കുന്നു എന്നു പറയുന്നതു ശരിയായിരിക്കുമെങ്കിൽ, ഖലീഫമാരും മുജദ്ദിദമാരുംകൂടി ഇസ്ലാമിൽ ഉണ്ടായിരിക്കാവതല്ലെന്നു പറയുന്നതും ശരിയായിരിക്കേണ്ട

താണ്. എന്തുകൊണ്ടെന്നാൽ, അവരും ഒരുപ്രകാരത്തിൽ ഇതേ ഉദ്ദേശ്യനിവൃത്തിക്കായിക്കൊണ്ടു വരുന്നവർ തന്നെയാണല്ലോ. ''നാം തന്നെ അതിനെ സംരക്ഷിച്ചു കൊള്ളുന്നതാണ്'' എന്ന ദൈവീകവാഗ്ദാനംമൂലം ''ആ ഗ്രന്ഥത്തെ രക്ഷിക്കേണ്ട ചുമതല അല്ലാഹുതന്നെ ഏറെറടുത്തിരിക്കുന്നുവെന്നു നമുക്കു ഉറപ്പു'' തന്നിരിക്കുന്നു (ഖതമു. ഭാ. 21) എന്നു ഗ്രന്ഥകത്താവു പറയുന്നതു വാസ്തവംതന്നെ. എന്നാൽ, ദൈവീകവാഗ്ദാനം ഉള്ളതുകൊണ്ട് അതിൻെറ രക്ഷക്കായ്ക്കൊണ്ട് യാതൊരേർപ്പാടും ഉണ്ടായിരിക്കുന്നതല്ലെന്നല്ല, മറിച്ചു വ്യവസ്ഥിതമായ ഏർപ്പാടുണ്ടായിരിക്കുമെന്നാണ് മനസ്സിലാകുന്നത്. ഖുർആൻ ലോകത്തിനൊട്ടാകെ എല്ലാ കാലത്തേക്കും മാർഗ്ഗദർശനമായിരിക്കുന്നതുകൊണ്ടു അതിനെ സംരക്ഷിക്കുന്നതാണെന്നു അല്ലാഹു ചെയ്തിട്ടുള്ള വാഗ്ദാനത്തെ അവൻ ഖലീഫമാരുടേയും ഹാഫിസ്മാരുടെയും മുജദ്ദിദ്മാരുടേയും മുഖാന്തരം നിറവേററുന്നതായാൽ, അതു ആ വാഗ്ദാനത്തിൻെറ ശരിയായ നിലയിലുള്ള പൂർത്തീകരണം ആയിരിക്കുന്നതാണ്. അപ്രകാരംതന്നെ ആ വാഗ്ദാനത്തിൻെറ പരിപൂർത്തിക്കായിക്കൊണ്ടു ഒരു പ്രവാചകൻ നിയോഗിതനാകുന്നുവെങ്കിൽ വാഗ്ദാനം നിറവേറുകയല്ലാതെ ഭംഗപ്പെടുകയല്ല ചെയ്യുന്നത്. ഏതെങ്കിലുമൊരു കാര്യത്തിൽ ദൈവീക വാഗ്ദാനം ഉണ്ടായെന്നുവന്നാൽ ആ വാഗ്ദാനനിവൃത്തിക്കായിട്ടു യാതൊരുവിധ ഏർപ്പാടും ഉണ്ടായിരിക്കയില്ലെന്നോ അതിലേക്കു ബാഹ്യകാരണങ്ങളുടെ വ്യാപാരം ആവശ്യമായിരിക്കുന്നതല്ലെന്നോ ആണ് ഗ്രന്ഥകർത്താവു ധരിച്ചുവശായിട്ടുള്ളതെങ്കിൽ ആ ധാരണ വിശുദ്ധഖുർആൻെറ തത്വത്തിനും പ്രകൃതിനിയമത്തിനും എതിരായിട്ടുള്ളതാണ്.

ഖുർആനെക്കുറിച്ചുള്ള രക്ഷാവാഗ്ദാനത്തെ നിറവേററുന്നതിനു അല്ലാഹു ഏർപ്പെടുത്തീട്ടുള്ളതു പ്രകൃത്യനുസൃതമായ രണ്ടു മാർഗ്ഗങ്ങളാണ്. ഒന്നു അതിലെ പദസംരക്ഷണവും മററതു അർത്ഥസംരക്ഷണവുംതന്നെ. വിശുദ്ധഖുർആൻ നബിതിരുമേനി (സ) സഹചരന്മാർക്കു പഠിപ്പിച്ചുകൊടുത്ത അതേ രൂപത്തിൽ നിർബ്ബാധമായിരിക്കുക എന്നുള്ളതാണ് പദസംരക്ഷണംകൊണ്ടുള്ള പ്രയോജനം. അർത്ഥസംരക്ഷണം എന്നതിന്റെ താൽപര്യം അതിലെ തത്വോപദേശങ്ങളുടെ സാക്ഷാൽ ജീവൻ നഷ്ടമായിപ്പോകാതെ കാത്തുരക്ഷിക്കുക എന്നുള്ളതാണ്. പദസംരക്ഷണം സാധിതമാക്കുന്നതിനു നബിതിരുമേനി (സ) വിശുദ്ധഖുർആന്റെ വെളിപാടുകൾ അതാതുസമയത്തു സഹചരന്മാർക്കു പഠിപ്പിച്ചുകൊടുക്കുകയും എഴുതി സൂക്ഷിക്കുകയും സഹചരന്മാർ അതു പകർത്തെടുക്കുകയും മനഃപാഠമാക്കുകയും ചെയ്തിട്ടുണ്ട്. അനന്തരം, തിരുമേനിയുടെ നിര്യാണത്തിനുശേഷം, ഖുർആൻ മനഃപാഠമാക്കിയവരായ 'ഹാഫിസ്'മാരുടെ എണ്ണം അവരിൽ പലരുടേയും മരണംമൂലം ഗണ്യമായ നിലയിൽ കുറഞ്ഞുവന്നതായി കാണുകയാലും കഷണം കഷണമായി സ്ഥിതിചെയ്തിരുന്ന ഖുർആന്റെ ലിഖിതം നഷ്ടമായിപ്പോയെങ്കിലോ എന്നു ശങ്കിക്കുകയാലും ഹസ്രത്ത് ഉമറിന്റെ അഭിപ്രായവും ഹസ്രത്ത് അബൂബക്കറിന്റെ ആജ്ഞയും അനുസരിച്ചു ഖുർആന്റെ ലിഖിതങ്ങളെല്ലാം ഒന്നായി പകർത്തെഴുതി ഒരു ഗ്രന്ഥമായി സ്വരൂപിക്കുകയും, മൂന്നാം ഖലീഫയുടെ ഭരണകാലത്തു അതിന്റെ കുറെ പകർപ്പുകളെടുത്തു സാമ്രാജ്യത്തിന്റെ വിവിധ കേന്ദ്രങ്ങളിൽ അയച്ചുകൊടുക്കുകയും, അവിടങ്ങളിൽനിന്നു ആ പ്രതികളുടെ നിരവധി പകർപ്പുകളെ

ട്ടക്കുകയും അവയിൽ അബദ്ധങ്ങൾ കടന്നുകൂടാതിരിപ്പാൻ അന്നത്തെ ഭരണകൂടംതന്നെ മുൻകരുതലുകൾ പ്രവർത്തിക്കുകയും ചെയ്കയുണ്ടായിട്ടുണ്ട്. ഇങ്ങനെ മററു യാതൊരു മതഗ്രന്ഥത്തിനും ഉണ്ടായിട്ടില്ലാത്തവിധം രക്ഷാവ്യവസ്ഥകൾ ആദ്യ ഖലീഫമാരും ആദിമമുസ്ലിംകളും ഇസ്ലാമികഗവമ്മേണ്ടുകളും ചെയ്തുപോന്നതിനാൽ, വിമതസ്ഥർക്കുപോലും നിഷേധിക്കുവാനോ ആക്ഷേപിക്കുവാനോ വയ്യാത്തവണ്ണം അതിൻെറ സംരക്ഷണം പരിപൂർണ്ണമായിരിക്കുന്നു. ഇതു സാദ്ധ്യമായിത്തീൎന്നതു രക്ഷാവാഗ്ദാനമുള്ളതുകൊണ്ടുതന്നെയാണ്. സംരക്ഷണം മാനുഷികമായ ബന്തവസ്സു മുഖേന സാധിതമായിട്ടുള്ളതുകൊണ്ടു പ്രസ്തുത വാഗ്ദാനം പരമാത്ഥമായതല്ലെന്നോ അതു നിറവേറുകയുണ്ടായില്ലെന്നോ പറയാവുന്നതല്ല. പൂർവ്വ പുരുഷന്മാർ ഖുർആൻെറ സംരക്ഷണത്തിനു പര്യാപ്തമായ ഇത്രവളരെ കാര്യങ്ങൾ ചെയ്തുവെച്ചതു, പ്രസ്തുത വാഗ്ദാനം പരമാത്ഥമായിട്ടുള്ളതാണെന്നും തൽനിവൃത്തിക്കായി ഉണ്ടായിട്ടുള്ള വ്യവസ്ഥകളെല്ലാം ദൈവികമാണെന്നും ഉള്ളതിലേക്കു ഒരു സാക്ഷ്യമായി വിളങ്ങുന്നു. ആ പൂർവ്വന്മാർ നമ്മുടെ ഗ്രന്ഥകർത്താവിൻെറ മനഃസ്ഥിതിയോടുകൂടിയവർ ആകാതിരുന്നതു മഹാഭാഗ്യം! അല്ലാഹു രക്ഷാവാഗ്ദാനം നൽകിയിരിക്കുന്നതുകൊണ്ടു അതിനെ പുലർത്തുന്നതിനായിട്ടു അവൻതന്നെ വേണ്ടതു ചെയ്തുകൊള്ളുമെന്നും വിശുദ്ധ ഖുർആൻെറ വെളിപാട് ഒരു ഗ്രന്ഥമായി സ്വരൂപിക്കുക, മനഃപാഠമാക്കുക തുടങ്ങിയുള്ള മാനുഷികമായുള്ള ബന്തവസ്സുകളൊന്നും ആവശ്യമില്ലെന്നും വിചാരിച്ച് പൂർവ്വന്മാർ അശ്രദ്ധരായിരിക്കാതെ, ദൈവികവാഗ്ദാനം നിവൃത്തിയാകുന്നതും കാര്യകാരണബന്ധം വഴിക്കുതന്നെയാണെന്നു മനസ്സിലാക്കി രക്ഷാവ്യവസ്ഥകൾ ചെയ്തുവെ

ച്ചതിനും മുസ്ലിംലോകം അവരോട് എത്രയും കടപ്പെട്ടിരിക്കുന്നു. ചുരുക്കിപ്പറഞ്ഞാൽ, ഖുർആന്റെ സംരക്ഷണവാഗ്ദാനത്തിനുള്ള രണ്ടുവശങ്ങളിൽ ഒരുഭാഗത്തെ അല്ലാഹു ഇപ്രകാരമാണ് നിവർത്തിച്ചിരിക്കുന്നത്; എന്നല്ലാതെ ഖുർആന്റെ ഒരു കൈയ്യെഴുത്തുപ്രതി ഒരു സ്ഥലത്തു പ്രതിഷ്ഠിച്ചു ചുററുപാടും ആയുധധാരികളായ മലക്കുകളെ രക്ഷാകിങ്കരന്മാരായി നിർത്തീട്ടില്ല.

ഇപ്രകാരംതന്നെ ഖുർആന്റെ അർത്ഥസംരക്ഷണത്തിനും അല്ലാഹു വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ വ്യവസ്ഥയില്ലെന്നു വരുകിൽ സംരക്ഷണം പരിപൂർണ്ണമായിരിക്കുന്നതല്ല. ആന്തരമായ ഈ രക്ഷയെ പുലർത്തുന്നതിനു വേണ്ടി അല്ലാഹു ഓരോ പരിവർത്തനദശയിലും മതതത്വങ്ങളുടെ സാക്ഷാൽ ജീവനെ പുലർത്തുന്നവരായ മഹാപുരുഷന്മാരെ എഴുന്നേൽപിച്ചുകൊണ്ടിരുന്നു. അവർമുഖാന്തരം മതത്തിന്റെ ജീവൻ നഷ്ടമാകാതെ കാത്തുരക്ഷിച്ചുപോന്നു. അതായതു മുസ്ലിംകൾ അക്രമത്തിലും അധർമ്മത്തിലും ഏർപ്പെടുകയും, ഇസ്ലാംമതത്തിന്റെ ജീവൻ ക്ഷതിപ്പെടുകയും, അന്ധവിശ്വാസങ്ങളും മൂഢാഭിപ്രായങ്ങളും ഇസ്ലാമിൽ കടന്നുകൂടുകയും, ധാർമ്മികബോധത്തിന്നും ദൈവവിശ്വാസത്തിനും ക്ഷയം സംഭവിക്കുകയും ചെയ്തപ്പോഴെല്ലാം അല്ലാഹു മുജദ്ദിദുമാർ മുഖേന ഇസ്ലാമിനെ ഉദ്ധരിച്ചുപോന്നു. അവൻ ഇസ്ലാമിന്റെ രക്ഷക്കായി ഇങ്ങനെ ഒരേർപ്പാടുകൂടി ചെയ്തുവെച്ചിട്ടില്ലെങ്കിൽ ഇതരമതങ്ങളുടെ എന്നപോലെ ഇസ്ലാമിന്റെയും ജീവൻ നഷ്ടമായിപ്പോകയും അതിന്റെ രക്ഷക്കായി ദൈവീകവാഗ്ദാനം ഉണ്ടായിട്ടില്ലെന്നോ, ഉണ്ടെങ്കിൽത്തന്നെ അതു സത്യമായി പുലർന്നില്ലെന്നോ വരുകയും ചെയ്യുന്നതാണ്. ആകയാൽ, ഇസ്ലാമിന്റെ സ്ഥിതി വളരെ മോശപ്പെടുക

യും മുമ്പൊരിക്കലും ഉണ്ടായിട്ടില്ലാത്തവിധം അന്ധവിശ്വാസങ്ങളും അനാചാരങ്ങളും മുസ്ലിംകളുടെ ഇടയിൽ മൂടുപിടിക്കയും, ഇസ്ലാമികബോധവും ധാർമ്മികചിന്തയും അവരിൽനിന്നും അന്തർദ്ധാനം ചെയ്കയും ഈ ദുസ്ഥിതി ഒരു ദേശത്തെ മുസ്ലിംകളെ മാത്രമല്ല സർവ്വദേശത്തുള്ളവരെയും ബാധിക്കുകയും, ഇസ്ലാം അതിൻെറ പുറമെയുള്ള ശത്രുക്കളാൽ ഭയങ്കരമായ നിലയിൽ ആക്രമിക്കപ്പെടുകയും, അതിൻെറ സത്യതതന്നെ മറയ്ക്കപ്പെട്ടുപോകയും, നബിതിരുമേനിയുടെ പരിശുദ്ധ ജീവിതത്തെയും പവിത്രതയേയും ആത്മീയാവസ്ഥയെയും കുറിച്ചു ചോദ്യം ചെയ്യപ്പെടുകയും ചെയ്ത ആപൽഘട്ടത്തിൽ, ഇസ്ലാമിനെ പരാക്രമണങ്ങളിൽനിന്നു സംരക്ഷിപ്പാനും സജീവമായ അടയാളങ്ങളും ദൃഷ്ടാന്തങ്ങളുംകൊണ്ടു അതിൻെറ സത്യതയെ സ്ഥാപിക്കുവാനും ആയിട്ടു അല്ലാഹു ഒരു പ്രവാചകനെ നിയോഗിക്കുന്നുവെങ്കിൽ, അതു ഖുർആൻെറ രക്ഷാവാഗ്ദാനത്തിനു ഒരു പ്രകാരത്തിലും വിരുദ്ധമായിരിക്കുന്നതല്ല. നേരെമറിച്ചു, അങ്ങിനെയുള്ള ഒരു പുണ്യാത്മാവിൻെറ വരവിനാൽ ആ വാഗ്ദാനം എത്രയും ശോഭനമായ നിലയിൽ നിറവേറുകയാണ് ചെയ്യുന്നത്. വിശുദ്ധഖുർആനെ ''സംരക്ഷിക്കേണ്ട ചുമതല അല്ലാഹു തന്നെ ഏറ്റെടുത്തിരിക്കു'' * ന്നതുകൊണ്ടു അതിനായിട്ടു ഒരു പ്രവാചകനെ നിയോഗിക്കുന്നതായാൽ അവൻെറ ആ ''ചുമതല''ക്കു ഭംഗം വരുമെന്ന് മതപണ്ഡിതനായ ഗ്രന്ഥകർത്താവു അനുമാനിച്ചുകാണുന്നതു എത്രയും ആശ്ചര്യാവഹമായിരിക്കുന്നു. അദ്ദേഹത്തിൻെറ ഈ അനുമാനം സാധുവായിരിക്കുന്നപക്ഷം, സന്താനോൽപാദനം മാതാ

---

* ഖത്തമുന്നുബുവ്വത്ത്. ഭാ. 21.

പിതാക്കന്മാർ മുഖാന്തിരമായിരിക്കുന്നതു കൊണ്ടു അല്ലാഹു നമ്മുടെ സ്രഷ്ടാവല്ലെന്നും ഭൂമിയിലുണ്ടാകുന്ന സാധനങ്ങ ൾ ഭക്ഷിച്ചു നാം ജീവിക്കുന്നതുകൊണ്ടു അവൻ നമ്മുടെ ര ക്ഷിതാവും ദാതാവും (റാസിഖ്) അല്ലെന്നും മഹാപുരുഷ ന്മാർ മുഖാന്തരം മാർഗ്ഗദർശനം ലഭിക്കുന്നതുകൊണ്ടു അവൻ മാർഗ്ഗദർശകൻ (ഹാദീ) അല്ലെന്നും പറയുന്നതുകൂടി സാധു വായിത്തീരുന്നതാണ്. അല്ലെങ്കിൽ പിന്നെ, ഖുർആൻ സംരക്ഷിക്കപ്പെടുന്നതാണെന്ന വാഗ്ദാനമുള്ളതുകൊണ്ടു മേലിൽ പ്രവാചകനുണ്ടാകാവതല്ലെന്നു പറയുന്നതു സാ ധുവാകുന്നതെങ്ങനെ?

ഇത്തരം അടിസ്ഥാനരഹിതങ്ങളായ അനുമാന ങ്ങൾകൊണ്ടു ഇനി പ്രവാചകനുണ്ടാകയില്ലെന്നു സ്ഥാപിക്കുവാൻ ഒരുമ്പെട്ടിരിക്കുന്ന ആൾ, ലോക ത്തു സംഭവിച്ചുകൊണ്ടിരിക്കുന്ന കാര്യങ്ങളൊന്നും അല്ലാ ഹുവിൻെറ നിയമമനുസരിച്ചുള്ളതല്ലെന്നു പറയുന്നുവെങ്കി ൽ, അതും കേട്ടുകൊള്ളുകതന്നെ! അല്ലാഹു തൻെറ വാഗ്ദാ നത്തെ പാലിക്കുന്നതിനു വേണ്ടി ബന്തവസ്സ് ഒരു മഹാ ത്മാവിൻെറ നിയമനം മുഖാന്തരം ചെയ്യുന്നതുകൊണ്ടു ആ വാഗ്ദാനം ഭംഗപ്പെടുകയല്ല, നിറവേറുകയാണു ചെയ്യുന്ന തു എന്ന സംഗതി ആർക്കാണ് മനസ്സിലാക്കുവാൻ സാധി ക്കാത്തതു? പ്രത്യേകിച്ചൊരു വാഗ്ദാനം ഉള്ളതുകൊണ്ടു അതിൻെറ നിവൃത്തിക്കായി പ്രത്യേകമായ ഒരു വ്യവസ്ഥ ഉണ്ടായിരിക്കുകയല്ലേ വേണ്ടതു? ഖുർആനിലെ തത്വോപ ദേശങ്ങളുടെ ജീവൻ സംരക്ഷിക്കുന്നതിനുവേണ്ടി അദ്ധ്യാത്മ ഗുരുക്കന്മാർ ആവിർഭവിക്കുക എന്നതു ആ വാഗ്ദാനത്തി നു വിരുദ്ധമാണെന്നു പറയുന്നതു ശരിയായിരിക്കുമെങ്കി ൽ, ഖുർആൻെറ പദസംരക്ഷണം മനുഷ്യപ്രയത്നം മുഖാ ന്തരം സാധിതമായിരിക്കുന്നതുകൊണ്ടു ആ രക്ഷ ചെയ്തതു

അല്ലാഹുവല്ലെന്നും വാഗ്ദാനം നിറവേറുകയുണ്ടായില്ലെന്നും പറയുന്നതു അതിലേറെ ശരിയായിരിക്കേണ്ടതാണ്. അതല്ലെങ്കിൽ, രക്ഷാവാഗ്ദാനമുള്ളതുകൊണ്ട നബി തിരുമേനിക്കശേഷം പ്രവാചകനുണ്ടാകാവതല്ലെന്നുള്ള ഗ്രന്ഥകർത്താവിൻെറ അനുമാനം ഒരിക്കലും ശരിയായിരിക്കുന്നതല്ല.

പരിപൂർണ്ണന്യായപ്രമാണവും
പരിപൂർണ്ണപ്രവാചകത്വവും.

വിശുദ്ധഖുർആൻ സുരക്ഷിതമായിരിക്കുന്നതുകൊണ്ട മേലിൽ പ്രവാചകനുണ്ടാകാവതല്ലെന്നുള്ള അനുമാനത്തിന ഒരു താങ്ങായി ഗ്രന്ഥകർത്താവു പറയുന്നതാവിതു:- ''ശരീഅത്തു പരിപൂർത്തിയായതുകൊണ്ട അതിൻെറ വാതിൽ എപ്രകാരം അടക്കപ്പെട്ടിരിക്കുന്നുവോ അപ്രകാരംതന്നെ പ്രവാചകത്വവും അതിൻെറ പരിപൂർണ്ണാവസ്ഥ പ്രാപിച്ചതുകൊണ്ട അതിൻെറ വാതിലും അടക്കപ്പെട്ടിരിക്കുന്നു'' (ഖതമു. 22). എന്നാൽ, സുരക്ഷിതമായ ഒരു സമ്പൂർണ്ണ മതപ്രമാണത്തിനുശേഷം വേറൊരു ന്യായപ്രമാണം ഉണ്ടാകാവതല്ലെന്ന പറയുന്നതും ''പരിപൂർണ്ണാവസ്ഥ പ്രാപിച്ച'' ഒരു പ്രവാചകനുശേഷം വേറൊരു പ്രവാചകൻ വരുന്നതല്ലെന്നു പറയുന്നതും തമ്മിലുള്ള അന്തരത്തെക്കുറിച്ച സ്വല്പമായൊന്ന ചിന്തിച്ചിരുന്നുവെങ്കിൽ, സംപൂർണ്ണമായ മതപ്രമാണം നിലവിലിരിക്കുമ്പോഠം വേറൊരു പ്രമാണം ആവശ്യമില്ലെന്നുള്ള സംഗതിയെ 'പൂർണ്ണാവസ്ഥ' പ്രാപിച്ച പ്രവാചകനുശേഷം വേറൊരു പ്രവാചകൻ വരേണ്ട ആവശ്യമില്ലെന്നുള്ളതിലേക്ക ഒരു ന്യായമായി കാണിക്കുന്നതു സാധുവാകയില്ലെന്നു ഗ്രന്ഥകർത്താവിനു സ്വയം മനസ്സിലാക്കാമായിരുന്നു. എന്തെന്നാൽ, ഒന്നാമത്തെ സംഗതി രണ്ടാമത്തെ സംഗതിയുമായി വളരെ വ്യ

ത്യാസപ്പെട്ട കിടക്കുന്നതുകൊണ്ട ഒന്നാമത്തെതിൽനിന്നു മറേറസംഗതി നിർണ്ണയിക്കുവാൻ പാടില്ലാത്തതാണ്. പരിപൂർണ്ണമതപ്രമാണം സുരക്ഷിതമായിരിക്കുമ്പോൾ പുതുതായൊരു ന്യായപ്രമാണം ഉണ്ടായിക്കൂടാത്തതാണെന്ന വസ്തുതയിൽനിന്ന, 'പൂർണ്ണാവസ്ഥ'യെ പ്രാപിച്ച പ്രവാചകനുശേഷം വേറെ പ്രവാചകനു വരാൻ പാടില്ലെന്നു അനുമാനിക്കുന്നതു സാധുവായിരിക്കുമെങ്കിൽ, മൂസാനബിക്കശേഷം ഇസ്രായീല്യരിൽ വെളിപ്പെട്ട പ്രവാചകന്മാരെയെല്ലാം നിരാകരിക്കേണ്ടിവരുന്നതാണ്. എന്തുകൊണ്ടെന്നാൽ, അദ്ദേഹത്തിനുശേഷം അവക്ക വേറെ പുതുതായൊരു ന്യായപ്രമാണം ഉണ്ടാകാതിരുന്നതുകൊണ്ട തൌറാത്ത് അവർക്കു പരിപൂർണ്ണമായിരുന്ന എന്നു മനസ്സിലാകുന്നതിന്നു പുറമെ, അതവക്ക പരിപൂർണ്ണമായതായിരുന്നുവെന്നു വിശുദ്ധഖുർആൻ പ്രസ്താവിക്കുകകൂടി ചെയ്യുന്നു. ഇങ്ങനെ, പരിപൂർണ്ണമായ ന്യായപ്രമാണം ഉണ്ടായിരുന്നിട്ടും അവരുടെ ഇടയിൽ പ്രവാചകന്മാർ വന്നുകൊണ്ടിരുന്നതിൽനിന്നു, ന്യായപ്രമാണം സംപൂർണ്ണമായതുകൊണ്ട വേറൊരു പുതിയ പ്രമാണത്തിന്റെ ആവശ്യകതയില്ലെന്നു പറയുന്നതും, 'പൂർണ്ണത'യെ പ്രാപിച്ച പ്രവാചകനുശേഷം വേറൊരു പ്രവാചകനും ഉണ്ടാകുന്നതല്ലെന്നു പറയുന്നതും തമ്മിൽ വളരെ അന്തരമുണ്ടെന്നു മനസ്സിലാകുന്നു. ഇസ്രായീല്യരിൽ ആഗതരായ പ്രവാചകന്മാരിൽ പൂർണ്ണതയെ പ്രാപിച്ച പുണ്യാത്മാവു ഹസ്രത്ത് മൂസാ(അ) ആയിരുന്നുവെന്നു, അവക്ക ആവശ്യകമായിരുന്ന ന്യായപ്രമാണം അദ്ദേഹം മുഖാന്തരം വെളിപ്പെട്ടതിൽ നിന്നും നബിതിരുമേനിയെ അദ്ദേഹത്തോട അല്ലാഹു ഖുർആനിൽ ഉപമിച്ച പറഞ്ഞിരിക്കുന്നതിൽനിന്നും ഗ്രാഹ്യമാകുന്നുണ്ട. അല്ലാഹു പറയുന്നു:—

إنا ارسلنا إليكم رسولا شاهدا عليكم كما ارسلنا إلى فرعون رسولا

''നാം ഫിർഔൻെറ അടുക്കൽ ഒരു പ്രവാചകനെ അയച്ചിരുന്നപോലെ നിങ്ങളുടെ അടുക്കലും നിങ്ങളിൽ സാക്ഷിയായിരിക്കുന്ന ഒരു പ്രവാചകനെ അയച്ചിരിക്കുന്നു'' (73: 15). ചുരുക്കിപ്പറഞ്ഞാൽ, മുഴലോകത്തിനായുള്ള മതപ്രമാണത്തോടും പൂർണ്ണതയെ പ്രാപിച്ച പ്രവാചകത്വത്തോടുംകൂടെ നബിതിരുമേനി(സ) ആഗതനായിട്ടുള്ളപ്രകാരം തന്നെ ഇസ്രായീല്യർക്ക് സംപൂർണ്ണമായിരുന്ന ന്യായപ്രമാണത്തോടും പ്രവാചകത്വത്തോടുകൂടി മൂസാനബി (അ) പ്രത്യക്ഷനായിരുന്നിട്ടും, അദ്ദേഹത്തിൻെറ മാർഗ്ഗത്തെ നടത്തുന്നതിനുവേണ്ടി അനേകം പ്രവാചകന്മാർ വന്നുകൊണ്ടിരുന്നതിൽനിന്നു, സംപൂർണ്ണന്യായപ്രമാണം സുരക്ഷിതമായിരിക്കുമ്പോൾ വേറൊരു ന്യായപ്രമാണം ആവശ്യമില്ലെന്നുള്ളത് വാസ്തവംതന്നേയെങ്കിലും പൂർണ്ണതയെ പ്രാപിച്ച പ്രവാചകനുശേഷം വേറെ പ്രവാചകൻെറ ആവശ്യമില്ലെന്നു പറയുന്നതു സാധുവാകുന്നതല്ലെന്നു വെളിവാകുന്നു.

കൂടാതെ, സംപൂർണ്ണവും സുരക്ഷിതവുമായ മതപ്രമാണത്തിനുശേഷം വേറെ ന്യായപ്രമാണത്തിൻെറ ആവശ്യകതയില്ലെന്നു പറയുന്നതും 'പൂർണ്ണാവസ്ഥ'യെ പ്രാപിച്ച പ്രവാചകത്വത്തിനുശേഷം പ്രവാചകത്വംതന്നെ ഉണ്ടാകുന്നതല്ലെന്നു പറയുന്നതും ഒരുപോലെയല്ലെന്നും, അവ തമ്മിൽ വളരേ വ്യത്യാസമുണ്ടെന്നുമുള്ള സംഗതി, ''ഇന്നേ ദിവസം ഞാൻ നിങ്ങൾക്കായി നിങ്ങളുടെ മതത്തെ പരിപൂർണ്ണമാക്കുകയും എൻെറ അനുഗ്രഹത്തെ നിങ്ങളിൽ പൂർത്തീകരിക്കുകയും ചെയ്തിരിക്കുന്നു'' എന്ന ദൈവവാക്യത്തി

ൽനിന്നു മനസ്സിലാകുന്നതാണ്. അങ്ങനെ വ്യത്യാസമി ല്ലെന്നു വരുകിൽ, ന്യായപ്രമാണം പരിപൂർണ്ണമായിരി ക്കുന്നതുകൊണ്ടു ഇനി വേറെ ന്യായപ്രമാണമുണ്ടാകാവത ല്ലെന്നു പറയുന്നപോലെത്തന്നെ, അനുഗ്രഹം പൂർണ്ണമാ യിരിക്കുന്നതുകൊണ്ടു ഒരു പ്രകാരത്തിലുള്ള അനുഗ്രഹവും നബിതിരുമേനിയുടെ അനുയായികൾക്കു സിദ്ധിക്കാവത ല്ലെന്നും പറയാവുന്നതാണല്ലോ. എന്നാൽ, ഗ്രന്ഥകർ ത്താവു ഇപ്രകാരം പറയാതെ അനുഗ്രഹം ലഭ്യമാകുന്ന താണെന്നുതന്നെ പറയുന്നുവെങ്കിൽ, പരിപൂർണ്ണന്യായ പ്രമാണത്തിനു ശേഷം വേറെ ന്യായപ്രമാണം ഉണ്ടാകാ വതല്ലെന്നുള്ളതുകൊണ്ടു, പൂർണ്ണപ്രവാചകത്വം വെളിപ്പെ ട്ടതിനുശേഷം ഒരുതരത്തിലുള്ള പ്രവാചകനും ഉണ്ടാകാവത ല്ലെന്നു തീരുമാനിക്കുന്നതു അബദ്ധമാണെന്നു മനസ്സിലാ ക്കാവുന്നതാണ്. പ്രവാചകത്വം ഒരനുഗ്രഹമാണെന്നു പറ ഞ്ഞിട്ടുള്ള അല്ലാഹുതന്നെ 'അനുഗ്രഹത്തെ പൂർത്തീകരിച്ചി രിക്കുന്നു'' എന്നു പറഞ്ഞിട്ടുകൂടി, മേലിൽ യാതൊരനു ഗ്രഹവും സിദ്ധിക്കാവുന്നതല്ലെന്നു ഗ്രന്ഥകർത്താവു പറയാതിരിക്കുന്നതുകൊണ്ടു പ്രസ്തുത വ്യത്യാസം ഗ്രഹി ക്കാവുന്നതും അദ്ദേഹത്തിൻെറ അനുമാനം സാധുവാകുന്ന തല്ലെന്നു വെളിവാകുന്നതും ആണ്.

മുൻ പ്രസ്താവിച്ച ദൈവവാക്യത്തിൽനിന്നു പ്രസ്തുത വ്യത്യാസത്തെ നമ്മുടെ ഗ്രന്ഥകർത്താവിനു ഗ്രഹിക്കുവാൻ സാധിച്ചിരുന്നില്ലെങ്കിൽ, തൻെറ സ്വന്തം പ്രസ്താവനയി ൽനിന്നെങ്കിലും ഈ സംഗതി അദ്ദേഹത്തിനു ഗ്രഹിക്കാമാ യിരുന്നു. അദ്ദേഹം പറയുന്നു:—''ഏതുപ്രകാരത്തി ൽ ഒരു പുത്രൻ തൻെറ പിതാവിൻെറ ചില ഗുണങ്ങൾ കണ്ടു പഠിച്ചു ആ ഗുണങ്ങളിൽ എങ്ങനെ തൻെറ പി താവിനോടു സാദൃശ്യം പ്രാപിക്കുന്നുവോ അപ്രകാരംതന്നെ,

ഒരു പ്രവാചകനെ സര്വ്വപ്രകാരേണയും സര്വ്വവിഷയത്തിലും അനുഗമിക്കുന്ന ഒരാൾക്കു ഒരു പ്രത്യേക രീതിയിൽ ആ പ്രവാചകനോടു സാമ്യം ഉണ്ടായിത്തീരുന്നു'' (ഖതമു.26). ഇവിടെ നബിതിരുമേനിയെ അനുകരിക്കുന്നവൎക്കു ഒരു പ്രത്യേക രീതിയിൽ തിരുമേനിയോടു സാമ്യം ഉണ്ടായിത്തീരുന്നതാണെന്നു ഗ്രന്ഥകൎത്താവുതന്നെ സമ്മതിച്ചിരിക്കുന്നു. എന്നാൽ, അവർ വിശുദ്ധഖുർആനെ 'സര്വ്വപ്രകാരേണ' പിൻതുടരുന്നതുകൊണ്ടു അവൎക്കു വിശുദ്ധഖുർആനുമായി 'സാമ്യം' ഉണ്ടായിത്തീരുന്നതാണെന്നു ഗ്രന്ഥകൎത്താവു സമ്മതിക്കുകയില്ലല്ലൊ. പരിപൂൎണ്ണമായ ന്യായപ്രമാണത്തിനുശേഷം വേറെ ന്യായപ്രമാണം ആവശ്യകമല്ലെന്നു പറയുന്നതു് പരിപൂൎണ്ണപ്രവാചകത്വം വെളിപ്പെട്ടതിനുമേൽ പ്രവാചകനുണ്ടാകാവതല്ലെന്നു പറയുന്നപോലെയാണെന്നുള്ള അദ്ദേഹത്തിൻെറ ന്യായം ശരിയായിരിക്കുന്നപക്ഷം, തിരുമേനിയെ അനുഗമിക്കുന്നവൎക്കു തിരുമേനിയുമായി ഉണ്ടായിത്തീരുന്നപോലുള്ള ഒരു സാദൃശ്യം സമ്പൂൎണ്ണന്യായപ്രമാണത്തെ പിൻപററുന്നവൎക്കു ആ ന്യായപ്രമാണവുമായി ഉണ്ടായിത്തീരേണ്ടതാണു്. അങ്ങനെ ഉണ്ടാവാൻ നിവൃത്തിയില്ലെങ്കിൽ, പ്രസ്തുത സംഗതികൾ രണ്ടും ഒരേ ഇനത്തിലുള്ളതല്ലെന്നും, മേലിൽ പുതിയതായി ന്യായപ്രമാണം ഉണ്ടാവാൻ പാടില്ലാത്തപോലെത്തന്നെ യാതൊരു പ്രകാരത്തിലുള്ള പ്രവാചകനും ഉണ്ടാകാൻ പാടില്ലെന്നു പറയുന്നതു ശരിയല്ലെന്നും വരുന്നതാണു്. പരിപൂൎണ്ണന്യായപ്രമാണത്തിൽ യാതൊരു ഭേദഗതിയും വരാതേയും ആ ന്യായപ്രമാണവുമായി യാതൊരു സാദൃശ്യവും ഉണ്ടാകാതേയും ഒരു അനുഗാമിക്കു നബിതിരുമേനിയോടു ''ഒരു പ്രത്യേക രീതിയിൽ'' സാമ്യം സിദ്ധിക്കുവാൻ പാടുണ്ടെങ്കിൽ, ആ ''സാമ്യം'' പരിപൂ

ർണ്ണതയെ പ്രാപിക്കുമ്പോൾ അയാൾക്ക എന്തുകൊണ്ടു പ്രവാചകപദവിയും സിദ്ധിച്ചുകൂടാ? അതു സിദ്ധമല്ലെങ്കിൽപിന്നെ, അനുഗാമികളിൽ യാതൊരു വ്യക്തിക്കും നബിതിരുമേനിയോട യാതൊരു പ്രകാരത്തിലുള്ള സാദൃശ്യവും സിദ്ധിക്കുന്നതല്ലെന്നും സമ്മതിക്കേണ്ടിവരും. അതാകട്ടെ നമ്മുടെ ഗ്രന്ഥകർത്താവിൻെറ പ്രസ്തുത ന്യായത്തിനു എതിരായിരിക്കുന്നതാണെന്നു മാത്രമല്ല, വാസ്തവവിരുദ്ധമായിരിക്കുന്നതും കൂടിയാണ്. അതിനാൽ പരിപൂർണ്ണന്യായപ്രമാണത്തിനുശേഷം ന്യായപ്രമാണം ഉണ്ടാകാൻ പാടില്ലെന്നതുകൊണ്ട പരിപൂർണ്ണതയെ പ്രാപിച്ച പ്രവാചകനുശേഷം ഒരു പ്രകാരത്തിലുള്ള പ്രവാചകനും വരാൻ പാടില്ലെന്നുള്ള ഗ്രന്ഥകത്താവിൻെറ ന്യായം അസാധുവായിത്തീരുന്നു.

### ന്യായപ്രമാണം സുരക്ഷിതമായിരിക്കെ നബിതിരുമേനി നിര്യാതനായി

വിശുദ്ധന്യായപ്രമാണം സുരക്ഷിതമായി നമ്മുടെ പക്കൽ സ്ഥിതിചെയ്യുന്ന പ്രകാരംതന്നെ ആ പ്രമാണം കൊണ്ടുവന്ന പ്രവാചകവര്യൻ (സ) നിര്യാതനാകാതെ നമ്മുടെ ഇടയിൽ ഇരിക്കുന്നുവെങ്കിൽ, ന്യായപ്രമാണം നിലവിലിരിക്കുന്നതിനാൽ വേറെ ന്യായപ്രമാണത്തിൻെറ ആവശ്യമില്ലെന്നു പറയുന്നപോലെ ആ തിരുമേനി ജീവിച്ചിരിക്കുന്നതുകൊണ്ട വേറൊരു പ്രവാചകൻെറ ആവശ്യമില്ലെന്നു പറയാവുന്നതാണ്. പരിപൂർണ്ണ ന്യായപ്രമാണത്തിനുശേഷം വേറെ ന്യായപ്രമാണം ആവശ്യമില്ലെന്നു ഞങ്ങൾ പറയുന്നതു അതു സുരക്ഷിതമായിരിക്കുന്നതുകൊണ്ടുകൂടിയാണ്. എന്നാൽ, പരിപൂർണ്ണതയെ പ്രാപിച്ച പ്രവാചകനുശേഷം പ്രവാചകനുണ്ടാകാമെന്നു ഞങ്ങൾ പറയുന്നത്, ആ തിരുമേനി നമ്മുടെ ഇടയിൽ ജീവനോടുകൂടി നിത്യനായിരിക്കാ

തെ നിര്യാതനായിരിക്കയാലാകുന്നു. ഗ്രന്ഥകർത്താവു ഈ വ്യത്യാസത്തെ മനസ്സിലാക്കിയിരുന്നുവെങ്കിൽ, പ്രസ്തുത സംഗതിയെ അദ്ദേഹം തൻെറ വാദത്തിലേക്കു ഒരു തെളിവായി കാണിക്കുന്നതല്ലായിരുന്നു എന്നു തന്നെ വിചാരിക്കാം. എന്നാൽ, പരിപൂർണ്ണപ്രവാചകത്വത്തോടുകൂടിയ നബിതിരുമേനി(സ), താൻ കൊണ്ടുവന്ന ന്യായപ്രമാണം ഇരിക്കുന്നപോലെ, നിര്യാതനാകാതെ ഭൂമിയിൽ ജീവിച്ചിരിക്കുന്നുണ്ടെങ്കിൽ, തിരുമേനിക്കുശേഷം വേറെ പ്രവാചകൻ വരേണ്ട ആവശ്യമില്ലെന്നു ഗ്രന്ഥകർത്താവു പറയുന്നതു സാധുവായിരിക്കയും. സംപൂർണ്ണന്യായപ്രമാണമിരിക്കെ വേറെ ന്യായപ്രമാണം ആവശ്യമില്ലെന്നപോലെത്തന്നെ പൂർണ്ണാവസ്ഥയെ പ്രാപിച്ച പ്രവാചകനിരിക്കെ വേറെ പ്രവാചകൻെറ ആവശ്യമില്ലെന്നുള്ള അനുമാനം സ്വീകാര്യമായിരിക്കയും ചെയ്യുന്നു. മൂസാനബി (അ) തൌറാത്തിനോടൊപ്പം ഇസ്രായീല്യരുടെ ഇടയിൽ ജീവിച്ചിരുന്നുവെങ്കിൽ, അദ്ദേഹത്തിനുശേഷം അവക്കായി വന്നിരുന്ന പ്രവാചകന്മാരുടെ ആവശ്യം നേരിട്ടമായിരുന്നില്ലെന്നുതന്നെ പറയാം. എന്നാൽ, മൂസാനബി (അ) മുഖേന ഇസ്രായീല്യക്കു ലഭിച്ച തൌറാത്ത് അവരിൽ സ്ഥിതിചെയ്തിരുന്നപോലെ ആ മഹാത്മാവു അവരുടെ ഇടയിൽ ഇരിക്കാതിരുന്നതിനാൽ, അദ്ദേഹത്തിനുശേഷം അവക്കു വേറെ ന്യായപ്രമാണം ഉണ്ടായില്ലെങ്കിലും പ്രവാചകന്മാർ വന്നുകൊണ്ടേയിരുന്നു. ഇപ്രകാരംതന്നെ നബിതിരുമേനി(സ) മുഖാന്തരം ലോകത്തിനൊട്ടാകെ ഒരു ന്യായപ്രമാണം ലഭിക്കയും അതു സുരക്ഷിതമായിരിക്കയും ചെയ്തുവെങ്കിലും ആ മഹാത്മാവു നിര്യാതനാകാതെ ആ ന്യായപ്രമാണത്തോടൊപ്പം നമ്മുടെ ഇടയിൽ ജീവിച്ചിരുന്നില്ല. ജീവിച്ചിരുന്നുവെങ്കിൽ, പിറകെ വേറെ പ്രവാചകൻ വരേണ്ട ആവശ്യമില്ലെന്നും

മുമ്പുള്ള വല്ല പ്രവാചകനും ജീവിച്ചിരിപ്പുണ്ടെങ്കിൽത ന്നെ അദ്ദേഹത്തിനു തിരുമേനിയെ പിന്തുടരേണ്ടതായി വരുമെന്നുംകൂടി പറയാം. ചുരുക്കത്തിൽ, പരിപൂർണ്ണവും സുരക്ഷിതവുമായ ന്യായപ്രമാണത്തിനുശേഷം വേറൊരു മതപ്രമാണത്തിൻെറ ആവശ്യകതയില്ലെന്നുള്ളതു വാസ്ത വമെങ്കിൽ അപ്രകാരംതന്നെ പൂർണ്ണതയെ പ്രാപിച്ച പ്രവാ ചകനു ശേഷം പ്രവാചകൻതന്നെ വരേണ്ട ആവശ്യമി ല്ലെന്നുള്ളതും സാധുവായിരിക്കേണ്ടതാണ് എന്ന ഗ്രന്ഥ കർത്താവിൻെറ ന്യായം സ്വീകാര്യമായിരിക്കേണമെങ്കി ൽ, ആ ന്യായപ്രമാണം നമ്മുടെ പക്കൽ സുരക്ഷിതമാ യി സ്ഥിതിചെയ്യുന്നപോലെത്തന്നെ പരിപൂർണ്ണതയെ പ്രാപിച്ച ആ പ്രവാചകവര്യൻ (സ) നിര്യാതനാകാതെ നമ്മുടെ ഇടയിൽ ജീവിച്ചിരിക്കുന്നതായി കാണിച്ചുതരേ ണ്ടിയിരിക്കുന്നു. അങ്ങനെ കാണിച്ചുതന്നുവെങ്കിൽ മേ ലിൽ വേറെ പ്രവാചകൻെറ ആവശ്യകതയില്ലെന്നു ഞ ങ്ങളും സമ്മതിച്ചുകൊള്ളാം. തിരുമേനി ലോകത്തിൽ ജീവിച്ചിരിക്കുന്നതായി കാണിക്കുവാൻ സാദ്ധ്യമല്ലെങ്കി ൽ, പരിപൂർണ്ണന്യായപ്രമാണം സുരക്ഷിതമായിരിക്കു ന്നതുകൊണ്ടു ഇനിയൊരു ന്യായപ്രമാണത്തിൻെറ ആവ ശ്യകതയില്ലെന്നതുപോലെത്തന്നെ തിരുമേനിക്കുശേഷം പ്രവാചകൻെറ ആവശ്യകതയുമില്ലെന്നു ഗ്രന്ഥകർത്താ വു പറയുന്നതു ഒരു പ്രകാരത്തിലും സാധുവായിത്തീരു ന്നില്ല.

പ്രവാചകനുണ്ടാകാവതല്ലെങ്കിൽ,
ഖലീഫമാരും മുജദ്ദിദുമാരും ഉണ്ടാകാവതല്ല

നബിതിരുമേനി (സ) മുഖാന്തരം വെളിപ്പെട്ട മതോ പദേശം പരിപൂർണ്ണവും സുരക്ഷിതവും ആയിരിക്കുന്നു തുകൊണ്ടു ഇനി പ്രവാചകനുണ്ടാകാവതല്ലെന്നും പ്രവാച കൻെറ ആവശ്യമില്ലെന്നും പറയുന്നതു ശരിയായിരിക്കുമെ

ങ്കിൽ, അതേ ന്യായപ്രകാരം തിരുമേനിക്കശേഷം ഖലീഫമാരും മുജദ്ദിദ്മാരുംകൂടി ഉണ്ടായിരിക്കാവതല്ലെന്നും അവരെക്കൊണ്ടു ആവശ്യംതന്നേയില്ലെന്നും വരുന്നതാണ്. പ്രവാചകന്മാരെല്ലാം ന്യായപ്രമാണത്തോടുകൂടിയവരല്ലെന്നും എത്രയോ പ്രവാചകന്മാർ തങ്ങൾക്കു മുമ്പുള്ള ന്യായപ്രമാണത്തിന്റെ നടത്തിപ്പിന്നായി വന്നിട്ടുണ്ടായിരുന്നുവെന്നും മുൻപ് തെളിയിച്ചിട്ടുണ്ട്. നബിതിരുമേനിക്കശേഷം പ്രവാചകൻ വരുന്നതും തിരുമേനിയുടെ ന്യായപ്രമാണത്തിന്റെ നടത്തിപ്പിലേക്കായിട്ടു മാത്രമായിരിക്കുന്നതാണ്. ന്യായപ്രമാണം സുരക്ഷിതമായിരിക്കുന്നതുകൊണ്ടു ഇത്തരം പ്രവാചകന്റെ ആവശ്യമില്ലെന്നു പറയുകയാണെങ്കിൽ അതേ ഉദ്ദേശ്യനിവൃത്തിക്കായ്. തിരുമേനിക്കശേഷം ഉണ്ടായിട്ടുള്ള ഖലീഫമാരും യാഥാർത്ഥ്യത്തിൽ ആ സ്ഥാനത്തിന്നർഹരല്ലെന്നും അവരെക്കൊണ്ടു ഇസ്ലാമിന്നു യാതൊരാവശ്യവും ഉണ്ടായിട്ടില്ലെന്നും പറയേണ്ടി വരുന്നതാണ്. എന്നാൽ ഇസ്ലാമിൽ ഖലീഫമാരുണ്ടായിരിക്കുമെന്നും അവരെ കൈക്കൊള്ളേണ്ടതു അവശ്യമാവശ്യകമാണെന്നും അല്ലാഹ ഖുർആനിൽ പ്രസ്താവിച്ചുകൊണ്ട് തിരുമേനിക്കശേഷം അവരെക്കൊണ്ടുള്ള ആവശ്യകതയെ വ്യക്തമാക്കീട്ടുണ്ട്. വിശുദ്ധഖുർആൻ പറയുന്നതാവിത്:—

وعد الله الذين امنوا منكم و عملوا الصالحات ليستخلفنهم
فی الارض كما استخلف الذين من قبلهم و ليمكنن لهم
دينهم الذی ارتضى لهم وليبدلنهم من بعد خوفهم امنا
......... ومن كفر بعد ذالك فاولئك هم الفاسقون

''നിങ്ങളിൽ നിന്നു വിശ്വസിക്കുകയും സൽക്കർമ്മം ചെയ്കയും ചെയ്യുന്നവരോട്, അവരെ അവക്കുമുമ്പുണ്ടായിരുന്നവരെ ഖലീഫമാരാക്കിയതുപോലെ ഭൂമിയിൽ ഖലീഫമാരാക്കുമെന്നും അവക്കായി താൻ തൃപ്തിപ്പെട്ടിട്ടുള്ള അവരുടെ മതത്തെ പ്രബലപ്പെടുത്തിക്കൊടുക്കുമെന്നും അവരുടെ ഭയത്തിനുശേഷം അവക്കു സമാധാനവും അഭയവും നൽകുമെന്നും അല്ലാഹു വാഗ്ദത്തംചെയ്തിരിക്കുന്നു.... ഇതിന്നുശേഷം യാതൊരുത്തർ അവിശ്വസിക്കുന്നുവോ അവർ അധർമ്മികളായിത്തീരുന്നതാണ്''(24 : 55). ഈ വിശുദ്ധവാക്യത്തിൽനിന്നു, അല്ലാഹു സത്യവിശ്വാസികരംക്കായി ഖലീഫമാരെ നിയമിക്കുകയും അവർമുഖാന്തരം മതത്തെ പ്രബലപ്പെടുത്തുകയും ചെയ്യുന്നതാണെന്നും അവരെ വിശ്വസിക്കുകയും അനുസരിക്കുകയും ചെയ്യേണ്ടതു അത്യാവശ്യമാണെന്നും വിശദമാകുന്നു. എന്നാൽ, ഗ്രന്ഥകർത്താവിന്റെ ന്യായപ്രകാരമാകട്ടെ ഇസ്ലാമിന്നു ഖലീഫമാരെക്കൊണ്ടു ആവശ്യമുണ്ടായിരിക്കുകയോ, സുരക്ഷിതമായ ന്യായപ്രമാണത്തിനു അവർ മുഖാന്തരം പ്രബലത സിദ്ധിക്കുകയോ, അവരെഅനുസരിക്കേണ്ട ആവശ്യമുണ്ടാവുകയോ ചെയ്തിട്ടില്ലെന്നു വരുന്നതാണ്. അപ്പോരം ഹസ്രത്ത് അബൂബക്കർ, ഉമർ, ഉസ്മാൻ(റ) തുടങ്ങിയുള്ള ഖലീഫമാരെ പൂർവ്വ മുസ്ലിംകരം വിശ്വസിക്കുകയും അനുസരിക്കുകയും ചെയ്തുപോന്നതു ഭീമമായ ഒരു അബദ്ധമാണെന്നും, സുരക്ഷിതമായ പരിപൂർണ്ണന്യായപ്രമാണത്തിന്നുശേഷം ആവശ്യമില്ലാത്ത ഒരു വീൺവേലയാണെന്നും വരുന്നു. ആകയാൽ, ഖലീഫമാരുടെ കാലങ്ങളിൽ ചിലർ അവക്കു വഴിപ്പെടാതേയും അവരെ അനുസരിക്കാതേയും അവരോടു എതിർ പ്രവർത്തിക്കുകയും യുദ്ധത്തിനുതന്നെ പുറപ്പെടുകയും ചെയ്തിട്ടുള്ളതായിരി

ക്കാം ഗ്രന്ഥകർത്താവിൻെറ പക്കൽ ന്യായവും ശ്ലാഘനീയവും ആയിട്ടുള്ളത്! എന്നാൽ ഖലീഫമാരെ അനുസരിക്കേണ്ടതിനെക്കുറിച്ചു നബിതിരുമേനി (സ) പലപ്രകാരത്തിലും ഉപദേശം നൽകീട്ടുണ്ട്. ഒരിക്കൽ തിരുമേനി ഇപ്രകാരം അരുളിചെയ്കയുണ്ടായി:—

عَلَيْكُمْ بِسُنَّتِى وَسُنَّةِ الْخُلَفَاءِ الرَّاشِدِينَ الْمَهْدِيِّينَ

''നിങ്ങൾ എൻെറയും എൻെറ സന്മാർഗ്ഗികളായുള്ള ഖലീഫമാരുടേയും നടപടിക്രമത്തെ അനുഗമിക്കുകയും അതിനെ മുറുകെ പിടിക്കുകയും ചെയ്യുകൊൾവിൻ.'' ഈ അരുളപ്പാടിൽനിന്നു ആ ഖലീഫമാരെ വിശ്വസിക്കേണ്ടതും അവൎക്ക വഴിപ്പെടേണ്ടതും അവശ്യമാവശ്യമായതാണെന്നു വ്യക്തമാകുന്നുണ്ട്. എന്നാൽ, നമ്മുടെ ഗ്രന്ഥകർത്താവു അക്കാലത്തുണ്ടായിരുന്നുവെങ്കിൽ, വിശുദ്ധഖുർആൻ പരിപൂർണ്ണവും സുരക്ഷിതവുമായിരിക്കുന്നതുകൊണ്ടു ഇനി മററാരേയും അനുസരിക്കുകയൊ അനുഗമിക്കുകയോ ആവശ്യമില്ലെന്നു പറഞ്ഞ് ഖലീഫമാൎക്ക എതിരായിട്ടായിരിക്കാം പ്രവൎത്തിക്കുമായിരുന്നത്! പ്രസ്തുത ഖുർആൻവാക്യത്തിൽ ഖലീഫമാരെ നിയമിക്കുന്നതിൻെറ ആവശ്യങ്ങളിൽ ഒന്നായി പ്രസ്താവിച്ചിരിക്കുന്നതു മുസ്ലിംകൾക്കു അല്ലാഹു തൃപ്തിപ്പെട്ടിട്ടുള്ള മതത്തെ അവൎക്ക പ്രബലപ്പെടുത്തികൊടുക്കുകയെന്നുള്ളതാണ്. എന്നാൽ, നമ്മുടെ ഗ്രന്ഥകൎത്താവിൻെറ അഭിപ്രായപ്രകാരം പരിപൂർണ്ണവും സുരക്ഷിതവുമായ മതത്തിനു യാതൊരാളുടെയും ആവശ്യം ശേഷിക്കുന്നില്ലാത്തതുകൊണ്ടു ഖലീഫമാർ മുഖാന്തരം മതത്തെ പ്രബലപ്പെടുത്തുന്നതാ

ണെന്നു പറഞ്ഞതു അത്ഥമില്ലാത്ത വാക്കായിരിക്കുമോ? അല്ലെങ്കിൽമതം സംപൂർണ്ണവും സുരക്ഷിതവും ആയിരിക്കെ ഖലീഫമാർ മുഖാന്തരം അതിനെ പ്രബലപ്പെടുത്തുമെന്നു പറഞ്ഞതു എന്തായിരിക്കാം? അല്ലാഹു ഇപ്രകാരം ഖലീഫമാരെ നിയമിക്കുന്നതുമൂലം മതത്തിൻെറ പരിപൂർണ്ണതയ്ക്കും സുരക്ഷിതാവസ്ഥക്കും യാതൊരു കോട്ടവും തട്ടുന്നില്ലെങ്കിൽ, അതേ കൃത്യം പ്രവാചകനായി വരുന്ന ഒരു ഖലീഫമുഖാന്തരം അല്ലാഹു നിവ്വഹിക്കുന്ന പക്ഷം അതുമൂലം മതത്തിൻെറ സുരക്ഷിതാവസ്ഥക്കു കോട്ടം തട്ടുന്നതെങ്ങിനെ? അഥവാ വല്ല കോട്ടവും തട്ടുമെങ്കിൽ ഖലീഫമാർ മുഖാന്തരം മതത്തെ പ്രബലപ്പെടുത്തുന്നതാണെന്നു അല്ലാഹു പറഞ്ഞതു് തീർച്ചയായും ഗ്രന്ഥകത്താവിൻെറ പക്കൽ സ്വീകാര്യമായിരിക്കാൻ പാടില്ലാത്തതാണ്.

ഇപ്രകാരംതന്നെ അല്ലാഹു ഇസ്ലാമിൽ മുജദ്ദിദുമാരെ നിയമിക്കുന്നതാണെന്നും നബിതിരുമേനി (സ) അരുളിചെയ്തിട്ടുണ്ട്. തിരുമേനി പറയുന്നതാവിത്:—

انّ اللّٰہَ يَبْعثُ لِهٰذِہِ الاُمّةِ على رَأسِ كلّ مِاةِ

سَنَةٍ مَنْ يُجَدّد لها دِينَها

''നിശ്ചയമായും അല്ലാഹു ഈ സമുദായത്തിനു ഓരോ നൂററാണ്ടിൻെറയും തലക്കൽ അവരുടെ മതത്തെ നവീകരിക്കുന്നവരെ എഴുന്നേൽപിക്കുന്നതാണ്.'' അബൂദാവൂദ്, ഹാകിം, ബൈഹഖീ മുതലായവർ തങ്ങളുടെ ഗ്രന്ഥങ്ങളിൽ ഉദ്ധരിച്ചിട്ടുള്ള ഈ നബിവാക്യത്തിൻെറ സുബദ്ധതയെ അല്ലാമഃ ഇബ്നുഹജർ അസ്കലാനി, അല്ലാമാഃ സുയൂത്തി, മുല്ലാഅലീഖാരീ, അലിമുത്തഖീ,

അല്ലാമഃ സിദ്ദീഖ് ഹസൻ എന്നീ മഹാന്മാർ സമ്മതിച്ചിട്ടുണ്ട്. തന്നേയുമല്ല, അല്ലാമ: സുയൂത്തി (റഹ്) തൻെറ ''അത്തമ്പീഹ്'' എന്ന പുസ്തകത്തിൽ اتفق الحفاظ على صحته ''ഹദീസിൻെറ പണ്ഡിതന്മാർ അതിൻെറ സുബദ്ധതയെ ഐകകണ്ഠ്യേന സമ്മതിച്ചിട്ടുണ്ട്'' എന്നും, അല്ലാമ: സിദ്ദീഖ്ഹസൻ തൻെറ ''ഹുജജ്ജുൽകിറാമ.'' എന്ന ഗ്രന്ഥത്തിൽ 133-ാം ഭാഗത്തു

قد اتفق الحفاظ على تصحيح هذا الحديث

''ഹദീസിൻെറ പണ്ഡിതന്മാർ ഈ വചനം ശരിയായതാണെന്നു ഐകകണ്ഠ്യേന അഭിപ്രായപ്പെട്ടിരിക്കുന്നു'' എന്നും രേഖപ്പെടുത്തുകകൂടി ചെയ്തിട്ടുണ്ട്. ഈ നബിവാക്യമനുസരിച്ചു അനവധി മഹാന്മാർ മുജദ്ദിദുമാരായി വന്നു ഇസ്ലാമിൻെറ സുന്ദരമായുള്ള മുഖത്ത് പററിക്കൊണ്ടിരുന്ന മാലിന്യങ്ങളെ തുടച്ചുകളയുകയും അതാതു കാലത്തിൻെറയും ദേശത്തിൻെറയും അവസ്ഥയ്ക്കും ആവശ്യത്തിന്നും അനുസരിച്ചു അതിൻെറ സാക്ഷാൽ രൂപത്തെ വെളിപ്പെടുത്തുകയും ചെയ്തുകൊണ്ടിരുന്നിട്ടുണ്ട്. പരിപൂർണ്ണമായിരിക്കുന്നതും ദൈവികരക്ഷാവാഗ്ദാനം സിദ്ധിച്ചിട്ടുള്ളതും ആയ മതമാണെന്നതുകൊണ്ടു അതിനെ ഖലീഫമാർ മുഖാന്തരം പ്രബലപ്പെടുത്തുകയും മുജദ്ദിദുമാർ മുഖാന്തരം നവീകരിക്കുകയും ചെയ്യേണ്ട ആവശ്യമില്ലെന്നല്ല നബിതിരുമേനി (സ) അരുളിച്ചെയ്തിട്ടുള്ളതു. മറിച്ചു ഖലീഫമാരും മുജദ്ദിദുമാരും ആഗതരായി അതിനെ പ്രബലപ്പെടുത്തുകയും നവീകരിക്കുകയും ചെയ്യുമെന്നാണ്". ഗ്രന്ഥകർത്താവിൻെറ ന്യായമാകട്ടെ മതപ്രമാണം സുരക്ഷിതമായിരിക്കകൊണ്ടു അതിന്നു യാതൊരു പ്രകാരത്തിലുള്ള നവീകരണവും ആ

വശ്യമില്ലെന്നുമാത്രമല്ല, ആവശ്യകമാണെന്നു പറയുന്നതു അതിൻെറ സുരക്ഷിതഭാവത്തിനു ഹാനികരമായിരിക്കു മെന്നുകൂടിയാണ്. അപ്പോൾ മതത്തെ നവീകരിക്കുന്ന തിനു മുജദ്ദിദുമാർ വരുമെന്നു നബിതിരുമേനി(സ) അരു ളിച്ചെയ്തിട്ടുള്ളതു ഗ്രന്ഥകർത്താവിൻെറ പക്കൽ അബദ്ധമാ യിരിക്കാം! അബദ്ധമല്ലെങ്കിൽ, മതോപദേശം സുരക്ഷി തമായിരുന്നിട്ടും മതത്തെ നവീകരിക്കേണ്ട ആവശ്യം ശേ ഷിക്കുന്നുണ്ട എന്നു സമ്മതിക്കാതെ തരമില്ല. എന്നിരി ക്കെ, ആ ആവശ്യത്തെ സാധിക്കുന്നതിനു ആഗതനാകുന്ന ശിഷ്യപ്രവാചകൻെറ വരവിനു മതപ്രമാണത്തിൻെറ സു രക്ഷിതഭാവം പ്രതിബന്ധമായിരിക്കുന്നു എന്നു ഗ്രന്ഥക ർത്താവു പറയുന്നതു ആശ്ചര്യജനകമല്ലേ? അദ്ദേഹത്തിൻെറ ന്യായത്തെ വകവെച്ചുകൊടുക്കുന്നപക്ഷം മതനവീകരണ ത്തിനായി മുജദ്ദിദുമാർ ആവിർഭവിക്കുമെന്നുള്ള നബിവാ ക്യം മാത്രമല്ല, മതത്തെ പ്രബലപ്പെടുത്തുന്നതിനായി ഖ ലീഫമാർ നിയോഗിതരാകുമെന്നുള്ള ദൈവവാക്യം കൂടി അബദ്ധമാണെന്നു കൈക്കൊള്ളേണ്ടതായി വരുന്നതാണ്.

വാസ്തവത്തിൽ, മുൻ പ്രസ്താവിച്ച രണ്ടുവിധ രക്ഷാവ്യ വസ്ഥകളും വിശുദ്ധഖുർആനെ താൻതന്നെ സംരക്ഷിക്കു ന്നതാണെന്നുള്ള വാഗ്ദാനത്തെ നിറവേററുന്നതിന്നായി അല്ലാഹു ഏർപ്പെടുത്തീട്ടുള്ളവതന്നെയാണ്. ഇങ്ങനെയുള്ള ഏർപ്പാടുണ്ടായിട്ടുള്ളതിനാൽ, ഖുർആനെ ''സംരക്ഷിക്കേണ്ട ചുമതല'' അല്ലാഹുവിങ്കൽ ഇല്ലാതായത്തീരുന്നുവെന്നല്ല, അവങ്കൽതന്നെ ഇരിക്കുന്നുവെന്നാണ് മനസ്സിലാകുന്നതു. ഈ ഏർപ്പാടുകളൊന്നും ഉണ്ടായിരുന്നില്ലെങ്കിൽ, പ്രസ്തുത വാഗ്ദാനത്തെ നിറവേററുന്നതിന്നുള്ള ചുമതല അവങ്കലി ല്ലെന്നും അപ്രകാരം അവൻ രക്ഷാവ്യവസ്ഥ ചെയ്തിട്ടില്ലെ

ന്നും പറയേണ്ടി വരുമായിരുന്നു. എന്നാൽ, തൻെറ രക്ഷാ വാഗ്ദാനത്തെ പുലർത്തുന്നതിനായിട്ട അവൻ ഒരു പ്രവാചകനെ നിയോഗിക്കുന്നുവെങ്കിൽ, അതു ഖലീഫമാരും മുജദ്ദിദ്മാരും മുഖാന്തരം നിറവേറുന്നതിലും വിശിഷ്ടമായ തരത്തിൽ അദ്ദേഹം മുഖാന്തരം നിവൃത്തിയാകുന്നതാണ്. ആകയാൽ, വിശുദ്ധഖുർആനെ സംരക്ഷിക്കേണ്ട ചുമതല താൻ കൈയേററിരിക്കുന്നതു വാസ്തവമെന്നു തെളിയിപ്പാനായി അല്ലാഹു ഒരു പ്രവാചകനെ നിയോഗിക്കുന്നുവെങ്കിൽ, അദ്ദേഹത്തിൻെറ വരവിനു ആ 'രക്ഷാവാഗ്ദാനം' ഒരുപ്രകാരത്തിലും തടസ്സമാകുന്നതല്ല; മറിച്ച അതു അദ്ദേഹത്തിൻെറ വരവിന്നു ആധാരമായിരിക്കുകയാണ് ചെയ്യുന്നത്. ചുരുക്കത്തിൽ "നാം തന്നെ അതിനെ സംരക്ഷിച്ചുകൊള്ളുന്നതാണ്" എന്ന ദിവ്യവാഗ്ദാനം തിരുമേനിക്കുശേഷം പ്രവാചകൻ വരുന്നതിനു പ്രതിബന്ധമാണെന്നു വിചാരിക്കുന്നതു കേവലം അടിസ്ഥാനരഹിതമാണെന്നു തീർത്തു പറയാം.

ന്യായപ്രമാണം സുരക്ഷിതമായിട്ടും ധർമ്മലോപം.

ഖുർആൻ സുരക്ഷിതമായ ന്യായപ്രമാണമായിരിക്കുന്നതുകൊണ്ട മേലിൽ പ്രവാചകൻ വരേണ്ട ആവശ്യമില്ലെന്നു പറയുന്നതു സ്വീകാര്യമായിരിക്കണമെങ്കിൽ, ആ ന്യായപ്രമാണം നബിതിരുമേനിയുടെ പിറകെ ഇന്നും സുരക്ഷിതമായി കാണപ്പെടുന്ന പ്രകാരംതന്നെ, തിരുമേനിയുടെ അനുയായികൾ ആദിമകാലത്തെ അനുചരസംഘത്തെപ്പോലെ ധാർമ്മികമായ യാതൊരു അധഃപതനവും സംഭവിക്കാതെ എക്കാലത്തും ഒരു സംസ്കൃതജനതയായിരിക്കേണ്ടതാണ്. എന്നാൽ, സുരക്ഷിതമായ ന്യായ

പ്രമാണത്തിന്റെ കൈവശക്കാരായ മുസ്ലിംകൾ കാലക്രമത്തിൽ ധാൎമ്മികമായി അധഃപതിച്ചുപോകയും, അവൎക്കു തങ്ങളുടെ അധഃപതനത്തെക്കുറിച്ചു ബോധമുണ്ടായിട്ടും അതിൽനിന്നു കരേറുവാൻ സാധിക്കാതിരിക്കുകയും ചെയ്യുന്നുവെങ്കിൽ, സുരക്ഷിതമായ മാൎഗ്ഗദൎശനം ഇരിക്കുന്നതുകൊണ്ടു പ്രവാചകാഗമനത്തിന്റെ ആവശ്യകതയില്ലെന്നു പറയുന്നതു സാധുവായിരിക്കുന്നതല്ല. അതു സാധുവായിരിക്കണമെങ്കിൽ, ആ മാൎഗ്ഗദൎശനത്തെ പിൻപററിയവർ എപ്പോഴും അതുമൂലം സിദ്ധിച്ചിരിക്കേണ്ട സംസ്കാരാദികളോടുകൂടിയവരായിരിക്കേണ്ടതാണ്. ഇപ്രകാരം ഇരിക്കുന്നതിനു പകരം അവർ കാലക്രമത്തിൽ ധാൎമ്മികമായും ആത്മീയമായും അത്യന്തം ശോചനീയമായ ഒരു സ്ഥിതിയിലേക്കു അധഃപതിക്കുന്നതാണെന്നു വിശുദ്ധഖുർആന്റെ സൂചനകളിൽനിന്നും നബിതിരുമേനിയുടെ വ്യക്തമായ വചനങ്ങളിൽനിന്നും മനസ്സിലാകുന്നു. നാം ദൈവക്രോധത്തിനു പാത്രീഭവിച്ചവരും വഴിപിഴച്ചവരും ആയിത്തീരാതിരിപ്പാനായി എപ്പോഴും നമസ്കാരത്തിൽ ഫാത്തിഹാ ഓതി പ്രാൎത്ഥിച്ചുകൊണ്ടിരിക്കുന്നുണ്ടല്ലോ. ഈ ക്രോധത്തിനു ലക്ഷീഭവിച്ചവർ യഹൂദരും വഴിപിഴച്ചവർ ക്രിസ്ത്യാനികളും ആണെന്നു വിശുദ്ധ ഖുർആനിൽനിന്നു മനസ്സിലാകുന്നു. ഈ പ്രാൎത്ഥന ചെയ്തുകൊണ്ടിരിപ്പാൻ മുസ്ലിംകൾ ശാസിക്കപ്പെട്ടിരിക്കുന്നതുകൊണ്ടുതന്നെ അവരിൽ ആ രണ്ടുകൂട്ടരുടേയും ദുൎഗ്ഗുണങ്ങളും ദുസ്സമ്പ്രദായങ്ങളും ഒരുകാലത്തു പടൎന്നുപിടിക്കുമെന്നു ഗ്രാഹ്യമാകുന്നുണ്ടു. മുസ്ലിംകൾ തങ്ങൾക്കു മുമ്പുണ്ടായിരുന്ന യഹൂദരുടെയും ക്രിസ്ത്യാനികളുടേയും നടപടികളെ ഈഷൽഭേദമെന്യേ അനുകരിക്കുമെന്നും, അവരിൽ വല്ലവരും ഉടുമ്പിൻ മാളത്തിൽ കടന്നുവെങ്കിൽ ഇവരും കടക്കുമെന്നും, അവരിൽ വല്ലവരും സ്വമാതാവിനെ

വ്യഭിചരിച്ചുവെങ്കിൽ ഇവരിൽനിന്നുള്ളവരും അപ്രകാരം ചെയ്യുമെന്നും, ഇങ്ങിനെ ആ പൂർവ്വജനതകളുമായി പരിപൂർണ്ണമായ സാദൃശ്യത്തെ ഇവർ സ്വീകരിക്കുമെന്നും നബി തിരുമേനിയുടെ വ്യക്തമായ വചനങ്ങളിൽ കാണുന്നതിനെ ഖുർആനിലെ സൂചനകൾ ബലപ്പെടുത്തുന്നുമുണ്ട്. ഇപ്രകാരംതന്നെ മുസ്ലിംകൾ വിശുദ്ധഖുർആനെ കൈവിട്ടുകളയുന്ന ഒരു കാലഘട്ടവും അവരിൽ വരുന്നതാണെന്നും ഖുർആനിൽനിന്നു മനസ്സിലാകുന്നു. ഖുർആൻെറ പരിശുദ്ധജ്ഞാനം ലോകത്തുനിന്നു പോയ്പോകുന്ന ഒരു കാലം മുസ്ലിംകളിൽ വരുമെന്നു തിരുമേനി അരുളിച്ചെയ്തപ്പോൾ, ആ ഗ്രന്ഥം നമ്മുടെ കൈയിൽ ഉണ്ടായിരിക്കുകയും നാമതു ഓതിക്കൊണ്ടിരിക്കുകയും ചെയ്കവെ ഇതെങ്ങനെ സംഭവ്യമാകും എന്നു സിയാദ് എന്ന സഹചരൻ ചോദിച്ചുവെന്നും അതിനു തിരുമേനി: 'യഹൂദരും ക്രിസ്ത്യരും തൌറാത്തും ഇഞ്ചീലും വായിച്ചുകൊണ്ടിരിക്കുകയും അവയിൻപടി പ്രവർത്തിക്കാതിരിക്കുകയും ചെയ്യുന്നതു നിങ്ങൾ കാണുന്നില്ലെ?' എന്നു സമാധാനമരുളിയെന്നും ഹദീസിൽ കാണപ്പെടുന്നു. ഇതേപ്രകാരംതന്നെ മുസ്ലിംകളിൽ സത്യവിശ്വാസം ഇല്ലാതായ്പോവുകയും കളവു, ചതി, വാഗ്ദാനലംഘനം തുടങ്ങിയ ദോഷങ്ങൾ വർദ്ധിക്കുകയും മതോപദേശപ്രകാരം നടക്കാത്ത പൈശാചികഹൃദയരായ ഉപദേശിമാർ അവരുടെ ഇടയിൽ ഉത്ഭവിക്കുകയും കടുകളവ് സത്യവിശ്വാസം ഹൃദയത്തിൽ പ്രവേശിച്ചിട്ടില്ലാത്തവനെക്കുറിച്ചു അവൻ മഹാബുദ്ധിമാനും ധീരനും ജ്ഞാനിയും ആണെന്നും മററും അവർ പ്രശംസിക്കുകയും ഇസ്ലാമിൻെറ പേരുമാത്രവും ഖുർആൻെറ ലിപിമാത്രവും ശേഷിക്കുകയും ഉലമാ എന്ന പണ്ഡിതവർഗ്ഗം ആകാശത്തിൽകീഴിൽ ഏററവും നികൃഷ്ടരായിത്തീരുകയും നബിതിരുമേനി

യുമായി യാതൊരു ബന്ധവും ഇല്ലാത്തവർ അവരിൽ ധാരാളമായി ഉത്ഭവിക്കുകയും ചെയ്യുന്ന കാലം വരുന്നതാണെന്നും മററും തിരുവരുളപ്പാടുകളിൽനിന്നു മനസ്സിലാകുന്നു. കൂടാതെ, മുസ്ലിംകൾ 73 വർഗ്ഗങ്ങളായി പിരിയുമെന്നും അവരിൽനിന്നു തിരുമേനിയും സഹാബിമാരും ഇരുന്ന പോലെ ഒരു ജമാഅത്തായി സ്ഥിതിചെയ്യുന്ന ഒരുകൂട്ടർ ഒഴിച്ചു ശിഷ്ടമുള്ളവരെല്ലാം നരകാവകാശികളായിരിക്കുമെന്നും തിരുമേനി അരുളിച്ചെയ്തുകാണുന്നു. ചുരുക്കത്തിൽ, വിശുദ്ധഖുർആൻ പരിപൂർണ്ണവും സുരക്ഷിതവുമായ ഒരു ന്യായപ്രമാണമായിരുന്നിട്ടും മുസ്ലിംകൾ ഇത്തരത്തിൽ അധഃപതിക്കുന്ന ഒരു കാലം വരുമെന്നു തിരുമേനി അരുളിച്ചെയ്യുകയും അപ്രകാരം സംഭവിച്ചിരിക്കുന്നതായി നാമിന്നു കാണുകയും ചെയ്യുമ്പോൾ സുരക്ഷിതമായ മതോപദേശത്തിനുശേഷം ഒരു പ്രവാചകനും വരേണ്ട ആവശ്യമില്ലെന്നു പറയുന്നതു സ്വീകാര്യമായിരിക്കുന്നതെങ്ങനെ? നബി തിരുമേനി(സ) ദീർഘദർശനം ചെയ്തിട്ടുള്ള ആ കാലം ഇതു തന്നെയാണെന്നും മുസ്ലിംകൾ ഇന്നു യഹൂദരെയും ക്രിസ്തീയരേയും പോലെ ആയിത്തീർന്നിരിക്കുന്നുവെന്നും അവർ പേരിനുമാത്രം മുസ്ലിംകളാണെന്നല്ലാതെ യഥാർത്ഥ ഇസ്ലാമിൽ വർത്തിക്കുന്നില്ലെന്നും ഇസ്ലാമിന്നെതിരായ നിരവധി നടപടികളെ അവരിന്നു കൈക്കൊണ്ടിരിക്കുന്നുവെന്നുമുള്ളതിനു പലദേശങ്ങളിലും വിവിധഭാഷകളിലുമുള്ള മുസ്ലിം പത്രങ്ങളും നേതാക്കന്മാരുടെ പ്രസ്താവനകളും സാക്ഷ്യം വഹിക്കുന്നുണ്ട്*. വിശുദ്ധഖുർആൻ സുരക്ഷിതമായിരിക്കെ അതിന്റെ അനുയായികളുടെ ധാർമ്മികസ്ഥിതി ഇപ്രകാരം ശോചനീയമായിത്തീർന്നിരിക്കാമെങ്കിൽ, തീർച്ചയായും പ്രവാചകന്മാരുടേയും മതപരിഷ്കർത്താക്കളുടെയും ആവശ്യ

* രണ്ടാം അദ്ധ്യായം ഭാ. 35-44

കത ശേഷിക്കുന്നുണ്ടെന്നു തീൎത്തുപറയാം. മുൻകടന്ന സമുദായങ്ങളുടെ ചരിത്രം പരിശോധിക്കുന്നതായാൽ അവർ ധാർമ്മികമായി ഇങ്ങനെ അധഃപതിച്ചുപോയിരുന്ന അവസരങ്ങളിലൊന്നും അവൎക്ക് സ്വമേധയാ ഉന്നതിപ്പെടുവാൻ സാധിച്ചിരുന്നില്ലെന്നും, അങ്ങനെയുള്ള ഘട്ടങ്ങളിലെല്ലാം അല്ലാഹു അവരിൽ കനിഞ്ഞു അവരെ ഉദ്ധരിക്കുന്നതിനായി തന്റെ ഇഷ്ടദാസരെ നിയോഗിക്കുകയാണ് ചെയ്തിരുന്നതെന്നും കാണാവുന്നതാണ്. ഇപ്രകാരംതന്നെ മുസ്ലിംകളും അവരുടെ പക്കൽ സുരക്ഷിതമായ ഖുർആനുണ്ടായിരിക്കെ അതിശോചനീയമായ സ്ഥിതിയിലേക്കു അധഃപതിച്ചുപോകുമെന്നു ആ വിശുദ്ധഗ്രന്ഥത്തിൽനിന്നും നബിവചനങ്ങളിൽനിന്നും മനസ്സിലാവുകയും അപ്രകാരം സംഭവിച്ചിരിക്കുന്നതായി കാണുകയും ചെയ്തിരിക്കുമ്പോൾ, മതോപദേശം സുരക്ഷിതമായിരിക്കുന്നതു കൊണ്ടു ഇനി പ്രവാചകന്റെ ആവശ്യമില്ലെന്നു പറയുന്നതു ഒരിക്കലും യുക്തമായിത്തീരുന്നില്ല. പ്രവാചകാവതാരത്തെക്കുറിച്ചു മൌലാനാ സയ്യിദ് സുലൈമാൻ സാഹിബ് നദ്‌വീയും ദൽഹിയിലെ 'അൽഅമാൻ' പത്രവും പറഞ്ഞിട്ടുള്ളതു ഇവിടെ ഉദ്ധരിച്ചു കൊള്ളുന്നു. ആ പ്രസ്താവനകൾ മേല്പടി സംഗതിയെ നല്ലപോലെ വിശദീകരിക്കുന്നുണ്ട്. നദ്‌വീ സാഹിബ് പറയുന്നു:—" ലോകത്തു പാപകർമ്മങ്ങളും ദോഷങ്ങളുമാകുന്ന അന്ധകാരപടലങ്ങൾ വ്യാപിക്കുമ്പോൾ അരുണോദയം ഉണ്ടാവുകയും സന്മാൎഗ്ഗദൎശനമാകുന്ന സൂൎയ്യൻ ഉദിക്കുകയും ചെയ്യുന്നു. ലോകാരാമത്തിൽ അധൎമ്മമാകുന്ന ഉതിർകാലം നിഴലിക്കുമ്പോൾ ഋതുഗതി മാറുകയും പ്രവാചകത്വമാകുന്ന തളിർ കാലം വെളിപ്പെടുകയും ചെയ്യുന്നു'' (സീറത്തുന്നബി. വാല്യം 3. ഭാ. 1-2). 'അൽഅമാൻ' പത്രം പറയുന്നു:- ''മനുഷ്യർ സത്യദൈവ

ത്തിൽനിന്നു ദൂരപ്പെടുകയും, ദുർദ്ദേവതകളോടു സമീപിക്കുകയും, അധർമ്മം, അക്രമം, അജ്ഞത, നാശം ഇത്യാദികളിൽ പെട്ടുഴലുകയും ചെയ്യുമ്പോഴും തീർച്ചയായും ഒരു പ്രവാചകൻ നിയോഗിക്കപ്പെടുന്നു'' (1932 ജൂലായി, 7),

വിശുദ്ധ ഖുർആൻ ''അപരിഷ്കൃതരും അക്രമികളും അജ്ഞന്മാരുമായ അറബികളെ ആകമാനം പരിഷ്ക്കരിച്ചു ഉത്തമന്മാരും മാതൃകാപുരുഷന്മാരും പണ്ഡിതന്മാരുമാക്കിത്തീർത്ത''തും*, ''ഇന്നേവരെ ആരാലും യാതൊരു കുററവും കുറവും കണ്ടുപിടിക്കുവാൻ സാധിക്കാത്ത''xതുമായ ഗ്രന്ഥമാണെന്നു നമ്മുടെ ഗ്രന്ഥകർത്താവു പറഞ്ഞതു എത്രയും വാസ്തവംതന്നെ. എന്നാൽ, അപ്രകാരം ഒരു അത്ഭുതപരിവർത്തനത്തെ ഉണ്ടാക്കിത്തീർത്ത പരിപൂർണ്ണമതഗ്രന്ഥം സുരക്ഷിതമായിരുന്നിട്ടും മുസ്ലിംകളിൽ പൊതുവിലും അറബികളിൽ വിശേഷിച്ചും ആ പൌരാണികമഹിമാവിശേഷങ്ങളൊന്നും കാണപ്പെടാതെ അവർ ഇന്നു സ്വജനങ്ങളും പരജനങ്ങളും ഒരുപോലെ സമ്മതിക്കുമാറു ധാർമ്മികവും ലൌകികവും ആയ വിഷയങ്ങളിലെല്ലാം ഭയങ്കരമായ വിധത്തിൽ അധഃപതിച്ചുകിടക്കുന്നതായി നാം കാണുന്നുവല്ലൊ. ഈ വസ്തുതയിൽനിന്നുതന്നെ, വിശുദ്ധഖുർആൻ സുരക്ഷിതമായിരിക്കകൊണ്ടു മേലിൽ യാതൊരു ദിവ്യപുരുഷൻെറയും ആവശ്യകതയില്ലെന്നും, ആ വിശുദ്ധഗ്രന്ഥംമുഖാന്തരം നബിതിരുമേനി (സ) വരുത്തീട്ടുള്ള പരിവർത്തനങ്ങൾ തങ്ങളിൽ താനെ ഉണ്ടായ്‌വരുമെന്നും, വിചാരിക്കുന്നതു ഭീമമായ ഒരു അബദ്ധമാണെന്നു മനസ്സിലാകുന്നു. ഏററവും നല്ലതായുള്ള നൂററാണ്ടുകാലം താൻ ജീ

---

* ഖതമുന്നുബുവ്വത്ത്. ഭാ. 50.

x ഖതമുന്നുബുവ്വത്ത്. ഭാ. 50.

വിച്ച നൂററാണ്ടാണെന്നും അതു കഴിഞ്ഞാൽ നല്ല ത് രണ്ടാമത്തെ നൂററാണ്ടാണെന്നും, പിന്നെ നല്ലതു മൂന്നാം നൂററാണ്ടാണെന്നും, അതിൽപിന്നെ അധമ്മവും അസത്യവും പരക്കമെന്നും x ഉള്ള നബിവാക്യത്തിൽനിന്നും തിരുമേനിയുടെ വിയോഗാനന്തരം ക്രമേണയായി മുസ്ലിംകരം ഖുർആൻെറ ഉപദേശത്തിൽനിന്നു അകന്നുപോകുമെന്നും ഖുർആൻ കൈവശമുണ്ടായിരുന്നിട്ടും അതുമൂലം ഉണ്ടായിരിക്കേണ്ട പരിവർത്തനം ഇല്ലാത്തവരായിത്തീരുമെന്നും വെളിവാകുന്നുണ്ട്. ഖുർആൻ കൈയിൽ ഇരിക്കെ മുസ്ലിംകരം അതിൻെറ ഉപദേശത്തിൽനിന്നു അകന്നുപോകയും അതുമുഖേന സിദ്ധിച്ചിരിക്കേണ്ട ഗുണങ്ങളൊന്നും ഇല്ലാത്തവരായി ഭവിക്കുകയും ചെയ്യുവെങ്കിൽ തീർച്ചയായും അവരെ വീണ്ടും ആ പരിശുദ്ധോപദേശത്തിലേക്ക ക്ഷണിക്കുന്നതിനായിട്ട ഒരു മഹാപുരുഷൻ വരേണ്ടതു തന്നെയാണ്.

### പരിപൂണ്ണന്യായപ്രമാണവും ദിവ്യപുരുഷൻെറ ആവശ്യകതയും:

ന്യായപ്രമാണം പരിപൂണ്ണവും സുരക്ഷിതവും ആണെന്നു വരുമ്പോരം അതു ആത്മീയ പരിപൂണ്ണതയുടെ അങ്ങേ അററത്തു എത്തിച്ചേരുവാനുള്ള എല്ലാ വഴികളും നിർദ്ദേശിച്ചിരിക്കമെന്നുള്ളതു വാസ്തവംതന്നെ. എന്നാൽ, മനുഷ്യൻെറ അബദ്ധവ്യാഖ്യാനങ്ങരംകൊണ്ട ആ മതോപദേശത്തിൻെറ യഥാത്ഥരൂപം മറയ്ക്കപ്പെട്ടുപോവുകയും അതിൻെറ ജീവൻ നഷ്ടപ്പെട്ടുപോവുകയും ചെയ്യുവെങ്കിൽ, അതു അനുയായികളെ പ്രാപ്യസ്ഥാനത്തിലേക്ക നയിക്കുന്നതിനു പര്യാപ്തമാകുന്നതെങ്ങനെ? സംപൂണ്ണമായ

---

x സഹീഹുബുഖാരി.

ഒരു മതോപദേശം ആയുധംകണക്കെയാണ്. എന്നാൽ, യുദ്ധം ചെയ്യേണ്ട ഘട്ടം വരുമ്പോൾ ആയുധംമാത്രം ഉണ്ടായാൽ പോരാ; അതിനെ ശരിയായി ഉപയോഗിപ്പാൻ വശമുള്ള യോദ്ധാവുകൂടി വേണ്ടിയിരിക്കുന്നു. ഇതേപ്രകാരം തന്നെ ഇസ്ലാം പരിപൂർണ്ണമായ ഒരു മതക്രമം തന്നെയെങ്കിലും അതിൻെറ യഥാർത്ഥരൂപം ലോകൎക്ക് കാണിച്ചുകൊടുക്കുകയും അവരെ അതിലേക്കു നയിക്കുകയും ചെയ്യേണ്ട ഘട്ടത്തിൽ, കാലത്തിൻെറ ആവശ്യകതയ്ക്കനുസരിച്ചു അല്ലാഹു ഓരോ മഹാപുരുഷനെ നിയോഗിക്കേണ്ടതു അവശ്യമാവശ്യകമാണ്. ഇങ്ങനെ മഹാപുരുഷന്മാർ നിയോഗിക്കപ്പെടുന്നതുകൊണ്ടു മതത്തിൻെറ പരിപൂർണ്ണസ്ഥിതിക്കും സുരക്ഷിതഭാവത്തിനും യാതൊരു ഹാനിയും സംഭവിക്കുന്നില്ല; നേരെ മറിച്ചു മഹാപുരുഷന്മാരുടെ ആവിർഭാവം മൂലം മതത്തിൻെറ പരിപൂർണ്ണതയും സുരക്ഷിതാവസ്ഥയും സുസ്ഥാപിതമാവുകയാണ് ചെയ്യുന്നത്.

### മാതൃകാപുരുഷൻെറ ആവശ്യകത

ഇതിനുപുറമെ, സുരക്ഷിതവും പരിപൂർണ്ണവുമായ ഖുർആൻ താനേ ലോകത്തിനു വെളിപ്പെടുകയല്ല, നബി തിരുമേനി (സ) മുഖാന്തരം പ്രകാശിതമാവുകയാണ് ഉണ്ടായിട്ടുള്ളത്. അതിനാൽ പരിപൂർണ്ണമായ ഒരു ഉപദേശസംഹിത ഉണ്ടായിരുന്നാൽ മാത്രംപോരാ; അതിനെ ജീവിച്ചുകാണിക്കുന്ന മാതൃകാപുരുഷൻകൂടി വേണമെന്നുവരുന്നു. ഈ സുരക്ഷിതമായ ഉപദേശസംഹിത ഇരിക്കെ വിവിധ കാലഘട്ടങ്ങളിലായി അസംഖ്യം ജ്ഞാനപ്രബുദ്ധരായ മഹാത്മാക്കൾ ഉണ്ടായിക്കൊണ്ടിരുന്നതു അതിനെ ജീവിച്ചുകാണിക്കുന്നതിനായിട്ടുതന്നെയാണ്. മതോപദേശം പരിപൂർണ്ണമായതായിരുന്നാലും ദൈവസാ

മീപ്യം പ്രാപിച്ച ആത്മീയപരിഷ്ക്കർത്താക്കളുടെ മാതൃകാ ജീവിതം ആ മതത്തിനു സത്യസാക്ഷ്യമായി ലോകത്തു ആവിർഭവിച്ചുകൊണ്ടിരിക്കാത്തപക്ഷം, അതിൻെറ പ്രവൃത്തിപരമായ പൂർണ്ണത നഷ്ടമായിപ്പോയെന്നും ഇസ്ലാമിക ജീവിതത്തിൻെറ പൂർണ്ണമാതൃക അദൃഷ്ടമായിപ്പോയെന്നും പറയേണ്ടിവരുന്നതാണ്. ലോകത്തു ആത്മീയമായ ഘോരാന്ധകാരം വ്യാപിക്കുകയും ഇസ്ലാമിക മാതൃക അദൃഷ്ടമായി ഭവിക്കുകയും ചെയ്യുന്ന ഒരു കാലഘട്ടത്തിൽ, അതിൻെറ സാക്ഷാൽ മാതൃകയെ ഒരു പ്രവാചകൻ വന്നു കാണിച്ചുകൊടുക്കുന്നതുകൊണ്ടു അതിൻെറ പരിപൂർണ്ണതയ്ക്കോ സുരക്ഷിതാവസ്ഥയ്ക്കോ യാതൊരു വിധേനയും കളങ്കം പററുന്നതല്ല. വിശുദ്ധഖുർആനിൽ ഉപമിക്കപ്പെട്ടിരിക്കുന്നപ്രകാരം നബിതിരുമേനി (സ) ഒരു അദ്ധ്യാത്മസൂര്യൻ തന്നെയാണ്. എന്നാൽ, ''ഈ സൂര്യൻെറ പ്രകാശമേറിയ രശ്മി ഉണ്ടായിരിക്കെ മററു യാതൊരു വിളക്കിൻെറയും ആവശ്യം ലോകത്തിനു ശേഷിക്കുന്നില്ല'' (ഖതമു. ഭാ. 21), എന്നു ഗ്രന്ഥകർത്താവ് പറയുന്നത് ശരിയായിരിക്കുകയും മഹാപുരുഷന്മാരുടെ ആവിർഭാവംമൂലം തിരുമേനി അദ്ധ്യാത്മസൂര്യനല്ലാതായിത്തീരുകയും ചെയ്യുണമെങ്കിൽ, തിരുമേനി എന്നേയ്ക്കും ഈ ലോകത്തിൽ ജീവിച്ചിരിക്കുകയും ആഗതരാകുന്ന പ്രവാചകന്മാർ ആ അദ്ധ്യാത്മസൂര്യനിൽനിന്നു വേറിട്ട് സ്വാതന്ത്ര്യമായ പ്രകാശത്തോടുകൂടിയവരാണെന്നു സ്വയം വാദിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. എന്നാൽ, വസ്തുസ്ഥിതി നേരെ മറിച്ചായിരിക്കയാൽ, തിരുമേനിക്കുശേഷം മഹാപുരുഷന്മാരെക്കൊണ്ടാവശ്യമില്ലെന്നോ, അവർ തിരുമേനിയിൽ നിന്നുള്ളതല്ലാത്ത അന്യപ്രകാശത്തോടുകൂടി വരുന്നവരാണെന്നോ പറയാവുന്നതല്ല. സൂര്യൻ നമ്മുടെ

മേലേ പ്രകാശിക്കുമ്പോഠം ചന്ദ്രൻെറയോ നക്ഷത്രങ്ങളുടെ യോ ആവശ്യം ഉണ്ടാകുന്നില്ല. എന്നാൽ, സ്വയം പ്രകാശത്തോടുകൂടിയ ആ ഗോളം മറയുമ്പോഴാകട്ടെ അതിൽനിന്നുതന്നെ വെളിച്ചം ഗ്രഹിച്ചിട്ടുള്ള ചന്ദ്രനും നക്ഷത്രങ്ങളും ലോകത്തു പ്രഭാവിതരണം ചെയ്യുന്നു. ഇതേപ്രകാരംതന്നെ, അദ്ധ്യാത്മസൂര്യനായ നബിതിരുമേനി (സ) ലോകത്തു ജീവിച്ചിരുന്നകാലത്തു സ്വപ്രകാശകിരണങ്ങഠം നേരിട്ടുതന്നെ വിതരണം ചെയ്തുകൊണ്ടിരുന്നു. എന്നാൽ, തിരുമേനി ലോകരംഗത്തുനിന്നു അന്തദ്ധാനം ചെയ്തതിനുശേഷം ആ അദ്ധ്യാത്മസൂര്യനിൽനിന്നു പ്രഭയേററിട്ടുണ്ടായിരുന്ന അസംഖ്യം പുണ്യാത്മാക്കഠം നക്ഷത്രങ്ങഠംകണക്കെ ആത്മീയലോകത്തിനു വെളിച്ചം നൽകിക്കൊണ്ടിരുന്നു. اصحابی کالنجوم ''എൻെറ സഹചാരികഠം നക്ഷത്രങ്ങഠം കണക്കെയാണ്'' എന്ന നബിവാക്യം ഈ വിവരണത്തെ സാക്ഷീകരിക്കുന്നു. സൂര്യൻ മറയുമ്പോഠം അതിൽനിന്നു പരിഗ്രഹിച്ചിട്ടുള്ള പ്രകാശത്തെ വിതരണം ചെയ്യുന്ന ഒരു ഗോളമാണല്ലൊ ചന്ദ്രൻ. അതു 14-ാം രാവിൽ പൂർണ്ണരൂപത്തിൽ ഉദിച്ച്, അതിൽ പ്രതിഫലിച്ചിരിക്കുന്ന സൂര്യൻെറ പ്രഭാപൂരത്തെ പരിപൂർണ്ണനിലയിൽ നമുക്കു കാണിച്ചുതരുന്നു. സൂര്യൻ തിരോധാനം ചെയ്താൽ പൂർണ്ണചന്ദ്രൻെറ ആനന്ദജനകവും ശീതളവും ആയ പ്രഭാപൂരം നമുക്കു അവശ്യം ആവശ്യമായിത്തീരുന്നുണ്ട്. എന്നാൽ, ആ പ്രകാശം ചന്ദ്രൻ സൂര്യനിൽനിന്നുതന്നെ ഗ്രഹിച്ചിട്ടുള്ളതാകയാൽ അതു അന്യപ്രകാശമല്ലതന്നെ. ഇതേപ്രകാരം, നബിതിരുമേനി (സ) ലോകദൃഷ്ടിയിൽനിന്നു മറഞ്ഞതിന്നുശേഷം ആ അദ്ധ്യാത്മസൂര്യനിൽനിന്നു പ്രകാശം സ്വീകരിച്ച് 14-ാം നൂററാണ്ടിൽ പൂർണ്ണചന്ദ്രനായി അവതരിച്ച മഹാത്മാവു അ

ന്ധകാരാവൃതമായ ആത്മലോകത്തിന്നു വെളിച്ചം നൽകുമ്പോഴം, ആ വെളിച്ചം ആവശ്യമില്ലെന്നോ, അതു തിരുമേനിയിൽനിന്നുള്ളതല്ലാത്ത അന്യപ്രകാശമാണെന്നോ ആരെങ്കിലും പറയുന്നുവെങ്കിൽ, അയാഠം വെളിച്ചത്തെ ഇഷ്ടപ്പെടുന്നില്ലെന്നും തിരുമേനി അദ്ധ്യാത്മ സൂര്യനാണെന്നു പറയുന്നതു സാത്മമല്ലെന്നും വരുന്നതാണ്. അതല്ലെങ്കിൽ, ലോകത്തു ആത്മീയാന്ധകാരം വ്യാപിക്കുകയും ഇസ്ലാമിന്റെ പേരും വിശുദ്ധഖുർആന്റെ ലിപിയും മാത്രം അവശേഷിക്കുകയും ഇസ്ലാമിന്റെ ആത്മചൈതന്യം നഷ്ടമാവുകയും ചെയ്ത ദുർഘടഘട്ടത്തിൽ നബിതിരുമേനിയുടെ ആത്മപ്രകാശത്തെ പരിഗ്രഹിച്ചിട്ടുള്ള ഒരു പ്രവാചകനു ആത്മലോകത്തിൽ പൂർണ്ണചന്ദ്രനായി ആവിർഭവിച്ചുകൂടാ എന്നും ആ ശിഷ്യപ്രവാചകന്റെ ആഗമനത്താൽ സുരക്ഷിതമായ ഇസ്ലാംമതം കളങ്കപ്പെടുമെന്നും പറയുവാൻ അയാഠം ധൈര്യപ്പെടുന്നതല്ലെന്നു തീർത്തുപറയാം.

### ന്യായപ്രമാണത്തിന്റെ ആവശ്യമില്ലെ; പ്രവാചകന്റെ ആവശ്യമുണ്ട്

സംപൂർണ്ണമായ ന്യായപ്രമാണം സുരക്ഷിതമായിരിക്കെ വേറൊരു ന്യായപ്രമാണം ഉണ്ടാവുക എന്നതും പൂർണ്ണതയെ പ്രാപിച്ച പ്രവാചകവര്യനുശേഷം പ്രവാചകനുണ്ടാവുക എന്നതും തമ്മിൽ വളരെ അന്തരമുണ്ടെന്ന സംഗതി സ്വൽപം ചിന്തിക്കുന്നതായാൽ അനായാസേന ഗ്രഹിക്കാവുന്നതാണ്. പരിപൂർണ്ണമായ ന്യായപ്രമാണം നിലവിലിരിക്കെ വേറൊരു ന്യായപ്രമാണം ഉണ്ടാവുകയെന്നതു നിഷ്പ്രയോജനമത്രെ. തന്നെയുമല്ല. അങ്ങനെ ഒന്നുണ്ടാവുകയാണെങ്കിൽ അതു നിലവിലിരിക്കുന്ന

ന്യായപ്രമാണത്തെപ്പോലുള്ളതു ആയിരിക്കണം; അല്ലെങ്കിൽ അതു പരിപൂൎണ്ണമായതായിരിക്കയില്ല. പരിപൂർണ്ണമായതു നിലവിലിരിക്കെ അതുപോലുള്ള വേറൊന്ന ഉണ്ടാവുക എന്നുവച്ചാൽ നിലവിലുള്ളതിൻെറ ഈഷൽ ഭേദമില്ലാത്ത നേർപകൎപ്പുണ്ടാവുക എന്നായിരിക്കും. അഥവാ, വ്യത്യാസപ്പെട്ടതാണ ഉണ്ടാകുന്നതെങ്കിൽ അതു നിലവിലുള്ളതിനെക്കാൾ മെച്ചമായതോ കീഴ്ത്തരമായതൊ ആയിരിക്കും. നിലവിലിരിക്കുന്ന ന്യായപ്രമാണം പരിപൂർണ്ണവും അന്യൂനവും ആണെന്ന വരുമ്പോൾ പിന്നെ മെച്ചമായതുണ്ടാവാൻ പാടില്ല; പാടുണ്ടെന്നുവരുകിൽ നിലവിലുള്ള ന്യായപ്രമാണം പരിപൂൎണ്ണമല്ലെന്നുവരും. അതു പരിപൂർണ്ണവും അന്യൂനവും ആണെന്നതു സുസമ്മതമായ വസ്തുതയാകയാൽ, പിന്നീടുണ്ടാകുന്നതു കീഴ്ത്തരമായിരിക്കാനെ തരമുള്ളു. കീഴ്ത്തരമായതു പരിപൂൎണ്ണമായിരിക്കാവുന്നതല്ലല്ലോ. പരിപൂൎണ്ണമായതിരിക്കെ അപൂൎണ്ണമായതുണ്ടാവുന്നതുകൊണ്ടു യാതൊരു പ്രയോജനവുമില്ലതാനും. തന്നേയുമല്ല, പരിപൂർണ്ണമായ ന്യായപ്രമാണമിരിക്കെ വേറൊരു ന്യായപ്രമാണം ഉണ്ടാവുക സാദ്ധ്യവുമല്ല. എന്തുകൊണ്ടെന്നാൽ, മുൻപറഞ്ഞപോലെ അതു ഒന്നുകിൽ നിലവിലിരിക്കുന്ന ന്യായപ്രമാണത്തിൻെറ നേർപകൎപ്പോ അല്ലെങ്കിൽ, അതിലും കീഴ്ത്തരമായതോ ആയിരിക്കുന്നതാണ്. രണ്ടിലേതു പ്രകാരത്തിലായാലും മറെറാരു ന്യായപ്രമാണത്തിൻെറ ആവശ്യമില്ലതന്നെ. ചുരുക്കത്തിൽ, പരിപൂർണ്ണന്യായപ്രമാണം സുരക്ഷിതമായിരിക്കകൊണ്ടു വേറൊരു ന്യായപ്രമാണം ഉണ്ടാവാൻ നിവൃത്തിയില്ല.

എന്നാൽ, പ്രവാചകത്വത്തിൻെറ നില ഇത്തരത്തിൽ അല്ലാത്തതിനാൽ പ്രസ്തുതന്യായം അതിനു ബാധകമാ

കുന്നില്ല. എന്തെന്നാൽ, പരിപൂർണ്ണപ്രവാചകത്വത്തോടും ന്യായപ്രമാണത്തോടുംകൂടി ആഗതനായ ഒരു പ്രവാചകന്നുശേഷം വേറെ പ്രവാചകൻെറ ആവശ്യകത ഇല്ലാതായിത്തീരുകയോ, അപ്രകാരം മുൻന്യായപ്രമാണത്തിന്നു വിധേയനായ ശിഷ്യപ്രവാചകൻെറ ആഗമനംമൂലം നിയമദാതാവായ പ്രവാചകൻെറ പൂർണ്ണപ്രവാചകത്വം ഭംഗപ്പെടുകയോ ചെയ്യുന്നില്ല. പരിപൂർണ്ണതയെ പ്രാപിച്ച ആ പ്രവാചകന്നുശേഷം മനുഷ്യർ സന്മാർഗ്ഗത്തിൽനിന്നു അകന്നുപോകാതിരിക്കുകയോ. സന്മാർഗ്ഗക്ഷണം ആവശ്യമില്ലാതായിത്തീരുകയോ, ഈ കൃത്യനിർവ്വഹണത്തിന്നു ആ പ്രവാചകൻതന്നെ എപ്പോഴും ജീവിച്ചിരിക്കുകയോ ചെയ്യുന്നുവെങ്കിൽ, വേറെ പ്രവാചകൻ ആവശ്യമില്ലെന്നു പറയുന്നതു ന്യായപൂർവ്വകമായിരിക്കുന്നതാണ്. അതേപ്രകാരംതന്നെ, പിൻവരുന്ന പ്രവാചകൻ മുൻപ്രവാചകൻ കൊണ്ടുവന്ന പരിപൂർണ്ണന്യായപ്രമാണത്തിൽ ഭേദഗതി വരുത്തുകയോ, അതിനെ കേവലം മാററിവെക്കുകയോ, മുൻപ്രവാചകനെ മേലിൽ അനുഗമിക്കേണ്ട ആവശ്യമില്ലെന്നു ഉപദേശിക്കുകയോ, സ്വതന്ത്രനായ പ്രവാചകനെന്നു സ്വയം വാദിക്കുകയോ ചെയ്യുന്നുവെങ്കിൽ മാത്രമേ ന്യായപ്രമാണദാതാവായ പ്രവാചകൻെറ മാഹാത്മ്യത്തിന്നു ഭംഗമുണ്ടാവുകയുള്ളു. എന്നാൽ ആ മഹാത്മാവിൻെറ ശിഷ്യത്വത്തിൽ ഉരുന്നുകൊണ്ടു അദ്ദേഹത്തിൻെറ ഉദ്ദേശ്യത്തെമാത്രം സാധിക്കുന്നതിന്നു നിയുക്തനാകുന്ന ഒരു പ്രവാചകൻെറ ആഗമനത്താൽ പ്രവാചകഗുരുവിൻെറ പരിപൂർണ്ണപ്രവാചകത്വവും ശ്രേഷ്ഠത്വവും സുസ്ഥാപിതമാവുകയല്ലാതെ കളങ്കിതമാകുന്നില്ല. ചുരുക്കത്തിൽ. പരിപൂർണ്ണമായ ന്യായപ്രമാണമിരിക്കെ വേറൊരു ന്യായപ്രമാണം ഉണ്ടാവുക എന്നതും പരിപൂർണ്ണതയെ പ്രാപിച്ച

പ്രവാചകനശേഷം വേറെ പ്രവാചകൻ വരുകയെന്നതും ഒരുപോലെ അല്ലെന്നും അവ തമ്മിൽ വ്യത്യാസമുണ്ടെന്നും മേൽവിവരണംകൊണ്ടു വിശദമായിരിക്കുന്നു;

വിഷയത്തെ കൂടുതൽ വ്യക്തമാക്കുന്നതിനുവേണ്ടി ഒരു ഉദാഹരണം പറയാം. ഇന്ത്യാരാജ്യത്തെ പല വിഭാഗങ്ങളാക്കി വിവിധരാജാക്കന്മാർ വെവ്വേറെ വ്യവസ്ഥകളനുസരിച്ചു വളരെക്കാലം ഭരിച്ചുപോന്നതിനുശേഷം അതിസമർത്ഥനും പ്രാപ്തനുമായ ഒരു രാജാവു രാജ്യത്തിലെ സകല വിഭാഗങ്ങളെയും ഒന്നിച്ചുചേർത്തു ഏകരാഷ്ട്രമാക്കുകയും അതിനൊട്ടാകെ ഒരു സംപൂർണ്ണമായ ഭരണഘടന രൂപീകരിക്കുകയും ചെയ്തുവെന്നു വിചാരിക്കുക, ഈ ഭരണവ്യവസ്ഥ പരിപൂർണ്ണവും സുരക്ഷിതവും ആയി സ്ഥിതിചെയ്യുന്നിടത്തോളം കാലം വേറൊരു ഭരണഘടനയുടെ ആവശ്യകത ഉണ്ടാകുന്നില്ല; അതു പരിപൂർണ്ണവും അന്യൂനവും ആയിരിക്കുന്നേടത്തോളം വേറൊന്നു പരിപൂർണ്ണമായി വരാൻ നിവൃത്തിയുമില്ല. എന്നാൽ, ആ പരിപൂർണ്ണ ഭരണഘടനയെ പ്രദാനം ചെയ്ത രാജശ്രേഷ്ഠൻെറ മരണാനന്തരം ആ ഭരണവ്യവസ്ഥ നിലവിലിരിക്കുന്നതുകൊണ്ടു അതനുസരിച്ചു ഭരണം നടത്തുന്നതിനു അദ്ദേഹത്തിൻെറ സന്തതികളിൽനിന്നു ആൾക്കും രാജാവായി വരുവാൻ പാടില്ലെന്നോ, ആ ഭരണവ്യവസ്ഥ നിലവിലിരിക്കുന്നതുകൊണ്ടു അങ്ങനെ ഒരു രാജാവുണ്ടാകേണ്ട ആവശ്യമില്ലെന്നോ വരുന്നില്ല. പിൻഗാമിയായ രാജാവിൻെറ സ്ഥാനാരോഹണം മൂലം സ്ഥാപകനായ രാജശ്രേഷ്ഠൻെറ മഹത്വത്തിനു കളങ്കം പറ്റുന്നുമില്ല. ആ രാജശ്രേഷ്ഠൻ ജീവിച്ചിരുന്നു സ്വയമായി ഭരണം നടത്തുന്നുവെങ്കിൽ വേറൊരു രാജാവിൻെറ ആവശ്യകതയില്ലെന്നു തീർത്തുപറയാം. ആകയാൽ, ആദ്യരാജാവിൻെറ ഭരണവ്യ

വസ്ഥയെ ദുബ്ബലപ്പെടുത്താതെ, അതിന്നനുസരിച്ചതന്നെ രാജ്യഭാരം ചെയ്യുന്നതിനായിക്കൊണ്ടു അദ്ദേഹത്തിൻെറ സന്തതികളിൽനിന്നു രാജാവുണ്ടാകുന്നതുമൂലം അദ്ദേഹത്തിൻെറ മാഹാത്മ്യത്തിനു കളങ്കം പററുന്നില്ല. ഇപ്രകാരം തന്നെ, പരിപൂണ്ണമായ ന്യായപ്രമാണം സുരക്ഷിതമായിരുന്നിട്ടും അതിനെ നടത്തുന്നതിനു നബിതിരുമേനിയുടെ ആത്മീയസന്തതികളിൽനിന്നു പ്രവാചകൻ വരുന്നതുമൂലം തിരുമേനിയുടെ മാഹാത്മ്യത്തിനു് ഭംഗമുണ്ടാകുന്നില്ല. ന്യായപ്രമാണവും പ്രവാചകത്വവും പരിപൂണ്ണമായിരിക്കുന്നു എന്നതു ശിഷ്യപ്രവാചകൻെറ വരവിനു പ്രതിബന്ധമായിത്തീരുന്നില്ലെന്നു മാത്രമല്ല, മറിച്ച അതു അങ്ങനെയുള്ള ശ്യഷ്യപ്രവാചകൻെറ വരവിനു സാധകമാവുകയാണു് ചെയ്യുന്നതു. പരിപൂണ്ണപ്രവാചകത്വത്തോടും സംപൂർണ്ണമാഗ്ഗദശ്നത്തോടുംകൂടി വന്ന നബിതിരുമേനിയുടെ അനുയായികൾക്ക, മുൻപ്രവാചകന്മാരുടെ അനുയായികൾക്കു ലബ്ധമായിരുന്ന സ്ഥാനങ്ങൾ മാത്രമേ പ്രാപ്യമാകയുള്ളു എന്നു പറയുകയാണെങ്കിൽ, തിരുമേനിയുടെ പ്രവാചകത്വവും മാഗ്ഗദശ്നവും പരിപൂണ്ണമായതല്ലെന്നു വരുന്നതാണു്. ''ഇതു ഒരു മുസ്ലിമിൻെറ ഹൃദയത്തിൽ തോന്നുവാൻകൂടി പാടില്ലാത്ത ഒരു സംഗതിയാണു്. വിഷയത്തെക്കുറിച്ച നല്ലപോലെ ചിന്തിക്കുകയും സംഗതികളെ കൂലംകഷമായി പരിശോധിക്കുകയും ചെയ്യേണ്ടതുബുദ്ധിമാന്മാരുടെ കത്തവ്യ''മാണു്. എന്നിരിക്കെ അപ്രകാരം ചെയ്യാതെ പണ്ഡിതനായ ഗ്രന്ഥകത്താവു, സമ്പൂർണ്ണമായ ന്യായപ്രമാണമിരിക്കെ മറെറാരു ന്യായപ്രമാണത്തിൻെറ ആവശ്യമില്ലാതിരിക്കുന്നപോലെത്തന്നെ പരിപൂർണ്ണപ്രവാചകത്വത്തിന്നുശേഷം പ്രവാചകത്വത്തിൻെറ ആവശ്യവുമില്ലെന്നു പറയുന്നതു അത്യാശ്ചയ്യകരമായിരിക്കുന്നു!

---

## അഞ്ചാം അദ്ധ്യായം

# പൂർവ്വ പ്രവാചകന്മാരിലുള്ള വിശ്വാസവും പ്രവാചകാവതാരവും

ഗ്രന്ഥകർത്താവിന്റെ ന്യായത്തിന്നു
വാദ വിഷയവുമായി ബന്ധമില്ല.

നബിതിരുമേനിക്കുശേഷം ഒരു പ്രകാരത്തിലുള്ള പ്രവാചകനും ഉണ്ടാകുന്നതല്ലെന്നു സ്ഥാപിക്കുന്നതിനായിട്ടു നമ്മുടെ ഗ്രന്ഥകർത്താവു കാണിച്ചിരിക്കുന്ന വേറൊരു ന്യായം, മുമ്പുണ്ടായിരുന്ന സകല പ്രവാചകന്മാരിലും വിശ്വസിക്കാൻ തിരുമേനി പഠിപ്പിച്ചിട്ടുണ്ടെന്നുള്ളതാണ്. ദിവ്യമാർഗ്ഗദർശനം "കൊണ്ടുവന്നവർ സർവ്വജനവിഭാഗങ്ങളിലും ഉണ്ടായിട്ടുണ്ടെന്നും" അവർ കൊണ്ടുവന്നിട്ടുള്ള "തിലെല്ലാം വിശ്വസിക്കൽ നമുക്കു നിർബ്ബന്ധമാക്കി സ്ഥാപിച്ചിട്ടു"ണ്ടെന്നും, ആകയാൽ "മുഹമ്മദുമുസ്തഫാ (സ. അ) യുടെ 'തഅലീം' സർവ്വസമ്പൂർണ്ണമാണെന്നും അദ്ദേഹത്തിന്നുശേഷം യാതൊരു പ്രവാചകനും വരേണ്ട ആവശ്യമില്ലെന്നും തെളിയുന്നു"* എന്നും ഗ്രന്ഥകർത്താവു പ്രസ്താവിച്ചുകാണുന്നു. ഇപ്രകാരം പൂർവ്വപ്രവാചകന്മാരിൽ വിശ്വസിക്കുവാൻ നബിതിരുമേനി (സ) കല്പിച്ചതുകൊണ്ടു മേലിൽ പ്രവാചകനുണ്ടാകാവതല്ലെന്നു തെളിയുന്നു എന്ന അനുമാനം സാധുവായിരിക്കണമെങ്കിൽ, പ്രമാണവും പ്രാമാണ്യവും തമ്മിലുണ്ടാകേണ്ട തരത്തിലുള്ള ബന്ധം ഗ്ര

* ഖാത്തമുന്നുബുബ്ബത്ത്. ഭാ. 8.

ന്ഥകർത്താവ് തെളിവായി കാണിക്കുന്ന ന്യായത്തിനു വാദ വിഷയവുമായി ഉണ്ടായിരിക്കേണ്ടതാണ്. എന്നാൽ, മുൻപ്രവാചകന്മാരിൽ വിശ്വസിക്കണമെന്നുള്ള മതശാസനയ്ക്കു മേലിൽ പ്രവാചകനുണ്ടാകാവതല്ലെന്ന വിഷയവുമായി യാതൊരു ബന്ധവുമില്ലെന്നുള്ളത് സ്പഷ്ടമായ സംഗതിയാണ്. പ്രസ്തുത ബന്ധത്തെക്കുറിച്ച് നമ്മുടെ ഗ്രന്ഥകർത്താവു സ്വൽപമൊന്നു ചിന്തിച്ചിരുന്നുവെങ്കിൽ, ഈ സംഗതി ഒരു തെളിവായി കാണിക്കുന്നതിനു അദ്ദേഹം ധൈര്യപ്പെട്ടമായിരുന്നില്ലെന്നുതന്നെ വിചാരിക്കാം. വിദ്വാനും മതപണ്ഡിതനുമായ ഒരാൾ ഇത്തരം ഗൌരവപ്പെട്ട വിഷയത്തെ ഉപപാദിക്കുവാൻ ഒരുങ്ങുന്നതു പ്രമാണയോഗ്യമായ തെളിവുകളെ ആസ്പദമാക്കി വേണ്ടതായിരുന്നു. പണ്ഡിതനായ നമ്മുടെ ഗ്രന്ഥകർത്താവു അപ്രകാരം ചെയ്യാതെ, വിഷയവുമായി ബന്ധമില്ലാത്ത ഓരോ സംഗതിയെ പ്രമാണമെന്നോണം എടുത്തുകാണിച്ച് കാര്യം സ്ഥാപിച്ചതായി കൃതാൎത്ഥതയടഞ്ഞുകാണുന്നതു ആശ്ചര്യാവഹം തന്നെ.

പ്രിയ വായനക്കാരെ! പൂർവ്വപ്രവാചകൻമാരിൽ വിശ്വസിക്കാൻ ഇസ്ലാം ശാസിക്കുന്നതുകൊണ്ടു മേലിൽ പ്രവാചകനുണ്ടാകാവതല്ലെന്നു വാസ്തവത്തിൽ തെളിയുന്നുണ്ടോ എന്നു നിങ്ങൾ നിഷ്പക്ഷമായൊന്നു ചിന്തിക്കുവിൻ. ഒരു പരമാൎത്ഥസംഗതി വിശ്വസിക്കുവാൻ കൽപിച്ചതിൽനിന്നു നബിതിരുമേനിക്കുശേഷം പ്രവാചകൻ തന്നെ ഉണ്ടാകുന്നതല്ലെന്നു തെളിയുന്നു എന്നു വരുകിൽ, ഇതുപോലുള്ള നിരവധി സംഗതികളെ തെളിവുകളായി കാണിക്കാവുന്നതാണ്. അപ്പോൾ ദൈവത്തിലും മലക്കുകളിലും മററും വിശ്വസിക്കാൻ കല്പിച്ചതുകൊണ്ടും മേലിൽ പ്രവാചകനുണ്ടാകാവതല്ലെന്നു സിദ്ധിക്കുന്നു എന്നും പറ

യാവുന്നതാണല്ലൊ. ഇങ്ങനെ പരസ്പരം ബന്ധമില്ലാത്തതും യഥാർത്ഥത്തിൽ പ്രമാണമല്ലാത്തതുമായ സംഗതിയെ എടുത്തുകാണിക്കുന്നതുകൊണ്ടു വാദവിഷയം സ്ഥാപിതമാകുമെന്നുവരുകിൽ, അഞ്ചുനേരം നമസ്കരിക്കുവാനും റമസാനിൽ നോമ്പുനോൽക്കുവാനും നബിതിരുമേനി (സ) കൽപിച്ചതുകൊണ്ട് ഇനി പ്രവാചകനുണ്ടാകാവതല്ലെന്നു തെളിയുന്നു എന്നു പറയുന്നതും സാധുവായിരിക്കേണ്ടതാണ്. എന്നാൽ, ഇത്തരം സംഗതികളൊന്നും മേലിൽ പ്രവാചകനുണ്ടാകാവതല്ലന്നതിലേക്ക് തെളിവായിത്തീരുന്നില്ലെങ്കിൽ, ഗ്രന്ഥകർത്താവു ശക്തിപുരസ്സരം പ്രകടിപ്പിച്ച പ്രസ്തുത ന്യായവും വിഷയത്തിലേക്ക് പ്രമാണമായിത്തീരുന്നില്ല. അദ്ദേഹം പറയുന്നപോലെ മുൻപ്രവാചകന്മാരിൽ വിശ്വസിക്കാൻ കൽപിച്ചതുകൊണ്ടു മേലിൽ പ്രവാചകനിയോഗം അവസാനിച്ചപോയിരിക്കുന്നു എന്നു തെളിയുന്നുവെങ്കിൽ, മലക്കുകളിൽ വിശ്വസിക്കാൻ കൽപിച്ചതുകൊണ്ട് അതുമുതൽക്കു മലക്കുകളുടെ പ്രവൃത്തി നിലച്ചുപോയിരിക്കുന്നു എന്നും ആഖിറത്തിൽ അഥവാ അന്ത്യകാലത്തെക്കുറിച്ചു വിശ്വസിക്കാൻ കൽപിച്ചതുകൊണ്ടു 'കാലം' കേവലമായി അവസാനിച്ചപോയിരിക്കുന്നുവെന്നും തെളിയുന്നതായി സമ്മതിക്കേണ്ടിയിരിക്കുന്നു. തന്നെയുമല്ല, ഗ്രന്ഥകർത്താവിന്റെ ന്യായമനുസരിച്ചു മേലിൽ പ്രവാചകനുണ്ടാകാവതല്ലെന്നു തെളിയുന്നതായി സമ്മതിക്കുന്നപക്ഷം, അസാധാരണമായ തരത്തിൽ ജനിച്ചതുകൊണ്ടു ഈസാനബിയുടേയും യഹ്യാനബിയുടെയും പിറകേയും, ശൈശവത്തിൽ പുഴയിൽ തള്ളപ്പെട്ടതിൽപിന്നെ രക്ഷപ്പെട്ടതുകൊണ്ടു മൂസാനബിയുടെ പിറകേയും സ്വസഹോദരന്മാരാൽ കിണററിൽ തള്ളിയിടപ്പെട്ടതിൽപിന്നെ രക്ഷപ്പെട്ട് ഭരണാധികാരിയായിത്തീർന്നതുകൊണ്ടു യൂസുഫ്നബിക്കുശേഷ

വും പ്രവാചകനുണ്ടാകാവതല്ലെന്നു തെളിയുന്നു എന്നു ആ പ്രവാചകന്മാരുടെ അനുയായികൾക്കു വാദിക്കാവുന്നതും അപ്പോഠം അതു സാധുവായിരിക്കേണ്ടതുമാണ്. അവരുടെ ഈ ന്യായം വിഷയവുമായി ബന്ധമില്ലാത്തതായിരിക്കകൊണ്ടു വാസ്തവത്തിൽ പ്രമാണമായിരിക്കുകയില്ലെങ്കിൽ അപ്രകാരംതന്നെ മുൻപ്രവാചകന്മാരിൽ വിശ്വസിക്കണമെന്നുള്ള മതശാസന, മേലിൽ പ്രവാചകനുണ്ടാകാവതല്ലെന്നതിലേക്കു ഒരു പ്രമാണമായിരിക്കയില്ലെന്നു വിശദമാകുന്നു.

പരിപൂർണ്ണമായ മതോപദേശവും
പൂർവ്വപ്രവാചകന്മാരിലുള്ള വിശ്വാസവും

''നബീകരീമിന്റെ 'തഅലീം' സർവ്വസമ്പൂർണ്ണമായിരുന്നില്ലെങ്കിലും പൂർവ്വദൈവഗ്രന്ഥങ്ങളുടെ സാരാംശങ്ങഠം നബിയുടെ 'തഅ്ലീമി'ൽ ഉഠംപ്പെടുത്തിയിരുന്നില്ലെങ്കിലും പൂർവ്വീകന്മാരായ പ്രവാചകന്മാക്കു അല്ലാഹു നൽകീട്ടുള്ള ഗ്രന്ഥങ്ങളിൽ വിശ്വസിക്കൽ നിർബ്ബന്ധമാക്കി കൽപിച്ചതിന്റെ ആവശ്യമെന്ത്?'' (ഖതമു. 8) എന്നു ഈ ഘട്ടത്തിൽ നമ്മുടെ ഗ്രന്ഥകർത്താവു ചോദിക്കുന്നു. എന്നാൽ, നബിയുടെ 'തഅ്ലീം' അഥവാ മതോപദേശം പരിപൂർണ്ണമായതാണെന്നും അതിൽ പൂർവ്വമതഗ്രന്ഥങ്ങളിലെ സാരാംശങ്ങളടങ്ങീട്ടുണ്ടെന്നും ഉള്ളതിൽ ഞങ്ങഠംക്കു ലവലേശവും സംശയമില്ലെന്നു മാത്രമല്ല, ഞങ്ങഠം അതു കൂടുതൽ പ്രകടമായി വാഗ്മൂലവും എഴുത്തുമൂലവും പ്രസ്താവിക്കുന്നവർകൂടിയാണ്. തിരുമേനിയുടെ ഉപദേശം പരിപൂർണ്ണമായിരിക്കകൊണ്ടും പൂർവ്വമതഗ്രന്ഥങ്ങളിലെ സാരാംശങ്ങഠം അതിലടങ്ങിയിരിക്കകൊണ്ടുമാണ് മുൻപ്രവാചകന്മാരിലും അവരുടെ സന്ദേശങ്ങളിലും വി

ശ്വസിക്കാൻ അതു ശാസിക്കുന്നതു എന്നു ഗ്രന്ഥകർത്താവു പറയുന്നതല്ലാതെ അതിലേക്കു യാതൊരു തെളിവും കാണിക്കുന്നില്ല. ഇങ്ങനെ വിശ്വസിക്കാൻ ശാസിച്ചിരിക്കുന്നതു ഈ കാരണങ്ങൾകൊണ്ടാണെന്നു സമ്മതിക്കുന്നതായാൽതന്നെ, ആ ശാസനയുള്ളതുകൊണ്ടു മേലിൽ പ്രവാചകന്നു വരുവാൻ പാടില്ലെന്നു ഒരു പ്രകാരത്തിലും തെളിയുന്നില്ല. മൂസാനബി (അ) മുഖാന്തരം വെളിപ്പെട്ട മതോപദേശം ഇസ്രായീല്യർക്കു പരിപൂർണ്ണമായതായിരുന്നു എന്നു മുൻതെളിയിച്ചിട്ടുണ്ടു്*. തന്നേയുമല്ല, അതു അവർക്കു പരിപൂർണ്ണമായതായിരുന്നു എന്നും നബിതിരുമേനി (സ) മുഖാന്തരം വെളിപ്പെട്ട ന്യായപ്രമാണത്തിനു ലോകവുമായുള്ള ബന്ധമെപ്രകാരമോ അപ്രകാരമുള്ള ഒരു ബന്ധമാണ് മൂസാനബിയുടെ ന്യായപ്രമാണത്തിനു ഇസ്രായീൽജനതയുമായുള്ളതെന്നും ഖുർആൻ ഒന്നിലധികം സ്ഥലത്തു പ്രസ്താവിച്ചിട്ടുമുണ്ടു്. ഉദാഹരണത്തിനു അതു ഒരിടത്തു പറയുന്നതാവിത്:—

ثم آتينا موسى الكتاب تماما على الذى احسن وتفصيلا

لكل شيئ وهدى ورحمة ....... وهذا كتاب انزلناه مبارك

''പിന്നെ നാം, സൽക്കർമ്മം ചെയ്യുന്നവർക്കു പരിപൂർണ്ണമായതും, സർവ്വകാര്യങ്ങളെയും വിശദീകരിക്കുന്നതും, മാർഗ്ഗദർശനവും കാരുണ്യവും ആയിരിക്കുന്നതും ആയ ഗ്രന്ഥം മൂസാക്കു നൽകി........പിന്നെ നാം ഈ അനുഗൃഹീതഗ്രന്ഥത്തെ ഇറക്കി'' (6:155). ഈ വാക്യത്തിൽനിന്നു,

---

* മൂന്നാം അദ്ധ്യായം. ഭാ. 65-74.

മൂസാനബി (അ) മുഖാന്തരം വെളിപ്പെട്ട ഗ്രന്ഥം ഇസ്രായീല്യൎക്ക പരിപൂൎണ്ണമായതും അവശ്യകാൎയ്യങ്ങളെല്ലാം വിവരിച്ചുകൊണ്ടുള്ളതും ആയിരുന്നുവെന്നും, ആ ഗ്രന്ഥത്തിനുശേഷം ന്യായപ്രമാണത്തോടുകൂടിയ ഒരു ഗ്രന്ഥം ഖുർആൻ മാത്രമാണെന്നും സ്പഷ്ടമാകുന്നു. തിരുമേനിയുടെ ഉപദേശം സംപൂൎണ്ണമായതുകൊണ്ടു അതു മുൻപ്രവാചകന്മാരിലും അവരുടെ സന്ദേശങ്ങളിലും വിശ്വസിക്കാൻ ശാസിക്കുന്നു എന്നും, അപ്രകാരം ശാസിക്കുന്നതുകൊണ്ടു തിരുമേനിക്കു ''ശേഷം യാതൊരു പ്രവാചകനും വരേണ്ട ആവശ്യമില്ലെന്നും'' നമ്മുടെ ഗ്രന്ഥകർത്താവു അനുമാനിക്കുന്നതു സാധുവായിരിക്കുമെങ്കിൽ, മൂസാനബിക്കുശേഷവും യാതൊരു പ്രവാചകനും വരേണ്ട ആവശ്യമുണ്ടായിരുന്നില്ലെന്നു സമ്മതിക്കേണ്ടിവരുന്നതാണ്. എന്തുകൊണ്ടെന്നാൽ, മുൻകാണിച്ചപോലെ മൂസാനബിയുടെ മതഗ്രന്ഥം ഇസ്രായീല്യൎക്ക സംപൂൎണ്ണമായിരുന്നതുകൊണ്ടു അവർ അദ്ദേഹത്തിനുമുമ്പു കഴിഞ്ഞ യൂസുഫ്, യഅ്ഖൂബ്, ഇസ്ഹാഖ്, ഇബ്രാഹീം മുതലായ പ്രവാചകന്മാരിൽ വിശ്വസിക്കുന്നതിനു തീർച്ചയായും ബാദ്ധ്യതപ്പെട്ടിരിക്കേണ്ടതാണ്. അപ്രകാരം വിശ്വസിക്കാൻ മൂസാനബിയുടെ മാൎഗ്ഗദർശനത്തെ കൈക്കൊണ്ടവർ ബാദ്ധ്യസ്ഥരായിരിക്കുമ്പോഴും, ആ മഹാത്മാവിനുശേഷം, ഗ്രന്ഥകർത്താവിൻെറ ന്യായപ്രകാരം, ഇസ്രായീല്യർക്ക് യാതൊരു പ്രവാചകനും വരേണ്ട ആവശ്യമില്ലെന്നുവരുന്നു.

ഗ്രന്ഥകൎത്താവിൻെറ ന്യായം സാധുവാകുമെങ്കിൽ,
അനേകം പ്രവാചകന്മാരെ നിരാകരിക്കേണ്ടിവരും.

തൌറാത്ത് ഇസ്രായിൽജനത്തിനു പരിപൂൎണ്ണമായ മാൎഗ്ഗദൎശനമായിരുന്നതിനാൽ അവർ അതിനു മുമ്പുള്ള പ്രവാചകന്മാരിൽ വിശ്വസിക്കേണ്ടതിൻ ഗ്രന്ഥകൎത്താവി

ൻെറ ന്യായമനുസരിച്ച ബാദ്ധ്യസ്ഥരായിത്തീരുന്നുവ ല്ലൊ. എന്നിട്ടും തൌറാത്തിനുശേഷം അതിനു വിധേയ രായി പ്രവാചകന്മാർ വരേണ്ട ആവശ്യം ഉണ്ടായിട്ടുണ്ടെ ങ്കിൽ, നബിതിരുമേനിയുടെ മാർഗ്ഗദർശനം പരിപൂർണ്ണമാ യതുകൊണ്ടും മുൻപ്രവാചകന്മാരിൽ വിശ്വസിക്കാൻ ശാ സിച്ചതുകൊണ്ടും അതിനുശേഷം പ്രവാചകനുണ്ടാകേണ്ട ആ വശ്യമില്ലെന്നു പറയുന്നതു സാധുവായിരിക്കുന്നതല്ല. അതു സാധുവായിരിക്കണമെങ്കിൽ, തൌറാത്തിൻെറ ആവിർഭാ വത്തിനുശേഷം ഇസ്രായീല്യരിൽ ഒരു പ്രവാചകനും വ രാതിരിക്കേണ്ടതാണ്. ഇതു അസംഭവ്യമായിരിക്കയാൽ ഗ്രന്ഥകർത്താവിൻെറ ന്യായം അടിസ്ഥാനരഹിതമായി ത്തീരുന്നു. ചുരുക്കത്തിൽ, അദ്ദേഹത്തിൻെറ ന്യായത്തെ സ്വീകരിക്കുന്നപക്ഷം മൂസാനബിക്കുശേഷം ഇസ്രായീല്യ രുടെ ഇടയിൽ വെളിപ്പെട്ടുകൊണ്ടിരുന്ന പ്രവാചകന്മാരെ യെല്ലാം നിരാകരിക്കേണ്ടതായ്‌വരുന്നതാണ്. അങ്ങനെ ചെയ്യുന്നതു ധർമ്മവിരുദ്ധമായിരിക്കുകയാൽ, സംപൂർണ്ണ മതോപദേശത്തിൽ മുൻപ്രവാചകന്മാരെ കൈക്കൊള്ളണ മെന്നുള്ള ശാസനയടങ്ങിട്ടുള്ളതുകൊണ്ടു അതിനുശേഷം ഒരു പ്രവാചകനും ഉണ്ടാകാവതല്ലെന്നു തെളിയുന്നു എന്നുള്ള ഗ്രന്ഥകർത്താവിൻെറ ന്യായത്തെ നിരസിക്കേണ്ടതാ യിവരുന്നു. ഇസ്രായീല്യർക്കു മാർഗ്ഗദർശനമായിരുന്നതും അവർ അനുസരിക്കുന്നതിനു ബാദ്ധ്യതപ്പെട്ടിരുന്നതുമായ തൌറാത്തിൽ മൂസാനബിക്കുമുമ്പുണ്ടായിരുന്ന പ്രവാചക ന്മാരെപ്പററി പ്രസ്താവിക്കപ്പെട്ടിട്ടുണ്ടെന്നുള്ള വസ്തുതതന്നെ, അവരെ സത്യപ്രവാചകന്മാരെന്നു കൈക്കൊള്ളുവാൻ ആ ജനത ബാദ്ധ്യതപ്പെട്ടിരിക്കുന്നു എന്നതിലേക്കു മതിയായ സാക്ഷ്യമാണ്. തന്നേയുമല്ല, മൂസാനബിയുടെ പിറകെ വന്നിട്ടുള്ള പ്രവാചകന്മാരിൽ ഒരോരുത്തരും താന്താങ്ങളം ക്കു മുമ്പു വന്ന പ്രവാചകന്മാരിൽ വിശ്വസിക്കാൻ ഉപ

ദേശിച്ചിട്ടുള്ളവർതന്നെയായിരുന്നു. അവരിൽ അന്ത്യനാ യ ഈസാനബിയുടെ പ്രബോധനം ഇതിലേക്കു സാക്ഷ്യ വുമാണ്. ആ പുണ്യാത്മാവു പറയുന്നതു കാണുക:- "ഞാ ൻ ന്യായപ്രമാണത്തെയും പ്രവാചകന്മാരെയും നീക്കേണ്ട തിനു വന്നു എന്നു നിരൂപിക്കേണ്ട; നീക്കുവാനല്ല പൂർത്തി വരുത്തുവാനത്രെ ഞാൻ വന്നതു. സത്യമായിട്ടു ഞാൻ നി ങ്ങളോടു പറയുന്നു: ആകാശവും ഭൂമിയും ഒഴിഞ്ഞുപോകും വരെ സകലവും നിവൃത്തിയാകുവോളം ന്യായപ്രമാണ ത്തിൽനിന്നു ഒരു വള്ളിയോ പുള്ളിയോ ഒരു പ്രകാരത്തി ലും ഒഴിഞ്ഞുപോകയില്ല. ആകയാൽ ഈ ഏററവും ചെ റുതായ കല്പനകളിൽ ഒന്നിനെ ആരെങ്കിലും അഴിക്കയും അപ്രകാരം മനുഷ്യരെ പഠിപ്പിക്കയും ചെയ്താൽ അവൻ സ്വർഗ്ഗരാജ്യത്തിൽ ഏററവും ചെറിയവൻ എന്നു വിളിക്ക പ്പെടും; എന്നാൽ ആരെങ്കിലും അവയെ ആചരിക്കയും പഠിപ്പിക്കയും ചെയ്താൽ അവൻ സ്വർഗ്ഗരാജ്യത്തിൽ വലി യവൻ എന്നു വിളിക്കപ്പെടും" (മത്തായി, 5 : 17 19). "മ നുഷ്യർ നിങ്ങൾക്കു എന്തെല്ലാം ചെയ്യേണം എന്നു നിങ്ങ ൾ ഇച്ഛിക്കുന്നുവോ അപ്രകാരം നിങ്ങൾ അവർക്കും ചെ യ്‌വിൻ; ന്യായപ്രമാണവും പ്രവാചകന്മാരും ഇതല്ലോ ആകുന്നു" (മത്താ. 7: 12). ഇതിൽനിന്നെല്ലാം ഈസാന ബി (അ) തൻെറ ജനത്തോടു മുൻപ്രവാചകന്മാരിൽ വി ശ്വസിക്കുകയും തൌറാത്തിനെ അനുസരിക്കുകയും ചെ യ്‌വാൻ ഉപദേശിച്ചിരുന്നതായി വ്യക്തമാകുന്നു. ഇതി നുപുറമെ, യഹൂദരും ക്രിസ്ത്യരും തമ്മിൽ എത്രതന്നെ അ ഭിപ്രായവ്യത്യാസവും ഭിന്നതയും ഉണ്ടായിരുന്നിട്ടും മൂസാന ബിക്കു മുമ്പുള്ള പ്രവാചകന്മാരെപ്പററി പ്രസ്താവിച്ചിട്ടുള്ള തൌറാത്തിനെയും അദ്ദേഹത്തിനുശേഷം വന്ന പ്രവാചക ന്മാരുടെ ഉപദേശങ്ങളടങ്ങിയ ഗ്രന്ഥങ്ങളെയും അവർ ത ങ്ങളുടെ മതപ്രമാണങ്ങളായി അംഗീകരിച്ചുവരുന്നതും ഇ തിലേക്കു ഒരു നല്ല ലക്ഷ്യമാണ്.

പൂർവ്വപ്രവാചകന്മാരിൽ വിശ്വസിക്കാനുള്ള ശാസന
പിൻവരുന്നവരിൽ വിശ്വസിക്കേണ്ടതാണെന്നു കാണിക്കുന്നു.

മുൻവന്ന പ്രവാചകന്മാരിൽ വിശ്വസിക്കുക അത്ര ആവശ്യമായിട്ടുള്ളതല്ലെന്നു ഒരു പ്രവാചകനും പറയരുതാത്തതാകുന്നു. അങ്ങനെ പറയുന്നതായാൽ, അദ്ദേഹത്തിന്റെ പ്രവാചകത്വത്തിൽതന്നെയും വിശ്വസിക്കേണ്ടതാവശ്യകമല്ലെന്നും അത്ര കാര്യമായിട്ടുള്ളതല്ലെന്നും വന്നുകൂടുന്നതാണ്. മുമ്പും ദിവ്യസന്ദേശത്തോടുകൂടി പ്രവാചകന്മാർ വന്നിട്ടുണ്ടെന്നും അവരെയും സ്വീകരിക്കേണ്ടതാവശ്യകമാണെന്നും ഉപദേശിക്കുകയെന്നതു, ഒരു പ്രവാചകനു താൻ ദൈവനിയുക്തനാണെന്നും തന്നെ ജനങ്ങൾ സ്വീകരിക്കേണ്ടതാണെന്നും പ്രബോധിപ്പിക്കുന്നതിലേക്കു അത്യാവശ്യമത്രേ. ഒരു പ്രത്യേക ദേശത്തിലോ സമുദായത്തിലോ വന്ന പ്രവാചകൻ കുറഞ്ഞപക്ഷം, തനിക്കുമുമ്പു ആ ദേശത്തിലോ സമുദായത്തിലോ വന്ന പ്രവാചകന്മാരിലും പൂർവ്വന്മാരിൽ വന്ന പ്രവാചകന്മാരിലും വിശ്വസിക്കാൻ ഉപദേശിക്കേണ്ടതാണ്. അപ്രകാരംതന്നെ ലോകത്തിനൊട്ടാകെ പ്രവാചകനായി നിയുക്തനാകുന്ന മഹാത്മാവു വിവിധസമുദായങ്ങളിലായി മുഴുലോകത്തും പ്രവാചകന്മാർ വന്നിട്ടുണ്ടെന്നും അവരെല്ലാവരിലും വിശ്വസിക്കേണ്ടതാവശ്യമാണെന്നും ഉപദേശിക്കേണ്ടിയിരിക്കുന്നു. മുൻവന്ന പ്രവാചകന്മാരിൽ വിശ്വസിക്കുക നിർബ്ബന്ധിതമല്ലെന്നു പറയുന്നപക്ഷം, ആഗതനായ പ്രവാചകനെ സ്വീകരിക്കേണ്ട ആവശ്യമില്ലെന്നു വരുന്നതാകകൊണ്ടു, ഒരു ദേശത്ത് നിയുക്തനായ പ്രവാചകൻ തന്നെ ജനങ്ങൾ വിശ്വസിക്കേണ്ടതാണെന്നു ഉപദേശിക്കുമ്പോൾ തനിക്കുമുമ്പു ആ ദേശത്ത് വന്ന പ്രവാചകന്മാരിലും വിശ്വസിക്കേണ്ടതാണെന്നു പ്രബോധിപ്പിക്കുകതന്നെ ചെയ്യും. ഇതുപോലെ

തന്നെ ഒരു സമുദായത്തിന്നായി നിയോഗിതനായ പ്രവാചകൻ തനിക്കുമുമ്പു ആ സമുദായത്തിൽ വന്ന പ്രവാചകന്മാരിൽ വിശ്വസിക്കുക ആവശ്യകമല്ലെന്നോ, അത്ര കാര്യമായതല്ലെന്നോ പറയുന്ന പക്ഷം, അദ്ദേഹത്തിൽ വിശ്വസിക്കുകയെന്നതും നിർബ്ബന്ധിതമല്ലെന്നു വരുന്നതാണ്. ഇതേപ്രകാരംതന്നെ മുഴലോകത്തിനും പ്രവാചകനായി വന്ന മഹാത്മാവു, തനിക്കുമുമ്പു ഓരോ സമുദായത്തിനും പ്രത്യേകമായിട്ടാണെങ്കിലും ലോകത്തൊട്ടാകെ പ്രവാചകന്മാർ വന്നുകഴിഞ്ഞിട്ടുണ്ടെന്നും അവരെയെല്ലാം വിശ്വസിക്കേണ്ടതാണെന്നും ഉള്ള തത്വത്തെ ഉപദേശിക്കാതിരുന്നാൽ, അദ്ദേഹത്തിൻെറ ദൌത്യത്തെ ലോകമെല്ലാം കൈക്കൊള്ളേണ്ടതു അത്ര ആവശ്യമായതല്ലെന്നു വരുന്നതാണ്. ആകയാൽ. ഓരോ ജനതയിലും അധമ്മവും അന്ധതയും വ്യാപിച്ചപ്പോഴെല്ലാം അവക്കു മാർഗ്ഗദർശകൻമാരായി പ്രവാചകന്മാർ വന്നുകൊണ്ടിരുന്നുവെന്നും അവരെല്ലാവരിലും വിശ്വസിക്കേണ്ടതാവശ്യമാണെന്നും ഉപദേശിക്കുകയെന്നതു്, ലോകമാസകലം അന്ധകാരം പരക്കുകയും മനുഷ്യവർഗ്ഗത്തിനൊട്ടാകെ ഒരേഒരു മാർഗ്ഗദർശകൻ മതിയാവുന്ന തരത്തിൽ ലോകഗതിമാറിവരുകയും ചെയ്ത ഘട്ടത്തിൽ നിയുക്തനായ ലോകൈകപ്രവാചകൻെറ ദൌത്യം സകലസമുദായക്കാരും വിശ്വസിക്കേണ്ടതാവശ്യമെന്നുള്ള ബോധമുളവാക്കുന്നതിനും പ്രേരകമായിത്തീരുന്നതാണ്. വിശുദ്ധഖുർആൻ മുൻപ്രവാചകന്മാരിൽ വിശ്വസിക്കുവാൻ കൽപിച്ചതിൻെറ താൽപര്യം, മനുഷ്യരുടെ മാർഗ്ഗദർശനത്തിനായി പ്രവാചകന്മാർ വരുകയും അവക്കു ദിവ്യവെളിപാടുണ്ടാവുകയും ചെയ്തിട്ടുണ്ടെന്ന പരമാത്ഥത്തെ നാം കൈക്കൊള്ളേണമെന്നതല്ലാതെ, അവരോരോരുത്തരും അതാതു കാലങ്ങളിൽ ഉപദേശിച്ചിട്ടു

ള്ളതെല്ലാം അനുസരിക്കേണമെന്നതല്ല. എന്തുകൊണ്ടെന്നാൽ, അവരുടെ ഉപദേശങ്ങളെല്ലാം അനുസരിക്കുവാൻ നാം ബാദ്ധ്യസ്ഥരാണെങ്കിൽ, മുൻന്യായപ്രമാണങ്ങളെയെല്ലാം ദുർബ്ബലപ്പെടുത്തിക്കൊണ്ടു വിശുദ്ധഖുർആൻ വെളിപ്പെടേണ്ട ആവശ്യമില്ല. തന്നേയുമല്ല, മുൻപ്രവാചകന്മാരിലെല്ലാം വിശ്വസിക്കേണമെന്നു പഠിപ്പിക്കുന്ന ഖുർആൻ ഉദ്ദേശം 25 പ്രവാചകന്മാരെക്കുറിച്ചു മാത്രമെ പ്രസ്താവിക്കുന്നുള്ളു. അതു മററുള്ളവരുടെ പേരുപോലും പ്രസ്താവിക്കാതെ മൊത്തത്തിൽ എല്ലാ ജനതകളിലും പ്രവാകൻമാരുണ്ടായിട്ടുണ്ടെന്നു പ്രഖ്യാപിക്കുക മാത്രമാണ് ചെയ്യുന്നത്, ''കഴിഞ്ഞുപോയ പ്രവാചകൻമാരെപ്പററി പൊതുവായ ഒരു വിശ്വാസമുണ്ടായാൽ മാത്രം മതി'' (ഖതമു. ഭാ. 48.) എന്നു നമ്മുടെ ഗ്രന്ഥകർത്താവുതന്നേയും സമ്മതിച്ചിട്ടുണ്ട്. അപ്പോൾ, പൂർവ്വപ്രവാചകൻമാരിലും അവർക്കു വെളിപ്പെട്ടതുകളിലും വിശ്വസിക്കേണമെന്നുള്ളതിൻെറ താൽപര്യം, മുൻകാലത്തു മനുഷ്യരെ സൻമാർഗ്ഗത്തിലേക്കു നയിക്കുന്നതിനു പ്രവാചകൻമാർ പ്രത്യക്ഷപ്പെടുകയും അവർക്കു ദിവ്യവെളിപാടു ലഭിക്കുകയും ഉണ്ടായിട്ടുണ്ടെന്നു വിശ്വസിക്കേണമെന്നു മാത്രമാണെന്നു സിദ്ധിക്കുന്നു. എന്നാൽ, വിശുദ്ധഖുർആനിലോ നബിവചനങ്ങളിലോ പേരുപറയപ്പെട്ട പ്രവാചകന്മാരിലും മററുവിധത്തിൽ പ്രവാചകന്മാരെന്നു വിശ്വാസയോഗ്യമായതരത്തിൽ അറിയപ്പെട്ടിട്ടുള്ളവരിലും വെവ്വേറെയായി വിശ്വസിക്കുകയെന്നതു വിശിഷ്യ നിർബ്ബന്ധിതമാണ്. ഈസാനബിക്കും മൂസാനബിക്കും മുമ്പു ആഗതരായ പ്രവാചകൻമാരിൽ യഹൂദരും ക്രിസ്ത്യരും വിശ്വസിച്ചുപോന്നിട്ടുണ്ട്. അവരുടെ വേദപുസ്തകങ്ങൾ ആ പ്രവാചകന്മാരെക്കുറിച്ചു പ്രസ്താവിക്കുകയും അവരിൽ വിശ്വസിക്കാനായി ആവശ്യപ്പെടുകയും ചെയ്തിരിക്കയാൽ അപ്രകാരം

വിശ്വസിക്കുക ആ കൂട്ടക്ക് നിർബ്ബന്ധിതമായി. അതിന്നനുസരിച്ച അവർ ആ പ്രവാചകന്മാരിൽ എല്ലാം വിശ്വച്ചുപോരുന്നു. ആകയാൽ, മുൻപ്രവാചകൻമാരിൽ വിശ്വസിക്കാൻ കൽപിച്ചിട്ടുള്ളതിൽനിന്നു മേലിൽ പ്രവാചകനുണ്ടാകുന്നതല്ലെന്നു തെളിയുന്നുവെങ്കിൽ, ഈസാനബിക്കുമുമ്പുണ്ടായിരുന്ന പ്രവാചകൻമാരിൽ വിശ്വസിക്കുക യഹൂദക്കും ക്രിസ്തീയർക്കും നിർബ്ബന്ധിതമായതുകൊണ്ടു പിന്നീടു വന്ന നബിതിരുമേനി (സ) പ്രവാചകനായിരിക്കാവതല്ലെന്നും മൂസാനബിക്കു മുമ്പുണ്ടായിരുന്ന പ്രവാചകൻമാരിൽ വിശ്വസിക്കുക ഇസ്രായീല്യക്ക് നിർബ്ബന്ധിതമായതുകൊണ്ടു അദ്ദേഹത്തിനു ശേഷം അവരിൽ ആഗതരായ പ്രവാചകൻമാരും സത്യപ്രവാചകൻമാരായിരിക്കാവതല്ലെന്നും തെളിയുന്നു എന്നുകൂടി സമ്മതിക്കേണ്ടിവരുന്നതാണ്.

പൂർവ്വമതഗ്രന്ഥങ്ങളിലെ സാരാംശങ്ങളടങ്ങിയ
ന്യായപ്രമാണവും പ്രവാചകനിയോഗവും

പൂർവ്വപ്രവാചകന്മാക്ക ലഭിച്ച മാർഗ്ഗദർശനങ്ങളിൽ വിശ്വസിക്കുവാൻ വിശുദ്ധഖുർആൻ കൽപിച്ചിരിക്കുന്നതിൽനിന്നു മേലിൽ പ്രവാചകനുണ്ടാകാവതല്ലെന്നു തെളിയുന്നുവെന്നാണല്ലോ നമ്മുടെ ഗ്രന്ഥകർത്താവു പറയുന്നതു. ഇപ്രകാരം കൽപിക്കാനുണ്ടായ കാരണങ്ങളായി അദ്ദേഹം. കാണിച്ചിരിക്കുന്ന സംഗതികളിൽ രണ്ടാമത്തേതു: ''പൂർവ്വദൈവഗ്രന്ഥങ്ങളുടെ സാരാംശങ്ങൾ നബിയുടെ തഅലീമിൽ ഉൾപ്പെടുത്തി''യിട്ടുണ്ടെന്നുള്ളതാണ്. പൂർവ്വമതഗ്രന്ഥങ്ങളിൽ വിശ്വസിക്കാൻ കൽപിച്ചതും പ്രവാചകന്നു മേലിൽ വരുവാൻ പാടില്ലെന്നു വന്നതും ആ മതതത്വങ്ങളുടെ സാരാംശങ്ങൾ ഖുർആനിൽ അടങ്ങിയിരിക്കുന്നതുകൊണ്ടാണെങ്കിൽ, മുമ്പുണ്ടായ ഓരോ ദിവ്യ

ഗ്രന്ഥത്തിലും അതാതിനു മുമ്പുള്ള മതതത്വത്തിൻെറ സാരാംശം അടങ്ങിയതുകൊണ്ടു തദനുസാരികാംക്ക ആ മുമ്പത്തെ ഗ്രന്ഥത്തിൽ വിശ്വസിക്കുവാൻ ബാദ്ധ്യതയുണ്ടായിരിക്കുകയും തന്മൂലം, മുൻ ഗ്രന്ഥത്തിലെ സാരാംശം അടങ്ങിയ ആ ഗ്രന്ഥത്തിൻെറ ആവിർഭാവത്തിനുശേഷം ഒരു പ്രവാചകനും വരുവാൻ പാടില്ലാതായിത്തീരുകയും ചെയ്യുന്നതാണ്. എന്തുകൊണ്ടെന്നാൽ, പൂർവ്വഗ്രന്ഥത്തിലെ സംരാംശം അതിലടങ്ങിയിരിക്കുന്നതുകൊണ്ടു ആ മുൻഗ്രന്ഥത്തിൽ വിശ്വസിക്കുകയെന്നതു ഗ്രന്ഥകത്താവിൻെറ ന്യായമനുസരിച്ച അത്യാവശ്യമായിവരുകയും, അതത്യാവശ്യമാണെന്നുവരുമ്പോാം പിന്നെ വേറൊരു പ്രവാചകന്നു വരുവാൻ പാടില്ലാതായിത്തീരുകയും ചെയ്യേണ്ടതാണ്. ഈ ന്യായത്തെ വകവെച്ചുകൊടുക്കുന്നതായാൽ, ലോകത്തു ആദിയിൽ വെളിപ്പെട്ട രണ്ടു ദിവ്യഗ്രന്ഥങ്ങാംക്കുശേഷം ഒരു പ്രവാചകന്നും വരുവാൻ പാടില്ലെന്നു സമ്മതിക്കേണ്ടിവരുന്നതാണ്. കാരണം, ആദിയിൽ വെളിപ്പെട്ട ഒന്നാമത്തെ ഗ്രന്ഥത്തിലെ തത്വസാരം രണ്ടാമത്തേതിൽ തീച്ച്യായും അടങ്ങിയിരിക്കുന്നതാണ്. രണ്ടാമത്തേതിൽ ഒന്നാമത്തേതിലെ സംരാംശം അടങ്ങിയതുകൊണ്ടു രണ്ടാമത്തേതിനെ സ്വീകരിച്ചവക്ക ഒന്നാമത്തേതിൽ വിശ്വസിക്കുക നിബ്ബന്ധിതമായിരിക്കണം. അങ്ങനെ മുമ്പുള്ളതിൽ വിശ്വസിക്കുക നിർബ്ബന്ധിതമായിവരുന്നതുകൊണ്ടു ആ വെളിപാടിനുശേഷം വേറൊരു പ്രവാചകനും വരുവാൻ പാടില്ലാതായിത്തീരുന്നു. ചുരുക്കത്തിൽ, നമ്മുടെ ഗ്രന്ഥകത്താവു നബിതിരുമേനിക്കുശേഷം ഒരു പ്രവാചകനുമുണ്ടാകുന്നതല്ലെന്നു സ്ഥാപിക്കുവാൻ കൊണ്ടുവന്ന പ്രസ്തുത ന്യായം സ്വീകരിക്കുന്ന പക്ഷം, അതുകൊണ്ടുണ്ടായിത്തീരുന്ന ഫലം, ആദി

യിലുണ്ടായ രണ്ടു ദിവ്യഗ്രന്ഥങ്ങൾക്കുശേഷം യാതൊരു പ്രവാചകനും ആവിർഭവിക്കുകയുണ്ടായിട്ടില്ലെന്നു വിശ്വസിക്കേണ്ടിവരുകയെന്നുള്ളതാണ്. എന്തുകൊണ്ടെന്നാൽ, ഓരോ ദിവ്യഗ്രന്ഥത്തിലും അതിനുമുമ്പു വെളിപ്പെട്ട മതോപദേശത്തിലെ സാരാംശം അടങ്ങിയിരിക്കുന്നതുകൊണ്ടു, ആദിയിൽ വെളിപ്പെട്ട മതഗ്രന്ഥത്തിലെ സാരാംശം രണ്ടാമതുണ്ടായ ദിവ്യഗ്രന്ഥത്തിൽ ഉൾപ്പെട്ടിരിക്കുമെന്നതു നിസ്സർക്കമാണ്.

### പൂർവ്വമതഗ്രന്ഥങ്ങളിലെ സാരാംശങ്ങളടങ്ങിയതു ഖുർആനിൽ മാത്രമല്ല.

എന്നാൽ, വിശുദ്ധഖുർആനിൽ അല്ലാതെ മററൊരു മതഗ്രന്ഥത്തിലും പൂർവ്വഗ്രന്ഥങ്ങളിലെ സാരാംശങ്ങളടങ്ങീട്ടില്ലെന്നു നമ്മുടെ ഗ്രന്ഥകർത്താവു പറയുന്നുവെങ്കിൽ, അതു വിശുദ്ധഖുർആൻെറ ഉപദേശത്തിന്നെതിരായിരിക്കുന്നതാണ്. അതു പറയുന്നതു കാണുക:—

و لقد بعثنا فى كل امة رسولا ان اعبدوا الله واجتنبوا الطاغوت

''ഏകദൈവത്തെ ആരാധിക്കുകയും ദുർദ്ദേവതകളെ നിരാകരിക്കുകയും ചെയ്കയെന്ന ഉപദേശത്തോടുകൂടി നാം സർവ്വ ജനതതികളിലും പ്രവാചകന്മാരെ നിയോഗിച്ചു'' (16:36). ഈ വാക്യത്തിൽനിന്നു, ഏകദൈവാരാധനയെ പുലർത്തുകയും സൃഷ്ടിപൂജയെ നിരാകരിക്കുകയും ചെയ്യേണമെന്നതാണ് ഒരോരു പ്രവാചകൻെറയും ഉപദേശത്തിലെ മുഖ്യാംശം എന്നു മനസ്സിലാകുന്നു. തന്നേയുമല്ല, ഖുർആനിൽ പേരു പ്രസ്താവിച്ചിട്ടുള്ള പ്രവാചകൻമാർ ഉപദേ

ശിച്ചിരുന്നതായി അതു എടുത്തുപറഞ്ഞിരിക്കുന്നതും മുഖ്യമായി ഈ തത്വത്തെ തന്നെയാണ്. അവരിൽ ഓരോരുത്തരും: 'ഓ, എൻെറ ജനമെ! ദൈവത്തെ ആരാധിപ്പിൻ; അവനല്ലാതെ നിങ്ങാക്ക ആരാധ്യനായി വേറാരുമില്ല,' എന്നാണ് ഉപദേശിച്ചതായി കാണുന്നത്. ഈ വസ്തുത 'അൽ അഅ്റാഫ്,' 'ഹൂദ്' തുടങ്ങിയ സൂറത്തുകളിൽ പ്രസ്താവിച്ചുകാണാവുന്നതാണ്. ഇതിൽനിന്നു, ഒരോരു പ്രവാചകൻെറ ഉപദേശത്തിലും മതത്തിൻെറ മുഖ്യാംശമായ പ്രസ്തുതസംഗതി ഉാംപ്പെട്ടിരിക്കുന്നുവെന്നു വ്യക്തമാകുന്നു. ആകയാൽ, ഏതു ദിവ്യഗ്രന്ഥത്തിലും അതിന്നു മുമ്പുള്ള മതോപദേശത്തിൻെറ ഈ മുഖ്യാംശം കാണപ്പെടാതിരിക്കുന്നതല്ല. ''മനുഷ്യക്കു വിജയം പ്രദാനംചെയ്യുവാൻ പര്യാപ്തമായ വിശ്വാസപ്രമാണങ്ങളിൽ പ്രഥമവും പ്രധാനവുമായ സ്ഥാനത്തെ അർഹിക്കുന്നതു ദൈവവിശ്വാസമാണെന്നും അവസാനത്തേതു അന്ത്യദിനത്തിലുള്ള വിശ്വാസമാണെന്നും കാണുന്നു'' (ഖതമു. ഭാ. 11) എന്നു ഗ്രന്ഥകത്താവുതന്നെ പറയുന്നുണ്ട്. ഈ വിശ്വാസപ്രമാണങ്ങളിൽ മലക്കുകളിലും പ്രവാചകൻമാരിലും ദിവ്യഗ്രന്ഥങ്ങളിലുമുള്ള വിശ്വാസവും ഉാംപ്പെടുന്നതാണല്ലൊ. അതിനാൽ, മനുഷ്യക്കു വിജയത്തെ പ്രദാനം ചെയ്യുന്ന ഈ വിശ്വാസങ്ങാം അവർക്കു മാഗ്ഗദർശനങ്ങളായി വന്നിരുന്ന എല്ലാ മതോപദേശങ്ങളിലും ഉാംപ്പെട്ടിരിക്കേണ്ടതാണ്. ഇങ്ങനെ, വിശുദ്ധ ഖുർആനിൽ മാത്രമല്ല, ഒരോരു ദിവ്യമതോപദേശത്തിലും അതിന്നു മുമ്പുള്ള മതതത്വത്തിൻെറ സാരാംശം അടങ്ങിയിരിക്കുന്നു എന്നു വിശദമാകുന്നു.

ഇതിന്നുപുറമെ, സദാചാരത്തെ സംബന്ധിച്ച ഉപദേശവും എല്ലാ ദിവ്യ മതഗ്രന്ഥങ്ങളിലും ഏറെക്കുറെ ഒ

രേതരത്തിലായിരിക്കുന്നതാണ്. മോഷണം, വ്യാജോക്തി, വ്യഭിചാരം, അക്രമം, വഞ്ചന എന്നീ ദോഷങ്ങളെ നിരോധിക്കുന്ന വിലക്കുകളും, സത്യവചനം, പരോപകാരം, ഔദാര്യം, ക്ഷമ, സഹനം മുതലായ സൽഗുണങ്ങളെ ആചരിക്കുവാൻ നിർദ്ദേശിക്കുന്ന വിധികളും ഏറെക്കുറെ എല്ലാ മതോപദേശങ്ങളിലും ഒരേതരത്തിലായിരിക്കും. എന്തുകൊണ്ടെന്നാൽ, സദാചാരത്തെ സംബന്ധിച്ച ഉപദേശങ്ങൾക്കു മാററം വരുവാൻ പാടില്ലാത്തതാണ്. ഇത്തരം ഉപദേശങ്ങൾ എല്ലാ ദിവ്യഗ്രന്ഥങ്ങളിലും അടങ്ങീട്ടുള്ളതുകൊണ്ടു ഒരു മതത്തിലെ സാരാംശം മററു മതോപദേശത്തിലും ഉൾപ്പെട്ടിരിക്കുമെന്നു സമ്മതിക്കാതെ നിവൃത്തിയില്ല. ''നിങ്ങൾ ദൈവത്തോടു യാതൊന്നിനേയും പങ്കുചേക്കരുതു; മാതാപിതാക്കൾക്കു നന്മ ചെയ്യൂ; ദാരിദ്ര്യഭയത്താൽ സന്താനത്തെ ഹനിക്കരുതു; പരസ്യമായോ രഹസ്യമായോ ഉള്ള ലജ്ജാവഹമായ കാൎയ്യങ്ങളോടു സമീപിക്കരുതു; ദൈവം നിരോധിച്ച ആത്മാക്കളെ ഹനിക്കരുതു; അനാഥരുടെ മുതലുകൾ അപഹരിക്കരുതു; അളവും തൂക്കവും പൂൎണ്ണമായി കൊടുക്കുക; നീതിയോടും ന്യായത്തോടും സംസാരിക്കുക; ദൈവത്തിൻെറ ഉടമ്പടിയെ പൂൎത്തീകരിക്കുക.'' (6 : 152, 153) എന്നീ ഖുർആനിലെ ഒമ്പതു ശാസനയെക്കുറിച്ചു ഇമാം റാസി(റ) ഇപ്രകാരം പറയുന്നു:—

ان التكاليف التسعة المذكورة فى الاية المتقدمة تكاليف

لا يجوز اختلافها بحسب اختلاف الشرائع بل هى احكام

واجبة الثبوت من اول زمان التكليف الى قيام القيامة

പ്രസ്തുത ദൈവവാക്യത്തിൽ വിവരിച്ച ഒമ്പതു ശാസന കരം ശരീഅത്തു (ന്യായപ്രമാണം)കളുടെ വ്യത്യസ്തതക്കനു സരിച്ച ഭേദപ്പെട്ടിരിക്കാൻ പാടില്ലാത്തതാകുന്നു. എന്നാൽ, അവ മതാനുഷ്ഠാനം കർത്തവ്യമായിത്തീർന്ന കാലഘട്ടം തുടങ്ങി അന്ത്യദിനംവരെ ശാശ്വതമായിട്ടുള്ള വിധികളാണ്'' (കബീർ, വാല്യം 4, ഭാ. 172). ഇതിൽനിന്നു, പ്രസ്തുത ദൈവവാക്യത്തിൽ വിവരിക്കപ്പെട്ട ശാസനകരം എല്ലാ ദിവ്യമതോപദേശങ്ങളിലും ഉരംപ്പെട്ടിരിക്കേണ്ടതാണെന്നു വെളിവാകുന്നു. ഇതേപ്രകാരംതന്നെ, അല്ലാമഃ റാഗിബ് 'ശറഅ്' (شرع) എന്ന പദത്തെ വ്യാഖ്യാനിച്ച പറയുന്നതാവിതു: —

شرع لكم من الدين فاشارة الى الآصول التى تتساوى فيه الملل فلا
يصح عليه النسخ كمعرفة الله تعلى ونحو ذالك من نحو ما دل
عليه قوله ومن يكفر بالله وملائكته ورسوله واليوم الآخر

''നിങ്ങരംക്ക മതത്തിൽനിന്നു നിയമമാക്കിത്തന്നിരിക്കുന്നു, എന്നു അല്ലാഹു പറഞ്ഞതിൻെറ വിവക്ഷിതം എല്ലാ മതങ്ങളിലും ഒരുപോലെ സ്ഥിതിചെയ്യുന്നതും ദുർബ്ബലപ്പെട്ടുപോവാൻ പാടില്ലാത്തതുമായ മൂലതത്വങ്ങളാണ്. ഉദാഹരണമായി, 'അല്ലാഹുവിനെയും അവൻെറ മലക്കുകളെയും അവൻെറ പ്രവാചകൻമാരെയും അന്ത്യനാളിനേയും ആർ നിഷേധിക്കുന്നുവോ' എന്ന ദൈവവാക്യം ചൂണ്ടിക്കാണിക്കുന്നപോലെ അല്ലാഹുവിനെ അറിയുകതുടങ്ങിയുള്ള കാര്യങ്ങളാണ്.'' (മുഫ്റദാത്തുർറാഗിബ്). ഇതിൽ

നിന്നു, അല്ലാഹുവിനേയും മലക്കുകളേയും റസൂൽമാരെയും കുറിച്ചുള്ള വിശ്വാസം എല്ലാ മതഗ്രന്ഥങ്ങളിലും അടങ്ങീട്ടുള്ളതായി വ്യക്തമാകുന്നു. അതിനാൽ ഇങ്ങനെയുള്ള ഉപദേശങ്ങളടങ്ങിയ ഓരോ മതഗ്രന്ഥവും മുൻ ഗ്രന്ഥത്തിലെ സാരാംശത്തെ അടക്കിക്കൊണ്ടുള്ളതാണെന്നു പറയാവുന്നതാണ്. അപ്പോാം മുൻഗ്രന്ഥത്തിൽ വിശ്വസിക്കുന്നതിനായി പിൻവന്ന മതഗ്രന്ഥം ഉപദേശിച്ചിരിക്കേണ്ടതുതന്നെയാണ്. ഇത്തരം ഉപദേശം ഒരു മതഗ്രന്ഥത്തിൽ ഉണ്ടായിരുന്നാൽ അതിനുശേഷം ഒരു പ്രവാചകനും വരുവാൻ പാടില്ലെന്നാണ് ഗ്രന്ഥകർത്താവിൻെറ വാദഗതി. ആകയാൽ, മുൻതെളിയിച്ചപ്രകാരം ലോകത്തു ഒന്നാമതായി വെളിപ്പെട്ട ദിവ്യഗ്രന്ഥത്തിലെ സാരാംശം രണ്ടാമതു വെളിപ്പെട്ട ഗ്രന്ഥത്തിൽ അടങ്ങിയിരിക്കുന്നതാകകൊണ്ടു അതിനെ സ്വീകരിച്ചവർക്കു ഒന്നാമത്തേതിൽ വിശ്വസിക്കേണ്ടതാവശ്യമായിത്തീരുകയും തൻമൂലം, അതിനുശേഷം പ്രവാചകനുണ്ടാവാൻ പാടില്ലാതായിഭവിക്കുകയും ചെയ്യുന്നതാണ്. ഈ നിലക്ക് ഗ്രന്ഥകർത്താവിൻെറ ന്യായം സ്വീകാര്യമെന്നു വരുന്നപക്ഷം, ലോകത്തു രണ്ടാമതായി വെളിപ്പെട്ട ദിവ്യഗ്രന്ഥത്തിനുശേഷം ആവിർഭവിച്ച പ്രവാചകന്മാരാരും നഊദുബില്ലാഹ്-സത്യപ്രവാചകന്മാരല്ലെന്നു സമ്മതിക്കേണ്ടതായി വന്നുകൂടുന്നതാകുന്നു.

പൂർവ്വപ്രവാചകന്മാരിലുള്ള വിശ്വാസം

ഇനി ഗ്രന്ഥകർത്താവു പറയുന്നതു:—

والذين يؤمنون بما أنزل اليك وما انزل من قبلك وبالاخرة

هم يوقنون

''നിനക്ക ഇറക്കപ്പെട്ടതിലും നിനക്കുമുമ്പ് ഇറക്കപ്പെട്ടിരുന്നതിലും വിശ്വസിക്കുന്നവരും 'ആഖിറത്തി'നെക്കുറിച്ച് ഉറപ്പായി വിശ്വസിക്കുന്നവരും'' (2:4) എന്ന ഖുർആൻ വാക്യത്തിൽനിന്നു നബിതിരുമേനിക്കുശേഷം ഒരു പ്രവാചകനും ഉണ്ടാകാവതല്ലെന്നു തെളിയുന്നു എന്നാണ്. അദ്ദേഹം പറയുന്നതു കാണുക:—''മിൻ ഖബ്‌ലിക'' എന്ന പദത്തിൽ വളരെ വ്യക്തമായ നിലയിൽ മുഹമ്മദ്നബി (സ. അ) ക്കു മുമ്പ് ഇറക്കിട്ടുള്ള 'വഹ്‌യു'കളെ വിശ്വസിക്കാൻ ശാസിച്ചിട്ടുണ്ടു. നബി (സ. അ)ക്കു ശേഷം 'വഹ്‌യ്'' ഉണ്ടാകുമെന്നു സൂചിപ്പിക്കപോലു ം ചെയ്തിട്ടില്ല. ഇതിൽനിന്നും മനസ്സിലാകുന്നതു പ്രവാചകപ്രഭുവായ മുഹമ്മദ് മുസ്തഫാ (സ . അ) ക്കു ശേഷം ഇസ്ലാമികസിദ്ധാന്തങ്ങളിൽ വിശ്വാസപരമായി ഉൾപ്പെടുന്ന യാതൊരു 'വഹ്‌യും' ഉണ്ടാവാനില്ലെന്നും, അപ്രകാരംതന്നെ തിരുമേനി അന്ത്യപ്രവാചകനാണെന്നും അല്ലേ?'' (ഖതമു. 9). എന്നാൽ, നബിതിരുമേനിക്കുശേഷം 'വഹ്‌യ്'' അഥവാ ദൈവഭാഷണം' ഉണ്ടാകുമെന്നോ പ്രവാചകൻ വരുമെന്നോ പ്രസ്തുത ഖുർആൻവാക്യം സൂചിപ്പിക്കുകപോലും ചെയ്തിട്ടില്ലെങ്കിൽതന്നെ, ദൈവഭാഷണവും പ്രവാചകത്വവും മേലിൽ വെളിപ്പെടുവാൻ പാടില്ലെന്നു അതിൽനിന്നു തെളിയുന്നേയില്ല. തിരുമേനിക്കുശേഷവും ദിവ്യഭാഷണം ഉണ്ടായിക്കൊണ്ടിരിക്കുമെന്നും പ്രവാചകന്മാർ വെളിപ്പെട്ടു കൊണ്ടിരിക്കുമെന്നും ഖുർആനിലെ മററു പല വാക്യങ്ങൾകൊണ്ടും തെളിഞ്ഞുകാണുന്നപക്ഷം, ആ വിശുദ്ധഗ്രന്ഥത്തെ സ്വീകരിക്കുന്ന ഏവക്കും ആ സംഗതി സമ്മതിക്കാതിരിക്കാൻ നിവൃത്തിയില്ല. എന്നിരിക്കെ, 'വമാ ഉൻസില മിൻ ഖബ്‌ലിക' എന്നു പറഞ്ഞതിനെ തുടർന്നു കൊണ്ടു 'വമാ ഉൻസില മിൻ ബഅ്ദിക' എന്നു ഖുർ

ആൻ പ്രസ്താവിക്കേണ്ടിയിരുന്നു.'' (ഖുതമ് 10) എന്നു ഗ്രന്ഥകർത്താവു പറഞ്ഞുകാണുന്നതു ആശ്ചര്യാവഹമായിരിക്കുന്നു. താൻ ഉദ്ദേശിക്കുന്ന തരത്തിലും സ്ഥലത്തും വിശുദ്ധഖുർആൻ ഒരു സംഗതി പ്രസ്താവിക്കുന്നില്ലെങ്കിൽ, ആ സംഗതി ഖുർആനിൽ ഇല്ലെന്നു വിശ്വസിച്ചുകൊള്ളണമെന്നായിരിക്കുമോ ഗ്രന്ഥകർത്താവിന്റെ പക്ഷം? അതേയെങ്കിൽ, 'മിൻഖബ്‌ലിക' എന്നതിനെ തുടർന്നു 'മിൻബഅ്ദിക' എന്നു പ്രസ്താവിക്കാത്തതുകൊണ്ടു നബി തിരുമേനിക്കുശേഷം പ്രവാചകൻ വരുന്നതല്ലെന്നു പറയുന്നതു ഒരുവിധം ന്യായംതന്നെ. എന്നാൽ, ''മാ ഉൻസില മിൻ ബഅ്ദിക''* എന്നു പറയാത്തതുകൊണ്ടു പ്രവാചകൻ വരുന്നതല്ലെന്നു തീരുമാനിക്കാമെങ്കിൽ, മേലിൽ പ്രവാചകൻ വരുകയില്ലെന്നു പ്രസ്തുത സ്ഥലത്തു ഖുർആൻ പ്രസ്താവിക്കാത്തതുകൊണ്ടു പ്രവാചകൻ വന്നുകൊണ്ടിരിക്കുമെന്നു എന്തുകൊണ്ടു് തീരുമാനിച്ചുകൂടാ? പ്രവാചകൻ വരുമെന്നു പറയാത്തതുകൊണ്ടു ഇനി ആരും വരുന്നതല്ലെന്നു അനുമാനിക്കുന്നതിനേക്കാൾ, പ്രവാചകൻ വരുകയില്ലെന്നു പറയാത്തതുകൊണ്ടു ഇനിയും പതിവുപോലെ വന്നുകൊണ്ടിരിക്കുമെന്നു വിചാരിക്കുന്നതാണു് യുക്തിപരമായിരിക്കുക. لا يلزم من عدم الذكر عدم الشيئ ''ഒരു കാര്യത്തെക്കുറിച്ചു പ്രസ്താവിക്കാതിരിക്കുന്നതുകൊണ്ടു ആ കാര്യം ഇല്ലെന്നു വരുന്നതല്ല'' എന്ന ന്യായശാസ്ത്രപ്രമാണമനുസരിച്ചു, പ്രവാചകൻ വരുമെന്നു പറയാത്തതുകൊണ്ടു മേലിൽ പ്രവാചകൻ വരുന്നതല്ലെന്നു തെളിയുന്നില്ലെന്നു സ്പഷ്ടമാകുന്നു. ചുരുക്കത്തിൽ, 'മിൻ ഖബ്‌ലിക' എന്നതിനെ തുടർന്നു 'മിൻ ബഅ്ദിക' എന്നു പ

---

* പന്ത്രണ്ടാം അദ്ധ്യായത്തിലെ 'വാഗ്ദത്തം ചെയ്യപ്പെട്ട മഹാത്മാവും ഖുർആനിലെ പ്രവചനവും' എന്ന വകുപ്പു നോക്കുക.

റയാത്തതുകൊണ്ടു തിരുമേനിക്കുശേഷം പ്രവാചകൻ വരുന്നതല്ലെന്നു അനുമാനിക്കുന്നതിനേക്കാൾ കൂടുതൽ യുക്തമായിരിക്കുന്നതു, പ്രവാചകൻ വരുന്നതല്ലെന്നു പ്രസ്താവിക്കാത്തതുകൊണ്ടു പ്രവാചകൻ വന്നുകൊണ്ടിരിക്കുമെന്നു അനുമാനിക്കുന്നതാണ്.

ഗ്രന്ഥകർത്താവു പറയുന്നപോലെ 'വമാ ഉൻസില മിൻബഅ്ദിക' എന്നു ഖുർആൻ പ്രസ്താവിച്ചുവെങ്കിലേ, നബിതിരുമേനിക്കുശേഷം പ്രവാചകനുണ്ടാകാമെന്നു വരുകയുള്ളു എന്നതു ശരിയായിരിക്കുമെങ്കിൽ مات عيسى (ഈസാ മരിച്ചുപോയിരിക്കുന്നു) എന്നു ഖുർആൻ പറയാത്തതുകൊണ്ടു ഈസാനബി(അ) മരിച്ചിട്ടില്ലെന്നു വാദിക്കുന്നവരുടെ ന്യായവും ശരിയാണെന്നു വരുന്നതാണ്. എന്നാൽ, ഖുർആനിലെ പല വാക്യങ്ങളാലും ഈസാനബി (അ) മരിച്ചുപോയിരിക്കുന്നതായി മനസ്സിലാകുന്നതുകൊണ്ടു, مات عيسى 'മാത ഈസ' എന്നു പ്രസ്താവിക്കാത്തതിൽനിന്നു അദ്ദേഹം ജീവനോടെ വാനലോകത്തു പാർക്കുന്നുണ്ടെന്നു വരുന്നതല്ല. ഇതേപ്രകാരം തന്നെ, 'വമാ ഉൻസില മിൻ ഖബ്‌ലിക' എന്നതിനെ തുടർന്നു 'വമാ ഉൻസില മിൻ ബഅ്ദിക' എന്നു പറയാത്തതുകൊണ്ടോ, 'അൽ ആഖിറത്' എന്നതിനു 'പിൻവരുന്ന വഹ്‌യ് അഥവാ ദിവ്യവെളിപാടു' എന്നു അർത്ഥം കൽപിക്കുവാൻ പാടില്ലെന്നു വരുന്നതുകൊണ്ടോ, തിരുമേനിക്കുശേഷം വഹ്‌യ് ഉണ്ടാകുന്നതല്ലെന്നും പ്രവാചകൻ വരുന്നതല്ലെന്നും തെളിയുന്നതല്ല. കാരണം, തിരുമേനിക്കുശേഷം വഹ്‌യ് ഉണ്ടാകുന്നതാണെന്നും* പ്രവാചക

* പ്രകൃതാദ്ധ്യായത്തിലെ ഖുർആനും 'വഹ്‌യും' എന്ന വകുപ്പ് നോക്കുക.

ൻ വരുന്നതാണെന്നും* ഖുർആനിലെ മററു വാക്യങ്ങളി ൽനിന്നും വ്യക്തമായി മനസ്സിലാകുന്നുണ്ട്.

മുൻപ്രവാചകന്മാരെകുറിച്ചും പിൻവരുന്നവരെക്കുറിച്ചുമുള്ള പ്രസ്താവനകൾ തമ്മിലുള്ള വ്യത്യാസം

നബിതിരുമേനിക്കുമുമ്പുണ്ടായിരുന്ന പ്രവാചകന്മാരുടെ വൃത്താന്തങ്ങൾ വിശുദ്ധഖുർആൻ എടുത്തുപറയുകയും, അവരിൽ വിശ്വസിക്കുവാൻ ഉപദേശിക്കുകയും ചെയ്തിരിക്കുന്നതു തിരുമേനിയുടെ സത്യതയെ സ്ഥാപിക്കുവാനും തിരുമേനിയുടെ ദൌത്യത്തിൽ വിശ്വസിക്കേണ്ട ആവശ്യകതയെ ബോധപ്പെടുത്തുവാനും ആയിട്ടാകുന്നു. ഏതൊരു ജനസമൂഹത്തിനിടയിൽ തിരുമേനി എഴുന്നേൽപിക്കപ്പെട്ടുവോ ആ ജനങ്ങൾക്കു അറിവാനിടയായിട്ടുള്ള പ്രവാചകന്മാരുടെ വൃത്താന്തങ്ങളെ ഖുർആൻ സവിസ്തരം പ്രസ്താവിക്കുകയും ലോകത്തിന്റെ ഇതരഭാഗങ്ങളിൽ പ്രത്യക്ഷരായ പ്രവാചകൻമാരെക്കുറിച്ചു യാതൊന്നും പ്രസ്ലാവിക്കാതെ, എല്ലാ ജനതതികളിലും പ്രവാചകൻമാർ നിയോഗിതരായിട്ടുണ്ടെന്നു മൊത്തമായി പറയുകയും ചെയ്തിട്ടുള്ളതിൽനിന്നു ഈ വസ്തുത ഗ്രാഹ്യമാകുന്നുണ്ട്. ഇന്ത്യ, ചീന, ഫാരിസ്, മിസ്റ്, യൂനാൻ മുതലായ രാജ്യങ്ങളിൽ വെളിപ്പെട്ട പ്രവാചകൻമാരുടെ വൃത്താന്തങ്ങൾ എടുത്തുപറയുന്നതായാൽ, കേൾവിക്കാർക്കു അവയുടെ യഥാത്ഥസ്ഥിതി അറിവാൻ പാടില്ലാത്തതുകൊണ്ടു അവ അവക്കു സാക്ഷ്യങ്ങളായിരിക്കുന്നതല്ല. ഇതേ പ്രകാരം, മൂസാനബിയുടെ തൌറാത്തിലും മററു ഇസ്രായീല്യപ്രവാചകൻമാരുടെ ഉപദേശസംഗ്രഹങ്ങളിലും പ്രസ്താവിക്കപ്പെട്ടിട്ടുള്ളതു, മുമ്പു അവരുടെ ഇടയിൽ പ്ര

* പതിനൊന്നാം അദ്ധ്യായം നോക്കുക.

ത്യക്ഷപ്പെട്ടിരുന്നവരും അവക്ക് ചരിത്രപരിചയമുള്ളവരു മായ പ്രവാചകന്മാരുടെ വാൎത്തകളാണ്. അവയിൽ പി ൽക്കാലത്തു വെളിപ്പെടുന്ന പ്രവാചകൻമാരെപ്പററി പ്ര സ്താവിക്കപ്പെട്ടിട്ടുണ്ടെങ്കിൽ അതു അലങ്കാരരൂപമായ പ്രവചനമായിട്ടല്ലാതെ, മുൻകഴിഞ്ഞവരെപ്പററിയുള്ളപോ ലെ വിശദമായും വിസ്തീൎണ്ണമായും ആയിരിക്കുന്നതല്ല; ആയിരിക്കേണ്ടതുമില്ല. അതിനാലത്രെ ആ ഗ്രന്ഥങ്ങ ളിൽ മുൻകടന്ന പ്രവാചകൻമാരെക്കുറിച്ചു സവിസ്തരം പ്രസ്താവിക്കുകയും അവരിൽ വിശ്വസിക്കുവാൻ ഉപദേ ശിക്കുകയും ചെയ്തിരിക്കുന്നത്. പിൽക്കാലത്തുണ്ടാകുന്ന ഏതെങ്കിലും പ്രവാചകൻമാരെപ്പററി മുൻകടന്നവർ ദീർ ഘദർശനം ചെയ്തിട്ടുണ്ടെങ്കിൽ, അതു ആ മഹാത്മാക്കളു ടെ അവതാരത്തെ പ്രതീക്ഷിക്കുവാനുള്ള പ്രേരണയും, അ വർ വന്നാൽ അവരുടെ സത്യതയെ പരിശോധിച്ചറിയു വാനുള്ള മാൎഗ്ഗദൎശനവും ആയിത്തീരുന്നു. ചുരുക്കത്തിൽ, മുൻപ്രവാചകന്മാരുടെ വൃത്താന്തവും അവരിൽ വിശ്വസി ക്കേണ്ട സംഗതിയും വ്യക്തമായും സവിസ്തരമായും പ്ര സ്താവിച്ചതായിട്ടും, പിൻവരുന്ന പ്രവാചകൻമാരെക്കു റിച്ചും ദീർഘദർശനം ഉണ്ടെങ്കിൽ അതു അലങ്കാരരൂപ ത്തിലായിരിക്കുന്നതായിട്ടും കാണാം. ''റസൂൽകരീം (സ. അ) മിന്നു ശേഷവും പ്രവാചകൻമാർ വന്നുകൊണ്ടിരിക്കു മെന്നും'' അവരിൽ എല്ലാം വിശ്വസിക്കേണ്ടതാണെന്നും ഖുർആൻ പ്രസ്താവിച്ചിട്ടില്ലെങ്കിൽതന്നെ, ഒരു പ്രത്യേക പ്രവാചകന്റെ വരവിനെകുറിച്ചു ദീർഘദർശനമുണ്ടെങ്കി ൽ ആ മഹാത്മാവിൽ വിശ്വസിക്കേണ്ടതു അത്യാവശ്യക മാണ്. ദീർഘദൎശനമനുസരിച്ചു ആഗതനാകുന്ന പ്രവാ ചകനെ കൈക്കൊള്ളേണ്ട ആവശ്യമില്ലെങ്കിൽ, മുമ്പു ദീ ർഘദർശനമനുസരിച്ചു വെളിപ്പെട്ടിരുന്ന പ്രവാചകൻമാരി

ലും വിശ്വസിക്കേണ്ട ആവശ്യമില്ലെന്നവരും. ദീർഘദർശനം ചെയ്യപ്പെട്ടിട്ടില്ലാത്തവരായി എത്രയോ പ്രവാചകന്മാർ മുമ്പും ആഗതരായിട്ടുണ്ട്. അങ്ങനെയുള്ള പ്രവാചകൻമാരിലും വിശ്വസിക്കേണ്ടതാവശ്യമാണെന്നുള്ളതു നിസ്തർക്കമാണല്ലോ. അവരിൽ വിശ്വസിക്കുകതന്നെ ആവശ്യകമായിരിക്കുന്ന സ്ഥിതിക്കു ദീർഘദർശനമനുസരിച്ചു പ്രത്യക്ഷനാകുന്ന പ്രവാചകനിൽ വിശ്വസിക്കുക എന്നതു അതിലേറെ ആവശ്യകമാണെന്നുള്ളതു നിസ്സംശയമാണ്. പിറകെ ആഗതനാകുന്ന ഒരു പ്രവാചകനെക്കുറിച്ചു നബിതിരുമേനി (സ) ദീർഘദർശനം അരുളീട്ടുണ്ട്.* ചുരുക്കത്തിൽ, 'വമാ ഉൻസില മിൻ ഖബ്‌ലിക' എന്നതിനെ തുടന്ന് 'വമാ ഉൻസില മിൻ ബഅ്ദിക' എന്നു ഖുർആൻ പ്രസ്താവിക്കാത്തതുകൊണ്ടു തിരുമേനിക്കുശേഷം 'വഹ്‌യ്' അഥവാ 'ദിവ്യവെളിപാടു' ഉണ്ടാകുന്നതല്ലെന്നും പ്രവാചകൻ വരുന്നതല്ലെന്നും തെളിയുന്നു എന്നു പറയുന്നതു അടിസ്ഥാനരഹിതമായതും പ്രസ്തുത ഖുർആൻവാക്യത്തിൽനിന്നു ഒരു പ്രകാരത്തിലും അനുമാനിച്ചുകൂടാത്തതും ആണെന്നു സ്പഷ്ടമായിരിക്കുന്നു.

### വിശ്വാസപ്രമാണങ്ങളുടെ വിവരണം<br>പ്രവാചകാവതാരത്തിന്നു പ്രതിബന്ധകമല്ല

വിശ്വാസപരമായ ''എല്ലാ മൂലസിദ്ധാന്തങ്ങളെയും'' വിശുദ്ധഖുർആൻ വിവരിച്ചിട്ടുള്ളതുകൊണ്ടു മേലിൽ വിശ്വസിക്കുവാൻ ബാധ്യതയുള്ള ദിവ്യവെളിപാടോ ഒരു പ്രവാചകൻെറ അവതാരമോ ഉണ്ടാകുന്നതല്ലെന്നു ഗ്രന്ഥകർത്താവു പറയുന്നു. വിശ്വാസപരമായ 'മൂലസിദ്ധാന്തങ്ങൾ' എന്നതിൻെറ വിവക്ഷിതം അല്ലാഹുവിലും അവ

* പന്ത്രണ്ടാം അദ്ധ്യായം നോക്കുക.

ന്റെ മലക്കുകളിലും പ്രവാചകൻമാരിലും ഗ്രന്ഥങ്ങളി ലും അന്ത്യനാളിലും വിശ്വസിക്കുക എന്നതാണെങ്കിൽ, ഈ വിശ്വാസപ്രമാണങ്ങൾ എല്ലാ പ്രവാചകൻമാരും പഠിപ്പിച്ചിട്ടുള്ളവതന്നെയാണ്. ആകയാൽ, മുൻപ്രവാ ചകന്മാരും ഈ വിശ്വാസതത്വങ്ങൾതന്നെ പഠിപ്പിച്ചുകഴി ഞ്ഞിട്ടുള്ളതുകൊണ്ടു ഇനി തങ്ങൾക്കു ആരെയും വിശ്വസി ക്കേണ്ട ആവശ്യമില്ലെന്നും വിശ്വസിക്കുവാൻ ബാധ്യതയു ള്ള യാതൊരു വെളിപാടും ഉണ്ടാകുന്നതല്ലെന്നും മൂസാനബി യോടു അദ്ദേഹത്തിന്റെ ജനത്തിനും,അദ്ദേഹത്തിന്റെ പിറ കെ വെളിപ്പെട്ട ഒവ്വൊരു പ്രവാചകനോടും അതാതുകാല ത്തെ ജനതയ്ക്കും, നബിതിരുമേനിയോടു തിരുമേനിയുടെ ജ നങ്ങൾക്കും പറഞ്ഞൊഴിയാവുന്നതും ഗ്രന്ഥകർത്താവിന്റെ ന്യായപ്രകാരം അവരുടെ ആ പ്രവൃത്തി സാധുവായി രിക്കുന്നതും ആണ്. വിശ്വാസപരമായ മൂലതത്വങ്ങ ളെ ഖുർആൻ പ്രസ്താവിച്ചിരിക്കകൊണ്ടു, മേലിൽ വി ശ്വസിക്കേണ്ടതിനു ബാധ്യതയുള്ള യാതൊരാളും പ്രത്യ ക്ഷനാകുന്നതല്ലെന്നും, അഥവാ പ്രത്യക്ഷനാകുന്നതാക യാൽ ആ മൂലസിദ്ധാന്തങ്ങൾക്കു മാററം വരുന്നതാണെ ന്നും സ്ഥാപിക്കുവാൻ മതപണ്ഡിതനായ ഗ്രന്ഥകർത്താ വു ശ്രമിച്ചുകാണുന്നതു എത്രയും പരിതാപകരമായിരി ക്കുന്നു! വിശ്വാസപ്രമാണങ്ങൾ രണ്ടു തരത്തിലാണെന്നു ള്ള സംഗതി അദ്ദേഹം മനസ്സിലാക്കിയിരുന്നുവെങ്കിൽ, ഈ ശ്രമത്തിനു ഇടവരുമായിരുന്നില്ലെന്നുതന്നെ പറയാം. ഈ തത്വങ്ങളിൽ, പുതിയതായ യാതൊരു ഭാഗവും ചേ രാതെ എന്നും ഒന്നുപോലെ ഇരുന്നതും ഇരിക്കുന്നതുമായ ഒരിനം, അല്ലാഹുവിനെയും മലക്കുകളേയും ആഖിറത്തിനേ യും കുറിച്ചുള്ള വിശ്വാസമാണ്. ഈ വിശ്വാസവകുപ്പിനു മൂസാനബിയുടെ കാലത്തും അതിനു മുമ്പും പിമ്പുമുള്ള കാലങ്ങളിലും നബിതിരുമേനിയുടെ കാലത്തുതന്നെയും

യാതൊരു ഏററക്കുറച്ചിലും ഉണ്ടായിട്ടില്ല; ഉണ്ടാവാൻ അവകാശവുമില്ല. എന്നാൽ, രണ്ടാമത്തെ ഇനമായ പ്രവാചകന്മാരേയും ഗ്രന്ഥങ്ങളെയും കുറിച്ചുള്ള വിശ്വാസം അത്തരത്തിലുള്ളതല്ല. മൂസാനബിയുടെ കാലത്തു ഒന്നാം ഇനത്തിൽ ഉൾപ്പെട്ട വിശ്വാസപ്രമാണങ്ങളോടുകൂടി രണ്ടാം ഇനമായി അദ്ദേഹത്തിലും മുമ്പുണ്ടായിരുന്ന പ്രവാചകൻമാരിലും അവക്കെല്ലാം വെളിപ്പെട്ടതുകളിലും വിശ്വസിക്കേണ്ടതു ആവശ്യകമായിത്തീൎന്നു. ഈസാനബിയുടെ കാലത്താകട്ടെ മുൻപ്രവാചകൻമാരിലും അവക്കെല്ലാം വെളിപ്പെട്ടവയിലും വിശ്വസിക്കുന്നതിനുപുറമെ അദ്ദേഹത്തിലും അദ്ദേഹത്തിനു വെളിപ്പെട്ടതിലുംകൂടി വിശ്വസിക്കുക നിൎബ്ബന്ധിതമായിഭവിച്ചു. നബിതിരുമേനിയുടെ കാലമായപ്പോൾ തിരുമേനിയിലും പൂൎവ്വൻമാരായ സകല പ്രവാചകൻമാരിലും അവക്കെല്ലാവക്കും വെളിപ്പെട്ടവയിലും വിശ്വസിക്കേണ്ടതു കടമയായിത്തീൎന്നു. ഇങ്ങനെ പ്രവാചകൻമാരും ദിവ്യവെളിപാടും പ്രത്യക്ഷപ്പെട്ടുകൊണ്ടിരുന്നതനുസരിച്ചു മുൻകടന്ന പ്രവാചകന്മാരിലും അവക്കുണ്ടായ ദിവ്യവെളിപാടുകളിലും വിശ്വസിക്കുന്നതിനു പുറമെ, പിൻവന്നവരിലും അവക്കു വെളിപ്പെട്ടവയിലും വിശ്വസിക്കേണ്ടതിനുള്ള ബാദ്ധ്യത ഓരോ ജനതതിക്കും അതാതിന്റെ പരിധിക്കനുസരിച്ചു ഉണ്ടായിക്കൊണ്ടിരുന്നു. മറെറാരു പ്രകാരത്തിൽ പറയുന്നതായാൽ പ്രവാചകൻമാരിലും അവക്കുണ്ടായ ദിവ്യവെളിപാടുകളിലും വിശ്വസിക്കുക എന്ന രണ്ടാം ഇനത്തിൽപെട്ട വിശ്വാസപ്രമാണത്തിലെ ഘടകാംശങ്ങൾ വൎദ്ധിച്ചുകൊണ്ടിരുന്നതനുസരിച്ചു അതിന്റെ വൃത്തത്തിനു വ്യാപ്തി കൂടിക്കൊണ്ടിരുന്നു. ഇപ്രകാരത്തിൽ ഏറിക്കൊണ്ടുവന്നതായ വിശ്വാസപ്രമാണത്തിന്റെ ഘടകാംശങ്ങളെല്ലാം 'പ്രവാചകൻമാരിലും അവരുടെ വെളിപാടുകളിലും വിശ്വസി

ക്കക' എന്ന പ്രമാണത്തിൽ ഉൾപ്പെടുന്നതു തന്നെയാണ്. ആകയാൽ, ഇത്തരത്തിലുള്ള വിശ്വാസംമൂലം ആ മൂലസിദ്ധാന്തങ്ങൾക്ക യാതൊരു മാററവും സംഭവിക്കുന്നില്ല. ചുരുക്കത്തിൽ, നബിതിരുമേനിക്കുശേഷം അനുയായികളിൽ ആഗതനാകുന്ന പ്രവാചകനെ സ്വീകരിക്കുക നിബ്ബന്ധിതമായിത്തീരുന്നതായാൽ, ഖുർആൻ വിവരിക്കുന്ന മൂലസിദ്ധാന്തങ്ങൾക്ക് മാററം സംഭവിക്കുമെന്നു വിചാരിക്കുന്നതു കേവലം അബദ്ധമാണ്. എന്തുകൊണ്ടെന്നാൽ, ആ വിശ്വാസം പ്രവാചകൻമാരിൽ വിശ്വസിക്കുക എന്ന പ്രമാണത്തിലും നബിതിരുമേനിയേയും വിശുദ്ധഖുർആനെയും അനുസരിക്കുക എന്ന വകുപ്പിലും ഉൾപ്പെട്ടതാകുന്നു. ഉൾപ്പെട്ടതല്ലെന്നു പറയുകയാണെങ്കിൽ മൂസാനബിയിലും ശേഷമുള്ള നബിമാരിലും നബിതിരുമേനിയിൽത്തന്നെയും വിശ്വസിക്കുന്നതുകൊണ്ടും ആ മൂലസിദ്ധാന്തങ്ങൾക്ക മാററം സഭവിക്കുമെന്നു പറയേണ്ടിവരുന്നാണ്. കാരണം, ഈ വിശ്വാസപ്രമാണങ്ങളെ സ്വീകരിക്കുക എന്നതു മൂസാനബിയുടെ അനുയായികൾക്കെന്നു മാത്രമല്ല. അദ്ദേഹത്തിനുമുമ്പുണ്ടായിരുന്ന പ്രവാചകൻമാരുടെ അനുയായികൾക്കും കത്തവ്യമായിട്ടുള്ളതായിരുന്നു.

واتبعت ملة آبائي ابراهيم واسحاق ويعقوب

''ഞാൻ എൻെറ പിതാക്കൻമാരായ ഇബ്രാഹീം, ഇസ്ഹാഖ്, യഅ്കൂബ് എന്നിവരുടെ മാർഗ്ഗത്തെ തുടന്നിരിക്കുന്നു'' (12 : 38) എന്നു യൂസുഫ്നബി (അ) പറഞ്ഞതായി ഖുർആൻ പ്രസ്താവിക്കുന്നു. ആ മഹാത്മാവു ഇപ്രകാരം വിശ്വസിക്കുവാൻ കടമപ്പെട്ടിരിക്കുന്ന സ്ഥിതിക്ക അദ്ദേഹത്തിൻെറ അനുയായികൾ ആ പൂർവ്വ പ്രവാചകൻമാരിൽ വിശ്വസിക്കാൻ ഇതിലേറെ കടമപ്പെ

ട്ടിരിക്കമെന്നുള്ളതു സ്പഷ്ടമാണ്. ഖുർആനിൽ മറ്റൊരിടത്തു: أتبع ملة ابراهيم حنيفا ''ഇബ്രാഹീമിൻെറ നേർമാർഗ്ഗത്തെ പിന്തുടരുക'' (16 : 123) എന്നു അല്ലാഹു നബിതിരുമേനിയോടു കൽപിച്ചതായി വായിക്കുന്നു. ഇപ്രകാരം തിരുമേനിക്കു ഇബ്രാഹീംനബിയിൽ വിശ്വസിക്കേണ്ട കടമയുണ്ടായിരുന്ന സ്ഥിതിക്കു മൂസാ, ഈസാ തുടങ്ങിയ പ്രവാചകൻമാർക്കും അവരുടെ അനുയായികൾക്കും ഇബ്രാഹീംനബിയിൽ വിശ്വസിക്കേണ്ട ബാദ്ധ്യത തീർച്ചയായും ഉണ്ടായിരുന്നിരിക്കണം. ആകയാൽ, മുൻപ്രവാചകൻമാരിൽ വിശ്വസിക്കുവാൻ ഉപദേശിച്ചിരിക്കകൊണ്ടു പിൻവരുന്ന മഹാത്മാക്കളിൽ വിശ്വസിക്കേണ്ട ആവശ്യമില്ലെന്നു വരുമെങ്കിൽ, മേൽവിവരിച്ച പ്രകാരം ഇബ്രാഹീം (അ), ഇസ്ഹാഖ് (അ) തുടങ്ങിയ പൂർവ്വപ്രവാചകൻമാരിൽ വിശ്വസിക്കവാൻ യൂസുഫ്, മൂസാ (അ) തുടങ്ങിയ അനന്തരപ്രവാചകൻമാരും അവരുടെ അനുയായികളും നിർബ്ബന്ധിതരായതുകൊണ്ടു ആ പ്രവാചകൻമാർക്കശേഷം വിശ്വസിക്കേണ്ടതിനു നിർബ്ബന്ധമുള്ള യാതൊരു പ്രവാചകനും ഉണ്ടായിട്ടില്ലെന്നോ, അഥവാ പിൻവന്നവരാരും പ്രവാചകൻമാരല്ലെന്നോ വരുന്നതാണ്. ഇപ്രകാരം ഗ്രന്ഥകർത്താവിൻെറ ന്യായത്തെ അവലംബിക്കുന്നതായാൽ നബിതിരുമേനിയുടെ ദൌത്യത്തെത്തന്നെയും നിഷേധിക്കേണ്ടതായി വന്നുകൂടുന്നതാണ്.

### മുൻപ്രവാചകന്മാരിൽ വിശ്വസിക്കേണമെന്നതുകൊണ്ടു പിൻവരുന്നവരിൽ വിശ്വസിക്കേണ്ടതില്ലെന്നു വരുന്നില്ല.

ഇനി ഗ്രന്ഥകർത്താവു പറയുന്നതു, ''കല്ലൻ ആമനബില്ലാഹി വമലായികത്തിഹി വകുതുബിഹി വറസൂലിഹീ''

എന്നും ''ലാ നഫർരിഖു ബൈന അഹദിൻ മിൻഹും'' എന്നുമുള്ള ഖുർആൻവാക്യങ്ങളിൽനിന്നു ''നബികരീമിന്നുശേഷം പ്രവാചകന്മാർ വരുമെന്നും അവരിൽ വിശ്വസിക്കേണ്ടതാവശ്യമാണെന്നും വാദിക്കയാണെങ്കിൽ അതു തീരെ അബദ്ധമാണ്'' (ഖതമു. 9—10) എന്നത്രെ. എന്നാൽ, പ്രസ്തുത ഖുർആൻവാക്യങ്ങളെ ആസ്പദമാക്കി ''നബികരീമിന്നുശേഷം പ്രവാചകന്മാർ വരുമെന്നു'' വല്ലവരും വാദിക്കുന്നതായി ഞങ്ങൾക്കറിവില്ല. ഏതായിരുന്നാലും ആ വാക്യങ്ങളിൽനിന്നു ഇനി പ്രവാചകൻ വരുന്നതല്ലെന്നു തെളിയുന്നില്ലെങ്കിൽ അപ്പോലെതന്നെ പ്രവാചകനു ഇനി വരാവതല്ലെന്നും തെളിയുന്നില്ലെന്നു നിസ്സംശയം പറയാം. ആ വാക്യങ്ങളിൽനിന്നു വല്ലതും തെളിയുന്നുണ്ടെങ്കിൽ, അതു സർവ്വപ്രവാചകന്മാരിലും വിശ്വസിക്കേണ്ടതു അത്യാവശ്യമാണെന്നാകുന്നു. പ്രവാചകശിരോമണിയായ മുഹമ്മദുമുസ്തഫാ (സ) തിരുമേനിക്കും അനുയായികൾക്കും സർവ്വപ്രവാചകന്മാരിലും വിശ്വസിക്കേണ്ട ആവശ്യമുണ്ടായിട്ടുള്ള സ്ഥിതിക്കു തിരുമേനിക്കു മുമ്പുണ്ടായിരുന്ന പ്രവാചകന്മാരിൽ ഒവ്വൊരുവക്കും താന്താങ്ങൾക്കു മുമ്പുവന്ന പ്രവാചകന്മാരിൽ വിശ്വസിക്കേണ്ട ആവശ്യമുണ്ടായിരുന്നിരിക്കുമെന്നുള്ളതു സിദ്ധമാണ്. ആകയാൽ, ഇതു പൊതുവ്യാപകമായ ഒരു വിശ്വാസപ്രമാണമാണെന്നു വന്നു. ഈ പ്രമാണമനുസരിച്ച്, തിരുമേനിക്കുശേഷം ഒരു പ്രവാചകൻ വരുന്നതായാൽ, അദ്ദേഹത്തേയും വിശ്വസിക്കേണ്ടതത്യാവശ്യമായിരിക്കും. ഇങ്ങനെ വിശ്വസിക്കുന്നതു ആവശ്യകമാണെന്നു വരുന്നതായാൽ, ഖുർആനിൽ വിവരിച്ച വിശ്വാസപരമായ മൂലസിദ്ധാന്തങ്ങൾക്കു മാററം സംഭവിക്കുമെന്നു വിചാരിക്കുന്നതു കേവലം അടിസ്ഥാനരഹിതമാണ്, 'വമാ ഉൻസില മിൻ ഖബ്ലിക' എന്നതു കൊണ്ടു വിവക്ഷിക്കപ്പെട്ടിരിക്കുന്നതു ''നബികരീമിന്നു

മുമ്പുള്ള പ്രവാചകന്മാർമാത്രം'' ആയിരിക്കകൊണ്ടു അവരിൽ അല്ലാതെ പിൻവരുന്നവരിൽ വിശ്വസിക്കാൻ നാമാരും ശാസിക്കപ്പെട്ടിട്ടില്ലെന്നു പറയുകയാണെങ്കിൽ, മുൻകഴിഞ്ഞ പ്രവാചകന്മാരും താന്താങ്ങടെ മുമ്പുണ്ടായിരുന്ന പ്രവാചകന്മാരിൽ വിശ്വസിക്കേണമെന്നു ഉപദേശിച്ചിട്ടുള്ളതുകൊണ്ടു, അങ്ങനെ ഉപദേശിച്ചിട്ടുള്ള പ്രവാചകൻമാരുടെ അനുയായികൾ, തങ്ങൾ മുൻകഴിഞ്ഞ പ്രവാചകൻമാരിൽ അല്ലാതെ പിൻവന്നവരിലാരിലും വിശ്വസിക്കാൻ ബാധ്യസ്ഥരല്ലെന്നു പറയാവുന്നതും അതു ഗ്രന്ഥകർത്താവിൻെറ പക്കൽ സാധുവായിരിക്കേണ്ടതുമാണ്. അങ്ങനെ വരുകയാണെങ്കിൽ, ഹസ്രത്ത് ഈസാ (അ) തുടങ്ങിയ പ്രവാചകൻമാരിലും നബിതിരുമേനിയിൽത്തന്നെയും വിശ്വസിക്കേണ്ട ആവശ്യമില്ലെന്നു വരുന്നതാണ്. മുൻപ്രവാചകൻമാരുടെ വിശ്വാസപരമായ തത്വങ്ങളിൽ പ്രവാചകന്മാരെ വിശ്വസിക്കേണമെന്നുള്ള നിർദ്ദേശം അടങ്ങീട്ടുണ്ടെന്നു പറയുന്നതു, അതു എല്ലാവക്കും എല്ലാക്കാലത്തും പൊതുവ്യാപകമായ ഒരു വിശ്വാസപ്രമാണമായതുകൊണ്ടാണ്. ആകയാൽ, മുൻപ്രവാചകന്മാരിൽ വിശ്വസിക്കാൻ ശാസിച്ചതുകൊണ്ടു പിൻവരുന്നവരിൽ വിശ്വസിക്കേണ്ടതില്ലെന്നു വരുമെങ്കിൽ, മുമ്പുണ്ടായിരുന്നവരിൽ അല്ലാതെ പിൻവന്നവരിൽ വിശ്വസിക്കാൻ തങ്ങൾ ബാധ്യതപ്പെട്ടവരല്ലെന്നു ഓരോ സമുദായത്തിലും വന്ന പ്രവാചകന്മാരുടെ അനുയായികൾക്കും പിൻവന്ന പ്രവാചകൻമാരോടു പറഞ്ഞൊഴിയാവുന്നതാണല്ലൊ. ഇങ്ങനെ പറയുന്നതു സാധുവായിരിക്കയില്ലെങ്കിൽ, 'വമാ ഉൻസില മിൻ ഖബ്‌ലിക' എന്നു ഖുർആനിൽ പ്രസ്താവിച്ചതിൻെറ വിവക്ഷിതം ''നബി കരീമിന്നു മുമ്പുള്ള പ്രവാചകൻമാർ മാത്രം'' ആയിരിക്കകൊണ്ടു പ്രവാചകൻമാരിൽ വിശ്വസിക്കുക എന്നതിൻെറ താല്പര്യം മുമ്പു

ള്ള പ്രവാചകൻമാരിൽ വിശ്വസിക്കുക എന്നാണെന്നു ഗ്രന്ഥകർത്താവു പറയുന്നതു സ്വീകാര്യമാകുന്നതെങ്ങനെ?

എല്ലാ പ്രവാചകന്മാരിലും
വിശ്വസിക്കേണ്ടതാവശ്യമാണ്.

മുൻകഴിഞ്ഞ സകല പ്രവാചകന്മാരിലും വിശ്വസിക്കാൻ ഉപദേശിച്ചിരിക്കുന്നതു അവരുടെയെല്ലാം പിറകെ വന്നിട്ടുള്ള നബിതിരുമേനി(സ) ആണല്ലൊ. പൂർവ്വപ്രവാചകൻമാരിൽ വിശ്വസിക്കണമെന്നതു ഒവ്വൊരു പ്രവാചകനും ഉപദേശിച്ചുപോന്ന തത്വമാണെന്നു തെളിയിച്ചുകഴിഞ്ഞു. ആകയാൽ, ഈ നിയമമനുസരിച്ച് തിരുമേനിയുടെ പിറകെ വരുന്ന പ്രവാചകൻ അദ്ദേഹത്തിനു മുമ്പുണ്ടായ സകല പ്രവാചകൻമാരിലും വിശ്വസിക്കേണ്ടതാണെന്നു പഠിപ്പിക്കേണമെന്നേ വരുന്നുള്ളു. അങ്ങനെ പഠിപ്പിക്കാതിരുന്നാൽ ആ തത്വത്തിനു ഭംഗം വരുന്നതാണ്. അദ്ദേഹം ഇപ്രകാരം ഉപദേശിക്കുന്നതുകൊണ്ടു ഭാവിയിൽ പ്രവാചകനുണ്ടാകാവതല്ലെന്നു വരുന്നതല്ല. ചുരുക്കത്തിൽ, ഒവ്വൊരു പ്രവാചകനും തനിക്കു മുമ്പുണ്ടായ പ്രവാചകൻമാരിൽ വിശ്വസിക്കേണമെന്നു ഉൽബോധിപ്പിക്കുക അത്യന്താപേക്ഷിതമാണ്. ഈ നിയമമനുസരിച്ചു നബിതിരുമേനി(സ)ക്കു മുമ്പുണ്ടായിരുന്ന സകല പ്രവാചകൻമാരിലും വിശ്വസിക്കുവാൻ കല്പിച്ചരുളിയതുകൊണ്ടു തിരുമേനിക്കുശേഷം പ്രവാചകൻതന്നെ ഉണ്ടാകുന്നതല്ലെന്നു അർത്ഥമാക്കാവതല്ല. എന്തുകൊണ്ടെന്നാൽ, മുൻപ്രവാചകൻമാർ ഓരോരുത്തരും താന്താങ്ങൾക്കു മുമ്പുണ്ടായിരുന്ന പ്രവാചകൻമാരിൽ വിശ്വസിക്കേണ്ട കാര്യം ഉപദേശിച്ചിരുന്നതുകൊണ്ടു അവരിൽ ആരുടെയും പിറകെ പ്രവാചകനുണ്ടാകാവതല്ലെന്നു അർത്ഥമാകുന്നില്ല; അപ്രകാ

രം അവരുടെ പിറകെ പ്രവാചകൻ വെളിപ്പെടാതിരുന്നിട്ടുമില്ല. ഇങ്ങനെ, പൂവ്വപ്രവാചകൻമാരിൽ വിശ്വസിക്കാനുള്ള ഉപദേശം മുൻപ്രവാചകൻമാരും നൽകിയിരുന്നിട്ടും പ്രവാചകൻമാർ വെളിപ്പെട്ടുകൊണ്ടിരുന്നിരിക്കയാൽ, പ്രവാചകൻമാരിലെല്ലാം വിശ്വസിക്കുക കത്തവ്യമാണെന്ന ഖുർആൻെറ സിദ്ധാന്തമനുസരിച്ച് പിൻവരുന്ന പ്രവാചകനിലും വിശ്വസിക്കേണ്ടതു അവശ്യമാവശ്യകമായിത്തീരുന്നു.

ഗ്രന്ഥകത്താവു ഉദ്ധരിച്ചിട്ടുള്ള ''കുല്ലുൻ ആമന ബില്ലാഹി വമലാഇകതിഹീ വകുതുബിഹീ വറുസുലിഹീ'' എന്ന ഖുർആൻ വാക്യത്തിൽ പ്രസ്താവിതമായ 'പ്രവാചകൻമാരിലുള്ള വിശ്വാസം' എല്ലാ പ്രവാചകൻമാരുടെ കാലത്തും പൊതുവ്യാപകമായിട്ടുള്ള ഒരു നിബന്ധനയാണെന്നു ഖുർആൻവ്യാഖ്യാതാക്കളുടെ വിവരണംകൊണ്ടും മനസ്സിലാകുന്നു. പ്രസ്തുത ദൈവവാക്യത്തിൻെറ തുടർച്ചയായുള്ള لا نفرق بين احد من رسله ''ലാ നഫർരിഖു ബൈന അഹദിൻ മിൻ റുസുലിഹീ'' (ദൈവത്തിൻെറ പ്രവാചകൻമാരിൽ ഒരുത്തരിലും ഞങ്ങൾ വ്യത്യാസം കൽപിക്കുന്നില്ല)* എന്ന ഭാഗത്തെ വ്യാഖ്യാതാക്കൾ തിരുമേനിക്കു മുമ്പുള്ള കാലത്തേക്കും ബാധകമാകുന്നതായിട്ടാണ് വ്യാഖ്യാനിച്ചിരിക്കുന്നതു. ആദ് ഗോത്രക്കാർ തങ്ങൾക്കു പ്രവാചകനായി വന്നിരുന്ന ഹൂദിനെ നിഷേധിച്ച സംഗതിയെക്കുറിച്ചു ഖുർആൻ ഒരിടത്തു عصوا رسله ''അവർ ദൈവത്തിൻെറ പ്രവാചകന്മാരെ നിരാകരിച്ചു'' † എന്നു പ്രസ്താ

* ഖുർആൻ 2: 255. † ഖു. 11: 59.

വിച്ചുകാണാം: ഒരേ ഒരു പ്രവാചകനെ നിഷേധിച്ച തിനെ ഖുർആൻ പ്രവാചകൻമാരെ നിഷേധിച്ചതാ യി പരിഗണിച്ചതുസംബന്ധിച്ച പ്രമുഖ വ്യാഖ്യാതാവാ യ ഇമാംറാസി ഇപ്രകാരം പറയുന്നു:

والسبب فيه انهم اذا عصوا رسولا واحداً فقد عصوا جميع الرسل لقوله تعالى لانفرق بين احد من رسله وقيل لم يرسل اليهم الا هود

''ഇങ്ങനെ പറയാനുള്ള കാരണം അവർ ഒരു പ്രവാചക നെ നിഷേധിച്ചപ്പോഠം എല്ലാ പ്രവാചകൻമാരെയും നി ഷേധിച്ചവരായിത്തീർന്നതാണ്. എന്തുകൊണ്ടെന്നാൽ, ദൈവത്തിൻെറ പ്രവാചകൻമാരിൽ ഒരാളെയും ഞങ്ങഠം വ്യത്യാസമായി കരുതുന്നില്ല എന്നാണ് പ്രമാണം. അ വക്കു (ആദ് ഗോത്രത്തിനു) ഹൂദ് ഒരാഠംമാത്രമല്ലാതെ പ്ര വാചകനായി അയക്കപ്പെട്ടിരുന്നില്ല എന്നു പ്രസ്താവി തമാണ്'' (കബീർ, വാല്യം 5. ഭാ. 69). ഇതേ അഭിപ്രാ യമാണ് തഫ്സീർ അബീസഊദ്, ബൈസാവീ, ജലാ ലൈൻ മുതലായ വ്യാഖ്യാനഗ്രന്ഥങ്ങളിലും രേഖപ്പെ ടുത്തി കാണുന്നതു. ഈ വ്യാഖ്യാനങ്ങളിൽനിന്നു മുൻപ്ര വാചകൻമാരിൽ വിശ്വസിക്കുകയെന്നതു നബിതിരുമേ നിയുടെ അനുയായികഠംക്കു മാത്രമല്ല, എല്ലാ പ്രവാചകാ നുസാരികഠംക്കും കർത്തവ്യമായിട്ടുള്ള ഒരു പൊതു നിബന്ധ നയാണെന്നു മനസ്സിലാകുന്നു. പ്രവാചകൻമാരിൽ ഒ രാളെയും വ്യത്യാസപ്പെടുത്തി കരുതുവാൻ പാടില്ലെന്ന ന്യായേന, ആദ്ഗോത്രം ഒരു പ്രവാചകനെ മാത്രം നി ഷേധിച്ചത് സകലപ്രവാചകൻമാരെയും നിഷേധിച്ചതി

നു തുല്യമായിത്തീരുന്നുവെങ്കിൽ തീർച്ചയായും ആ നിയമം തിരുമേനിക്കശേഷവും ഒട്ടും വ്യത്യാസം കൂടാതെ നിലവിലിരിക്കുന്നു. ഇതിനുപുറമെ, 'വമാ ഉൻസില മിൻ ഖബ്ലിക' എന്നു പറയപ്പെട്ടിട്ടുള്ളതുകൊണ്ടു തിരുമേനിക്കശേഷംവരുന്ന പ്രവാചകൻമാരിൽ വിശ്വസിക്കേണ്ടതില്ലെന്നു പറയുകയാണെങ്കിൽ, ആദ്ഗോത്രക്കാർ ഹൂദ്നബിക്കശേഷം വന്ന ഒരു പ്രവാചകനെയും വിശ്വസിക്കേണ്ടതായിട്ടില്ലെന്നു സമ്മതിക്കേണ്ടിവരുന്നതാണ്. തന്നേയുമല്ല, പിൻവരുന്ന പ്രവാചകനിൽ വിശ്വസിക്കേണ്ട ആവശ്യമില്ലെന്നുള്ള ന്യായം സാധുവായിരിക്കുമെങ്കിൽ, മുൻകഴിഞ്ഞ ഓരോ പ്രവാചകനെയും പിൻപററിയവർക്ക തങ്ങടെ വിശ്വസിക്കുന്ന പ്രവാചകനുശേഷം വന്ന ഒരാളെയും പിന്തുടരേണ്ട ആവശ്യമില്ലെന്നു വരുന്നതാണ്.

വീണ്ടും നൂഹ്നബിയെ അദ്ദേഹത്തിന്റെ ജനം നിഷേധിച്ചതിനെക്കുറിച്ചു ഖുർആൻ ഒരിടത്തു: كذبت قوم نوح المرسلين "നൂഹിന്റെ ജനം പ്രവാചകൻമാരെയെല്ലാം നിഷേധിച്ചു," എന്നു പ്രസ്താവിച്ചതിനെക്കുറിച്ചു ഇമാംറാസി (റ) ഇപ്രകാരം പറയുന്നു:

انهم وان كذبوا نوحا لكن تكذيبه فى المعنى يتضمن تكذيب غيره لان طريقة معرفة الرسل لا تختلف فمن حيث المعنى حكى عنهم انهم كذبوا المرسلين

''അവർ നൂഹിനെ മാത്രമാണ് നിഷേധിച്ചിരുന്നത്; എങ്കിലും അദ്ദേഹത്തെ നിഷേധിച്ചതിൽ മററുള്ളവരോടുള്ള നിഷേധവും അടങ്ങീട്ടുണ്ട്. എന്തുകൊണ്ടെന്നാൽ, പ്രവാചകൻമാരെ തിരിച്ചറിയുന്ന മാർഗ്ഗത്തിന്നു യാതൊരു വ്യത്യാസവുമില്ല. ആകയാൽ, അവർ പ്രവാചകൻമാരെയെല്ലാം നിഷേധിച്ചു എന്നു പറയപ്പെട്ടിരിക്കുന്നതു ഈ അർത്ഥത്തിലാണ്''' (കബീർ, വാല്യം 6, ഭാ. 383). ഇപ്രകാരം തന്നെയാണ് മററു വ്യാഖ്യാതാക്കളും ഇതിനെക്കുറിച്ചു പറഞ്ഞിരിക്കുന്നതു. ഇതിൽനിന്നു, ഒരു പ്രവാചകനെ നിഷേധിക്കുകയെന്നതു എല്ലാ പ്രവാചകൻമാരെയും നിഷേധിക്കുന്നതിനു തുല്യമാണെന്നും ഓരോ ജനതയ്ക്കും മുമ്പുണ്ടായിരുന്നവരിൽ വന്നിരുന്ന പ്രവാചകൻമാരെ വിശ്വസിക്കുക നിർബ്ബന്ധിതമായിരുന്നുവെന്നു തെളിയുന്നു. ഇങ്ങനെ മുമ്പുണ്ടായിരുന്ന പ്രവാചകൻമാരിൽ വിശ്വസിക്കുക അവർക്കെല്ലാം നിർബ്ബന്ധിതമായിരുന്നതുകൊണ്ടു പിറകെ വന്ന പ്രവാചകൻമാരിൽ വിശ്വസിക്കുവാൻ ബാധ്യതയില്ലാതായിത്തീർന്നിട്ടില്ലെങ്കിൽ, 'വമാ ഉൻസില മിൻ കബ്‌ലിക' എന്നു ഖുർആനിൽ പറയപ്പെട്ടിട്ടുള്ളതുകൊണ്ടു പിറകെ പ്രവാചകൻമാർ വരുന്നതല്ലെന്നോ വന്ന പ്രവാചകനിൽ വിശ്വസിക്കേണ്ട ആവശ്യമില്ലെന്നോ ഒരിക്കലും വരുന്നതല്ല.

## വബിൽ ആഖിറതി ഹും യൂഖിനൂൻ

( وبالآخرة هم يوقنون )

### ആഖിറത്തും വഹ്‌യും

''വമാ ഉൻസില മിൻ ഖബ്‌ലിക'' എന്നതിനെ തുടർന്നുള്ള ''വബിൽ ആഖിറതി ഹും യൂഖിനൂൻ'' എന്ന ഖുർആൻവാക്യത്തിലെ 'ആഖിറത്' എന്ന പദത്തിനു

'അന്ത്യനാരം' എന്നല്ലാതെ, നബിതിരുമേനിക്കു'ശേഷം ഉണ്ടാകുന്ന വഹ്‌യ് അഥവാ ദിവ്യവെളിപാട്'' എന്ന അർത്ഥം കല്പിക്കുവാൻ പാടില്ലെന്നാണ് ഗ്രന്ഥകർത്താവു പറയുന്നതു. പ്രസ്തുത സ്ഥലത്തു ഈ അർത്ഥം കൊടുക്കുവാൻ പാടില്ലെന്നു തെളിയുന്നതോടുകൂടി തിരുമേനിക്കുശേഷം പ്രവാചകൻ വരുന്നില്ലെന്നും ദിവ്യവെളിപാടുതന്നെ ഉണ്ടാകുന്നതല്ലെന്നും സ്ഥാപിതമാകുമെന്നായിരിക്കാം അദ്ദേഹം ധരിച്ചിരിക്കുന്നതു. എന്നാൽ 'ആഖിറത്'' എന്നതിനു ഇവിടെ 'പിന്നീടുണ്ടാകുന്ന വെളിപാട്'' എന്ന അർത്ഥം വിവക്ഷിക്കുവാൻ പാടില്ലെന്നു തെളിയുന്നതായാൽ തന്നെയും, നബിതിരുമേനിക്കു ശേഷം പ്രവാചകൻ വരുന്നതാണെന്നും ദിവ്യവെളിപാടുണ്ടായിരിക്കുമെന്നും ഉള്ള ഞങ്ങളുടെ വാദത്തിനു യാതൊരു കോട്ടവും തട്ടുന്നതല്ല. എന്തുകൊണ്ടെന്നാൽ, ഈ വസ്തുതയെ എത്രയും വിശദമായി തെളിയിക്കുന്ന അനേകം സാക്ഷ്യങ്ങൾ വിശുദ്ധഖുർആനിലും നബിവചനങ്ങളിലും കാണപ്പെടുന്നുണ്ട്.

'അൽആഖിറത്'' എന്നതു ഒരു വിശേഷണപദമാണ്. അതിനു 'പിന്നീടുണ്ടാകുന്ന', 'അനന്തരമുള്ള' എന്നാണ് അർത്ഥം. ഈ പദം ഖുർആനിൽ പല സ്ഥലങ്ങളിലും 'അദ്ദാർ' എന്നതിൻെറ വിശേഷണമായി ഉപയോഗിച്ചിരിക്കുന്നതുകൊണ്ടു, അതിനു 'അനന്തരലോകം' അഥവാ 'പരലോകം' എന്നു സാമാന്യമായി അർത്ഥം വിവക്ഷിച്ചുവരുന്നു. അതിന്നനുസരിച്ചാണ് വാദവിഷയമായിത്തീർന്ന ''വബിൽ ആഖിറതി ഹും യൂഖിനൂൻ'' എന്ന വചനത്തിലെ 'ആഖിറത്'' എന്ന പദത്തിനും 'അദ്ദാറുൽ ആഖിറത്''(പരലോകം) എന്നു അർത്ഥം കൽപിച്ചുപോരുന്നത്. എന്നാൽ ഈ വചനത്തിൻെറ പൂർവ്വഭാഗത്തിലേയ്ക്കു കണ്ണോടിക്കുന്നപക്ഷം ഇവിടെ 'ആഖിറത്ത്''ശബ്ദം

വിശേഷണമായി നിൽക്കുന്നതു 'അദ്ദാർ' എന്നതിന്നല്ല, പിന്നീടുണ്ടാകുന്ന 'വഹ്‌യ്''ന്നാണ്, എന്നു മനസ്സിലാകുന്നതാണ്. പൂർവ്വഭാഗമായ ''ബിമാ ഉൻസില ഇലൈക, വമാ ഉൻസില മിൻ ഖബ്‌ലിക'' (നിനക്കു ഇറക്കപ്പെട്ടതിലും നിനക്കുമുമ്പ് ഇറക്കപ്പെട്ടിരുന്നതിലും) എന്ന വചനത്തിൽ തിരുമേനിക്കുണ്ടായ വെളിപാടിനെയും മുൻപ്രവാചകൻമാർക്കു സിദ്ധിച്ചിരുന്ന വെളിപാടിനെയും കുറിച്ചത്രെ അനുക്രമം പ്രസ്താവിച്ചിരിക്കുന്നത്. തൻമൂലം അതിനെ തുടർന്നുള്ള 'വബിൽ ആഖിറതി' എന്നതു പിന്നീടുണ്ടാകുന്ന വെളിപാടിനെയാണ് കുറിക്കുന്നതെന്നു മനസ്സിലാകുന്നു. ഇങ്ങനെ പ്രസ്തുത വാക്യത്തിലെ വാചകക്രമത്തെയും പരസ്പരബന്ധത്തെയും കുറിച്ചു ചിന്തിക്കുന്നതായാൽ, അതിൽ തിരുമേനിക്കുണ്ടായതും മുൻപ്രവാചകന്മാർക്കുണ്ടായിരുന്നതും തിരുമേനിക്കു പിറകെ ഉണ്ടാകുന്നതുമായ മൂന്നു കാലത്തെ ദിവ്യവെളിപാടിനെക്കുറിച്ചാണ് യഥാക്രമം പ്രസ്താവിച്ചിരിക്കുന്നതെന്നു വ്യക്തമാകുന്നതാണ്. വിശുദ്ധഖുർആനിൽ ചൂണ്ടിപ്പറയുകയും നബിവചനങ്ങളിൽ വ്യക്തമായി പ്രസ്താവിക്കുകയും ചെയ്തിട്ടുള്ള പ്രവചനങ്ങളനുസരിച്ചു തിരുമേനിയുടെ പ്രതിപുരുഷനായി അനുയായികളിൽ ആഗതനാകുന്ന മഹാത്മാവിനു ലഭിക്കുന്നതാണ് ആ പിന്നീടുണ്ടാകുന്ന വെളിപാടു.' ആകയാൽ, ആ രണ്ടുകാലത്തെ വെളിപാടുകളിലും വിശ്വസിക്കേണ്ടതാവശ്യമായിട്ടുള്ളപ്രകാരംതന്നെ, വാഗ്ദാനം ചെയ്യപ്പെട്ട ആ മഹാത്മാവിൻെറ അവതാരത്തിങ്കൽ അദ്ദേഹത്തിനു ലഭിക്കുന്ന വെളിപാടിലും വിശ്വസിക്കേണ്ടതാവശ്യമായിത്തീരുന്നു. ആ പുണ്യാത്മാവിനെകുറിച്ചു മറെറാരു ഘട്ടത്തിൽ പ്രസ്താവിക്കപ്പെടുന്നതാണ്*

---

* പതിമൂന്നാം അദ്ധ്യായം നോക്കുക.

'ബിൽ ആഖിറതി' എന്നതുകൊണ്ട വിവക്ഷിക്കപ്പെട്ടതു 'പിന്നീടുണ്ടാകുന്ന ദിവ്യവെളിപാട്'' ആയിരുന്നുവെങ്കിൽ, '' 'വമാ ഉൻസില മിൻ ബഅദിക' എന്നു ഖുർആൻ പ്രസ്താവിക്കേണ്ടിയിരുന്നു'' എന്നും, അപ്രകാരം പ്രസ്താവിക്കാതിരുന്നതുകൊണ്ടു നബിതിരുമേനിയുടെ പിറകെ ''ഒരു വഹ്‌യ് ഉണ്ടാവാനില്ലെന്നും'' ആണ് ഗ്രന്ഥകത്താവു പ്രസ്താവിക്കുന്നത്.x 'പിന്നീടുണ്ടാകുന്ന വെളിപാട്' എന്ന അത്ഥത്തെ പുലത്തുന്നതിനു ഗ്രന്ഥകത്താവു നിർദ്ദേശിക്കുന്ന വാക്കുകളെ അല്ലാഹു പ്രസ്തുത സ്ഥലത്തു പ്രയോഗിക്കാതിരുന്നതുകൊണ്ട ആ അത്ഥം 'ബിൽ ആഖിറതി' എന്നതിൽനിന്നു സ്ഫുരിക്കുന്നില്ലെന്നു വരുന്നതല്ല. പ്രസ്തുത അർത്ഥം 'ആഖിറത്'' എന്ന വാക്കുകൊണ്ടുതന്നെ ഈ സ്ഥലത്തു പ്രകാശിക്കുന്നതിനാൽ, ഗ്രന്ഥകത്താവു പറയുന്നപോലെ ''വമാ ഉൻസില മിൻബഅദിക'' എന്ന വചനം പ്രയോഗിച്ചേ തീരുവെന്നില്ല. ആകയാൽ, 'ആഖിറത്'' എന്നതുകൊണ്ട ആ അത്ഥം സ്ഫുരിക്കുന്നുണ്ടോ എന്നേ നോക്കേണ്ടതുള്ളു. ഈ വിശേഷണപദത്തിൻെറ അർത്ഥം 'പിൻവരുന്നത്'', 'അനന്തരമുണ്ടാകുന്നതു' എന്നായിരിക്കുകയും അതിൻെറ വിശേഷ്യപദം അസ്പഷ്ടമായിരിക്കുകയും, മുൻവചനങ്ങളിൽ പ്രസ്താവിച്ചിരിക്കുന്നത് നബിതിരുമേനിയുടെ കാലത്തും പൂർവ്വകാലങ്ങളിലും സംഭവിച്ചിട്ടുള്ള വെളിപാടുകളെക്കുറിച്ചായിരിക്കുകയും ചെയ്കയാൽ, ആ പദംകൊണ്ട വിവക്ഷിക്കപ്പെട്ടതു ഭാവിയിലുണ്ടാകുന്ന ദിവ്യവെളിപാടാണെന്നു ചിന്തിക്കുന്നവക്ക മനസ്സിലാക്കുവാൻ ഒട്ടും പ്രയാസമില്ല.

### 'ആഖിറത്'' എന്നതിൻെറ വിവക്ഷിതം

മേൽകാണിച്ച ഖുർആൻ വാക്യത്തെക്കുറിച്ചു നല്ലപോലെ ചിന്തിക്കുന്നപക്ഷം, വിശ്വാസത്തിൻെറ എല്ലാ

---

x ഖതമുന്നുബുവ്വത്ത്, ഭാ. 10.

മൂലസിദ്ധാന്തങ്ങളെയും വിശുദ്ധഖുർആൻ ആരംഭത്തിൽ തന്നെ സുലളിതവും സുഗ്രാഹ്യവുമാംവണ്ണം പ്രസ്താവിച്ചതായി കാണാം. (ഖതമ. 11) എന്ന് ഗ്രന്ഥകർത്താവു പറയുന്നു. ഇവിടെ 'ആഖിറത്'' എന്നതിന്റെ വിവക്ഷിതം 'പരലോകം' എന്നായാൽതന്നെ, പ്രസ്തുത വാക്യത്തിൽ, ഗ്രന്ഥകർത്താവിന്റെ ന്യായപ്രകാരം, ആഖിറതിനെയും കിതാബുകളെയും സംബന്ധിച്ച രണ്ടിനം വിശ്വാസപ്രമാണങ്ങൾ മാത്രമെ ഉൾപ്പെടുന്നുള്ളു. ആകയാൽ, ''വിശ്വാസത്തിന്റെ എല്ലാ മൂലസിദ്ധാന്തങ്ങളെയും വിശുദ്ധഖുർആൻ ആരംഭത്തിൽതന്നെ'' പ്രസ്താവിച്ചിട്ടുണ്ടെന്നു പറയുന്നതു വാദവിഷയമായ വചനത്തിന്റെ മുമ്പിലുള്ള വാക്യത്തിലെ يؤمنون بالغيب (അവർ പരോക്ഷമായതിൽ വിശ്വസിക്കുന്നു) എന്ന വചനത്തെ ആസ്പദമാക്കി ആയിരിക്കാം. അങ്ങിനെയാണെങ്കിൽ غيب 'ഗൈബ്'' അഥവാ ആ പരോക്ഷമായതിനെക്കുറിച്ചുള്ള വിശ്വാസത്തിൽ, ദൈവത്തെയും മലക്കുകളെയും പ്രവാചകന്മാരെയും ഗ്രന്ഥങ്ങളെയും പരലോകത്തെയും കുറിച്ചുള്ള എല്ലാ വിശ്വാസപ്രമാണങ്ങളും ഉൾപ്പെടുന്നുണ്ട്. 'ഗൈബ്''എന്നതിൽ ദൈവത്തിലുള്ള വിശ്വാസം ഉൾപ്പെട്ടിരിക്കുമ്പോൾ, ഖുർആനിൽ പലേടങ്ങളിലും ദൈവവിശ്വാസത്തോടൊന്നിച്ചു പ്രസ്താവിച്ചിട്ടുള്ള പരലോകത്തെസംബന്ധിച്ച വിശ്വാസം തീർച്ചയായും അതിൽ ഉൾപ്പെട്ടിരിക്കേണ്ടതാണ്. 'ഗൈബ്'' എന്നതിൽ വിശ്വാസപ്രമാണങ്ങളിലെ എല്ലാ ഭാഗങ്ങളും ഉൾപ്പെട്ടിട്ടുണ്ടെന്നു മിക്കവാറും എല്ലാ വ്യാഖ്യാതാക്കളും സമ്മതിച്ചിട്ടുണ്ട്. ഈ വസ്തുത തഫ്സീർ കബീർ, അബിസ്സുഊദ്, ബൈസാവി, ദുർറുൽമൻസൂർ, ജമൽ മുതലായ വ്യാഖ്യാനഗ്രന്ഥങ്ങളിൽ കാണാവുന്നതാണ്. വിശ്വാസപര

മായ സിദ്ധാന്തങ്ങളിൽ സർവ്വപ്രധാനമായിട്ടുള്ള ദൈവവി ശ്വാസംതന്നെ 'ഗൈബ്' എന്നതിൽ ഉൾപ്പെട്ടിരിക്കയാൽ, മറ്റെല്ലാ വിശ്വാസതത്വങ്ങളും അതിലുൾപ്പെട്ടിരിക്കേണ്ടതും, ദൈവവിശ്വാസത്തോടൊപ്പം ഖുർആൻ പലസ്ഥലത്തും എടുത്തുപറഞ്ഞിട്ടുള്ളതായി ഗ്രന്ഥകർത്താവു സമ്മതിച്ചിരിക്കുന്നതായ ''അന്ത്യദിനത്തിലുള്ള വിശ്വാസം'' പ്രത്യേകിച്ചും ഉൾപ്പെട്ടിരിക്കേണ്ടതുമാണ്. ഇങ്ങനെ, 'ഗൈബ്'എന്നതിൽതന്നെ എല്ലാ വിശ്വാസപ്രമാണങ്ങളും അടങ്ങിയിരിക്കെ, 'മാ ഉൻസില ഇലൈക, വമാ ഉൻസില മിൻ ഖബ്‌ലിക' എന്ന വചനംകൊണ്ടു 'ദിവ്യവെളിപാടിനെക്കുറിച്ചുള്ള വിശ്വാസത്തെ വേർപെടുത്തിയിരിക്കുന്നതു മുന്നൊരിടത്ത്* പ്രസ്താവിച്ചതുപോലെ വിശ്വാസപ്രമാണങ്ങൾ രണ്ടു തരത്തിലായിരിക്കുന്നതുകൊണ്ടാണ്. ഒന്നു, കാലഭേദമനുസരിച്ചു വ്യത്യാസപ്പെടാതെ എപ്പോഴും ഒരേ തരത്തിൽ സ്ഥിതിചെയ്യുന്നതു. ഈ ഇനത്തിൽ ഉൾപ്പെട്ടതാണ് ദൈവത്തേയും മലക്കുകളേയും പരലോകത്തെയും സംബന്ധിച്ച വിശ്വാസം. ഇതാകട്ടെ ആദിയിൽ വന്ന പ്രവാചകന്റെ കാലം തുടങ്ങി ലോകാവസാനംവരെ ഒരേനിലയിൽ ഇരിക്കുന്നതാണ്. രണ്ടാമത്തെ ഇനം അതിലെ ഘടകാംശങ്ങൾ കാലക്രമത്തിൽ വദ്ധിച്ചുകൊണ്ടിരിക്കുന്നതാകുന്നു. ഇതിൽ ഉൾപ്പെട്ടതാണ് പ്രവാചകന്മാരിലും അവർക്കുണ്ടായ ദിവ്യവെളിപാടിലും വിശ്വസിക്കുക എന്നതു. വിശ്വാസപ്രമാണങ്ങളുടെ ഈ രണ്ടാമത്തെ വകുപ്പിൽ, ഓരോ പ്രവാചകന്റെയും അവതാരത്തോടുകൂടി അദ്ദേഹത്തിലും അദ്ദേഹത്തിന്നുണ്ടായ വെളിപാടിലുമുള്ള വിശ്വാസം അധികപ്പെട്ടുകൊണ്ടേയിരുന്നു. ദൃഷ്ടാന്തമായി, മൂസാനബിയുടെ കാലത്തു

* പ്രകൃതാദ്ധ്യായം, ഖാ. 125, 126.

അദ്ദേഹത്തിലും മുൻപ്രവാചകന്മാരിലും അവൎക്കെല്ലാം വെളിപ്പെട്ടവയിലും വിശ്വസിക്കേണ്ടതു ഇസ്രായീല്യൎക്ക് അത്യാവശ്യമായിത്തീൎന്നപോലെത്തന്നെ, ഈസാനബിയുടെ കാലത്തു മേൽപടി വിശ്വാസത്തിന്നുപുറമെ ആ മഹാത്മാവിൻെറ കാലംവരെ അവരിൽ പ്രത്യക്ഷരായ സകല പ്രവാചകന്മാരിലും അദ്ദേഹത്തിൽതന്നെയും ആ പ്രവാചകൻമാൎക്കെല്ലാം വെളിപ്പെട്ടിട്ടുള്ളവയിലും വിശ്വസിക്കേണ്ടതു ആവശ്യമായിത്തീൎന്നു. നബിതിരുമേനിയുടെ ആവിൎഭാവത്തോടുകൂടി തിരുമേനിയിലും തിരുമേനിക്കു വെളിപ്പെട്ടതിലും മുമ്പുണ്ടായിരുന്ന സകല പ്രവാചകന്മാരിലും അവൎക്കെല്ലാം വെളിപ്പെട്ടവയിലും വിശ്വസിക്കുക നിൎബ്ബന്ധിതമായി ഭവിച്ചു. ഇപ്രകാരം പ്രവാചകന്മാരെയും വെളിപാടുകളെയും കുറിച്ചുള്ള വിശ്വാസപ്രമാണത്തിലെ ഘടകാംശങ്ങൾ ഏറിക്കൊണ്ടിരിക്കുന്നതാണ്. ആകയാലത്രെ വിശ്വാസപ്രമാണങ്ങളെയെല്ലാം അടക്കിക്കൊണ്ടുള്ള 'ഗൈബ്' എന്ന പദത്തെ ഉപയോഗിച്ചതിനുശേഷം അതിൽതന്നെ ഉൾപ്പെട്ടിരിക്കുന്ന-ഘടകാംശങ്ങൾ ഏറിക്കൊണ്ടിരിക്കുന്ന—ഈ രണ്ടാമത്തെ ഇനം വിശ്വാസപ്രമാണത്തെ പ്രത്യേകമായി എടുത്തു വിവരിച്ചിരിക്കുന്നതു. പ്രവാചകൻമാർ പ്രത്യക്ഷപ്പെട്ടപ്പോഴെല്ലാം അതാതു കാലത്തുള്ള ജനങ്ങൾ അവരെ നിരാകരിക്കുകയും പരിഹസിക്കുകയും ഉപദ്രവിക്കുകയും വിശ്വസിക്കേണ്ടതാവശ്യമില്ലെന്നു തള്ളിപ്പറയുകയും ചെയ്തിരിക്കുന്നതുകൊണ്ടു അവരെ സംബന്ധിച്ച വിശ്വാസം പ്രത്യേകം എടുത്തുപറയേണ്ടതുതന്നെയാണ്. ദൈവത്തെയും മലക്കുകളെയും അനന്തരലോകത്തെയും സംബന്ധിച്ച തത്വത്തെ യഥാൎത്ഥ രൂപത്തിൽ പ്രബോധിപ്പിക്കുന്നവർ പ്രവാചകൻമാരായിരിക്കയാൽ, അവരിൽ വിശ്വസിക്കുന്നതോടുകൂടി പ്രസ്തുത വിശ്വാസാംശമെല്ലാം താനേ വന്നുചേരുകയും അവരെ നിഷേ

ധിക്കുന്നതിനോടൊപ്പം അതെല്ലാം പോയ്പോകയും ചെയ്യുന്നതാണ്. അതുകൊണ്ടാണ് ഇമാംറാസി (റ) ''പ്രവാചകത്വത്തെയും ദിവ്യദൗത്യത്തെയും നിഷേധിക്കുന്നവർ ദൈവത്തെ യഥാർത്ഥനിലയിൽ അറിയാത്തവരാകുന്നു'' (കബീർ, വാല്യം. 4 ഭാ. 88) എന്നു പറഞ്ഞിരിക്കുന്നതു. ചുരുക്കത്തിൽ, എല്ലാ വിശ്വാസപ്രമാണങ്ങളും അടങ്ങിയ 'ഗൈബി'നെപ്പററി പ്രസ്താവിച്ചതിനുശേഷം, ഭേദപ്പെട്ടുകൊണ്ടിരിക്കുന്ന ദിവ്യവെളിപാടിനെ സംബന്ധിച്ച വിശ്വാസവകുപ്പിനെ പ്രത്യേകമായി എടുത്തുപറഞ്ഞ കൂട്ടത്തിൽ 'ആഖിറതി'നെയും ചേർത്തുതന്നെ, അതു ഇവിടെ 'പിൻവരുന്ന വെളിപാടി'നെ കുറിക്കുന്നതിനായിട്ടു പ്രയോഗിക്കപ്പെട്ടതാണെന്നതിലേക്കു നല്ലൊരു ലക്ഷ്യമാണ്. ആകയാൽ, പ്രസ്തുത സ്ഥലത്തു തിരുമേനിയുടെ കാലത്തും പൂർവ്വകാലത്തും സംഭവിച്ചതും വിശ്വാസപ്രമാണങ്ങളിൽ രണ്ടാം ഇനത്തിൽ ഉൾപ്പെട്ടതുമായ രണ്ടു കാലത്തെ ദിവ്യവെളിപാടിനെകുറിച്ചു പറഞ്ഞതിനെ തുടർന്നു 'പിന്നീടുണ്ടാകുന്നത്'' എന്നു അർത്ഥമായ 'ആഖിറത്'' എന്ന വിശേഷണത്തെ അതിൻെറ വിശേഷ്യത്തെ പ്രകടമാക്കാതെ പ്രയോഗിച്ചിട്ടുള്ളതുകൊണ്ടു അതിൻെറ വിവക്ഷിതം 'പിന്നീടുണ്ടാകുന്ന വെളിപാടു' ആണെന്നും ഞങ്ങൾ പറയുന്ന ഈ വ്യാഖ്യാനം ഗ്രന്ഥകർത്താവു പറയുന്നപോലെ ഒരു ''സങ്കല്പവ്യാഖ്യാന''മല്ല, മറിച്ചു അതാണ് സാക്ഷാൽ വ്യാഖ്യാനമെന്നും ചിന്തകൻമാർക്കു സമ്മതിക്കാതിരിക്കാൻ നിവൃത്തിയില്ല.

'ആഖിറ'തിനു 'പിൻവരുന്ന വഹ്‌യ്''
എന്നർത്ഥമാകുന്നതുകൊണ്ടു 'അന്ത്യദിനത്തിലുള്ള
വിശ്വാസം നഷ്ടമാകുന്നില്ല.

എന്നാൽ, 'യുഅ്മിനൂന ബില്ലാഹി' എന്നതിനെ തുടർന്നു 'വൽ യൌമിൽ ആഖിർ' എന്ന വിശുദ്ധഖുർആ

നിൽ പലസ്ഥലങ്ങളിലും പ്രസ്താവിച്ചിരിക്കുന്നതുകൊണ്ടു വിവാദവിഷയമായ വാക്യത്തിലെ 'ആഖിറത്'' എന്നതിനും ആ സ്ഥലങ്ങളിലുള്ള അതേ അർത്ഥംതന്നെ കൊടുത്തേ തീരുവെന്നില്ല. ആയർത്ഥം പ്രസ്തുത സ്ഥലത്തു സ്വീകരിക്കാത്തതുകൊണ്ടു ഗ്രന്ഥകർത്താവു പറയുന്നപോലെ ''ഇസ്ലാമികവിശ്വാസപ്രമാണങ്ങളിൽ ഒന്നിൻെറ അടിസ്ഥാനത്തിനു കളങ്കം പററു''കയൊ, ''അതു നഷ്ടമായിപ്പോകു''കയൊ ''ഖുർആനിൽ മററു പല സ്ഥലങ്ങളിലും പ്രയോഗിച്ചിട്ടുള്ള 'അൽ ആഖിറ' എന്ന പദത്തിനു അർത്ഥം കൊടുക്കാതെ ഉപേക്ഷിക്കേണ്ടതാ''യി വരുകയോ ചെയ്യുന്നതല്ല. എന്തുകൊണ്ടെന്നാൽ, 'ആഖിറത്'' എന്ന പദം 'യുഅ്മിനൂന ബില്ലാഹി' എന്ന വചനത്തെ തുടൎന്നു മററു പല സ്ഥലങ്ങളിലും പ്രയോഗിച്ചിട്ടുള്ളതുപോലെയല്ല പ്രസ്തുത സ്ഥലത്തു പ്രയോഗിച്ചിട്ടുള്ളതു. അപ്രകാരമാണ് പ്രയോഗിച്ചിരുന്നതെങ്കിൽ, ഗ്രന്ഥകർത്താവിൻെറ ന്യായമനുസരിച്ച ഇവിടെയും 'ആഖിറത്'' എന്നതിനു 'പരലോകം' എന്നുതന്നെ അർത്ഥം വിവക്ഷിക്കാമായിരുന്നു. ഈ സ്ഥലത്താകട്ടെ പ്രസ്തുതപദം പ്രയോഗിച്ചിരിക്കുന്നതു വർത്തമാനകാലത്തും ഭൂതകാലത്തും സംഭവിച്ചിട്ടുള്ള ദിവ്യവെളിപാടിനെപ്പററി പ്രസ്താവിച്ചതിനെ തുടൎന്നുള്ള ഘട്ടത്തിലാണ്. ഇങ്ങനെ രണ്ടു കാലങ്ങളിലുണ്ടായ വെളിപാടുകളെക്കുറിച്ചു പറഞ്ഞിട്ടുള്ളതിനെ തുടൎന്ന് 'പിന്നീടുണ്ടാകുന്നത്'' എന്നൎത്ഥമായ പ്രസ്തുതപദം പ്രയോഗിച്ചിരിക്കുന്നതുകൊണ്ടു അതു പിന്നീടുണ്ടാകുന്ന വെളിപാടിനെതന്നെയാണ് കുറിക്കുന്നതു എന്നു നിർണ്ണയിക്കേണ്ടിയിരിക്കുന്നു. അല്ലാതെ, 'യുഅ്മിനൂന ബില്ലാഹി' എന്ന വചനത്തെ തുടൎന്നു ഈ പദം പ്രയോഗിക്കപ്പെട്ടേടത്തെല്ലാം വിവക്ഷിച്ചിരിക്കുന്ന അർത്ഥമല്ല ഇവിടെ സ്വീകരിക്കേണ്ടിയിരിക്കുന്നതു്.

ഇതിനപുറമെ ഖുർആനിൽ പല സ്ഥലങ്ങളിലും പ്രയോഗിക്കപ്പെട്ടിട്ടുള്ള ഒരു പദം ഒന്നോ രണ്ടോ സ്ഥലത്തുമാത്രം വ്യത്യസ്തമായ അർത്ഥത്തെ കുറിക്കുന്നതിനായി പ്രയുക്തമായിട്ടുണ്ടെന്നുള്ളതിലേക്കു അനേകം ദൃഷ്ടാന്തങ്ങൾ കാണാവുന്നതാണ്. അങ്ങനെ ഒന്നോ രണ്ടോ സ്ഥലത്തു സന്ദർഭൌചിത്യം നോക്കി മററുസ്ഥലങ്ങളിൽ ആ പദത്തിന്നുള്ള അർത്ഥത്തിൽനിന്നു വ്യത്യസ്തമായ അർത്ഥം വിവക്ഷിക്കുന്നതായാൽ അതിന്നു മററു സ്ഥലങ്ങളിലെല്ലാം ''അത്ഥം കൊടുക്കാതെ ഉപേക്ഷിക്കേണ്ടതായി'' വരുമെങ്കിലേ 'ആഖിറത്' എന്ന പദത്തിന്നു ഒരു സ്ഥലത്തു സന്ദർഭോചിതമായ വ്യത്യസ്താത്ഥം വിവക്ഷിക്കുന്നതുകൊണ്ടു മററു സ്ഥലങ്ങളിലെല്ലാം ആ ''പദത്തിന്നു അത്ഥം കൊടുക്കാതെ ഉപേക്ഷിക്കേണ്ട''തു വരുകയുള്ളു. ഉദാഹരണത്തിനു, صلوة 'സലാത്'' എന്ന പദവും അതിൻെറ ബഹുവചനരൂപമായ صلوات 'സലവാത്'' എന്ന ശബ്ദവും ഖുർആനിൽ പല സ്ഥലങ്ങളിലും പ്രയോഗിക്കപ്പെട്ടുകാണാം. 'സലാത്'' ശബ്ദം 70-ൽ അധികം സ്ഥലങ്ങളിൽ പ്രയോഗിക്കപ്പെട്ടിട്ടുണ്ട്. അവയിൽ ഒരിടത്തൊഴികെ മറെറല്ലാ സ്ഥലങ്ങളിലും അതു കമ്മപരമായ മൂലതത്വങ്ങളിൽ പ്രധാനമായ നമസ്കാര'ത്തെ കുറിക്കുന്നതിനായിട്ടാണ് ഉപയോഗിച്ചുകാണുന്നതു. ഒരു സ്ഥലത്തു, അതായതു: إِنَّ صَلٰوتَكَ سَكَنٌ لَّهُمْ ''തീച്ചയായും നിൻെറപ്രാത്ഥന അവക്കു ആശ്വാസദായകമാണ്'' (9: 103) എന്നിടത്തുമാത്രം. 'സകാത്''ധമ്മം കൊടുത്തവക്കുവേണ്ടി നബിതിരുമേനി (സ) ചെയ്തിട്ടുള്ള പ്രാത്ഥനയെയാണ് 'സലാത്'' എന്നതുകൊണ്ടു വിവക്ഷിച്ചിരിക്കുന്നതു്. 70-ൽ പരം സ്ഥലങ്ങളിൽ ഈ പദംകൊണ്ടുള്ള

താല്പര്യം 'നമസ്കാരം' തന്നെയെങ്കിലും ഈ ഒരു സ്ഥലത്തു വേണ്ടതു ആയർത്ഥമല്ലെന്നു ആ വാക്യംതന്നെ സ്പഷ്ടമാക്കിത്തരുന്നുണ്ട്. അറബിയിൽ 'സലാത്' എന്ന പദത്തിനു 'പ്രാർത്ഥന' എന്നു അർത്ഥമുള്ളതോടുകൂടി പ്രസ്തുത സ്ഥലത്തു യോജിക്കുന്ന അർത്ഥം അതായിരിക്കുന്നതുകൊണ്ടു ആയർത്ഥം സ്വീകരിക്കുന്നതു ശരിയല്ലെന്നു പറയുന്നതു സംഗതമായിരിക്കയില്ല. ഇങ്ങനെ 70-ൽ പരം സ്ഥലങ്ങളിൽ വിവക്ഷിതമായ അർത്ഥത്തിൽനിന്നു വ്യത്യസ്തമായി ഈ ഒരു സ്ഥത്തു അർത്ഥം കൽപിക്കുന്നതുകൊണ്ടു മററു സ്ഥലങ്ങളിലെല്ലാം ആ ''പദത്തിനു അർത്ഥം കൊടുക്കാതെ ഉപേക്ഷിക്കേണ്ടതാ''യ്‌വരുകയോ ഇസ്ലാമിന്റെ കർമ്മപരമായ തത്വങ്ങളിൽ ''ഒന്നിന്റെ അടിസ്ഥാനത്തിനു കളങ്കം പററു''കയോ, ''അതു നഷ്ടമായിപ്പോകു''കയോ ചെയ്യുന്നതാണോ? ഇപ്രകാരംതന്നെ, 'സലാത്' എന്നതിന്റെ ബഹുവചനരൂപമായ 'സലവാത്' (صلوات) എന്ന പദം اولـئـك عليهم صلوات من ربهم 'ഉലായിക അലൈഹിം സലവാതുമ്മിൻ റബ്ബിഹിം' (2:157) എന്ന ഒരു സ്ഥലത്തു 'അനുഗ്രഹം' അഥവാ 'കാരുണ്യം' എന്ന അർത്ഥത്തിലും. صـوامـع وبـيـع وصـلوات ''സവാമിഉ വബിയഉ വസലവാതുൻ''(22:40)എന്നിടത്തു 'യഹൂദപ്പള്ളികൾ' എന്ന അർത്ഥത്തിലുമാണ് പ്രയോഗിച്ചിരിക്കുന്നതു. ഇതേപ്രകാരംതന്നെ زكوة 'സകാത്' എന്ന പദം ഖുർആനിൽ 32 സ്ഥലങ്ങളിൽ കുറയാതെ പ്രയോഗിച്ചുകാണാം. ഇവയിൽ രണ്ടു സ്ഥലത്തൊഴികെ മറെറല്ലാടവും കർമ്മപരമായ മൂലതത്വങ്ങളിൽ ഒന്നായ നിർബ്ബന്ധദാനത്തെയാണ് ഈ പദം കുറിക്കുന്നതു. എന്നാൽ, خيرا منه زكوة واقرب رحما ''ഖൈറൻ മിൻഹു സകാതൻ

വ അഖ്റബ രുഹ്മാ'' (18 : 81) എന്ന വാക്യത്തിലും وحنانا من لدنا وزكوة ''വഹനാനൻ മിൻല്ലദുന്നാ വസ കാതൻ'(19 :13) എന്ന വാക്യത്തിലും .'സകാത്'' എന്നതി ൻെറ വിവക്ഷിതം ഭാഷയിൽ ആ പദത്തിനു നടപ്പുള്ളതും സന്ദർഭത്തിനു യോജിക്കുന്നതുമായ 'പരിശുദ്ധത' എന്നാ ണ്', മററുസ്ഥലങ്ങളിലെപ്പോലെ 'നിർബ്ബന്ധദാനം' എ ന്നല്ല. ഈ രണ്ടു സ്ഥലത്തും ഭാഷയിൽ പ്രചാരമുള്ളതും സ്ഥലത്തിന്നു യോജിക്കുന്നതുമായ അർത്ഥം എടുക്കുന്നതു കൊണ്ടു മററു സ്ഥലങ്ങളിൽ ''ആ പദത്തിന്നു അർത്ഥം കൊടുക്കാതെ ഉപേക്ഷിക്കേണ്ടതാ''യ്വരുകയോ നിർബ്ബ ന്ധദാനമാകുന്ന കർമ്മസിദ്ധാന്തത്തിനു ''കളങ്കം പററു'' കയോ ''അതു നഷ്ടമായിപ്പോകു''കയോ ചെയ്യുന്നതാണോ?

ചുരുക്കത്തിൽ, വിവാദവിഷയമായ ഖുർആൻവാക്യ ത്തിലെ 'ആഖിറത്'' എന്ന പദത്തിനു 'പരലോകം' എന്ന അർത്ഥം കല്പിക്കാത്തപക്ഷം മററു സ്ഥലങ്ങളിൽ അതി ന്ന അർത്ഥം കൊടുക്കാതെ ഒഴിച്ചിടേണ്ടിവരുമെന്നും വിശ്വാ സപ്രമാണങ്ങളിൽ ''ഒന്നിൻെറ അടിസ്ഥാനത്തിനു കളങ്കം പററു''മെന്നുമുള്ള ഗ്രന്ഥകത്താവിൻെറന്യായം തീരെ അസാ ധുവാണ്. അതു സാധുവായിരിക്കുമെങ്കിൽ, 'സലാത്'' എന്നും 'സകാത്'' എന്നുമുള്ള പദങ്ങൾക്കു ഒന്നോ രണ്ടോ സ്ഥലത്തുമാത്രം മററു സ്ഥലങ്ങളിലെപ്രയോഗത്തിൽനിന്നു വ്യത്യസ്തമായ അത്ഥം സ്വീകരിക്കുന്നതുകൊണ്ടു ആ സ്ഥ ലങ്ങളിലെല്ലാം ആ രണ്ടു പദങ്ങൾക്കു അത്ഥം കൊടുക്കാതെ ഉപേക്ഷിക്കേണ്ടതായ്വരുമെന്നും ഇസ്ലാമികകമ്മസിദ്ധാ ന്തങ്ങളിൽ പ്രധാനപ്പെട്ട നമസ്കാരത്തിൻെറയും സകാത് ധ ർമ്മത്തിൻെറയും അടിസ്ഥാനങ്ങൾക്കു കളങ്കം പററുമെന്നും അവ നടഷ്ടമായിപ്പോകുമെന്നുംകൂടി സമ്മതിക്കേണ്ടി

വരുന്നതാണ്. എന്നാൽ, പ്രസ്തുതപദങ്ങൾക്ക സ്വീകരിച്ചിട്ടുള്ള ആ വ്യത്യസ്താർത്ഥം ഭാഷക്കനസൃതമായിരിക്കുന്നതിന്ന പുറമെ, സ്ഥലസന്ദർഭങ്ങൾക്കനയോജ്യമായിരിക്കുന്നതുകൂടിയാണെന്ന കാണുന്നതിനാൽ അതു സ്വീകാര്യമാണെന്നതു നിസ്തർക്കമാണ്. ഇതേ ന്യായമനുസരിച്ച 'ആഖിറത്'' എന്ന പദത്തിന്ന വിവാദവിഷയമായ ഒരു സ്ഥലത്തു ഞങ്ങൾ വിവക്ഷിക്കുന്ന അർത്ഥം ഏത്രയും അനയോജ്യമായിരിക്കുന്നതു തന്നെ. എന്തുകൊണ്ടെന്നാൽ, ഞങ്ങൾ 'ആഖിറത്'' എന്നതിന്ന 'പിന്നീടുണ്ടാകുന്നത്'' എന്ന സാഹിത്യത്തിന്നനസരിച്ച അർത്ഥം പറയുകയല്ലാതെ, അതിന്ന 'കഴിഞ്ഞുപോയതു' എന്നോ മറേറാ വിപരീതാർത്ഥം കൽപിക്കുകയല്ല ചെയ്യുന്നതു. പ്രസ്തുത സ്ഥലത്തു 'പിൻവരുന്നത്'' അല്ലെങ്കിൽ, 'വരാനിരിക്കുന്നതു' എന്നതുകൊണ്ടുള്ള വിവക്ഷ 'വരാനിരിക്കുന്ന ലോകം' എന്നോ, 'വരാനിരിക്കുന്ന ദിവ്യവെളിപാട്'' എന്നോ ഏതാണ് ഉചിതമായിരിക്കുന്നതു എന്ന സ്ഥലവും സന്ദർഭവും വാക്യബന്ധവും മുൻനിറുത്തി നോക്കുമ്പോൾ 'വരാനിരിക്കുന്ന വെളിപാട്'' എന്ന അർത്ഥമാണ് അവിടെ സന്ദർഭോചിതമായിരിക്കുന്നതു എന്ന മനസ്സിലാകുന്നു.

### 'ആഖിറത്'' എന്ന പദത്തിൻെറ പ്രയോഗങ്ങൾ

'ആഖിറത്''ശബ്ദം ഖുർആനിൽ അധികസ്ഥലങ്ങളിലും 'പരലോക'ത്തെക്കുറിക്കുന്നതിനായിട്ടാണ് പ്രയോഗിച്ചിട്ടുള്ളതെങ്കിലും ചില സ്ഥലങ്ങളിൽ മററർത്ഥത്തിലും പ്രയോഗിച്ചു കാണുന്നുണ്ട്. ഉദാഹരണമായി فاذا جاء وعد الآخرة ''ഫഇദാ ജാഅ വഅ്ദുൽ ആഖിറതി'' (17:7) എന്ന വാക്യത്തിൽ 'ആഖിറത്'' എന്നതിൻെറ വിവക്ഷ 'പരലോകം' അല്ല. ഇസ്രായീൽ ജനം രണ്ടു തവണ ദൈവശി

ക്ഷയ്ക്കു പാത്രീഭവിക്കുമെന്നുള്ള ദീർഘദർശനമനുസരിച്ചു അവർക്കു രണ്ടാമത്തെ ദുരവസ്ഥ സംഭവിച്ചതോടുകൂടി ആസന്നമായിരുന്ന ശിക്ഷകളുള്ള 'രണ്ടാമത്തെ വാഗ്ദാനഘട്ടം' ആണ്". ഈ അർത്ഥമല്ലാതെ മററു യാതൊരത്ഥവും ഇവിടെ യോജിക്കുന്നതല്ലെന്നു മുമ്പും പിമ്പുമുള്ള വാക്യങ്ങളും മനസ്സിലാക്കിത്തരുന്നു. ചുരുക്കത്തിൽ, 'ആഖിറത്' എന്ന പദത്തിനു വിവാദവിഷയമായ സൂറ:ബഖ്റയിലെ വാക്യത്തിൽ 'പിൻവരുന്ന വെളിപാട്' എന്നു അത്ഥം കൽപിക്കുന്നതായാൽ, ആ പദം പ്രയോഗിക്കപ്പെട്ടിട്ടുള്ള മററു സ്ഥലങ്ങളിലെല്ലാം യാതൊരത്ഥവും കൊടുക്കാതെ ഉപേക്ഷിക്കേണ്ടതായ്‌വരുകയോ അന്ത്യനാളിനെക്കുറിച്ചുള്ള വിശ്വാസപ്രമാണത്തിനു കളങ്കം പററുകയോ ചെയ്യുമെന്നു പറയുന്നതു സാധുവായിരിക്കുമെങ്കിൽ, മുകളിൽ ഉദ്ധരിച്ച വാക്യത്തിലും 'ആഖിറത്' ശബ്ദത്തിനു മററധികം സ്ഥലങ്ങളിൽ വിവക്ഷിതമായ അർത്ഥത്തിൽനിന്നു വ്യത്യസ്തമായ അർത്ഥം കൽപിക്കുന്നതു അബദ്ധമാണെന്നു പറയേണ്ടിവരുന്നതാണ്. എന്നാൽ, ഇവിടെ ഈ പദം പ്രയോഗിച്ചിരിക്കുന്നതു പിറകെ വരുന്ന ഒരു സംഗതിയെക്കുറിക്കുന്നതിനായിട്ടുതന്നെയാണെങ്കിലും ആ പിൻവരുന്നത് 'പരലോകം' ആയിരിക്കാവുന്നതല്ലെന്നു പൂർവ്വാപരവാക്യബന്ധം മനസ്സിലാക്കിത്തരുന്നതുകൊണ്ടു ആ അർത്ഥം വിവക്ഷിക്കുന്നതു ശരിയായിരിക്കുകയില്ല. സന്ദർഭൗചിത്യംനോക്കി മററു പല സ്ഥലങ്ങളിലും പൊതുസമ്മതമായിട്ടുള്ള അത്ഥത്തിൽനിന്നു വ്യത്യസ്തമായ ഒരർത്ഥം 'ആഖിറത്' ശബ്ദത്തിനു പ്രസ്തുത വാക്യത്തിൽ കൊടുക്കാമെന്നതു സ്വീകാര്യമെങ്കിൽ, അപ്രകാരംതന്നെ വിവാദവിഷയമായ വാക്യത്തിലെ 'ആഖിറത്', എന്നതിനു പൂർവ്വബന്ധത്തെ ആധാരമാക്കി 'പിന്നീടു വരുന്ന വെളിപാടു' എന്നു അർത്ഥം കൊടുക്കുന്നതും സാധുവായിരിക്കുന്നതാണ്.

'ആഖിറത്'' എന്നതിന്ന പിൻവരുന്ന വെളിപാട്'' എന്നർത്ഥമെടുക്കാവുന്നതാണ്.

ഇതിനുപുറമെ, സൂറ: ബഖ്റയിലെ വാക്യത്തിൽ പ്രയോഗിച്ച 'ആഖിറത്'' എന്ന പദത്തിന്ന ഖുർആനിൽ മററു സ്ഥലങ്ങളിൽ വിവക്ഷിതമായ അതേ അർത്ഥംതന്നെ കൊടുത്തേ കഴിയുവെങ്കിൽ, പ്രസ്തുത വാക്യത്തിന്ന മുമ്പിലുള്ള يـؤمنون بالغيب 'യുഅ്മിനൂന ബിൽ ഗൈബി' എന്നതിലെ غيب 'ഗൈബ്'' ശബ്ദത്തിന്ന ഖുർആനിൽ ആ പദം പ്രയോഗിച്ചിട്ടുള്ള മററു സ്ഥലങ്ങളിലെല്ലാം വിവക്ഷിച്ചിരിക്കുന്ന അർത്ഥംതന്നെ കൊടുക്കേണ്ടിവരുന്നതാണ്. അതിന്ന ആയർത്ഥം കൽപിക്കുന്നതായാൽ നബിതിരുമേനിക്കുതന്നെ ദൈവത്തെക്കുറിച്ചോ മലക്കുകളെക്കുറിച്ചോ വിശ്വാസമില്ലെന്നു വരും. എന്തുകൊണ്ടെന്നാൽ, 'ഗൈബ്'' അറിയുന്നവനായി അല്ലാഹുവല്ലാതെ മററാരുമില്ലെന്നും തിരുമേനിക്കുതന്നെയും 'ഗൈബ്'' അറിഞ്ഞുകൂടായിരുന്നു എന്നും ഖുർആനിൽ ഒട്ടധികം സ്ഥലങ്ങളിൽ പ്രസ്താവിച്ചുകാണാം. ആ സ്ഥലങ്ങളിലൊന്നിലും ഈ പദംകൊണ്ടു വിവക്ഷിക്കപ്പെടുന്നതു അല്ലാഹു, മലക്കുകൾ, കിതാബുകൾ, അന്ത്യനാൾ ഇത്യാദികൾ അല്ലല്ലൊ. അഥവാ തന്നേയെങ്കിൽ, 'ഗൈബ്'' നബിതിരുമേനിക്കു അറിഞ്ഞുകൂടാതിരുന്നതുകൊണ്ടു തിരുമേനിക്കുതന്നെയും പ്രസ്തുത സംഗതികളെക്കുറിച്ച യാതൊരറിവും ഇല്ലെന്നുവരും. അറിഞ്ഞുകൂടാത്ത ഒന്നിൽ വിശ്വസിക്കുക സാദ്ധ്യമല്ലല്ലൊ. അതിനാൽ പ്രസ്തുത സ്ഥലത്തും 'ഗൈബ്'' എന്നതിന്നു മററുസ്ഥലങ്ങളിൽ വിവക്ഷിതമായ അർത്ഥംതന്നെ കൊടുക്കുന്നപക്ഷം 'ഗൈ

ബ്'' തിരുമേനിക്ക അറിയാൻ പാടില്ലാതിരുന്നതുകൊണ്ട തിരുമേനിക്കതന്നെയും അല്ലാഹുവിലും മലക്കുകളാദികലും വിശ്വാസമുണ്ടായിരുന്നില്ലെന്നു സമ്മതിക്കേണ്ടിവരുന്നതാണ്. ചുരുക്കത്തിൽ പറയുന്നതായാൽ, ഒന്നുകിൽ 'ഗൈബ്'' ശബ്ദത്തിനു മററധികം സ്ഥലങ്ങളിൽ വിവക്ഷിക്കപ്പെട്ടിട്ടുള്ള അർത്ഥംതന്നെ പ്രസ്തുതവാക്യത്തിലും കൊടുത്തു, 'ഗൈബ്'' തിരുമേനിക്കതന്നെയും അറിയാൻ പാടില്ലാതിരുന്നതുകൊണ്ട തിരുമേനിക്ക ദൈവത്തിലും മതത്തിലെ മററു മൂലപ്രമാണങ്ങളിലും വിശ്വാസമുണ്ടായിരുന്നില്ലെന്നു പറയുകയോ അഥവാ, 'യൂഅ്മിനൂന ബിൽ ഗൈബി' എന്ന ദൈവവചനത്തിൽ 'ഗൈബ്'' എന്ന പദം പ്രയോഗിക്കപ്പെട്ടിരിക്കുന്നത് അതിനു ഖുർആനിൽ മററുസ്ഥലങ്ങളിൽ വിവക്ഷിക്കപ്പെടാത്ത ഒരു അത്ഥത്തിലാണെന്നു സമ്മതിക്കുകയോ വേണ്ടതാണ്. ഒന്നാമത്തെ രൂപത്തിൽ സമ്മതിക്കുന്നതു നബിതിരുമേനിയുടെ ദിവ്യദൗത്യത്തിനു കളങ്കഹേതുകമായിരിക്കയാൽ രണ്ടാമത്തെ പക്ഷംതന്നെ സ്വീകരിക്കേണ്ടതായ്‌വരും. അപ്പോഠം 'ഗൈബ്'' ശബ്ദത്തിനു മററുസ്ഥലങ്ങളിൽ വിവക്ഷിക്കപ്പെട്ടതിൽനിന്നു വ്യത്യസ്തമായ അർത്ഥം കൽപിക്കുന്നതു സാധുവായിരിക്കുന്നതുതന്നെയെങ്കിൽ, അതിനെ തുടന്നുള്ള വാക്യത്തിൽ പ്രയോഗിക്കപ്പെട്ടിട്ടുള്ള 'ആഖിറത്'' എന്ന പദത്തിനു തീർച്ചയായും മററുസ്ഥലങ്ങളിലേതിൽനിന്നു വ്യത്യസ്ഥമായുള്ള അർത്ഥം കൽപിക്കാവുന്നതാണ്.

### 'ആഖിറത്'' ശബ്ദത്തിനുള്ള രണ്ടത്ഥം

ഖുർആനിലേ ഒരേ വാക്യത്തിനു ഒന്നിലധികം താൽപര്യമുണ്ടെന്നുള്ളതു സുസമ്മതമായ ഒരു സംഗതിയാണ്. ഒരേ വാക്യത്തിനു പല വ്യാഖ്യാതാക്കളും ഒന്നിലധികം

വ്യാഖ്യാനം നല്കീട്ടുള്ളത് ഇതിലേക്കു ഒരു ദൃഷ്ടാന്തമാകുന്നു. لكل اية ظهر وبطن ''ഖുർആനിലെ എല്ലാ ഓരോ വാക്യത്തിനും ബാഹ്യവും ആന്തരവും ആയ അർത്ഥമുണ്ട്'' എന്നു നബിതിരുമേനി (സ) അരുളിച്ചെയ്തിരിക്കുന്നു. അതിനാൽ بالآخرة هم يوقنون എന്ന വചനത്തിലെ 'ആഖിറത്' ശബ്ദത്തിനു 'പരലോകം' എന്നു അർത്ഥമെടുക്കുന്നതായാലും, അതോടൊപ്പംതന്നെ 'പിന്നീടുണ്ടാകുന്ന ദിവ്യ വെളിപാട്' എന്നുകൂടി അർത്ഥം കൽപിക്കാവുന്നതാണ്, ഈ വാക്യത്തിനു മുമ്പിലുള്ള വാക്യത്തിലെ يؤمنون بالغيب ''യുഅ്മിനൂന ബിൽ ഗൈബി'' എന്നതിന്നു ''അവർ ഇസ്ലാമിൻെറ വിശ്വാസപരമായ സിദ്ധാന്തങ്ങളിലെല്ലാം വിശ്വസിക്കുന്നു'' എന്ന അർത്ഥത്തിനു പുറമെ, ''അവർ രഹസ്യമായും വിശ്വസിക്കുന്നു'' അതയത്: 'കപടവിശ്വാസികളെപ്പോലെ മററുള്ളവരെ കാണിക്കുവാനായിട്ട് പരസ്യമായി വിശ്വസിക്കുകമാത്രമല്ല, രഹസ്യമായും വിശ്വസിക്കുന്നു' എന്നും, 'ഗൈബ്' ശബ്ദത്തിനു 'ഹൃദയം' എന്നു അർത്ഥം കൽപിച്ച് ''അവർ ഹൃദയംകൊണ്ടു വിശ്വസിക്കുന്നു,'' അതായതു: 'വായാൽ പറയുകമാത്രമല്ല, ഹൃദയപൂർവ്വകമായി വിശ്വസിക്കയും ചെയ്യുന്നു' എന്നുംകൂടെ വ്യാഖ്യാതാക്കരം അർത്ഥം പറഞ്ഞിട്ടുണ്ട്. ഈ സംഗതി തഫ്സീർ അബിസ്സഊദ്, കബീർ, ബൈസാവീ, ദുർറുൽമൻസൂർ, ജമൽ മുതലായ വ്യാഖ്യാനഗ്രന്ഥങ്ങളിൽ കാണാവുന്നതാണ്. ഇപ്രകാരം, സൂറഃബഖ്റയുടെ ആരംഭത്തിൽ പ്രയോഗിച്ച ''ഗൈബ്'' ശബ്ദത്തിനു മൂന്നുവിധത്തിലുള്ള അർത്ഥം കൽപിക്കാമെങ്കിൽ അതേവചനത്തെ തുടർന്നുള്ള വാക്യത്തിലെ 'ആഖിറത്' എന്ന പദത്തിനു രണ്ടുവിധം അർത്ഥം കൊടുത്തുകൂടാത്തതു എന്തുകൊണ്ട്?

ഇതിനുപുറമെ نكال الآخرة والاولى "നകാലൽ ആഖിറതി വൽഊല" (79 : 25) എന്ന വാക്യത്തിലും, ولا الآخرة خيرلك من الاولى "വലൽ ആഖിറത്തു ഖൈറുല്ലക മിനൽ ഊലാ" (93 : 4) എന്ന വാക്യത്തിലും ഉള്ള 'ആഖിറത്' ശബ്ദത്തിനുതന്നെ വ്യാഖ്യാതാക്കൾ രണ്ടുതരത്തിലുള്ള അർത്ഥം പറഞ്ഞിട്ടുണ്ട്. ഒന്നാം വാക്യത്തിലെ 'ആഖിറത്' എന്നതിന്റെ താൽപര്യം 'പരലോകം' എന്നാണെന്നും 'ഫിർഔൻ പറഞ്ഞ രണ്ടാമത്തെ വാക്ക്' എന്നാണെന്നും, രണ്ടാംവാക്യത്തിലെ പ്രസ്തുതപദത്തിനു 'പരലോകം' എന്നും നബിതിരുമേനിയുടെ ജീവിതത്തിൽ ഉണ്ടായിക്കൊണ്ടിരുന്ന പരിവർത്തനഘട്ടങ്ങളിൽ ഒന്നിൻപിറകെ സംഭവിച്ച അവസ്ഥാന്തരം എന്നുമാണ് അർത്ഥം വിവക്ഷിച്ചുകാണുന്നതു.* ഈ സംഗതിയും ഏറെക്കുറെ എല്ലാ തഫ്സീറുകളിലും കാണാവുന്നതാണ്. ഇങ്ങനെ പ്രസ്തുത വാക്യങ്ങളിലെ 'ആഖിറത്' പദത്തിനു രണ്ടുമാതിരി അർത്ഥം വിവക്ഷിക്കപ്പെട്ടിരിക്കയാൽ, വാദവിഷയമായ വാക്യത്തിലെ 'ആഖിറത്' പദത്തിനു 'പരലോകം എന്നു അർത്ഥമെടുക്കുന്നതായാലും വാക്യ

---

* രണ്ടാം വാക്യമായ 'വലൽ ആഖിറത്തു ഖൈറുല്ലക മിനൽഊല' എന്നതിനു, "ഖതമുന്നുബുവ്വത്ത്" എന്ന പുസ്തകം പ്രസിദ്ധീകരിച്ചിട്ടുള്ള (കണ്ണൂര്) 'ഇസ്ലാമിക സേവാസംഘ'ത്താൽതന്നെ പ്രസാധനം ചെയ്യപ്പെട്ട "സൂറത്തുസ്സുഹാ" എന്ന പുസ്തകത്തിൽ ഇപ്രകാരമാണ് അർത്ഥം കൊടുത്തുകാണുന്നതു:—

"ആദ്യഘട്ടത്തെക്കാളും തങ്ങൾക്കു ഗുണം— അതായതു കഴിഞ്ഞ കാലത്തെക്കാളും എല്ലാംകൊണ്ടും തങ്ങൾക്കു ആനന്ദദായകമായ കാലം— ഇനി വരുന്ന ഘട്ടങ്ങളാണ്" (ഭാ. 1). "കഴിഞ്ഞ കാലത്തെക്കാളും എല്ലാംകൊണ്ടും നിങ്ങൾക്കു ഭേദം ഭാവിയാണ്" (ഭാ.4.)

ത്തിലെ പൂർവ്വബന്ധത്തെ മുൻനിറുത്തി അതിനു പിന്നീടുണ്ടാകുന്ന വെളിപാട്'' എന്ന അർത്ഥം തീർച്ചയായും സ്വീകരിക്കാവുന്നതാണ്. ഈ ഒരു സ്ഥലത്തു അതിനു ഈ അർത്ഥം വിവക്ഷിക്കാവുന്നതുകൊണ്ടു പ്രസ്തുത പദം പ്രയോഗിക്കപ്പെട്ടിട്ടുള്ള എല്ലായിടങ്ങളിലും ഇതേ അത്ഥം കൊടുക്കേണ്ടതായ്‌വരുമെന്നോ അഥവാ, ആ സ്ഥലങ്ങളിലെല്ലാം യാതൊരു അർത്ഥവും കൊടുക്കാതിരിക്കേണ്ടി വരുമെന്നോ സിദ്ധിക്കുന്നില്ല.

'ആഖിറത്'' ശബ്ദത്തിനു 'പിന്നീടുണ്ടാകുന്ന വെളിപാട്'' എന്നു അത്ഥം വിവക്ഷിക്കുന്നപക്ഷം ആ പദം പ്രയോഗിക്കപ്പെട്ടിട്ടുള്ള ഖുർആനിലെ പല സ്ഥലങ്ങളിലും അർത്ഥം കൊടുക്കാതെ ഉപേക്ഷിക്കേണ്ടതായ്‌വരുമെന്നു പറയുന്ന നമ്മുടെ ഗ്രന്ഥകർത്താവു ''അങ്ങിനെ ഉപേക്ഷിക്കേണ്ടിവരുന്നവയിൽ ഏററവും പ്രധാനമായിട്ടുള്ള സ്ഥലം സൂറ: ലുഖ്മാനിലെ''* ''അല്ലദീന യുഖീമൂനസ്സലാത്ത വയുഅ്ത്തൂനസ്സകാത്ത വഹും ബിൽ ആഖിറത്തിഹും യൂഖിനൂൻ'' എന്ന വാക്യമാണെന്നാണ് പറയുന്നതു. എന്നാൽ ഇതേവാക്യം സൂറ: ലുഖ്മാനു മുമ്പിലത്തെ സൂറയായ അന്നമലിലും കാണ്മാനുണ്ടു. തന്നേയുമല്ല, അവിടെ ഈ വാക്യത്തെ തുടർന്നുള്ള വചനങ്ങളിൽ രണ്ടിടത്തു 'ആഖിറത്'' പദം 'പരലോകം' എന്ന അർത്ഥത്തെ കുറിക്കുന്നതിനായിത്തന്നെ പ്രയോഗിക്കപ്പെട്ടിട്ടുമുണ്ടു. ഈ സ്ഥിതിക്കു നമ്മുടെ ഗ്രന്ഥകർത്താവ് ഈ വിഷയകമായി വിശുദ്ധ ഖുർആനിൽ സ്വയമായി വിചിന്തനം ചെയ്തു കൊണ്ടാണ് മേൽപ്രകാരം എഴുതിയിരുന്നതെങ്കിൽ, ''അർത്ഥം കൊടുക്കാതെ ഉപേക്ഷിക്കേണ്ടി വരുന്നവയിൽ

* ഖതമുന്നുബുവ്വത്ത്. ഭാ. 12

ഏററവും പ്രധാനമായിട്ടുള്ള സ്ഥല''മായി സൂറഃ ലുഖ്മാനിലെ വാക്യത്തിനു പകരം സൂറത്തുന്നമലിലെ വാക്യത്തെ ഉദ്ധരിക്കേണ്ടതായിരുന്നു. എന്നിരിക്കെ, അദ്ദേഹം ആ വാക്യത്തെ ഉദ്ധരിക്കാതെ സൂറഃ ലുഖ്മാനിലെ വാക്യത്തെ എടുത്തു കാണിച്ചതിൻെറ രഹസ്യമെന്തായിരിക്കാം? ഏതായാലും സൂറ: ലുഖ്മാനിലൊ നമലിലൊ പ്രയോഗിക്കപ്പെട്ട 'ആഖിറത്' പദത്തിനു 'പിന്നീടുണ്ടാകുന്ന വെളിപാട്' എന്ന അത്ഥം കൊടുത്തുകൂടാത്തതുകൊണ്ടു വാദവിഷയമായിത്തീന്ന വാക്യത്തിലും അതിന്നു ആയർത്ഥം വിവക്ഷിച്ചുകൂടാത്തതാണെന്നോ, ആ സ്ഥലത്തു കൊടുക്കുന്ന അർത്ഥംതന്നെ മേല്പടി വാക്യങ്ങളിലും കൽപിക്കേണ്ടതാണെന്നോ സിദ്ധിക്കുന്നില്ല. ആകയാൽ, ''പദങ്ങൾ അന്യോന്യം യോജിപ്പിക്കുവാൻ വിചാരിക്കുമ്പോൾ, 'അൽആഖിറ' എന്നതിനു സൂറത്തുൽബഖ്റയിലെ ആയത്തിനു കൊടുത്ത അർത്ഥംതന്നെ'' പ്രസ്തുത സ്ഥലത്തും കൊടുക്കേണ്ടിവരുമെന്നു പറയുന്നതു സാധുവാകുന്നതല്ല. സൂറ:നമലിലും ലുഖ്മാനിലും ആഖിറത്പദം പ്രയോഗിച്ചിരിക്കുന്നതു സൂറഃ ബഖ്റയിലെപ്പോലെ വത്തമാനകാലത്തും ഭൂതകാലത്തും ഉണ്ടായിട്ടുള്ള ദിവ്യവെളിപാടുകളെക്കുറിച്ചു പ്രസ്താവിച്ചതിനെ തുടർന്നുകൊണ്ടല്ല. ഇപ്രകാരമാണ് പ്രസ്തുത സ്ഥലങ്ങളിൽ ആ പദം പ്രയോഗിക്കപ്പെട്ടിരുന്നതെങ്കിൽ ഗ്രന്ഥകത്താവു പറയുന്നപോലെ ''പദങ്ങൾ അന്യോന്യം യോജിപ്പിക്കുവാൻ'' ബഖ്റയിലെ വാക്യത്തിൽ വിവക്ഷിതമായ അർത്ഥംതന്നെ മേല്പടി സ്ഥലങ്ങളിലും സ്വീകരിക്കാമായിരുന്നു. എന്നാൽ, ആ രണ്ടു വാക്യങ്ങളിൽ 'ആഖിറത്' എന്നതിൻെറ പൂർവ്വബന്ധം സൂറ: ബഖ്റയുടെ ആരംഭത്തിലുള്ളപോലെ വർത്തമാനകാലത്തും ഭൂതകാലത്തും ഉണ്ടായിട്ടുള്ള ദിവ്യവെളിപാടിനെ കുറിക്കുന്നതല്ലായ്കയാൽ, പദങ്ങളുടെ പരസ്പ

രയോജനകൾവേണ്ടി ആ സ്ഥലങ്ങളിലും 'പിന്നീടുണ്ടാകുന്ന വെളിപാട്' എന്ന അർത്ഥം കല്പിക്കേണ്ടയാവശ്യം ഉണ്ടാകുന്നില്ല. ആകയാൽ, സൂറ: ബഖ്റയിൽ പ്രയോഗിക്കപ്പെട്ട ക്രമത്തിൽ പ്രസ്തുതപദം ഖുർആനിൽ മറേറതെങ്കിലും ഭാഗത്തു പ്രയുക്തമായിരിക്കുന്നതായി കാണിച്ചു തരുന്നപക്ഷം, അവിടെയും വാക്യത്തിലെ പരസ്പരബന്ധത്തെയും വാക്കുകളുടെ അർത്ഥയോജനയെയും മുൻനിറുത്തി, ബഖ്റയില വാക്യത്തിൽ വിവക്ഷിതമായ അർത്ഥംതന്നെ സ്വീകരിക്കാവുന്നതാണ്.

ഇനി, 'ആഖിറത്' എന്നതിനു 'പിന്നീടുണ്ടാകുന്ന ദിവ്യവെളിപാട്' എന്നു താൽപര്യമെടുക്കുന്നതായാൽ, ''ബിൽആഖിറതി എന്നതു 'ബിമാ ഉൻസില ബിൽആഖിറത്തി' എന്നാക്കിത്തീർക്കേണ്ടിവരും''* എന്നാണ് ഗ്രന്ഥകർത്താവു പറയുന്നതു. എന്നാൽ, 'ബിൽആഖിറതി' എന്നതു 'ബിമാ ഉൻസില ബിൽആഖിറതി' എന്നാക്കിത്തീർക്കേണ്ട ആവശ്യമില്ല. 'അൽആഖിറത്' എന്നതു ഗ്രന്ഥകർത്താവു പറയുന്നപോലെ 'കാല'ത്തിൻെറ വിശേഷണമല്ല; 'ഇറക്കപ്പെടുന്നതു' എന്നതിൻെറ വിശേഷണമാണ്. എന്നാൽ, ആ 'ഇറക്കപ്പെടുന്നതു' എന്നതുകൊണ്ടുള്ള വിവക്ഷ പ്രവാചകന്മാർക്കു ലഭിക്കുന്ന 'രിസാലത്തി' (ദൌത്യത്തി)ൻെറ 'വഹ്യ്' (വെളിപാട്) ആയതുകൊണ്ടാണ്' അതിൻെറ വിശേഷണം സ്ത്രീലിംഗരൂപത്തിൽ പ്രയോഗിക്കപ്പെട്ടിരിക്കുന്നതു. ആ 'ഇറക്കപ്പെടുന്നതു' എന്നതിനു 'രിസാലത്' എന്നു താല്പര്യം എടുക്കുന്നതായാൽ അതിനെ സ്ത്രീലിംഗരൂപമായി പ്രയോഗിക്കാവുന്നതാണ്. കാരണം, ഒരു പുല്ലിംഗപദം സ്ത്രീലിംഗപദത്തിൻെറ സ്ഥാനത്തു പ്രയോഗിക്കുന്നപക്ഷം ആ പുല്ലിംഗപദത്തിൻെറ

* ഖതമുന്നുബുവ്വത്ത്, ഭാ. 13.

വിശേഷണവുംസർവ്വനാമവും സ്ത്രീലിംഗരൂപമായും,ഒരു സ്ത്രീ ലിംഗപദം പുല്ലിംഗപദത്തിന്റെ സ്ഥാനത്തു ഉപയോഗിക്കുന്നപക്ഷം ആ സ്ത്രീലിംഗപദത്തിന്റെ വിശേഷണവും സർവ്വനാമവും പുല്ലിംഗരൂപമായും പ്രയോഗിക്കാമെന്നുള്ളതു അറബിഭാഷയിലെ ഒരു പൊതുനിയമമാണ്. ഇത്തരം പ്രയോഗങ്ങളെക്കുറിച്ചു അല്ലാമ:സുയൂത്തി(റ) തന്റെ ''അൽ അശ്ബാഹ് വന്നസായിർ'' الاشباه والنظائر എന്ന കൃതിയിൽ പ്രതിപാദിക്കുകയും, ഇതിലേക്കു വിശുദ്ധ ഖുർആനിലും ചമൽക്കാരപൂർവ്വകമായ മററു അറബി സാഹിത്യത്തിലും ധാരാളം ഉദാഹരണങ്ങൾ കാണാമെന്നു പ്രസ്താവിക്കുകയും ചെയ്തിട്ടുണ്ടു. السماء منفطر قردة خاسئين نخل خاوية نخل منقعر എന്നിങ്ങനെയുള്ള ഖുർആനിലെ പ്രയോഗങ്ങൾ ഇതിനു ദൃഷ്ടാന്തങ്ങളാണ്. ഇതിനുപുറമെ نكال الاخرة والاولى എന്നും ولا الاخرة خير لك من الاولى എന്നുമുള്ള ഖുർആൻവാക്യങ്ങളിലെ 'ആഖിറത്'' പദത്തിനു 'പരലോകം' എന്നർത്ഥം കൊടുക്കാതെ മററർത്ഥം കല്പിക്കുമ്പോൾ വ്യാഖ്യാതാക്കൾ സ്ത്രീലിംഗരൂപത്തിലുള്ള ഈ വിശേഷണത്തിനു സ്ത്രീലിംഗരൂപമായ പദങ്ങളെത്തന്നെയാണ് വിശേഷ്യമായി സങ്കല്പം ചെയ്തിരിക്കുന്നതു. അപ്രകാരംതന്നെ സൂറ: ബഖ്റയിലെ 'ബിൽആഖിറതി' എന്നതിനു വിശേഷ്യമായി നില്ക്കുന്നതു സ്ത്രീലിംഗരൂപത്തിലുള്ള 'രിസാലത്'' എന്ന പദമാണ്''. എന്തുകൊണ്ടെന്നാൽ, 'പിൽക്കാലത്തുണ്ടാകുന്ന വെളിപാട്'' എന്നതിന്റെ താല്പര്യം ഔലിയാക്കൾക്കു ലഭിക്കുന്ന 'വഹ്‌യ്'' അല്ല; രിസാലത്തിന്റെ വഹ്‌യ് അത്രെ. തന്നെയുമല്ല, 'വഹ്‌യ്'' എന്നതിനു അറബിയി

ൽ 'രിസാലത്'' എന്ന അർത്ഥവുമുണ്ട. ഈ വിഷയകമായി ഗ്രന്ഥകർത്താവു യാതൊന്നും പ്രസ്താവിച്ചിട്ടില്ലാത്തതുകൊണ്ട ഇതിലധികമായിട്ട ഇതിനെക്കുറിച്ചു ഇവിടെ വിവരിക്കേണ്ടതുള്ളതായി തോന്നുന്നില്ല.

'കിതാബ്'' അഥവാ 'ഗ്രന്ഥ'ത്തിൽ
വിശ്വസിക്ക എന്നതിൻെറ താൽപര്യം

''വബിൽ ആഖിറത്തി എന്നതിൻെറ അർത്ഥം ബിമാ 'ഉൻസില ബിൽആഖിറത്തി' എന്നാണെന്നു സമ്മതിക്കുന്നതായാൽതന്നെ ആ ഗ്രന്ഥം ഏതാണ്? അങ്ങിനെ ഒരു ദൈവികഗ്രന്ഥംതന്നെ ഇല്ലെന്നുവരുമ്പോൾ, പിന്നെ അതു വിശ്വാസപ്രമാണത്തിൽ ഉൾപ്പെടുന്നതെങ്ങിനെ?''* എന്നു നമ്മുടെ ഗ്രന്ഥകർത്താവു ചോദിക്കുന്നു. എന്നാൽ ഗ്രന്ഥമെന്നതു കൊണ്ട അദ്ദേഹം പൂർണ്ണമായ ഗ്രന്ഥരൂപത്തിൽ വെളിപ്പെട്ട ഒരു ഗ്രന്ഥത്തെയാണ് വിവക്ഷിക്കുന്നതെങ്കിൽ, അത്തരം ഒരു ഗ്രന്ഥം ലോകത്തു ഒരു പ്രവാചകനും നൽകപ്പെട്ടിട്ടില്ലായ്കയാൽ യാതൊരു പ്രവാചകനും വെളിപ്പെട്ടതിലും വിശ്വസിക്കേണ്ടതായിട്ടില്ലെന്നു വരുന്നതാണ്. കാരണം, സകല പ്രവാചകന്മാർക്കും ദൈവത്തിൻെറ പക്കൽനിന്നു അല്പാല്പമായി പലപല ഘട്ടങ്ങളിലായിട്ടാണ് വെളിപാട കിട്ടിക്കൊണ്ടിരുന്നിട്ടുള്ളതു. വിശുദ്ധഖുർആനും അപ്രകാരം വെളിപ്പെട്ടിട്ടുള്ളതുതന്നെയാണ്. എന്നു മാത്രമല്ല, ഖുർആൻ ഇന്നുള്ളമാതിരി ഒരു ഗ്രന്ഥമായി സ്വരൂപിതമായിത്തീൎന്നതുതന്നേ നബിതിരുമേനിയുടെ നിര്യാണത്തിനുശേഷം ഒന്നാം ഖലീഫയുടെ ഭരണകാലത്തായിരുന്നു. തിരുമേനിയുടെ ജീവിതകാലത്താകട്ടെ അതു തോൽക്കഷണങ്ങളിലും അസ്ഥിക

* ഖതമുന്നുബുവ്വത്ത്. ഭാ. 13.

ളിലും മററും എഴുതിവെക്കുകയാണ് ചെയ്തിട്ടുണ്ടായിരുന്നത്. അപ്പോഠം അതു ഇന്നത്തെപ്പോലെ ഗ്രന്ഥരൂപത്തിൽ ഇല്ലാതിരുന്നതുകൊണ്ടു അതിൽ വിശ്വസിക്കുകയെന്നതു വിശ്വാസപ്രമാണങ്ങളിൽ ഉൾപ്പെടുത്താവുന്നതല്ലെന്നു കൂടി ഗ്രന്ഥകർത്താവു പറഞ്ഞേക്കുമോ? ഇനി ഗ്രന്ഥം എന്നതുകൊണ്ടു അദ്ദേഹം വിവക്ഷിക്കുന്നതു ന്യായപ്രമാണം അടങ്ങിയ ഗ്രന്ഥമെന്നാണെങ്കിൽ, തിരുമേനിക്കുശേഷം വേറൊരു ന്യായപ്രമാണം ഉണ്ടാകുന്നതല്ലെന്നു ഞങ്ങളും വിശ്വസിക്കുന്നതുകൊണ്ടു അപ്രകാരമൊരു പുതിയ ഗ്രന്ഥത്തിൽ വിശ്വസിക്കേണ്ടതില്ലെന്നു സമ്മതിക്കാം. എന്നാൽ 'ഗ്രന്ഥങ്ങളിൽ വിശ്വസിക്കുക' എന്നതിൻെറ താൽപര്യം 'ന്യായപ്രമാണമടങ്ങിയ ഗ്രന്ഥങ്ങളിൽ വിശ്വസിക്കുക' എന്നാണെന്നുവരുകിൽ, ഇസ്രായീൽക്കാരുടെ ഇടയിൽ ന്യായപ്രമാണത്തോടുകൂടിയ പ്രവാചകൻ ഹസ്രത്ത് മൂസാ (അ) മാത്രമായിരുന്നുവെന്നു ഗ്രന്ഥകർത്താവുതന്നെ സമ്മതിച്ചിട്ടുള്ളതിനാൽ, അവരുടെ ഇടയിൽ അനന്തരമുണ്ടായ യാതൊരു പ്രവാചകനും വെളിപ്പെട്ടതിലും വിശ്വസിക്കേണ്ടതായിട്ടില്ലെന്നുവരുന്നതാണ്. മൂസാനബിക്കുശേഷം വെളിപ്പെട്ട സബൂർ, ഇഞ്ചീൽ എന്നിവയെ 'ഗ്രന്ഥ'ങ്ങളായി പക്ഷെ ഗണിക്കുമായിരിക്കാം. അതു സമ്മതിക്കുന്നതായാൽതന്നെ മററുപ്രവാചകന്മാക്കു വെളിപ്പെട്ടിരുന്ന ഗ്രന്ഥങ്ങളേതൊക്കെയാണെന്നു പറഞ്ഞുതരുവാൻ കഴിയുമോ? സബൂറും ഇഞ്ചീലും പരിശോധിക്കുന്നപക്ഷം അവ ദാവൂദ് നബിയുടേയും ഈസാനബിയുടേയും ഉപദേശങ്ങളും അവക്കുണ്ടായ ദിവ്യവെളിപാടുകളും അടങ്ങീട്ടുള്ളവയാണെന്നുകാണാം. എന്നിരുന്നിട്ടും അവക്കു വെളിപ്പെട്ടവയിൽ വിശ്വസിക്കുക നിർബ്ബന്ധിതമായിത്തീരുകയും ആ വിശ്വാസം 'ഗ്രന്ഥങ്ങളിൽ വിശ്വസിക്കുക' എന്ന ഇനത്തിൽ ഉൾപ്പെടുകയും ചെ

യ്യുന്നുവെങ്കിൽ, അപ്രകാരം തന്നെ ഇക്കാലത്തുണ്ടായ ദി വ്യവെളിപാടിനെക്കുറിച്ചും പറയാവുന്നതാണ്. 'മാ ഉൻസില' അഥവാ 'ഇറക്കപ്പെട്ട'തിൽ വിശ്വസിക്കുക എന്നതിൻെറ താൽപര്യം ഓരോ പ്രവാചകനും പ്രത്യേകം പ്രത്യേകം ഗ്രന്ഥമുണ്ടായിരിക്കുകയും അതിലെല്ലാം വിശ്വസിക്കുകയും ചെയ്യുകയെന്നതാണെങ്കിൽ, അസംഖ്യം പ്രവാചകൻമാക്കുണ്ടായ വെളിപാടുകളെയെന്നല്ലാ, ഒന്നോ രണ്ടോ പ്രവാചകന്മാരൊഴികെ ബാക്കിയുള്ളവക്കു വെളിപ്പെട്ടിട്ടുള്ളവയെല്ലാം നിഷേധിക്കേണ്ടതായ്‌വരും. പ്രവാചകന്മാക്കു വെളിപ്പെട്ടിട്ടുള്ളതിൽ വിശ്വസിക്കുക എന്നതിൻെറ താൽപര്യം അവക്കുണ്ടായ ദിവ്യവെളിപാടിൽ വിശ്വസിക്കുക എന്നു മാത്രമാണ്. ആ ദിവ്യവെളിപാടു ന്യായപ്രമാണവിധികളടങ്ങിയതായിരുന്നാലും, അഥവാ മുൻന്യായപ്രമാണത്തിൻെറ മാർഗ്ഗത്തിലേക്കു ക്ഷണിക്കുവാനും നടത്തുവാനും ഉള്ള പ്രബോധനമായിരുന്നാലും ശരി. ആകയാൽ, 'ആഖിറത്" എന്നതിനു 'പിൻവരുന്നവെളിപാട്" എന്നു അർത്ഥം വിവക്ഷിക്കുന്നതായാൽ, അങ്ങനെ വിശ്വസിപ്പാനായിട്ടു ഒരു ഗ്രന്ഥമില്ലാതിരിക്കെ വിശ്വസിക്കാവുന്നതെങ്ങനെ എന്ന ചോദ്യം ന്യായരഹിതമാണ്. കാരണം, നബിതിരുമേനിക്കുശേഷം വാഗ്ദാനമനുസരിച്ചു ആഗതനായ മഹാത്മാവിന്നു ലഭിച്ച ദിവ്യസന്ദേശവും വെളിപാടും അദ്ദേഹത്തിൻെറ ഒരു ഗ്രന്ഥത്തിലല്ല, അനേക ഗ്രന്ഥങ്ങളിൽ രേഖപ്പെട്ടുകിടക്കുന്നു. ദിവ്യവെളിപാടുകൾമാത്രം ഒരുമിച്ചുകൂട്ടിയ ഒരു ഗ്രന്ഥം ഉണ്ടെങ്കിൽ മാത്രമെ വിശ്വസിക്കേണ്ട ബാദ്ധ്യത ഉണ്ടാകുന്നുള്ളു എന്നു പറയുന്നപക്ഷം, മററനവധി പ്രവാചകന്മാക്കു വെളിപ്പെട്ടിട്ടുള്ളതിനെ നിഷേധിക്കേണ്ടതായ്‌വരും. എന്തുകൊണ്ടെന്നാൽ ദൈവവചനം മാത്രം അടങ്ങിയതാ

യുള്ള ഒരു സമ്പൂർണ്ണഗ്രന്ഥം വിശുദ്ധഖുർആൻ മാത്രമാണ്. വേറൊരു ദിവ്യഗ്രന്ഥവും നമുക്ക ഈ തരത്തിൽ കാണപ്പെടുന്നതല്ല. മററു ഗ്രന്ഥങ്ങളിലെല്ലാം ദൈവവചനത്തോടുകൂടി ആ പ്രവാചകന്മാരുടെ സ്വന്തവ്യാഖ്യാനങ്ങളും ഉപദേശങ്ങളും കാണാവുന്നതാണ്. തൌറാത്ത്, സബൂർ, ഇഞ്ചീൽ മുതലായ ഗ്രന്ഥങ്ങരം നോക്കിയാൽ ഈ വാസ്തവം മനസ്സിലാക്കാം. നബിതിരുമേനിയുടെ അവതാരകാലത്തു ആ ഗ്രന്ഥങ്ങരം പ്രവാചകൻമാരുടെ ഉപദേശങ്ങരം കലൎന്ന നിലയിൽ തന്നെയായിരുന്നു സ്ഥിതിചെയ്തിരുന്നതു. ആകയാൽ, വെളിപാടുകരം മാത്രമടങ്ങിയ ഒരു ഗ്രന്ഥം ഇല്ലാതിരിക്കുമ്പോരം അതിൽ വിശ്വസിക്കുന്നതു എങ്ങനെയെന്നുള്ള ചോദ്യം അബദ്ധം തന്നെയാണ്. ഇനി ഗ്രന്ഥമെന്നാൽ ദൈവവചനം മാത്രം അടങ്ങിയ ഗ്രന്ഥമായേ തീരുവെന്നു ഗ്രന്ഥകർത്താവിനു ശാഠ്യമുണ്ടെങ്കിൽ. ഇക്കാലത്തു ദൈവനിയുക്തനായ മാഹാത്മാവിനു വെളിപ്പെട്ട ദൈവവചനങ്ങരം മാത്രം സ്വരൂപിതമായിട്ടുള്ള "അൽബുശ്റാ" എന്ന പുസ്തകം പ്രസിദ്ധീകൃതമായിട്ടുണ്ട്. വാസ്തവത്തിൽ, ഗ്രന്ഥങ്ങളിൽ വിശ്വസിക്കുക എന്നതിൻെറ താൽപര്യം പ്രവാചകന്മാൎക്കുണ്ടായ ദിവ്യവെളിപാടുകളിൽ വിശ്വസിക്കുക എന്നുമാത്രമാണ്. ആ ദിവ്യവെളിപാടു ന്യായപ്രമാണം അഥവാ 'ശരീഅത്ത്' അടങ്ങിയ ഗ്രന്ഥമായോ ന്യായപ്രമാണപരമല്ലാത്ത ഏതാനും ദൈവവചനങ്ങളടങ്ങിയ ഗ്രന്ഥമായോ ഇരിക്കാവുന്ന പോലെതന്നെ, അതു ഒരു പുസ്തകരൂപത്തിൽ സ്വരൂപിതമായോ പ്രവാചകൻെറ ഉപദേശപരമായ പാരമ്പര്യമായോ ഇരിക്കാവുന്നതാണ്. ഇതെല്ലാം ദിവ്യഗ്രന്ഥം അഥവാ ദിവ്യവെളിപാടു എന്ന നാമത്തെ അർഹിക്കുന്നതുതന്നെ. ഈ

വസ്തുത ശരിയല്ലെന്നു വരുന്നപക്ഷം നിരവധി പ്രവാച കന്മാർക്ക് വിശ്വസിക്കുന്നതിനു ബാധ്യതയുള്ള വെളിപാട് അഥവാ ദിവ്യഗ്രന്ഥം ലഭിച്ചിരുന്നില്ലെന്നു സമ്മതിക്കേണ്ടി വരുന്നതാണ്. ആകയാലത്രെ اولئك الذين اتيناهم الكتاب ''ഇവരാണ് നാം ഗ്രന്ഥം നൽകീട്ടുള്ളവർ'' (6:90) എന്നു ചില പ്രവാചകന്മാരെക്കുറിച്ചു അല്ലാഹു പറഞ്ഞിരിക്കു ന്നതിൽ 'ഗ്രന്ഥം നൽകി' എന്നതിനു വ്യഖ്യാതാക്കൾ രണ്ടുതരത്തിൽ അർത്ഥം കൽപിച്ചുകാണുന്നത്. ഒന്നാമ ത്തു, അതിന്നു ''വഹ്‌യ് അഥവാ വെളിപാട് നൽകി'' എന്ന അർത്ഥം കൊടുക്കാമെന്നതാണ്. എല്ലാ പ്രവാ ചകന്മാർക്കും പ്രത്യേകം പ്രത്യേകം ഗ്രന്ഥം നൽകപ്പെട്ടി ട്ടില്ലാതിരുന്നതുകൊണ്ടു പ്രസ്തുത ദൈവവാക്യത്തിലെ 'ഗ്ര ന്ഥം നൽകി' എന്നതിനു 'വഹ്‌യ് നൽകി' എന്നു അ ർത്ഥം കൽപിക്കുവാനെ തരമുള്ളു. ഈ അർഥത്തെ അ വലംബിക്കുന്നതായാൽ ഇക്കാലത്തു വെളിപ്പെട്ട വിശ്വ സിക്കുവാൻ ബാധ്യതയുള്ള 'ദിവ്യഗ്രന്ഥം' അഥവാ 'ദി വ്യവെളിപാട്'' ഏതാണെന്നു വിശേഷിച്ചു പറഞ്ഞുതരേ ണ്ടതില്ലല്ലൊ. രണ്ടാമത്തു, 'ചില പ്രവാചകന്മാർക്കു സ്വ കീയമായ ഗ്രന്ഥങ്ങളും ചിലർക്ക് മുൻ ഗ്രന്ഥങ്ങളുടെ പ രമാർത്ഥജ്ഞാനവും നൽകി' എന്നു അർത്ഥമെടുക്കാമെ ന്നതാണ്. തന്മൂലം ഒരു പ്രവാചകനു ഒരു ഗ്രന്ഥം ലഭി ക്കുകയും പിൻഗാമിയായ പ്രവാചകനു ആ മുൻ ഗ്രന്ഥ ത്തിലേക്കു തന്നെ ജനങ്ങളെ ക്ഷണിക്കുന്നതിനു വേണ്ടി അതിൻെറ വാസ്തവജ്ഞാനം സിദ്ധിക്കുകയും ചെയ്താൽ ര ണ്ടുപേർക്കും ഗ്രന്ഥം നൽകപ്പെട്ടതായി പറയാവുന്നതാണ്. മേല്പടി ഖുർആൻവാക്യത്തിനു ഇങ്ങനെ രണ്ടിലൊരു അ ർത്ഥം കൊടുക്കുവാനെ പാടുള്ളു എന്നതിലേക്കു ഇമാം റാസി (റ) ഇപ്രകാരം കാരണം കാണിക്കുന്നു:

لانّ الانبياء الثمانية عشر المذكورين ما انزل

الله تعالى على كل واحد منهم كتابا الهيا على

التعيين والتخصيص ''എന്തെന്നാൽ മുൻഖുർആൻവാക്യങ്ങളിൽ പ്രസ്താവിക്കപ്പെട്ട പതിനെട്ട പ്രവാചകന്മാരിൽ ഒവ്വൊരുവക്കും വെവ്വേറെ ഗ്രന്ഥം നൽകയുണ്ടായിട്ടില്ല'' (കബീർ, വാല്യം 4, ഭാ. 86). ഈ വ്യാഖ്യാനപ്രകാരം ഇക്കാലത്തു ഒരു പുതിയ ഗ്രന്ഥം വെളിപ്പെട്ടിട്ടില്ലെങ്കിലും, ഏതൊരു ദൈവികഗ്രന്ഥത്തിലേക്ക ലോകത്തെ ക്ഷണിക്കുന്നതിനായിട്ടാണോ ദൈവനിയുക്തനായ മഹാപുരുഷൻ ഇക്കാലത്തു ആഗതനായിരിക്കുന്നതു ആ നിലവിലിരിക്കുന്ന ന്യായപ്രമാണഗ്രന്ഥം തന്നെയാണ് അദ്ദേഹത്തിനു നൽകപ്പെട്ടിരിക്കുന്ന ദിവ്യഗ്രന്ഥം. അതു വിശുദ്ധഖുർആനല്ലാതെ മറെറാന്നുമല്ലതന്നെ. ആകയാൽ, ആ പുണ്യാത്മാവിൽ വിശ്വസിക്കാത്തവർ നിലവിലിരിക്കുന്ന ന്യായപ്രമാണത്തിൽ അഥവാ വിശുദ്ധഖുർആനിൽ വിശ്വസിക്കാത്തവരായിത്തീരുന്നു. പ്രവാചകന്മാക്കെല്ലാം ഗ്രന്ഥം ലഭിച്ചിട്ടുണ്ടെന്നു പറയുന്നതു ഈ അത്ഥത്തിലാണെന്നു ഇമാംറാസി മറെറാരുഘട്ടത്തിൽ പറയുന്നതാവിതു:

انّ جميع الانبياء عليهم السلام اوتوا

الكتاب بمعنى كونه مهتديا به داعيا الى العمل

به وان لم ينزل عليه

''എല്ലാ പ്രവാചകന്മാക്കും ഗ്രന്ഥം നൽകപ്പെട്ടിരുന്നില്ലെങ്കിലും, ഓരോരുത്തരും ഗ്രന്ഥമനുസരിച്ച ജീവിക്കുക

യും അതിനെ അനുസരിക്കാനായിക്കൊണ്ടു ജനങ്ങളെ ക്ഷണിക്കുകയും ചെയ്തിരുന്നതുകൊണ്ടു അവരൊവ്വൊരുവരും ഗ്രന്ഥം ലഭിച്ചവരായി'' (കബീർ വാല്യം2, ഭാ. 485). ചുരുക്കത്തിൽ, ഒരു പ്രവാചകനു ഗ്രന്ഥം ലഭിക്കുന്നതു അദ്ദേഹത്തിനു സ്വകീയമായ വെളിപാടായിട്ടോ മറെറാരു പ്രവാചകനിൽനിന്നു പിന്തുടർച്ചാവകാശമായിട്ടോ ആയിരിക്കാവുന്നതാണ്. ആയതുകൊണ്ടാണ് ഗ്രന്ഥം ലഭിക്കുന്നതിനെക്കുറിച്ചു ഇമാം അബുസ്സഊദ് (റ) ഇങ്ങിനെ പറഞ്ഞിരിക്കുന്നതു:—

اَعَمُّ مِنْ اَنْ يَكُونَ ذَالِكَ بِالاِنْزَالِ اِبْتِدَاءً وَبِالاِيرْثِ بَقَاءً فَاِنَّ المَذْكُورِينَ لَمْ يُنْزَلْ عَلَى كُلِّ وَاحِدٍ مِنْهُمْ كِتَابٌ مُعَيَّنٌ

''ഗ്രന്ഥം ലഭിക്കുന്നതു ഒന്നാമതായി ഇറങ്ങിയും പിന്തുടർച്ചാവകാശമായി സിദ്ധിച്ചും ആകാവുന്നതാണ്; കാരണം, മുകളിൽ പ്രസ്താവിക്കപ്പെട്ടവരിൽ ഒവ്വൊരുവക്കും പ്രത്യേകഗ്രന്ഥം വെളിപ്പെടുകയുണ്ടായിട്ടില്ല'' (തഫ്സീർ അബിസ്സഊദ്, ഹാമിശ് കബീർ, വാല്യം 4, ഭാ. 232). അല്ലാമ: ബൈസാവി ''അൻസല മഅഹുമുൽക്കിതാബ്'' എന്ന വാക്യത്തിന്റെ വ്യാഖ്യാനഘട്ടത്തിൽ ഇങ്ങനെ പറയുന്നു:—

وَلَا يُرِيدُ بِهِ اَنَّهُ اُنْزِلَ مَعَ كُلِّ وَاحِدٍ كِتَابًا يَخُصُّهُ فَاِنَّ اَكْثَرَهُمْ لَمْ يَكُنْ لَهُمْ كِتَابٌ

يَخُصُّهُم وَ إِنَّمَا كَانُوا يَأْخُذُونَ بِكِتَابِ مَنْ قَبْلَهُم

''അവരോടുകൂടി ഗ്രന്ഥം ഇറക്കി എന്നതിൻെറ താല്പര്യം അവരിൽ ഓരോരുത്തരോട കൂടിയും ഓരോ ഗ്രന്ഥം ഇറക്കിയെന്നല്ലതന്നെ. കാരണം, അവരിൽ അധികപേക്കും പ്രത്യേകഗ്രന്ഥമുണ്ടായിരുന്നില്ല. അവർ തങ്ങാക്കു മുമ്പുള്ളവരുടെ ഗ്രന്ഥങ്ങളെയാണ് അബലംബിച്ചിരുന്നതു'' (തഫ്സീർ ബൈസാവി. ഒന്നാംവാല്യം). എല്ലാ പ്രവാചകന്മാക്കും പ്രത്യേകം പ്രത്യേകം ഗ്രന്ഥം ലഭിച്ചിരുന്നില്ലെന്നു ഖുർആനിലെ നിരവധി വാക്യങ്ങളിൽനിന്നു തെളിയുന്നതിനു പുറമെ, ഗ്രന്ഥം ദൈവത്തിങ്കൽനിന്നു നേരിട്ടു ലഭിക്കാതെ വേറൊരു പ്രവാചകൻ മുഖാന്തരം പിന്തുടർച്ചാവകാശമായി കിട്ടിയാലും ഗ്രന്ഥം ലഭിച്ചതായി പറയാവുന്നതാണെന്നും വ്യക്തമാകുന്നു. മൂസാനബിക്കു തൌറാത്ത് ലഭിച്ചിരുന്നുവെങ്കിലും ഹാറൂൻനബിക്ക് വേറൊരു പ്രത്യേകഗ്രന്ഥം ഉണ്ടായിരുന്നില്ലെന്ന വസ്തുത ഇതിലേക്കു ദൃഷ്ടാന്തമാണ്. മൂസാനബി (അ) ''ത്തൂർ പർവ്വതത്തിലേക്കു പോയപ്പോൾ ഹാറൂൻ (അ)നെ തനിക്കു പകരം നിയമിച്ചു. ഹാറൂൻ (അ) ശരീഅത്തില്ലാത്ത പ്രവാചകൻ (ഗൈറു തശ്രീഅ്) ആയിരുന്നു''* എന്നു ഗ്രന്ഥകർത്താവുതന്നെ പറഞ്ഞിട്ടുണ്ടു. ഇതിൽനിന്നു ഹാറൂൻനബിക്കു ഒരു പ്രത്യേക ഗ്രന്ഥം ഉണ്ടായിരുന്നില്ലെന്നു സ്പഷ്ടമായി, സൂറ:ബഖ്റയിലെ ''വബിൽ ആഖിറതി'' എന്നതു പിന്നീടുണ്ടാകുന്ന വെളിപാടിനെ കുറിക്കുന്നതാണെന്നു വരുകിൽ, ആ ദിവ്യഗ്രന്ഥം ഏതാണെന്നു ചോദിക്കുന്ന

* ഖതമുന്നുബുവ്വത്ത് ഭാ. 59.

നമ്മുടെ ഗ്രന്ഥകർത്താവു ഹാറൂൻനബിക്കു വെളിപ്പെട്ടിരുന്ന ഗ്രന്ഥം ഏതാണെന്നു പറഞ്ഞുതരുമോ? അദ്ദേഹത്തിനു ദിവ്യവെളിപാടു ലഭിച്ചിട്ടുണ്ടായിരുന്നുവെങ്കിലും ഒരു പ്രത്യേക ഗ്രന്ഥമുണ്ടായിരുന്നില്ല എന്നു പറയുകയാണെങ്കിൽ, അദ്ദേഹത്തിന്റെ വെളിപാടിൽ വിശ്വസിക്കുവാൻ ഗ്രന്ഥകർത്താവിന്റെ ന്യായപ്രകാരം സാദ്ധ്യമല്ലെന്നു വരും. വിസ്തരഭയത്താൽ ഈ സംഗതിയുടെ വിവരണത്തിലേക്കു പ്രവേശിക്കുന്നില്ല, ചുരുക്കത്തിൽ ഒരു ദിവ്യഗ്രന്ഥമോ ന്യായപ്രമാണമോ ഇല്ലാതിരിക്കുന്നതുകൊണ്ടു വിശ്വസിക്കാൻ ബാധ്യതയുള്ള ദിവ്യവെളിപാടില്ലെന്നും ഒരു ഗ്രന്ഥമുണ്ടെങ്കിൽ മാത്രമെ ദൈവികഗ്രന്ഥമെന്ന നിലയിൽ വിശ്വാസപ്രമാണത്തിൽ ഉൾപ്പെടുകയുള്ളു എന്നും പറയുന്നതു സാധുവായിരിക്കുന്നില്ലെന്നു സ്പഷ്ടമായി. ആകയാൽ, ''ഇല്ലാത്ത ഒന്നിൽ വിശ്വസിക്കുക എന്നതു സാദ്ധ്യമാണോ?'' എന്നു ഗ്രന്ഥകർത്താവു ചോദിക്കുന്നതു കേവലം അബദ്ധമാണ്. തന്നേയുമല്ല, നബിതിരുമേനിക്കു മുമ്പു പ്രത്യക്ഷരായ പ്രവാചകന്മാർ ആരെല്ലാമാണെന്നും അവർക്കു വെളിപ്പെട്ടവ എന്തൊക്കെയാണെന്നും ഉള്ള വിവരമില്ലാതിരുന്നിട്ടും അവരിലെല്ലാവരിലും അവർക്കെല്ലാവർക്കും വെളിപ്പെട്ടവയിലും വിശ്വസിക്കേണ്ടതു ആവശ്യമാണെന്നു ഗ്രന്ഥകർത്താവുതന്നെ സമ്മതിച്ചിരിക്കെ, തിരുമേനിക്കുശേഷം ഉണ്ടായ ദിവ്യവെളിപാടു ഒരു പ്രത്യേക ഗ്രന്ഥരൂപത്തിൽ ഇല്ലാത്തതുകൊണ്ടു അതിൽ വിശ്വസിക്കുവാൻ കഴിയുന്നതെങ്ങനെ എന്നു ചോദിച്ചിരിക്കുന്നതു കേവലം അനുചിതമായിപ്പോയി!

## വഹ്‌യ് അഥവാ ദിവ്യവെളിപാട്

സൂറ: ബഖ്‌റയുടെ ആരംഭത്തിൽ പ്രയോഗിക്കപ്പെട്ട 'ആഖിറത്' പദത്തിനു നബിതിരുമേനിയുടെ 'പിറകെയുണ്ടാകുന്ന വഹ്‌യ്' എന്നു അർത്ഥം വിവക്ഷിക്കുവാൻ പാടില്ലെന്നുവരുന്നതുകൊണ്ടു "തിരുമേനിക്കുശേഷം യാതൊരു പ്രകാരത്തിലുള്ള വഹ്‌യും ഉണ്ടാകുന്നതല്ലെന്നുതന്നെ വിശ്വസിക്കേണ്ടിവരും"* എന്നു നമ്മുടെ ഗ്രന്ഥകർത്താവു പറയുന്നു. പ്രസ്തുത സ്ഥലത്തു 'ആഖിറത്' എന്നതിനു അത്യധികം യോജിക്കുന്ന അർത്ഥം 'പിൻവരുന്ന വെളിപാടു' എന്നാണെന്നു മുൻപു തെളിയിച്ചിട്ടുണ്ട്. ഇനി, അവിടെ ആയർത്ഥം ഇല്ലെന്നു വരുന്നതായാൽതന്നെ, തിരുമേനിക്കുശേഷം വഹ്‌യ് ഉണ്ടാകുന്നതല്ലെന്നു അതിൽനിന്നു സിദ്ധിക്കുന്നു എന്നു പറയുന്നതു ആശ്ചര്യാവഹമായിരിക്കുന്നു. ഗ്രന്ഥകർത്താവു ഇങ്ങനെ വിഷയവുമായി ബന്ധമില്ലാത്തതും പ്രമാണമായിത്തീരാത്തതും ആയ സംഗതികളെ സാക്ഷ്യങ്ങളെന്നോണം കാണിച്ചുകൊണ്ടു തൻെറ അഭീഷ്ടം സ്ഥാപിക്കുവാൻ ശ്രമിച്ചുകാണുന്നതു, ഒരു സംഗതി ഒരു വിഷയത്തിലേക്കു പ്രമാണമായിത്തീരുന്നതു എത്തരത്തിലാണെന്നും പ്രമാണവും പ്രാമാണ്യവും തമ്മിലുണ്ടായിരിക്കേണ്ട ബന്ധം എപ്രകാരമാണെന്നും അദ്ദേഹം ഗ്രഹിക്കായ്കയാലോ, അതോ, ബന്ധമില്ലാത്ത എന്തെങ്കിലും എടുത്തുകാണിച്ചു അതു വിഷയത്തിലേക്കു പ്രമാണമാണെന്നു പറഞ്ഞാൽ വായനക്കാർ അതു തെളിവായി കരുതിക്കൊള്ളുമെന്നു വിചാരിക്കയാലോ എന്തുകൊണ്ടാണെന്നു അറിയുന്നില്ല. 'ആഖിറത്' ശബ്ദത്തിനു പ്രസ്തുതസ്ഥലത്തു 'പരലോകം' എന്നു അർത്ഥം വിവക്ഷി

---

* ഖതമുന്നുബുവ്വത്ത്. ഭാ. 13.

ക്കുന്നതായാലും അതിൽനിന്നു തിരുമേനിക്കുശേഷം വഹ്‌യ് ഉണ്ടാകുന്നതല്ലെന്നു ഒരു പ്രകാരത്തിലും തെളിയുന്നില്ല. അതിനു അപ്രകാരം അർത്ഥം കൊടുക്കുന്നപക്ഷം മേലിൽ വഹ്‌യ് ഉണ്ടാകുമെന്നോ ഉണ്ടാകുന്നതല്ലെന്നോ സ്ഥാപിക്കുന്നതിതിലേക്കു വേറെ പ്രമാണങ്ങൾ കാണിക്കേണ്ടിയിരിക്കുന്നു.

അല്ലാഹു സംസാരിക്കുന്നവനത്രെ

നബിതിരുമേനിക്കുശേഷം 'വഹ്‌യ്' ഉണ്ടാകുന്നതല്ലെന്നും തിരുമേനിയുടെ അനുയായികളിൽ ഒരുത്തർക്കും 'മുതകല്ലിം' (സംസാരിക്കുന്നവൻ) ആയ അല്ലാഹുവിൻെറ മധുരഭാഷണം ലഭിക്കുന്നതല്ലെന്നും വിശുദ്ധഖുർആനിൽ നിന്നു തെളിയുന്നേയില്ല. അപ്രകാരം തെളിയുന്നുവെന്നു വരുന്നപക്ഷം തൻെറ സ്നേഹപാത്രങ്ങളായ സത്യദാസരോട് പണ്ടേക്കുപണ്ടേ സംസാരിച്ചുപോന്ന അല്ലാഹു നബിതിരുമേനിയുടെ പിറകെ സംസാരിക്കാറില്ലെന്നും സംസാരിക്കുന്നവനെന്നുള്ള അവൻെറ അഭേദ്യഗുണം തിരുമേനിയുടെ വിയോഗത്തോടുകൂടി അവനു നഷ്ടമായിപ്പോയെന്നും സമ്മതിക്കേണ്ടതായ്‌വരുന്നതാണ്. അല്ലാഹു സംസാരിക്കുന്നവനാണെന്നും അവന്നു ആ ഗുണം ഒരു ക്ലിപ്തകാലംവരെ ഉണ്ടായിരിക്കുകയും പിന്നെ അതു നഷ്ടമായിപ്പോകയും ചെയ്‌കയെന്നത് സംഭാവ്യമല്ലെന്നും ഉള്ളതു പരമാർത്ഥമാണെങ്കിൽ, അവൻ തൻെറ സ്നേഹത്തിനു പാത്രീഭൂതരായ ശ്രേഷ്ഠദാസരോടു തീർച്ചയായും സംസാരിച്ചുകൊണ്ടിരിക്കേണ്ടതാകുന്നു. അവൻ സംസാരിക്കുന്നവനല്ലെന്നു വരുന്നതായാൽ അവൻെറ ദിവ്യത്വത്തിനു തന്നെ കളങ്കമേൽക്കുന്നതാണ്. എന്തുകൊണ്ടെന്നാൽ, ആ സർവ്വശക്തൻ സംസാരിക്കാത്തവനാണെന്നു വരുന്നപക്ഷം അവൻ സംസാരശക്തിയില്ലാത്ത വിഗ്രഹം കണക്കെ ആയിത്തീരുകയും അവന്നും അവനൊഴികെ ആരാധിക്ക

പ്പെട്ടന്ന വിഗ്രഹങ്ങൾക്കും തമ്മിൽ വ്യത്യാസമില്ലെന്നുവരുകയും ചെയ്യും. അല്ലാഹു സർവ്വശക്തനാണെന്നും അവൻ പരമാർത്ഥത്തിൽ ഉള്ളവനാണെന്നുമുള്ളതിലേക്കു അവൻെറ ഈ മധുരഭാഷണം തന്നെയാണ് മുഖ്യലക്ഷ്യം. ആ ലക്ഷ്യം നഷ്ടമാകുന്നതായാൽ അവൻെറ സത്തയിലേക്കുള്ള ഖണ്ഡിതമായ ഒരു പ്രമാണം ഇല്ലാതായിപ്പോകുന്നതാണ്. ലക്ഷ്യമില്ലാത്ത വെറും പൊട്ടവിശ്വാസമാകട്ടെ സൃഷ്ടിപൂജകന്മാർക്കു അവരുടെ ആരാധനാപാത്രങ്ങളിലുമുണ്ടല്ലൊ. വിഗ്രഹങ്ങൾ സംസാരിക്കുകയോ മാർഗ്ഗദർശനം ചെയ്കയോ ചെയ്യാത്തവയാകയാൽ അവയെ ആരാധനാപാത്രങ്ങളായി സ്വീകരിക്കുന്നതു മൌഢ്യമാണെന്നു വിശുദ്ധഖുർആൻ പറയുന്നു. ഇസ്രായീല്യർ ലോഹനിർമ്മിതമായ ഒരു കന്നു പ്രതിമ പൂജിച്ചതിനെക്കുറിച്ചു അല്ലാഹു ഇപ്രകാരം പറയുന്നു,

الم يروا انه لا يكلمهم ولا يهديهم سبيلا اتخذوه
وكانوا ظالمين

''അതു (പ്രതിമ) അവരോടു സംസാരിക്കുകയും അവരെ മാർഗ്ഗദർശനം ചെയ്കയും ചെയ്യുന്നില്ലെന്നു അവർ ഗ്രഹിച്ചില്ലേ? അവർ അതിനെ ദൈവമായി സ്വീകരിച്ചു; തന്മൂലം അവർ അക്രമികളായിത്തീർന്നു'' (7:148). ഈ വാക്യത്തിൽനിന്നു അല്ലാഹു സംസാരിക്കുന്നവനാണെന്നും അവൻ തൻെറ പ്രീതിക്കു പാത്രമാകുന്ന സത്യദാസരെ സ്വവചനാമൃതംകൊണ്ടു അനുഗ്രഹിക്കുന്നതാണെന്നും തെളിയുന്നു. അവൻ തൻെറ പ്രത്യേകസ്നേഹത്തിനു പാത്രമാകുന്ന ഇഷ്ടദാസരോടുപോലും സംസാരിക്കുകയില്ലെന്നു വരുകിൽ, സംസാരശക്തിയില്ലാത്ത പ്രതിമപൂജിക്കുന്നതിനെ മേ

ൽവാക്യത്തിൽ ആക്ഷേപിച്ചതു നിരർത്ഥകമായിത്തീരുന്നതാണ്. ചുരുക്കത്തിൽ, നബിതിരുമേനിക്കുശേഷം ഒരുപ്രകാരത്തിലുള്ള വഹ്‌യും ഉണ്ടാകാവതല്ലെന്നു പറയുകയാണെങ്കിൽ, തിരുമേനിയുടെ ആഗമനത്തിനു ശേഷം അല്ലാഹുവിന്നു 'മുതകല്ലിം' എന്ന സംസാരഗുണം നഷ്ടമായിപ്പോയെന്നും ആകയാൽ അവൻ വിഗ്രഹത്തെപ്പോലെ സംസാരശക്തിയില്ലാത്തവനായിത്തീൎന്നുവെന്നും സമ്മതിക്കേണ്ടിവരും.

വഹ്‌യ് ഇല്ലാതിരിക്കയെന്നതു ഒരനുഗ്രഹനഷ്ടമാണ്.

നബിതിരുമേനിക്കുശേഷം അല്ലാഹു തന്റെ ഇഷ്ടദാസരോടു സംസാരിക്കാറില്ലെന്നു പറയുകയാണെങ്കിൽ തിരുമേനിയുടെ ആഗമനത്തോടുകൂടി സത്യഭക്തന്മാൎക്കു പണ്ടേക്കുപണ്ടേ ലഭിച്ചുകൊണ്ടിരുന്ന ദിവ്യഭാഷണമാകുന്ന അനുഗ്രഹം തിരുമേനിയുടെ അനുയായികൾക്കു നഷ്ടമായിപ്പോയെന്നു സമ്മതിക്കേണ്ടിവരുന്നതാണ്. അല്ലാഹുവിന്റെ അമൃതഭാഷണംകൊണ്ടു ഒരു സമുദായം അനുഗ്രഹിക്കപ്പെട്ടുകൊണ്ടിരിക്കയെന്നതു ആ സമുദായം അവന്റെ ഇഷ്ടമാർഗ്ഗത്തിൽ ചരിച്ചുകൊണ്ടിരിക്കുകയാണെന്നും തന്മൂലം അതിൽ അവന്റെ വരപ്രസാദത്തിനു പാത്രമായ പുണ്യാത്മാക്കൾ ഉൽഭവിച്ചുകൊണ്ടിരിക്കുമെന്നുമുള്ളതിലേക്കു ഒരു സാക്ഷ്യമാണെങ്കിൽ, ഈ അനുഗ്രഹം ലഭിക്കാതിരിക്കയെന്നതു സമുദായം അല്ലാഹുവിന്റെ മാർഗ്ഗത്തിൽനിന്നും അകന്നുപോയിരിക്കുന്നുവെന്നും തന്നിമിത്തം ദിവ്യഭാഷണം ലഭിക്കുന്നതിനു അർഹരായവർ അതിൽ ഉണ്ടായിരിക്കുന്നതല്ലെന്നുമുള്ളതിലേക്കു സാക്ഷ്യമായിരിക്കുന്നതാണ്. അല്ലാഹു വെളിപ്പെടുത്തിയതിനെ ഒളിച്ചുവെക്കുകയും ലോകർ യാഥാർത്ഥ്യം ഗ്രഹിക്കാതിരി

കുന്നതിൻ ദിവ്യവെളിപാടിനെ മറച്ചുവെക്കുകയും ലൌകികമായ നിസ്സാരലാഭത്തെ മോഹിച്ചു അതിനെ സ്വീകരിക്കുകയും ചെയ്യുന്നവരെക്കുറിച്ച വിശുദ്ധഖുർആൻ لا يكلمهم الله يوم القيامة ''അന്ത്യനാളിൽ അല്ലാഹു അവരോട സംസാരിക്കുന്നതല്ല'' (2 : 174) എന്നു പറഞ്ഞിരിക്കുന്നു. ഇതിൽനിന്നു അല്ലാഹു സംസാരിക്കാതിരിക്കുകയെന്നതു അവൻെറ അനിഷ്ടത്തിനുള്ള ലക്ഷണവും സംസാരിക്കുകയെന്നതു ഇഷ്ടത്തിൻെറ ലക്ഷണവും ആണെന്നു മനസ്സിലാക്കാം. ആകയാ ഗ്രന്ഥകത്താവു പറയുന്നപോലെ നബിതിരുമേനിശേഷം യാതൊരു പ്രകാരത്തിലുള്ള 'വഹ്യും' ഉണ്ടാകുന്നതല്ലെങ്കിൽ, തിരുമേനിയുടെ സമുദായത്തോട അല്ലാഹുവിനു അനിഷ്ടമാണെന്നും അതിനാലാണ് പൂർവ്വസമുദായങ്ങൾക്ക് ലഭിച്ചുകൊണ്ടിരുന്ന ഈ അനുഗ്രഹം തിരുമേനിയുടെ അനുയായികൾക്ക നഷ്ടമായിപ്പോയതെന്നും സമ്മതിക്കേണ്ടതായ്‌വരും. അത്യുത്തമസമുദായമെന്നു സ്വയം വാദിക്കവെ, പൂർവ്വസമുദായങ്ങൾക്ക ലബ്ധമായിരുന്ന ഈ ദൈവാനുഗ്രഹംപോലും തിരുമേനിയുടെ അനുയായികൾക്ക ലഭ്യമല്ലെന്നു ഗ്രന്ഥത്താവു പറഞ്ഞുകാണുന്നതു അത്യന്തം പരിതാപകരമായിരിക്കുന്നു!

### പൂർവ്വസമുദായങ്ങളും ദൈവഭാഷണവും.

നബിതിരുമേനിക്കുശേഷം പ്രവാചകന്മാരുണ്ടാകാവതല്ലെന്നു തെളിയുന്നതായാൽതന്നെയും ദിവ്യവെളിപാടു ഉണ്ടാകുന്നതല്ലെന്നു തെളിയുകയില്ല. എന്തുകൊണ്ടെന്നാൽ, 'വഹ്‌യ്'' അഥവാ 'ദിവ്യവെളിപാട' പ്രവാചകന്മാക്കെന്നുമാത്രമല്ല, അല്ലാഹുവിൻെറ പ്രത്യേകാനുഗ്രഹത്തിനു പാത്രമായ മററു ഭക്തദാസക്കും ലബ്ധമായിട്ടുള്ളതാണ്.

ഇസ്രായീല്യരുടെ ഇടയിൽ അല്ലാഹുവിൻെറ സ്നേഹപാത്രങ്ങളായ പ്രവാചകന്മാരില്ലാതിരുന്ന പുരുഷന്മാക്കെന്നല്ല, സ്ത്രീകൾക്കുതന്നെയും ദിവ്യവെളിപാട് ലഭിച്ചിരുന്നതായി വിശുദ്ധഖുർആൻ സാക്ഷിക്കുന്ന സ്ഥിതിക്കു, ഉൽകൃഷ്ടസമുദായമെന്നു അഭിധാനം ചെയ്യപ്പെട്ടിട്ടുള്ള നബിതിരുമേനിയുടെ അനുയായികൾക്കു ഈ അനുഗ്രഹം ലഭ്യമല്ലെന്നു പറയുന്നതിൽപരം ആശ്ചര്യാവഹമായി മറെറന്തുള്ളു? അല്ലാഹു വിശുദ്ധഖുർആനിൽ പറയുന്നതാവിതു:–

اوحيت الى الحواريين ''ഞാൻ ഹവാരികൾക്കു വഹ്‌യ് നൽകി'' (5 : 111). വീണ്ടും:—

اذ قالت الملائكة يا مريم ان الله يبشرك

''ഓ, മർയം! നിശ്ചയമായും അല്ലാഹു നിനക്കു സന്തോഷവാർത്ത നൽകുന്നു, എന്നു മലക്കുകൾ പറഞ്ഞു'' (3:44) വീണ്ടും:— وا وحينا الى أُم موسى ''നാം മൂസായുടെ മാതാവിനു വഹ്‌യ് നൽകി'' (28 : 7) ഈ ഖുർആൻ വാക്യങ്ങളിൽനിന്നും,

لَقَدْ كَانَ فِي مَنْ كَانَ قَبْلَكُمْ مِنْ بَنِي اسْرائِيل
رِجَالٌ يُكَلَّمُونَ مِنْ غَيْرِ أَنْ يَكُونُوا أَنْبِيَاءَ

''നിങ്ങൾക്കുമുമ്പു ഇസ്രായീല്യരിൽ ദൈവഭാഷണം ലഭിച്ചിട്ടുള്ളവരായി നബിമാരല്ലാത്ത ആളുകൾ ഉണ്ടായിരുന്നു'' എന്ന നബിവാക്യത്തിൽനിന്നും പൂർവ്വസമുദായത്തിനിടയിൽ പ്രവാചകന്മാരല്ലാത്തവക്കുകൂടി ദിവ്യവെളിപാടു ലഭിച്ചിരുന്നതായി സ്പഷ്ടമാകുന്നുണ്ട്. ആകയാൽ, ന

ബിതിരുമേനിക്കശേഷം "യാതൊരു പ്രകാരത്തിലുള്ള വഹ്യും ഉണ്ടാകുന്നതല്ലെന്നു" പറയുന്നപക്ഷം തിരുമേനി സ്ഥാപിച്ച സമുദായത്തെ ഉൽകൃഷ്ടസമുദായമെന്നു പറയാൻ യാതൊരു അവകാശവുമില്ല.

തിരുമേനിയുടെ സമുദായത്തിൻെറ ഉൽകൃഷ്ടത-

"മനുഷ്യക്ക ഈ ലോകത്തു പ്രാപിക്കവാൻ കഴിയുന്ന മാനുഷികപരിപൂൎണ്ണതയുടെ അങ്ങേ അററത്തെ തെളിയിച്ചുകാണിക്കുന്ന ആ പരിപൂൎണ്ണമായ ഹിദായത്ത്" എന്നു വിശുദ്ധ ഖുർആനെക്കുറിച്ചു പറഞ്ഞിരിക്കുന്ന നമ്മുടെ ഗ്രന്ഥകൎത്താവു, പൂൎവ്വമതാനുയായികളിൽ പുരുഷന്മാക്കം സ്ത്രീകൾക്കം ലഭിച്ചിരുന്ന ദൈവവചനമാകുന്ന അനുഗ്രഹം തിരുമേനിയുടെ അനുയായികൾക്ക സിദ്ധിക്കാവതല്ലെന്നു പറഞ്ഞുകാണുന്നതു എത്രയും വിസ്മയാവഹമായിരിക്കുന്നു. "പരിപൂൎണ്ണതയുടെ അങ്ങേ അററത്തെ തെളിയിച്ചുകാണിക്കുന്ന" എന്നു പറഞ്ഞതിൻെറ താല്പൎയ്യം 'അതാ, നോക്കു!' എന്നു ആ സ്ഥാനത്തെ ചൂണ്ടിക്കാണിക്കമെന്നല്ല, യഥാൎത്ഥത്തിൽ ആ ഉൽകൃഷ്ടസ്ഥാനത്തിലേയ്ക്കു മനുഷ്യനെ എത്തിക്കമെന്നാണെങ്കിൽ, ഈ പരിപൂൎണ്ണ മാൎഗ്ഗദൎശനം പൂൎണ്ണതയുടെ ഏതു അററത്താണ് മനുഷ്യനെ എത്തിക്കുന്നതു? വാസ്തവത്തിൽ മനുഷ്യനു ലഭ്യമാകാവുന്ന പൂൎണ്ണതയുടെ അങ്ങേഅററം നബിത്വമാകുന്നു. അതാകട്ടെ, ഗ്രന്ഥകൎത്താവിൻെറ അഭിപ്രായപ്രകാരം തിരുമേനിയുടെ അനുയായികളിൽ ഒരുത്തക്കും സിദ്ധിക്കാവതല്ല. പിന്നെ, അതോടു സമീപിച്ചുള്ളതു 'സിദ്ദീഖിയ്യത്' അല്ലെങ്കിൽ 'മുഹദ്ദസിയ്യത്' എന്ന സ്ഥാനമാണ്. ഈ സ്ഥാനം പ്രാപിച്ചവക്ക ദിവ്യനിയോഗം ഉണ്ടാവുകയോ പ്രവാചകന്മാക്ക ലഭ്യമാകുന്നത്ര ദൈവഭാഷണം

ലഭിക്കുകയോ ചെയ്യുന്നതല്ലെങ്കിലും അവരും ദിവ്യവെളി പാട് സിദ്ധിച്ചവർതന്നെ. തിരുമേനിക്കു മുമ്പുള്ള പ്രവാചകന്മാരുടെ അനുയായികളിൽ ആ അനുഗ്രഹം സിദ്ധിച്ചവരായി സ്ത്രീകൾ കൂടിയും ഉണ്ടായിരുന്നതായി വിശുദ്ധ ഖുർആനും ഹദീസും സാക്ഷിക്കുന്നു. എന്നാൽ നമ്മുടെ ഗ്രന്ഥകർത്താവാകട്ടെ ''തിരുമേനിക്കു ശേഷം യാതൊരു പ്രകാരത്തിലുള്ള വഹ്‌യും ഉണ്ടാകുന്നതല്ലെന്നു'' പറഞ്ഞുകൊണ്ടു ഈ സ്ഥാനവും തിരുമേനിയുടെ അനുയായികൾക്കു ലഭ്യമാകുന്നതല്ലെന്നു വരുത്തിയിരിക്കുന്നു. ഇതിൽനിന്നു തിരുമേനിക്കു മുമ്പുള്ള പ്രവാചകന്മാരെ അനുസരിക്കുന്നതുമൂലം ലഭ്യമാകുന്ന സ്ഥാനംപോലും തിരുമേനിയെ അനുഗമിക്കുന്നതുകൊണ്ടു പ്രാപ്യമാകുന്നില്ലെന്നു വരുന്നു. വാസ്തവം ഇപ്രകാരം തന്നെയെങ്കിൽ, തിരുമേനി കൊണ്ടുവന്ന ''പരിപൂർണ്ണമായ ഹിദായത്ത്'' ''മാനുഷികപരിപൂർണ്ണതയുടെ അങ്ങേ അററത്തെ തെളിയിച്ചുകാണിക്കുന്ന'' താണെന്നു പറയുന്നതിനു എന്തെങ്കിലും അർത്ഥമുണ്ടോ? ഇങ്ങനെയാണെങ്കിൽ, മുമ്പുള്ളവർക്കു ലഭിച്ച സ്ഥാനംപോലും പ്രാപിക്കുവാൻ സാദ്ധ്യമല്ലാതാക്കിത്തീർക്കുന്ന ഒരു അപൂർണ്ണമായ മാർഗ്ഗദർശനമാണ് തിരുമേനിമൂഖാന്തരം ലോകത്തിനു സിദ്ധിച്ചതു എന്നല്ലേ പറയേണ്ടതു? അഹോ, പരിതാപകരം! ഒരു ഭാഗത്തു തിരുമേനിയുടെ അനുയായികൾ അത്യുൽകൃഷ്ടമായ ഒരു സമുദായമാണെന്നും തിരുമേനി കൊണ്ടുവന്ന മാർഗ്ഗദർശനം പരിപൂർണ്ണമായതും അഭിവൃദ്ധിയുടെ അങ്ങേ അററത്തെ തെളിയിച്ചുകാണിക്കുന്നതുമാണെന്നും പറയുകയും, മറെറാരു ഭാഗത്തു തിരുമേനിയുടെ അനുയായികൾക്കു മുൻപ്രവാചകന്മാരുടെ അനുയായികൾക്കു ലഭിച്ചിരുന്ന സ്ഥാനം പോലും സിദ്ധിക്കുന്നതല്ലെന്നു സമ്മതിക്കുകയും ചെയ്യുന്നു!! ഇതിൽപരം പരസ്പരവിരുദ്ധവും തിരുമേനിയുടെ അനുയായികൾക്കു അപമാനഹേതു

കവും ആയിട്ട മറെറന്തുള്ള? നബിതിരുമേനിയുടെ പ്രവാചകത്വം സജീവവും ശാശ്വതവും ആണെന്നും അതിൻെറ അനുകരണംകൊണ്ടല്ലാതെ ദൈവസാമീപ്യം പ്രാപിക്കാവതല്ലെന്നും ഉള്ളതിലേക്ക തിരുമേനിയുടെ അനുയായികളിൽ ഓരോ കാലത്തും ദൈവത്തിൻെറ മധുരഭാഷണം മൂലം അനുഗൃഹീതരായിട്ടുള്ള പുണ്യാത്മാക്കളുണ്ടായിരിക്കുക എന്നതാണ് പ്രധാനസാക്ഷ്യം. ഈ സാക്ഷ്യം മുഖാന്തരം തിരുമേനിയുടെ മാൎഗ്ഗദൎശനമാകുന്ന വൃക്ഷത്തിൽ അടിക്കടി ഇപ്രകാരമുള്ള ഫലം കായിച്ചുകൊണ്ടിരിക്കുന്നില്ലെങ്കിൽ, അതു ഫലം കായിക്കുന്ന ജീവൽവൃക്ഷമാണെന്നതിലേക്ക സാക്ഷ്യമില്ലാതായിപ്പോകുന്നതാണ്. ജീവൽവൃക്ഷത്തിൻെറ ദൃഷ്ടാന്തം അല്ലാഹു വിശുദ്ധഖുർആനിൽ ഇപ്രകാരമാണ് വിവരിച്ചിരിക്കുന്നതു:—

الم ترکیف ضرب الله مثلا كلمة طيبة كشجرة طيبة اصلها

ثابت وفرعها فى السماء- تؤتى أكلها كل حين باذن ربها

''എന്തു, അല്ലാഹു എങ്ങനെയാണ് സദ്‌വാക്യത്തെ ഒരു സദ്‌വൃക്ഷത്തോട് ഉപമിച്ചിരിക്കുന്നതു എന്നു നീ അറിഞ്ഞില്ലേ?. അതിൻെറ ചുവട ഉറച്ചുനില്ക്കുന്നതും അതിൻെറ ശാഖകൾ ആകാശത്തിലേക്ക ഉയൎന്നതും ആണ്. അതു അതിൻെറ റബ്ബിൻെറ അനുമതിയോടുകൂടി എല്ലാക്കാലത്തും അതിൻെറ ഫലം നല്കുന്നു'' (14 : 24, 25). ഈ വാക്യത്തിൽ അല്ലാഹു അവൻെറ പരിശുദ്ധമായ മരത്തെ എല്ലായ്പോഴും ഫലം തന്നുകൊണ്ടിരിക്കുന്ന ഒരു വൃക്ഷത്തോടാണ് ഉപമിച്ചിരിക്കുന്നതു. ആ ഫലം അതിനു എല്ലാക്കാലത്തും ഉണ്ടായിക്കൊണ്ടിരുന്നിട്ടില്ലെങ്കിൽ, മറെറാരു

പ്രകാരത്തിൽ പറയുന്നതായാൽ, ദൃഷ്ടാന്തങ്ങളും അനുഭവ സാക്ഷ്യങ്ങളും മുഖാന്തരം ദൈവത്തെ പ്രാപിച്ചവരാണെന്ന കാണിച്ചുകൊടുക്കുന്ന മഹാത്മാക്കളുടെ ജീവിതഫലങ്ങ ൾ ഈ ഇസ്ലാമികവൃക്ഷത്തിൽ കായിച്ചുകൊണ്ടിരുന്നി ട്ടില്ലെങ്കിൽ, അതു അന്ത്യനാൾവരെ ഫലം കായിക്കുന്ന തിനായിട്ട അല്ലാഹുവിൻെറ തിരുകരത്താൽ കുഴിച്ചിട പ്പെട്ട ഒരു ജീവൽവൃക്ഷമാണെന്നു ഒരിക്കലും പറയാവു ന്നതല്ല. വാസ്തവത്തിൽ ഇസ്ലാമിൻെറ യഥാൎത്ഥാനുയായി കൾക്ക അല്ലാഹു അടിക്കടി അനുഗ്രഹങ്ങളും വെളിപാടു കളും നൽകി അതു ഒരു ജീവൽമതമാണെന്നു തെളിയി ച്ചിട്ടുണ്ട. ഇങ്ങനെ വെളിപാട സിദ്ധിച്ച മഹാത്മാക്കളെ ണ്ടായിട്ടില്ലെന്ന പറയുന്നപക്ഷം ഇസ്ലാം നിൎജ്ജീവമതമാ ണെന്നും, മറെറല്ലാ മതങ്ങളും നിൎജ്ജീവങ്ങളായിത്തീർ ന്നപ്പോൾ എക്കാലത്തും സജീവമായിരുന്ന് ഫലം നൽ കിക്കൊണ്ടിരിക്കുന്നതിന്ന അല്ലാഹു അവൻെറ തിരുകര ത്താൽ കുഴിച്ചിട്ട മതദ്രുമമാണെന്നുള്ള ഇസ്ലാമിൻെറ വാദം ഒരു വ്യഥാവാദമാണെന്നും സമ്മതിക്കേണ്ടിവരും. ചുരു ക്കത്തിൽ, നമ്മുടെ ഗ്രന്ഥകൎത്താവു നബിതിരുമേനിക്കു ശേഷം യാതൊരു പ്രകാരത്തിലുള്ള വഹ്‌യും ഉണ്ടാകുന്ന തല്ലെന്ന പറഞ്ഞുകൊണ്ട തിരുമേനിയുടെ പ്രവാചകത്വ വും ഉപദേശവും സജീവമാണെന്നതിലേക്കുള്ള പ്രത്യക്ഷ വും പ്രധാനവും ആയ ലക്ഷ്യത്തെ നിരാകരിക്കുകയും പൂൎവ്വസമുദായങ്ങൾക്കു സിദ്ധിച്ചിരുന്നതിലും താഴ്ന്ന സ്ഥാ നമേ തിരുമേനിയുടെ അനുയായികൾക്കു ലഭ്യമാകയുള്ളു എന്ന വരുത്തുകയും ആണ് ചെയ്തിരിക്കുന്നതു. എന്നാൽ, ഈ സിദ്ധാന്തം കേവലം അബദ്ധമാണെന്ന വിശുദ്ധ ഖുർ ആനും നബിവചനവും പുണ്യാത്മാക്കളുടെ അനുഭവവും സാക്ഷിക്കുന്നു.

### വിശുദ്ധ ഖുർആനും വഹ്‌യും

നബിതിരുമേനിക്കു ശേഷം അനുയായികൾക്കു വഹ്‌യ് ലഭ്യമാകുന്നതാണെന്നു ഖുർആനിലെ പല വാക്യങ്ങളിൽനിന്നും വിശദമാകുന്നുണ്ടു. ഉദാഹരണത്തിനു, അല്ലാഹു ഖുർആനിൽ ഒരിടത്തു ഇപ്രകാരം പറയുന്നു:—

ان الذين قالوا ربنا الله ثم استقاموا تتنزل عليهم الملائكة

الا تخافوا ولا تحزنوا وابشروا بالجنة التى كنتم توعدون

''ഞങ്ങളുടെ രക്ഷിതാവു അല്ലാഹുവാണെന്നു പറയുകയും സ്ഥിരചിത്തതയോടു വർത്തിക്കുകയും ചെയ്യുന്നവരിൽ മലക്കുകൾ ഇറങ്ങി, 'ഭയപ്പെടായ്‌വിൻ, വ്യസനിക്കാതിരിക്കുകയും ചെയ്‌വിൻ; നിങ്ങളോടു വാഗ്ദാനം ചെയ്യപ്പെട്ടിട്ടുള്ള സ്വർഗ്ഗത്തെക്കുറിച്ചു സന്തോഷവാർത്ത സ്വീകരിക്കുവിൻ' എന്നു പറയും'' (41 : 30). ഈ വാക്യംകൊണ്ടു; ദൈവത്തിൽ പൂർണ്ണമായി വിശ്വസിക്കുകയും അവൻെറ സകല ശാസനകളെയും സ്വീകരിച്ചു അവന്നായിക്കൊണ്ടു ജീവിക്കുകയും ചെയ്യുന്ന സത്യവിശ്വാസികൾക്കു മലക്കുകൾ മുഖാന്തരം സുവിശേഷം ലഭിക്കുന്നതാണെന്നു മനസ്സിലാകുന്നു. മറ്റൊരിടത്തു തൻെറ സ്നേഹജനങ്ങൾക്കു ഭയമോ ദുഃഖമോ ഉണ്ടാകുന്നതല്ലെന്നു വിവരിച്ചതിനു ശേഷം അല്ലാഹു ഇപ്രകാരം പറയുന്നു:

لهم البشرى فى الحيواة الدنيا وفى الاخرة لا تبديل لكلمات

الله ذالك هو الفوز العظيم

''അവർക്ക ഈ ലോകത്തിലും പരലോകത്തിലും സു വിശേഷം ലഭിക്കുന്നതാണ്. അല്ലാഹുവിൻെറ വചന ങ്ങാംക്ക മാററമില്ല; ഇതുതന്നെയാണ് മഹത്തായ വിജ യം'' (10:64). ഇതിൽനിന്ന അല്ലാഹുവിൻെറ ഇഷ്ടദാ സർക്ക ദിവ്യഭാഷണം സിദ്ധിക്കുന്നതാണെന്ന മനസ്സി ലാകുന്നു. ഖുർആനിൽനിന്ന ഇപ്രകാരം വഹ്യ് ഉ ണ്ടാകാമെന്ന വിശദമായി തെളിയുന്ന സ്ഥിതിക്ക ന ബിതിരുമേനിക്കശേഷം യാതൊരു പ്രകാരത്തിലുള്ള വ ഹ്യും ഉണ്ടാകുന്നതല്ലെന്നു പറയുന്നതു സ്വീകാര്യമാകുന്ന തെങ്ങിനെ? തിരുമേനിയുടെ അനുയായികാംക്ക് വഹ് യ് ഉണ്ടാകുന്നതാണെന്നു നബിവാക്യത്തിൽനിന്നും മന സ്സിലാകുന്നുണ്ട്. ഇസ്രായീല്യരിൽ അല്ലാഹുവിൻെറ ഭാ ഷണാമൃതം ലഭിച്ചിരുന്നവരായി നബിമാരല്ലാത്തവരും ഉണ്ടായിരുന്നുവെന്നു പ്രസ്താവിച്ചതിനെ തുടർന്നു തിരു മേനി (സ) ഇപ്രകാരം അരുളിച്ചെയ്യിരിക്കുന്നു:—

فان يَكُن فِى اُمَّتِى مِنْهُمْ اَحَدٌ فَعُمَرُ

''അങ്ങിനെ ആരെങ്കിലും എൻെറ സമുദായത്തിൽ ഉ ണ്ടെങ്കിൽ അതു ഉമറാണ്'' (ബുഖാരി). ഇവിടെ ''ആ രെങ്കിലും ഉണ്ടെങ്കിൽ'' എന്നു തിരുമേനി പറഞ്ഞതു, സ്വസമുദായത്തിൽ അങ്ങനെയുള്ളവർ ഉണ്ടോ എന്ന കാ ര്യം സംശയാസ്പദമായതുകൊണ്ടല്ല, ഹസ്രത്ത് ഉമർ തീർ ച്ചയായും ആ ദിവ്യഭാഷണം ലഭിച്ചവരുടെ കൂട്ടത്തിൽ പെട്ട ആളാണെന്നു വരുത്തുവാനായിട്ട തന്നെയാണ്. ഈ പ്രയോഗം, ''എനിക്ക ആരോടെങ്കിലും സ്നേഹമു ണ്ടെങ്കിൽ അതു ഇന്നാരോടാണ്'' എന്നു പറയുന്നതു

പോലെയാണെന്നും, ഇങ്ങനെ പറയുന്ന ആരെങ്കിലും ആരോടും സ്നേഹമില്ലെന്ന, നിർദ്ദേശിക്കപ്പെട്ട ആളോട് തീർച്ചയായും സ്നേഹമുണ്ടെന്നാണ് അതിൻെറ താൽപര്യമെന്നും ഹദീസിൻെറ വ്യാഖ്യാതാക്കൾ സ്പഷ്ടമാക്കീട്ടുണ്ട്. അതിനാൽ, തിരുമേനിയുടെ അനുയായികൾക്ക വഹ്‌യ് ലഭിക്കുന്നതാണെന്നും ഹസ്രത്ത് ഉമർ വഹ്‌യ് ലഭിച്ചവരിൽ ഒരാളായിരുന്നു എന്നും പ്രസ്തുത വചനത്തിൽനിന്നു തെളീയുന്നു.

'വലി'മാരുടെ വഹ്‌യ്

സമുദായത്തിൽ കഴിഞ്ഞുകടന്ന പുണ്യാത്മാക്കളായ 'വലി'മാരുടെ ചരിത്രങ്ങളും അനുഭവങ്ങളും പരിശോധിക്കുന്നതായാലും നമ്മുടെ ഗ്രന്ഥകർത്താവിൻെറ സിദ്ധാന്തം അടിസ്ഥാനരഹിതമെന്നു തെളിയുന്നതാണ്. ഹസ്രത്ത് മുജദ്ദിദ് അൽഫിസാനി തൻെറ 'മക്‌തൂബാതി'ലും, ഹസ്രത്ത് ശാഹ്‌വലിയുല്ലാഹ് തൻെറ 'തഫ്‌ഹീമാതെ ഇലാഹിയ്യ', 'അൽഹുജ്ജത്തുൽ ബാലിഗഃ' എന്നീ ഗ്രന്ഥങ്ങളിലും, ഹസ്രത്ത് മുഈനുദ്ദീൻ ചിശ്‌തീ (റ) തൻെറ 'ദീവാ'നിലും ഹസ്രത്ത് മൌലാനാ റൂമി (റ) തൻെറ 'മസ്നവി'യിലും ഹസ്രത്ത് ഇബ്‌നുൽ അറബി (റ) തൻെറ 'ഫുതൂഹാതി'ലും താന്താങ്ങൾക്ക അല്ലാഹുവിൻെറ മധുരഭാഷണം ലഭിച്ചിട്ടുള്ളതായി സുവ്യക്തം പ്രസ്താവിച്ചിട്ടുണ്ട്. ഹസ്രത്ത് ഇബ്രാഹീം അദ്‌ഹം, ഹസ്രത്ത് ബായസീദ് ബുസ്താമീ, ഹസ്രത്ത് അബുൽ ഹസൻ ഖർകാനീ മുതലായ അസംഖ്യം വലിമാർക്ക ദൈവഭാഷണം ലഭിച്ചിട്ടുള്ളതായി 'തദ്‌കിറത്തുൽ ഔലിയാ' മുതലായ ഗ്രന്ഥങ്ങളിലും പ്രസ്താവിച്ചുകാണാം. വിസ്തരഭയത്താൽ മേൽപടി ഗ്രന്ഥങ്ങളിൽനിന്നു തത്‌സംബന്ധമായ ഉദ്ധാരണങ്ങൾ എടുത്തു കാണിക്കുന്നില്ല. ഇതിനുപുറമെ, ഹസ്‌റത്ത് ശൈഖ്

മുഹ്‌യദ്ദീൻ അബ്ദുൽഖാദിർ ജൈലാനിക്ക ദൈവഭാഷണം സിദ്ധിച്ചിട്ടുണ്ടായിരുന്നുവെന്ന സംഗതി കേരളമുസ്ലിംകളോട് പറഞ്ഞറിയിക്കേണ്ട ആവശ്യമില്ലല്ലൊ. ആ മഹാത്മാവിൻെറ 'മനാഖിബ്' അടങ്ങിയ ''ബഹ്ജത്തുൽ അസ്രാർ'' എന്ന ഗ്രന്ഥവും അദ്ദേഹത്തിൻെറ വചനങ്ങളടങ്ങിയ ''അൽഫത്ഹുർറബ്ബാനീ'' എന്ന ഗ്രന്ഥവും അദ്ദേഹത്തിൻെറ ''ഫുതൂഹുൽ ഗൈബും'' ഇതിലേക്ക സാക്ഷ്യം വഹിക്കുന്നുണ്ട്. നബിതിരുമേനിക്കശേഷം അനുയായികൾക്ക 'വഹ്‌യ്' അഥവാ ദിവ്യ വെളിപാട്' ഉണ്ടാകാമെന്നു വിശുദ്ധഖുർആൻ പ്രസ്താവിക്കുകയും, അനുയായികളിൽ പുണ്യാത്മാക്കളായ വലിമാർ തങ്ങൾക്ക ദൈവത്തിങ്കൽനിന്നു വെളിപാടുണ്ടായിട്ടുള്ളതായി സാക്ഷിക്കുകയും ചെയ്തിരിക്കെ, ''തിരുമേനിക്കശേഷം യാതൊരു പ്രകാരത്തിലുള്ള വഹ്‌യും ഉണ്ടാകുന്നതല്ലെന്നു'' ഗ്രന്ഥകർത്താവു പറയുന്നതു ഒരിക്കലും സ്വീകാര്യമായിരിക്കുന്നതല്ല. അഥവാ, ഈ അഭിപ്രായം സാധുവാണെന്നു വരുന്നപക്ഷം വിശുദ്ധഖുർആൻെറയും ഹദീസിൻെറയും പ്രസ്തുത മഹാനുഭാവന്മാരുടെയും സാക്ഷ്യങ്ങളെ നിരസിക്കേണ്ടതായി വരും. ആകയാൽ, വിശുദ്ധ ഖുർആൻെറയും ഹദീസിൻെറയും സാക്ഷ്യങ്ങളും പുണ്യാത്മാക്കളുടെ അനുഭവങ്ങളും പരമാൎത്ഥമാണെങ്കിൽ, ഗ്രന്ഥകർത്താവിൻെറ അഭിപ്രായം കേവലം അബദ്ധമാണെന്നു തീർത്തുപറയാം.

ദിവ്യവെളിപാടിനെക്കുറിച്ചു മഹാത്മാക്കളുടെ അഭിപ്രായം

മുൻകഴിഞ്ഞ പല മഹാന്മാരും നബിതിരുമേനിക്കശേഷം 'വഹ്‌യ്' ഉണ്ടാകാവുന്നതാണെന്നു തുറന്നു പറഞ്ഞിട്ടുണ്ട്.

وَمَا كَانَ لِبَشَرٍ أَنْ يُكَلِّمَهُ اللهُ إِلَّا وَحْيًا أَوْ مِنْ وَرَاءِ حِجَابٍ
أَوْ يُرْسِلَ رَسُولًا فَيُوحِيَ بِإِذْنِهِ مَا يَشَاءُ إِنَّهُ عَلِيٌّ حَكِيمٌ

''അല്ലാഹു വഹ്‌യ് മൂലമോ, മറയുടെ പിന്നിൽനിന്നോ, അവൻ ഇച്ഛിക്കുന്നതിനെ അവൻെറ അനുമതിയോടുകൂടി അറിയിച്ചുകൊടുക്കുന്ന ഒരു ദൂതനെ അയച്ചിട്ടോ അല്ലാതെ ഒരു മനുഷ്യനോടും സംസാരിക്കുന്നതല്ല'' (42:51), എന്ന ഖുർആൻവാക്യത്തിൽ പ്രസ്താവിക്കപ്പെട്ടിട്ടുള്ള ദിവ്യവെളിപാടിൻെറ മൂന്നു മാർഗ്ഗങ്ങളും വിവരിച്ചു പറഞ്ഞതിനെത്തുടർന്നു ഹസ്രത്ത് മുഹ്‌യിദ്ദീനിബ്‌നു അറബി (റ) പറയുന്നതാവിത്:—

وَهَذَا كُلُّهُ مَوْجُودٌ فِي رِجَالِ اللهِ مِنَ الأَوْلِيَاءِ
وَالَّذِي اخْتَصَّ بِهِ النَّبِيُّ مِنْ هَذَا دُونَ الوَلِيِّ
الوَحْيُ بِالتَّشْرِيعِ

''ഈ മൂന്നു മാർഗ്ഗേണ ലഭിക്കുന്ന ദൈവഭാഷണമെല്ലാം ദിവ്യാത്മാക്കളായ വലിമാർക്കുമുള്ളതാണ്; എന്നാൽ, നബിക്കു പ്രത്യേകമായുള്ളതും വലിക്കു ഇല്ലാത്തതുമായിരിക്കുന്നതു് ന്യായപ്രമാണപരമായ 'വഹ്‌യ്' മാത്രമാണ്'' (അൽഫുതൂഹാതുൽമക്കിയ, അദ്ധ്യായം, 188, ഭാ. 376). ഇതിൽനിന്നു മനസ്സിലാകുന്നതു പ്രസ്തുത മൂന്നു തരത്തിലുള്ള വെളിപാടും പ്രവാചകന്മാർക്കു ലഭിക്കുന്നപ്രകാരംതന്നെ നബിമാരല്ലാത്ത മഹാത്മാക്കൾക്കും സിദ്ധിക്കുന്നതാണെന്നാകുന്നു. എന്നാൽ, ന്യായപ്രമാണ

പരമായ 'വഹ്‌യ്' വലിമാക്ക് കിട്ടുന്നതല്ല. അതാകട്ടെ ന്യായപ്രമാണത്തോടുകൂടിയുള്ള പ്രവാചകന്മാക്കുള്ളതാകുന്നു. ഈ വിഷയകമായി ഹസ്രത്ത് മുജദ്ദിദ് അൽഫിസാനീ തന്റെ 'മക്തൂബാതി'ൽ ഇപ്രകാരം പറയുന്നു:— "അല്ലാഹു മനുഷ്യനോട് ചിലപ്പോൾ നേരിട്ടു സംസാരിക്കും. ഇങ്ങനെ സംസാരിക്കുന്നതു മിക്കവാറും നബിമാരോടാണെന്നിരിക്കിലും അവരോടുള്ള അനന്തരാവകാശം നിമിത്തം ചിലപ്പോൾ അവരുടെ അനുയായികളിൽ ശ്രേഷ്ഠന്മാരോടും ഇപ്രകാരത്തിൽ സംസാരിക്കുന്നതാണ്. ഇത്തരത്തിലുള്ള സംസാരം അധികമായി സിദ്ധിക്കുന്നവക്ക് 'മുഹദ്ദസ്' എന്നു പറയുന്നു. ഉദാഹരണമായി, അമീറുൽ മുഅ്മിനീൻ ഹസ്രത്ത് ഉമർ(റ) ഇത്തരത്തിൽപെട്ട ആളാണ്. ഈ ദിവ്യഭാഷണം ഇൽഹാം എന്നും ഹൃദയത്തിൽ ആവേശിപ്പിക്കുക എന്നും മലക്കുകൾ മുഖാന്തരം സംസാരിക്കുക എന്നുമുള്ള വകുപ്പുകളിൽ ഉൾപ്പെടുന്നതല്ല. ഇതു പരിപൂർണ്ണതയെ പ്രാപിക്കുന്ന ആൾക്കുമാത്രം ലഭിക്കുന്ന ഒന്നാണ്''' (മക്തൂബാത്. വാല്യം. 2. ഭാ. 99). ഹസ്രത്ത് മുജദ്ദിദിന്റെ ഈ സാക്ഷ്യത്തിൽനിന്നു നബിതിരുമേനിക്കുശേഷം ദിവ്യവെളിപാടുണ്ടാകുമെന്നും അതു നബിമാക്ക് ലഭിക്കുന്നതരത്തിലുള്ളതുതന്നെയായിരിക്കുമെന്നും അത്തരം വെളിപാടു തിരുമേനിയുടെ അനുയായികളിൽ ശ്രേഷ്ഠരായ പുണ്യാത്മാക്കൾക്കു ലഭ്യമായിട്ടുണ്ടെന്നും നല്ലപോലെ വിശദമാകുന്നുണ്ട്. കൂടാതെ, അല്ലാമഃ ഖുർത്തുബി പറഞ്ഞതായി ഇബ്നുഹജർ അസ്കലാനീ 'ഫത്ഹുൽബാരി'യിൽ ഇപ്രകാരം ഉദ്ധരിച്ചിരിച്ചിരിക്കുന്നു:—

اَلْمُسْلِمُ الصَّادِقُ الصَّالِحُ هُوَ الَّذِى يُنَاسِب

حاله حالَ الانبياءِ فيُكْرَمُ بنوعٍ مما اُكْرِمَ به

الانبياءُ وهُوَ الاطلاعُ عَلَى الغَيْبِ

''സത്യസന്ധനും സദ്വൃത്തനും ആയ ഒരു മുസ്ലിമിൻെറ അവസ്ഥ പ്രവാചകന്മാരുടെ അവസ്ഥയോട് അനുരൂപമായതായിരിക്കും. നബിമാർക്കു നൽകപ്പെടുന്ന ബഹുമതിയുടെ ഒരംശം അയാൾക്കും നൽകപ്പെടും; അതായതു, ദിവ്യവെളിപാട്.'' വീണ്ടും ഹസ്രത്ത് ശൈഖ് മുഹ്‌യിദ്ദീൻ അബ്ദുൽഖാദിർ ജൈലാനി (റ) വലിമാർക്കും അബ്ദാൽമാർക്കും അല്ലാഹുവിങ്കൽനിന്നു ലഭിക്കുന്നതായി വിവരിച്ച അനുഗ്രഹങ്ങളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തി പറഞ്ഞിരിക്കുന്നതു:

الكَلامُ اللذيذُ والحديثُ الانيسُ والبشارةُ

بالمواهبِ الجسامِ

''മാധുര്യമേറിയ വചനവും സ്നേഹപൂർവ്വകമായ ഭാഷണവും, മഹത്തായ അനുഗ്രഹദാനങ്ങളെക്കുറിച്ചുള്ള സുവിശേഷവും'' ആണെന്നത്രെ. (ഫുതൂഹുൽ ഗൈബ്, 9-ാം മഖാല നോക്കുക). ഈ വിഷയത്തെ ആ മഹാത്മാവു പ്രസ്തുത പുസ്തകത്തിൽ മററു ഘട്ടങ്ങളിലും പ്രതിപാദിച്ചിട്ടുണ്ട്. ഇപ്രകാരംതന്നെ ഹസ്രത്ത് വലിയ്യുല്ലാഹ് ദഹ്‌ലവി 'അൽഹുജ്ജത്തുൽബാലിഗഃ', 'തഫ്ഹീമാതെ ഇലാഹിയ്യ' എന്നീ ഗ്രന്ഥങ്ങളിലും ഹസ്രത്ത് ശഹീദ് ദഹ്‌ലവി തൻെറ 'മൻസബെ ഇമാമത്', 'സിറാതെ മുസ്തഖീം' എ

ന്നീ കൃതികളിലും പ്രസ്താവിച്ചിരിക്കുന്നു. ഇങ്ങനെ ജ്ഞാനപ്രബുദ്ധരായ മററു പലപുണ്യാത്മാക്കളും നബിതിരുമേനിയുടെ അനുയായികൾക്കു 'വഹ്‌യ്' ലഭിക്കുന്നതാണെന്നു പറഞ്ഞുകാണാം.

### വഹ്‌യും ഇൽഹാമും

എന്നാൽ, നബിമാക്കു ലഭിക്കുന്ന വെളിപാടിനുമാത്രമെ 'വഹ്‌യ്' എന്നു പറവാൻ പാടുള്ളുവെന്നും വലിമാർക്കു ലഭിക്കുന്നതിന്നു 'ഇൽഹാം' എന്നാണ് പറയേണ്ടതു എന്നും ആരെങ്കിലും വാദിക്കുന്നുവെങ്കിൽ, അതു വിശുദ്ധഖുർആൻ വകവെച്ചുകൊടുക്കുന്ന ഒരു വാദമല്ലെന്നു വേണം പറവാൻ. ഖുർആനിൽ നബിമാരല്ലാത്തവക്കു ലഭിച്ചിട്ടുള്ള ദിവ്യവെളിപാടിനും 'വഹ്‌യ്' എന്നുതന്നെയാണ് പേർ ചെയ്തിരിക്കുന്നതു. മൂസാനബിയുടെ മാതാവിനും ഈസാനബിയുടെ സഹചരക്കും അല്ലാഹു വഹ്‌യ് നൽകിയെന്നു പറഞ്ഞിട്ടുള്ളതു നബിമാക്കു നല്കിയതായി പ്രസ്താവിച്ച രൂപത്തിൽ തന്നെയാണ്. അല്ലാഹു മനുഷ്യനോടു സംസാരിക്കുന്നതു മൂന്നു തരത്തിലാണെന്നു പറഞ്ഞേടത്തു നബിമാരോടു സംസാരിക്കുന്നതിനും വലിമാരോടു സംസാരിക്കുന്നതിനും തമ്മിൽ വകഭേദം കൽപിക്കാതെ വഹ്‌യും ഇൽഹാമും ഒന്നുതന്നെയാണെന്നു വിശദീകരിക്കുകയാണ് ചെയ്തിട്ടുള്ളതു. ആ വാക്യത്തിൽ പ്രസ്താവിതമായ ദിവ്യവെളിപാടിനുള്ള മൂന്നുമാർഗ്ഗങ്ങളേയും പ്രതിപാദിച്ചതിനുശേഷം ഇമാം റാസി തൻെറ തഫ്‌സീറിൽ ഇപ്രകാരം പറയുന്നു:—

وَاعْلَمْ اَنَّ كُلَّ وَاحِدٍ مِنْ هٰذِهِ الاقسام
الثلاثةِ وحىٌ اَلا اِنَّهُ خَصَّصَ القِسْمَ الاوَّلَ

بِاسْمِ الْوَحْيِ لِاَنَّ مَا يَقَعُ فِي الْقَلْبِ عَلَى سَبِيلِ الْاِلْهَامِ فَهُوَ يَقَعُ دَفْعَةً فَكَانَ تَخْصِيصُ لَفْظِ الْوَحْيِ بِهِ اَوْلَى

''അറിയുക, ഈ മൂന്ന ഇനങ്ങളും 'വഹ്‌യ്'' തന്നെ. എന്നാൽ അല്ലാഹു ഒന്നാമത്തെ ഇനത്തിന്ന പ്രത്യേകിച്ചു വഹ്‌യ് എന്ന പേർ പറഞ്ഞിരിക്കുന്നത് ഹൃദയത്തിൽ ഇൽഹാം വഴി പ്രകാശിതമാകുന്നതു പെട്ടെന്നായിരിക്കകൊണ്ടു 'വഹ്‌യ്'' എന്നപദം അതിന്ന അധികം യോജിക്കുന്നതാകയാലാണ്''' (കബീർ, വാല്യം, ഭാ. 407). ഇമാം റാസിയുടെ ഈ അഭിപ്രായത്തിൽനിന്ന, അല്ലാഹു സംസാരിക്കുന്ന മൂന്ന മാൎഗ്ഗത്തിന്നും 'വഹ്‌യ്'' എന്നുതന്നെ പറയാമെന്നും സാധാരണ 'ഇൽഹാം' എന്ന പറയുന്നത്‌തന്നെയാണ് ഖുർആനിൽ 'വഹ്‌യ്'' എന്നതുകൊണ്ടു വിവക്ഷിക്കപ്പെട്ടിരിക്കുന്നതെന്നും മനസ്സിലാകുന്നു. അതിനാൽ നബിമാരല്ലാത്തവൎക്കു ലഭിക്കുന്ന ദൈവഭാഷണത്തിന്ന 'ഇൽഹാം' എന്നു പറഞ്ഞുവരുന്നതു പണ്ഡിതന്മാരുടെ സാങ്കേതികമായുള്ള പ്രയോഗമനുസരിച്ചാണെന്നും യഥാൎത്ഥത്തിൽ അതു വഹ്‌യ് തന്നെയാണെന്നും വ്യക്തമാകുന്നു. ഇപ്രകാരം തന്നെ ഹസ്‌റത്ത് മൌലാനാ റൂമീ, അല്ലാഹുവിങ്കൽ നിന്നുണ്ടാകുന്ന' വഹ്‌യി'ന്നു തന്നെയാണ് സൂഫിയാക്കൾ ഹൃദയത്തിലുണ്ടാകുന്ന 'വഹ്‌യ്'' അഥവാ 'ബോധനം' എന്നു പറഞ്ഞുവരുന്നതു എന്നു തന്റെ 'മസ്നവി' യിലെ 4-ാം അദ്ധ്യായം 151-ാം ഭാഗത്തിൽ സ്‌പഷ്‌ടമായി പ്രസ്താവിച്ചിട്ടുണ്ട്. ഈ സംഗതിയെത്തന്നെ ഹസ്രത്ത് മുഹമ്മദ് ഇസ്മാഈൽ ശഹീദ് തന്റെ 'മൻസബെ ഇമാമത്'' എന്ന ഗ്രന്ഥത്തിൽ 31-ാംവശത്തു രേഖപ്പെടുത്തി

യിരിക്കുന്നതു ഇപ്രകാരമാണ്:—''നബിമാർക്കു ലഭിക്കു മ്പോൾ 'വഹ്‌യ്' എന്നു പറയുന്ന അതേ ദൈവവചനം തന്നെയാണ് മററുള്ളവർക്കാകുമ്പോൾ 'തഹ്ദീസ്' تحديث എന്നു പറയപ്പെടുന്നത്. നബിമാർക്കു ലഭിക്കുന്ന ദൈവവചനത്തിനും വലിമാർക്കു ലഭിക്കുന്ന വചനത്തിനും ഖുർആനിൽ 'വഹ്‌യ്' എന്നുതന്നെ പറഞ്ഞുകാണാം''. വീണ്ടും ആ മഹാത്മാവ് 'സിറാതെ മുസ്തഖീം' എന്ന പുസ്തകത്തിൽ 39-ാം ഭാഗത്തു ഇങ്ങനെ പറയുന്നു: ''വലിമാർക്കു ജ്ഞാനോദയം ഉണ്ടാകുന്ന മാർഗ്ഗങ്ങളിൽ ഒന്നു 'വഹ്‌യ്'ആണ്, അതിനുതന്നെയാണ് ശാസ്ത്രീയമായ പ്രയോഗത്തിൽ 'ഹൃദയത്തിൽ അവശേഷിപ്പിക്കുക' എന്നു പറയുന്നതു. ചില അനുഭവജ്ഞാനികൾ അതിനു വഹ്‌യെ ബാതിനീ' (ഗോപ്യമായ ദൈവബോധനം) എന്നും പറയുന്നു.'' ഇപ്രകാരംതന്നെ, ഹസ്റത്ത് മുഹദ്ദസ് ദഹ്‌ലവി തൻെറ 'തഫ്ഹീമാതെ ഇലാഹിയ്യ' എന്ന ഗ്രന്ഥത്തിൽ, പണ്ഡിതന്മാരുടെ അഭിപ്രായങ്ങളെ സ്വീകരിക്കുന്നതിനു 'മുഹദ്ദസ്' അഥവാ 'ദൈവഭാഷണം സിദ്ധിക്കുന്നആൾ' നിബ്ബന്ധിതനാകുന്നതല്ലെന്നു പറഞ്ഞതിനുശേഷം അതിനു ഇങ്ങനെ കാരണം കാണിച്ചിരിക്കുന്നു:—

فَقَدْ اغْنٰى الاصْبَاح عَنِ المِصْبَاح وَاِنَّمَا قُدُومُهٗ بالوَحي وَعُلُومُ الرُّسُل

''അദ്ദേഹത്തിനു (മുഹദ്ദസിന്നു) ദിവ്യവെളിപാടു നിമിത്തം വിളക്കിൻെറ (പണ്ഡിതാഭിപ്രായത്തിൻെറ) ആവശ്യം ഇ

ല്ലാതായിത്തീരുന്നു. കാരണം, അദ്ദേഹത്തിൻെറ വരവു വഹ്‌യോടും പ്രവാചകന്മാരുടെ ജ്ഞാനത്തോടുംകൂടെയാണ്'' പ്രസ്തുത സാക്ഷ്യങ്ങളിൽനിന്നെല്ലാം നബിതിരുമേനിയുടെ അനുയായികൾക്ക വഹ്‌യ് ഉണ്ടാകാമെന്നു നല്ലപോലെ വ്യക്തമാകുന്നു.

മലക്ക മുഖാന്തരമുള്ള വഹ്‌യ്

മലക്ക മുഖാന്തരം ലഭിക്കുന്ന അറിവിന്നാണ് 'വഹ്‌യ്'' എന്നു പറയുന്നതെന്നും അതു പ്രവാചകന്മാൎക്കല്ലാതെ വലിമാൎക്ക ലഭ്യമാകുന്നതല്ലെന്നും പറയുകയാണെൽ അതു അബദ്ധമാണ്. വിശുദ്ധഖുർആൻ ദൈവീകബോധനം സിദ്ധിക്കുന്നതിനു നിശ്ചയിച്ചിട്ടുള്ള മൂന്നു മാർഗ്ഗങ്ങളിൽ ഒന്നു മലക്ക മുഖാന്തരമുള്ളതാണല്ലോ. എന്നാൽ, അതു പ്രവാചകന്മാൎക്ക മാത്രം നൽകപ്പെടുന്നതാണെന്നല്ല, അല്ലാഹു പൊതുവെ സംസാരിക്കുന്നതിനു ഉപയോഗപ്പെടുത്തുന്ന മൂന്നു മാർഗ്ഗങ്ങളിൽ ഒന്നായിട്ടാണ് പ്രസ്താവിക്കപ്പെട്ടിരിക്കുന്നത്. തന്നെയുമല്ല, ഹസ്‌റത്ത് മർയമിന്നു വഹ്‌യ് ലഭിച്ചതു മലക്ക മുഖാന്തരമായിരുന്നുവെന്നു വിശുദ്ധഖുർആൻ വ്യക്തമായി പ്രസ്താവിക്കുന്നുമുണ്ട്. ഇതിനുപുറമെ, തങ്ങളുടെ രക്ഷിതാവു അല്ലാഹുവാണെന്നു ദൃഢമായി വിശ്വസിച്ചു സ്ഥിരചിത്തതയോടെ വൎത്തിക്കുന്ന സത്യാത്മാക്കളിൽ മലക്കുകൾ ഇറങ്ങി അവൎക്ക സുവിശേഷം നൽകുമെന്നു ഖുർആൻ 41-ാം സൂറഃ 30-ാം വാക്യത്തിൽ പ്രസ്താവിച്ചുകൊണ്ടു സത്യവിശ്വാസികൾക്ക, മലക്കമുഖാന്തരമുള്ള വഹ്‌യ് ലഭിക്കുന്നതാണെന്നു നമ്മെ ബോധപ്പെടുത്തിയിരിക്കുന്നു*. മുമ്പുണ്ടായിരുന്നവരിൽ 'മുഹദ്ദസ്'' ഉണ്ടായിട്ടുണ്ടെന്നും തൻെറ

* പ്രകൃതാദ്ധ്യായം, ഭാ. 206.

അനുയായികളിൽ ഹസ്രത്ത് ഉമർ (റ) അങ്ങനെയുള്ള ആളാണെന്നും നബിതിരുമേനി (സ) അരുളിചെയ്യുകയും അപ്പോൾ 'മുഹദ്ദസ്' എങ്ങനെയുള്ള ആളാണെന്നു സഹാക്കരം ചോദിച്ചതിന്നു تَتَكَلَّمُ الْمَلَائِكَةُ عَلَى لِسَانِهِ ''മലക്കുകൾ അദ്ദേഹത്തിന്റെ നാവിൽക്കൂടെ സംസാരിക്കുന്നതാണ്'' എന്നു തിരുമേനി ഉത്തരമരുളുകയുംചെയ്തതായി തബ്രാനി പ്രസ്താവിച്ചിരിക്കുന്നു. അല്ലാമ: സുയൂത്തി (റ) തന്റെ 'താരീഖുൽ ഖുലഫാ' യിൽ പ്രസ്തുത റിപ്പോർട്ടിനെ എടുത്തുപറഞ്ഞേടത്തു إِسْنَادُهُ حَسَنٌ ''ഇതിന്റെ നിവേദകന്മാർ വിശ്വാസയോഗ്യന്മാരാണ്'' എന്നു അഭിപ്രായപ്പെട്ടുകാണുന്നു. ഇത്രയുംകൊണ്ട് നബിതിരുമേനിയുടെ അനുയായികൾക്കു മലക്കുമുഖാന്തരം ദൈവഭാഷണം സിദ്ധിക്കാവുന്നതാണെന്നു മനസ്സിലാകുന്നു. ഹസ്റത്ത് ഇബ്നൽഅറബി (റ), നബിമാർക്കും വലിമാർക്കും ഉണ്ടാകുന്ന വഹ്യിന്റെ മാർഗ്ഗത്തിന്നു വ്യത്യാസം കൽപിക്കുന്നതു അബദ്ധമാണെന്നും അങ്ങനെ വ്യത്യാസം കൽപിക്കുന്നതു ആ അനുഭവം ഉണ്ടാവാത്തതു കൊണ്ടാണെന്നും നബിയല്ലാത്തവർക്കും മലക്കുമുഖാന്തരം വഹ്യ് ലഭിക്കുന്നതാണെന്നും നബിക്കും വലിക്കുമുണ്ടാകുന്ന വഹ്യ്കൾക്കു വ്യത്യാസമുണ്ടെന്നല്ലാതെ അതു ലഭിക്കുന്ന മാർഗ്ഗത്തിന്നു വ്യത്യാസമില്ലെന്നും തന്റെ 'ഫുതൂഹാത്' 364-ാം അദ്ധ്യായത്തിൽ പ്രസ്താവിച്ചിട്ടുണ്ട്. ഇപ്രകാരം തന്നെ ഹസ്രത്ത് മുഹമ്മദ് ഇസ്മാഈൽ ശഹീദ് (റ) തന്റെ 'മൻസ്ബെ ഇമാമത്' 31-ാം ഭാഗത്തിലും ഹസ്രത്ത് മുജദ്ദിദു അൽഫിസാനീ (റ) തന്റെ 'മക്തൂബാത്' 2-ാം വാല്യം 99-ാം ഭാഗത്തിലും രേഖപ്പെടുത്തീട്ടുണ്ട്. ഇതു പോലെതന്നെ ശംസുൽഉലമാ അല്ലാമ: ശിബ്ലീ; ഹ

സ്രത്ത് മൌലാനാ റൂമിയുടെ ജീവചരിത്രത്തിൻെറ 81-ാം ഭാഗത്ത് ഇപ്രകാരം പറഞ്ഞിരിക്കുന്നു:-- ''പ്രവാചകന്മാൎക്കുണ്ടാകുന്ന വെളിപാടിനു 'വഹ്‌യ്'' എന്നും വലിമാൎക്കുണ്ടാകുന്നതിനു 'ഇൽഹാം' എന്നും പറഞ്ഞുവരുന്നതു രണ്ടു കൂട്ടരുടെയും സ്ഥാനവ്യത്യാസം ആസ്പദിച്ചു കൽപിച്ചിട്ടുള്ള ഒരു പ്രയോഗം മാത്രമാണ്''. ഇതിൽനിന്നെല്ലാം നബിതിരുമേനിയുടെ അനുയായികൾക്കു 'വഹ്‌യ്'' അഥവാ 'ദൈവഭാഷണം' ലഭ്യമാകുന്നതാണെന്നു സംശയമററു തെളിയുന്നു. ചുരുക്കത്തിൽ, അല്ലാഹു പൊതുവെ സംസാരിക്കുന്നതായി വിശുദ്ധഖുർആൻ പ്രസ്താവിച്ചിട്ടുള്ള മൂന്നു തരത്തിലുള്ള വഹ്‌യും തിരുമേനിയുടെ അനുയായികളിൽ പുണ്യാത്മാക്കൾക്കു ലഭിക്കുന്നതാണെന്നും, നബിമാരല്ലാത്തവൎക്കു ലഭിക്കുന്ന ദൈവഭാഷണത്തിനും ഖുർആൻെറ നിൎദ്ദേശവും മഹാനുഭവന്മാരുടെ സാക്ഷ്യവും അനുസരിച്ചു വഹ്‌യ് എന്നുതന്നെ പറയാമെന്നും നബിമാരല്ലാത്തവൎക്കുണ്ടാകുന്ന ദൈവബോധനത്തിനു 'ഇൽഹാം' എന്നു പറഞ്ഞുവരുന്നതു പണ്ഡിതന്മാരുടെ സാങ്കേതിക പ്രയോഗമനുസരിച്ചു മാത്രമാണെന്നും സ്പഷ്ടമായിരിക്കുന്നു. ആകയാൽ, ''തിരുമേനിക്കുശേഷം യാതൊരു പ്രകാരത്തിലുള്ള വഹ്‌യും ഉണ്ടാകുന്നതല്ലെന്നു'' ഗ്രന്ഥകത്താവു അനുമാനിച്ചതു കേവലം അബദ്ധമാണ്.

### വാഗ്ദത്തം ചെയ്യപ്പെട്ട മസീഹിന്നു വഹ്‌യ് ഉണ്ടാകുന്നതാണ്.

നബിതിരുമേനിയുടെ അനുയായികളിൽ പ്രവാചകന്മാരല്ലാത്ത പുണ്യാത്മാക്കൾക്കു വഹ്‌യുണ്ടാകുന്നതാണെന്നു വ്യക്തമായി തെളിഞ്ഞിരിക്കുന്നതുകൊണ്ടു അനുയായികളിൽ പ്രവാചകത്വപദം ലഭിച്ചവൎക്കു വഹ്‌യുണ്ടാക

മെന്നതിൽ ലേശവും സംശയത്തിന വകയില്ല. ആയത്തു കൊണ്ടാണ് തിരുമേനിയുടെ സമുദായത്തിൽ മസീഹായി വരുന്ന മഹാത്മാവിന്നു വഹ്യുണ്ടാകുന്നതാണെന്നു പ്രത്യേകിച്ചു തിരുമേനി അരുളിച്ചെയ്തതായി മുസ്ലിമിലും തിർമദിയിലും പ്രസ്താവിക്കപ്പെട്ടിട്ടുള്ളത്. ഈ സംഗതിയെക്കുറിച്ചു 'തഫ്സീർ റൂഹുൽ മആനി' 7-ാം വാല്യം 65-ാം ഭാഗത്തിൽ ഇപ്രകാരം പ്രസ്താവിച്ചു കാണുന്നു:- ''അല്ലാമ: ഇബ്നുഹജർ ഹൈതമിയോടു ഈസബ്നു മർയമിന്നു വഹ്യുണ്ടാകുന്നതാണോ, എന്നു ചോദിച്ചപ്പോൾ, അദ്ദേഹം ഇങ്ങനെ പറഞ്ഞു: അല്ലാഹു ഈസായ്ക്ക് വഹ്യ് അറിയിക്കുമെന്നു സഹീഹ മുസ്ലിമിൽ പ്രസ്താവിക്കപ്പെട്ടതനുസരിച്ചു അദ്ദേഹത്തിന വഹ്യ് ഉണ്ടാകുന്നതാണ്....ഈ വഹ്യ് ജിബ്രീൽ മുഖാന്തരമായിരിക്കുന്നതാണ്. എനിക്കുശേഷം വഹ്യില്ല, എന്ന രിവായത്തു ശരിയല്ല. തിരുമേനിക്കുശേഷം ജിബ്രീൽ ഭൂമിയിൽ ഇറങ്ങുന്നതല്ലെന്നുള്ള രിവായത്ത് അടിസ്ഥാനരഹിതമായിട്ടുള്ളതാണ്. വഹ്യുണ്ടാകുന്നതല്ല എന്നതിന്റെ താൽപര്യം പക്ഷെ ന്യായപ്രമാണപരമായ വഹ്യുണ്ടാകുന്നതല്ല എന്നായിരിക്കും''. പ്രസ്തുതസംഗതിയെക്കുറിച്ചുതന്നെ അല്ലാമ: സിദ്ദീഖ്ഹസൻഖാൻ ഹുജജുൽകിറാമാ:' യിൽ 431-ാം ഭാഗത്തിൽ, സഹീഹ മുസ്ലി'മിലും മററു ഹദീസ്ഗ്രന്ഥങ്ങളിലും വിവരിക്കപ്പെട്ടിട്ടുള്ള ഹദീസനുസരിച്ചു ഈസാ (അ) പ്രത്യക്ഷനായാൽ അദ്ദേഹത്തിന വഹ്യുണ്ടാകുമെന്നും, ആ വഹ്യ് ജിബ്രീൽ മുഖാന്തരം ആയിരിക്കുന്നതാണെന്നും, തിരുമേനിയുടെ നിര്യാണത്തിനുശേഷം ജിബ്രീൽ ഭൂമിയിലിറങ്ങുന്നതല്ലെന്നുള്ള പ്രസ്താവന അടിസ്ഥാനരഹിതമാണെന്നും രേഖപ്പെടുത്തീട്ടുണ്ട്. ചുരുക്കത്തിൽ, തിരുമേനിക്കുശേഷം വഹ്യുണ്ടാകുന്നതാണെന്നു വിശുദ്ധഖുർആ

നിൽനിന്നും ഹദീസിൽനിന്നും ജ്ഞാനപ്രബുദ്ധരായ മഹാത്മാക്കളുടെ വചനങ്ങളിൽനിന്നും അവരുടെ അനുഭവസാക്ഷ്യങ്ങളിൽനിന്നും പട്ടാപകൽപോലെ തെളിഞ്ഞു കാണുന്നതുകൊണ്ടു ഇനി യാതൊരു പ്രകാരത്തിലുള്ള വഹ്യും ഉണ്ടാകുന്നതല്ലെന്നുള്ള ഗ്രന്ഥകർത്താവിൻെറ സിദ്ധാന്തം കേവലം അടിസ്ഥാനരഹിതമായതാണ്,

നിലച്ചുപോയിരിക്കുന്നതു ശരീഅത്തിൻെറ
വഹ്യ് മാത്രമാണ്

പുണ്യപ്രവാചകർക്കുശേഷം വഹ്യുണ്ടാകുന്നതല്ലെന്നു ഖാസി ഇയാസ്, ഖുർതുബി, ഇബ്നുഹജർ ഹൈതമീ മുതലായ മഹാന്മാർ പറഞ്ഞിട്ടുള്ളതു ന്യായപ്രമാണപരമായ വഹ്യുണ്ടാകുന്നതല്ലന്ന അർത്ഥത്തിൽ മാത്രമാണ്. ''നബികരീം (സ:അ) പരലോകപ്രാപ്തനായതോടുകൂടി 'വഹ്യ്' അവസാനിച്ചിരിക്കുന്നു എന്നു അല്ലാമ ഖുർതുബി പറയുന്നു''* എന്നു ഗ്രന്ഥകർത്താവു പ്രസ്താവിക്കുന്നു. എന്നാൽ അതേ അല്ലാമഃ ഖുർതുബിതന്നെ വലിമാർക്കു ദിവ്യവെളിപാടുണ്ടാകുന്നതാണെന്നു പ്രസ്താവിച്ചതായി മുമ്പിൽ ഉദ്ധരിച്ചിട്ടുണ്ട്. മേലിൽ വഹ്യ് ഉണ്ടാകുന്നതല്ലെന്നു പറഞ്ഞ അല്ലാമഃ ഹൈതമീതന്നെ ഈസബ്നു മർയമിന്നു വഹ്യുണ്ടാകുന്നതാണെന്നും പറഞ്ഞിട്ടുണ്ട്. തന്നേയുമല്ല,

وَخَبَرُ لَاوَحْىَ بَعْدِى بَاطِلٌ وَمَا اشْتَهَرَ اَنَّ
جِبْرِيلَ لَا يَنْزِلُ اِلَى الْاَرْضِ بَعْدَ مَوْتِ النَّبِى
صلعم فَهُوَ لَا اَصْلَ لَهُ

* ഖതമുന്നബുവ്വത്ത്, ഭാ. 42.

"എനിക്കുശേഷം വഹ്‌യ് ഇല്ല, എന്ന രിവായത് കളവായിട്ടുള്ളതാണ്. തിരുമേനിക്കുശേഷം ജിബ്രീൽ ഭൂമിയിൽ ഇറങ്ങുന്നതല്ലെന്നു പറഞ്ഞുവരുന്നതിനു യാതൊരു അടിസ്ഥാനവും ഇല്ല'' എന്നും,

وَلَعَلَّ مَن نَفَى الْوَحْيَ عَنْهُ عَلَيْهِ السَّلَامُ بَعْدَ نُزُولِهِ أَرَادَ وَحْيَ التَّشْرِيع

"അദ്ദേഹം ഇറങ്ങിയാൽ അദ്ദേഹത്തിനു വഹ്‌യുണ്ടാകുന്നതല്ലെന്നു ചിലർ പറഞ്ഞതു ശരീഅത്തിൻെറ വഹ്‌യിനെക്കുറിച്ചായിരിക്കാം'' എന്നും മുമ്പിൽ ചേർത്തിട്ടുള്ള 'റൂഹുൽമആനി'യുടെ പ്രസ്താവനയിൽനിന്നു ന്യായപ്രമാണപരമായ വഹ്‌യ് മാത്രമാണ് നിലച്ചുപോയിരിക്കുന്നത് എന്ന് മനസ്സിലാകുന്നു.

فَإِنَّ الْوَحْيَ الْمُتَضَمِّنَ لِلتَّشْرِيع قَدْ أُغْلِقَ بَعْدَ مُحَمَّدٍ صَلَّى الله عليه وسلَّمْ

"ശരീഅത്തടങ്ങിയ (ന്യായപ്രമാണപരമായ) വഹ്‌യ് നബിതിരുമേനിക്കുശേഷം ബന്ധിക്കപ്പെട്ടുപോയിരിക്കുന്നു'' എന്നു ഇമാംശഅറാനീ(റ) 'കിബ്‌രീതുൽ അഹ്മർ'* എന്ന ഗ്രന്ഥത്തിൽ പ്രസ്താവിച്ചിരിക്കുന്നതു ഈ വസ്തുതയെ വിശദമാക്കുന്നുണ്ട്.

---

* ഹാശിയ യവാഖീത്, വാല്യം 2, ഭാ. 8.

## ആറാം അദ്ധ്യായം

# പൂർവ്വപ്രവാചകന്മാരുടെ വൃത്താന്തവും പ്രവാചകാഗമനവും

### മുൻപ്രവാചകന്മാരുടെ വൃത്താന്തം
### മേലിൽ പ്രവാചകനുണ്ടാകുന്നതല്ലെന്നതിനു സാക്ഷ്യമല്ല

നബിതിരുമേനിക്കുശേഷം പ്രവാചകനുണ്ടാകുന്നതല്ലെന്നു സ്ഥാപിക്കുവാനായി നമ്മുടെ ഗ്രന്ഥകർത്താവു കാണിച്ചിരിക്കുന്ന മറെറാരു തെളിവു, വിശുദ്ധഖുർആൻ പലേടങ്ങളിലും മുൻപ്രവാചകന്മാരെയും അവർക്കുണ്ടായ വെളിപാടിനെയുംകുറിച്ചു പ്രസ്താവിച്ചതല്ലാതെ ഒരിടത്തുപോലും മേലിൽ പ്രവാചകനുണ്ടാകുന്നതാണെന്നു പറഞ്ഞിട്ടില്ലെന്നുള്ളതാണ്. ഖുർആൻ പൂർവ്വപ്രവാചകന്മാരെക്കുറിച്ചുമാത്രമെ പ്രസ്താവിച്ചിട്ടുള്ളു എന്നു കാണിക്കാനായി من قبل (മുമ്പു) എന്നും من قبلك (നിനക്കുമുമ്പു) എന്നുമുള്ള പദങ്ങളടങ്ങിയ കുറെ വാക്യങ്ങളെ അദ്ദേഹം ഉദ്ധരിക്കുകയും, ഇങ്ങനെ മുൻപ്രവാചകന്മാരെപ്പററി പ്രസ്താവിച്ചിരിക്കുന്നതിൽനിന്നു മേലിൽ ഒരു പ്രവാചകനും വരുന്നതല്ലെന്നു തെളിയുന്നു എന്നു ബലമായി വാദിക്കുകയും ചെയ്തിരിക്കുന്നു.

എന്നാൽ, മുൻപ്രവാചകന്മാരിലെല്ലാം വിശ്വസിക്കുവാൻ ഖുർആൻ നിർദ്ദേശിച്ചിട്ടുള്ളതിൽനിന്നു മേലിൽ പ്രവാചകനുണ്ടാകുന്നതല്ലെന്നു മനസ്സിലാകുന്നു എന്നു യാതൊരു സങ്കോചവും കൂടാതെ അനുമാനിച്ചിട്ടുള്ള നമ്മുടെ

ഗ്രന്ഥകത്താവു, ഖുർആൻ മുൻപ്രവാചകന്മാരുടെ വൃത്താന്തം എടുത്തുപറഞ്ഞിരിക്കുന്നതു കൊണ്ടു മേലിൽ പ്രവാചകനുണ്ടാകാവതല്ലെന്നു മനസ്സിലാകുന്നു എന്നു പ്രസ്താവിച്ചിരിക്കുന്നതു അത്ര ആശ്ചര്യാവഹമല്ല. പൂർവ്വപ്രവാചകന്മാരിൽ വിശ്വസിക്കാനുള്ള നിർദ്ദേശം മേലിൽ പ്രവാചകനുണ്ടാകുന്നതല്ലെന്നതിലേക്കു ഒരു പ്രകാരത്തിലും പ്രമാണമായിരിക്കുന്നില്ലെന്നും, ആ നിർദ്ദേശത്തിനു പ്രവാചകനുണ്ടാകുന്നതല്ലെന്ന വിഷയവുമായി, പ്രമാണത്തിനു പ്രമാണ്യത്തോടുണ്ടായിരിക്കേണ്ട തരത്തിലുള്ള ബന്ധമില്ലെന്നും, അപ്രകാരം വിശ്വസിക്കാൻ കല്പിച്ചിരിക്കുന്നതുകൊണ്ടു ഇനി പ്രവാചകനുണ്ടാകുന്നതല്ലെന്നു സിദ്ധിക്കുന്നുവെന്ന ന്യായം സാധുവായിരിക്കുമെങ്കിൽ, നിരവധി പ്രവാചകന്മാരുടെയും നബിതിരുമേനിയുടെതന്നെയും ദിവ്യദൌത്യം നിഷേധിക്കേണ്ടിവരുമെന്നുമുള്ള സംഗതി മുൻ അദ്ധ്യായത്തിൽ * പ്രതിപാദിക്കപ്പെട്ടുവല്ലൊ. ഗ്രന്ഥകർത്താവിൻെറ ആ ന്യായം അദ്ദേഹത്തിൻെറ വാദത്തിലേക്കു ആധാരമായിരിക്കാത്തപോലെതന്നെ, മുൻപ്രവാചകന്മാരുടെ വൃത്താന്തം വിശുദ്ധഖുർആനിൽ അടങ്ങിയിരിക്കുന്നുവെന്നതും മേലിൽ പ്രവാചകനുണ്ടാകുന്നതല്ലെന്നതിലേക്കു പ്രമാണമായിത്തീരുന്നില്ല. പ്രമാണവും പ്രമാണ്യവും തമ്മിൽ എങ്ങനെ ബന്ധിച്ചിരിക്കേണമെന്നുള്ളതു അദ്ദേഹത്തിനു മനസ്സിലാക്കുവാൻ സാധിച്ചിരുന്നില്ലെങ്കിലിരിക്കട്ടെ; മുൻപ്രവാചകന്മാരുടെ വൃത്താന്തം ഖുർആൻ എടുത്തു പറഞ്ഞിരിക്കുന്നതു എന്തിനായിട്ടാണെന്നെങ്കിലും കുറഞ്ഞൊന്നു ചിന്തിച്ചിരുന്നുവെങ്കിൽ, പ്രസ്തുത സംഗതിയെ അദ്ദേഹം തൻെറ സിദ്ധാന്തസ്ഥാപനത്തിനു ഒരു പ്രമാണമായി എടുത്തു കാണിക്കുന്നതിനു

---

* അഞ്ചാം അദ്ധ്യായം, ഖാ. 131—134, 136—139.

ഒരുമ്പെട്ടമായിരുന്നില്ലെന്നതന്നെ വിചാരിക്കാം. മുൻ പ്രവാചകന്മാരെ സംബന്ധിച്ചുള്ള പ്രസ്താവന ഭാവിയിൽ പ്രവാചകനുണ്ടാകുന്നതല്ലെന്നതിലേക്ക ഒരു പ്രകാരത്തിലും പ്രമാണമായിത്തീരാത്തതുകൊണ്ടും, ആ പ്രസ്താവനകൾ പ്രവാചകനുണ്ടാകുന്നതല്ലെന്ന വിഷയവുമായി യാതൊരു ബന്ധവുമില്ലാത്തതുകൊണ്ടും 'മിൻ ഖബ്ലു' എന്നും 'മിൻ ഖബ്ലിക' എന്നുമുള്ള പദങ്ങളടങ്ങിയ സകല വാക്യങ്ങളെയും ഖുർആനിൽനിന്നു ഉദ്ധരിക്കുന്നതായാലും അവ ഗ്രന്ഥകർത്താവിനു സാധകമായ പ്രമാണങ്ങളായിത്തീരുന്നതല്ല. തക്കപ്പെട്ട വിഷയവുമായി ബന്ധമില്ലാത്തതും പ്രമാണമായിത്തീരാത്തതുമായ വാക്യങ്ങൾ എടുത്തു കാണിക്കുന്നതുകൊണ്ട വിഷയം സ്ഥാപിതമാകുമെന്നുണ്ടെങ്കിൽ, ഇത്തരത്തിലുള്ള ഏതു വാക്യമാണ് പ്രമാണമായി ഉദ്ധരിച്ചുകൂടാത്തതു? മുൻപ്രവാചകന്മാരെപ്പററി പ്രസ്താവിക്കപ്പെട്ടിരിക്കുന്നതുകൊണ്ട ഇനി പ്രവാചകനുണ്ടാകുന്നതല്ലെന്നു അനുമാനിച്ചിരിക്കുന്നതു കാണുമ്പോൾ, ഖുർആനിൽ അവരുടെ വൃത്താന്തം എടുത്തുപറഞ്ഞിട്ടുള്ളതിന്റെ ഉദ്ദേശ്യമെന്തെന്നു ഗ്രന്ഥകർത്താവു തീരെ ഗ്രഹിച്ചിട്ടില്ലെന്നു വിചാരിക്കേണ്ടിയിരിക്കുന്നു.

### പ്രവാചകാഗമനവും ദൈവികനിയമചട്ടവും

പൂർവ്വപ്രവാചകന്മാരുടെ വൃത്താന്തം വിശുദ്ധഖുർആൻ എടുത്തുപറഞ്ഞിരിക്കുന്നതിൽനിന്നു നബിതിരുമേനിക്കശേഷം പ്രവാചകനുണ്ടാകുന്നതല്ലെന്നു മനസ്സിലാകുന്നുവെങ്കിൽ, അതു ഒരിടത്തുപോലും മേലിൽ പ്രവാചകനുണ്ടാകുന്നതല്ലെന്നു പറയാതിരുന്നതിൽനിന്നു തിരുമേനിക്കശേഷം പ്രവാചകനുണ്ടാകുന്നതാണെന്നു അതിലേറെ സ്പഷ്ടമായി മനസ്സിലാകുന്നു. മനുഷ്യോത്ഭവത്തോടുകൂടി ലോ

കത്തിൽ പ്രവൎത്തിച്ചുകൊണ്ടിരിക്കുന്ന ഒരു ദിവ്യചട്ടമാണ് പ്രവാചകനിയമനം എന്നുള്ളതു. ആ നിയമം മേലിലും പ്രവൎത്തിച്ചുകൊണ്ടിരിക്കുമെന്നു പ്രത്യേകം പ്രസ്താവിച്ചിട്ടില്ലെങ്കിൽതന്നെയും അതിൻെറ പ്രവൎത്തനം നിലച്ചുപോയെന്നു വരുന്നതല്ല. എന്നാൽ, ഈ ദൈവികനിയമസമ്പ്രദായത്തിനു ഒരു ക്ലിപ്തകാലത്തിനുശേഷം കാലഹരണം ഭവിക്കുന്നുവെങ്കിൽ, ആ സംഗതി പ്രത്യേകം പ്രസ്താവിച്ചിരിക്കേണ്ടതാവശ്യമാണ്. കാലംതോറും വൎഷമുണ്ടാവുകയും തദ്വാരാ സസ്യാദികൾ ഉത്ഭവിക്കുകയും ചെയ്തുകൊണ്ടിരിക്കുകയെന്നതു പ്രകൃതിയിലെ ഒരു ചട്ടമാകുന്നു. ഈ ചട്ടം ലോകാവസാനംവരെ നടന്നുകൊണ്ടിരിക്കുമെന്നു തെളിയിക്കാൻ പ്രത്യേകമായ യാതൊരു പ്രമാണത്തിൻെറയും ആവശ്യമില്ല; മറിച്ചു, ഒരു നിശ്ചിതകാലത്തിനുശേഷം ഈ ചട്ടത്തിനു ഒരു മാററമുണ്ടാവുകയും മഴയില്ലാതായിപ്പോവുകയും ചെയ്യുന്നതാണെന്നു വല്ലവരും പറയുന്നുവെങ്കിൽ, അവർ അതിലേക്കു സാക്ഷ്യം കാണിക്കേണ്ടിയിരിക്കുന്നു. ഇപ്രകാരംതന്നെ, മനുഷ്യൻ പ്രകൃതിദത്തമായുള്ള ജീവിതകാലം മുഴമിക്കുമ്പോൾ മരിക്കുന്നുവെന്നുള്ളതു സൎവ്വസാമാന്യമായ ഒരു നിയമമാണ്. എന്നാൽ, പ്രകൃതിയിലെ ഈ വ്യവസ്ഥക്കെതിരായി ആരെങ്കിലും ജീവിച്ചിരിക്കുന്നതായി പറയപ്പെടുന്നപക്ഷം അതിലേക്കു തെളിവു കാണിക്കേണ്ടതായി വരും. പ്രകൃതിനിയമമനുസരിച്ചു മനുഷ്യരെല്ലാം മരിക്കുന്നുവെന്നതിലേക്കു വിശേഷിച്ചു യാതൊരു തെളിവിൻെറയും ആവശ്യമില്ലായ്കയാൽ മുൻകഴിഞ്ഞവരുടെ മരണത്തിലേക്കു സാക്ഷ്യം കാണിക്കേണ്ടതായിട്ടില്ല. ഇതെപ്രകാരംതന്നെ, നബിതിരുമേനിക്കു ശേഷവും പ്രവാചകനുണ്ടാകുന്നതാണെന്നു പ്രത്യേകിച്ചു പ്രസ്താവിച്ചിട്ടില്ലെങ്കിൽതന്നെ പ്രവാചകനിയോഗം ലോകാരംഭംമുതൽ നടന്നുവന്ന ഒരു ദൈവിക

നിയമസമ്പ്രദായമായിരിക്കകൊണ്ടു അതു മേലിലും നടന്നു കൊണ്ടേയിരിക്കുമെന്നു വിചാരിക്കുവാനെ അവകാശമുള്ളു. അതിനാൽ വിശുദ്ധഖുർആൻ മുൻകഴിഞ്ഞ ചില പ്രവാചകന്മാരെക്കുറിച്ച് പല ആവൃത്തി എടുത്തു പറഞ്ഞിരിക്കുന്നതിനു വിശേഷാൽ കാരണമൊന്നും ഇല്ലെന്നും അതു ഒരു കഥാകഥനം മാത്രമാണെന്നും പറയുന്നതായാൽതന്നെ, അതിൽനിന്നു തിരുമേനിക്കുശേഷം പ്രവാചകനുണ്ടാകുന്നതല്ലെന്നു തെളിയുന്നതല്ല. പ്രവാചകൻ വരാതിരിക്കുകയെന്നതു, മനുഷ്യോത്ഭവകാലം തുടങ്ങി നബിതിരുമേനിയുടെ കാലംവരെ നടന്നുവന്ന ദൈവികനിയമത്തിനു വിരുദ്ധമായിട്ടുള്ളതാകകൊണ്ടു, തിരുമേനിയുടെ ആവിർഭാവത്തോടുകൂടി ആ നിയമസമ്പ്രദായത്തിനു ഒരു വ്യതിയാനം ഉണ്ടായിട്ടുണ്ടെങ്കിൽ, ഖുർആൻ അതിനെക്കുറിച്ച് സ്പഷ്ടമായ തരത്തിൽ പ്രസ്താവിച്ചിരിക്കേണ്ടതാവശ്യമാണ്. എന്നാൽ, ഖുർആൻ ഒരിടത്തും അപ്രകാരം പ്രസ്താവിച്ചിട്ടില്ലാത്തതുകൊണ്ടു തിരുമേനിയുടെ കാലംവരെ പ്രവൎത്തനത്തിലിരുന്നിരുന്ന ആ ചട്ടം മേലിലും പ്രവർത്തിച്ചുകൊണ്ടിരിക്കുമെന്നുതന്നെയാണ് മനസ്സിലാകുന്നതു. ചുരുക്കത്തിൽ, തിരുമേനിക്കുശേഷം പ്രവാചകനുണ്ടാകുന്നതാണെന്നു ഖുർആൻ സൂചിപ്പിക്കുകപോലും ചെയ്യിട്ടില്ലെന്നു സങ്കല്പിക്കുന്നതായാൽത്തന്നെ, അതിൽനിന്നു മേലിൽ പ്രവാചകൻ വരുകയില്ലെന്നു തെളിയുകയില്ലതന്നെ. കാരണം, തിരുമേനിയുടെ കാലംവരെ പ്രവർത്തനത്തിൽ ഇരുന്നിരുന്ന ആ നിയമം അതോടുകൂടി നിലച്ചുപോയിരിക്കുന്നുവെന്നു പ്രത്യേകം പ്രസ്താവിക്കാതിരിക്കുന്നേടത്തോളംകാലം അതു ബലത്തിലിരിക്കുന്നതായിട്ടാണ് തെളിയുന്നതു.

മുൻപ്രവാചകവൃത്താന്തം തിരുനബിയുടെ
ദൌത്യസാക്ഷ്യം.

പൂർവ്വപ്രവാചകന്മാരുടെ വൃത്താന്തം വിശുദ്ധഖുർആൻ എടുത്തു പറഞ്ഞിരിക്കുന്നതു് മേലിൽ പ്രവാചകനുണ്ടാകുന്നതല്ലെന്നു സ്ഥാപിക്കുന്നതിനായിട്ടല്ലെന്നും, ആ വൃത്താന്തത്തിന്നു ഇനി പ്രവാചകൻ വരുന്നതല്ലെന്ന വിഷയവുമായി യാതൊരു ബന്ധവുമില്ലെന്നുമുള്ള സംഗതി അത്ഥമറിയുന്ന ഏതൊരാൾക്കും ഖുർആൻ ഒരാവൃത്തി വായിച്ചു നോക്കുന്ന പക്ഷം മനസ്സിലാക്കുവാൻ സാധിക്കുന്നതാണ്. എന്നിരിക്കെ, പണ്ഡിതനായ നമ്മുടെ ഗ്രന്ഥകത്താവു, ഖുർആനിൽ മുൻപ്രവാചകന്മാരുടെ വൃത്താന്തം എടുത്തുപറഞ്ഞിരിക്കുന്നതിൽനിന്നു മേലിൽ പ്രവാചകനുണ്ടാകുന്നതല്ലെന്നു തെളിയുന്നുവെന്നു പറയുന്നതു വ്യസനാവഹം തന്നെ. പ്രവാചകാവതാരം നിലച്ചുപോയിരിക്കുന്നുവെന്നതിലേക്കു ഇത്തരം സംബന്ധമില്ലാത്ത സംഗതികളെ പ്രമാണങ്ങളായി കാണിച്ചിരുന്ന പീർബക്ശ് ലാഹോരിയെപ്പോലുള്ള മതവിവരമില്ലാത്ത വല്ലവരുമാണ് പ്രസ്തുത ന്യായം പ്രമാണമായി എടുത്തു കാണിച്ചിരുന്നതെങ്കിൽ അത്ര വ്യസനപ്പെടേണ്ടതില്ലായിരുന്നു. എന്നാൽ, വിശുദ്ധഖുർആൻ പൂർവ്വപ്രവാചകന്മാരുടെ വൃത്താന്തം എടുത്തുപറഞ്ഞിരിക്കുന്നതു, നബിതിരുമേനിയുടെ സത്യവാദത്തിലേക്കുള്ള പ്രമാണമായിട്ടാണ്. മുൻപ്രവാചകന്മാരുടെ വൃത്താന്തമല്ലാതെ ഭാവിയിലുണ്ടാകുന്ന പ്രവാചകൻമാരുടെ വിവരം തിരുമേനിയുടെ സത്യതയിലേക്കു ആധാരമായി കാണിക്കാവുന്നതല്ല; കാണിക്കുന്നതായാൽ അതു പ്രമാണമായിത്തീരുന്നതുമല്ല. പിൻവരുന്ന പ്രവാചകൻമാരുടെ അവസ്ഥ തിരുമേനിയുടെ ജനത്തിനു അറിയാൻ പാടില്ലാത്തതാണ്. ഭാവി

യിലെ വൃത്താന്തം തിരുമേനിയുടെ സത്യസാക്ഷ്യമായി എടുത്തു പറയുന്നതായാൽ അതു തിരുമേനിയുടെ മുഖത്തു നിന്നായിരിക്കും എതിരാളികരം കേരംക്കുമാറാകുന്നതു. തിരുമേനിയുടെ വാക്കുമാത്രം എതിരാളികരംക്കു പ്രമാണമായിരിക്കുന്നതല്ല. എന്നാൽ, മുൻപ്രവാചകൻമാരുടെ അനുയായികളുടെയും വൃത്താന്തങ്ങളും, അവരുടെ ശത്രുക്കളുടെ പര്യവസാനങ്ങളുമെല്ലാം ചരിത്രവസ്തുതകളായിരിക്കകൊണ്ടും ഖുർആൻ എടുത്തുപറഞ്ഞിട്ടുള്ള പ്രവാചകവൃത്താന്തങ്ങരം മിക്കവാറും അവർ അറിഞ്ഞിട്ടുള്ളവയായിരിക്കകൊണ്ടും അവ തിരുമേനിയുടെ സത്യതയിലേക്കുള്ള സാക്ഷ്യങ്ങരം തന്നെയാണ്. ആയതുകൊണ്ടാണ് മുൻപ്രവാചകന്മാരുടെ വൃത്താന്തങ്ങരം ഖുർആൻ എടുത്തു വിവരിച്ചിരിക്കുന്നതു. നബിതിരുമേനിയുടെ സത്യത ഒന്നാമതായി സ്ഥാപിക്കേണ്ടിയിരുന്നത് അറബികളിലായതുകൊണ്ട അവരുടെ ഇടയിൽ ആഗതരായിരുന്നവരോ അവർ അറിഞ്ഞിട്ടുണ്ടായിരുന്നവരോ ആയ പ്രവാചകൻമാരെപ്പററി സവിസ്തരം പ്രസ്താവിക്കുകയും ഹിന്തുസ്താൻ, ചൈന മുതലായ രാജ്യങ്ങളിൽ പ്രത്യക്ഷരായിരുന്നവരെക്കുറിച്ച യാതൊന്നും പ്രസ്താവിക്കാതിരിക്കുകയും ചെയ്തിട്ടുള്ളതിൽനിന്നും ഈ വാസ്തവം മനസ്സിലാക്കാവുന്നതാണ്.

### മുൻ പ്രവാചകവൃത്താന്തം ഭാവിപ്രവാചകാവിർഭാവ നിഷേധകമല്ല.

മുമ്പുണ്ടായിരുന്ന പ്രവാചകന്മാരുടെ വൃത്താന്തങ്ങരം ഖുർആൻ എടുത്തുപറഞ്ഞിരിക്കുന്നതു നബിതിരുമേനി (സ) അവരെപ്പോലെതന്നെ ഒരു സത്യപ്രവാചകനാകുന്നുവെന്നു സ്ഥാപിക്കുന്നതിനായിട്ടാണെന്നു, ഗ്രന്ഥകത്താവു

ഉദ്ധരിച്ചിട്ടുള്ള ഖുർആൻ വാക്യങ്ങളും അവയ്ക്കു മുമ്പിലും പിമ്പിലും പ്രസ്താവിക്കപ്പെട്ട സംഗതികളും ഉദാസീനമായി ഒന്നു വായിച്ചിരുന്നുവെങ്കിൽതന്നെ ആദ്ദേഹത്തിനു മനസ്സിലാക്കാമായിരുന്നു. ഇങ്ങനെയിരിക്കെ, വക്താവിൻെറ ഉദ്ദേശ്യത്തിനും ആ വാക്യങ്ങളുടെ പൂർവ്വാപരബന്ധങ്ങൾക്കും വിരുദ്ധമായ ഒരു താല്പര്യം വിവക്ഷിച്ചുകൊണ്ടു അവയിൽനിന്നു തിരുമേനിക്കുശേഷം പ്രവാചകനുണ്ടാകുന്നതല്ലെന്നു അനുമാനിക്കുന്നതിനു ഒരു പണ്ഡിതൻ ധൈര്യപ്പെട്ടതിലാണ് ആശ്ചര്യപ്പെടേണ്ടതായിരിക്കുന്നതു. ആ വാക്യങ്ങളിൽ തിരുമേനിക്കു മുമ്പും പ്രവാചകന്മാർ പരിഹസിക്കപ്പെടുകയും കള്ളവാദികളെന്നു നിരാകരിക്കപ്പെടുകയും ചെയ്തിട്ടുണ്ടായിരുന്നുവെന്നും അവരെല്ലാം പുരുഷന്മാരായിരുന്നുവെന്നും പ്രസ്താവിച്ചുകൊണ്ടു, തിരുമേനിയെ പരിഹസിക്കുകയും വ്യാജവാദിയെന്നു പറയുകയും ചെയ്തവർക്കു മറുപടി കൊടുക്കുകയും, അവരപ്രകാരം ചെയ്തതുമൂലം തിരുമേനി അസത്യവാദിയായിത്തീർന്നിട്ടില്ലെന്നു കാണിക്കുകയും, തിരുമേനിക്കു ആശ്വാസം നൽകുകയും ആണ് ചെയ്തിട്ടുള്ളതു്. ഇങ്ങനെ, തിരുമേനിയുടെ കാലത്തെ സത്യദ്വേഷികളുടെയും മുൻപ്രവാചകന്മാരുടെ ശത്രുക്കളുടെയും സ്ഥിതിഗതികളെ താരതമ്യപ്പെടുത്തി തിരുമേനിയുടെ സത്യതയെ പുലർത്തുവാൻ ഉദ്ദേശിച്ചിട്ടുള്ള ആ വാക്യങ്ങളെ തിരുമേനിക്കുശേഷം പ്രവാചകനുണ്ടാകുന്നതല്ലെന്ന ന്യായത്തിനു പ്രമാണങ്ങളായി കാണിക്കാവുന്നതെങ്ങനെ എന്നു വായനക്കാർതന്നെ ചിന്തിച്ചുനോക്കട്ടെ. പിൻവരുന്ന പ്രവാചകന്മാരുടെ കാലത്തും ഇങ്ങനെയുള്ള സംഭവങ്ങളുണ്ടാകുന്നതാണെന്നു പറയുന്നതായാൽ, അതു തിരുമേനിയുടെ കാലത്തെ ജനങ്ങൾക്കു പ്രമാണമായിരിക്കുകയോ തിരുമേനിയുടെ വാദത്തിനു സത്യസാക്ഷ്യമായിരിക്കുകയോ ചെയ്യുന്നതല്ല. മുമ്പുണ്ടായിട്ടുള്ള

ഒരു സംഗതിയെ അല്ലാതെ ഭാവിയിൽ സംഭവിക്കാനുള്ള തിനെ ഒരു കാൎയ്യത്തിനു സാക്ഷ്യമായി കാണിക്കാവത ല്ലെന്നു ചിന്തിക്കുന്നവൎക്കു മനസ്സിലാക്കുവാൻ പ്രയാസമി ല്ല. തിരുമേനിയെ ശത്രുജനം കപടവാദിയെന്നുവെച്ചു പരിഹസിക്കുന്നതുകൊണ്ടു തിരുമേനി കള്ളവാദിയായി ത്തീരുന്നതല്ല; കാരണം, മുൻപ്രവാചകന്മാരെയും അതാതു കാലത്തെ ജനങ്ങരം ഇപ്രകാരം അധിക്ഷേപിക്കുകയും പരിഹസിക്കുകയും ചെയ്കയുണ്ടായിട്ടുണ്ടു, എന്നു പറയു ന്നതു തിരുമേനിയുടെ സത്യതക്കും മുൻപ്രവാചകന്മാരുമാ യുള്ള സാമ്യത്തിനും ഒരു സാക്ഷ്യമായിരിക്കും. എന്നാൽ, തിരുമേനിയെ ലോകം പരിഹസിക്കുകയും തള്ളിപ്പറയു കയും ചെയ്യുന്നതുകൊണ്ടു തിരുമേനി അസത്യവാദിയാ യിത്തീരുന്നതല്ലെന്നതിലേക്കു, ഭാവിയിലുണ്ടാകുന്ന പ്രവാ ചകന്മാരെയും പിൻവരുന്ന ജനങ്ങളും ഇപ്രകാരംതന്നെ ചെയ്യുന്നതാണെന്ന സംഗതിയെ ആധാരമായി കാണിക്കു ന്നപക്ഷം അതു തിരുമേനിക്കു ആശ്വാസജനകമായിരിക്കു കയോ മററുള്ളവൎക്കു സ്വീകാൎയ്യമായിവരുകയോ ചെയ്യു ന്നതല്ല. ഭാവിയിലുണ്ടാകുന്ന പ്രവാചകന്മാൎക്കും ഇപ്രകാരം സംഭവിക്കുന്നതാണെന്നു പറയുന്നതു വഞ്ചിക്കുന്നതിനുള്ള ഒരു തന്ത്രമാണെന്നു എതിരാളികരംക്കു തള്ളാവുന്നതുകൊ ണ്ടു അതവൎക്കു പ്രമാണമായിരിക്കുന്നതല്ല. ഉദാഹരണമാ യി, ഒരു ഡാക്റ്റർ ഒരു രോഗത്തിനു നിർദ്ദേശിക്കുന്ന ഒരു ഔഷധത്തെക്കുറിച്ചു വിശ്വാസം വരുത്തുന്നതിനു അതു മുമ്പും പലർ ഉപയോഗിച്ചു ഫലം കണ്ടിട്ടുള്ളതാണെന്നു പറയുകയും അതിലേക്കു ദൃഷ്ടാന്തം കാണിക്കുകയും ചെ യ്യുന്നതായാൽ അതു ന്യായമായിരിക്കുന്നതാണു്. എന്നാൽ, ആ ഔഷധം ഫലപ്രദമാണെന്നു കാണിക്കുവാൻ അതു ഭാവിയിലും പലരുമുപയോഗിക്കുന്നതും ഫലം സിദ്ധിക്കു ന്നതുമാണെന്നു പറയുന്നതായാൽ അതു ഒരു സാക്ഷ്യമായി

രിക്കുന്നതല്ലെന്നു മാത്രമല്ല, തന്നെത്താൻ പരിഹാസപാത്ര മാക്കിത്തീക്കുന്നതുകൂടിയാണ്. അതിനാൽ ബുദ്ധിമാനാ യ ഒരു ഡാക്ടർ ഒരിക്കലും അപ്രകാരം പറയുന്നതല്ല. ഇ തുപോലെതന്നെ ഇന്ന രോഗത്തിനു ഇന്ന പ്രതിവിധി ചെയ്യുന്നതായാൽ സൌഖ്യം കിട്ടുമെന്നും അല്ലാത്തപക്ഷം അപകടം ഭവിക്കുമെന്നും ഒരു വൈദ്യൻ പറയുകയും അ തിലേക്കു കഴിഞ്ഞ ചില സംഭവങ്ങളെ സാക്ഷ്യമായി കാണിക്കുകയും ചെയ്യുന്നുവെങ്കിൽ, അതു സാധുവായിരി ക്കുന്നതാണ്. എന്നാൽ, ഭാവിയിലും ആ രോഗത്തിനു താൻ നിർദ്ദേശിച്ച പ്രതിവിധി ചെയ്യാത്തപക്ഷം അ പകടം പിണയുമെന്നു അദ്ദേഹം പറയുന്നുവെങ്കിൽ അതു അദ്ദേഹത്തിന്നു ഒരു പ്രകാരത്തിലും സാക്ഷ്യമായിരിക്കുന്ന തല്ല. ബുദ്ധിമാനായ ഒരു വൈദ്യൻ ഇങ്ങനെ ഭാവി യിലുണ്ടാകുന്നതിനെ ലക്ഷ്യമായി എടുത്തുപറയുന്നതുമല്ല. ഇതേപ്രകാരംതന്നെ ഒരു ഗവർമെണ്ടു അതിൻെറ ഏ തെങ്കിലും നയത്തെ സാധൂകരിക്കുന്നതിനുവേണ്ടി ഇത ര ഗവർമെണ്ടുകൾ ചെയ്യുന്നതും പൂർവ്വഗവർമെണ്ടുകൾ ചെയ്തുവന്നതുമായ കാര്യങ്ങളെ ദൃഷ്ടാന്തപ്പെടുത്തുകയല്ലാതെ മേലിൽ വരുന്ന ഗവമ്മെണ്ടുകളും അങ്ങനെതന്നെ ചെയ്യു മെന്നു പറയുന്നതല്ല; പറഞ്ഞാൽ അതു സാക്ഷ്യമായിത്തീ രുന്നതുമല്ല. ഉദാഹരണത്തിനു, ഇന്ത്യാഗവമ്മെണ്ടു ഉപ്പു നികുതിയെ സാധൂകരിക്കുവാനായിക്കൊണ്ടു ഇന്ത്യയിൽ മുമ്പുണ്ടായിരുന്ന ഭരണകൂടങ്ങളും ഇതരദേശങ്ങളിലെ ഗവ മ്മെണ്ടുകളും പ്രസ്തുത നികുതി ഏപ്പെടുത്തിയിട്ടുള്ളതായി എടുത്തു കാണിച്ചതു അതിലേക്കു സാക്ഷ്യം തന്നെയാണ്. എന്നാൽ, ഭാവിഭരണകൂടങ്ങളും ഈ നികുതി ഏപ്പെടുത്തു ന്നതാണെന്നു ഗവമ്മെണ്ടു പറഞ്ഞുവെങ്കിൽ അതു സാധു വായിത്തീരുന്നതല്ല. തന്നേയുമല്ല, അപ്രകാരം സംഭവി ക്കാനുള്ള കാര്യത്തെ സാക്ഷ്യമായി കാണിക്കുന്നതു സ്വയം പരിഹാസപാത്രമാക്കിത്തീക്കുകകൂടിയാണ്.

മുൻപ്രവാചകന്മാരുടെ വൃത്താന്തം ഖുർആൻ എടു ത്തു പറഞ്ഞിരിക്കുന്നതു നബിതിരുമേനിയുടെ വാദത്തി നുള്ള സത്യസാക്ഷ്യമായിട്ടാണെന്നും ഭാവിയിലുണ്ടാകുന്ന പ്രവാചകന്മാരുടെ വൃത്താന്തം അത്തരത്തിൽ പ്രസ്താവി ക്കാവുന്നതല്ലെന്നും ആ വിശുദ്ധഗ്രന്ഥത്തിൽ ചിന്തനം ചെയ്യുന്നവൎക്കു മനസ്സിലാക്കുവാൻ പ്രയാസമില്ല. അല്ലാ ഹു തിരുമേനിയോടു കൽപിച്ചിരിക്കുന്നതാവിതു:- قل ما كنت بدعا من الرسل "പറയുക: ഞാൻ ഒരു പുതിയതരം പ്രവാചകനല്ല" (46:9). ഇങ്ങനെ പ്രഖ്യാ പിക്കുവാൻ തിരുമേനി ആജ്ഞാപിതനായിരിക്കുന്നതു മുൻകടന്ന പ്രവാചകന്മാരുടെ സത്യവാദത്തെ തിരിച്ചറിയു വാൻ ഉപയുക്തങ്ങളായ പ്രമാണങ്ങളാൽതന്നെ തിരുമേ നിയുടെ സത്യത്തെയും തിരിച്ചറിയുവാൻ സാദ്ധ്യമാണെ ന്നു ബോധപ്പെടുത്തുന്നതിനുവേണ്ടിയാകുന്നു. ഇതിലേ ക്കു മുൻകഴിഞ്ഞ പ്രവാചകന്മാരുടെ ചരിത്രവൃത്താന്തമ ല്ലാതെ ഭാവിയിലുണ്ടാകുന്ന പ്രവാചകാന്മാരുടെ വൃത്താ ന്തം ആധാരമായിത്തീരുന്നതല്ല. അല്ലാഹു ഖുർആനിൽ ഇപ്രകാരം പറയുന്നു:

ما امنت قبلهم من قرية اهلكناها افهم يؤمنون - وما ارسلنا قبلك الا رجالا نوحى اليهم فسئلوا اهل الذكر ان كنتم لا تعلمون

"നാം നശിപ്പിച്ചിട്ടുള്ള ഒരു രാജ്യവും ഇവൎക്കു മുമ്പു വി ശ്വസിച്ചിട്ടില്ല; ഇനി ഇവരാണോ വിശ്വസിക്കുവാൻ പോകുന്നത്? നാം വഹ്‌യ് നൽകീട്ടുള്ള പുരുഷന്മാ

രെയല്ലാതെ നിനക്കുമുമ്പു നിയോഗിച്ചയച്ചിട്ടില്ല; നിങ്ങാക്കറിഞ്ഞുകൂടായെങ്കിൽ ഗ്രന്ഥാനസാരികളോട്ട ചോദിച്ചുകൊാംവിൻ'' (21:6, 7). ഇവിടെ നബിതിരുമേനിക്കുമുമ്പു വന്ന പ്രവാചകന്മാരിൽ വിശ്വസിക്കാതിരുന്ന എത്രയോ ജനതകാം നശിച്ചുപോയിരുന്നുവെന്നും മുൻപ്രവാചകന്മാരെല്ലാം പുരുഷന്മാരായിരുന്നുവെന്നും പറഞ്ഞതിനെ തുടൎന്നു, ''നിങ്ങാക്കറിഞ്ഞുകൂടായെങ്കിൽ ഗ്രന്ഥാനസാരികളോട്ട ചോദിച്ചുകൊാംവിൻ'' എന്ന നിർദ്ദേശിക്കപ്പെട്ടിട്ടുള്ളതിൽനിന്നു, അവരുടെ വൃത്താന്തം ഖുർആനിൽ എടുത്തുപറഞ്ഞിരിക്കുന്നതു തിരുമേനിയുടെ സത്യവാദത്തിനു സാക്ഷ്യമായിട്ടുതന്നെയാണെന്നു മനസ്സിലാകുന്നു. എന്നാൽ, ഭാവിയിലുണ്ടാകുന്ന പ്രവാചകൻമാരുടെ വിവരം തിരുമേനിയുടെ സത്യതയിലേക്കു സാക്ഷ്യമായി കാണിക്കുകയോ, അതിനെക്കുറിച്ചു അറിവുള്ളവരോട്ട ചോദിക്കുവാൻ ആവശ്യപ്പെടുകയോ ചെയ്യാവുന്നതല്ല. മുൻപ്രവാചകന്മാരുടെ വൃത്താന്തം തിരുമേനിയുടെ സത്യതയിലേക്കു സാക്ഷ്യമായിരിക്കകൊണ്ടുതന്നെയാണ് മക്കായിലെ ജനങ്ങാക്കു അതിനെക്കുറിച്ചു അറിയാൻ പാടില്ലെങ്കിൽ ഗ്രന്ഥാനസരികളോട്ട ചോദിച്ചറിയുവാൻ ആവശ്യപ്പെട്ടിരിക്കുന്നതു. ഖുർആൻ മറെറാരു ഘട്ടത്തിൽ, തിരുമേനിയെ ലോകർ കപടവാദിയെന്നു തള്ളിപ്പറയുന്നതുകൊണ്ടു തിരുമേനി വ്യസനപ്പെടേണ്ടതില്ലെന്നും മുൻ പ്രവാചകന്മാരെയെല്ലാം അതാതു കാലത്തെ ജനങ്ങാം ഇപ്രകാരം തള്ളിക്കളഞ്ഞിട്ടുണ്ടെന്നും ഒടുക്കം ആ പ്രവാചകന്മാർതന്നെയാണ് വിജയികളായതെന്നും പ്രസ്താവിച്ചതിനു ശേഷം ولقد جاءك من نبإ المرسلين ''നിൻെറ അടുക്കൽ പ്രവാചകന്മാരെ സംബന്ധിച്ച വൃത്താന്തം വന്നിരിക്കുന്നു'' (6:34) എന്നു പറഞ്ഞുകൊണ്ടു, അവരുടെ വൃ

ത്താന്തം തിരുമേനിയുടെ സത്യതക്കുള്ള ആധാരമായിട്ട ല്ലാതെ ഒരു കഥാകഥനമായിട്ടല്ലാ പ്രസ്താവിക്കപ്പെട്ടിട്ടുള്ള തെന്നു മനസ്സിലാക്കിത്തന്നിരിക്കുന്നു. മുൻ പ്രവാചകൻമാ രുടെ വൃത്താന്തം എടുത്തുപറഞ്ഞിരിക്കുന്നതു ഈ ആവശ്യാ ർത്ഥമാണെന്നും അതിനു മേലിൽ പ്രവാചകൻ വരാതിരി ക്കുക എന്ന വിഷയവുമായി യാതൊരു ബന്ധവുമില്ലെന്നും ഈ വിഷയത്തിലേക്കു പ്രസ്തുത സംഗതി പ്രമാണമായിരി ക്കുന്നതല്ലെന്നും ചിന്താശീലൻമാർക്കു മനസ്സിലാക്കുവാൻ പ്രയാസമില്ല. വിശുദ്ധഖുർആൻ മററൊരിടത്തു മുൻപ്ര വാചകൻമാരുടെയും നിഷേധിച്ച ജനങ്ങളുടെ വർത്തമാന ങ്ങൾ എടുത്തു പറഞ്ഞതിനു ശേഷം,

لقد كان فى قصصهم عبرة لاولى الالباب

"അവരുടെ വൃത്താന്തങ്ങളിൽ ബുദ്ധിയുള്ളവർക്ക് പാഠമുണ്ട്" (12 : 111) എന്നു പ്രസ്താവിച്ചുകൊണ്ടു, ആ വൃത്താന്തങ്ങൾകൊണ്ടുള്ള ഉദ്ദിഷ്ടമെന്താണെന്നും, ഈ ഉദ്ദേശ്യം പിൻവരുന്ന പ്രവാചകന്മാരുടെ വിവരം പ്ര സ്താവിക്കുന്നതുമൂലം സാദ്ധ്യമാകുന്നതല്ലെന്നും മനസ്സിലാ ക്കിത്തന്നിരിക്കുന്നു. ചുരുക്കത്തിൽ, മുൻപ്രവാചകന്മാരു ടെ വൃത്താന്തം എടുത്തുപറഞ്ഞതിന്റെ ഉദ്ദേശ്യം ഖുർആ ൻതന്നെ സ്പഷ്ടമായി പറഞ്ഞുതന്നിട്ടുണ്ട്. തന്നെ യുമല്ല, ആ വൃത്താന്തമടങ്ങിയ ഓരോ വാക്യത്തിൽനി ന്നും അതുകൊണ്ടുള്ള ഉദ്ദേശ്യം മനസ്സിലാകുന്നുമുണ്ട്. മുൻപ്രവാചകൻമാരുടെ വൃത്താന്തമടങ്ങിയതായി ഗ്രന്ഥ കർത്താവു ഉദ്ധരിച്ചിട്ടുള്ള ഓരോ വാക്യവും പരിശോധി ക്കുന്നതായാലും ഈ വാസ്തവം ഗ്രഹിക്കാവുന്നതാണ്.

പൂർവ്വപ്രവാചകന്മാരുടെ വൃത്താന്തമടങ്ങിയ ഖുർആൻവാക്യങ്ങളിൽ ഒന്നിൻെറയും ഉദ്ദേശ്യം നബിതിരുമേനിക്കുശേഷം പ്രവാചകനുണ്ടാകുന്നതല്ലെന്നു വരുത്തുകയെന്നതല്ലെന്നും മറിച്ച്, അവയുടെയെല്ലാം ഉദ്ദേശ്യം തിരുമേനിയുടെ സ്ഥിതിയെ മററു പ്രവാചകൻമാരുടേതുമായി താരതമ്യപ്പെടുത്തി തിരുമേനിയുടെ സത്യതയെ തെളിയിച്ചു കാണിക്കുക മാത്രമാണെന്നും ആ വാക്യങ്ങളും അവയ്ക്കു മുമ്പും പിമ്പും വിവരിക്കപ്പെട്ട സംഗതികളും വായിച്ചുനോക്കിയാൽ അറിയാറാകുന്നതാണ്. യാതൊരു അടയാളവും കാണിച്ചിട്ടില്ലെന്നുവെച്ചു ലോകർ തിരുമേനിയെ നിരസിക്കുകയും പരിഹസിക്കുകയും ചെയ്തപ്പോൾ, മുമ്പും അടയാളങ്ങളോടു കൂടെ വന്നിട്ടുള്ള നിരവധി പ്രവാചകൻമാരെ അവരുടെ ജനങ്ങൾ വ്യാജവാദികളെന്നു തള്ളുകയും പരിഹസിക്കുകയും ചെയ്തിട്ടുണ്ടെന്നു പറഞ്ഞ് ഖുർആൻ തിരുമേനിയെ സമാശ്വസിപ്പിക്കുകയും ഇങ്ങനെയുള്ള ആക്ഷേപങ്ങൾകൊണ്ടൊന്നും തിരുമേനി അസത്യവാദിയായിത്തീരുന്നതല്ലെന്നു ജനങ്ങളെ ഉൽബോധിപ്പിക്കുകയും ചെയ്തിരിക്കുന്നു. ''എന്നാൽ ഇപ്രകാരംതന്നെ തങ്ങൾക്കുശേഷം വരുന്ന പ്രവാചകനും അസത്യമാക്കപ്പെടുന്നതും പരിഹസിക്കപ്പെടുന്നതുമാണ്''* എന്നു, നമ്മുടെ ഗ്രന്ഥകർത്താവു നിർദ്ദേശിച്ചപ്രകാരം, വിശുദ്ധഖുർആൻ പ്രസ്താവിക്കുന്നുവെങ്കിൽ, അതു തിരുമേനിയുടെ സത്യവാദത്തിലേക്കു സാക്ഷ്യമായിരിക്കുകയോ ശത്രുക്കളുടെ പ്രവൃത്തി ആക്ഷേപാർഹമാണെന്നതിലേക്കു തെളിവായിരിക്കുകയോ ചെയ്യുന്നതല്ല. തന്നേയുമല്ല, ഖുർആൻ അപ്രകാരം പ്രസ്താവിക്കുന്നതായാ

---

* ഖതമുന്നബുവ്വത്ത്. ഭാ. 53

ൽ! അതു ഹാസ്യജനകം കൂടിയായിരിക്കും. അതിനാൽ പിൻവരുന്ന പ്രവാചകൻമാരുടെ വൃത്താന്തം എടുത്തുപറയാതിരുന്നതു സന്ദർഭോചിതമല്ലായ്കയാലാണെന്നുവന്നു. ഇങ്ങനെയിരിക്കെ, ഭാവിയിലെ പ്രവാചകൻമാരുടെ വൃത്താന്തം ഖുർആൻ പ്രസ്താവിക്കാതിരുന്നതു പ്രവാചകത്വം അവസാനിച്ചുപോയിരിക്കുന്നു എന്നതിലേക്കു നല്ലൊരു തെളിവാണെന്നു* നമ്മുടെ ഗ്രന്ഥകർത്താവു പറയുന്നതു ആശ്ചര്യാവഹമായിരിക്കുന്നു! ഇക്കാലത്തു ദൈവനിയുക്തനായ മഹാത്മാവ്, തന്നെ ലോകർ കപടവാദിയെന്നു നിരസിക്കുകയും പരിഹസിക്കുകയും ചെയ്യുന്ന അവസരത്തിൽ, ''ദൈവദൂതൻമാർ ജനങ്ങളെ സത്യമാർഗ്ഗത്തിലേക്കു ക്ഷണിക്കുമ്പോൾ ജനങ്ങൾ അവരെ അസത്യവാൻമാരെന്നു കരുതുകയും പരിഹസിക്കുകയും ചെയ്യുക പതിവായിരുന്നുവെന്നും എല്ലാ പ്രവാചകൻമാർക്കും ജനങ്ങളിൽനിന്നു ഇങ്ങിനെയുള്ള ഉപദ്രവങ്ങൾ സംഭവിച്ചിരുന്നുവെന്നും'' * പറയുന്നതു അദ്ദേഹത്തിൻെറ സത്യസന്ധതയിലേക്കും വിരോധികളുടെ സത്യഭ്രംശത്തിലേക്കും സാക്ഷ്യമായിരിക്കുന്നതാണ്. എന്നാൽ, ഭാവിയിലുണ്ടാകുന്ന പ്രവാചകൻമാരോടും ജനങ്ങൾ ഇപ്രകാരംതന്നെ പ്രവർത്തിക്കുന്നതാണ് എന്നു അദ്ദേഹം പറയുന്നുവെങ്കിൽ, അതു അദ്ദേഹത്തിൻെറ വാദത്തിനു സാക്ഷ്യമായിരിക്കുന്നതല്ലെന്നു മാത്രമല്ല, തന്നെത്താൻ പരിഹാസപാത്രമാക്കിത്തീർക്കുന്നതിനു ഹേതുകമായതുകൂടിയാണ്.

ഇപ്രകാരംതന്നെ, നബിതിരുമേനി (സ) ഒരു മനുഷ്യനായിരിക്കെ പ്രവാചകനായിരിക്കുന്നതെങ്ങനെ എന്നു

---

* ഖതമുന്നുബുവ്വത്തു. ഭാ. 52.

ശത്രുക്കരം ആക്ഷേപം പുറപ്പെടുവിച്ചപ്പോരം, മുമ്പു വന്നിരുന്ന പ്രവാചകൻമാർ മനുഷ്യരല്ലാതെ മലക്കകളോ മറേറാ ആയിരുന്നില്ലെന്നും അതിനാൽ തിരുമേനിയുടെ മനുഷ്യത്വം പ്രവാചകനായിരിക്കുന്നതിന്നു പ്രതിബന്ധകമല്ലെന്നും ബോധപ്പെടുത്തുന്നതിനായിട്ടു മുൻപ്രവാചകൻമാരെല്ലാം മനുഷ്യരാണെന്നു വിശുദ്ധഖുർആൻ സമാധാനം പറഞ്ഞുകാണാം. ഉവിടെ ഗ്രന്ഥകത്താവു നിർദ്ദേശിക്കുന്നപ്രകാരം, തിരുമേനിക്കശേഷമുണ്ടാകുന്ന പ്രവാചകൻമാരും മനുഷ്യരായിരിക്കമെന്നു പ്രസ്താവിക്കുകയാണെങ്കിൽ, മനുഷ്യനായിരിക്കെ തിരുമേനി പ്രവാചകനായിരിക്കുന്നതെങ്ങനെ, എന്ന ശത്രുക്കളുടെ ആക്ഷേപത്തിനു അതു ഒരുപ്രകാരത്തിലും അത്ഥവത്തായ സമാധാനമായിരിക്കുന്നതല്ല. എന്നാൽ ഖുർആനിലെ പ്രസ്തുത സമാധാനത്തെക്കുറിച്ച "ഇതു പ്രവാചകൻമാർ മലക്കായിരിക്കണം എന്നുള്ള ജനങ്ങളുടെ വാദത്തെ ഖണ്ഡിച്ചുകൊണ്ട് സർവ്വപ്രവാചകൻമാരിലും മനുഷ്യത്വത്തെ സ്ഥാപിക്കയാണ് ചെയ്യുന്നത്"† എന്നു ഗ്രന്ഥകർത്താവുതന്നെ പ്രസ്താവിച്ചുകാണുന്നു. പ്രവാചകൻമാർ മലക്കുകളായിരിക്കേണമെന്ന അഭിപ്രായത്തെ ഖണ്ഡിക്കുന്നതിനായിട്ടാണ് മേൽപ്രകാരം പറഞ്ഞിരിക്കുന്നതെന്നു മനസ്സിലാക്കിയ നമ്മുടെ ഗ്രന്ഥകത്താവിനു, ആ ഖണ്ഡനത്തിനുള്ള സാക്ഷ്യമായി കാണിക്കുന്നതു പൂർവ്വദൃഷ്ടാന്തമല്ലാതെ ഭാവിയിലുണ്ടാകുന്നവരുടെ ദൃഷ്ടാന്തം ആയിരിക്കാവതല്ലെന്നും പിൻവരുന്നവരുടെ ഉദാഹരണം കാണിക്കുന്നതുകൊണ്ടു പ്രയോജനമില്ലെന്നും ഗ്രഹിക്കുവാൻ സാധിക്കാതെപോയതു കഷ്ടംതന്നെ! ഭാവിയിലെ പ്രവാചകൻമാരുടെ ദൃഷ്ടാന്തം കാണിക്കുന്നതായാ

† ഖതമുന്നുബുവ്വത്ത്. 53, 54.

ൽ, അവരുടെ ആഗമനംതന്നെ സംഭാവ്യമാണോ എന്ന തു കണ്ടറിയേണ്ടിയിരിക്കുന്നതല്ലെന്നു മാത്രമല്ല, ആ വാക്ക അവൾക്ക പരിഹസിക്കുവാനുള്ള വകയുണ്ടാക്കിക്കൊടുക്കുകകൂടിയായിരിക്കുന്നതാണ്.

ഇതുപോലെതന്നെ 'ഭക്ഷണംകഴിക്കുകയും തെരുവുകളിൽ നടക്കുകയും ചെയ്യുന്ന ഈ പ്രവാചകൻ എന്തൊരു മാതിരി പ്രവാചകനാണ്?' എന്നു ശത്രുക്കരം നബിതിരുമേനിയെക്കുറിച്ചു ആക്ഷേപിച്ചതിനു സമാധാനമായി

وما ارسلنا قبلك من المرسلين الا انهم لياكلون الطعام ويمشون فى الاسواق

''നാം നിനക്കുമുമ്പു നിയോഗിച്ചയച്ചിട്ടുള്ള പ്രവാചകന്മാരെല്ലാം ഭക്ഷണം കഴിക്കുന്നവരും തെരുവുകളിൽ നടക്കുന്നവരും ആയിരുന്നു'' (25 : 20) എന്നു അല്ലാഹു ഖുർആനിൽ പ്രസ്താവിച്ചുകൊണ്ടു, തിരുമേനിയെ ആശ്വസിപ്പിക്കുകയും ആക്ഷേപകന്മാക്ക തെളിവു കൊടുക്കുകയും ചെയ്തിട്ടുണ്ടു. ഇവിടെ 'മേലിൽ വരുന്ന പ്രവാചകന്മാരും ഭക്ഷണം കഴിക്കുകയും തെരുവുകളിൽ നടക്കുകയും ചെയ്യും' എന്നു പറയുന്നപക്ഷം അതു ആക്ഷേപത്തിനു അത്ഥവത്തായ ഒരു മറുപടി ആയിരിക്കുന്നതല്ലെന്നു മാത്രമല്ല, തിരുമേനിയുടെ വാക്കുമാത്രമായിരിക്കുകകൊണ്ടു അതു പ്രതിപക്ഷികരംക്ക ആധാരമായിരിക്കുന്നതുമല്ല. മേലിൽ വരുന്ന പ്രവാചകന്മാരുടെ സ്ഥിതിയെക്കുറിച്ചുള്ള ചോദ്യത്തിനല്ല, തിരുമേനിയെ സംബന്ധിച്ചുള്ള ആക്ഷേപത്തിനാണ് പ്രസ്തുത സമാധാനം പറഞ്ഞിരിക്കുന്നതു. അതിനാൽ, ഭാവിയിൽ വരുന്ന പ്രവാചകന്മാർ ഭക്ഷണം ക

ഴിക്കുന്നവരാണെന്നിരിക്കിലും പ്രസ്തുത ഘട്ടത്തിൽ ആ സംഗതി എടുത്തുപറയുന്നതു മേല്പടി ആക്ഷേപത്തിനു യുക്തിപൂർവ്വമോ സന്ദർഭോചിതമോ ആയുള്ള ഒരു സമാധാനമായിരിക്കുന്നതല്ല.

ഇതേപ്രകാരംതന്നെ ലോകർ തിരുമേനിയുടെ ഉപദേശം സ്വീകരിക്കാതെ സ്വേച്ഛപോലെ നടക്കുകയും തിരുമേനിക്കെതിരായി പ്രവർത്തിക്കുകയും ചെയ്തപ്പോൾ, മുൻ പ്രവാചകന്മാർക്കെതിരായി അവരുടെ കാലത്തുള്ള ജനങ്ങളും പ്രവർത്തിച്ചിട്ടുണ്ടെന്നു കാണിക്കാനായി

تا الله لقد ارسلنا الى امم من قبلك فزين لهم الشيطان اعمالهم

''നിനക്കു മുമ്പു നാം പല സമുദായങ്ങളിലും പ്രവാചകൻമാരെ നിയോഗിച്ചു; എന്നാൽ പിശാചു അവർക്കു അവരുടെ ക്രിയകൾ മനോഹരങ്ങളായി കാണിച്ചുകൊടുത്തു'' (16 : 63) എന്നു ഖുർആനിൽ സമാധാനം പറഞ്ഞു കാണുന്നു. ഇവിടെയും പിൻവരുന്ന പ്രവാചകന്മാരെക്കുറിച്ചു പ്രസ്താവിക്കേണ്ട ആവശ്യമില്ല, അഥവാ പ്രസ്താവിക്കുന്നപക്ഷം അതു സന്ദർഭോചിതമോ ന്യായയുക്തമോ ആയിരിക്കുന്നതുമല്ല. ഇതു പോലെ തിരുമേനിയുടെ ഏകദൈവതത്വപരമായ പ്രബോധനം കേട്ട ശത്രുജനം പരിഹസിക്കുകയും ക്രുദ്ധിക്കുകയും ചെയ്തപ്പോൾ, മുമ്പു വന്നിട്ടുള്ള പ്രവാചകന്മാരേവരും ഏകത്വസിദ്ധാന്തത്തെ പ്രബോധനം ചെയ്തവർതന്നെയായിരുന്നുവെന്നു പറഞ്ഞു് തിരുമേനിയുടെ പ്രബോധനത്തെ സാധൂകരിക്കുകയും പരമാർത്ഥമായ തത്വം ഏകത്വസിദ്ധാന്തമാണെന്നു വെളിപ്പെടുത്തുകയും ചെയ്തിരിക്കുന്നു. ഇവിടെ പിൻവരുന്ന പ്രവാചകന്മാരും ഏകദൈവതത്വപ്രബോധകന്മാ

രായിരിക്കമെന്നു പറയേണ്ട ആവശ്യമില്ലാത്തതുകൊണ്ടു അപ്രകാരം പ്രസ്താവിച്ചിട്ടില്ല; പ്രസ്താവിക്കാതിരുന്നതിൽനിന്നു മേലിൽ പ്രവാചകനുണ്ടാകുന്നതല്ലെന്നു ഒരു പ്രകാരത്തിലും തെളിയുന്നുമില്ല. ഈ സംഗതി പ്രസ്തുതഘട്ടത്തിൽ എടുത്തുപറയുന്നപക്ഷം അതു ശത്രുക്കളുടെ ആക്ഷേപത്തിനു യുക്തിപൂർവ്വകവും സന്ദർഭോചിതവുമായ സമാധാനമായിരിക്കയില്ലെന്നു മാത്രമല്ല, ചാതുര്യമേറിയ ദൈവവചനത്തിനു അതു അനുയോജ്യവുമല്ല.

ഇപ്രകാരംതന്നെ, നബിതിരുമേനിയെക്കുറിച്ചു ശത്രുക്കൾ പലവിധ ആക്ഷേപങ്ങളും പുറപ്പെടുവിച്ചപ്പോൾ, തിരുമേനിയെയും അനുചരസംഘത്തേയും ആശ്വസിപ്പിക്കുന്നതിനായിക്കൊണ്ടു, സത്യദ്വേഷികൾ മുമ്പും പ്രവാചകൻമാരെ ആക്ഷേപിക്കുകയും കുററപ്പെടുത്തുകയും ചെയ്കയുണ്ടായിട്ടുണ്ടെന്നു കാണിക്കാൻ ما يقال لك الا ما قد قيل للرسل من قبلك ''നിനക്കുമുമ്പുള്ള പ്രവാചകൻമാരോടു പറയപ്പെട്ടിട്ടുള്ളതല്ലാതെ നിന്നോടും പറയപ്പെടുന്നില്ല'' (41 : 45) എന്നു അല്ലാഹു ഖുർആനിൽ പറഞ്ഞിരിക്കുന്നു. ഇങ്ങനെ, തിരുമേനി ശത്രുക്കളാൽ ആക്ഷേപിക്കപ്പെട്ടപ്പോൾ, മുൻപ്രവാചകന്മാരും ആക്ഷേപങ്ങൾക്കും ആരോപണങ്ങൾക്കും ലക്ഷ്യമാക്കിച്ചെയ്യപ്പെട്ടിരുന്നതായി പ്രസ്താവിച്ചതു സന്ദർഭോചിതവും ശത്രുക്കളുടെ നയത്തെ ആക്ഷേപാർഹമാണെന്നു കാണിക്കുന്നതിനു പര്യാപ്തവുംതന്നെ. എന്നാൽ, തിരുമേനിക്കുശേഷം വരുന്ന പ്രവാചകൻമാരുടെ നേർക്കും ഇപ്രകാരമുള്ള ആക്ഷേപങ്ങളുണ്ടാകുന്നതാണെന്നു പറഞ്ഞാൽ അതു അർത്ഥവത്തായ സമാധാനമായിരിക്കുന്നതല്ല; എന്നുതന്നേയുമല്ല അതു ശത്രുക്കൾക്കു പരിഹാസത്തിനു വകയുണ്ടാക്കിക്കൊടു

കന്നേതുകൂടി ആയിരിക്കുന്നതാണ്. ചുരുക്കത്തിൽ, മുൻ പ്രവാചകന്മാരുടെ പല സംഗതികളും അല്ലാഹു ഖുർആനിൽ എടുത്തുപറഞ്ഞിരിക്കുന്നതു നബിതിരുമേനിയുടെ സത്യതയെ തെളിയിച്ചു കാണിക്കുന്നതിനും, ശത്രുക്കളുടെ എതിർപ്പും ആക്ഷേപവുംകൊണ്ടു തിരുമേനി സത്യപ്രവാചകനല്ലെന്നു വരുമെങ്കിൽ പൂർവ്വപ്രവാചകന്മാരും അ പ്രകാരംതന്നേ സത്യവാദികളല്ലെന്നുവരുന്നതാണെന്നു ബോധപ്പെടുത്തുന്നതിനുംവേണ്ടിയാകുന്നുവെന്നു ആ വാക്യങ്ങൾ ഒരാവൃത്തി വായിച്ചുനോക്കുന്ന ഏതു നിഷ്പക്ഷബുദ്ധിക്കും മനസ്സിലാകുന്നതാണ്. പിൻവരുന്ന പ്രവാചകന്മാരെപ്പററി പ്രസ്താവിക്കേണ്ട സന്ദർഭമല്ലാത്തതുകൊണ്ടു അപ്രകാരം പ്രസ്താവിക്കുകയെന്നതു ഖുർആൻെറ മഹത്തായ വാഗ്വൈഭവത്തിനു ചേർന്നതായിരിക്കയില്ല. ആകയാൽ, ഭാവിപ്രവാചകന്മാരെക്കുറിച്ചു ആ ഘട്ടങ്ങളിലൊന്നും പ്രസ്താവിക്കാതിരുന്നതിൽനിന്നു തിരുമേനിക്കു ശേഷം പ്രവാചകനുണ്ടാകുന്നതല്ലെന്നു ഒരു പ്രകാരത്തിലും തെളിയുന്നില്ല.

'മിൻ ഖബ്ലിക' എന്ന പദമുപയോഗിച്ചു മുൻപ്രവാചകന്മാരുടെ വൃത്താന്തം എടുത്തുപറഞ്ഞിരിക്കുന്ന ഖുർആൻവാക്യങ്ങളെ നമ്മുടെ ഗ്രന്ഥകർത്താവു ഉദ്ധരിച്ചതല്ലാതെ, ആ പൂർവ്വവൃത്താന്തം ഖുർആനിൽ പ്രസ്താവിച്ചതിൻെറ ഉദ്ദേശ്യമെന്താണെന്നു അദ്ദേഹം ഗ്രഹിക്കുകയോ ചിന്തിക്കുകയോ ചെയ്തിട്ടില്ലെന്നു അദ്ദേഹത്തിൻെറ വിവരണത്തിൽനിന്നുതന്നേ വെളിവാകുന്നുണ്ടു. ശത്രുക്കൾ പരിഹസിക്കുകയും ആക്ഷേപിക്കുകയും ചെയ്തതിനെക്കുറിച്ചു തിരുമേനിയെ ആശ്വസിപ്പിക്കുന്നതിനായി, ''നിങ്ങൾക്കു മുമ്പുള്ള പ്രവാചകൻമാരോടു പറയപ്പെട്ടിട്ടുള്ളതല്ലാതെ നിങ്ങളോടും പറയപ്പെടുന്നില്ല'' എന്നു പറഞ്ഞതി

നെ തുടർന്നു ان ربك لذو مغفرة وذو عقاب اليم "നി ശ്ചയമായും നിങ്ങളുടെ നാഥൻ മാപ്പ് നൽകുന്നവനും ശി ക്ഷ കൊടുക്കുന്നവനും ആകുന്നു" (41 : 43) എന്നും അല്ലാ ഹ കൽപിച്ചിരിക്കുന്നു. ഇപ്രകാരം പറഞ്ഞതു പരിഹാ സവും ആക്ഷേപവും കേൾക്കേണ്ടിവന്ന സത്യാനുസാരി കൾക്കു ദൈവത്തിൻെറ പക്കൽനിന്നുള്ള അനുഗ്രഹവും, പരിഹസിക്കുകയും ആക്ഷേപിക്കുകയും ചെയ്തുകൊണ്ടി രുന്ന സത്യദ്വേഷികൾക്കു ദൈവശിക്ഷയും ഉണ്ടായിരിക്കു ന്നതാണെന്നു കാണിക്കാനായിട്ടാണെന്നു ആർക്കാണ് മന സ്സിലാകുവാൻ സാധിക്കാത്തതു? എന്നാൽ നമ്മുടെ ഗ്ര ന്ഥകർത്താവാകട്ടെ പ്രസ്തുത ഖുർആൻവാക്യത്തിനു "നിങ്ങൾക്കു മുമ്പുള്ള പ്രവാചകൻമാരോടു എന്താണോ പറഞ്ഞതു അതുതന്നെ നിങ്ങളോടും പറയുന്നു. അതായ തു, നിശ്ചയമായും തങ്ങളുടെ നാഥൻ വിടുതി നൽകുന്ന വനും വേദനയേറിയ ശിക്ഷ നൽകുന്നവനുമാകുന്നു"* എന്നു അർത്ഥം കൊടുത്തുകൊണ്ടു തിരുമേനിയോടും മററു പ്രവാചകൻമാരോടും പറയപ്പെട്ടിട്ടുള്ളതായി അതിൽ പ്ര സ്താവിച്ചിരിക്കുന്നതു "അല്ലാഹു വിടുതി നൽകുന്നവ നും ശിക്ഷ നൽകുന്നവനുമാകുന്നു" എന്നാണെന്നു വരുത്തി യിരിക്കുന്നു. അദ്ദേഹം 'അതായതു' എന്ന പദം പ്രയോ ഗിച്ചിട്ടുള്ളതിൽനിന്നു ഈ വാസ്തവം ഏവക്കും മനസ്സിലാ ക്കാവുന്നതാണ്. എന്നാൽ, തിരുമേനിയോടും മററു പ്ര വാചകന്മാരോടും പറയപ്പെട്ടിട്ടുള്ളതായി ആ വാക്യം പ്ര സ്താവിക്കുന്നതു ഗ്രന്ഥകത്താവു കാണിച്ചപ്രകാരം "അ ല്ലാഹു വിടുതി നൽകുന്നവനും ശിക്ഷ നൽകുന്നവനുമാകു ന്നു" എന്നതല്ലെന്നും, അപ്രകാരമാണെന്നു വരുത്തുന്നതി നു അദ്ദേഹം പ്രയോഗിച്ചിട്ടുള്ള 'അതായതു'' എന്ന വാക്കു ഖുർആനിൽ ഇല്ലെന്നും ആ വിശുദ്ധഗ്രന്ഥം വായിക്കുന്ന

* ഖതമുന്നുബുവ്വത്ത്. ഭാ. 57.

തായാൽ അറിയാറാകുന്നതുമാണ്. പ്രസ്തുത വാക്യത്തിന്റെ വിവക്ഷിതം ഗ്രഹിക്കുന്നതിനു അദ്ദേഹം ഏതെങ്കിലുമൊരു വ്യാഖ്യാനഗ്രന്ഥം നോക്കിയിരുന്നുവെങ്കിൽ, അദ്ദേഹത്തിനു ഈ അബദ്ധം പിണയുമായിരുന്നില്ല. തിരുമേനിക്കുമുമ്പു കഴിഞ്ഞ പ്രവാചകന്മാരുടെ വൃത്താന്തം ഖുർആനിൽ എടുത്തുപറഞ്ഞതിന്റെ ഉദ്ദേശ്യവും ആവശ്യവും എന്താണെന്നുകൂടി മനസ്സിലാക്കാത്ത അദ്ദേഹം പ്രസ്തുത വൃത്താന്തമടങ്ങിയ വാക്യങ്ങളെ ഉദ്ധരിച്ചുകൊണ്ടു മേലിൽ പ്രവാചകനുണ്ടാകുന്നതല്ലെന്നു തീരുമാനിച്ചുകാണുന്നതു ആശ്ചര്യകരമായിരിക്കുന്നു!

### മേലിൽ പ്രവാചകനുണ്ടാകാവതല്ലെങ്കിൽ മനുഷ്യനും ഉണ്ടാകാവതല്ല.

പൂർവ്വപ്രവാചകൻമാരെപ്പററി മാത്രം ഖുർആൻ പ്രസ്താവിച്ചിരിക്കുന്നതുകൊണ്ടു മേലിൽ പ്രവാചകനുണ്ടാകാവതല്ലെന്നു തെളിയുന്നുവെന്നു ഗ്രന്ഥകർത്താവു പറയുന്നതു സാധുവായിരിക്കുമെങ്കിൽ, നബിതിരുമേനിക്കു ശേഷം മനുഷ്യൻതന്നെ ഉണ്ടായിരിക്കാവതല്ലെന്നു ഖുർആനിൽനിന്നു തെളിയുന്നതായും സമ്മതിക്കേണ്ടിവരും. എന്തുകൊണ്ടെന്നാൽ, പ്രവാചകൻമാരുടെ വൃത്താന്തം എടുത്തുപറഞ്ഞ ഘട്ടങ്ങളിലെല്ലാം 'മിൻഖബ്ലിക' എന്ന പദം പ്രയോഗിച്ചിട്ടുള്ളപ്രകാരംതന്നെ സാമാന്യജനത്തെക്കുറിച്ചു പറഞ്ഞേടത്തും അതേപദം പ്രയോഗിക്കുകയും തുടന്ന് പിന്നീടുണ്ടാകുന്ന ജനത്തെക്കുറിച്ചു പ്രസ്താവിക്കാതിരിക്കുകയും ചെയ്തു കാണാം. ഉദാഹരണമായി വിശുദ്ധഖുർആൻ ഇപ്രകാരം പറയുന്നു :—

يا ايها الناس اعبدوا ربكم الذى خلقكم والذين من
قبلكم لعلكم تتقون

''അല്ലയോ മനുഷ്യരെ! നിങ്ങൾ ഭക്തരായിരിക്കുന്നതിനു വേണ്ടി നിങ്ങളേയും നിങ്ങൾക്കു മുമ്പുള്ളവരെയും സൃഷ്ടിച്ച വനായ നിങ്ങളുടെ നാഥനെ വണങ്ങുവിൻ'' (2.21) ഈ വാക്യത്തിലെ 'നിങ്ങളേയും നിങ്ങൾക്കുമുമ്പുള്ളവരെയും സൃഷ്ടിച്ചവൻ' എന്നതിനെ തുടൎന്ന് ''നിങ്ങൾക്കു ശേഷമു ള്ളവരെ സൃഷ്ടിക്കുന്നവനും'' എന്നുകൂടി പ്രസ്താവിക്കാ ഞ്ഞതുകൊണ്ടു, ഗ്രന്ഥകൎത്താവിൻെറ ന്യായപ്രകാരം, തിരു മേനിക്കുശേഷം മനുഷ്യൻതന്നെ ഉണ്ടാകുന്നതല്ലെന്നോ അ ഥവാ, ഉണ്ടാകുന്നപക്ഷം അല്ലാഹുവിൻെറ സൃഷ്ടിയാ യിരിക്കുന്നതല്ലെന്നോ പറയേണ്ടിവരും. ഇതു ശരിയാ യിരിക്കയില്ലെങ്കിൽ, മുൻപ്രവാചകൻമാരെപ്പററി പ്രസ് താവിച്ചേടത്തു പിറകെയുണ്ടാകുന്ന പ്രവാചകൻമാരെക്കു റിച്ചും പ്രസ്താവിച്ചിട്ടില്ലാത്തതുകൊണ്ടു തിരുമേനിക്കു ശേഷം പ്രവാചകനുണ്ടാകുന്നതല്ലെന്നു തെളിയുന്നുവെന്നു പറയുന്നതും അബദ്ധമായിരിക്കുന്നതാണ്. വീണ്ടും, വി ശുദ്ധഖുർആനിൽ, وما جعلنا لبشر من قبلك الخلد ''നാം നിനക്കുമുമ്പു ഒരു മനുഷ്യനെയും ചിരഞ്ജീവിയാ ക്കിയിട്ടില്ല'' (21 : 34) എന്നു പറഞ്ഞിട്ടുള്ളതിൽനിന്നു, ഗ്രന്ഥകൎത്താവിൻെറ ന്യായപ്രകാരം, നബിതിരുമേനിക്കു ശേഷം മനുഷ്യരുണ്ടായിരിക്കാവതല്ലെന്നും അഥവാ ഉ ണ്ടായിരിക്കുന്നപക്ഷം അവർ ചിരഞ്ജീവികളായിരിക്കേ ണ്ടതാണെന്നും മനസ്സിലാകുന്നു എന്നും സമ്മതിക്കേണ്ടി വരുന്നതാണ്. പ്രസ്തുത വാക്യത്തിൽ തിരുമേനിക്കു മുമ്പുള്ള യാതൊരു മനുഷ്യനെയും ചിരഞ്ജീവിയാക്കിയി ട്ടില്ല എന്നു പറഞ്ഞതല്ലാതെ പിന്നീടുണ്ടാകുന്ന മനുഷ്യ നെകുറിച്ചു യാതൊന്നും പ്രസ്താവിക്കയുണ്ടായിട്ടില്ല. അതിനാൽ ഗ്രന്ഥകൎത്താവിൻെറ ന്യായമനുസരിച്ചു പറ യുന്നതായാൽ, തിരുമേനിക്കുശേഷം മനുഷ്യൻതന്നേ ഉണ്ടാ

യിരിക്കാവതല്ലെന്നു തെളിയുന്നതായി സമ്മതിക്കേണ്ടിവ രും. ഇങ്ങനെ സമ്മതിക്കുന്നതു പരമാൎത്ഥത്തിനു തീരെ വിരുദ്ധമായിരിക്കുമെങ്കിൽ, തിരുമേനിക്കുമുമ്പുള്ള പ്രവാ ചകൻമാരെപ്പററി പറഞ്ഞേടത്തു പിറകെയുണ്ടാകുന്ന പ്ര വാചകൻമാരെപ്പററി പ്രസ്താവിക്കാഞ്ഞതുകൊണ്ടു മേ ലിൽ പ്രവാചകനുണ്ടാകുന്നതല്ലെന്നു മനസ്സിലാകുന്നു എ ന്നു പറയുന്നതും ന്യായവിരുദ്ധമായിരിക്കുന്നതാണ്.

### മേലിൽ പ്രവാചകനുണ്ടാകാവതല്ലെങ്കിൽ സമുദായങ്ങളും ഉണ്ടായിരിക്കാവതല്ല.

പൂൎവ്വപ്രവാചകൻമാരെക്കുറിച്ചു വിശുദ്ധഖുർആൻ എ ടുത്തു പറഞ്ഞിരിക്കുന്നപോലെതന്നെ കഴിഞ്ഞുപോയ സ മുദായങ്ങളെക്കുറിച്ചും പലഘട്ടങ്ങളിലും പ്രസ്താവിച്ചു കാണുന്നു. ഉദാഹരണത്തിന്നു ഏതാനും വാക്യങ്ങൾ ഇ വിടെ ഉദ്ധരിക്കാം—: قد خلت من قبلها امم ''ഈ ജ നതയ്ക്കു മുമ്പു അനേകജനതകൾ കഴിഞ്ഞു കടന്നിട്ടുണ്ട്'' (13 :30). وقد خلت القرون من قبلى ''എനിക്കു മുമ്പു അനവധി തലമുറകൾ കഴിഞ്ഞുകടന്നിരിക്കുന്നു'' (46:17) قد قالها الذين من قبلهم ''അതു തന്നെയാണ് അവൎക്കുമുമ്പു ള്ളവരും പറഞ്ഞതു്'' (39:50) ولقد ضل قبلهم اكثر الاولين ''നിശ്ചയമായും അവൎക്കുമുമ്പുള്ളവരിൽ അധികപേരും വ ഴിപിഴച്ചുപോയിരിക്കുന്നു'' (37:71) كذلك قال الذين من قبلهم ''ഇപ്രകാരംതന്നെ അവൎക്കുമുമ്പുള്ളവരും പറഞ്ഞു'' (2 : 118). كم اهلكنا من قبلهم من قرن ''നാം അവ

ർക്കുംമുമ്പു എത്രയോ തലമുറകളെ നശിപ്പിച്ചു'' (6 : 6)
قد مكر الذين من قبلهم ''അവക്കു മുമ്പുള്ളവർ തന്ത്രം പ്ര
യോഗിച്ചു'' (16 : 26). كذالك فعل الذين من قبلهم
''ഇതേപ്രകാരം ഇവക്കുമുമ്പുള്ളവരും പ്രവത്തിച്ചു''(16:33).
ഇങ്ങനെ ഗ്രന്ഥകത്താവു കാണിച്ചിട്ടുള്ളതിലും വളരെ അ
ധികം സ്ഥലങ്ങളിൽ മുൻകഴിഞ്ഞ സമുദായങ്ങളെക്കുറി
ച്ചു പ്രസ്താവിച്ചിട്ടുണ്ട്. എന്നാൽ, അവയെത്തുടർന്നു ആ
സ്ഥലങ്ങളിൽ ഒരിടത്തും പിന്നീടുണ്ടാകുന്ന ജനത്തെക്കു
റിച്ചു പ്രസ്താവിച്ചിട്ടില്ലാത്തതുകൊണ്ടു, ഗ്രന്ഥകർത്താ
വിന്റെ ന്യായപ്രകാരം, നബിതിരുമേനിക്കുശേഷം ആ
പൂർവ്വജനതകളെപ്പോലെ പറയുകയും പ്രവർത്തിക്കുകയും
ചെയ്യുന്ന സമുദായങ്ങൾതന്നെ ലോകത്തുണ്ടായിരിക്കുന്ന
തല്ലെന്നു സമ്മതിക്കേണ്ടതായ്‌വരും. മേലുദ്ധരിച്ച വാ
ക്യങ്ങളിൽ മുൻകഴിഞ്ഞ സമുദായങ്ങൾ പറയുകയും പ്രവ
ർത്തിക്കുകയും ചെയ്തതായി പ്രസ്താവിക്കപ്പെട്ടിട്ടുള്ള ഒവ്വൊ
രു സംഗതിയും തിരുമേനിക്കുശേഷമുണ്ടായ ജനതകളും പ
റയുകയും പ്രവർത്തിക്കുകയും ചെയ്തുപോന്നിട്ടുണ്ട്. എ
ന്നാൽ, ആ പൂർവ്വജനതകളെക്കുറിച്ചു പറഞ്ഞ ഘട്ടങ്ങളി
ലൊന്നും പിൻവരുന്ന തലമുറകളും ഇപ്രകാരം പറയുക
യും പ്രവർത്തിക്കുകയും ചെയ്യുന്നതാണെന്നു പ്രസ്താവിക്കയു
ണ്ടായിട്ടില്ല. ഇങ്ങിനെ, ആയിടങ്ങളിലെല്ലാം മുൻ
കഴിഞ്ഞ സമുദായങ്ങളുടെ സ്ഥിതിയെക്കുറിച്ചുമാത്രം
പ്രസ്താവിച്ചിരിക്കുന്നതുകൊണ്ടു, ഗ്രന്ഥകർത്താവി
ന്റെ ന്യായപ്രകാരം, തിരുമേനിക്കുശേഷം എതിരു പ്ര
വർത്തിക്കുന്ന ഇസ്ലാംമതവൈരികളായ സമുദായങ്ങൾത
ന്നെ ഉണ്ടായിരിക്കുന്നതല്ലെന്നു പറയേണ്ടതായ്‌വരും.
ആകയാൽ, ഒന്നുകിൽ നബിതിരുമേനിക്കുശേഷം സമുദാ

യങ്ങൾതന്നെ ഉണ്ടാകുന്നതല്ലെന്നു ഏററുപറയുകയോ അ ഥവാ, മുമ്പുള്ള പ്രവാചകൻമാരെക്കുറിച്ചുമാത്രം പ്രസ്താ വിച്ചിരിക്കുന്നതുകൊണ്ടു ഇനി പ്രവാചകനുണ്ടാകുന്നതല്ലെ ന്നു തെളിയുന്നുവെന്നുള്ള വാദം അടിസ്ഥാനരഹിതമെന്നു സമ്മതിക്കുകയോ ചെയ്യേണ്ടിയിരിക്കുന്നു. മുൻപ്രവാചക ന്മാരുടെ വൃത്താന്തം മാത്രം എടുത്തുപറഞ്ഞതിൻെറ ഉദ്ദേ ശ്യം ഗ്രന്ഥകർത്താവിനു ഗ്രഹിക്കുവാൻ സാധിക്കാതിരുന്ന പക്ഷം, വ്യത്യസ്തസമുദായങ്ങളെയും മനുഷ്യകുലത്തെ യും കുറിച്ചു പ്രസ്താവിച്ച ഘട്ടങ്ങളിലെല്ലാം അപ്രകാ രംതന്നെ من قبل "മുമ്പുള്ള" എന്ന പദം ചേർത്തുപറ ഞ്ഞതിനെക്കുറിച്ചു അദ്ദേഹം കുറച്ചൊന്നു ചിന്തിച്ചിരുന്നു വെങ്കിൽ, പ്രവാചകൻെറ വരവിനോടു യാതൊരു ബ ന്ധവുമില്ലാത്ത ഈ സംഗതിയെ അദ്ദേഹം ആധാരമാക്കു ന്നതിനു തുനിയുമായിരുന്നില്ലെന്നുതന്നെ വിചാരിക്കാം.

നമ്മുടെ ഗ്രന്ഥകർത്താവു മുൻകഴിഞ്ഞ പ്രവാചകൻ മാരെ സംബന്ധിച്ചു വിശുദ്ധഖുർആനിൽ പ്രസ്താവി ച്ചിട്ടുള്ള വൃത്താന്തങ്ങളെ നബിതിരുമേനിക്കുശേഷം പ്ര വാചകനുണ്ടാകുന്നതല്ലെന്നതിലേക്കു തെളിവായി എടു ത്തുകാണിച്ചതിനുശേഷം, തിരുമേനിയെക്കുറിച്ചു പൂർവ്വീ കമതഗ്രന്ഥങ്ങളിൽ സവിസ്തരം പ്രവചിച്ചിട്ടുണ്ടെ ന്നും തിരുമേനിക്കുശേഷവും പ്രവാചകൻ വരുന്നപക്ഷം അദ്ദേഹത്തെ സംബന്ധിച്ചും പ്രവചനം ഉണ്ടായിരിക്കേ ണ്ടതാണെന്നും ഖുർആൻ ഒരു പ്രവാചകൻെറ വരവിനെ കുറിച്ചു പ്രവചിക്കുകയോ അനുയായികൾക്ക് ദിവ്യവെ ളിപാടു (വഹ്‌യ്) ഉണ്ടാകുന്നതാണെന്നു പറയുകയോ ചെ യ്തിട്ടില്ലെന്നും തൻമൂലം തിരുമേനിക്കുശേഷം പ്രവാചക

ൻ വരുകയോ ദിവ്യവെളിപാടുണ്ടാവുകയോ ചെയ്യാവുന്ന തല്ലെന്നും പ്രസ്താവിച്ചുകാണുന്നു*. തന്നേയുമല്ല, കഴി ഞ്ഞുപോയ പ്രവാചകന്മാരെക്കുറിച്ചു പറഞ്ഞിട്ടുള്ളതിനേ ക്കാളം കൂടുതലായും വ്യക്തമായും പ്രസ്താവിച്ചിരി ക്കേണ്ടതു പിന്നീടു വരുന്ന പ്രവാചകനെക്കുറിച്ചാണെന്നും പൂർവ്വപ്രവാചകൻമാരെപ്പററി വിശദമായി അറിയേണ്ട ആവശ്യമില്ലാതിരുന്നിട്ടും ഖുർആൻ അവരെക്കുറിച്ചു പ ലേടങ്ങളിലും പ്രസ്താവിച്ചിട്ടുണ്ടെന്നും കൂടി ഗ്രന്ഥകത്താവു പറഞ്ഞിട്ടുണ്ട് ×. ഈ സംഗതിയെക്കുറിച്ചു മറെറാരു ഘട്ട ത്തിൽ സവിസ്തരം പ്രതിപാദിക്കപ്പെടുന്നതാണ്†. തിരു മേനിക്കുശേഷം ദിവ്യവെളിപാടുണ്ടാകുമെന്നുള്ള വിഷയമാ കട്ടെ മുൻഅദ്ധ്യായത്തിൽ വിവരിച്ചുകഴിഞ്ഞിട്ടുണ്ട്‡. എ ന്നാൽ, തിരുമേനിക്കുശേഷം അനുയായികളിൽ വരുന്ന പ്ര വാചകനെ സംബന്ധിച്ചുള്ള പ്രവചനത്തെ പിറകോട്ടു § വിവരിക്കുന്നതാകകൊണ്ടു ഇവിടെ ആ വിഷയം സ്പ ർശിക്കുന്നില്ല.

---

* ഖതമുന്നബുവ്വത്ത്. ഭാ. 46, 47, 49.

x ടി. ഭാ. 48, 49.

† പന്ത്രണ്ടാം അദ്ധ്യായത്തിലെ 'നബിതിരുമേനിയെ സംബ ന്ധിച്ചുള്ള പ്രവചനം' എന്ന വകുപ്പും 'ആവശ്യമില്ലാത്തതു ഖുർആനിൽ യാതൊന്നുമില്ല' എന്ന വകുപ്പും നോക്കുക.

‡ അഞ്ചാം അദ്ധ്യായം ഭാ. 196—221.

§ പന്ത്രണ്ടാം അദ്ധ്യായം.

## ഏഴാം അദ്ധ്യായം

# 'ഖാതമുന്നബിയ്യീൻ' എന്ന ദൈവവാക്യവും ഭാവിപ്രവാചകാവതാരവും.

നബിതിരുമേനിക്കുശേഷം ഒരു പ്രകാരത്തിലുള്ള പ്രവാചകനും ഉണ്ടാകുന്നതല്ലെന്നു സ്ഥാപിക്കുന്നതിനു നമ്മുടെ ഗ്രന്ഥകർത്താവു കൊണ്ടുവന്നിരിക്കുന്ന മറെറാരു തെളിവു, തിരുമേനി 'ഖാതമുന്നബിയ്യീൻ' ആണെന്നുള്ളതാണ്.

ما كان محمد ابا احد من رجالكم ولكن رسول الله وخاتم النبيين

''മുഹമ്മദു നിങ്ങളിൽ ഒരു പുരുഷൻെറയും പിതാവല്ല; എന്നാൽ അദ്ദേഹം അല്ലാഹുവിൻെറ ദൂതനും പ്രവാചകന്മാരുടെ മുദ്രയും ആണ്'''(33:40) എന്ന ദൈവവാക്യത്തിലെ 'ഖാതമുന്നബിയ്യീൻ' (പ്രവാചകന്മാരുടെ മുദ്ര) എന്ന പദത്തിനു 'അന്ത്യപ്രവാചകൻ' എന്നു അർത്ഥം കല്പിച്ചുകൊണ്ടാണ് ഗ്രന്ഥകർത്താവു തൻെറ വാദത്തെ സ്ഥാപിക്കുവാൻ ശ്രമിച്ചുകാണുന്നതു. 'ഖാതമുന്നബിയ്യീൻ' എന്നതിൻെറ വിവക്ഷിതം നബിതിരുമേനിയുടെ പിറകെ ഒരു പ്രകാരത്തിലുള്ള പ്രവാചകനും ഉണ്ടാകുന്നതല്ലെന്നാണെന്നു വരുത്തുന്നതിനു അദ്ദേഹം ഒട്ടധികം നിഘണ്ടുക്കളുടെയും ഖുർആൻവ്യാഖ്യാനഗ്രന്ഥങ്ങളുടെയും ഉദ്ധാരണങ്ങളെയും എടുത്തുകാണിച്ചിരിക്കുന്നു. തന്നേയു

മല്ല, ''നിസ്സുല്യമായ നിലയിൽ തിരുമേനി അന്ത്യ പ്രവാചകനാണെന്നു സമുദായം ഐക്യകണ്ഠ്യേന സമ്മതിച്ചുപോരുന്നു'' * എന്നു പ്രസ്താവിച്ചുകൊണ്ടു തിരുമേനിക്കുശേഷം പ്രവാചകനുണ്ടാകയില്ലെന്നുള്ള അഭിപ്രായം 'ഇജ്മാഅ്'' ആണെന്നു വരുത്തുകയും ചെയ്തിരിക്കുന്നു. 'ഖാതമുന്നബിയ്യീൻ' എന്നതിന്റെ അർത്ഥത്തെ സംബന്ധിച്ചു മുതകല്ലിമീങ്ങളും ഫുഖഹാക്കളും മററും പറഞ്ഞിട്ടുള്ള അഭിപ്രായങ്ങളെ പുസ്തകത്തിന്റെ അവസാനഘട്ടത്തിൽ ഉദ്ധരിച്ചിട്ടുമുണ്ടു. ഈ അഭിപ്രായങ്ങളെയും അർത്ഥനിർവ്വചനങ്ങളെയും കുറിച്ചു ഒരു പ്രത്യേക അദ്ധ്യായത്തിൽ× പ്രതിപാദിക്കുന്നതു നന്നായിരിക്കുമെന്നു കരുതി നിറുത്തിവെച്ചിരിക്കയാൽ, ഖാതമുന്നബിയ്യീൻ എന്നതിന്റെ താല്പര്യം, പിറകെ യാതൊരു പ്രവാചകനും വരാൻപാടില്ലാത്ത അന്ത്യപ്രവാചകൻ എന്നാണെന്നു വരുത്തുവാൻ ആസ്പദമായി കാണിച്ചിട്ടുള്ള നിഘണ്ടുക്കളുടെയും തഫ്സീറുകളുടെയും (വ്യാഖ്യാനഗ്രന്ഥങ്ങളുടെയും) ഉദ്ധാരണങ്ങളെക്കുറിച്ചു ഇവിടെ നിരൂപണം ചെയ്യുന്നില്ല.

### നബിതിരുമേനിയുടെ വരവിനാൽ പ്രവാചകത്വാനുഗ്രഹം നിലച്ചുപോയിട്ടില്ല.

നബിതിരുമേനിയെക്കുറിച്ചു വിശുദ്ധഖുർആനിൽ 'ഖാതമുന്നബിയ്യീൻ' എന്നു പ്രസ്താവിച്ചിരിക്കുന്നതനുസരിച്ചു തിരുമേനി ഖാതമുന്നബിയ്യീൻ ആണെന്നു ഞങ്ങളും ഉറച്ചു വിശ്വസിക്കുന്നു. എന്നാൽ ഈ ശബ്ദത്തിന്റെ അർത്ഥനിർണ്ണയത്തിലാണ് അഭിപ്രായവ്യത്യാസമിരിക്കുന്നതു.

---

* ഖതമുന്നുബുവ്വത്ത്. ഭാ. 29.

× പത്താം അദ്ധ്യായം നോക്കുക.

അതിൻെറ അത്ഥം 'അന്ത്യപ്രവാചകൻ' അഥവാ 'പ്രവാചകത്വത്തെ അവസാനിപ്പിച്ചയാറം' എന്നാണെന്നും, തൻമൂലം തിരുമേനിക്കുശേഷം യാതൊരു പ്രകാരത്തിലുള്ള പ്രവാചകനും ഉണ്ടായിരിക്കുവാൻ പാടില്ലെന്നും ഗ്രന്ഥകർത്താവു സിദ്ധാന്തിക്കുന്നു. എന്നാൽ ഞങ്ങളുടെ പക്കൽ പ്രസ്തുത അർത്ഥം ശരിയല്ലാത്തതും വക്താവിൻെറ ഉദ്ദേശ്യത്തിനു എതിരായതും തിരുമേനിയുടെ മാഹാത്മ്യത്തിനു ചേരാത്തതും ആണ്. 'ഖാതമുന്നബിയ്യീൻ' എന്നതിൻെറ അർത്ഥം 'പ്രവാചകൻമാരുടെ ഖാതം അഥവാ മുദ്ര' എന്നാകുന്നു. അതായതു, പ്രവാചകത്വത്തിൻെറ സകല പൂർണ്ണതകളും തിരുമേനിയിൽ സമ്മേളിച്ചിരിക്കുന്നു എന്നു സിദ്ധം. ആ പുണ്യപ്രവാചകരുടെ ഉറവിടത്തിൽനിന്നു കുടിക്കാതിരിക്കുന്നേടത്തോളം യാതൊരുവന്നും ആത്മീയമായ സ്ഥാനം പ്രാപ്യമാകുന്നതല്ല. ആകയാൽ, തിരുമേനിയോടുള്ള അനുസരണംമൂലമല്ലാതെ സ്വതന്ത്രലബ്ധമായതോ തിരുമേനിയുടെ ന്യായപ്രമാണത്തെ ദുർബ്ബലപ്പെടുത്തുന്നതിനു അധികാരമുള്ളതോ ആയ പ്രവാചകത്വം മേലിൽ പ്രാപ്യമാകാവതല്ല. എന്നാൽ തിരുമേനിയോടുള്ള അനുസരണംമൂലം ലഭ്യമാകുന്നതും തിരുമേനിയുടെ പ്രതിച്ഛായ ആയിരിക്കുന്നതുമായ പ്രവാചകത്വം നിലച്ചുപോയിട്ടില്ല. 'ഖാതമുന്നബിയ്യീൻ' എന്നതു തിരുമേനിയുടെ മാഹാത്മ്യത്തെ കാണിക്കുന്ന ഒരു അഭിധാനമാണല്ലോ. ഈ സ്ഥാനപ്പേരുകൊണ്ടു അല്ലാഹ നബിതിരുമേനിയെ പ്രശംസിക്കുകയാണ് ചെയ്തിരിക്കുന്നതു്. എന്നാൽ, ഈ വചനത്തിൻെറ താൽപര്യം തിരുമേനിക്കുശേഷം പ്രവാചകത്വമെന്ന അനുഗ്രഹം ലോകത്തിനു ഇല്ലാതായിപ്പോയിരിക്കുന്നു എന്നാണെങ്കിൽ, ഇതു ഒരിക്കലും തിരുമേനിക്കു ഒരു ബഹുമാനാഭിധാനം ആയിരിക്കാവുന്നതല്ല. മനുഷ്യസമുദായത്തിനു വിവിധ

ഘട്ടങ്ങളിലായി സിദ്ധിച്ചുകൊണ്ടിരുന്ന ഒരു ദൈവികാനുഗ്രഹമാണ് പ്രവാചകത്വം. ലോകം അന്ധകാരത്തിലും അധർമ്മത്തിലും പെട്ട പ്രവാചകത്വമാകുന്ന പ്രകാശത്തിൻെറ ആവശ്യം നേരിടുന്നകാലത്തുതന്നേയും ഈ അനുഗ്രഹം ലോകത്തിന് സിദ്ധിക്കാവതല്ലെങ്കിൽ, തിരുമേനിയുടെ ആവിർഭാവംനിമിത്തം ലോകത്തിനു വലുതായ ഒരു അനുഗ്രഹം നഷ്ടമായിപ്പോയെന്നു പറയേണ്ടിവരുന്നതാണ്.

وما ارسلناك الا رحمة للعالمين

''നാം നിന്നെ ലോകത്തിനു ഒരു അനുഗ്രഹമായിട്ടു മാത്രമാണ് നിയോഗിച്ചിരിക്കുന്നത്'' (21 :107) എന്ന വാക്യം മൂലം അല്ലാഹു തിരുമേനിയെ ഒരു അനുഗ്രഹമായിട്ടാണ് വർണ്ണിച്ചിരിക്കുന്നതു. അല്ലാഹുവിൻെറ വലുതായ ഒരു അനുഗ്രഹമായ നബിത്വം തിരുമേനിമുഖാന്തരം ലോകത്തിനു നഷ്ടമായിപ്പോയെങ്കിൽ, തിരുമേനി ദൈവാനുഗ്രഹത്തെ അവസാനിപ്പിച്ചയാളാണെന്നു വരുന്നതാണ്. തിരുമേനി വാസ്തവത്തിൽ ഒരു അനുഗ്രഹം തന്നെയെങ്കിൽ, പ്രവാചകത്വം ലോകത്തിനു അത്യാവശ്യകമായിവരുന്ന ഘട്ടങ്ങളിലെല്ലാം അതു തിരുമേനിമുഖാന്തരം ലഭിക്കേണ്ടതാകുന്നു. നബിത്വം അനുഗ്രഹമല്ല, വിപത്താണെന്നുവരുകിൽ, അനുഗ്രഹമായി അവതരിച്ച തിരുമേനിമുഖാന്തരം ആ വിപത്തു ലോകത്തിനു ഇല്ലാതായിഭവിച്ചു എന്നു പറയാം. എന്നാൽ, പ്രവാചകത്വമാകട്ടെ റബ്ബും (സർവ്വപാലകനും) റഹ്മാനും (അനുഗ്രഹദാതാവും) ആയ അല്ലാഹു മനുഷ്യർക്കു നല്കുന്ന അനുഗ്രഹദാനങ്ങളിൽ ഏററവും മഹത്തായിട്ടുള്ള ഒന്നാണ്.

يا قوم اذكروا نعمة الله عليكم اذ جعل فيكم انبياء
وجعلكم ملوكا

''ഓ, എന്റെ ജനമെ! നിങ്ങളിൽ പ്രവാചകൻമാരെ ആക്കുകയും നിങ്ങളെ രാജാക്കൻമാരാക്കുകയും ചെയ്തതുമൂലം നിങ്ങൾക്കുണ്ടായിട്ടുള്ള ദൈവികാനുഗ്രഹത്തെ നിങ്ങൾ ഓർക്കുവിൻ'' (5 : 20) എന്ന ഖുർആൻവാക്യത്തിൽനിന്നു നബിത്വം വലിയൊരു അനുഗ്രഹമാണെന്നു മനസ്സിലാകുന്നു. നബിതിരുമേനിയുടെ അവതാരം ഈ അനുഗ്രഹം ലോകത്തിനു നഷ്ടമായിപ്പോകുന്നതിനു കാരണമായിരിക്കുന്നുവെങ്കിൽ, അതു ഒരു ബഹുമതിയായിരിക്കുന്നതല്ല. ചുരുക്കത്തിൽ, തിരുമേനി പ്രവാചകത്വത്തെ അവസാനിപ്പിച്ചു എന്നും അനുഗ്രഹത്തെ നിറുത്തൽ ചെയ്തു എന്നുമുള്ളതു തിരുമേനിക്കു അഭിമാനജനകമായ ഒന്നല്ലതന്നെ. അവസാനത്തെ പ്രവാചകനായി വന്നതിലല്ല തിരുമേനിക്കുള്ള മഹത്വം സ്ഥിതിചെയ്യുന്നതു; തിരുമേനിക്കു ലഭിച്ചിട്ടുള്ള സ്ഥാനമാഹാത്മ്യത്തിലും തിരുമേനി മുഖാന്തരം ലോകത്തിനു സിദ്ധിക്കുന്ന അനുഗ്രഹത്തിലുമാണ്. ഇന്ത്യയെ ഭരിച്ച മുസ്ലിം രാജാക്കൻമാരിൽ ബഹാദൂർശാഹ് ആയിരുന്നുവല്ലൊ അവസാനത്തെ രാജാവു. എന്നാൽ, അദ്ദേഹത്തിനുശേഷം വേറെ രാജാവില്ലാതിരുന്നതുകൊണ്ടു അദ്ദേഹം എല്ലാ മുസ്ലിം രാജാക്കൻമാരെക്കാളും ശ്രേഷ്ഠനാണെന്നു പറയാവുന്നതാണോ? ഈസാനബി (അ) ഇസ്രായീല്യരിൽ പ്രവാചകത്വം അവസാനിപ്പിച്ച ആളായിരുന്നുവല്ലൊ. എന്നാൽ, അദ്ദേഹം ഇസ്രായീൽ പ്രവാചകൻമാരെല്ലാവരെക്കാളും ശ്രേഷ്ഠനായിരുന്നില്ല. അപ്പോൾ ശ്രേഷ്ഠത്വം സ്ഥിതിചെയ്യുന്നതു അവസാനത്തിൽ വരുന്നതിലോ ആദ്യത്തിൽ വരുന്നതിലോ അല്ലെന്നു സ്പഷ്ടം. ആയതുകൊണ്ടുതന്നെയാണ് ദേവ്ബന്ത് മദ്രസയുടെ സ്ഥാപകനായ അല്ലാമഃ മുഹമ്മദുഖാസിം ഇങ്ങനെ പറഞ്ഞിട്ടുള്ളതു:— ''സാധാരണക്കാരുടെ അഭിപ്രാ

യത്തിൽ നബിതിരുമേനി 'ഖാതം' ആണെന്നതിൻെറ താല്പര്യം തിരുമേനിയുടെ കാലം, കഴിഞ്ഞുപോയ പ്രവാചകൻമാരുടെയെല്ലാം കാലത്തിനുശേഷവും, തിരുമേനി എല്ലാ പ്രവാചകൻമാരുടെയും അവസാനത്തിലും ആകുന്നുവെന്നാണ്. എന്നാൽ, മുമ്പിൽ വരുന്നതിലോ പിന്നിൽ വരുന്നതിലോ യാതൊരു വിശിഷ്ടതയുമില്ലെന്നു ജ്ഞാനികൾ അറിയുന്നതാണ്'' (തഹ്ദീറുന്നാസ്. ഭാ. 3.). ചുരുക്കത്തിൽ, 'ഖാതമുന്നബിയ്യീൻ' എന്നതിൻെറ താൽപര്യം, മേലിൽ ഒരു പ്രവാചകനും വരാൻപാടില്ലാത്ത 'അന്ത്യപ്രവാചകൻ' എന്നാണെന്നു പറയുന്നതു, തിരുമേനി ലോകത്തിനു ഒരു അനുഗ്രഹമാണെന്നതിനും തിരുമേനിയുടെ സ്ഥാനമാഹാത്മ്യത്തിനും ചേരാത്തതാകുന്നു. എന്നാൽ, പ്രസ്തുത വചനത്തിൻെറ താൽപര്യം, തിരുമേനിയോടുള്ള അനുസരണംവഴി അനുയായികളിൽ പ്രവാചകത്വപദം പ്രാപിച്ചവർ ഉണ്ടായിരിക്കുമെന്നും അവർ തിരുമേനിയുടെ മാർഗ്ഗത്തിലേക്കുതന്നെ ലോകത്തെ ക്ഷണിക്കുന്നവരായിരിക്കുമെന്നുമാണെങ്കിൽ, അതു തിരുമേനി ലോകത്തിനു ഒരു അനുഗ്രഹമാണെന്നു തെളിയിക്കുന്നതിനും തിരുമേനിയുടെ സ്ഥാനമാഹാത്മ്യം വെളിപ്പെടുത്തുന്നതിനും പര്യാപ്തമായതുതന്നെ.

### 'ഖാതമുന്നബിയ്യീൻ' എന്നതിനു നബിതിരുമേനിയുടെ വചനങ്ങളിൽനിന്നു മനസ്സിലാകുന്ന അർത്ഥം

വിശുദ്ധ ഖുർആൻെറ തത്വസാരം എല്ലാവരെക്കാളുമധികം ഗ്രഹിച്ചിട്ടുള്ള പുണ്യപ്രവാചകരുടെ തിരുവചനങ്ങളിൽനിന്നു, 'ഖാതമുന്നബിയ്യീൻ' എന്ന വചനത്തിൻെറ താല്പര്യം, പിറകെ ഒരു പ്രകാരത്തിലുള്ള പ്രവാചകനും ഉണ്ടാവാൻ പാടില്ലാത്ത 'അന്ത്യപ്രവാചകൻ' എ

ന്നാണെന്നല്ല മനസ്സിലാകുന്നതു. തിരുമേനി 'ഖാതമുന്ന ബിയ്യീൻ' ആണെന്നു പ്രസ്താവിക്കുന്ന ദൈവവാക്യം ഹിജ്റ: 5-ാം വർഷത്തിൽ ഹസ്രത്ത് സെയിനബിന്റെ വിവാഹം കഴിഞ്ഞപ്പോഴം വെളിപ്പെട്ടിട്ടുള്ളതാണ്*. പിന്നെ മൂന്നുകൊല്ലം കഴിഞ്ഞിട്ടാണ് തിരുമേനിക്കു ഇബ്രാഹിം എന്ന കുട്ടി ജനിക്കയുണ്ടായത്. ഹിജ്റ. 10-ാം കൊല്ലത്തിൽ ആ കുട്ടി മരിച്ചപ്പോഴം x തിരുമേനി (സ) ഇങ്ങനെ പറയുകയുണ്ടായി:— لو عاش لكان صديقا نبيا ''ഇബ്രാഹിം ജീവിച്ചിരുന്നുവെങ്കിൽ തീർച്ചയായും സത്യവാനായ ഒരു പ്രവാചകനാകുമായിരുന്നു'' (ഇബ്നുമാജഃ). ഈ തിരുവചനത്തിൽനിന്നു, 'ഖാതമുന്നബിയ്യീൻ' എന്ന സ്ഥാനം തനിക്കുശേഷം വേറൊരു പ്രവാചകൻ വരുന്നതിനു തടസ്സമാണെന്നു തിരുമേനി വിചാരിച്ചിരുന്നില്ലെന്നു സുവ്യക്തം മനസ്സിലാകുന്നു. തിരുമേനി 'ഖാതമുന്നബിയ്യീൻ' ആയിരിക്കുന്നതുകൊണ്ടു മേലിൽ ഒരു പ്രകാരത്തിലുള്ള പ്രവാചകനുമുണ്ടാകുന്നതല്ലെന്നു വരുന്നപക്ഷം, ഇബ്രാഹീം ജീവിച്ചിരുന്നുവെങ്കിൽ പ്രവാചകനാകുമായിരുന്നു എന്നു പറയുന്നതിനുപകരം, തിരുമേനി 'ഖാതമുന്നബിയ്യീൻ' ആയിരിക്കുന്നതുകൊണ്ടു ഇബ്രാഹീം ജീവിച്ചിരുന്നാലും നബിയാകുന്നതല്ലെന്നാണ് പറയേണ്ടിയിരുന്നതു. എന്നാൽ, ഇബ്രാഹീം പ്രവാചകനാകാതിരുന്നതിനു തിരുമേനി പറഞ്ഞ കാരണം താൻ 'ഖാതമുന്നബിയ്യീൻ' ആണെന്നതല്ല, കുട്ടി ജീവിച്ചിരിക്കാതിരുന്നതാണ്. അപ്പോഴം, കുട്ടി ജീവിച്ചിരുന്നുവെങ്കിൽ തിരുമേനി ഖാതമുന്നബിയ്യീൻ ആയിരിക്കെതന്നെ, പ്ര

---

* താരീഖുൽഖമീസ്. വാല്യം. 1. ഭാ. 564.

x താര്യഖുൽഖമീസ്. വാല്യം. 2. ഭാ. 162.

വാചകനാകുമായിരുന്നുവെന്നു വന്നു. ഇങ്ങനെ, തിരുമേനി തൻെറ മകൻ പ്രവാചകനാകാതിരുന്നതിനു മരണത്തെ മാത്രം കാരണമായി പറഞ്ഞിട്ടുള്ളതിൽനിന്നു, 'ഖാതമുന്നബിയ്യീൻ' എന്നതിൻെറ താൽപര്യം, സർവ്വപ്രകാരത്തിലുള്ള പ്രവാചകത്വത്തെയും അവസാനിപ്പിച്ചിരിക്കുന്നയാൾ, എന്നല്ലെന്നു വ്യക്തമായിരിക്കുന്നു.

പ്രസ്തുത നബിവാക്യം പ്രബലവും വിശ്വാസയോഗ്യവും ആയതാണെന്നു ഹദീസിൻെറ പണ്ഡിതൻമാർ അഭിപ്രായപ്പെട്ടിട്ടുണ്ട്. ബൈസാവിയുടെ ഹാശിയയിൽ അല്ലാമഃ ശിഹാബുദ്ദീൻ (റഹ്) ഇങ്ങനെ പറഞ്ഞു കാണുന്നു:

أَمَّا صِحَّتُ الحديث فَلَا شُبْهَةَ فِيهِ لأنه رَوَاه
ابنُ مَاجَة وَغيرهُ كَمَا ذكرَه ابنُ حجر

''ഈ ഹദീസിൻെറ സുബദ്ധതയിൽ യാതൊരു സന്ദേഹവുമില്ല. ഇബ്നുഹജർ പ്രസ്താവിച്ചപ്രകാരം ഇതിനെ ഇബ്നുമാജയും മററും റിപ്പോർട്ടു ചെയ്തിട്ടുണ്ട്'' (ഹാശിയത്തുശ്ശിഹാബ്. വ. 7. ഭാ. 175). മേൽപടി ഹദീസിനെ സംബന്ധിച്ച ഇമാം മുല്ലാ അലീഖാരീ (റഹ്) 'മൌസൂആത്' എന്ന ഗ്രന്ഥത്തിൽ 68൦ 69൦ ഭാഗങ്ങളിൽ സവിസ്തരം പ്രതിപാദിക്കുകയും അതിൻെറ വിശ്വാസ്യതയെ സ്ഥാപിക്കുകയും ചെയ്തതിനുശേഷം, തുടർന്നു ഇപ്രകാരം പറഞ്ഞിരിക്കുന്നു:

لهُ طرقٌ ثلاثٌ يَقوى بعضُهَا بَعْضا

''ഒന്നു മറെറാന്നിനെ ബലപ്പെടുത്തുന്നതായുള്ള മൂന്നു വഴികളിൽ അതു റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുണ്ട്''. തന്നേയുമല്ല,

പ്രസ്തുത ഹദീസ് 'ഖാതമുന്നബിയ്യീൻ' എന്നതിനു എതിരായതല്ലെന്നുകൂടി അല്ലാമഃ ഖാരി പ്രസ്താവിച്ചു കാണാം. ഇതിനുപുറമെ, അല്ലാമഃ മുഹദ്ദീസ് അബ്ദുൽഹക്ക് ദഹ്‌ലവീ (റ) 'മദാരിജ്' എന്ന അദ്ദേഹത്തിൻെറ കൃതിയിൽ മേൽപടി ഹദീസിനെത്തന്നെ

لَوْ بَقِيَ اِبْرَاهِيمُ لَكَانَ نَبِيًّا

''ഇബ്രാഹീം ശേഷിച്ചിരുന്നുവെങ്കിൽ നബിയാകുമായിരുന്നു'' എന്നു രിവായത്തു ചെയ്തുകൊണ്ടു അതിൻെറ വിശ്വാസ്യതയെ ബലപ്പെടുത്തിത്തരുകയും ചെയ്തിരിക്കുന്നു.

കൂടാതെ, ദൈലമി റിപ്പോർട്ടു ചെയ്തിരിക്കുന്നതും ഇബ്നു അബ്ബാസ് (റ) മുഖാന്തരം ആഗതമായിട്ടുള്ളതുമായ ഒരു ഹദീസിൽ നബിതിരുമേനി (സ) ഇപ്രകാരം അരുളിച്ചെയ്തതായി കാണുന്നു: —

اَنَا اَوَّلُ يَاخُذُ بِحَلْقَةِ الْجَنَّةِ فَيَفْتَحُهَا وَمَعِى فُقَرَاءِ الْمُؤْمِنِينَ وَاَنَا سَيِّدُ الاَوَّلِينَ وَالاٰخَرِينَ مِنَ النَّبِيِّينَ وَلَا فَخْر

''സ്വർഗ്ഗത്തെ തുറന്നു ഒന്നാമതു അതിൽ പ്രവേശിക്കുന്നതു ഞാനായിരിക്കും; എന്നോടുകൂടി സാധുക്കളായ വിശ്വാസികളുമുണ്ടായിരിക്കും. ഞാൻ മുമ്പും പിമ്പുമുള്ള പ്രവാചകന്മാരുടെ നേതാവാണ്; എനിക്കതിൽ ഗർവ്വില്ല''. ഈ രിവായത്തിൽ തിരുമേനി മുമ്പുള്ള പ്രവാചകന്മാരുടെ നേതാവാണെന്നു മാത്രമല്ല, പിമ്പുള്ള പ്രവാചകന്മാരുടെയും നേതാവാണെന്നാണു പറഞ്ഞിരിക്കുന്നതു. ഈ വചനംകൊണ്ടു തിരുമേനി തനിക്കു ശേഷവും പ്രവാചകന്മാ

ണ്ടാകുമെന്നും താൻ അവക്കും നേതാവായിരിക്കുമെന്നും സ്പഷ്ടമാക്കിത്തന്നിരിക്കുന്നു. ഇപ്രകാരം, 'ഖാതമുന്നബിയ്യീൻ' എന്നതിൻെറ താല്പയ്യം, തിരുമേനിക്കുശേഷം ഒരു പ്രകാരത്തിലുള്ള പ്രവാചകനും ഉണ്ടാകുന്നതല്ലെന്നാണെന്നുപറയുന്നതു തീരെ അബദ്ധമാണെന്നു തിരുമേനിയുടെ വചനങ്ങളിൽനിന്നുതന്നേ വ്യക്തമായികാണുമ്പോൾ, മേലിൽ ഒരു പ്രകാരത്തിലുള്ള പ്രവാചകനും വരുന്നതല്ലെന്നു അതിൽനിന്നു അത്ഥസിദ്ധമാകുന്നു എന്നു ഗ്രന്ഥകർത്താവു പറയുന്നതു സ്വീകായ്യമാകുന്നതെങ്ങനെ?

ഇതിനുപുറമെ, വരുന്ന മസീഹ് പ്രവാചകനായിരിക്കുമെന്നു നബിതിരുമേനി(സ) ആവൎത്തിച്ചാവൎത്തിച്ചു പറഞ്ഞതായ ഹദീസ് 'സഹീഹുമുസ്ലിം,' 'ജാമിഉത്തിർമദീ' എന്നീ ഗ്രന്ഥങ്ങളിൽ കാണാവുന്നതാണ്. 'ഖാതമുന്നബിയ്യീൻ' എന്ന വചനത്തിൻെറ താൽപയ്യം, തിരുമേനിക്കു ശേഷം യാതൊരു പ്രവാചകനും വന്നുകൂടാ എന്നാണെങ്കിൽ, വരുന്ന മസീഹ് നബിയായിരിക്കുമെന്നു തിരുമേനി ഒരിക്കലും പറയുന്നതല്ലാ. എന്നാൽ, അദ്ദേഹം നബിയായിരിക്കുമെന്നു തിരുമേനി സ്പഷ്ടമായി അരുളിയിരിക്കുന്നതിൽനിന്നു, 'ഖാതമുന്നബിയ്യീൻ' എന്ന വചനത്തിനു മേലിൽ ഒരു പ്രകാരത്തിലുള്ള പ്രവാചകനും ഉണ്ടാകാവതല്ലെന്നു തിരുമേനി അത്ഥം വിവക്ഷിച്ചിട്ടില്ലന്നു വ്യക്തമാകുന്നു, ആകയാൽ, തിരുമേനി കല്പിച്ചിട്ടില്ലാത്ത ഒരു അത്ഥം അതിനു കൊടുക്കുന്നതു യുക്തമായിരിക്കയില്ല. ചുരുക്കത്തിൽ, 'ഖാതമുന്നബിയ്യീൻ' എന്നതിൻെറ താൽപയ്യം, തിരുമേനി, പിറകെ ഒരു പ്രവാചകനും വന്നുകൂടാത്ത അന്ത്യപ്രവാചകനാണെന്നാകുന്നു എന്നു നമ്മുടെ ഗ്രന്ഥകർത്താവു സിദ്ധാന്തിക്കുന്നതു, തിരുമേനി പ്രസ്തുത വചനത്തിനു കൽപ്പിച്ചിട്ടുള്ള അത്ഥത്തിനു വിപരീതമായിരിക്കുന്നതുകൊണ്ടു സ്വീകായ്യമല്ലതന്നെ.

ഗ്രന്ഥകർത്താവിന്റെ വ്യാഖ്യാനത്തെ
ഖുർആൻ സാക്ഷിക്കുന്നില്ല.

എന്നാൽ. 'ഖാതമുന്നബിയ്യീൻ' എന്ന വചനത്തിനു നമ്മുടെ ഗ്രന്ഥകർത്താവു വിവക്ഷിക്കുന്ന അർത്ഥം ശരിയായിരിക്കണമെങ്കിൽ, ആയർത്ഥത്തെ പുലർത്തുന്ന മററുവാക്യങ്ങളും ഖുർആനിൽ കാണപ്പെടേണ്ടിയിരിക്കുന്നു. നബിതിരുമേനിക്കുശേഷം ഒരു പ്രവാചകനും ഉണ്ടാവാൻ പാടില്ലെങ്കിൽ, ലോകാരംഭംതൊട്ടു തിരുവവതാരംവരെ അല്ലാഹു ലോകത്തിനു നൽകിക്കൊണ്ടിരുന്ന ഈ അനുഗ്രഹത്തെ അവൻ നിറുത്തിക്കളയുകയും ഉൽകൃഷ്ടസൃഷ്ടിയായ മനുഷ്യനായിക്കൊണ്ടു അവൻ പ്രവർത്തിപ്പിച്ചുകൊണ്ടിരുന്ന തന്റെ മഹത്തായ ഒരു നിയമസമ്പ്രദായത്തെ അവൻ നിറുത്തലാക്കുകയും ചെയ്തുവെന്നുവരുന്നതാണ്. യഥാർത്ഥം ഇപ്രകാരമാണെന്നുവരുകിൽ, ഈ പ്രധാനപ്പെട്ട നിയമമാററത്തെക്കുറിച്ചു വിശുദ്ധഖുർആൻ പല ഘട്ടങ്ങളിലും വ്യക്തമായിത്തന്നെ പ്രസ്താവിച്ചിരിക്കേണ്ടതാവശ്യമാണ്. എന്നാൽ, ഖുർആൻ പല സന്ദർഭങ്ങളിലും പ്രവാചകന്മാരുടെ നിയോഗത്തെക്കുറിച്ചു പ്രസ്താവിക്കുന്നുണ്ടെങ്കിലും തിരുമേനിക്കുശേഷം പ്രവാചകനുണ്ടാകുന്നതല്ലെന്നോ ഈ അനുഗ്രഹദാനത്തെ നിറുത്തലാക്കിയിരിക്കുന്നുവെന്നോ ഒരിടത്തുപോലും പറഞ്ഞുകാണുന്നില്ല. മറിച്ചു, പ്രസ്തുത നിയമചട്ടം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതാണെന്നും അല്ലാഹു അവൻ ഇച്ഛിക്കുന്നയാളെ പ്രവാചകനായി തിരഞ്ഞെടുക്കുന്നതാണെന്നുമാണ് ആ വിശുദ്ധഗ്രന്ഥം പലേടങ്ങളിലും പ്രസ്താവിച്ചിരിക്കുന്നതു*. ആകയാൽ, 'ഖാതമുന്നബിയ്യീൻ' എന്ന വചനത്തിനു ഗ്രന്ഥകർത്താവു കാണിക്കുന്ന അർത്ഥ

---

* പതിനൊന്നാം അദ്ധ്യായം നോക്കുക.

ഖുർആനിലെ മററു വാക്യങ്ങളിൽനിന്നു വ്യക്തമാകാത്ത ഒരത്ഥമാണ്. അതിൻെറ താല്പര്യം, തിരുമേനിക്കശേഷം ഒരു പ്രവാചകനും വരാവുന്നതല്ലെന്നാണെങ്കിൽ, തീർച്ചയായും ഈ സംഗതി ഖുർആൻ വ്യക്തമായി പലേടങ്ങളിലും പ്രസ്താവിച്ചിരിക്കേണ്ടതാണ്. എന്തുകൊണ്ടെന്നാൽ, അതു ലോകത്തിൽ നടന്നുവന്ന ദിവ്യചട്ടത്തിനു വലുതായ ഒരു ഗതിഭേദം ഉണ്ടാക്കുന്നതായിരിക്കകൊണ്ടു വളരെ ഗൌരവമേറിയതാകുന്നു. എന്നിരുന്നിട്ടും തക്കപ്പെട്ട പ്രസ്തുത വചനമല്ലാതെ മററൊരു വാക്യവും ഖുർആനിൽ കാണപ്പെടാത്തതുകൊണ്ടു അതിൻെറ അത്ഥം ഗ്രന്ഥകർത്താവു പറയുന്നതല്ലെന്നു മനസ്സിലാക്കേണ്ടിയിരിക്കുന്നു.

### അറബിഭാഷയിൽ 'ഖാതം' എന്ന പദത്തിൻെറ പ്രയോഗവും അത്ഥവും

'ഖാതമുന്നബിയ്യീൻ' എന്നതിൻെറ താൽപര്യം 'അന്ത്യപ്രവാചകൻ' എന്നാണെന്നും ആകയാൽ തിരുമേനിക്കുശേഷം യാതൊരു പ്രവാചകനും വരുന്നതല്ലെന്നും തെളിയിപ്പാൻ ഗ്രന്ഥകർത്താവു പറയുന്ന ന്യായം ഇപ്രകാരമാണ്:—"ഖാത്തം എന്ന പദത്തിനു മുദ്ര എന്നും അത്ഥമുണ്ട്. എന്നാൽ 'ഖാത്തം' എന്ന പദത്തെ ഒരു സമൂഹത്തെ കുറിക്കുന്ന മററൊരു പദവുമായി സംയോജിപ്പിച്ചാൽ 'അതിൽ അന്ത്യൻ' എന്ന അർത്ഥംമാത്രമെ വിവക്ഷിക്കയുള്ളു. അറബിഭാഷാസാഹിത്യംതന്നെ ഇതിന്നൊരു സാക്ഷ്യമാണ്. ഉദാഹരണമായി 'ഖാതമുൽഖൌമ്' എന്നതിന്നു 'ജനങ്ങളിൽ അന്ത്യൻ' എന്നത്ഥം മാത്രമെ കൊടുക്കവാൻ പാടുള്ളു. അപ്പോൾ 'ഖാത്തമുന്നബിയ്യീൻ' എന്നതിന്നു അന്ത്യപ്രവാചകൻ എന്നല്ലാതെ മററൊരത്ഥവും കൽപിക്കുവാൻ പാടുള്ളതല്ല" (ഖതമുന്നു

ബുവ്വത്ത്. ഭാ. 27, 28). എന്നാൽ, 'ഖാതം' (خاتم) എന്ന തു 'ഖത്മ്'' (ختم) എന്ന ധാതുവിൽനിന്നുള്ള 'ഇസ്മ് ആല' (സാമഗ്രിനാമം) ആണല്ലൊ. അതിനാൽ അതിന്റെ അർത്ഥം മുദ്രവെക്കുവാനുള്ള ഉപകരണം' എന്നാകുന്നു. 'താ'യ്ക്കു ഇകാരത്തോടുകൂടി 'ഖാതിം' എന്നായാൽ അതിനു 'മുദ്ര' എന്നും 'മുദ്രവെക്കുന്നവൻ' എന്നും അർത്ഥമാകും. 'ഖാതം' എന്നു 'മോതിര'ത്തിനു പറയുന്നതു അതിൻമേൽ മുദ്രയടയാളം ഉണ്ടായിരിക്കുകയും അതു മുദ്രവെക്കുന്നതിനു ഉപയോഗിക്കപ്പെടുകയും ചെയ്യുന്നതിനാലത്രെ.

الخَاتَمُ بِفَتْحِ التَّاءِ مَا يُوضَعُ عَلَى الطِّينَةِ وَهُوَ اِسْمٌ مِثْلُ العَالَمِ وَمِنَ المَجَازِ لبس الخاتم وَهُوَ حُلِيٌ لِلاصْبِعِ.

''താ'യ്ക്കു അകാരത്തോടുകൂടി 'ഖാതം' എന്നു 'മുദ്ര'യ്ക്കു പറയുന്നതാണ്. അതു 'ആലം' എന്നതിനോടു അനുരൂപമായ ഒരു നാമമത്രെ. വിരലിനു ആഭരണമായി ധരിക്കുന്ന മോതിരത്തിനു 'ഖാതം' എന്നു പറയുന്നതു ഒരു അലങ്കാരപ്രയോഗമാകുന്നു'' എന്നിങ്ങനെ 'ലിസാനുൽ അറബ്,' 'താജുൽ ഉറൂസ്'' മുതലായ നിഘണ്ടുക്കളിൽ കാണാവുന്നതാണ്. തന്നേയുമല്ല, 'ഖാതം' എന്ന പദത്തിനു 'മുദ്ര' എന്നു അർത്ഥമുള്ളതായി ഗ്രന്ഥകർത്താവു സമ്മതിക്കുകയും ചെയ്തിട്ടുണ്ട്. അതിനാൽ 'ഖാതമുന്നബിയ്യീൻ' എന്നതിനു 'പ്രവാചകന്മാരുടെ 'മുദ്ര' എന്നർത്ഥമായി.

ഇനി 'ഖാതം' എന്ന പദത്തെ ബഹുവചനവാചിയാ
യ ഒരു പദത്തോടു ചേൎത്തു ഒരാളുടെ സ്തുതിയായി പ്രയോ
ഗിക്കുമ്പോഴും അതിനു അറബിസാഹിത്യപ്രകാരം എ
ന്തൎത്ഥമാണെന്നാണ് നാം ഇവിടെ ചിന്തിക്കേണ്ടിയിരി
ക്കുന്നതു. പ്രസ്തുത പദത്തെ സമൂഹത്തെ കുറിക്കുന്ന
മറെറാരു പദത്തോടു ചേൎത്തു പ്രയോഗിക്കുന്നതായാൽ,
'അന്ത്യൻ' എന്നു മാത്രമെ അൎത്ഥം വിവക്ഷിക്കുവാൻ പാ
ടുള്ളു എന്നു നമ്മുടെ ഗ്രന്ഥകൎത്താവു പറഞ്ഞിട്ടുണ്ടല്ലൊ.
എന്നാൽ, ഇതിലേക്കു അദ്ദേഹം അറബിസാഹിത്യത്തി
ൽനിന്നു ഒരൊററ പ്രയോഗംപോലും ഉദാഹരണമായി കാ
ണിച്ചിട്ടില്ല. നിഘണ്ടുകൎത്താക്കളെ 'ഖാതമുന്നബിയ്യീൻ'
എന്നതിനു 'ആഖിറുഹും' (അവരിൽ അന്ത്യൻ) എന്നു അൎ
ത്ഥം കൊടുക്കുകയും 'ഖാതമുൽ ഖൗം' എന്നതിനെ ഒരു ഉ
ദാഹരണമെന്നോണം ഉദ്ധരിക്കുകയും ചെയ്തിട്ടുണ്ടെന്നതു
വാസ്തവംതന്നെ. എന്നാൽ, ഈ അൎത്ഥത്തിൽ 'ഖാതം'
എന്ന പദം അറബിയിൽ ഉപയോഗിച്ചിട്ടുള്ളതിലേക്കു
സാഹിത്യത്തിൽനിന്നു ഒരു ഉദാഹരണമെങ്കിലും അവരി
ൽ ആരുംതന്നെ കാണിക്കുകയുണ്ടായിട്ടില്ല. 'ഖാതമുന്ന
ബിയ്യീൻ' എന്നതു 'ഖാതമുൽ ഖൗം' എന്നതുപോലെ
യാണെന്നു പറഞ്ഞതുകൊണ്ടുമാത്രം അതു അറബിസാഹി
ത്യത്തിൽ പ്രസ്തുതാൎത്ഥത്തിൽ പ്രയോഗിച്ചിട്ടുണ്ടെന്നു
സിദ്ധിക്കുന്നതല്ല. അതിലേക്കു ഖുൎആനിൽനിന്നോ,
ഹദീസിൽനിന്നോ, മററു അറബിസാഹിത്യത്തിൽനി
ന്നോ ഉദാഹരണം കാണിക്കുകതന്നേ വേണം. അങ്ങ
നെ സാക്ഷ്യം കാണിക്കാതിരിക്കുന്നതുവരെ, 'ഖാതമുൽ
ഖൗം' എന്നതുപോലെയാണെന്നും 'ഖാതമുൽ ഖൗം' എന്നതി
ന്റെ അൎത്ഥം 'ആഖിറുഹും' (അവരിൽ അന്ത്യൻ) എന്നാ
ണെന്നും നിഘണ്ടുകൎത്താക്കളെ പറഞ്ഞതുകൊണ്ടുമാത്രം 'ഖാ
തമുന്നബിയ്യീൻ' എന്നതിനു 'അന്ത്യപ്രവാചകൻ' എന്ന

ത്ഥമാണെന്നു അറബി സാഹിത്യപ്രകാരം തെളിയുന്നു
എന്നു വരുന്നതല്ല. تَوَفَّيْتَنِي 'തവഫ്ഫൈതനീ' എന്ന
തിനു് قَبَضْتَنِي إِلَى السَّمَاءِ وَأَنَا حَيٌّ ''നീ എ
ന്നെ ജീവനോടെ ആകാശത്തിലേക്കു പിടിച്ചെടുത്തു''
എന്നു 'മആലിമുത്തൻസീൽ' തുടങ്ങിയുള്ള വ്യാഖ്യാനഗ്ര
ന്ഥങ്ങളിൽ അത്ഥം കൊടുത്തുകാണാം. എന്നാൽ, 'തവ
ഫ്ഫീ' എന്നതിൻെറ വല്ല ക്രിയാരൂപത്തിനും അല്ലാഹ
കത്താവായും മനുഷ്യൻ കർമ്മമായും വരുന്നതായാൽ അ
തിനു 'ആകാശത്തിലേക്കെടുക്കുക' എന്നു അത്ഥമാകുന്നതാ
ണെന്നതിലേക്കു ഖുർആനിൽനിന്നോ, ഹദീസിൽനി
ന്നോ, മററു അറബി സാഹിത്യത്തിൽനിന്നോ ഒരൊററ ഉ
ദാഹരണമെങ്കിലും കാണിക്കുവാൻ സാധിക്കുന്നതല്ല. ഇ
ങ്ങനെ കാണിക്കാതിരിക്കുന്നേടത്തോളം കാലം ആയത്ഥം
സാധുവാകാതിരിക്കുന്നപോലെതന്നെ, 'ഖാതം' എന്ന പ
ദം സമൂഹത്തെ കുറിക്കുന്ന മറെറാരു പദത്തോടു ചേന്നു
വരുമ്പോഴം, ആ സമൂഹത്തിൽ 'അന്ത്യൻ' എന്നേ അതി
ന്നത്ഥമുള്ളു എന്നു അറബി സാഹിത്യത്തിൽനിന്നു അത്ത
രം പ്രയോഗത്തെ ഉദാഹരിച്ചു തെളിയിക്കാതിരിക്കുന്നകാ
ലംവരെ നമ്മുടെ ഗ്രന്ഥകത്താവിൻെറ അത്ഥവും സാധു
വായിരിക്കുന്നതല്ല. എന്നാൽ, 'ഖാതം' എന്ന പദത്തെ
സമൂഹവാചിയായ മറെറാരു പദത്തോടു ചേത്തു ഒരാളുടെ
ബഹുമാനാഭിധാനമായി പ്രയോഗിക്കുന്നതായാൽ, അതി
നു ആ സമൂഹത്തിൽ 'ശ്രേഷ്ഠൻ' എന്നാണ് അറബിസാ
ഹിത്യപ്രകാരമുള്ള അത്ഥം. 'ഖാതമുൽ മുഹാജിരീൻ, ഖാ
തമുൽ ഔലിയാ, ഖാതമുശ്ശുഅറാ' തുടങ്ങിയുള്ള പ്രയോ
ഗങ്ങളാം ഇതിലേക്കു സാക്ഷ്യങ്ങളാണ്. 'ഹിജ്റത്' അ
വസാനിച്ചുപോയിട്ടില്ലെന്നും മതത്തിൻെറ രക്ഷക്കായി
ആവശ്യം നേരിടുമ്പോഴൊക്കെ 'ഹിജ്റത്' ചെയ്യേണ്ട

താണെന്നു, വിശുദ്ധഖുർആനിൽനിന്നു മനസ്സിലാകുന്നു. ഈയിടെ ഇന്ത്യയിൽ 'ഹിജ്രത്'' പ്രസ്ഥാനം ആരംഭിക്കുകയും 'ഹിജ്രത്'' ചെയ്യേണ്ടതു അത്യാവശ്യകമെന്നു ആലിംകൾ ചേർന്നു 'ഫത്വ' പുറപ്പെടുവിച്ചതനുസരിച്ചു മുസ്ലിംകൾ ആയിരക്കണക്കായി രാജ്യം വിട്ടുപോകയും ചെയ്തിട്ടുള്ളതിൽനിന്നും ഈ വസ്തുത വ്യക്തമാകുന്നുണ്ടു. ഒരിക്കൽ നബിതിരുമേനി (സ) തൻെറ ഇളയച്ഛനായ ഹസ്രത്ത് അബ്ബാസിനെക്കുറിച്ചു 'ഖാതമുൽമുഹാജിരീൻ' എന്നു പറകയുണ്ടായിട്ടുണ്ടു. അതായതു:—

إِنَّكَ خَاتَمُ الْمُهَاجِرِيْنَ فِي الْهِجْرَةِ كَمَا أَنَا خَاتَمُ النَّبِيِّيْنَ فِي النُّبُوَّةِ

''ഞാൻ നബുവ്വത്തിൽ ഖാതമുന്നബിയ്യീൻ ആയിരിക്കുന്നതുപോലെ നിങ്ങൾ ഹിജ്രത്തിൽ 'ഖാതമുൽമുഹാജിരീൻ' ആകുന്നു'' (തബ്രാനീ). ഇതിൽനിന്നു, തിരുമേനി പ്രവാചകന്മാർക്കു 'ഖാതം' ആയിരിക്കുന്നതുപോലെതന്നെയാണ് ഹസ്രത്ത് അബ്ബാസ് (റ) മുഹാജിർമാൎക്കു 'ഖാതം' ആയിരിക്കുന്നതെന്നു മനസ്സിലാകുന്നു. ഹസ്രത്ത് അബ്ബാസിൻെറ പിറകെ യാതൊരാളും 'മുഹാജിർ' ആയിട്ടില്ലെന്നോ, ആകുന്നതല്ലെന്നോ പറയുവാൻ പാടില്ലാത്തതാണെങ്കിൽ, തിരുമേനി 'ഖാതമുന്നബിയ്യീൻ' ആയിരിക്കുന്നതുകൊണ്ടു തിരുമേനിക്കുശേഷം പ്രവാചകൻതന്നേ ഉണ്ടായിരിക്കാവതല്ലെന്നു പറയുവാനും പാടില്ലാത്തതാണ്. ഇപ്രകാരംതന്നെ 'തഫ്സീറുസ്സാഫീ' എന്ന വ്യാഖ്യാനഗ്രന്ഥത്തിൽ, തിരുമേനി ഹസ്രത്ത് അലിയ്യു 'ഖാതമുൽ ഔലിയാ' എന്ന ബഹുമതിനാമം നൽകിയിരിക്കുന്നതായി കാണുന്നു. തിരുമേനി ഇപ്രകാരം പറഞ്ഞിരിക്കുന്നു:—

أَنَا خَاتَمُ الأَنْبِيَاءِ وَأَنتَ يَا عَلِيُّ خَاتَمُ الأَوْلِيَاءِ

''ഞാൻ പ്രവാചകന്മാരുടെ 'ഖാതം' ആണ്; അല്ലയോ അലി ! നിങ്ങൾ വലിമാർക്ക 'ഖാതം' ആകുന്നു''. ഇപ്രകാരം തിരുമേനി അരുളിച്ചെയ്തിരിക്കുന്നതുകൊണ്ട ഹസ്രത്ത് അലിക്കശേഷം ഒരു 'വലി'യുമുണ്ടായിട്ടില്ലെന്നോ, ഉണ്ടാകുന്നതല്ലെന്നോ പറഞ്ഞുകൂടാത്തതാണെങ്കിൽ, തിരുമേനി 'ഖാതമുന്നബിയ്യീൻ' ആയിരിക്കുന്നതുകൊണ്ട തിരുമേനിക്കശേഷം പ്രവാചകൻതന്നേ ഉണ്ടാകുന്നതല്ലെന്നു പറയുന്നതും ന്യായമായിരിക്കുന്നതല്ല. കവിശ്രേഷ്ഠനായ അബൂത്തമ്മാംതായി മരിച്ചപ്പോൾ ഹസൻബിൻ വഹബ് എന്ന കവി ഇങ്ങനെ പറയുകയുണ്ടായി:—

فُجِعَ القَرِيضُ بِخَاتَمِ الشُّعَرَاءِ
وَغَدِيرُ رَوْضَتِهَا حَبِيبِ الطَّائِي*

''കവികളുടെ 'ഖാത'മും കവിതയാകുന്ന തോട്ടത്തിലെ ജലാശയവും ആയ ഹബീബുത്തായിയുടെ മരണംമൂലം കവിതക്ക ദുഃഖം ഭവിച്ചു'' (വഫയാത്തുൽ അഅ്യാൻ, വാല്യം 1. ഭാ. 123) ഇവിടെ ഒരു കവിയായ ഹസൻ തനിക്ക മുമ്പുകഴിഞ്ഞ ഒരു കവിസാർവ്വഭൌമനെ 'കവികളുടെ ഖാതം' എന്നാണ് അഭിധാനം ചെയ്തിരിക്കുന്നതു. കവികൾക്കു 'ഖാതം' ആയിട്ടുള്ള ഈ മഹാകവിയുടെ പിറകെയും നിരവധി കവികൾ ഉണ്ടായിട്ടുണ്ട. എന്നു മാത്രമല്ല, പ്രസ്തുത സ്തുതിഗീതം പാടിയ ആൾതന്നേയും ഒരു കവിയായിരുന്നു.

---

* ഫുജിഅൽഖരീസു ബിഖാതമിശ്ശുഅറായി
വഗദീരി റൌസതിഹാ ഹബീബിത്തായി.

എന്നിട്ടും അദ്ദേഹം അബൂത്തമ്മാംതായിയെ 'കവികളുടെ ഖാതം' എന്നാണ് പ്രശംസിച്ചിരിക്കുന്നതു. മേല്പടി ഉദാഹരണങ്ങളിൽ നിന്നു വെളിവാകുന്നതു, 'ഖാതം' എന്ന പദത്തെ സമൂഹാത്മകമായ മറ്റൊരു പദത്തോടുചേർത്തു ഒരാളുടെ ബഹുമാനാഭിധാനമായി പ്രയോഗിക്കുന്നതായാൽ, അതിൻെറ അർത്ഥം അയാൾ ആ സമൂഹത്തിൽ അന്ത്യനാണെന്നല്ല, ശ്രേഷ്ഠനാണെന്നാകുന്നു. ഈ അർത്ഥത്തിൽ സമൂഹത്തെ കുറിക്കുന്ന പദത്തോടു 'ഖാതം' എന്ന പദം ചേർത്തു ബഹുമാനനാമമായി മതപണ്ഡിതൻമാർ ഉപയോഗിച്ചു വന്നിട്ടുണ്ടു. ഉദാഹരണത്തിന്നു, ദേവ്ബന്ത് മദ്രസയുടെ സ്ഥാപകനായ അല്ലാമഃ മുഹമ്മദുഖാസിം തൻെറ 'ഹദ്‌യത്തുശ്ശീഅഃ' എന്ന ഗ്രന്ഥത്തിൽ ഹസ്രത്ത് ശാഹ്അബ്ദുൽഅസീസിനെക്കുറിച്ചു 'ഖാതമുൽമുഹദ്ദിസീൻ വൽമുഫസ്സിരീൻ' എന്നും, 'ശൈഖുൽഹിന്ത്' എന്നു പറയപ്പെട്ടുപോന്ന മൌലാനാ മഹ്മൂദുൽഹസൻ തൻെറ 'മർസിയ്യ' എന്ന കൃതിയിൽ സ്വഗുരുവായ മൌലവി റശീദ് അഹ്മദ് ഗംഗോഹിയെക്കുറിച്ചു 'ഖാതമുൽഔലിയാ വൽമുഹദ്ദിസീൻ' എന്നും, ഹസ്രത്ത് ശാഹ് അബ്ദുൽ അസീസ് തൻെറ 'ഉജാല നാഫിഅഃ' എന്ന പുസ്തകത്തിൽ ഹസ്രത്തു വലിയ്യുല്ലാഹ്ദഹ്‌ലവിയെക്കുറിച്ചു 'ഖാതമുൽമുഹദ്ദിസീൻ' എന്നും പ്രസ്താവിച്ചിട്ടുണ്ട്. ഇപ്രകാരംതന്നെ 'മഖാമാത്തുൽഹരീരി' എന്ന ഗ്രന്ഥത്തിൻെറ മുഖപത്രത്തിൽ തൽകർത്താവായ അൽഖാസിംബിൻ അലിയെ 'ഖാതമുൽബുലഗാ' എന്നും, 'മുഅത്താ'യുടെ 'ശറ്ഹി'ൻെറ മുഖപത്രത്തിൽ അല്ലാമഃ മുഹമ്മദുസർഖാനിയെ 'ഖാതമുൽമുഹഖ്ഖിഖീൻ' എന്നും, 'ഇത്ഖാൻ' എന്ന ഗ്രന്ഥത്തിൻെറ മുഖപത്രത്തിൽ തൽകർത്താവായ ഇമാം ജലാലുദ്ദീൻ സുയൂത്തിയെ 'ഖാതമുൽമുഫസ്സിരീൻ' എന്നും 'ഖാതിമത്തുൽ മുഹഖ്ഖിഖീൻ' എന്നും, 'ഫുത്തുഹാത്തുൽമക്കിയ്യ' എന്ന ഗ്രന്ഥത്തി

ൻെറ മുഖപത്രത്തിൽ ശൈഖ് ഇബ്നൽഅറബിയെ 'ഖാതമുൽഔലിയാ' എന്നും, 'ഫത്ഹുൽ മുഈൻ' എന്നതിൻെറ ആരംഭത്തിൽ അല്ലാമഃ ഇബ്നു ഹജരിൽ ഹൈതമിയെ 'ഖാതിമത്തുൽ മുഹഖ്ഖിഖീൻ' എന്നും, 'മിൻഹാജുസ്സുന്നത്'' എന്ന ഗ്രന്ഥത്തിൻെറ മുഖപത്രത്തിൽ തൽകർത്താവായ ശൈഖുൽ ഇസ്ലാം ഇബ്നുതീമിയയെ, ഖാതിമത്തുൽമുജ്തഹിദീൻ' എന്നും, റശീദ്‌രിസായുടെ 'തഫ്സീറുൽഫാതിഹഃ' എന്ന കൃതിയിൽ ശൈഖ് മുഹമ്മദ് അബ്ദുഹുവിനെ 'ഖാതിമത്തുൽ അയിമ്മഃ' എന്നും അഭിധാനം ചെയ്യുകാണുന്നു. ഇപ്രകാരമുള്ള ബഹുമാനപ്പട്ടങ്ങൾ മതപണ്ഡിതന്മാർ പല മഹാന്മാർക്കും നൽകിക്കാണാം. ഇതിനുപുറമെ, വരുന്ന മഹ്ദിയെക്കുറിച്ചു ശൈഖ് മുഹ്യുദ്ദീനിബ്നി അറബി (റ) 'ഫുസൂസുൽഹികം' എന്ന ഗ്രന്ഥത്തിൽ 'ഖാതമുൽ ഔലാദ്'' എന്നും 'ഖാതമുൽ ഔലിയാ' എന്നും പ്രസ്താവിച്ചുകാണുന്നുമുണ്ട്. ആകയാൽ, 'ഖാതം' എന്ന പദത്തിനു നമ്മുടെ ഗ്രന്ഥകർത്താവു കൽപിക്കുന്ന അർത്ഥം സാധുവാകുന്നപക്ഷം, ഇമാം‌മഹ്ദിക്കുശേഷം ഒരു 'വലി'യും ഉണ്ടാവാൻ പാടില്ലെന്നു മാത്രമല്ല, മനുഷ്യസന്താനം തന്നെയും ഉണ്ടാവാൻ പാടില്ലെന്നും പറയേണ്ടിവരുന്നതാണ്. ചുരുക്കത്തിൽ, 'ഖാതം' എന്ന പദത്തെ സമൂഹാർത്ഥകമായ മറെറാരു പദത്തോടുചേർത്തു ഒരാളുടെ സ്തുതിയായി പ്രയോഗിക്കുന്നതായാൽ, അതിനു ആ സമൂഹത്തിൽ 'ശ്രേഷ്ഠൻ' എന്നു മാത്രമാണ് അർത്ഥമുള്ളതെന്നു മേല്പടി ഉദാഹരണങ്ങളാൽ ധാരാളം വ്യക്തമായിരിക്കുന്നു. ഇങ്ങനെ പ്രസ്തുത പദത്തെ സമൂഹാർത്ഥകമായ ഏതു പദത്തോടു ചേർത്തുപറയുന്നതായാലും ആ സമൂഹത്തിലെ ഒരു വ്യക്തിയൊഴികെ ശേഷിച്ചവരെല്ലാം ഇല്ലാതായിപ്പോവുകയെന്നതു ശരിയല്ലാത്തതുകൊണ്ടു, അതിനു അവ

രിൽ 'അന്ത്യൻ' എന്ന മാത്രമേ അർത്ഥമുള്ളു എന്നു പറയു ന്നതു സാധുവായിരിക്കാവുന്നതെങ്ങനെ? ഒരു സമൂഹത്തെ കുറിക്കുന്ന പദത്തോടു പ്രസ്തുത പദം ചേർത്തു പറഞ്ഞിട്ടു ള്ളതിൽ അതു കുറിക്കുന്ന ഒരു വ്യക്തിയൊഴികെ ആ സ മൂഹത്തിലെ മററു വ്യക്തികളെല്ലാം നശിച്ചുപോയതായി തെളിയിക്കുന്ന ഒരുദാഹരണമെങ്കിലും കാണിച്ചുതരുവാൻ ഗ്രന്ഥകർത്താവിനു കഴിയുമോ? ദൃഷ്ടാന്തമായി രാജാക്കൻമാ ർ മന്ത്രിമാർ, പ്രഭുക്കന്മാർ, വലിമാർ, മുഹദ്ദിസുകൾ, മു ഫസ്സിറുകൾ, കവികൾ എന്നിങ്ങനെയുള്ള സമൂഹാത്മക മായ ഏതു പദത്തോടു 'ഖാതം' എന്ന പദം ചേർത്തു ഒരാളുടെ സ്തുതിയായി പ്രയോഗിക്കുന്നതായാലും അതിനു ആ സ മൂഹത്തിൽ 'അന്ത്യൻ' എന്ന അർത്ഥം വിവക്ഷിക്കുവാൻ സാദ്ധ്യമല്ല. അതിനാൽ 'ഖാതം' എന്ന പദം സമൂഹത്തെ കുറിക്കുന്ന മററൊരു പദത്തോടു ചേർത്തു ഒരാളുടെ സ്തുതി യായി ഉപയോഗിക്കുന്നതായാൽ അതിനു ആ സമൂഹ ത്തിൽ 'ശ്രേഷ്ഠൻ' എന്ന അർത്ഥമല്ലാതെ, ആ പദം കുറി ക്കുന്ന ഒരു വ്യക്തിയൊഴികെ ആ സമൂഹത്തിലെ മററും വ്യക്തികളെല്ലാം ഇല്ലാതാവുന്ന തരത്തിൽ അവരിൽ 'അ ന്ത്യൻ' എന്നു അർത്ഥമാണെന്നു ഒരു വിധത്തിലും പറ യുവാൻ പാടുള്ളതല്ല. അതല്ലെങ്കിൽ, ഒരാളെക്കുറിച്ചു 'ഖാ തമുൽ മുലൂക്' എന്നോ, 'ഖാതമുൽ വുസറാ' എന്നോ, 'ഖാ തമുൽ ഔലിയാ' എന്നോ, 'ഖാതമുൽ ഫുഖഹാ' എന്നോ, 'ഖാതമുൽ മുജ്തഹിദീൻ' എന്നോ മററൊ പറഞ്ഞാൽ അ യാൾക്കുശേഷം വേറെ രാജാവോ, മന്ത്രിയോ, വലിയോ, ഫഖീഹോ, മുജ്തഹിദോ ഉണ്ടായിരിക്കാവതല്ലെന്നും പ റയേണ്ടിവരും. എന്നാൽ, ഏതെങ്കിലുമൊരു സമൂഹത്തി ലെ ഒരു വ്യക്തിമാത്രം ഒഴികെയുള്ളവരെല്ലാം ഇല്ലാതാ യിപ്പോകയും ആ ഒരു വ്യക്തിയെക്കുറിച്ചു ഇപ്രകാരം

'ഖാതം' എന്ന പദമുപയോഗിക്കുകയും ചെയ്തതിലേക്കു തെളിവു കാണിക്കുവാൻ ഗ്രന്ഥകർത്താവിനു സാധിക്കുന്നതല്ല. തന്നേയുമല്ല, ഒരു സമൂഹത്തിലെ എല്ലാ വ്യക്തികളും നശിച്ച ഒരാംമാത്രം ശേഷിക്കുകയെന്നതു അയാൾക്കു ഒരു ബഹുമതി ആയ്രിക്കുകയോ, അങ്ങനെ ശേഷിക്കുന്ന ഒരാൾ അവരിൽ ശ്രേഷ്ഠനാണെന്നു വരുകയോ ചെയ്യുന്നതുമല്ല അതിനാൽ 'ഖാതം' പദത്തെ സമൂഹത്തെ കുറിക്കുന്ന ഒരു പദത്തോടുചേർത്തു ഒരാളുടെ സ്തുതിയായി പ്രയോഗിക്കുന്നതായാൽ അതിനു അവരിൽ 'ശ്രേഷ്ഠൻ' എന്നു മാത്രമെ അർത്ഥം വിവക്ഷിക്കുവാൻ പാടുള്ളു എന്നു നല്ലപോലെ വ്യക്തമാകുന്നു. ഇങ്ങനെ സ്തുതിവചനമായി ഉപയോഗിച്ചാൽ അതിനു 'ശ്രേഷ്ഠൻ' എന്നയർത്ഥമല്ലെന്നും ആ സമൂഹത്തിലെ വ്യക്തികളെല്ലാം ഇല്ലാതായി അവസാനത്തിൽ ശേഷിക്കുന്ന ആൾ എന്നാണ് അതിൻെറ അർത്ഥമെന്നും തെളിയിക്കുന്ന ഒരു ഉദാഹരണം നമ്മുടെ ഗ്രന്ഥകർത്താവു കാണിക്കുന്നതുവരെ അദ്ദേഹത്തിൻെറ പ്രസ്തുത ന്യായം സ്വീകാര്യമായിരിക്കയില്ല.

'ഖാതം' എന്ന പദം സമൂഹത്തെ കുറിക്കുന്ന ഒരു പദത്തോടു ചേർത്തു ഒരാളുടെ സ്തുതിയായി ഉപയോഗിക്കുന്നതായാൽ, അതിൻെറ അർത്ഥം ആ സമുഹത്തിൽ എല്ലാ വ്യക്തികളെക്കാളും ഗുണമഹിമകൊണ്ടു ശ്രേഷ്ഠനായ ആൾ എന്നാണെന്നു ഇമാംറാസിയുടെ താഴെ കാണിക്കുന്ന വാക്യത്തിൽനിന്നു മനസ്സിലാകുന്നു. അദ്ദേഹം പറയുന്നു:

عِنْدَ هٰذِهِ الدَّرَجَةِ فَازُوا بِالْخَاتَمِ الأَرْبَعَةِ

الْوُجُودِ وَالْحَيَاةِ وَالْقُدْرَةِ وَالْعَقْلِ فَالْعَقْلُ

خاتم الكل والخاتم يجب أن يكون أفضل
ألا ترى أن رسولنا صلعم لما كان خاتم النبيين
كان أفضل الانبياء عليهم الصلوة والسلام
والانسان لما كان خاتم المخلوقات الجسمانيه كان
أفضلها فكذالك العقل لما كان خاتم الخلع
الفائضة من حضرت ذى الجلال كان افضل
الخلع واكملها

''ഈ പദവിയിലെത്തിയ ആളുകൾക്കു നാലു സ്ഥാനങ്ങൾ ലഭിക്കുന്നു. അതായതു വുജൂദ്, ഹയാത്, ഖുദ്റത്, അകൽ എന്നിവതന്നെ. 'അകൽ' എല്ലാററിൻെറയും 'ഖാതം' ആയിരിക്കകൊണ്ടു അതു ശ്രേഷ്ഠമായിരിക്കേണ്ടതാണ്. നമ്മുടെ നബിതിരുമേനി (സ) പ്രവാചകന്മാർക്കെല്ലാം 'ഖാതം' ആയപ്പോൾ പ്രവാചകന്മാരിൽ ശ്രേഷ്ഠനായതു കണ്ടില്ലേ? മനുഷ്യൻ സൃഷ്ടികൾക്കു 'ഖാതം' ആയിരിക്കുന്നതുകൊണ്ടു അവൻ അവയിലെല്ലാം ശ്രേഷ്ഠനായിരിക്കുന്നു. ഇപ്രകാരംതന്നെ 'അകൽ' അല്ലാഹുവിങ്കൽനിന്നു ലഭിച്ച സമ്മാനങ്ങളിൽ 'ഖാതം' ആയതുകൊണ്ടു അതു ശ്രേഷ്ഠവും പരിപൂർണ്ണവും ആയതാകുന്നു'' (കബീർ വാല്യം. 6. ഭാ. 22). ഈ ഉദ്ധാരണത്തിൽനിന്നു, 'ഖാതം' എന്ന പദം സമൂഹത്തെ കുറിക്കുന്ന വേറൊരു പദ

ത്തോടു ചേൎന്ന ഒരാളുടെ സ്തുതിയായി വരുമ്പോൾ അതിൻെറ അൎത്ഥമെന്തെന്നു നല്ലപോലെ സ്പഷ്ടമായിരിക്കുന്നു. അതിനു 'അന്ത്യൻ' എന്നാണൎത്ഥമെങ്കിൽ, 'അകൽ' എന്ന അനുഗ്രഹം മനുഷ്യനു ലഭിച്ചതിൽപിന്നെ വേറൊരു അനുഗ്രഹവും ലഭ്യമായിട്ടില്ലെന്നും മനുഷ്യൻ സൃഷ്ടികളിൽ അന്ത്യനായിരിക്കുന്നതുകൊണ്ടു ഇതരസൃഷ്ടികളെല്ലാം നാസ്തിയായിപ്പോകേണ്ടതാണെന്നും വരുന്നതാണ്.

'ഖാതം' എന്ന പദത്തെ സമൂഹത്തെ കുറിക്കുന്ന ഒരു പദത്തോടു ചേൎത്തു ഒരാളുടെ ശ്രേഷ്ഠതയെ കാണിക്കുന്നതിനു ഉപയോഗിക്കാറുള്ള പോലെത്തന്നെ, അതിൻെറ ധാതുവായ 'ഖത്മ്'' (ختم) എന്നതിൻെറ ക്രിയാരൂപങ്ങളെയും ഉപയോഗിച്ചുവരുന്നുണ്ടു. ഇതിലേക്കു ഏതാനും ഉദാഹരണങ്ങൾ കാണിക്കാം. ഹസ്രത്ത് ശൈഖ് ജൈലാനി (റ) പറഞ്ഞിരിക്കുന്നതാവിതു: —

فحينئذٍ تكونُ وارثَ كلِّ رسولٍ ونبيٍّ وصدّيقٍ

بكَ تختَمُ الولايةُ

''ഉപരിയായ സ്ഥാനത്തിൽ എത്തിയാൽ നീ എല്ലാ റസൂൽമാരുടെയും നബിമാരുടെയും സിദ്ദീഖുമാരുടെയും അനന്തരാവകാശിയായിത്തീരുകയും, നിന്നെക്കൊണ്ടു 'വിലായത്'' മുദ്രവെക്കപ്പെടുകയും അഥവാ അവസാനിപ്പിക്കപ്പെടുകയും അതായതു: നീ ഖാതമുൽ ഔലിയാ ആയിത്തീരുകയും ചെയ്യുന്നതാണ്.'' (ഫുതൂഹുൽഗൈബ്, 4-ാം മഖാല). ഇവിടെ വിലായത് 'ഖത്മ്'' ചെയ്യപ്പെടും അഥവാ അവസാനിപ്പിക്കപ്പെടും എന്നു ഹസ്രത്ത്

ജെലാനി പറഞ്ഞതിൻെറ താല്പയ്യം, ആ സ്ഥാനം ഒരാാംക്ക ലഭിച്ചാൽ അയാാംക്കശേഷം വേറൊരു 'വലി'യും ഉണ്ടായിരിക്കുന്നതല്ല എന്നായിരിക്കുവാൻ പാടില്ലല്ലൊ. അതിനു, വലിമാരിൽ ശ്രേഷ്ഠനും വിലായത്തിൻെറ ലക്ഷണങ്ങളെയെല്ലാം പൂർത്തീകരിച്ചിരിക്കുന്നയാളും ആയിരിക്കുന്നതാണെന്നു മാത്രമെ അർത്ഥമാക്കുവാൻ പാടുള്ളു. ഇപ്രകാരംതന്നെ ഇമാംശാഫിഈയെ കീർത്തനം ചെയ്തുകൊണ്ടു ഒരു കവി പറഞ്ഞിരിക്കുന്നതു കാണുക:—

*الشَافِعِى اِمَامُ كُلّ قَبِيلَةٍ
زَادَتْ مَنَاقِبُهُ علَى الآلَاف
الخَتم نبوةَ وَالولايةَ رَبُّنَا
بِمُحَمَّدَينِ هُمَا لِعَبْدِ مَنَافِ

''ശാഫി'ഈ എല്ലാ ഗോത്രങ്ങളുടെയും നേതാവാകുന്നു. അദ്ദേഹത്തിൻെറ ഗുണമഹിമകാം ആയിരോപിആയിരമാണ്. നമ്മുടെ ദൈവം അബ്ദുമനാഫു് ഗോത്രക്കാരായ രണ്ടു മുഹമ്മദുമുഖാന്തരം നബുവ്വത്തിനെയും വിലായത്തിനെയും 'ഖത്മ്' ചെയ്തിരിക്കുന്നു'' (അത്തുഹ്ഫത്തുസ്സുനിയ്യ. ഭാ. 45). ഇവിടെ പ്രവാചകത്വത്തെ 'ഖത്മ്' ചെയ്തിരിക്കുന്നുവെന്നു പറഞ്ഞതിൻെറ താല്പയ്യം, നബിതിരുമേനിക്കുശേഷം ഒരു പ്രകാരത്തിലുള്ള പ്രവാചകത്വവും ഉണ്ടാ

* അശ്ശാഫിഇയ്യു ഇമാമു കുല്ലി ഖബീലതിൻ
സാദത് മനാഖിബുഹു അലൽ ആലാഫി
ഖതമുന്നുബുവ്വത വൽ വിലായത റബ്ബുനാ
ബി മുഹമ്മദൈനി ഹുമാ ലി അബ്ദിമനാഫി.

യിരിക്കുന്നതല്ലെന്നാണെങ്കിൽ, വിലായത്തിനെ 'ഖത്‌മ്'' ചെയ്തിരിക്കുന്നുവെന്നതിൻെറ താൽപര്യം ഇമാംശാഫി ഇക്ക ശേഷം ഒരു വലിയ്യം ഇല്ലെന്നു ആയിരിക്കേണ്ടതാണല്ലൊ. ഇതേപ്രകാരംതന്നെ 'താരീഖു ആദാബില്ലുഗതിൽ അറബിയ്യ' എന്ന ഗ്രന്ഥത്തിൽ ഇങ്ങനെ പറഞ്ഞുകാണുന്നു:—

قَالُوا اِنَّ الشِّعْرَ خَتَمَ بِاَبِى فِرَاس كَمَا بُدِئَ

بِاَمْرِءِ الْقَيْسِ الْكِنْدِى

''കവിത, ഇംറഉൽഖൈസിൽ കിന്തിയാൽ ആരംഭിക്കപ്പെട്ടപ്രകാരംതന്നെ, അബൂഫർറാസ് മുഖാന്തരം അവസാനിപ്പിക്കപ്പെട്ടുമിരിക്കുന്നു.'' ഇവിടെ അവസാനിപ്പിക്കപ്പെട്ടു എന്നു പറഞ്ഞതിൻെറ താൽപര്യം, അബൂഫർറാസിനുശേഷം ഒരു കവിയോ, കവിതയോ ഉണ്ടായിട്ടില്ലെന്നല്ല; കവിത അതിൻെറ പരിപൂർണ്ണാവസ്ഥയിൽ എത്തിയതു അബൂഫർറാസ് മുഖാന്തരമാണെന്നു മാത്രമാകുന്നു. അറബിസാഹിത്യഗുരുവായ അസ്സഈ خَتَمَ الشِّعْرُ بِاِبْرَاهِيمَ ابْنِ هُرْمَةَ ''ഹുർമത് മകൻ ഇബ്രാഹീമിനാൽ കവിത 'ഖത്‌മ്'' ചെയ്യപ്പെട്ടിരിക്കുന്നു''† എന്നു പറഞ്ഞിട്ടുള്ളതും ഈ അർത്ഥത്തിൽ തന്നെയാണ്. ഈ ഉദാഹരണങ്ങളിൽനിന്നു, 'ഖത്‌മ്'' എന്ന പദത്തിനു 'അവസാനിപ്പിക്കുക' എന്നു അർത്ഥമെടുക്കുന്നതായാലും അതിൻെറയും താൽപര്യം 'ഗുണങ്ങളെയെല്ലാം പൂർത്തീകരിക്കുക' എന്നാണെന്നു മനസ്സിലാകുന്നു. ഇതേപ്രകാരം, നബിതിരുമേനിയെ 'ഖാതമുന്നബിയ്യീൻ' എന്നു അഭിധാനം ചെയ്തിരിക്കുന്നതു പ്ര

† 'താരീഖ് ഇബ്‌നു അസാകിർ' നോക്കുക.

വാചകത്വത്തിന്റെ സകലഗുണങ്ങളും മററാരിലുമില്ലാത്ത വിധത്തിൽ തിരുമേനിയിൽ പരിപൂർണ്ണമായിരിക്കുന്നു എന്നു കാണിപ്പാനായിട്ടാണ്. അതിനാലത്രെ വിശ്രുത ഖുർആൻവ്യാഖ്യാതാവായ അല്ലാമഃ റാഗിബ് (൧) 'മുഫ്റദാത്തുൽ ഖുർആൻ' എന്ന ഗ്രന്ഥത്തിൽ خاتم النبيين لانه ختم النبوة اى تممها بمجيئه "തിരുമേനി ഖാതമുന്നബിയ്യീനാണ ; കാരണം, തിരുമേനി പ്രവാചകത്വത്തെ 'ഖത്മ്' ചെയ്തിരിക്കുന്നു; അതായതു, തന്റെ വരവുകൊണ്ടു അതിനെ പരിപൂർണ്ണമാക്കിയിരിക്കുന്നു" എന്നു പറഞ്ഞിട്ടുള്ളതു. ഈ അർത്ഥപ്രകാരം, തിരുമേനിയെ 'ഖാതമുന്നബിയ്യീൻ' എന്നു പറയുന്നതു, മററു പ്രവാചകന്മാർക്കില്ലാത്ത ഗുണമഹിമകളോടുകൂടിയ പരിപൂർണ്ണപ്രവാചകൻ, എന്ന അർത്ഥത്തിലാണെന്നു സിദ്ധിക്കുന്നു. ആയതുകൊണ്ടാണ് 'ബിഗ്‌യത്തുർറായിദ് ഫീ ശറ്ഹിൽ അഖായിദ്" (بغية الرائد فى شرح العقائد) എന്ന ഗ്രന്ഥത്തിൽ അല്ലാമഃ സിദ്ദീഖ്ഹസൻ ഇങ്ങനെ പറഞ്ഞിരിക്കുന്നതു:—

چون بارى تعالى آنحضرت را خاتم پيغمبران گردانيد
كما قال ولكن رسول الله وخاتم النبيين پس مثل وے
در خارج بحسب منطوق اين آية واقعه موجوده شدنى نيست

"അല്ലാഹു നബിതിരുമേനിയെ 'പ്രവാചകന്മാരുടെ ഖാതം' എന്നു അഭിധാനം ചെയ്തിരിക്കുന്നതുകൊണ്ടു തിരുമേനിയെപ്പോലുള്ള ഒരു പ്രവാചകൻ വരുകയെന്നതു ഒരിക്കലും

സംഭാവ്യമല്ല.'' ഇതിനുപുറമെ, സൂഫിയാക്കളുടെ നേതാവും ലോകവിശ്രുതനുമായ മൌലാനാ റൂമി(റ) തന്റെ 'മസ്'നവി' എന്ന കാവ്യഗ്രന്ഥത്തിൽ നബിതിരുമേനിയുടെ ഗുണമഹിമകളെ വിവരിച്ചതിനെ തുടർന്നു ഇപ്രകാരം പറഞ്ഞുകാണുന്നു:—

بهرأين خاتم شد است او كه بجود
مثل اونے بودنے خواهند بود
چونکه در صنعت برد أستاد دست
نے تو گوئی ختم صنعت بر تواست

''ഇക്കാരണത്താൽ തിരുമേനി 'ഖാതം' ആയിരിക്കുന്നു. എന്തെന്നാൽ, ഔദാര്യത്തിൽ തിരുമേനിയെപ്പോലെ ഒരാളും ഉണ്ടായിട്ടില്ല; ഇനി ഉണ്ടാകുന്നതുമല്ല. കൈവേലയിൽ നൈപുണ്യം സമ്പാദിച്ച ഒരാളെക്കുറിച്ചു, കരകൌശലം നിങ്ങളിൽ അവസാനിച്ചിരിക്കുന്നു എന്നു പറയുന്നില്ലേ? അതുപോലെതന്നെ (തിരുമേനിയിൽ പ്രവാചകത്വം അവസാനിച്ചിരിക്കുന്നു എന്നു പറയുന്നതും).''*

ചുരുക്കത്തിൽ, 'ഖാതം' എന്ന പദം സമൂഹത്തെ കുറിക്കുന്ന മറ്റൊരു പദത്തോടു ചേർന്നു ഒരാളുടെ സ്തുതിയായി വരുമ്പോൾ അതിനു ആ സമൂഹത്തിൽ 'അന്ത്യൻ' എന്നർത്ഥമാകുന്നതാണെന്നു പറയുന്നതു സ്വീകാര്യമല്ല. എന്തുകൊണ്ടെന്നാൽ, പ്രസ്തുതപദം സമൂഹാർത്ഥക

* മസ്'നവി, 6-ാം ദഫ്'തർ, 2-ാം ബാബ്'.

മായ മറെറാരു പദത്തോട്ട ചേത്തു ഒരാളെ സംബന്ധി ച്ച പ്രയോഗിക്കുന്നതായാൽ, അയാരം ആ സമൂഹത്തി ലെ മറെറല്ലാ വ്യക്തികളും ഇല്ലാതായതിനശേഷം അ ന്ത്യനായി അവശേഷിക്കുന്ന ഒരു വ്യക്തിയായിരിക്കു മെന്നതിലേക്ക യാതൊരു സമൂഹത്തിൻെറ ദൃഷ്ടാന്തത്തെ യും എടുത്തുകാണിക്കുവാൻ ഗ്രന്ഥകത്താവിനു സാധിക്കു ന്നതല്ല. അഥവാ കാണിക്കുന്നതായാൽതന്നെ, ആ സമൂ ഹത്തിലെ വ്യക്തികളെല്ലാം ഇല്ലാതായി അവരിൽ അ ന്ത്യനായിരിക്കുമാറു ശേഷിക്കുകയെന്നതു അയാരംക്കു ബ ഹുമതിയായിരിക്കുകയോ, അയാരം അവരിൽ അന്ത്യനാ യിരിക്കുന്നതുകൊണ്ടു മറെറല്ലാ വ്യക്തികളെക്കാളും ശ്രേഷ്ഠനായിരിക്കുകയോ ചെയ്യുന്നതുമല്ല. അതിനാൽ ഒരാ ളുടെ ബഹുമതിയെ കുറിക്കുന്നതിനായി പ്രസ്തുതപദം സമൂഹത്തെ കുറിക്കുന്ന ഒരു പദത്തോട്ട ചേത്തു ഉപയോ ഗിക്കുന്നതായാൽ, ആ നിർദ്ദിഷ്ട സമൂഹത്തിൽ അയാരം 'ശ്രേഷ്ഠൻ' ആയിരിക്കുമെന്നു മാത്രമാണ് അതുകൊണ്ടു ള്ള വിവക്ഷ. എന്നാൽ, ഈ പദത്തെ ഇത്തരത്തിൽ ഒ രാളുടെ ബഹുമതിപ്പേരായി സവ്വജ്ഞനായ അല്ലാഹു പ്ര യോഗിക്കുന്നതിനും പരിമിതജ്ഞാനിയായ മനുഷ്യൻ ഉ പയേഗിക്കുന്നതിനും തമ്മിൽ പ്രത്യക്ഷമായ ഒരു അന്ത രമുണ്ട. അതായതു, മനുഷ്യൻ സർവ്വജ്ഞനും രഹസ്യജ്ഞ നും അല്ലായ്കയാൽ, അവൻ ഒരാളെ ഒരു സമൂഹത്തോ ട്ട സംബന്ധിപ്പിച്ച 'ഖാതം' എന്ന പദംകൊണ്ട വിശേ ഷിപ്പിക്കുന്നപക്ഷം, അയാരം ആ സമൂഹത്തിൽ മുമ്പുകഴി ഞ്ഞവരും ഇനിയുണ്ടാകാനിരിക്കുന്നവരുമായ സകല വ്യ ക്തികളെക്കാളും ശ്രേഷ്ഠനായിരിക്കേണമെന്നില്ല. എന്നാ ൽ, സകലജ്ഞനായ അല്ലാഹു ഒരാളെക്കുറിച്ച പ്രസ്തുത തരത്തിൽ പറയുന്നതായാൽ. അയാരം ആ സമൂഹത്തി ൽ മുമ്പു കഴിഞ്ഞവരും മേലിൽ ഉണ്ടാകാനിരിക്കുന്നവരുമാ

യ സർവ്വരെക്കാളും ശ്രേഷ്ഠനായിരിക്കുന്നതാണ്. തന്മൂലം, ഒരാരം മററൊരാളെക്കുറിച്ച 'ഖാതമുശ്ശുഅറാ' എന്നോ മററൊ പ്രശംസിച്ചുപറയുന്നതായാൽ, അയാരം മററയാളുടെ അഭിപ്രായത്തിൽ 'കവിശ്രേഷ്ഠൻ' ആയിരിക്കുമെന്നേ അതിനർത്ഥമുള്ളു. എന്നാൽ, ഈ ബഹുമതിപ്പട്ടം നൽകുന്നതു അല്ലാഹുവാണെന്നുവരുകിൽ, അതു ലഭിക്കുന്നയാരം വാസ്തവത്തിൽ കവിസമൂഹത്തിലെ സകലവ്യക്തികളെക്കാളും ശ്രേഷ്ഠനായിരിക്കുന്നതാണ്. ആകയാൽ, 'ഖാതമുന്നബിയ്യീൻ' എന്ന വചനത്തിനു അറബിസാഹിത്യപ്രകാരമുള്ള വാസ്തവമായ അർത്ഥം 'പ്രവാചകത്വത്തിന്റെ സകല ഗുണങ്ങളെയും 'പൂർത്തീകരിച്ച് പ്രവാചകന്മാരിൽ സർവ്വശ്രേഷ്ഠനായിരിക്കുന്നയാരം' എന്നാണെന്നു സമ്മതിക്കാതെ നിവൃത്തിയില്ല.

'ആഖിറുൽഖൌം' എന്നതിന്റെ വിവക്ഷിതം.

'ഖാതമുന്നബിയ്യീൻ' എന്നതിന്റെ അർത്ഥം 'അന്ത്യപ്രവാചകൻ' എന്നാണെന്നു വരുത്തുവാൻ ഗ്രന്ഥകർത്താവു പറയുന്ന ന്യായം, "ഖാത്തമുൽ ഖൌമ്" എന്നതിനു 'ജനങ്ങളിൽ അന്ത്യൻ' എന്നർത്ഥം മാത്രമെ കൊടുക്കുവാൻ പാടുള്ളു''* എന്നതാണ്. 'ഖാതമുന്നബിയ്യീൻ' എന്ന വചനത്തിനു 'പ്രവാചകന്മാരിൽ അന്ത്യൻ' എന്നയർത്ഥമാണെന്നു തെളിയിക്കാനായിട്ടാണല്ലൊ 'ഖാതമുൽഖൌം' എന്നതിനെ 'ജനങ്ങളിൽ അന്ത്യൻ' എന്നു അർത്ഥം കല്പിച്ചുകൊണ്ടു അദ്ദേഹം ഉദാഹരിച്ചിരിക്കുന്നതു്. പ്രസ്തുത പദത്തിന നിഘണ്ടുകർത്താക്കരം 'ആഖിറുഹും' എന്നർത്ഥം പറഞ്ഞിട്ടുള്ളതു വാസ്തവംതന്നെ. എന്നാൽ 'ആഖിറുഹും' അഥവാ 'അവരിൽ അന്ത്യൻ' എന്നതിന്റെ താല്പര്യം 'അ

* ഖതമുന്നുബുവ്വത്ത്, ഭാ. 27—28.

വരിൽ ശ്രേഷ്ഠൻ' എന്നല്ലാതെ, 'അവരിൽ അവസാന ത്തെയാരം' എന്നാണെന്നു പറയാവുന്നതല്ല. 'ഖാതം' എന്ന പദം സമൂഹത്തെ കുറിക്കുന്ന മറെറാരു പദത്തോ ടു ചേൎന്നു ഒരാളുടെ സ്തുതിയായി വരുമ്പോരം അതിനു ആ സമൂഹത്തിൽ 'ശ്രേഷ്ഠൻ' എന്നൎത്ഥമാകുന്നപ്രകാരം തന്നെ, 'ആഖിർ' എന്ന പദവും ഇത്തരത്തിൽ പ്രയു ക്തമാകുമ്പോരം അതിനും 'ശ്രേഷ്ഠൻ' എന്നു അൎത്ഥമാകു ന്നതാണ്. അങ്ങനെയല്ലെന്നുവരുകിൽ, 'ഖൌം' അഥ വാ 'ജനസമുദായ'ത്തിലെ വ്യക്തികളെല്ലാം നശിച്ചു ഒടുക്കം ശേഷിക്കുന്ന ഒരാളെക്കുറിച്ചു മാത്രമെ 'ഖാതമുൽ ഖൌം' എന്നു പറയുവാൻ പാടുള്ളു എന്നു വരുന്നതാണ്. ഇങ്ങനെ ഒരു സമുദായത്തിലെ വ്യക്തികളെല്ലാം നശിച്ചു ഒടുക്കം ബാക്കിയായിട്ടുള്ള ഒരാളെ സംബന്ധി ച്ചു 'അവരിൽ അന്ത്യൻ' എന്നയർത്ഥത്തിൽ പ്രസ്തുതപദം ഉപയോഗിച്ചിട്ടുള്ളതായി അറബിസാഹിത്യത്തിൽനിന്നു ഒരു ഉദാഹരണമെങ്കിലും കാണിക്കുവാൻ ആരാലും സാ ധിക്കുന്നതല്ല. അതിനാൽ ഒന്നുകിൽ അറബിസാഹിത്യ ത്തിൽ 'ഖാതമുൽഖൌം' എന്നും 'ആഖിറുൽഖൌം' എ ന്നുമുള്ള പദങ്ങരം ഗ്രന്ഥകൎത്താവു പറയുന്ന അർത്ഥത്തിൽ ഉപയോഗിക്കപ്പെട്ടിട്ടില്ലെന്നോ അഥവാ, പ്രസ്തുത പദ ങ്ങരം 'ശ്രേഷ്ഠൻ' എന്നയൎത്ഥത്തിൽ മാത്രമെ പ്രയുക്ത മായിട്ടുള്ളു എന്നോ സമ്മതിക്കേണ്ടിയിരിക്കുന്നു. ഒന്നാമ ത്തു പറഞ്ഞവിധം സമ്മതിക്കുന്നതായാൽ 'ഖാതമുന്നബി യ്യീൻ' എന്നതിനു ഗ്രന്ഥകർത്താവു വിവക്ഷിക്കുന്ന അ ർത്ഥത്തെ അറബിസാഹിത്യത്തിൽനിന്നു തെളിയിക്കു വാൻ സാദ്ധ്യമല്ലെന്നുവരും. മറെറ വിധത്തിൽ സമ്മതി ക്കുന്നപക്ഷം അതു ഗ്രന്ഥകൎത്താവിൻെറ ഉദ്ദിഷ്ടത്തിനു വിരുദ്ധമായിരിക്കുന്നതാണ്. ചുരുക്കത്തിൽ, 'ഖാതം'

എന്ന പദത്തിന്ന നിഘണ്ടുകർത്താക്കൾ 'ആഖിർ' എന്ന അർത്ഥം കൊടുത്തതും 'ശ്രേഷ്ഠൻ' എന്നയർത്ഥത്തിൽ അല്ലാതെ മററൊരത്ഥത്തിൽ ആയിരിക്കുവാൻ തരമില്ല.

അറബിസാഹിത്യത്തിൽ 'ആഖിർ' പദം 'ശ്രേഷ്ഠൻ' എന്നയർത്ഥത്തിൽ പ്രയോഗിക്കപ്പെട്ടിട്ടുള്ളതിലേക്ക അനേകം ഉദാഹരണങ്ങൾ കാണാം. ഗാലിബ്ഗോത്രക്കാരനായ റബീഅ് എന്നയാളെ സ്തുതിച്ചുകൊണ്ട കൈസ് ഇപ്രകാരം ചൊല്ലിയിരിക്കുന്നു:—

* شرى ودى وشكرى من بعيد—لاخر غالب ابدا ربيع

''എൻെറ സ്നേഹത്തെയും നന്ദിയെയും ദൂരത്തിരുന്നുകൊണ്ട ഗാലിബ് ഗോത്രത്തിൽ എന്നേക്കും 'അന്ത്യനാ'യ ആൾക്ക്വേണ്ടി റബീഅ് വിലക്ക വാങ്ങിയിരിക്കുന്നു'' (അൽഹിമാസഃ-ബാബുൽ അദബ്). ഇവിടെ കവി തൻെറ സ്നേഹിതനായ റബീഅ്നെക്കുറിച്ച തന്നെയാണ് 'ഗാലിബ് ഗോത്രത്തിൽ അന്ത്യൻ' എന്ന പറഞ്ഞിട്ടുള്ളത്. കവി ഇങ്ങനെ പറഞ്ഞതു റബീഅ് ആ ഗോത്രത്തിൽ ശ്രേഷ്ഠനാണെന്ന കാണിപ്പാനായിട്ടാണ്; എന്നല്ലാതെ ആ ഗോത്രത്തിൽ റബീഅ് ഒഴികെയുള്ള സകലരും നശിച്ചുപോയെന്നു കാണിക്കാനായിട്ടല്ല. ഈ പദ്യത്തിൻെറ അത്ഥത്തെ സംബന്ധിച്ച 'ഹിമാസ'യുടെ അറബിഭാഷ്യത്തിൽ ഇപ്രകാരം പ്രസ്താവിച്ച കാണുന്നു:—

وابدا قيد لاخر واراد به نفس ربيع يقول شرى

* ''ശറാ വുദ്ദീ വ ശുക്'രീ മിൻ ബഈദിൻ
ലിആഖിരി ഗാലിബിൻ അബദൻ റബീഉ.

وُدی وشکری منهم ربیع من مکان بعید لرجل

هوآخر بنی غالب ابدا حیث لا یکون مثله فیهم

یعنی شری لنفسه

''ഇവിടെ 'അബദൻ' എന്നു പറഞ്ഞതു 'ആഖിർ' എന്നതിൻെറ വിശേഷണമായിട്ടാണ്. 'ആഖിർ' എന്നതു കൊണ്ടു കവി ഉദ്ദേശിച്ചിരിക്കുന്നതു റബീഅ്നെ തന്നെയാണ്. കവി പറയുന്നതു: എൻെറ സ്നേഹത്തെയും നന്ദിയെയും അവരിൽനിന്നു ബനൂഗാലിബ് ഗോത്രത്തിലെ എന്നേയ്ക്കും അവസാനത്തെവനായ ഒരാൾക്കു വേണ്ടി വിദൂരമായ സ്ഥലത്തിരുന്നുകൊണ്ടു റബീഅ് വിലക്കു വാങ്ങിയിരിക്കുന്നു, എന്നാകുന്നു. എന്നേയ്ക്കും 'അവസാനത്തെവൻ' എന്നു പറഞ്ഞതു അയാളെപ്പോലെ മറെറാരാൾ അവരിൽ ഉണ്ടായിരിക്കുന്നതല്ലെന്നുള്ള അർത്ഥത്തിലാണ്. അതിനാൽ വിലക്കുവാങ്ങി എന്നതു തനിക്കുവേണ്ടി എന്നാകുന്നു.'' ഇതേപ്രകാരം 'ഹിമാസ' യുടെ ഉർദ്ദുഭാഷ്യത്തിൽ പ്രസ്തുത പദ്യത്തെ ഇപ്രകാരം വ്യാഖ്യാനിച്ചിരിക്കുന്നു:

ربیع ابن زیاد نے میری دوستی اورشکر دور بیٹھے

ایسے شخص کے لئے جو بنی غالب میں آخر شخص

ھے یعنی ھمیشه عدیم المثل ھے خرید لیا ھے - اور

مراد عدیم المثل سے ربیع ھے

''റബീഇബ്ന സീയാദ് ദൂരത്തിരുന്നുകൊണ്ടു എൻെറ സ്നേഹത്തെയും നന്ദിയെയും ഗാലിബ്ഗോത്രത്തിൽ അന്ത്യനായ അതായതു എന്നേയ്ക്കും നിസ്തുല്യനായ ആരാക്കു വേണ്ടി വിലക്കവാങ്ങി. നിസ്തുല്യൻ എന്നതുകൊണ്ടു ഉദ്ദേശിക്കപ്പെട്ടതു റബീഅ് തന്നെയാണ്.'' ഈ ഉദാഹരണങ്ങളിൽനിന്ന 'ആഖിറുൽഖൌം' എന്നും 'ആഖിറുൽ അമ്പിയാ' എന്നുമുള്ളതിൻെറ താല്പര്യം അവരിൽ ശ്രേഷ്ഠനും നിസ്തുല്യനും എന്നുതന്നെയാണെന്നു സ്പഷ്ടമായിരിക്കുന്നു.

ഇതിനു പുറമെ, 'ആഖിർ' പദത്തെ സമൂഹാത്മകമായ ഒരു പദത്തോടു ചേർത്തു പ്രസ്തുതാർത്ഥത്തിൽ മുസ്ലിം മതപണ്ഡിതൻമാർതന്നെ ഉപയോഗിച്ചിട്ടുള്ളതിലേക്കു എത്രയോ ദൃഷ്ടാന്തങ്ങൾ കാണിക്കാം. അല്ലാമഃ സുയൂത്തീ (റ) തൻെറ 'അൽഅശ്ബാഹ് വന്നസായിർ' എന്ന ഗ്രന്ഥം 3-ാം വാല്യം 310-ാം ഭാഗത്തിൽ ശൈഖുൽ ഇസ്ലാം ഇബ്നുതീമിയ്യയെക്കുറിച്ചു

وارث الانبياء آخر المجتهدين

''പ്രവാചകൻമാരുടെ അനന്തരാവകാശിയും മുജ്തഹിദുമാരിൽ അന്ത്യനും'' എന്നു പ്രശംസിച്ചിരിക്കുന്നു. ഇവിടെ 'ആഖിറുൽ മുജ്തഹിദീൻ' അഥവാ 'മുജ്തഹിദുമാരിൽ അന്ത്യൻ' എന്നു പറഞ്ഞതിൻെറ താല്പര്യം, അദ്ദേഹത്തിന്നുശേഷം ഒരു മുജ്തഹിദും ഉണ്ടായിട്ടില്ലെന്നും 'ഇജ്തിഹാദി'ൻെറ വാതിൽ അടഞ്ഞുപോയിരിക്കുന്നുവെന്നും ആയിരിക്കാവതല്ലല്ലൊ. അതിനാൽ 'ആഖിറുൽ മുജ്തഹിദീൻ' എന്നതിനു 'മുജ്തഹിദുമാരിൽ ശ്രേഷ്ഠൻ' എന്നയർത്ഥമായിരിക്കുവാനെ പാടുള്ളൂ. തന്നേയു

മല്ല, ശൈഖുൽ ഇസ്ലാം ഇബ്നുതീമിയ്യയെക്കുറിച്ചു അല്ലാമഃ ഇബ്നുഹജർ അസ്കലാനിയും അല്ലാമഃ കമാലുദ്ദീൻ സമൽകാനിയും അവരുടെ ഗ്രന്ഥങ്ങളിൽ 'ആഖിറുൽ മുജ്തഹിദീൻ' എന്നു പറഞ്ഞിട്ടുള്ളതിനെ നമ്മുടെ ഗ്രന്ഥകർത്താവിൻെറ ഗുരുഭൂതനായ ജനാബ് മുഹമ്മദ അബ്ദുൽ ഖാദിർ മൌലവിസാഹിബ് തൻെറ 'ദൌഉസ്സബാഹ്'' (ضوء الصباح) എന്ന പുസ്തകത്തിൻെറ 37-ം 38-ം ഭാഗങ്ങളിൽ എടുത്തു ചേർക്കുകയും അതിനു ''മുജ്തഹിദീങ്ങളിൽ ശ്രേഷ്ഠൻ'' എന്നു അർത്ഥം കൊടുക്കുകയും ചെയ്തിട്ടുണ്ടു. ഇങ്ങനെ, 'ആഖിർ' എന്നതിനു 'ശ്രേഷ്ഠൻ' എന്നു തൻെറ ഗുരുഭൂതൻതന്നെ അർത്ഥം കൊടുത്തിരിക്കെ, അതേ അർത്ഥം 'ആഖിറുൽ ഖൌം,' 'ആഖിറുൽ അമ്പിയാ' എന്നിതുകളിലെ 'ആഖിർ' എന്ന പദത്തിനും കൊടുക്കാതെ, 'അന്ത്യൻ' എന്നു അർത്ഥം കല്പിച്ചതു ഒട്ടും യുക്തമായില്ല. ആകയാൽ, ഒന്നുകിൽ 'മുജ്തഹിദീങ്ങളിൽ ശ്രേഷ്ഠൻ' എന്നു ഗുരു അർത്ഥം കല്പിച്ചതും, അല്ലാമഃ അസ്കലാനിയും സമൽകാനിയും സുയൂത്തിയും ശൈഖ് ഇബ്നു തീമിയ്യയെക്കുറിച്ചു 'ആഖിറുൽ മുജ്തഹിദീൻ' എന്നു പറഞ്ഞതും അബദ്ധമാണെന്നോ, അതല്ലെങ്കിൽ ഹസ്രത്ത് ഇബ്നുതീമിയ്യക്കുശേഷം ഒരു 'മുജ്തഹിദും' ഉണ്ടായിട്ടില്ലെന്നോ, ചിന്താസ്വാതന്ത്ര്യം ലോകത്തിനു നഷ്ടമായിപ്പോയിരിക്കുന്നുവെന്നോ പറയേണ്ടിവരും. ഇനി 'ആഖിറുൽ മുജ്തഹിദീൻ' എന്ന പ്രയോഗം പിൽക്കാലത്തുണ്ടായതാണെന്നു പറഞ്ഞ് മതപണ്ഡിതന്മാരുടെ ആ ഉപയോഗത്തെയും തൻെറ ഗുരുവിൻെറ അർത്ഥത്തെയും ശരിയല്ലെന്നു ഗ്രന്ഥകർത്താവു നിരസിക്കുന്നതായാൽതന്നെ, പുരാതന അറബിസാഹിത്യത്തിലും ഈ പ്രയോഗം ഉള്ളതായി മുൻതെളിയിച്ചിട്ടുള്ളതു

കൊണ്ടു സാഹിത്യത്തിൽ പ്രസ്തുതാർത്ഥം ഇല്ലെന്നു പറയാവതല്ല. 'ഖാതം' എന്നും 'ആഖിർ' എന്നുമുള്ള പദങ്ങൾക്കു അറബിഭാഷയിലുള്ള ഈ അർത്ഥം, അതുമായുള്ള അടുത്ത സമ്പർക്കംമൂലം പാർസി, ഉർദ്ദു എന്നീ ഭാഷകളിലും പ്രയോഗേന വന്നുചേർന്നിട്ടുള്ളതിലേക്കു നിരവധി ദൃഷ്ടാന്തങ്ങൾ കാണിക്കാവുന്നതാണ്. ഉദാഹരണത്തിനു കവിശ്രേഷ്ഠനായ അല്ലാമഃ ഇഖ്ബാലിന്റെ ഒരു കവനതല്ലജത്തിൽനിന്നും രണ്ടു വരികൾ ഇവിടെ ഉദ്ധരിച്ചുകൊള്ളുന്നു:—

چل بسا داغ آہ! میت اُسکی زیب دوش ہے

آخری شاعر جہان آباد کا خاموش ہے

''അയ്യോ, ദാഗ് പോയിക്കളഞ്ഞു! അദ്ദേഹത്തിന്റെ പ്രേതം ചുമലുകൾക്കു ഭൂഷണമായിരിക്കുന്നു. ജഹാനാബാദിലെ (ദില്ലിയിലെ) അന്ത്യനായ കവി മിണ്ടാതായിരിക്കുന്നു.''(ബാൻഗെ ദറാ. ഭാ. 59). ഇഖ്ബാൽ തന്റെ ഗുരുനാഥനായ മഹാകവി ദാഗ് മരിച്ചപ്പോൾ ചൊല്ലിയ ഈ കവിതയിൽ അദ്ദേഹത്തെ 'അവസാനത്തെ കവി' എന്നാണ് പ്രശംസിച്ചിരിക്കുന്നതു. എന്നാൽ, ഇഖ്ബാൽ ഈ പദംകൊണ്ടു വിവക്ഷിച്ചിരിക്കുന്നതു, ദാഗിന്നു ശേഷം ദില്ലിയിൽ കവിതന്നേ ഇല്ലെന്നല്ല, അവിടുത്തെ കവികളിൽ അദ്ദേഹം 'ശ്രേഷ്ഠൻ' ആണെന്നു മാത്രമാണ്. എന്തുകൊണ്ടെന്നാൽ, പ്രസ്തുതോദ്ധാരണത്തെ തുടർന്നു, വലിയ കവികളിൽ അല്ലാമഃ ഹാലി മാത്രമെ അവിടെ ഒരു കവിയായുള്ളു എന്നു പറഞ്ഞുകാണുന്നു. ചുരുക്കത്തിൽ, 'ഖാതം' എന്ന പദത്തിനു നിഘണ്ടുകർത്താക്കൾ 'ആഖിർ' എന്നു അർത്ഥം പറഞ്ഞിട്ടുള്ളതു 'നിസ്തുല്യനും ശ്രേ

ഷ്ഠനും ആയിരിക്കുന്നയാരം' എന്ന അർത്ഥത്തിലല്ലാതെ 'അവസാനത്തെയാരം' എന്നയൎത്ഥത്തിലാണെന്നു വിചാരിക്കുവാൻ നിവൃത്തിയില്ല. അവസാനത്തെയാരം' എന്ന അൎത്ഥത്തിലാണെന്നു വരുകിൽ, അതു സംഭാവ്യമല്ലാത്ത ഒരു അർത്ഥമായിരിക്കകൊണ്ടു അവരെല്ലാം അപ്രകാരം അർത്ഥം വിവക്ഷിച്ചതു നിരർത്ഥകമാണെന്നു സമ്മതിക്കേണ്ടതായിവരും.

ഗ്രന്ഥകർത്താവു 'ഖാതമുൽ ഖൌം' എന്നതിനു 'ജനങ്ങളിൽ അന്ത്യൻ' എന്നാണല്ലൊ അർത്ഥം കൽപിച്ചിരിക്കുന്നതു. ഈ അർത്ഥത്തിൻെറ സാധുതയെക്കുറിച്ചു അദ്ദേഹം കുറഞ്ഞൊന്നു ചിന്തിച്ചിരുന്നുവെങ്കിൽ, യാഥാർത്ഥ്യം അദ്ദേഹത്തിനുതന്നെ മനസ്സിലാക്കാമായിരുന്നു. ലോകത്തിൽനിന്നു ജനങ്ങളെല്ലാം ഇല്ലാതായി ഒരാരം മാത്രം 'ജനങ്ങളിൽ അന്ത്യൻ' എന്ന പേരിന്നർഹനായിരിക്കുമാറു ശേഷിച്ചിട്ടുള്ള ഏതെങ്കിലും ഒരു കാലഘട്ടം നമ്മുടെ ഗ്രന്ഥകർത്താവിനു പറഞ്ഞുതരുവാൻ കഴിയുമോ? കഴിയുകയില്ലെങ്കിൽ, 'ജനങ്ങളിൽ അന്ത്യൻ' എന്ന വാക്കു ഒരിക്കലും പ്രയോഗിക്കാൻ പാടില്ലാത്തതും, പ്രയോഗിക്കുന്നപക്ഷം അതു അസംഭർവവും അർത്ഥശൂന്യവും ആയിരിക്കുന്നതും അല്ലേ? ലോകത്തിൽ കോടിക്കണക്കായ ജനങ്ങളുള്ളതായി കാൺകവെ, അവരിൽ അവസാനത്തെയാരം എന്നയർത്ഥത്തിൽ 'ജനങ്ങളിൽ അന്ത്യൻ' എന്നു ആരെക്കുറിച്ചെങ്കിലും പറയുവാൻ ഗ്രന്ഥകൎത്താവു ധൈര്യപ്പെടുന്നുവെങ്കിൽ അതു ആശ്ചര്യകരംതന്നെ! 'ഖാതമുൽഖൌം' എന്നതു അറബിപദമായതുകൊണ്ടു 'ജനങ്ങളിൽ അന്ത്യൻ' എന്നു പറഞ്ഞതു അറബികളെക്കുറിച്ചു മാത്രമാണെന്നു വരുകിൽ, ഒരാരംമാത്രം ബാക്കിയായിരിക്കുമാറു അറബികളെല്ലാം നശിച്ചുപോയ ഒരു കാലം എപ്പോഴെങ്കിലും

കഴിഞ്ഞിട്ടുള്ളതായി ഗ്രന്ഥകത്താവു പറഞ്ഞുതരേണ്ടിവരും. ഇനി ഖുർആൻ നബിതിരുമേനിക്കു വെളിപ്പെട്ടതാകകൊണ്ടു 'ജനങ്ങളിൽ അന്ത്യൻ' എന്നു പറഞ്ഞതു തിരുമേനിയുടെ ഗോത്രത്തെക്കുറിച്ചു മാത്രമാണെന്നു പറയുന്നപക്ഷം, ഖുറൈശ് വർഗ്ഗമോ, ഹാശിം ഗോത്രമോ അവരിൽ ഒരാളും മാത്രം അവശേഷിക്കുമാറു കേവലം നശിച്ചുപോയിരുന്ന ഒരു കാലം കഴിഞ്ഞിട്ടുണ്ടെന്നു തെളിയിക്കേണ്ടിയിരിക്കുന്നു. എന്നാൽ, ഇങ്ങനെ യാതൊരു സമുദായവും അതിലെ ഒരു വ്യക്തിമാത്രം ശേഷിക്കുമാറു നശിച്ചുപോയ ഒരുകാലം ഉണ്ടായിട്ടില്ലെങ്കിൽപിന്നെ, 'ഖാതമുൽ ഖൌം' എന്നതിന്റെ അർത്ഥം 'ആഖിറുൽഖൌം' എന്നും അതിന്റെ താൽപര്യം 'അവരിൽ അവസാനത്തെവൻ' എന്നുമാണെന്നു പറയുന്നതും, അപ്രകാരംതന്നെ 'ഖാതമുന്നബിയ്യീൻ' എന്നതിന്റെ അർത്ഥം 'ആഖിറുന്നബിയ്യീൻ' എന്നും അതിന്റെ താൽപര്യം 'നബിമാരിൽ അന്ത്യൻ' എന്നുമാണെന്നു പറയുന്നതും ഒരുപ്രകാരത്തിലും ന്യായപൂർവ്വകമായിരിക്കുന്നതല്ല.

മാന്യവായനക്കാരെ! നമ്മുടെ ഗ്രന്ഥകത്താവു 'ഖാതം' എന്ന പദത്തെയാണല്ലൊ നബിതിരുമേനിക്കുശേഷം യാതൊരുപ്രകാരത്തിലുള്ള പ്രവാചകത്വവും ഉണ്ടാകുന്നതല്ലെന്നതിലേയ്ക്കു വലിയ ആധാരമായി കാണിച്ചിരിക്കുന്നതു. ഈ പദം സമൂഹത്തെക്കുറിക്കുന്ന മറെറാരു പദത്തോടു ചേൻവരുമ്പോഴും അതിനു 'അവസാനത്തെയാൾ' എന്നല്ലാതെ വേറൊരു അർത്ഥവും ഉണ്ടാകുന്നതല്ലെന്നാണ് അദ്ദേഹത്തിന്റെ സിദ്ധാന്തം. എന്നാൽ പ്രസ്തുത പദത്തെ സമൂഹാർത്ഥകമായ മറെറാരു പദത്തോടു ചേർത്തു ഒരാളുടെ സ്തുതിയായി ഉപയോഗിക്കുന്നതായാൽ,

അതിന്ന ആയർത്ഥമില്ലെന്നും മറിച്ച അതിൻെറ അർത്ഥം ആ സമൂഹത്തിൽ 'ശ്രേഷ്ഠൻ' എന്നാണെന്നും മേൽവിവരണംകൊണ്ടു നല്ലപോലെ വ്യക്തമായിരിക്കുന്നു. ആകയാൽ, അതിന്ന 'ആഖിറുഹും' എന്ന നിഘണ്ടുകത്താക്കൾ വ്യാഖ്യാനം കൊടുത്തിട്ടുള്ളതു 'അവരിൽ ശ്രേഷ്ഠൻ' എന്ന അർത്ഥത്തിലാണെന്ന സമ്മതിക്കേണ്ടിയിരിക്കുന്നു. അല്ലാത്തപക്ഷം അവരുടെ വ്യാഖ്യാനത്തെ അർത്ഥശൂന്യമെന്നു തള്ളേണ്ടിവരുന്നതാണ്. ഇത്രയുംകൊണ്ട, ഗ്രന്ഥകത്താവിൻെറ മററു ന്യായങ്ങൾ അദ്ദേഹത്തിൻെറ വാദത്തിന്ന പ്രമാണങ്ങളായിത്തീരാതിരിക്കുന്നപോലെത്തന്നേ പ്രസ്തുത ന്യായവും അദ്ദേഹത്തിന്ന തെളിവായിത്തീരുന്നില്ലെന്ന സ്പഷ്ടമായിരിക്കുന്നു.

ഖാതമുന്നബിയ്യീനും ആത്മീയസന്താനവും

''മുഹമ്മദ നിങ്ങളിൽ ഒരു പുരുഷൻെറയും പിതാവല്ല; എന്നാൽ അല്ലാഹുവിൻെറ ദൂതനും പ്രവാചകന്മാരുടെ മുദ്രയും ആണ്'' എന്ന ഖുർആൻ വാക്യത്തിൽ 'മൂന്ന സംഗതികൾ അടങ്ങിയിരിക്കുന്നു' എന്ന ഗ്രന്ഥകത്താവു പറയുന്നതിനെ ഞങ്ങളും സമ്മതിക്കുന്നു. അതായതു, 'ഒരു പുരുഷൻെറയും പിതാവല്ല' എന്ന പറയുമ്പോൾ നബി തിരുമേനിക്ക ഒരു വിധത്തിലുള്ള സന്താനവുമില്ല എന്ന ഒരു 'സന്ദേഹത്തിന്ന അവകാശമുണ്ട്'. ആ സംശയനിവാരണത്തിന്ന 'ലാക്കിൻ' (എന്നാൽ) എന്ന പദം ഉപയോഗിച്ചുകൊണ്ട തിരുമേനി ദൈവത്തിൻെറ പ്രവാചകനാണെന്ന പറയുകയും, തദ്വാരാ തിരുമേനിക്കു ആത്മീയസന്താനമുണ്ടെന്ന സ്ഥാപിക്കുകയും ചെയ്തിരിക്കുന്നു. എന്നാൽ, ആത്മീയസന്താനം മററു പ്രവാചകന്മാർക്കുണ്ടാ

യതുപോലെ മാത്രമെ തിരുമേനിക്കുമുള്ളവെങ്കിൽ, തിരുമേനിക്കു അവരെക്കാരം യാതൊരു ശ്രേഷ്ഠതയും ഇല്ലെന്നു വരുന്നതാണ്. അതിനാലത്രെ 'അല്ലാഹുവിൻെറ ദൂതനാണ്'' എന്നു പറഞ്ഞതിനെ തുടർന്നു 'ഖാതമുന്നബിയ്യീൻ' എന്ന വാക്കുപയോഗിച്ചുകൊണ്ടു മററു പ്രവാചകന്മാക്കു ഇല്ലാത്ത ഒരു സ്ഥാനം തിരുമേനിക്കുള്ളതായി സ്പഷ്ടമാക്കിയിരിക്കുന്നതു. 'റസൂലല്ലാഹി' എന്ന വചനം കൊണ്ടു തിരുമേനിക്കു ആത്മീയസന്താനം ഉണ്ടാകുന്നതാണെന്നു വ്യക്തമായിരിക്കുന്നുവല്ലൊ. എന്നാൽ, അങ്ങനെയുള്ള ആത്മീയസന്താനം മുൻപ്രവാചകന്മാക്കും ഉണ്ടായിട്ടുള്ളതിനാൽ, 'ഖാതമുന്നബിയ്യീൻ' എന്ന വചനം കൊണ്ടു തിരുമേനിക്കു അതിലും ശ്രേഷ്ഠതയേറിയ സന്താനം ഉണ്ടാകുന്നതാണെന്നാണ് സ്ഥാപിച്ചിരിക്കുന്നതു്. 'ലാക്കിൻ' എന്ന പദത്തെ തുടർന്നു 'റസൂലല്ലാഹി' എന്നു പ്രസ്തുത വാക്യത്തിൽ പറഞ്ഞിരിക്കുന്നതു തിരുമേനിയുടെ ആത്മീയപിതൃത്വത്തെ സ്ഥാപിക്കുവാനും തിരുമേനിക്കു ആത്മീയസന്താനമുണ്ടെന്നു കാണിക്കുവാനും വേണ്ടിയാണല്ലൊ. അതിനെത്തുടർന്നു 'ഖാതമുന്നബിയ്യീൻ' എന്നു കൂടി പറഞ്ഞിരിക്കുന്നതു, തിരുമേനി അനുയായികാംക്കു പിതാവായും അവർ തിരുമേനിക്കു പുത്രരായും ഇരിക്കുന്ന ആത്മീയബന്ധുത, മററു പ്രവാചകൻമാർക്കും അനുയായികാംക്കും തമ്മിലുള്ള ബന്ധുത്വത്തെക്കാരം ഉപരിയായ തരത്തിലുള്ളതാണെന്നു കാണിപ്പാനായിട്ടായിരിക്കുവാനെ തരമുള്ളു. അങ്ങനെ ഒരു വിശിഷ്ടത ഈ ബന്ധുത്വത്തിനു ഇല്ലെന്നു വരുകിൽ, തിരുമേനിയെക്കുറിച്ചു 'റസൂലല്ലാഹി' എന്നു പറഞ്ഞതിനെ തുടർന്നു്, അതിലുമുപരിയായ സ്ഥാനത്തെ കുറിക്കുന്ന 'ഖാതമുന്നബിയ്യീൻ' എന്ന വചനം പ്രയോഗിച്ചതു അർത്ഥവത്താകു

ന്നതല്ല. മുൻപ്രവാചകരുടെ അനുയായികൾക്ക സിദ്ധി ച്ചിരുന്ന സ്ഥാനം മാത്രമെ തിരുമേനിയുടെ അനുയായി കൾക്കും ലഭ്യമാകയുള്ളുവെങ്കിൽ, തിരുമേനിയുടെ ആ ത്മീയപിതൃത്വം മററു പ്രവാചകന്മാരുടേതിനെക്കാൾ ഉ പരിയായിട്ടുള്ളതല്ലെന്നു വരുന്നതാണ്. അപ്പോൾ പ്രസ്തു ത വാക്യത്തിൽ 'റസൂലല്ലാഹി' എന്നു പറഞ്ഞതിനെ തുട ർന്ന് 'ഖാതമുന്നബിയ്യീൻ' എന്നു പറയേണ്ട ആവശ്യമി ല്ലെന്നു വരുന്നു. തിരുമേനിയുടെ അനുയായികളിൽ പ്ര വാചകന്മാരുണ്ടാവുകയും തിരുമേനി അവൎക്ക പിതാവാ യിരിക്കുകയും ചെയ്യുമ്പോൾ, പ്രവാചകന്മാരല്ലാത്തവരും തിരുമേനിയുടെ സന്താനപരമ്പരയിൽ ഉൾപ്പെടുകയും തന്മൂലം ഈ പിതൃത്വം അന്ത്യനാൾവരെ നിലനില്ക്കു കയും ചെയ്യും. മറെറാരു പ്രകാരത്തിൽ, തിരുമേനിയു ടെ അനുയായികൾ മുൻപ്രവാചകന്മാരുടെ അനുയായി കളിൽ ഇല്ലാതിരുന്ന സ്ഥാനക്കാർ ഉണ്ടാവുകയും തിരു മേനിയുടെ പിതൃത്വം അനവരതമായി ശേഷിക്കുകയും ചെയ്യുന്നതാണ്. എന്നാൽ, ഗ്രന്ഥകർത്താവിൻെറ അ ർത്ഥപ്രകാരം തിരുമേനിയോടുള്ള ശിഷ്യത്വബന്ധം അ ന്ത്യനാൾവരെ ശേഷിച്ചിരിക്കുമെന്നല്ലാതെ, മററു പ്രവാ ചകന്മാൎക്കുള്ളതിലും മഹത്തരമായ ഒരു പിതൃസ്ഥാനം തി രുമേനിക്കുള്ളതായി സിദ്ധിക്കുന്നില്ല, ഞങ്ങൾ പറയുന്ന അർത്ഥപ്രകാരമാകട്ടെ തിരുമേനിയുടെ ആത്മീയസന്താ നം എണ്ണത്തിൽ മാത്രമല്ല, ഗുണമഹിമയിലും മററു പ്ര വാചകന്മാരുടെ അനുഗാമികളെക്കാൾ മികച്ചവരാണെന്നു കാണാവുന്നതാണ്. എന്തെന്നാൽ, തിരുമേനി പ്രവാച കന്മാൎക്കുതന്നെയും പിതാവായിരിക്കുമ്പോൾ മററുള്ളവ രോടുള്ള തിരുമേനിയുടെ പൈതൃകബന്ധം ഏറെ ഗാഢ തരമായിരിക്കുകയല്ലാതെ ശിഥിലമായിരിക്കുകയില്ല. ആകയാലത്രേ മററു പ്രവാചകന്മാരുടെ അനുയായികൾ

ക്കുള്ള പുത്രബന്ധത്തെക്കാരം ഉൽകൃഷ്ടമായ ഒരു ബന്ധു ത തിരുമേനിയുടെ അനുയായികാംക്കുണ്ടെന്നു സ്ഥാപി ക്കുന്നതിനു പ്രസ്തുത ഖുർആൻവാക്യത്തിൽ 'റസൂലുല്ലാ ഹി' എന്ന പദത്തെത്തുടർന്നു 'ഖാതമുന്നബിയ്യീൻ' എന്ന പദം പ്രയോഗിച്ചിരിക്കുന്നതു ഗ്രന്ഥകർത്താവു പറയുന്ന പോലെ തിരുമേനിയുടെ പിതൃസ്ഥാനം ലോകാവസാനം വരെ ശേഷിക്കുന്നതാണെന്നു കാണിക്കാനായിട്ട മാത്രമാ ണെങ്കിൽ, 'റസൂലുല്ലാഹി' എന്നു പറയാതെ 'ഖാതമുന്ന ബിയ്യീൻ' എന്നു മാത്രം പറഞ്ഞാൽതന്നെ അതു സാദ്ധ്യ മാകുന്നതാണല്ലൊ. അതിനാൽ 'റസൂലുല്ലാഹി' എന്നു പറഞ്ഞതിനെ തുടർന്നു് 'ഖാതമുന്നബിയ്യീൻ' എന്നുകൂടി പറഞ്ഞിട്ടുള്ളതിൽനിന്നു, ഒന്നാമത്തെ സ്ഥാനം മുഖാന്തരം തിരുമേനിക്കുണ്ടാകുന്ന ശിഷ്യരെക്കാരം ഉൽകൃഷ്ടതയുള്ള വർ ഖാതമുന്നബിയ്യീൻ, എന്ന സ്ഥാനം മുഖാന്തരം ഉണ്ടാ യിരിക്കുമെന്നു മനസ്സിലാകുന്നു. അപ്പോരം ഞങ്ങരം പറ യുന്ന അർത്ഥപ്രകാരം 'റസൂലുല്ലാഹി' എന്നും 'ഖാതമുന്നബി യ്യീൻ' എന്നുമുള്ള തിരുമേനിയുടെ രണ്ടു സ്ഥാനങ്ങളെയും എടുത്തു പറയേണ്ടതാവശ്യമാണു്. 'ഖാതമുന്നബിയ്യീൻ' എന്നു മാത്രമാണു് പ്രസ്തുത വാക്യത്തിൽ പ്രസ്താവിച്ചതെ ങ്കിൽ, തിരുമേനിയുടെ ശിഷ്യരിൽ ഒവ്വൊരുവരും മുൻപ്രവാ ചകന്മാരുടെ ശിഷ്യക്കു സിദ്ധിച്ചിട്ടുണ്ടായിരുന്ന സ്ഥാന ത്തെക്കാരം ഉപരിയായ സ്ഥാനം പ്രാപിച്ചവരായിരിക്കു മെന്നു അർത്ഥമാകുന്നതാണു്. ആകയാൽ. 'റസൂലുല്ലാ ഹി' എന്നതുകൊണ്ടു തിരുമേനിയുടെ അനുയായികളിൽ മുൻപ്രവാചകന്മാരുടെ അനുയായികളിലുണ്ടായതുപോലു ള്ള സ്ഥാനക്കാരും, 'ഖാതമുന്നബിയ്യീൻ' എന്നതുകൊണ്ടു മുൻപ്രവാചകൻമാരുടെ ശിഷ്യരിൽ ഉണ്ടായിരുന്ന സ്ഥാ നികൻമാരെക്കാരം ഉപരിയായ സ്ഥാനക്കാരും ഉണ്ടാകു

ന്നതാണെന്നു സ്ഥാപിച്ചിരിക്കുന്നു. ശ്രേഷ്ഠരായുള്ള പ്രവാചകൻമാർക്കുടിയും തിരുമേനിയുടെ അനുയായികളിൽ ഉണ്ടാകുന്നതാണെന്നു വരുമ്പോൾ, തിരുമേനിയുടെ പിതൃസ്ഥാനം എപ്പോഴത്തേയ്ക്കുമുള്ളതാണെന്നു അതിൽനിന്നു താനെ സ്പഷ്ടമാകുന്നു. ആയതുകൊണ്ടത്രേ അല്ലാമഃ മുഹമ്മദുഖാസിം താഴെ കാണുംപ്രകാരം പറഞ്ഞിരിക്കുന്നതു:—

حاصل مطلب اية كريمه اِس صورت ميں يه هوگا كه
اُبوت معروفه تو رسول الله صلعم كو كسى مرد كى
نسبت حاصل نهيں پر اُبوت معنوى امتيوں كى نسبت
بهى حاصل هے اور انبيا كى نسبت بهى حاصل هے
انبيا كى نسبت تو فقط خاتم النبيين شاهد هے

''നബിതിരുമേനിക്കു ഒരു പുരുഷനോടും ശാരീരികമായുള്ള പൈതൃകബന്ധമില്ല; എന്നാൽ ആത്മീയമായ പിതൃബന്ധം അനുയായികളോടും പ്രവാചകൻമാരോടുതന്നേയും ഉണ്ടെന്നാണ് പ്രസ്തുത ഖുർആൻവാക്യത്തിൻെറ താല്പര്യം. പ്രവാചകന്മാരുമായിട്ടും തിരുമേനിക്കു ഈ ബന്ധുതമുണ്ടെന്നുള്ളതിനു 'ഖാതമുന്നബിയ്യീൻ' എന്ന വചനം സാക്ഷിയായിരിക്കുന്നു'' (തഹ്ദീറുന്നാസ്. ഭാ. 10). ചുരുക്കത്തിൽ, മേൽവിവരിച്ചപ്രകാരം ഞങ്ങൾ പറയുന്ന അർത്ഥത്തിൽ, തിരുമേനിയുടെ ആത്മീയപിതൃത്വം കാലം കൊണ്ടും സ്ഥാനംകൊണ്ടും രണ്ടു തരത്തിലും

ശ്രേഷ്ഠമായതാണെന്നു വെളിവാകുന്നു. 'ഖാതമുന്നബിയ്യീൻ' എന്നതു തിരുമേനിയുടെ സ്ഥാനമാഹാത്മ്യത്തെ കുറിക്കുന്ന പദം തന്നേയെങ്കിൽ, അതു ഞങ്ങൾ പറയുന്ന അർത്ഥം മുഖാന്തരമാണ് ശരിയായ നിലയിൽ വെളിപ്പെടുന്നതു്. അതിനാൽ തിരുമേനിയുടെ സ്ഥാനമാഹാത്മ്യത്തിൽ വിശ്വസിക്കുന്ന ആൾക്കും ഈ അർത്ഥത്തെ സമ്മതിപ്പിക്കാതിരിപ്പാൻ നിവൃത്തിയില്ല.

ഗ്രന്ഥകർത്താവിൻെറ അർത്ഥപ്രകാരം അനേകം
'ഖാത്തമുന്നബിയ്യീൻ'മാർ ഉണ്ടായിത്തീരുന്നു

'ഖാതം' എന്ന പദത്തിനു 'മുദ്ര' എന്നു അർത്ഥമുള്ളതായി ഗ്രന്ഥകർത്താവുതന്നെയും സമ്മതിച്ചിരിക്കുന്നതുകൊണ്ടു അതിനെ സംബന്ധിച്ച അധികമൊന്നും പറയേണ്ടതായിട്ടില്ല. എന്നാൽ, 'ഖാതം' എന്നതിനു 'മുദ്ര' എന്നു അർത്ഥമാകുമ്പോൾ 'ഖാതമുന്നബിയ്യീൻ' എന്നതിനു പ്രവാചകന്മാരുടെ 'മുദ്ര' എന്നർത്ഥമാകുന്നു എന്നതു നിസ്തർക്കമാണ്. അതിനാൽ 'ഖാതമുന്നബിയ്യീൻ' എന്നതുകൊണ്ടു നബിതിരുമേനിക്കുശേഷം ഒരു പ്രവാചകനും ഉണ്ടാകുന്നതല്ലെന്നു തെളിയുന്നുവെന്ന വാദം താനെ ദുർബ്ബലപ്പെട്ടുപോകുന്നു. എന്നാൽ, അതിനു 'പ്രവാചകന്മാരുടെ മുദ്ര' എന്നു അർത്ഥം കൊടുക്കുമ്പോൾ, ''പ്രവാചകന്മാർ ലോകത്തിൽ ചെയ്തിരുന്ന പ്രവൃത്തി ഭാവിയിൽ ചെയ്യുന്നതു തിരുമേനി തന്നെയാണെന്നു-അതായതു തിരുമേനിയെ പിന്തുടരുന്നതുകൊണ്ടു മാത്രമെ പരമോന്നതപദവിയിലെത്തുവാൻ മനുഷ്യർക്കു സാധിക്കയുള്ളു വെന്നു-സമ്മതിക്കാതെ നിവൃത്തിയില്ല''* എന്നു ഗ്രന്ഥകർത്താവു പ്രസ്താവിച്ചുകാണുന്നു. ഇതിൽനിന്നു 'ഖാതമുന്നബിയ്യീൻ' എ

* ഖതമുന്നബുവ്വത്ത്, ഭാ. 28.

ന്നതിൻെറ താൽപര്യം 'തിരുമേനിയെ പിന്തുടരുന്നതുകൊണ്ടു മാത്രമെ പരമോന്നതപദവിയിലെത്തുവാൻ മനുഷ്യർക്ക സാധിക്കയുള്ളു എന്നാണെന്നുവരുന്നു. 'പരമോന്നത പദവി' എന്നതു മുൻപ്രവാചകന്മാരിൽ ആരെയും അനുസരിക്കുന്നതുകൊണ്ടു സാദ്ധ്യമാകാതിരുന്ന ഒരു സ്ഥാനമാണെന്നു വരുകിൽ, ആ സ്ഥാനമേതാണെന്നു ഗ്രന്ഥകത്താവുതന്നെ പറഞ്ഞുതരേണ്ടിയിരിക്കുന്നു. എന്നാൽ, മുൻപ്രവാചകന്മാരോടുള്ള തുടർച്ചയും അനുസരണവും കൊണ്ടു പൂർവ്വന്മാക്ക സിദ്ധിച്ചതിലും ഉപരിയായ സ്ഥാനം തിരുമേനിയോടുള്ള അനുസരണംമൂലം അനുയായികാംക്ക കിട്ടുന്നതായി ഗ്രന്ഥകത്താവു സമ്മതിക്കാത്തതുകൊണ്ടു ''പരമോന്നതപദവി'' എന്നു പറഞ്ഞതു, മുൻപ്രവാചകന്മാരെ അനുസരിക്കവഴി അവരുടെ അനുയായികാംക്ക സിദ്ധിച്ച പരമസ്ഥാനംമാത്രം ആയിരിക്കുവാനെ നിവൃത്തിയുള്ളു. അപ്പോാം മുൻകഴിഞ്ഞ ഒവ്വൊരു പ്രവാചകൻെറയും മരണശേഷം അദ്ദേഹത്തിൻെറ ഉപദേശപ്രകാരം നടന്നവക്ക ആ സ്ഥാനം ലബ്ധമായിട്ടുണ്ടെന്നുവന്നു. നബിതിരുമേനി (സ) 'ഖാതമുന്നബിയ്യീൻ' ആണെന്നു പറയുന്നതിൻെറ താല്പര്യം, തിരുമേനിയോടുള്ള പിന്തുടർച്ചകൊണ്ടും ആ സ്ഥാനം കിട്ടുമെന്നാണെങ്കിൽ, ഒവ്വൊരു പൂർവ്വപ്രവാചകൻെറയും പിറകെ അദ്ദേഹത്തിൻെറ ഉപദേശത്തെ അനുസരിച്ചവക്ക പ്രസ്തുത സ്ഥാനം കിട്ടിയിരിക്കയാൽ, ആ ഓരോ പ്രവാചകനെയും 'ഖാതമുന്നബിയ്യീൻ' ആണെന്നു പറയേണ്ടിവരും. അതല്ലെങ്കിൽ മുമ്പുള്ള ഒരു പ്രവാചകൻെറയും മരണശേഷം അദ്ദേഹത്തിൻെറ ഉപദേശമനുസരിച്ചു നടന്നവക്ക ദൈവക്രോധമല്ലാതെ ആത്മീയമായ യാതൊരു സ്ഥാനവും പ്രാപ്യമായിരുന്നില്ലെന്നു പറയേണ്ടിവരും. അപ്രകാരം പറയുന്നതു വാസ്തവവിരുദ്ധമായിരിക്കയാൽ ഓരോ പ്രവാചകൻെറയും കാല

ശേഷം വേറെ പ്രവാചകൻ വന്നു പുതിയ ന്യായപ്രമാണം സ്ഥാപിക്കുന്നതുവരെ ആദ്യപ്രവാചകനെ പിന്തുടൎന്നവൎക്കു 'പരമോന്നതപദവി' ലഭിച്ചിരുന്നതായി സമ്മതിക്കുക തന്നെ വേണം. ഇതു സമ്മതിക്കുമ്പോൾ ഗ്രന്ഥകൎത്താവു പറയുന്ന അൎത്ഥപ്രകാരം മുൻപ്രവാചകന്മാർ, വിശേഷിച്ചും, ന്യായപ്രമാണത്തോടുകൂടിയ പ്രവാചകൻമാരെല്ലാം 'ഖാതമുന്നബിയ്യീൻ'മാരാണെന്നു വരുന്നതാണ്. എന്തുകൊണ്ടെന്നാൽ, നബിതിരുമേനിക്കുശേഷം തിരുമേനിയുടെ ഉപദേശപ്രകാരം നടക്കുന്നതുകൊണ്ടു മാത്രമേ പരമോന്നതപദവി ലഭിക്കയുള്ളു എന്നതു 'ഖാതമുന്നബിയ്യീൻ'എന്നതിൻെറ താൽപര്യമായിരിക്കുന്നതുപോലെത്തന്നെ, ഓരോ സമുദായത്തിലും ദേശത്തിലും വെളിപ്പെട്ട പ്രവാചകൻെറ മരണശേഷം അദ്ദേഹത്തിൻെറ ഉപദേശമനുസരിച്ചു നടക്കുകവഴി മാത്രമേ അതാതു ജനതയ്ക്കു 'പരമോന്നതപദവി' പ്രാപ്യമായിരുന്നുള്ളു. അപ്പോൾ ഗ്രന്ഥകൎത്താവിൻെറ ഈ അൎത്ഥപ്രകാരം ആ പൂൎവ്വപ്രവാചകന്മാരിൽ ഓരോരുത്തരും 'ഖാതമുന്നബിയ്യീൻ' ആയിത്തീരുന്നു. അവൎക്കും തിരുമേനിക്കും തമ്മിൽ വ്യത്യാസമുണ്ടെങ്കിൽ, അതു അവർ തിരുമേനിക്കു മുമ്പുള്ള ഖാതമുന്നബിയ്യീൻമാരും തിരുമേനി അവൎക്കു ശേഷമുണ്ടായ ഖാതമുന്നബിയ്യീനും ആണെന്നുള്ളതു മാത്രമായിരിക്കുന്നതാണ്.

ചുരുക്കത്തിൽ, 'ഖാതമുന്നബിയ്യീൻ' എന്നതിൻെറ അൎത്ഥം 'അന്ത്യപ്രവാചകൻ' എന്നാണെന്നു പറയുന്നുവെങ്കിൽ, ആയൎത്ഥം അറബിസാഹിത്യത്തിന്നു അനനുസൃതമല്ലെന്നു മുമ്പിൽ തെളിയിച്ചു കഴിഞ്ഞു. ഇനി അതിൻെറ അൎത്ഥം പ്രവാചകന്മാരുടെ 'മുദ്ര' എന്നു പറയുകയാണെങ്കിൽ, അതു സാധുവായിരിക്കുന്ന അൎത്ഥം തന്നെ. എന്നാൽ 'പ്രവാചകൻമാരുടെ മുദ്ര' എന്നതിൻെറ

താൽപര്യം, തിരുമേനിയോടുള്ള തുടർച്ചയും അനുസരണ വുംകൊണ്ടു പരമോന്നതപദവിയിൽ എത്തുവാൻ കഴിയു മെന്നു മാത്രമാണെങ്കിൽ, ആയർത്ഥം എല്ലാ പ്രവാചക ൻമാരിലും പ്രതിഫലിച്ച കാണുന്നതുകൊണ്ടു തിരുമേനി ക്കുമുമ്പു അനേകം ഖാതമുന്നബിയ്യീൻമാർ ഉണ്ടായിരിക്ക ണമെന്നു വരുന്നു. ഇങ്ങനെ, തിരുമേനിക്കു മുമ്പായിട്ടുത തന്നെ വിവിധദേശങ്ങളിലും കാലങ്ങളിലും നിരവധി ഖാതമുന്നബിയ്യീൻമാർ ആഗതരായിരുന്നിട്ടും തിരുമേനി ക്കു പ്രത്യക്ഷനാകാമെങ്കിൽ, 'ഖാതമുന്നബിയ്യീൻ' എന്ന സ്ഥാനം പിറകെ പ്രവാചകൻമാരുടെ വരവിനു പ്രതി ബന്ധകമാണെന്നു പറയാവുന്നതെങ്ങനെ? ഇനി ആ പൂർവ്വപ്രവാചകന്മാരിൽ ആരും 'ഖാതമുന്നബിയ്യീൻ' അ ല്ലെങ്കിൽ, തിരുമേനി ഖാതമുന്നബിയ്യീനാണെന്നതിൻെറ താൽപര്യം തിരുമേനിക്കുശേഷം തിരുമേനിയെ അനുക രിച്ച ജീവിക്കുന്നവർക്കു പരമോന്നതപദവി പ്രാപിക്കു വാൻ കഴിയുമെന്നുള്ളതാണെന്നു പറയുന്നതു സാധുവായി രിക്കുന്നതല്ല. അഥവാ, അതിൻെറ താൽപര്യം മററു പ്ര വാചകൻമാരോടുള്ള അനുസരണംവഴി അനുഗ്രഹം ലഭിക്കു കയെന്നതു നിലച്ചുപോയിരിക്കുന്നുവെന്നും മേലിൽ തിരു മേനിയോടുള്ള പിന്തുടർച്ചമുഖാന്തരം മാത്രമേ അനുഗ്രഹ ലബ്ധിയുണ്ടാകയുള്ളുവെന്നും ആണെങ്കിൽ, അതു സ്വീകാ ര്യമായിരിക്കുന്നതുതന്നേ. എന്നാൽ, ഇതുകൊണ്ടു തിരുമേ നിക്കുശേഷം പ്രവാചകനുണ്ടാകുന്നതല്ലെന്നു ഒരു വിധേ നയും തെളിയുന്നില്ല. നേരെ മറിച്ച മുൻപ്രവാചകന്മാരു ടെ അധികാരം തിരുവവതാരത്തോടുകൂടി അവസാനി ച്ചുപോയിരിക്കുന്നതുകൊണ്ടു അവരോടുള്ള അനുസരണം മൂലം ആത്മീയമായ സ്ഥാനം പ്രാപ്യമല്ലെന്നും അനു ഗ്രഹലബ്ധിക്കായി തിരുമേനിയോടുള്ള അനുസരണം

അത്യാവശ്യകമാണെന്നും മാത്രമാണ് ഇതിൽനിന്നും വെളിവാകുന്നത്. ആയത്തുകൊണ്ടുതന്നെയാണ് തിരുമേനിക്കശേഷം പ്രവാചകത്വംകൊണ്ടു അനുഗൃഹീതരാകുന്നവർക്ക തിരുമേനിയോടുള്ള അനുസരണവും ശിഷ്യബന്ധവും ഒഴിച്ചുകൂടാത്തതാണെന്നു ഞങ്ങൾ പറയുന്നത്. ഞങ്ങൾ വിവക്ഷിക്കുന്ന ഈ അർത്ഥപ്രകാരം മുൻ പ്രവാചകന്മാരുടെ അനുയായികൾക്ക ലഭിച്ചിട്ടില്ലാത്ത അത്യുന്നതസ്ഥാനം തിരുമേനിയുടെ അനുയായികൾക്ക പ്രാപ്യമാണെന്നും, തിരുമേനിയുടെ തത്വാദർശങ്ങളും ആത്മീയ സന്താനവും ലോകാവസാനംവരെ ശേഷിക്കുന്നതാണെന്നും നല്ലപോലെ വ്യക്തമാകുന്നു.

മാന്യവായനക്കാരെ! പുണ്യപ്രവാചകർ (സ) 'ഖാതമുന്നബിയ്യീൻ' ആയത്തുകൊണ്ടു തിരുമേനിക്കശേഷം യാതൊരു പ്രവാചകനുമുണ്ടാകുന്നതല്ലെന്നു സ്ഥാപിക്കുവാൻ പുറപ്പെട്ട ഗ്രന്ഥകർത്താവു ആ വചനത്തിനു കൊടുത്തിരിക്കുന്ന രണ്ടർത്ഥങ്ങളിൽ ഒന്നു അറബിസാഹിത്യത്തിൽനിന്നു സാക്ഷിപ്പെടുത്തുവാൻ അദ്ദേഹത്തിനു സാധിക്കാത്തതും മറെറാന്നു അനേകം 'ഖാതമുന്നബിയ്യീൻ'മാരെ ഉണ്ടാക്കിത്തീർക്കുന്നതും ആകുന്നു. ഇങ്ങനെ, ഖാതമുന്നബിയ്യീനായ തിരുമേനിയുടെ ആവിർഭാവത്തിനുശേഷം യാതൊരു പ്രവാചകനും വരുവാൻ പാടില്ലെന്നു സ്ഥാപിക്കാൻ തുനിഞ്ഞിറങ്ങിയ ഗ്രന്ഥകർത്താവു, അതിലേക്ക എത്രയോ പ്രവാചകൻമാരെ ഖാതമുന്നബിയ്യീൻമാരായി ചമയിക്കുന്ന അർത്ഥം പറയേണ്ടിവന്നതും ആയർത്ഥപ്രകാരം അനേകം ഖാതമുന്നബിയ്യീൻമാർ ഉണ്ടായിരുന്നിരിക്കെ അദ്ദേഹം ഒരൊററ ഖാതമുന്നബിയ്യീനെ മാത്രം സമ്മതിച്ചുകാണുന്നതും ആശ്ചര്യാവഹമായിരിക്കുന്നു!

'ഖാതമുന്നബിയ്യീൻ' എന്നതിന്റെ അർത്ഥത്തിൽ ഗ്രന്ഥകർത്താവിനുള്ള ആക്ഷേപം

"നബിയുടെ മുദ്ര വഴിക്ക ഇനി പ്രവാചകൻ ഉണ്ടാകാം എന്ന അർത്ഥം ഖുർആൻ വ്യാഖ്യാതാക്കളിൽ നമ്മുടെ 'മിയാസാഹിബ്' ഒഴിച്ചുള്ള വല്ലവരും പറഞ്ഞിട്ടുണ്ടോ എന്നു നാം നോക്കേണ്ടതാണ്''* എന്നു ഗ്രന്ഥകർത്താവു അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ ഇപ്പോഴത്തെ നേതാവിനെ ഉദ്ദേശിച്ച് പുച്ഛമായി പ്രസ്താവിച്ചതുകൊണ്ടു, മേലിൽ പ്രവാചകനുണ്ടാകുന്നതു നബിതിരുമേനിയോടുള്ള അനുസരണവും ശിഷ്യത്വവും മുഖാന്തരം മാത്രമെ ആയിരിക്കുകയുള്ള എന്നയർത്ഥം അബദ്ധമാണെന്നു വരുത്തുവാൻ ശ്രമിച്ചിരിക്കുന്നു. അദ്ദേഹം ഇങ്ങനെ പുച്ഛമായി ഒരു വമ്പിച്ച സംഘത്തിന്റെ നേതാവിനെക്കുറിച്ചു പറഞ്ഞതിനു സമസ്വരത്തിൽ മറുപടി പറയുവാൻ ഞാൻ ഇഷ്ടപ്പെടുന്നില്ല. എന്നാൽ, ഞങ്ങൾ പറയുന്ന അർത്ഥം മററൊരു ഖുർആൻ വ്യാഖ്യാതാവും പറഞ്ഞിട്ടില്ലാത്തതാണെന്നു വെച്ചു പുച്ഛിക്കുന്ന ഗ്രന്ഥകർത്താവു 'ഖാതമുന്നബിയ്യീൻ' എന്നതിനു രണ്ടാമത്തെ അർത്ഥമായി പറഞ്ഞു കാണുന്ന "പ്രവാചകന്മാർ ലോകത്തിൽ ചെയ്തിരുന്ന പ്രവൃത്തി ഭാവിയിൽ ചെയ്യുന്നതു തിരുമേനി തന്നെയാണ്''* എന്ന വ്യാഖ്യാനം ഏതു വ്യാഖ്യാതാവു പറഞ്ഞിട്ടുള്ളതാണെന്നു കാണിച്ചുതന്നാൽ കൊള്ളാം. താൻ പറഞ്ഞിരിക്കുന്ന ഈ വ്യാഖ്യാനത്തിനു മുൻകഴിഞ്ഞ വ്യാഖ്യാതാക്കളിൽ രണ്ടോ മൂന്നോ പേരുടെ സാക്ഷ്യങ്ങളെങ്കിലും എടുത്തുകാണിച്ചുകൊണ്ടാണ് അദ്ദേഹം ഞങ്ങളുടെ വ്യാഖ്യാനത്തെ മററാരും

---

* ഖത്മുന്നുബുവ്വത്ത്. ഭാ. 72.

* ഖത്മുന്നുബുവ്വത്ത്. ഭാ. 28.

പറയാത്ത വ്യാഖ്യാനമെന്നു ആക്ഷേപിച്ചിരുന്നതെങ്കിൽ, അത്ര ആശ്ചര്യത്തിനു വകയുണ്ടാകുമായിരുന്നില്ല. എന്നാൽ, അദ്ദേഹം യാതൊരു വ്യാഖ്യാതാവിൻെറയും അഭിപ്രായത്തെ സാക്ഷ്യമായി കാണിക്കാതെ, 'ഖാതമുന്നബിയ്യീൻ' എന്നതിനു ''ഏതൊരു പ്രവൃത്തി ദൈവപ്രവാചകന്മാർ ലോകത്തിൽ ചെയ്തിരുന്നുവോ ആ പ്രവൃത്തി ഇനി നബിയുടെ മുദ്ര മുഖേനയേ ലോകത്തു നടക്കുകയുള്ളു.'† എന്നു വ്യാഖ്യാനം പറഞ്ഞിരിക്കുന്നതു, ഞങ്ങൾ പറയുന്നതിനെ 'മിയാസാഹിബ'' മാത്രംപറഞ്ഞ വ്യാഖ്യാനമാണെന്നു പുച്ഛിക്കുന്ന ആംശക്ക ചേൎന്നതായില്ല. ഞങ്ങളുടെ വ്യാഖ്യാനത്തെക്കുറിച്ചു ഇങ്ങനെ അഭിപ്രായപ്പെടുന്നതിനു മുമ്പായി അദ്ദേഹം തൻെറ സ്വന്തം വ്യാഖ്യാനത്തെക്കുറിച്ചുതന്നെ നിഷ്പക്ഷമായൊന്നു ചിന്തിച്ചിരുന്നുവെങ്കിൽ, അദ്ദേഹത്തിനു ഇപ്രകാരമൊക്കെ പറയേണ്ടതിനു സംഗതിയാവുകയില്ലായിരുന്നു.

'ഖാതമുന്നബിയ്യീൻ' അഥവാ 'പ്രവാചകന്മാരുടെ മുദ്ര' എന്ന വാചകത്തിനു, ഗ്രന്ഥകൎത്താവു പറഞ്ഞിരിക്കുന്ന വ്യാഖ്യാനം മുമ്പു പ്രവാചകന്മാർ മുഖാന്തരം നടത്തപ്പെട്ടുപോന്ന പ്രവൃത്തി മേലിൽ തിരുമേനിയുടെ മുദ്രമുഖാന്തരം നടത്തപ്പെടുന്നതാണെന്നാകുന്നുവല്ലൊ. എന്നാൽ, ന്യായപ്രമാണത്തോടുകൂടി വന്ന ഒാരൊരു പ്രവാചകൻെറയും വിയോഗാനന്തരം മററൊരു ന്യായപ്രമാണമുണ്ടായി മുൻന്യായപ്രമാണത്തെ ദുൎബ്ബലപ്പെടുത്തുന്നതുവരെ ആദ്യത്തെതിനെ അനുസരിക്കുന്നതുമൂലം തന്നെയാണ് മനുഷ്യർ ആത്മോന്നതിയെ പ്രാപിച്ചുപോന്നിരുന്നതു. ഇങ്ങനെ, മുൻകടന്ന ഓരോ ന്യായപ്രമാണകാരനായ പ്രവാചകൻെറയും വിയോഗാനന്തരം ആ ന്യായപ്രമാണത്തെ ജനങ്ങൾ

† ഖതമുന്നബുവ്വത്ത്. ഭാ. 70.

അനുസരിക്കുകവഴി അദ്ദേഹത്തിൻെറ ദൌത്യോദ്ദേശ്യം നി വൃത്തിയായിക്കൊണ്ടിരുന്നു. അപ്പോൾ തിരുമേനിക്കു ശേഷം ആ പ്രവൃത്തി തിരുമേനിയുടെ മുദ്രവഴി നടന്നുവരു ന്നു എന്നു ഗ്രന്ഥകർത്താവു പറയുന്ന അതേ തരത്തിൽതന്നെ മുൻപ്രവാചകന്മാരുടെ വിയോഗാനന്തരം അവരുടെ ദൌത്യോദ്ദേശ്യവും നിവൃത്തിയായിട്ടുണ്ടെന്നുവന്നു. ആകയാൽ, ഈ അൎത്ഥപ്രകാരം മുമ്പു ന്യായപ്രമാണം കൊണ്ടു വന്നിട്ടുള്ള ഒവ്വൊരു പ്രവാചകനെയും 'ഖാതമുന്നബിയ്യീൻ' എന്നു പറയാവുന്നതാണ്. ഇങ്ങനെ അനേകം ഖാതമുന്നബിയ്യീൻമാരെ സങ്കല്പിക്കുന്നതിനു പര്യാപ്തമായ ഒരു നവീനാർത്ഥം പറയുന്ന ആളാണ് ഞങ്ങൾ പറയുന്ന അർത്ഥത്തെ 'മിയാസാഹിബ്' അല്ലാതെ മററാരും പറഞ്ഞിട്ടില്ലാത്ത അൎത്ഥ'മെന്നു പൃച്ഛിക്കുന്നതു!

ഇനി, മുൻപ്രവാചകന്മാർ മുഖാന്തരം നടത്തപ്പെട്ടുപോന്ന പ്രവൃത്തി മേലിൽ നബിതിരുമേനി(സ) മുഖാന്തരം നടക്കുന്നതാണെന്നു പറഞ്ഞതു, ആ പ്രവാചകന്മാരുടെ പ്രവൃത്തി നടന്നുപോന്നതിൽനിന്നു വ്യത്യസ്തമായ രീതിയിൽ നടക്കുന്നതാണെന്ന അൎത്ഥത്തിലാണെന്നും അതിനാൽ തിരുമേനി ഖാതമുന്നബിയ്യീൻ ആണെന്നും ഗ്രന്ഥകർത്താവു പറയുകയാണെങ്കിൽ, അതുകൊണ്ടും തിരുമേനിക്കുശേഷം പ്രവാചകനുണ്ടാകുന്നതല്ലെന്നു തെളിയുന്നില്ല. നേരേ മറിച്ചു അതിൽനിന്നു തിരുമേനിക്കുശേഷം പ്രവാചകനുണ്ടാകാമെന്നാണ് സിദ്ധിക്കുന്നതു. എന്തെന്നാൽ, പ്രസ്തുത തരത്തിൽ പറയുന്നതായാൽ 'ഖാതമുന്നബിയ്യീൻ' എന്നതിൻെറ താൽപര്യം, മുൻകാലത്തു സ്വതന്ത്രരായുള്ള പ്രവാചകന്മാർ വന്നുകൊണ്ടിരുന്നപോലെ തിരുമേനിക്കുശേഷം സ്വതന്ത്രരായ പ്രവാചകന്മാർ വരുന്നതല്ലെന്നും മേലിൽ

തിരുമേനിയുടെ മുദ്ര വഴി പ്രവാചകത്വം ലഭിക്കുന്ന ശിഷ്യപ്രവാചകന്മാർ മുഖാന്തരം ആ പ്രവൃത്തി നിർവ്വഹിക്കപ്പെടുന്നതാണെന്നും ആയിരിക്കുവാനെ പാടുള്ളു. ഇതു ഞങ്ങൾ സമ്മതിക്കുന്നതും തിരുമേനിയുടെ സ്ഥാനമാഹാത്മ്യത്തെ തെളിച്ചുകാട്ടുന്നതും തന്നെയാണ്.

മുദ്ര സാക്ഷീകരണത്തിനുള്ള ഉപകരണമാണ്.

'ഖാതം' എന്ന പദത്തിൻെറ അൎത്ഥം 'മുദ്ര' എന്നാണെന്നു നമ്മുടെ ഗ്രന്ഥകൎത്താവുതന്നേ സമ്മതിച്ചിട്ടുണ്ടല്ലൊ*. മുദ്ര എന്നാൽ സാക്ഷീകരണത്തിനുള്ള ഒരുപകരണമാകുന്നു. നബിതിരുമേനി(സ) തൻെറ വകയെന്നു സാക്ഷിക്കുന്നതിനു മുദ്രയിടുവാൻ ഒരു മോതിരം ഉണ്ടാക്കിക്കുകയും, അതിന്മേൽ 'മുഹമ്മദുർറസൂലുല്ലാഹി' എന്നു പേരു കൊത്തിക്കുകയും, രാജാക്കന്മാൎക്കും മററും അയച്ചിരുന്ന കത്തുകളിൽ അതുകൊണ്ടു മുദ്രവെക്കുകയും ചെയ്തിട്ടുള്ള വിവരം ഹദീസു ഗ്രന്ഥങ്ങളിൽ കാണാവുന്നതാണ്. ഉദാഹരണത്തിനു ഒരു ഹദീസിൽ ഇപ്രകാരം കാണുന്നു:—

فاتخذ خاتما من فضة ونقشه محمد رسول الله

"തിരുമേനി വെള്ളികൊണ്ടു ഒരു മോതിരം ഉണ്ടാക്കിക്കുകയും അതിന്മേൽ 'മുഹമ്മദുർ റസൂലുല്ലാഹി' എന്നു കൊത്തിക്കുകയും ചെയ്തു" (സഹീഹുൽബുഖാരി). ഇതിൽനിന്നു മുദ്രകൊണ്ടുള്ള ആവശ്യവും ഉദ്ദേശ്യവും ഇന്നതാണെന്നു നിഷ്പ്രയാസം ഗ്രഹിക്കാവുന്നതാണ്. മുദ്രയുടെ ഈ പ്രയോജനത്തെ ആസ്പദമാക്കി, നബിതിരുമേനിക്കു ശേഷം അനുയായികളിൽ ഉണ്ടാകുന്ന പ്രവാചകനു തിരുമേനി

* ഖതമുന്നബുവ്വത്ത്. ഭാ. 27 നോക്കുക.

യുടെ സാക്ഷ്യമുദ്ര ഉണ്ടായിരിക്കേണ്ടതാണെന്നും ആ മുദ്രയ ടയാളം.കൂടാതെ ആക്കും പ്രവാചകനായിരിക്കാവതല്ലെന്നും ഞങ്ങറം പറയുന്ന വ്യാഖ്യാനം ന്യായപൂർവ്വകവും സന്ദർഭോ ചിതവും ആണെന്നുള്ളതു നിഷ്പക്ഷബുദ്ധികറംക്കു സമ്മ തിക്കാതിരിക്കാൻ നിവൃത്തിയില്ല. ഞങ്ങളുടെ വ്യാഖ്യാ നം ന്യായപൂർവ്വകമായതാണെങ്കിൽ,അതു മുൻകഴിഞ്ഞ യാ തൊരു വ്യാഖ്യാതാവും പറഞ്ഞിട്ടില്ലാത്തതാണെന്നതുകൊ ണ്ടു സ്വീകാര്യമല്ലാതായിത്തീരുന്നതുമല്ല. അതു ന്യായയു ക്തവും സന്ദർഭോചിതവും ആണോ എന്നു നോക്കുകയല്ലാ തെ, അപ്രകാരം മുമ്പുള്ള വ്യാഖ്യാതാക്കളിൽ ആരെങ്കി ലും പറഞ്ഞിട്ടുണ്ടോ എന്നു നോക്കേണ്ട ആവശ്യമില്ല. മുൻ കടന്ന വ്യാഖ്യാതാക്കറം പറഞ്ഞിട്ടില്ലാത്ത പല വ്യാഖ്യാ നങ്ങളും പിറകെയുണ്ടായവർ ധാരാളം പറഞ്ഞു കാണാം. എന്നാൽ അത്തരം വ്യാഖ്യാനങ്ങറം പിറകെയുള്ളവർ പ റഞ്ഞിട്ടുള്ളതാണെന്നതുകൊണ്ടു മാത്രം സ്വീകാര്യമല്ലെന്നു ചിന്താശീലന്മാർ ഒരിക്കലും പറയുന്നതല്ല. നബിതിരു മേനിയെ 'പ്രവാചകൻമാരുടെ മുദ്ര' എന്നു പറഞ്ഞിരിക്കു ന്നതു തിരുമേനി ലോഹനിർമ്മിതമായ മുദ്രമോതിരം ക ണക്കെയുള്ള ഒന്നായതുകൊണ്ടോ, കടലാസ്സിലും മററും മു ദ്രയിടുന്നമാതിരി തിരുമേനിയെക്കൊണ്ടു മററു പ്രവാചക ൻമാരുടെ മേൽ മുദ്രവെച്ചതുകൊണ്ടോ ആയിരിക്കാവതല്ല ല്ലൊ. അപ്പോറം പ്രസ്തുത നാമധേയം തിരുമേനിക്കു ന ൽകപ്പെട്ടിരിക്കുന്നതു മുദ്രകൊണ്ടുള്ള പ്രയോജനം തിരുമേനി മുഖാന്തരം നിവൃത്തിയാകുന്നതുകൊണ്ടു മാത്രമായിരിക്കു വാനെ പാടുള്ളു. ആയതുകൊണ്ടു തന്നെയാണ് തിരുമേനി യുടെ അനുയായികളിൽ പ്രവാചകൻമാരുണ്ടാകാമെന്നും അ വരുടെ പ്രവാചകത്വം തിരുമേനിമുഖാന്തരം ലബ്ധമാകു ന്നതാകകൊണ്ടു അവർ പ്രവാചകന്മാരാകുന്നതു തിരുമേ

നിയുടെ സാക്ഷ്യമുദ്രവഴിയാണെന്നും ഞങ്ങരം പറയുന്നതു. അല്ലാമ: മുഹമ്മദ ഖാസിം നാന്യതവി 'ഖാതമുന്നബിയ്യീൻ' എന്ന വചനത്തിൽനിന്നു തിരുമേനി പ്രവാചൻമാരുടെ പിതാവുകൂടിയാണെന്നു മനസ്സിലാകുന്നു* എന്നു പറഞ്ഞിട്ടുള്ളതിൻെറ സാദ്ധ്യവും ഇതുതന്നെ. ഇതിനുപുറമെ, അല്ലാമഃ അൽഹസൻ തൻെറ 'ഇസ്ˇതിഫ്ˇ സാർ' എന്ന പുസ്ˇതകത്തിൽ ഇങ്ങനെ പ്രസ്ˇതാവിച്ചിട്ടുമുണ്ടു:—

اگلے سب انبیاء بنی اسرائیل پر ایمان لانے کی بسبب
فقدان اسناد اور ثبوت تحریف کے کوئی سبیل نہیں
باقی رہی بجز تصدیق حضرت خاتم النبیین کے

"ശരിയായ പ്രമാണം നഷ്ടപ്പെട്ടുപോയതുകൊണ്ടും ഗ്രന്ഥങ്ങരം അലങ്കോലപ്പെട്ടിരിക്കുന്നതുകൊണ്ടും മുൻകഴിഞ്ഞ ഇസ്രായീൽ പ്രവാചകൻമാരിൽ വിശ്വസിപ്പാനായി ഖാതമുന്നബിയ്യീനായ തിരുമേനിയുടെ സാക്ഷ്യം ഒന്നു മാത്രമല്ലാതെ വേറെ യാതൊരു മാഗ്ഗവും ഉണ്ടായിരുന്നില്ല." എന്നാൽ, 'ഖാതമുന്നബിയ്യീൻ. എന്നതിൻെറ താല്പയ്യം, മുൻകഴിഞ്ഞ പ്രവാചകൻമാർ തിരുമേനിയുടെ സാക്ഷ്യം മുഖാന്തരം സത്യപ്രവാചകൻമാരെന്നു അറിയപ്പെടുന്നുവെന്നുള്ളതാണെങ്കിൽ, അതിലേറെ ന്യായപൂവ്വകമായിരിക്കുന്നതു മേലിൽ വരുന്ന പ്രവാചകൻമാർ തിരുമേനിയുടെ സാക്ഷ്യം മുഖാന്തരം പ്രവാചകൻമാരായിരിക്കും എന്നു പറയുന്നതാണ്ˇ. അപ്പോരം അതിൻെറ വിവക്ഷിതം തിരുമേനിയുടെ മുദ്രവഴി പ്രവാചകൻമാർ ഉണ്ടാകുമെന്നും തിരു

---

* പ്രകൃതാദ്ധ്യായം നോക്കുക.

മേന്.യോടുള്ള തുടർച്ചയും അനുസരണവും കൂടാതെ ആക്കം പ്രവാചകത്വപദം ലഭ്യമാകുന്നതല്ലെന്നും ആണെന്നു സുവ്യക്തമാകുന്നു.

കൂടാതെ 'ഖത്മ്' എന്ന പദം 'സാക്ഷീകരിക്കുക' എന്ന താൽപര്യത്തിലും ഉപയോഗിക്കപ്പെടുന്നതായികാണുന്നു. ഇതിനെക്കുറിച്ച ഇമാംറാസി (റ) പറഞ്ഞിരിക്കുന്നതാവിത്:—

يقول الرجل لصاحبه أريد أن تختم على ما يقوله فلان لى تصدقه وتشهد بانه حق

''ഒരാൾ തൻെറ കൂട്ടുകാരനോടു ഇന്നയാൾ പറയുന്നതിൻ മേൽ മുദ്രവെക്കണം എന്നു പറഞ്ഞാൽ അതിൻെറ താൽപര്യം നിങ്ങൾ അതിനെ സത്യപ്പെടുത്തുകയും പരമാർത്ഥമാണെന്നു സാക്ഷിക്കുകയും വേണമെന്നാകുന്നു'' (കബീർ, വാല്യം. 1. ഭാ, 180) ഇപ്രകാരംതന്നെ തിരുമേനിക്കു 'ഖാതിം' ആയുള്ള വചനം ലഭിച്ചിരിക്കുന്നു എന്നുള്ള തിരുവചനത്തിൻെറ വ്യാഖ്യാനത്തിൽ അല്ലാമഃ മുഹമ്മദ് താഹിർ (റ) പറഞ്ഞിരിക്കുന്നതാവിതു—

ختمت به الكتب السماوية وهو حجة على سائرها ومصدق لها

''അതു (ഖുർആൻ) മുഖാന്തരം ദിവ്യഗ്രന്ഥങ്ങൾ 'ഖത്മ്' ചെയ്യപ്പെട്ടു. അതു എല്ലാ ഗ്രന്ഥങ്ങൾക്കും പ്രമാണമായിരിക്കുന്നതും അവയെ സാക്ഷീകരിക്കുന്നതും ആണ്'' (മജ്മഉൽബിഹാർ, വാ. 1, ഭാ. 329). ഈ വ്യാഖ്യാനങ്ങളിൽ നിന്നു 'ഖാതം' എന്നതിൻെറ താൽപര്യം 'സാക്ഷീകരിക്കു

ന്നതു' എന്നാണെന്നു മനസ്സിലാകുന്നു. തന്നേയുമല്ല 'ഖാതം എന്ന പദത്തിനു 'അവസാനത്തേതു' എന്നു അർത്ഥം കൊടുക്കുന്നവർതന്നേ അതുകൊണ്ടുള്ള വിവക്ഷ സാക്ഷീകരണമാണെന്നു പറഞ്ഞിട്ടുണ്ട്. അല്ലാമഃ ഇബ്നുഖൽദൂൻ പറയുന്നതാവിതു:—

وَيَكُونُ هٰذَا مِنْ مَعْنَى النِّهَايَةِ وَالتَّمَامِ بِمَعْنَى صِحَّةِ ذَالِكَ الْمَكْتُوبِ وَنُفُوذِهِ كَأَنَّ الْكِتَابَ إِنَّمَا يَتِمُّ الْعَمَلُ بِهِ بِهٰذِهِ الْعَلَامَاتِ

''ഇതിന്റെ അർത്ഥം 'അവസാനം' എന്നും 'പൂർത്തി' എന്നുമാണെന്നു പറയുന്നതിന്റെ താൽപര്യം, കത്തു ശരിയായതായിത്തീരുന്നതും പൂർത്തമാകുന്നതും ഫലത്തിൽ വരുന്നതും ഇതുമൂലമാണെന്ന അർത്ഥത്തിലാണ്. അതായതു കത്തു അനുഷ്ഠാനത്തിൽ വരുന്നത് ഈ അടയാളംമൂലമായിരിക്കും'' (മുഖദ്ദിമഃ ഇബ്നു ഖൽദൂൻ. ഭാ. 144) ഈ ഉദ്ധാരണങ്ങളിൽ നിന്നെല്ലാം 'ഖാതം' അഥവാ 'മുദ്ര'കൊണ്ടുള്ള ആവശ്യവും പ്രയോജനവും നല്ലപോലെ വ്യക്തമാകുന്നുണ്ട്. ഇങ്ങനെ അതു സാക്ഷീകരണത്തിനുള്ള ഉപകരണമാണെന്നു സ്പഷ്ടമാകുമ്പോൾ 'ഖാതമുന്നബിയ്യീൻ' അഥവാ 'പ്രവാചകന്മാരുടെ മുദ്ര' എന്നതിനു ഞങ്ങൾ പറയുന്ന വ്യാഖ്യാനമാണ് സാധുവായിരിക്കുന്നതെന്നു സിദ്ധിക്കുന്നു.

'ഖാതമുന്നബിയ്യീൻ' എന്ന വചനത്തിന്റെ മററു വ്യാഖ്യാനങ്ങൾ

നബിതിരുമേനിയുടെ ശ്രേഷ്ഠതയെ കുറിക്കുന്നതിനു മറേറതെങ്കിലും പദം പ്രയോഗിക്കാതെ, 'ഖാതമുന്നബിയ്യീൻ' (പ്രവാചകൻമാരുടെ മുദ്ര) എന്നു ഉപയോഗിച്ചിരിക്കു

ന്നുതന്നേ, മുൻപ്രവാചകന്മാരുടെ അനുയായികാംക്ക സി ദ്ധിച്ചിരുന്ന സ്ഥാനത്തെക്കാാം ഉപരിയായ സ്ഥാനം പ്രാ പിച്ചവർ തിരുമേനിയുടെ അനുയായികളിൽ ഉണ്ടായിരി ക്കുമെന്നു കാണിക്കുന്നതിനായിട്ടാണ്. മുദ്ര എന്നാൽ സാ ക്ഷീകരണത്തിനുള്ള ഒരുപകരണമാണെല്ലൊ. അപ്പോാം തിരുമേനിയുടെ മുദ്രയുടയാളംകൊണ്ടു സാക്ഷീകരിക്കപ്പെട്ട ന്നവരായ ശിഷ്യപ്രവാചകന്മാർ അനുയായികളിൽ ഉണ്ടാ കാമെന്നും, തിരുമേനി പ്രവാചകന്മാരുടെ മുദ്ര ആയിരിക്ക കൊണ്ടു തിരുമുദ്രയാൽ സാക്ഷീകരിക്കപ്പെടുന്നവക്ക മാത്ര മെ പ്രവാചകന്മാരായിരിക്കുവാൻ പാടുള്ളു എന്നും വരുന്നു. ആകയാൽ, 'റസൂലുല്ലാഹി' എന്ന വചനത്തെ തുടന്ന് 'ഖാതമുന്നബിയ്യീൻ' എന്നു പ്രസ്തുത ഖുർആൻവാക്യത്തിൽ പ്രയോഗിച്ചിരിക്കുന്നത് ഗ്രന്ഥകത്താവു പ്രസ്താവിച്ച പോലെ തിരുമേനിയുടെ പിതൃത്വം അന്ത്യനാാംവരെ ശേ ഷിക്കുന്നതാണെന്നു കാണിക്കുന്നതിനുവേണ്ടി മാത്രമല്ലെന്നു മനസ്സിലാകുന്നു. എന്നാൽ, തിരുമേനിയുടെ അനുയായി കളിൽ പ്രവാചകന്മാർകൂടി ഉണ്ടാകുമെന്നുവരുമ്പോാം തിരു മേനിയുടെ പിതൃത്വം അന്ത്യനാാംവരെ നിലനിൽക്കുമെ ന്നു സ്വതസിദ്ധമാണ്. അതിനാൽ തന്നെയാണ് തി രുമേനിയുടെ അനുയായികളിൽ പ്രവാചകന്മാരുണ്ടാകുമെ ന്നും, അവർ തിരുമേനിയുടെ ആത്മീയ സന്താനങ്ങളായി രിക്കുമെന്നും, അവർ വരുന്നത് തങ്ങളുടെ ആത്മീയ പി താവിൻെറ മാർഗ്ഗത്തിലേക്കു തന്നേ ജനങ്ങളെ ക്ഷണി ക്കുന്നതിനും പിതാവിൻെറ സ്ഥാനമാഹാത്മ്യത്തെ വെളി പ്പെടുത്തുന്നതിനും വേണ്ടിയാണെന്നും ഞങ്ങാം പറയുന്ന ത്. ഈ അർത്ഥപ്രകാരം തിരുമേനിയുടെ പിറകെ ഒരു ക്ലിപ്തകാലത്തിനുശേഷം തിരുപിതൃത്വം ദുർബ്ബലപ്പെട്ടു പോകുന്നില്ലെന്നു മാത്രമല്ല, തിരുമേനിയുടെ അനുയായി

കരാക്കു, മുൻപ്രവാചകന്മാരുടെ അനുയായികരാക്കു ലഭി ച്ചിട്ടുള്ളതിനെക്കാരം ഉപരിയായ സ്ഥാനം ലഭ്യമാകുന്നതാ ണെന്നും അതു തിരുമേനിയുടെ സാക്ഷ്യമുദ്രമുഖാന്തരം ആ യിരിക്കുന്നതാണെന്നും കൂടി മനസ്സിലാകുന്നു. ഇങ്ങനെ, തിരുമേനിയെ മുദ്രയുമായി സാദൃശ്യപ്പെടുത്തിയിരിക്കുന്ന ത് സ്വാർത്ഥമായിത്തീരുന്നതും, തിരുമേനിയുടെ സ്ഥാ നമാഹാത്മ്യം നല്ലപോലെ തെളിഞ്ഞു കാണാറാകുന്നതും തിരുമേനിയുടെ ആത്മീയ പിതൃത്വം അന്ത്യനാരാംവരെ നിലനിൽക്കുന്നതാണെന്നു സുസ്പഷ്ടമാകുന്നതും ഞങ്ങരാം പറയുന്ന അർത്ഥപ്രകാരം മാത്രമാണെന്നു കാണാം.

മുദ്രയടയാളം മോതിരത്തിന്മേലായിരുന്നതുകൊണ്ടു 'ഖാതം' എന്നു മോതിരത്തിനും പറഞ്ഞുവരുന്നു. ഈ അ ത്ഥപ്രകാരം തിരുമേനി ഖാതമുന്നബിയ്യീനാണെന്നു പറ യുന്നതിൻെറ താൽപര്യം തിരുമേനി പ്രവാചകൻമാക്കെ ല്ലാം ഭൂഷണമായിട്ടുള്ള ആളാണെന്നാകുന്നു. 'ഫത്ഹുൽ ബയാൻ' എന്ന വ്യാഖ്യാനഗ്രന്ഥത്തിൽ 'ഖാതിം' എന്നതി നു 'അവസാനത്തെയാരം' എന്നു അത്ഥം പറഞ്ഞതിൽ പിന്നെ 'ഖാതം' എന്നതിനെക്കുറിച്ചു ഇപ്രകാരം പറഞ്ഞി രിക്കുന്നു:—

صار كالخاتم لهم الذى يختمون به ويتزينون بكونه منهم

''തിരുമേനി അവക്കു (പ്രവാചകന്മാക്കു) അവർ ധരിക്കുന്ന മോതിരം കണക്കെ ആവുകയും, തിരുമേനി അവരിൽനി ന്നുള്ള ആളായതുകൊണ്ടു അവക്കു ഭൂഷണമായിത്തീരുകയും ചെയ്യുന്നു'' ഫത്ഹുൽബയാൻ, വാല്യം. 7, ഭാ. 286). ഇതിനെ സംബന്ധിച്ചുതന്നെ 'മജ്മഉൽ ബഹ്റൈൻ' എ ന്ന വ്യാഖ്യാനഗ്രന്ഥത്തിൽ പറഞ്ഞിരിക്കുന്നതാവിത്:-

خاتم النبيين يجوز فيه فتح التاء وكسرها فالفتح بمعنى الزينة ماخوذ من الخاتم الذى هو زينة للابسه

''ഖാതമുന്നബിയ്യീൻ' എന്നതിൽ 'താ' യ്ക്ക അകാരവും ഇകാരവും ആകാം. അകാരമാകുമ്പോൾ അതിൻെറ അർത്ഥം 'ഭൂഷണം' എന്നായിരിക്കും. ഇത്, ധരിക്കുന്നയാൾക്കു അലങ്കാരമായിരിക്കുന്ന 'ഖാതം' (മോതിരം) എന്നതിൽനിന്നുള്ളതാണ്'' ഈ വ്യാഖ്യാനർത്ഥങ്ങൾകൊണ്ടു, തിരുമേനി 'ഖാതമുന്നബിയ്യീൻ ആണെന്നതിൻെറ താൽപര്യം തിരുമേനി തൻെറ സ്ഥാനമാഹാത്മ്യത്തിൽ മറ്റെല്ലാ പ്രവാചകന്മാൎക്കും ഭൂഷണമാണെന്നാകുന്നുവെന്നു സിദ്ധിക്കുന്നു. ഇതിൻെറ സാദ്ധ്യം തിരുമേനി എല്ലാ പ്രവാചകൻമാരിലും ശ്രേഷ്ഠൻ എന്നു തന്നെയാണ്. തിരുമേനിയെ മോതിരവുമായി സാദൃശ്യപ്പെടുത്തിയിട്ടുള്ളതിൻെറ മറെറാരു താൽപര്യം, മോതിരം വിരലിനെ എന്നപോലെ തിരുമേനി പ്രവാചകസമൂഹത്തെ ആവരണം ചെയ്തിരിക്കുന്നു എന്നാകുന്നു. അതായതു, പ്രവാചകന്മാർക്കുള്ള സകല ഗുണങ്ങളെയും തന്നിൽ അടക്കിക്കൊണ്ടു അവരെ ആവരണം ചെയ്തിരിക്കുന്നുവെന്നാണ്. അറബി സാഹിത്യത്തിൽ ശ്രേഷ്ഠതയെ കുറിക്കുന്നതിന്നു പ്രസ്തുത പദം പ്രയോഗിക്കപ്പെടുന്നതായി മുമ്പിൽ പ്രതിപാദിച്ചതിൻെറ സാദ്ധ്യവും ഇതുതന്നെ. ഈ അർത്ഥങ്ങളെല്ലാം 'ഖാതം' എന്ന പദത്തിൽനിന്നു മനസ്സിലാകുന്നതാകകൊണ്ടു, വ്യാഖ്യാതാക്കൾ പറഞ്ഞിട്ടില്ലാത്തവയായിരുന്നാലും, അതുകൾ സ്വീകാര്യമായിരിക്കുന്നതാകുന്നു. ഈ സംഗതി പിറകെ പ്രതിപാദിക്കപ്പെടുന്നതാകയാൽ ഇവിടെ ഇതിലധികം ഈ വിഷയകമായി പ്രസ്താവിക്കുന്നില്ല.

ശിഷ്യപ്രവാചകൻെറ ആഗമനത്താൽ നബിതിരു
മേനിയുടെ പിതൃത്വം സുസ്ഥാപിതമാകുന്നു

''ഒരു നബിക്കുശേഷം മററൊരു നബി ഭൂജാതനാകുന്നതായാൽ മുമ്പുള്ള നബിയുടെ പ്രബോധനം കാലഹരണപ്പെട്ടു്, അദ്ദേഹത്തിൻെറ സന്താനപരമ്പര നിലച്ചുപോകുന്നു''* എന്നു നമ്മുടെ ഗ്രന്ഥകർത്താവു പ്രസ്താവിച്ചു കാണുന്നതു് ആശ്ചര്യജനകമായിരിക്കുന്നു! ഒവ്വൊരു പ്രവാചകനും വെവ്വേറെ ന്യായപ്രമാണത്തോടുകൂടി വരുകയും താന്താന്നുമുമ്പുള്ള ന്യായപ്രമാണത്തെ ദുർബ്ബലപ്പെടുത്തുകയും ചെയ്തുപോന്നുവെങ്കിൽ മാത്രമേ ഈ ന്യായം സാധുവായിരിക്കുകയുള്ളു. എന്നാൽ, പ്രവാചകന്മാരെല്ലാം വെവ്വേറെ ന്യായപ്രമാണങ്ങളോടും വ്യത്യസ്ത പ്രബോധനങ്ങളോടും കൂടിയവരായിരുന്നില്ലെന്നും, നിരവധിപ്രവാചകന്മാർ അവർക്കു മുമ്പേ ന്യായപ്രമാണകാരൻമാരായി വന്നിട്ടുണ്ടായിരുന്ന പ്രവാചകൻമാരുടെ മാർഗ്ഗങ്ങളിലേക്കുതന്നെ ക്ഷണിക്കുന്നതിനു വന്നവരായിരുന്നുവെന്നും വിശുദ്ധഖുർആനിൽനിന്നു സുവ്യക്തം തെളിയുന്നതായി മുൻ അദ്ധ്യായങ്ങളിൽ കാണിച്ചിട്ടുണ്ടു്†. ഖുർആൻ ഒരാവൃത്തിയെങ്കിലും വയിച്ചുനോക്കുന്നവക്കു ഈ പരമാത്ഥം ഗ്രഹിക്കുവാൻ പ്രയാസമില്ല. ഈ സ്ഥിതിക്കു പണ്ഡിതനായ ഗ്രന്ഥകർത്താവു മേലുദ്ധരിച്ചപ്രകാരം പ്രസ്താവിച്ചുകാണുന്നതു അനുകമ്പാർഹമായിരിക്കുന്നു. ചില സമുദായക്കാരുടെ ഇടയിൽ ഒരു പ്രവാചകൻെറ മരണശേഷം മററൊരു പ്രവാചകൻ എന്നവണ്ണം തുടരത്തുടരെ പ്രവാചകന്മാർ നിയോഗിക്കപ്പെട്ടിരുന്നതായി ഖുർആൻകൊണ്ടും നബിവചനംകൊണ്ടും സ്പഷ്ട

---

* ഖതമുന്നുബുവ്വത്തു്. ഭാ. 25.

† മൂന്നാം അദ്ധ്യായം. ഭാ.65–74. നാലാം അദ്ധ്യായം ഭാ.93–95

മാകുന്നണ്ട്*. ആകയാൽ, ഗ്രന്ഥകർത്താവിൻെറ മേൽപ ടി ന്യായം സാധുവായിത്തീരുന്നപക്ഷം തലേന്നാംവരെ നിലവിലിരുന്ന ഒരു ന്യായപ്രമാണത്തിനും പ്രവാചകനോടുള്ള തുടർച്ചകളും പിറേറദിവസം മറെറാരു പ്രവാചകൻെറ നിയോഗത്തോടുകൂടി കാലഹരണം വന്നുപോയി എന്നും, തലേന്നാംവരെ ഒരു പ്രവാചകൻെറ അനുഗാമിയായിരുന്ന ആരം പിറേറദിവസം മറെറാരു നബിയെ സ്വീകരിച്ചതോടുകൂടി ആ മുൻപ്രവാചകനെയും അദ്ദേഹത്തോടുള്ള തുടർച്ചയെയും ഉപേക്ഷിക്കേണ്ടതായി വന്നുവെന്നും പറയേണ്ടിവരും. ഇതു ചിന്താശീലനായ ഒരാൾക്ക് ഒരു നിമിഷനേരത്തേക്കുപോലും സമ്മതിക്കുവാൻ വിവൃത്തിയില്ലാത്ത സംഗതിയാണ്. ആകയാൽ, ഒവ്വൊരു പ്രവാചകൻെറയും വരവിനുശേഷം മുൻപ്രവാചകൻെറ പ്രബോധനം കാലഹരണപ്പെട്ടുപോകയും, സന്താനപരമ്പര നിലച്ചുപോകയും ചെയ്യുന്നുവെന്ന ന്യായം ഒരിക്കലും സാധുവാകുന്നതല്ല. പ്രബോധനം കാലഹരണപ്പെട്ടുപോകുന്നത് പുതുതായുള്ള ന്യായപ്രമാണത്തോടുകൂടിയ പ്രവാചകൻെറ വരവിനാൽ മാത്രമാണ്. എന്നാൽ ഗ്രന്ഥകർത്താവുതന്നെ ഇസ്രായീൽക്കാരിൽ മൂസാനബി (അ) മാത്രമെ ന്യായപ്രമാണത്തോടുകൂടിയ പ്രവാചകനായിരുന്നുള്ളു എന്നു പ്രസ്താവിച്ചുകൊണ്ടു ആ മഹാത്മാവിനുശേഷം അവരിൽ എത്രതന്നെ പ്രവാചകൻമാർ വന്നിട്ടും അദ്ദേഹത്തിൻെറ പ്രബോധനം കാലഹരണപ്പെട്ടുപോകയോ അദ്ദേഹത്തിൻെറ സന്താനപരമ്പര നിലച്ചുപോകയോ

---

* ഖുർആൻ. 2: 87. ഹദീസ്—'കാനത് ബനൂ ഇസ്രായീല തസൂസുഹുമുൽ അമ്പിയാഉ കുല്ലമാ ഹലക നബിയ്യുൻ' കലഫഹു നബിയ്യുൻ' (ബുഖാരി).

ചെയ്തിരുന്നില്ലെന്നു സമ്മതിച്ചിട്ടുണ്ട്. ഇങ്ങനെ, നമ്മുടെ ഗ്രന്ഥകർത്താവു പരസ്പരവിരുദ്ധമായി പ്രസ്താവിച്ചു കാണുന്നതു ഏറെ വിസ്മയാവഹമായിരിക്കുന്നു! നബി തിരുമേനിക്കുശേഷം അനുയായികളിൽനിന്നു ആത്മീയ പുത്രനായവഴി ഒരു പ്രവാചകൻ പ്രത്യക്ഷനാകുന്നതുകൊണ്ടു തിരുമേനിയുടെ പ്രബോധനം കാലഹരണപ്പെട്ടുപോകയോ തിരുമേനിയുടെ സന്താനപരമ്പര നിലച്ചുപോകയോ ചെയ്യുന്നതല്ല. മറിച്ചു, അതുമൂലം തിരുമേനിയുടെ പ്രബോധനത്തിൻെറ ശ്രേഷ്ഠത വെളിപ്പെടുകയും തിരുമേനിയുടെ സന്താനപരമ്പരയുടെ മാഹാത്മ്യം സുസ്ഥാപിതമാവുകയും ആണ് ചെയ്യുന്നതു.

ഒരു പ്രവാചകൻെറ പിറകെ മറെറാരു പ്രവാചകൻ വരുന്നതായാൽ ആദ്യ പ്രവാചകൻെറ ദൌത്യം കാലഹരണപ്പെട്ടുപോകുമെന്നും അദ്ദേഹത്തിൻെറ സന്താനപരമ്പര നിലച്ചു പോകുമെന്നും അദ്ദേഹത്തിൻെറ ഉപദേശക്രമം ന്യൂനതയുള്ളതായിത്തീരുമെന്നും ഗ്രന്ഥകർത്താവു ധരിച്ചു വശായതുകൊണ്ടാണ് ''മനുഷ്യനെ പരമോന്നതപദവിയിൽ എത്തിക്കുവാനായി പുതിയ ഭാഗത്തെ വിസ്തരിച്ചുകൊടുക്കേണ്ടതിന്നാണ് ലോകത്തു പ്രവാചകൻെറ ആവശ്യം നേരിടുന്നത്''* എന്നു അദ്ദേഹം പറഞ്ഞിരിക്കുന്നതു. ഈ അബദ്ധധാരണ നിമിത്തം തന്നെയാണ്, തിരുമേനി ഖാതമുന്നബിയ്യീനാണെന്നും ലോകത്തിനൊട്ടുക്കുമുള്ള പ്രവാചകനാണെന്നും പരിപൂർണ്ണവും സുരക്ഷിതവുമായ ന്യായപ്രമാണത്തോടുകൂടിയ ദൈവദൂതനാണെന്നുമുള്ള സംഗതികളെ തിരുമേനിക്കു ശേഷം പ്രവാചകനുണ്ടാകുന്നതല്ലെന്ന വിഷയത്തിലേക്കു പ്രമാണങ്ങളായി കാണിച്ചിരിക്കുന്ന

* ഖതമുന്നബുവ്വത്ത് ഭാ. 2.

തും. ദൌത്യാധികാരം കാലഹരണപ്പെട്ടുപോകയും സന്താനപരമ്പര നിലച്ചുപോകയും ചെയ്യുന്നതു മുൻന്യായപ്രമാണത്തെ ദുബ്ബലപ്പെടുത്തുന്ന പുതിയ പ്രമാണത്തോടുകൂടിയ ഒരു പ്രവാചകൻെറ വരവിനാൽ മാത്രമാണ്. എന്നാൽ, എല്ലാ പ്രവാചകന്മാരും വ്യത്യസ്ഥ ന്യായപ്രമാണങ്ങളോടുകൂടിയവരായിരുന്നില്ലെന്നും അവരിൽ ഓരോരുവരുടേയും വരവിനുശേഷം മുമ്പുള്ള ന്യായപ്രമാണം ദുബ്ബലപ്പെട്ടുപോകയോ ആ ന്യായപ്രമാണകാരനായപ്രവാചകൻെറ സന്താനപരമ്പര നിലച്ചുപോകയോ ചെയ്തിരുന്നില്ലെന്നും വിശുദ്ധഖുർആനിൽനിന്നു സുസ്പഷ്ടമാകുന്നതായി മുൻ കണ്ടുവല്ലൊ. എല്ലാ പ്രവാചകൻമാരും പ്രത്യേകം പ്രത്യേകം ന്യായപ്രമാണങ്ങളോടുകൂടിയവരായിരുന്നില്ലെന്നതു ഗ്രന്ഥകത്താവുതന്നേ സമ്മതിച്ചിട്ടുള്ളതുമാണ്. ആകയാൽ, ''ഒരു നബിക്കശേഷം മറെറാരു നബി ഭൂജാതനാകുന്നതായാൽ മുമ്പുള്ള നബിയുടെ പ്രബോധനം കാലഹരണപ്പെട്ടു, അദ്ദേഹത്തിൻെറ സന്താനപരമ്പര നിലച്ചുപോകുന്നു''* എന്നും, ''തിരുമേനിക്കശേഷം മറെറാരു പ്രവാചകൻ വരുന്നതായാൽ പ്രവാചകത്വം പൂത്തിയായിട്ടില്ലെന്നുവരും'' × എന്നും, ''പരിപൂണ്ണമായ ഒരു ഹിദായത്തിൻെറ ആവിർഭാവത്തോടുകൂടി പ്രവാചകത്വത്തിൻെറ ആവശ്യം ലോകത്തിനില്ലാതായിത്തീരുന്നു''† എന്നും, ''തിരുമേനിക്കശേഷം പ്രവാചകനോ പ്രവാചകന്മാരോ ഉണ്ടാകാമെന്ന വാദം സമ്മതിക്കുന്നപക്ഷം....വിശുദ്ധഖുർആൻെറ ഉപദേശരീതിയിൽ ന്യൂനതയുണ്ടെന്നു സമ്മതിക്കേണ്ടതായിവരും''‡ എന്നും, ''ഖുർആൻ മനുഷ്യലോകത്തിൻെറ പരിപൂണ്ണതയ്ക്കായുള്ള സംപൂണ്ണനിലയെ എത്തിച്ചു കഴിഞ്ഞിരിക്കുന്നു. അ

---

* ഖതമുന്നുബുവ്വത്ത്. ഭാ. 25. × ടി. ഭാ. 22.

† ടി. ഭാ. 16. ‡ ടി. ഭാ. 50.

തുകൊണ്ട ഒരു പുതിയ പ്രവാചകൻെറ ആവശ്യം ശേഷി ച്ചിട്ടമില്ല'' § എന്നും മററും പലഘട്ടങ്ങളിലായി അദ്ദേഹം പ്രസ്താവിച്ചിരിക്കുന്നതു വിശുദ്ധഖുർആൻെറ പ്രബോധന ത്തിനു തീരെ വിരുദ്ധവും അദ്ദേഹത്തിൻെറ സ്വന്തപ്രസ്താ വനയ്ക്കുതന്നേ വിപരീതവും ആയിട്ടുള്ള അടിസ്ഥാന രഹി തമായ സങ്കല്പം മാത്രമാണ്.

### ആത്മീയമായ സന്താനപരമ്പരയും തിരുമേനിയുടെ സ്ഥാനമാഹാത്മ്യവും

"ഒരു പുത്രൻ തൻെറ പിതാവിൻെറ ചില ഗുണങ്ങ ൾ കണ്ട പഠിച്ച ആ ഗുണങ്ങളിൽ എങ്ങനെ തൻെറ പി താവിനോട സാദൃശ്യം പ്രാപിക്കുന്നുവോ അപ്രകാരംതന്നെ ഒരു പ്രവാചകനെ സവ്വ പ്രകാരേണയും സവ്വ വിഷയത്തി ലും അനുഗമിക്കുന്ന ഒരാൾക്ക ഒരു പ്രത്യേകരീതിയിൽ ആ പ്രവാചകനോട സാമ്യമുണ്ടായിത്തീരുന്നു. തന്മൂലം അ ങ്ങനെ പ്രവാചകന്മാരെ പിന്തുടരുന്ന മനുഷ്യർക്ക അവരു ടെ ആത്മീയ സന്താനങ്ങൾ എന്ന പേർ ലഭിക്കുന്നു''* എ ന്നു ഗ്രന്ഥകർത്താവു പറയുന്നു. പ്രവാചകൻമാരെ അനുഗ മിക്കുന്നതുകൊണ്ട മനുഷ്യർക്ക ലഭ്യമാകുന്ന ഈ പുത്രത്വം ന ബിതിരുമേനിക്ക മുമ്പുള്ള പ്രവാചകൻമാരുടെ അനുയായി കൾക്കും ലബ്ധമായിട്ടുള്ളതു തന്നെയാണല്ലൊ. തിരു മേനിയുടെ അനുയായികൾക്കും ഈ സ്ഥാനം മാത്രമേ ല ഭ്യമാകയുള്ളവെങ്കിൽ, ''മനുഷ്യസമുദായത്തിൻെറ യഥാർ ത്ഥമായ പരിപൂർണ്ണതക്ക ആവശ്യമായ സവ്വ ഉപകരണ ങ്ങളും തികച്ചുള്ള ഒരു ഭണ്ഡാഗാരം മുഹമ്മദുനബി (സ.അ) മാത്രമാണ്. അപ്പോൾ മനുഷ്യരുടെ ആത്മീകമായ പാരമ്പ

§ ഖതമുന്നുബുവ്വത്ത്. ഭാ. 2.

ശ്യത്തിൻെറ പരിപൂൎത്തി മുഹമ്മദുനബി (സ. അ) യിലാണ് സ്ഥിതിചെയ്യുന്നതു''† എന്ന ഗ്രന്ഥകൎത്താവ് പറഞ്ഞിരിക്കുന്നതു വായനക്കാരെ ആനന്ദിപ്പിക്കുവാൻ മാത്രമായുള്ള അൎത്ഥരഹിതമായ ഒരു സ്തോത്രമാണെന്നുവരുന്നു. എന്തുകൊണ്ടെന്നാൽ 'യഥാൎത്ഥമായ പരിപൂൎണ്ണത'യും 'പാരമ്പര്യത്തിൻെറ പൂൎത്തി'യും തിരുമേനിയിൽ സ്ഥിതിചെയ്യുന്നുവെന്നു പറയുന്നതല്ലാതെ, അതുമൂലം മുമ്പുള്ള പ്രവാചകൻമാരുടെ അനുയായികൾക്കു ലഭിക്കാതിരുന്ന പരമമായസ്ഥാനംതിരുമേനിയുടെ അനുയായികൾക്കു ലഭ്യമാകുന്നതാണെന്നു അദ്ദേഹം സമ്മതിക്കുന്നില്ല. പുത്രർ അനുസരണം വഴി പിതാവിനോടു സാദൃശ്യമുള്ളവരായിത്തീരുന്നപോലെത്തന്നെ, പ്രവാചകനെ അനുസരിക്കുവഴി അനുയായികൾ അദ്ദേഹത്തോടു സാദൃശ്യമുള്ളവരായിത്തീരുന്നുവെന്നാണല്ലൊ ഗ്രന്ഥകൎത്താവു മേലുദ്ധാരണത്തിൽ പറഞ്ഞിരിക്കുന്നതു. അങ്ങനെ അവർ സാദൃശ്യമുള്ളവരായിത്തീരുന്നതുകൊണ്ടു ആ പിതാവിൻെറയോ, പ്രവാചകൻെറയോ യഥാൎത്ഥമായ സ്ഥാനത്തിനു യാതൊരു കുറച്ചിലും വരുന്നില്ല; നേരേമറിച്ച്, അതു അദ്ദേഹത്തിൻെറ ശ്രേഷ്ഠതയെ പ്രകാശിപ്പിക്കുകയാണ് ചെയ്യുന്നതു. എന്നിരിക്കെ, നബിതിരുമേനിയെ പരിപൂൎണ്ണമായി അനുസരിക്കുവഴി തിരുമേനിയുടെ പ്രവാചകത്വമെന്ന ഗുണം നൽകപ്പെട്ട്, ആ ആത്മീയപിതാവിനോടു സാദൃശ്യമുള്ളവരായി, തിരുമാൎഗ്ഗസേവനത്തിനായി ആ തിരുമേനിയുടെ അനുയായികളിൽനിന്നുള്ളവർ ദൈവനിയുക്തരായിത്തീരുന്നതായാൽ, അതു ആ പിതൃവരൻെറ ശ്രേഷ്ഠതയെ കാണിക്കുകയല്ലാതെ, തിരുമേനിയുടെ മാഹാത്മ്യത്തിനു ഭം

† ഖതമുന്നുബുവ്വത്ത്. ഭാ. 27.

ഗകരമായിത്തീരുകയോ പിതൃത്വത്തിനു കളങ്കകരമായി ഭവിക്കുകയോ തിരുമേനിയുടെ തത്വപ്രബോധനത്തിനു കാലഹരണകാരകമാവുകയോ ചെയ്യുന്നില്ല. ഒരു പുത്രൻ സ്വപിതാവിൻെറ സകല ഗുണങ്ങളെയും തന്നിൽ ഉല്പാദിപ്പിച്ച്, പിതാവിൻെറ കാലശേഷം ആവശ്യം നേരിടുമ്പോൾ പിതൃജോലി നിർവ്വഹിക്കുകയെന്നതു പിതാവിൻെറ സ്ഥാനമാഹാത്മ്യത്തെ പുലർത്തുന്നതും, അപ്രകാരം ഒരു പുത്രൻപോലും പിതൃഗുണസമ്പന്നനായിത്തീരാതിരിക്കുകയെന്നതു പിതാവിൻെറ സ്ഥാനത്തിനു കുറച്ചിൽ വരുത്തുന്നതും ആയിരിക്കുന്നപോലെത്തന്നെ, നബിതിരുമേനിയുടെ ആത്മീയ സന്താനങ്ങളിൽ തിരുമേനിയുടെ ലക്ഷണങ്ങളെല്ലാം പൂർത്തീകരിച്ചിട്ടുള്ള ഒരു പുത്രനെകിലും ഉണ്ടാകാതിരിക്കുകയും തിരുമേനി ചെയ്തിരുന്ന പരിശുദ്ധ ജോലി നിർവ്വഹിക്കേണ്ടുന്ന അത്യാവശ്യം നേരിട്ടപ്പോൾ അതിലേക്കു ആളില്ലാതിരിക്കുകയും ചെയ്യുന്നതായാൽ അതു തിരുമേനിയുടെ സ്ഥാനത്തെ മഹത്വപ്പെടുത്തുകയല്ല, കളങ്കപ്പെടുത്തുകയാണ് ചെയ്യുക. എന്നാൽ, അത്തരം ഗുണങ്ങളോടുകൂടിയ തിരുമേനിയുടെ പ്രതിബിംബമായുള്ള ഒരു ആത്മീയ പുത്രൻ ഉണ്ടാകുന്നതുമൂലം തിരുമേനിയുടെ സ്ഥാനമാഹാത്മ്യം പ്രകാശിതമാവുകയാണ് ചെയ്യുന്നതു. തൻമൂലം 'ആത്മീയ സന്താന'ത്തെക്കുറിച്ചു നമ്മുടെ ഗ്രന്ഥകർത്താവു പറഞ്ഞിരിക്കുന്ന മുൻകാണിച്ച ഉദാഹരണത്തിൽനിന്നു മനസ്സിലാകുന്നതു, തിരുമേനിയുടെ അനുയായികളിൽ പ്രവാചകന്മാർ ഉണ്ടാകാമെന്നും, അങ്ങനെ ഉണ്ടാകുന്നതുകൊണ്ടു തിരുമേനിയുടെ തത്വപ്രബോധനത്തിൻെറയും സന്താനപരമ്പരയുടെയും മാഹാത്മ്യം വെളിപ്പെടുകയല്ലാതെ അതിനു കുറച്ചിലുണ്ടാകുന്നില്ലെന്നും ആകുന്നു.

ചുരുക്കിപ്പറയുന്നതായാൽ 'ഖാതമുന്നബിയ്യീൻ' എന്ന ഖുർആൻ വചനം നബിതിരുമേനിക്കുശേഷം യാതൊരു പ്രകാരത്തിലുള്ള പ്രവാചകനും വരുന്നതല്ലെന്നുള്ള ഗ്രന്ഥകർത്താവിൻെറ സിദ്ധാന്തത്തിനു പ്രമാണമായിത്തീരുന്നില്ല. 'ഖാതം' എന്ന വാക്കിൻെറ അൎത്ഥം 'മുദ്ര' എന്നാണെന്നതു സുസ്പഷ്ടമാണ്. 'ഖാതിം' എന്നായാൽ അതിൻെറ അൎത്ഥം 'മുദ്രവെക്കുന്നവൻ' എന്നാകുന്നു. അപ്പോാം 'ഖാതമുന്നബിയ്യീൻ' എന്നതിൻെറ അൎത്ഥം 'പ്രവാചകൻമാരുടെ മുദ്ര' എന്നു തന്നെയാണെന്നുവന്നു. എന്നാൽ, ഈ 'മുദ്ര' എന്നതിനെ ബാഹ്യാൎത്ഥത്തിൽ സാധനപരമായ 'മുദ്ര' എന്നപോലെ വിചാരിക്കുവാൻ നിവ്വാഹമില്ല. കാരണം, നബിതിരുമേനിയെ സാധനപരമായ ഒരു 'മുദ്ര' കണക്കെ വിചാരിക്കുകയും ആ മുദ്രയെക്കൊണ്ടു പൂർവ്വപ്രവാചകന്മാരുടെമേൽ മുദ്രവെച്ചു എന്നു അൎത്ഥമാക്കുകയും ചെയ്യാവുന്നതല്ലല്ലൊ. അപ്പോാം അതിനു ആന്തരികവും ആത്മീകവുമായ അൎത്ഥം വിവക്ഷിക്കുവാനെ പാടുള്ളു എന്നു വരുന്നു. ആയൎത്ഥം, തിരുമേനി ആത്മീകത്വത്തിൽ പരമകാഷ്ഠയെ പ്രാപിക്കുകയും ആ സ്ഥാനത്തിൻെറ അന്തിമാഗ്രത്തിൽ എത്തുകയും ചെയ്ത മഹാത്മാവും ആ സ്ഥാനത്തെ മുദ്രണം ചെയ്ത് സാക്ഷിപ്പെടുത്തിയ പ്രവാചകനും ആണെന്നുള്ളതാകുന്നു. ഈ സംഗതി മുമ്പിൽ വിവരിച്ച ഉദാഹരണങ്ങളിൽനിന്നു മനസ്സിലാക്കാവുന്നതാണ്.* തന്നേയുമല്ല, 'ഖാതം' ശബ്ദം സമൂഹത്തെ കുറിക്കുന്ന മററൊരു പദത്തോടുചേൎന്നു ഒരാളുടെസ്തുതിയായിവരുമ്പോാം അതിനു ആ സമൂഹത്തിൽ 'ശ്രേഷ്ഠനായിരിക്കുന്ന വ്യക്തി'

* പ്രകൃതാദ്ധ്യായം. ഭാ. 302-306 നോക്കുക.

എന്നല്ലാതെ, അവരിൽ 'അവസാനത്തെയാരം' എന്നത്ഥ മുള്ളതായി തെളിയിക്കുവാൻ ഗ്രന്ഥകത്താവിനു സാധിക്കു ന്നതല്ല. അപ്പോരം 'ഖാതമുന്നബിയ്യീൻ' എന്ന വചനത്തി ൻെറ അത്ഥം 'പ്രവാചകന്മാരിൽ അത്യുൽകൃഷ്ടപദവിയെ പ്രാപിച്ച്, അവക്കു ലബ്ധമായിട്ടുള്ള 'സ്ഥാനത്തിൻെറ അന്തിമാഗ്രത്തിലെത്തിയ ആരം' എന്നു മാത്രമേ ആയിരി ക്കുകയുള്ളൂ. ഇങ്ങനെ നബിതിരുമേനി (സ) സവ്വപ്രവാ ചകൻമാരിലും ശ്രേഷ്ഠൻ ആണെന്നതിൽനിന്നുതന്നേ, തി രുമേനിക്കുശേഷം പ്രത്യേക ന്യായപ്രമാണത്തോടുകൂടിയ പ്രവാചകൻ ഉണ്ടായിരിക്കാവതല്ലെന്നും, മുൻപ്രവാചക ൻമാരുടെ അനുയായികരംക്കു സിദ്ധിച്ചിട്ടുണ്ടായിരുന്നതി ലും ഉപരിയായ സ്ഥാനം പ്രാപിച്ചവർ തിരുമേനിയുടെ അനുയായികളിൽ ഉണ്ടായിരിക്കുന്നതാണെന്നും മനസ്സിലാ കുന്നുണ്ട്. എന്തുകൊണ്ടെന്നാൽ, തിരുമേനിയുടെ പിറകെ വേറൊരു ന്യായപ്രമാണം ഉണ്ടാവുന്നപക്ഷം അതു നടപ്പി ലിരിക്കുന്ന ന്യായപ്രമാണത്തെക്കാരം ഉത്തമമായതും, അതു കൊണ്ടുവരുന്നയാരം തിരുമേനിയെക്കാരം മഹത്വമേറിയ ആളും ആയിരിക്കേണ്ടതാണ്. അപ്പോരം 'സർവ്വപ്രവാ ചകൻമാരിലും ശ്രേഷ്ഠൻ' എന്നുള്ള തിരുമേനിയുടെ സ്ഥാ നത്തിനു കളങ്കം ഭവിക്കുന്നതാകുന്നു. ഇപ്രകാരംതന്നെ തി രുമേനിക്കു മററു പ്രവാചകൻമാരെക്കാരം സ്ഥാനമാഹാ ത്മ്യം കൂടുമെന്നിരിക്കുമ്പോരം, ആ പ്രവാചകൻമാരോടു ള്ള അനുസരണംകൊണ്ടു അവരുടെ അനുയായികരംക്കു സിദ്ധിച്ചതിലും ഉപരിയായ സ്ഥാനം തിരുമേനിയോടു ള്ള തുടർച്ചയും അനുസരണവും മുഖാന്തരം തിരുമേനിയുടെ അനുയായികരംക്കു സിദ്ധിക്കേണ്ടിയിരിക്കുന്നു. അല്ലെങ്കി ൽ, തിരുമേനിക്കു മററു പ്രവാചകൻമാരെക്കാരം ഉപരി യായ സ്ഥാനമില്ലെന്നു വരുന്നതാണ്. ആകയാൽ, 'സി ദ്ദീഖിയ്യത്'' വരെയുള്ള പദവികരം മുൻപ്രവാചകൻമാരോ

ട്ടുള്ള തുടച്ച് മുഖാന്തരം അവരുടെ അനുഗാമികൾക്ക സിദ്ധിച്ചിരുന്നതുകൊണ്ടു, അതിലുമുപരിയായ സ്ഥാനം ഈ പ്രവാചകശ്രേഷ്ഠനോടുള്ള തുടച്ച്മുഖാന്തരം അനുയായികൾക്ക ലഭിക്കേണ്ടതാകുന്നു. ആ ഉപരിയായ സ്ഥാനം പ്രവാചകത്വം ആയിരിക്കുകൊണ്ടു തിരുമേനിയുടെ അനുയായികൾക്ക ഈ പദവികൂടി ലഭ്യമാകാവുന്നതാണെന്നു സിദ്ധിച്ചു. ഇങ്ങനെ, 'ഖാതമുന്നബിയ്യീൻ' എന്ന വചനത്തിൽനിന്നു തിരുമേനി എല്ലാ പ്രവാചകൻമാരെക്കാൾ ശ്രേഷ്ഠനും പ്രവാചകത്വം എന്ന സ്ഥാനത്തിൻെറ അന്തിമാഗ്രത്തെ പ്രാപിച്ചയാളും ആണെന്നു വരുമ്പോൾ തിരുമേനിക്ക ശേഷം പുതുതായ ഒരു ന്യായപ്രമാണം ഉണ്ടാവാൻ പാടില്ലെന്നും തിരുമേനിയുടെ അനുയായികളിൽ പ്രവാചകൻമാരുണ്ടാവുന്നതാണെന്നും ഉള്ള വസ്തുത അതിൽനിന്നു സ്വയം വെളിവാകുന്നതാണ്. കൂടാതെ, 'മുദ്ര' സാക്ഷീകരണത്തിനുള്ള ഒരുപകരണമായിരിക്കകൊണ്ടു 'സാക്ഷീകരിക്കുന്നതു' എന്നുള്ള ഒരത്ഥവും ഇതിൽ അന്തർഭവിച്ചിരിക്കുന്നുണ്ടു്. പ്രവാചകത്വപദവിതന്നേ നബിതിരുമേനിയോടുള്ള തുടച്ച് മുഖാന്തരം പ്രദാനം ചെയ്യപ്പെടുന്നതാണെന്നവരുമ്പോൾ തിരുമേനിയുടെ സാക്ഷ്യമുദ്ര അതിൽ അന്തർഭവിച്ചിരിക്കുന്നുണ്ടെന്നും ആ സാക്ഷ്യം തന്നെയാണ് ഈ ശിഷ്യപ്രവാചകത്വത്തിനു ആധാരമായിരിക്കുന്നതെന്നും ഉള്ളതു സുസ്പഷ്ടമാണു. ആകയാൽ 'ഖാതമുന്നബിയ്യീൻ' എന്ന ദൈവവചനത്തിൽനിന്നു തിരുമേനിക്കു ശേഷം യാതൊരു തരത്തിലുള്ള പ്രവാചകനും ഉണ്ടാവാൻ പാടില്ലെന്നല്ല തെളിയുന്നതു; മറിച്ചു, തിരുമേനിയോടുള്ള തുടർച്ചയും അനുസരണവും മുഖാന്തരം പ്രവാചകത്വം ലഭ്യമാകുന്നതാണെന്നും എന്നാൽ, തിരുമേനിയോടുള്ള തുടച്ച് കൂടാതെ സ്വതന്ത്രനായോ, പ്രത്യേക ന്യായപ്രമാണ

കാരനായോ, തിരുമേനിയുടെ മതപ്രമാണത്തെ ദുബ്ബല പ്പെടുത്തുന്നതിന്ന അധികൃതനായോ ഉള്ള യാതൊരു പ്രവാചകനും ഉണ്ടാകാവതല്ലെന്നും മാത്രമാകുന്നു.

ഇനി 'ഖാതം' എന്നുള്ളതിനെ 'ഖാതിം' എന്നു സങ്കല്പിക്കുകയും, അതിന്ന 'അവസാനിപ്പിക്കുന്നയാൾ' എന്നു അത്ഥമാക്കുകയും ചെയ്യുന്നതായാലും, അതിൽനിന്നു നബിതിരുമേനിക്കുശേഷം യാതൊരു പ്രവാചകനും വരുന്നതല്ലെന്നു അർത്ഥസിദ്ധമാകുന്നതല്ല. ഈ അർത്ഥപ്രകാരം 'ഖാതമുന്നബിയ്യീൻ' എന്നതിന്ന 'പ്രവാചകൻമാരെ അവസാനിപ്പിക്കുന്നയാൾ' എന്നു മാത്രമേ അത്ഥമാകുന്നുള്ളു. എന്നാൽ ഇതുകൊണ്ടുള്ള വിവക്ഷ തിരുമേനി പൂർവ്വപ്രവാചകൻമാരെ അവസാനിപ്പിച്ചു എന്നല്ലാതെ, വരാനിരിക്കുന്ന പ്രവാചകൻമാരെ അവസാനിപ്പിച്ചു എന്നായിരിക്കാൻ പാടില്ല. കാരണം, ആവിർഭവിക്കുന്നതിന്ന മുമ്പായിത്തന്നെ ആ ഭാവി പ്രവാചകൻമാരെ അവസാനിപ്പിച്ചു എന്നു പറയുന്നതു അർത്ഥരഹിതമാണ്. തന്നേയുമല്ല, ഭാവിപ്രവാചകൻമാരെ അവസാനിപ്പിച്ചു എന്നു അത്ഥം പറയുകയാണെങ്കിൽ പ്രസ്തുത പ്രവചനത്തിലെ 'അന്നബിയ്യീൻ' എന്നതുകൊണ്ടു വിവക്ഷിക്കപ്പെട്ട 'പ്രവാചകൻമാർ' വരാനുള്ളവരായിരുന്നുവെന്നും, തിരുമേനി അവരെ അവസാനിപ്പിച്ചുകളഞ്ഞതുകൊണ്ടു അവരുടെ വരവു തടയപ്പെട്ടുപ്പോയതാണെന്നും കൂടി അതിന്ന അർത്ഥമാകുന്നതാണ്. ആകയാൽ, തിരുമേനി അവസാനിപ്പിച്ചതു പിറകെയുണ്ടാകാനിരിക്കുന്ന പ്രവാചകൻമാരെയല്ല, മുമ്പുള്ള പ്രവാചകൻമാരെയാണെന്നു മനസ്സിലാകുന്നു. എന്നാൽ പൂവ്വപ്രവാചകൻമാർ തിരുമേനിയുടെ ആവിർഭാവത്തിന്ന മുമ്പുതന്നെ കഴിഞ്ഞുപോയിരുന്നവരാകകൊണ്ടു, അവരെ അവസാനിപ്പിക്കുക എ

ന്നതിൻെറ വിവക്ഷിതം അവരുടെ ഉപദേശത്തിൻെറ അ നുഷ്ഠാനത്തെ നിറുത്തലാക്കുക എന്നായിരിക്കുവാനെ തര മുള്ളു. എന്തുകൊണ്ടെന്നാൽ, മുമ്പുള്ള സകല പ്രവാചക ന്മാരുടെയും മതോപദേശങ്ങളുടെ അനുഷ്ഠാനം നിലച്ചുപോ കയും, എല്ലാവർക്കും ഒരേ ഒരു ന്യായപ്രമാണത്തിൻെറ അനുസരണം മാത്രം നിബ്ബന്ധിതമായിത്തീരുകയും ചെ യ്തതു തിരുമേനിയുടെ ആവിർഭാവത്തോടുകൂടി മാത്രമാണ്. ആകയാൽ ഈ അർത്ഥം എത്രയും പരമാൎത്ഥമാണെന്നു സിദ്ധിക്കുന്നു. മുമ്പു ഓരോ ദേശക്കാർക്കും ജാതിക്കാൎക്കും അവരവരുടെ പ്രവാചകന്മാർ നൽകിയ ഉപദേശം അവ രുടെ ആത്മോൽക്കർഷത്തിനു പര്യാപ്തമായതായിരുന്നു. ആയതുകൊണ്ട് മുൻപ്രവാചകന്മാരിൽ ഒരുത്തരും തനി ക്കുമുമ്പുള്ള പ്രവാചകന്മാരുടെ ഉപദേശക്രമങ്ങളെ അ വസാനിപ്പിച്ച ആളായിരുന്നില്ല. അങ്ങിനെ അവസാ നിപ്പിച്ച പ്രവാചകൻ നബിതിരുമേനി(സ) മാത്രമാണ്. എന്നാൽ ഈ അൎത്ഥത്തിൽനിന്നും തിരുമേനിക്കുശേഷം യാതൊരു പ്രവാചകനും വരുന്നതല്ലെന്നല്ല തെളിയുന്നതു. മറിച്ച്, ഇതിൽനിന്നു വ്യക്തമാകുന്നതു തിരുമേനിയുടെ ന്യായപ്രമാണവും അതിൻെറ അനുഷ്ഠാനവും അന്ത്യനാരം വരെ നിലനിൽക്കുന്നതാണെന്നും തിരുമേനിയോടുള്ള തുടർച്ച കൂടാതെ ആത്മികമായ യാതൊരു സ്ഥാനവും ആർക്കും ലഭ്യമാകാവതല്ലെന്നും മാത്രമാണ്. ഈ പര മാൎത്ഥമാകട്ടെ ഞങ്ങളും സമ്മതിക്കുന്നതുമാകുന്നു.

## എട്ടാം അദ്ധ്യായം

# ഫത്റത്കാലവും പ്രവാചകാവതാരവും.*

### ഗ്രന്ഥകർത്താവിൻെറ ന്യായം.

നബിതിരുമേനിക്കു ശേഷം ഒരു പ്രവാചകനും ഉണ്ടാകുന്നതല്ലെന്നു സ്ഥാപിക്കുന്നതിനായിട്ടു നമ്മുടെ ഗ്രന്ഥകർത്താവു കാണിച്ചിരിക്കുന്ന മററൊരു ന്യായം, തിരുമേനിയുടെ പിറകെ നാളിതുവരെ ഒരു പ്രവാചകനും ആഗതനായിട്ടില്ലെന്നുള്ള സംഗതിയാണ്. നബിതിരുമേനിക്കും ഈസാനബിക്കും ഇടയിലുണ്ടായ ''ഫത്റത്തുൽ റസൂൽ എന്നറിയപ്പെടുന്ന അറുനൂറു വഷക്കാലം മാത്രമേ പ്രവാചകൻ ഇല്ലാത്തതിന്നു ഒരു ലക്ഷ്യമായി ലോകചരിത്രത്തിൽ ഒഴിഞ്ഞുകിടക്കുന്നുള്ളൂ'' † എന്നും, തിരുമേനിയുടെ ''ആഗമനത്തെ പ്രതീക്ഷിച്ചുകൊണ്ടിരിക്കാനായിട്ടത്രേ ആ 600 കൊല്ലം മററൊരു പ്രവാചകൻെറ ആഗമനംകൂടാതെ പാഴായി കിടന്നതു'' † എന്നും, ''ഇത്രയും കാലത്തെ-600 കൊല്ലത്തെ-പ്രതീക്ഷയുടെ ഫലമായി ഇത്ര മഹാനായ ഒരു പ്രവാചകൻ ഭൂജാതനായിരിക്കെ 12 ശതാബ്ദത്തോളം പ്രതീക്ഷിച്ചിരുന്നതിൻെറ ഫലമായി ലോകത്തു വരുന്ന പ്രവാചകൻ റസൂൽകരീമിനെക്കാരം എത്രയോ മഹാനും ശ്രേഷ്ഠനും, ആയിരിക്കണമെന്നും'' * ആണ് ഗ്രന്ഥകർത്താവു പറയുന്നതു! ചുരുക്കത്തിൽ, അദ്ദേഹത്തിൻെറ ന്യായസാരം, തിരുമേനിയുടെ ആവിർഭാവത്തിനു

---

* പ്രവാചകൻെറ നിയോഗം കൂടാതെ കഴിഞ്ഞ 'ഒഴിവുകാലം.'

† ഖതമുന്നുബുവ്വത്ത്. ഭാ. 23. * ടി-ഭാ. 23.

മുമ്പ് ലോകത്തു പ്രവാചകൻ ഉണ്ടാകാതിരുന്ന കാലമായി 600 കൊല്ലം മാത്രമെ കഴിഞ്ഞിരുന്നുള്ളുവെന്നും ആ കാലഘട്ടത്തിനുശേഷം ആഗതനായ പ്രവാചകൻ തിരുമേനി മാത്രമാണെന്നും തിരുമേനിക്കുശേഷം പ്രവാചകനിയോഗംകൂടാതെ 'ഫത്"റത്" ആയി കിടന്നകാലം ലോകചരിത്രത്തിൽ മുമ്പുണ്ടാകാതിരുന്നത്ര ദീർഘമായിട്ടുള്ളതാണെന്നും ഇത്രയും ദീർഘമായ കാലം പ്രവാചകാവതാരംകൂടാതെ കഴിഞ്ഞതുകൊണ്ടുതന്നെ മേലിൽ പ്രവാചകനുണ്ടാകുന്നതല്ലെന്നു മനസ്സിലാകുന്നുവെന്നും അഥവാ പ്രവാചകൻ വരുകയാണെങ്കിൽ അദ്ദേഹം തിരുമേനിയേക്കാൾ ശ്രേഷ്ഠനായിരിക്കേണ്ടതാണെന്നുമാകുന്നു.

ആറുനൂററാണ്ടത്തെ 'ഫത്"റത്"
ഇസ്രായീല്യർക്കു മാത്രമുള്ളതാണ്.

നമ്മുടെ ഗ്രന്ഥകർത്താവു താൻ സാക്ഷ്യമായി കാണിച്ചിരിക്കുന്ന പ്രസ്തുത ന്യായത്തെക്കുറിച്ചു സ്വല്പമൊന്നു ചിന്തിച്ചിരുന്നുവെങ്കിൽ, അതു തൻെറ വാദത്തിലേക്കു തെളിവായിത്തീരുന്നതല്ലെന്നും അതിൻെറ സാധുതയെ സമ്മതിക്കുകയെന്നതു നബിതിരുമേനിയുടെ ദൌത്യത്തിന്നുകൂടി ഭംഗകരമാണെന്നും അദ്ദേഹത്തിനു മനസ്സിലാക്കുവാൻ സാധിക്കുമായിരുന്നു. നബിതിരുമേനിക്കും ഈസാനബിക്കും മദ്ധ്യേ കഴിഞ്ഞ 'ഫത്"റത്" കാലം അറുനൂറു കൊല്ലമാണെന്നു സമ്മതിക്കാം. എന്നാൽ ഈ 'ഫത്"റത്" ഇസ്രായിൽജനതക്കു മാത്രമുള്ളതായിരിക്കയാൽ ലോകത്തിനൊട്ടാകെ ബാധകമായതാണെന്നു പറയാവുന്നതല്ല. ഈസാനബി (അ) ഇസ്രായീല്യർക്കു മാത്രമായിട്ടുവന്ന ഒരു ദിവ്യസന്ദേശകനായിരുന്നുവല്ലൊ. ആകയാൽ, ഈ 'ഫത്"റത്" ആ ജനതക്കു മാത്രമല്ല, ലോക

ത്തിനു പൊതുവെ ബാധകമായതാണെന്നു പറയുന്നുവെങ്കിൽ, ഈസാനബി (അ) മുഴലോകത്തിനുമായി വന്നിട്ടുള്ള ആളായിരുന്നുവെന്നു സമ്മതിക്കുകയോ അഥവാ, അദ്ദേഹത്തിൻെറ അവതാരകാലത്തു അറബ്, ഫാരിസ്, മിസ്റ്, ഹിന്ദുസ്ഥാൻ, ചീനം, യൂറോപ്പ് മുതലായ രാജ്യങ്ങളിലെ സകല ജാതികളുടെ ഇടയിലും പ്രവാചകന്മാർ പ്രത്യക്ഷരായിട്ടുണ്ടായിരുന്നുവെന്നു തെളിയിക്കുകയോ ചെയ്യേണ്ടിയിരിക്കുന്നു. എന്നാൽ, ഈസാനബിയെക്കുറിച്ച, ''വറസൂലൻ ഇലാ ബനീ ഇസ്റായീല (ഇസ്റായീൽ സന്താനങ്ങളിൽ നിയോഗിക്കപ്പെട്ട പ്രവാചകർ) എന്നു വിശുദ്ധഖുർആൻ പറയുന്നു''* എന്നു പ്രസ്താവിച്ചുകൊണ്ടു ആ പുണ്യാത്മാവിൻെറ ദൌത്യം മുഴലോകത്തിനുമുള്ളതായിരുന്നില്ലെന്നു ഗ്രന്ഥകർത്താവുതന്നെ സമ്മതിച്ചിട്ടുണ്ടു. ഇനി അക്കാലത്തു ലോകത്തിലെ ഇതര ജാതികളിലെല്ലാം പ്രത്യേകം പ്രത്യേകം പ്രവാചകന്മാർ ഉണ്ടായിട്ടുണ്ടോ എന്നു പരിശോധിക്കുകയാണെങ്കിൽ, അപ്രകാരം ഉണ്ടായിട്ടുള്ളതായി ഗ്രന്ഥകർത്താവിനു തെളിയിക്കുവാൻ സാധിക്കുന്നതുമല്ല. അതിനാൽ, നബി തിരുമേനിക്കു മുമ്പുകഴിഞ്ഞ 'ഫത്റതി'ൻെറ കാലമായ 600 കൊല്ലം ഇസ്റായീല്യക്കു മാത്രം ബാധകമായതാണെന്നു സമ്മതിക്കാതേ നിവൃത്തിയില്ല.

### ലോകത്തിനു പൊതുവെയുള്ള 'ഫത്റത്''കാലം പന്ത്രണ്ടു നൂററാണ്ടിലും ദീർഘതരമാണ്.

നബിതിരുമേനിയുടെ ദൌത്യം ലോകത്തിനൊട്ടാകെയുള്ളതായിരിക്കകൊണ്ടു തിരുമേനി ഇസ്റായീല്യക്കെന്ന പോലെതന്നെ അറബികൾക്കും, ഫാരിസുകാർക്കും, ഇന്ത്യ

---

* ഖതമുന്നബുവ്വത്ത്, ഒ. 6.

ക്കാക്കം, ചീനത്തുകാക്കം എല്ലാം പ്രവാചകനായിരിക്കു ന്നവല്ലൊ. തിരുമേനിക്കു മുമ്പുവന്ന ഈസാനബിയാകട്ടെ ഇസ്രായില്യക്ക മാത്രമുള്ള പ്രവാചകനായിരുന്നതുകൊണ്ടു അവർ രണ്ടുപേക്കം ഇടയിൽ കഴിഞ്ഞ ആറു നൂററാണ്ടത്തെ ഒഴിവുകാലം ഇസ്രായില്യക്കമാത്രം ബാധകമായ ഒരു 'ഫത്ʼറതാ'ണെന്നു സ്ʼപഷ്ടമാകുന്നു. മററു ജനതകഠംക്കുണ്ടായിട്ടുള്ള 'ഫത്ʼറത്ʼ' അറുനൂറു കൊല്ലമല്ല, ആയിരവും അതിലധികവും കൊല്ലമായിരുന്നു. ഓരോ രാജ്യക്കാരിലും ജനതതികളിലും വന്ന പ്രവാചകന്മാർ ആരെല്ലാമാണെന്നും അവരുടെ അവതാരകാലങ്ങളേതൊക്കെയാണെന്നും ഉള്ള വിവരം നമ്മഠംക്കില്ലല്ലൊ. ചരിത്രംകൊണ്ടും ചില സമുദായക്കാരുടെ മതവിശ്വാസങ്ങഠം കൊണ്ടും പ്രവാചകൻമാരായി പരിഗണിക്കപ്പെട്ടിട്ടുള്ളവർതന്നെയും നബിതിരുമേനിക്കു ആയിരവും രണ്ടായിരവും മൂവായിരവും കൊല്ലങ്ങഠംക്കു മുമ്പുണ്ടായിട്ടുള്ളവരായിരുന്നു. അതിനാൽ തിരുമേനിക്കുമുമ്പുണ്ടായ 'ഫത്ʼറതാ'യി പറയപ്പെടുന്ന ആറു നൂററാണ്ടുകാലം ലോകത്തിനു പൊതുവെ ഉണ്ടായിട്ടുള്ള 'ഫത്ʼറത്ʼ' അല്ല; ഇസ്രായീല്യക്ക മാത്രമുണ്ടായിട്ടുള്ളതാണ്ʼ. നബിതിരുമേനി(സ) ലോകത്തിനൊട്ടുക്കുമുള്ള പ്രവാചകനായിരിക്കയാൽ ഇസ്രായില്യരെന്ന ഒരു സമുദായക്കാരിൽ സംഭവിച്ച 'ഫത്ʼറത്ʼ'കാലത്തെമാത്രം നോക്കിയാൽപോരാ; മുഴലോകത്തും ഉണ്ടായിട്ടുള്ള ഫത്ʼറതിനെ നോക്കേണ്ടതാകുന്നു. ഇങ്ങനെ ഓരോ ദേശക്കാരിലും സമുദായക്കാരിലും സംഭവിച്ചിട്ടുണ്ടായിരുന്ന 'ഫത്ʼറത്ʼ' കാലങ്ങളുടെയെല്ലാം ഒരു ശരാശരിക്കണക്കു എടുക്കുന്നതായാൽ അതു പതിമൂന്നു നൂററാണ്ടിൽപരം കാലമാണെന്നുകാണാം. ഇസ്രായീൽജനത്തിനു പരിഷ്ʼകത്താവായി വന്ന ഈസാനബിക്കും

ലോകത്തിലെ സകലജനസമുദായങ്ങൾക്കുമുള്ള ദൌത്യത്തോടുകൂടി വന്ന നബിതിരുമേനിക്കും മദ്ധ്യേ പ്രവാചകനില്ലാതെ ഒഴിഞ്ഞുകിടന്ന ആറു നൂററാണ്ടുകാലത്തെ ഗ്രന്ഥകർത്താവു ലോകത്തിനൊട്ടാകെയുണ്ടായ 'ഫത്റത്'ായി കാണിച്ചിരിക്കുന്നതു ആശ്ചര്യകരമായിരിക്കുന്നു. അദ്ദേഹം 'ഫത്റത്'കാലം 600 കൊല്ലമാണെന്നു എഴുതുന്ന അവസരത്തിൽ ഈസാനബി(അ) ഇസ്രായീല്യർക്കു മാത്രമുള്ള ആളായിരുന്നുവെന്നും നബിതിരുമേനി(സ) മനുഷ്യലോകത്തിനൊട്ടുക്കും സന്ദേശവാഹകനാണെന്നുമുള്ള പരമാർത്ഥം ഓർത്തിരുന്നുവെങ്കിൽ, അദ്ദേഹത്തിനു ഈ അബദ്ധം പിണയുമായിരുന്നില്ല. ഈസാനബി(അ) ആഗതനായതു മുഴലോകത്തിനുമുള്ള ദൌത്യത്തോടുകൂടിആയിരുന്നുവെങ്കിൽ, അദ്ദേഹത്തിനും നബി തിരുമേനിക്കും ഇടയിൽ കഴിഞ്ഞിട്ടുണ്ടായിരുന്ന 600 കൊല്ലത്തെ 'ഫത്റത്' മുഴലോകത്തിനും ബാധകമാകുന്നതാണെന്നും തൻമൂലം, പതിമൂന്നു നൂററാണ്ടത്തെ ഫത്റതിന്നുശേഷം വരുന്ന പ്രവാചകൻ തിരുമേനിയേക്കാൾ ശ്രേഷ്ഠനായിരിക്കേണ്ടതാണെന്നും അനുമാനിക്കാമായിരുന്നു. എന്നാൽ, തിരുമേനിക്കു മുമ്പുകഴിഞ്ഞ 600 കൊല്ലക്കാലം മുഴലോകത്തിനും പൊതുവെ ബാധകമായ ഒരു 'ഫത്റത്' അല്ലായ്കയാൽ, പതിമൂന്നു നൂററാണ്ടുകാലത്തെ ഫത്റതിനുശേഷം വരുന്ന പ്രവാചകൻ തിരുമേനിയേക്കാൾ ശ്രേഷ്ഠനായിരിക്കേണമെന്നു പറയുന്നതു ഒരിക്കലും സാധുവായിരിക്കുന്നതല്ല.

ചുരുക്കത്തിൽ, നബിതിരുമേനിക്കുമുമ്പു ലോകത്തിന്നനുഭവമായ 'ഫത്റത്' അറുനൂറു കൊല്ലക്കാലമാണെന്നു പറയുന്നതു ശരിയാണെങ്കിൽ, ഒന്നുകിൽ ഈസാനബി(അ)

മുഴലോകത്തിനുള്ള ദൌത്യത്തോടുകൂടിയ ആളാണെന്നു സമ്മതിക്കുകയൊ അതല്ലെങ്കിൽ, ആ മഹാത്മാവിൻെറ അവതാരകാലത്തു സവ്വദേശക്കാരിലും സമുദായക്കാരിലും പ്രവാചകന്മാർ പ്രത്യക്ഷപ്പെട്ടിട്ടുള്ളതായി തെളിയിക്കുകയോ ചെയ്യേണ്ടതാണ്. ആദ്യത്തെ സംഗതി സമ്മതിക്കുവാനൊ, ഒടുവിലത്തേതു തെളിയിക്കുവാനൊ സാദ്ധ്യമല്ലെങ്കിൽപിന്നെ, തിരുമേനിക്കുമുമ്പു പ്രവാചകനില്ലാതെ ഫത്റതായി അറുനൂറു കൊല്ലക്കാലമേ കഴിഞ്ഞിരുന്നുള്ളുവെന്നും തന്മൂലം, തിരുമേനിക്കുശേഷം പ്രവാചകൻ വരുന്നതു ഇതിലധികം ദീർഘമായ ഒരു 'ഫത്റതി'നു ശേഷമായിരിക്കുവാൻ പാടില്ലെന്നും അഥവാ, ഒരു പ്രവാചകൻ വരുന്നപക്ഷം അദ്ദേഹം നബിതിരുമേനിയേക്കാൾ ശ്രേഷ്ഠനായിരിക്കേണ്ടതാണെന്നും ഉള്ള ഗ്രന്ഥകർത്താവിൻെറ ന്യായം സ്വീകാര്യമായിരിക്കുന്നതല്ല. തിരുമേനിക്കുമുമ്പു വ്യത്യസ്തകാലഘട്ടങ്ങളിലായി ലോകത്തിലെ സകല ജനതതികളിലും പ്രവാചകന്മാർ വന്നിട്ടുണ്ടായിരുന്നവെന്നുള്ളതു അനിഷേധ്യമായ ഒരു പരമാർത്ഥമാകുന്നു. എന്നാൽ, തിരുമേനിക്കുമുമ്പു ആ ജനതതികളിലെല്ലാം കഴിഞ്ഞിട്ടുള്ള 'ഫത്റത്'കാലം 600 കൊല്ലം മാത്രമായിരുന്നില്ല. മറ്റൊരു സമുദായക്കാരിലും ഉണ്ടായിട്ടില്ലാത്തവിധം വളരെ അധികം പ്രവാചകന്മാർ ഇസ്രായീല്യരിൽ ഉണ്ടായിട്ടുള്ളതു അവൎക്കു അനുഭവപ്പെട്ടിരുന്ന ഒരു പ്രത്യേക അനുഗ്രഹമാണു. ഇതരസമുദായങ്ങളുടെ ഇടയിൽ ഇതിലേക്കു ദൃഷ്ടാന്തം കാണുക പ്രയാസമാകുന്നു. ഇപ്രകാരം തിരുമേനിക്കുമുമ്പു 600 കൊല്ലക്കാലത്തെ 'ഫത്റത്' സംഭവിച്ചതു ഇസ്രായീല്യരിൽ മാത്രമാണ്. മററു സമുദായക്കാരിൽ കഴിഞ്ഞിട്ടുള്ളതു ഇതിലെത്രയും ദീർഘമായുള്ള കാലമാകുന്നു. ആകയാൽ, ലോകത്തിനൊട്ടാകെ പ്രവാചകനായി വന്ന നബിതിരുമേനിക്കുമുമ്പു ലോകത്തു സംഭ

വിച്ചിട്ടുണ്ടായിരുന്ന 'ഫത്റത്'' ആറു നൂററാണ്ടുകാലമാണെന്നു പറയുന്നതു ഒരിക്കലും ശരിയല്ല. വാസ്തവത്തിൽ, ലോകം പല പ്രവാചകന്മാരുടെയും ശിക്ഷണത്തിൽ ഓരോ അവസ്ഥാന്തരങ്ങൾക്ക പാത്രമാവുകയും വ്യത്യസ്തങ്ങളായ 'ഫത്റത്'' കാലങ്ങളിൽക്കൂടെ കടന്നുചെല്ലുകയും ചെയ്ത തിനുശേഷമാണ് പൊതുവ്യാപകമായ ലോകദൌത്യത്തോടുകൂടിയ പ്രവാചകശ്രേഷ്ഠൻ ആവിർഭവിക്കുകയുണ്ടായതു. ആകയാൽ, ആ തിരുമേനിക്കുമുമ്പു കഴിഞ്ഞിട്ടുള്ള ഫത്റത് ആറു നൂററാണ്ടുകാലമാണെന്നോ തിരുമേനിക്കു ശേഷം പതിമൂന്നു നൂററാണ്ടുകാലം കഴിഞ്ഞ് ഒരു പ്രവാചകൻ വരുന്നപക്ഷം അദ്ദേഹം തിരുമേനിയെക്കാരം ശ്രേഷ്ഠനായിരിക്കേണമെന്നോ ഒരു പ്രകാരത്തിലും വരുന്നില്ല.

'ഫത്റത്'' ജനങ്ങളെ പ്രതീക്ഷയിൽ നിർത്താനായുള്ളതല്ല.

നബിതിരുമേനിക്കുമുമ്പ് ''കഴിഞ്ഞ അറുനൂറുകൊല്ലം മററൊരു പ്രവാചകൻെറ ആഗമനംകൂടാതെ പാഴായി കിടന്നതു'' തിരുമേനിയുടെ ''ആഗമനത്തെ പ്രതീക്ഷിച്ചുകൊണ്ടിരിക്കാനായിട്ടാ''ണ് എന്നത്രെ ഗ്രന്ഥകർത്താവു പറയുന്നതു. ഇതു ശരിയാണെന്നുവരുന്നപക്ഷം തിരുമേനി ഇസ്രായീല്യർക്കുമാത്രം നിയോഗിതനായിട്ടുള്ള പ്രവാചകനായിരുന്നുവെന്നു സമ്മതിക്കേണ്ടിവരും. കാരണം, ആ അറുനൂറുകൊല്ലക്കാലം പ്രസ്തുതസമുദായത്തിൽ കഴിഞ്ഞിട്ടുള്ള ഫത്റതാണെന്നു മുൻപെ തെളിയിച്ചിട്ടുണ്ട്. തൻമൂലം, അക്കാലമത്രയും പ്രതീക്ഷിച്ചുകൊണ്ടിരുന്നതു അവർ ആയിരിക്കാനെ തരമുള്ളൂ. ഇതിന്നു പുറമെ, ഒരു പ്രവാചകനെ പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്നതിനായിട്ടുമാത്രം ആറുനൂററാണ്ടുകാലത്തോളം അല്ലാഹു പ്രവാചകന്മാരെ

നിയോഗിക്കാതിരുന്നു എന്നു പറയുന്നതു ന്യായപൂർവ്വകമായിരിക്കാവുന്നതെങ്ങിനെ? ഇത്രയും ദീർഘകാലത്തോളം പ്രതീക്ഷിപ്പിക്കാതെയും ഇക്കാലമത്രയും 'പാഗാ'ക്കികളെയാതെയുംതന്നെ ആ പ്രവാചകനെ നിയോഗിക്കാമായിരുന്നില്ലേ? ആറു നൂററാണ്ടോളം ജനങ്ങളെ പ്രതീക്ഷയിൽ നിറുത്തണമെന്നു അല്ലാഹുവിനു ഉദ്ദേശമില്ലായിരുന്നുവെങ്കിൽ അതിനു മുമ്പുതന്നെ തിരുമേനിയെ നിയോഗിച്ചയക്കമായിരുന്നു എന്നാണോ ഗ്രന്ഥകർത്താവു പറയുന്നതിന്റെ താൽപര്യം? അതേയെങ്കിൽ, ആ പ്രവാചകവര്യൻ അവതരിക്കേണ്ടകാലമായിട്ടും മനുഷ്യർ പ്രതീക്ഷയിൽ കിടന്നുമറിയട്ടെ എന്നു കരുതി അല്ലാഹു ആ മഹാത്മാവിനെ നിയോഗിക്കാതിരുന്നു എന്നു സമ്മതിക്കേണ്ടതായ്‌വരും. അഥവാ, തിരുമേനി വന്നതു പൊതു വ്യാപകമായ ദൌത്യത്തോടും സമ്പൂർണ്ണമായ മാർഗ്ഗദർശനത്തോടുംകൂടി പ്രവാചകൻ വരേണ്ട കൃത്യസമയത്തു തന്നേയെങ്കിൽ, ആറുനൂററാണ്ടുകാലം നബിമാരുടെ അവതാരം കൂടാതെ ശൂന്യമായി കിടക്കുന്നതു തിരുമേനിയെ പ്രതീക്ഷിക്കുന്നതിനായിട്ടായിരുന്നുവെന്നു പറയുന്നതു വെറും ഒരു സങ്കൽപം മാത്രമാണെന്നു സമ്മതിക്കേണ്ടിവരുന്നതാണ്‌.

ഗ്രന്ഥകർത്താവിന്റെ ന്യായപ്രകാരം നബിതിരുമേനിയും ദിവ്യദൂതനല്ലെന്നുവരും.

നബിതിരുമേനിക്കുമുമ്പു 600 കൊല്ലക്കാലത്തെ 'ഫത്‌റത്‌' മാത്രമെ കഴിഞ്ഞിട്ടുണ്ടായിരുന്നുള്ളുവെന്നും തിരുമേനിക്കുശേഷമുള്ള 'ഫത്‌റത്‌' കൂടുതൽ ദീർഘമായ ഒരു കാലമായിരിക്കുന്നതുകൊണ്ടു തിരുമേനിയുടെ പിറകെ പ്രവാചകനുണ്ടാകുന്നതേയല്ലെന്നു തെളിയുന്നു എന്നു പറയുന്നതു സാധുവായിരിക്കുമെങ്കിൽ, തിരുമേനിയുടെ

പ്രവാചകത്വവും ദിവ്യദൌത്യവും എല്ലാം നിഷേധിക്കേ തായി വരുന്നതാണ്. കാരണം, തിരുമേനി ആവിർഭവി ക്കയുണ്ടായതു അറബികളുടെ ഇടയിൽ 600 കൊല്ലമല്ല, 2000 കൊല്ലത്തിലധികം കാലത്തെ 'ഫത്റത്' കഴി ഞ്ഞതിനു ശേഷമാണ്. ഇബ്രാഹീം നബിയുടെ രണ്ടു മക്കളിൽ ഹസ്രത്ത് ഇസ്മാഈലിൻെറ പരമ്പര ഖുറൈ ഷികളും അവരോടു ചേൻ ഗോത്രങ്ങളും ആയിരിക്കുന്ന പോലെതന്നെ ഹസ്രത്ത് ഇസ്ഹാഖിൻെറ സന്താനപ രമ്പര ഇസ്രായീൽക്കാരാണല്ലൊ. ഇസ്ഹാഖ് നബിയുടെ സന്തതികളിൽ അടിക്കടി പ്രവാചകന്മാർ ഉണ്ടായിക്കൊ ണ്ടിരിക്കുകയും അവരിൽ ഹസ്രത്ത് ഈസാ(അ) അവ സാനത്തെ പ്രവാചകനായിരിക്കുകയും ചെയ്തു. എന്നാൽ ഇസ്മാഈൽ നബിയുടെ പരമ്പരകളിൽ നബിതിരുമേനി യല്ലാതെ മറെറാരു പ്രവാചകനും വന്നതായി ചരിത്രത്തി ൽ കാണപ്പെടുന്നില്ല. ആകയാൽ, അറബികളുടെ ഇടയി ൽ നബിതിരുമേനി ആഗതനായതു ആയിരമൊ രണ്ടാ യിരമൊ കൊല്ലമല്ല, അതിലും ദൈർഘ്യമേറിയ ഒരു ഫ ത്റത് കാലത്തിനുശേഷമാണെന്നു സ്പഷ്ടമായി. തിരുമേ നിയുടെ ദൌത്യത്തിൻെറ പ്രഥമമായ സംബോധന അറ ബികളോടാണല്ലൊ. ആ അറബികളിൽ തിരുമേനിക്കു മുമ്പു കഴിഞ്ഞ 'ഫത്റത്' ആറൊ പതിമൂന്നൊ നൂററാ ണ്ടുകാലമല്ലെന്നു വരുമ്പോഴും ഗ്രന്ഥകൎത്താവിൻെറ ന്യായ പ്രകാരം തിരുമേനി പ്രവാചകനല്ലാതായിത്തീരണം. കാ രണം, തിരുമേനിയുടെ പിറകെ പതിമൂന്നു നൂററാണ്ടുക ളുക്കിടയിൽ പ്രവാചകൻ വെളിപ്പെടാതിരുന്നതിനെയാ ണല്ലൊ ഗ്രന്ഥകൎത്താവു ഇനി പ്രവാചകൻ ഉണ്ടാകുന്നത ല്ലെന്നതിലേക്കു ഒരു പ്രമാണമായി കാണിച്ചിരിക്കുന്നതു ഈ ന്യായപ്രകാരം, ഇസ്മാഈൽനബിയുടെ സന്തതികളി ൽ ഒരാളും പ്രവാചകനാകാതെ എത്രയോ ആയിരം കൊ

ല്പകാലം ഫത്ʼറതായി കഴിഞ്ഞതിന്നുശേഷം ഒരാൾ പ്ര വാചകത്വം വാദിച്ചതുകൊണ്ടുതന്നെ അദ്ദേഹം പ്രവാച കനല്ലെന്നു വെളിവാകുന്നു എന്നു പറയേണ്ടതായ്വരും. എന്തുകൊണ്ടെന്നാൽ, ഇസ്ʼഹാഖ്ʼനബിയുടെ സന്തതിക ളിൽ തുടരത്തുടരെ പ്രവാചകൻമാർ ഉണ്ടായിക്കൊണ്ടിരി ക്കെ ഇസ്മാഈൽ സന്തതികളിൽ എത്രയോ ആയിരംകൊ ല്ലക്കാലത്തിന്നിടയിൽ വേറാരും പ്രവാചകനായി വന്നി രുന്നില്ല. ഇബ്രാഹീംനബിയോടു അദ്ദേഹത്തിൻെറ പര മ്പരയെപ്പററി അല്ലാഹു ചെയ്തിട്ടുള്ള വാഗ്ʼദാനം ഇസ്ʼഹാ ഖ്ʼനബിക്കു അല്ലാതെ ഇസ്മാഈൽനബിക്കു സംബന്ധി ക്കുന്നതല്ലെന്നും, അഥവാ അതു അവക്കും സംബന്ധകമാ ണെങ്കിൽ ഇസ്ʼഹാഖിൻെറ സന്തതികളിൽ പ്രവാചക ൻമാർ ഉണ്ടായിട്ടുള്ളപ്രകാരം ഇസ്മാഈൽസന്താനങ്ങൾ ക്കിടയിലും ഉണ്ടായിക്കൊണ്ടിരിക്കേണ്ടതാണെന്നും, ആ കയാൽ ഇസ്മാഈൽ സന്താനമായ നബിതിരുമേനിതന്നെ യും പ്രവാചകനല്ലെന്നും ഉള്ള യഹൂദരുടേയും, ക്രിസ്തീയ രുടേയും വാദത്തിനു ഗ്രന്ഥകത്താവിൻെറ പ്രസ്തുത ന്യായം സഹായകമായിത്തീരുകയാണു ചെയ്യുന്നതു. തിരുമേനിയു ടെ പ്രബോധനത്തിനു പ്രഥമമായും പ്രധാനമായും പാത്ര മായിരുന്ന അറബികളുടെ ഇടയിൽ തിരുമേനിക്കു മുമ്പു കഴിഞ്ഞ ഫത്ʼറത്ʼകാലം ആയിരമോ രണ്ടായിരമോ കൊല്ലമല്ല, അതിലുമധികമാണു. അതിനാൽ, നബിതി രുമേനിക്കുമുമ്പു ലോകത്തു സംഭവിച്ചിട്ടുണ്ടായിരുന്ന 'ഫ ത്ʼറത്ʼ' ആറു നൂററാണ്ടുകാലമാണെന്നും ആ കാലത്തിനി ടയിൽ ഒരു പ്രവാചകനും വരാതിരുന്നതു തിരുമേനിയെ ജനങ്ങൾ പ്രതീക്ഷിച്ചുകൊള്ളുന്നതിനായിട്ടാണെന്നും പറ യുന്നതു വാസ്തവവിരുദ്ധമായിത്തീരുന്നു. ഈസാനബി അ റബികൾക്കു പ്രവാചകനായി വന്നിട്ടില്ലാതിരുന്നതുകൊ ണ്ടു അവർ ഒരു പ്രവാചകനെ പ്രതീക്ഷിച്ചിരിക്കേണ്ടി

വന്നതു അറുനൂറു കൊല്ലക്കാലമല്ല, തിരുമേനിക്കു ശേഷമുള്ളവർ പ്രതീക്ഷിച്ചുകൊണ്ടിരിക്കേണ്ടിവന്നതിലും എത്രയോ അധികം ദീർഘമായ കാലമായിരുന്നു. അതിനാൽ, തിരുമേനിക്കുമുമ്പു കഴിഞ്ഞ 'ഫത്റത്' ആറു നൂററാണ്ടുകാലമാണെന്നും ആ കാലമത്രയും പാഴായിക്കിടന്നതു തിരുമേനിയുടെ ആഗമനത്തെ പ്രതീക്ഷിച്ചുകൊള്ളുന്നതിനായിട്ടാണെന്നും ഗ്രന്ഥകർത്താവു പറയുന്നതു അടിസ്ഥാനരഹിതമായിരിക്കുന്നു എന്നു പറയാതെ നിവൃത്തിയില്ല. പതിമൂന്നു നൂററാണ്ടുകാലത്തെ പ്രതീക്ഷക്കുശേഷം ഒരു പ്രവാചകൻ വരുന്നതു ശരിയല്ലെങ്കിൽ, രണ്ടായിരമോ അതിലധികമോ കൊല്ലക്കാലത്തെ പ്രതീക്ഷയ്ക്കുശേഷം ഒരു പ്രവാചകൻ വരുകയെന്നതു അതിലേറെ ശരിയല്ലാതായിത്തീരേണ്ടതാണു. ചുരുക്കത്തിൽ, ഗ്രന്ഥകർത്താവു ഒന്നുകിൽ പതിമൂന്നു നൂററാണ്ടുകാലത്തെ 'ഫത്റ'തിനു ശേഷം ഒരു പ്രവാചകനും വന്നുകൂടാ എന്ന ന്യായം അടിസ്ഥാനരഹിതമാണെന്നു സമ്മതിക്കുകയോ അതല്ലെങ്കിൽ, ഇസ്മാഈല്യരുടെ ഇടയിൽ, ഇസ്ഹാഖ്നബിയുടെ പരമ്പരകളിൽ വന്നിരുന്നപ്രകാരം പ്രവാചകൻമാർ വരാതെ എത്രയോ ആയിരം കൊല്ലത്തെ 'ഫത്റത്' ഉണ്ടായതിനുശേഷം ആഗതനായ നബിതിരുമേനി(സ) പ്രവാചകനാകുന്നതല്ലെന്നു തീരുമാനിക്കുകയോ ചെയ്യേണ്ടതായിരിക്കുന്നു.

### തിരുമേനിക്കുമുമ്പുള്ള 'ഫത്റത്' ലോകാരംഭംമുതൽ തിരുവവതാരംവരെയുള്ള കാലമത്രെ

വാസ്തവത്തിൽ നബിതിരുമേനിക്കുമുമ്പു ലോകത്തു കഴിഞ്ഞിട്ടുണ്ടായിരുന്ന 'ഫത്റത്' അറുനൂറോ, ആയിരമോ, രണ്ടായിരമോ കൊല്ലക്കാലമല്ല, അതിലുമെത്രയോ

അധികമാണു. തിരുമേനിയുടെ ദൌത്യം ഇസ്രായീല്യർക്കു മാത്രമുള്ളതായിരുന്നുവെങ്കിൽ തിരുമേനിക്കുമുമ്പുള്ള 'ഫത്റത്'' ഈസാനബിതൊട്ടുള്ളകാലവും, അറബികൾക്കു മാത്രമുള്ളതായിരുന്നുവെങ്കിൽ ആ 'ഫത്റത്' ഇസ്മാഈൽ നബി മുതൽക്കുള്ള കാലവും, ഇന്ത്യക്കാർക്കു മാത്രമായിരുന്നുവെങ്കിൽ ശ്രീകൃഷ്ണനൊ ശ്രീബുദ്ധനൊ തുടങ്ങിയുള്ളകാലവും, ചീനത്തുകാർക്കു മാത്രമുള്ളതായിരുന്നുവെങ്കിൽ കൺഫൂഷസ് മുതൽക്കുള്ള കാലവും മിസ്റ്കാർക്കു മാത്രമായിരുന്നുവെങ്കിൽ അഖ്നാതൂൻ തൊട്ടുള്ള കാലവും ആണെന്നു പറയാമായിരുന്നു. എന്നാൽ, തിരുമേനിയുടെ ദൌത്യം മനുഷ്യലോകത്തിനൊട്ടാകെ എല്ലാക്കാലത്തേയ്ക്കുമുള്ളതാകയാലും തിരുമേനി കൊണ്ടുവന്ന ന്യായപ്രമാണം പരിപൂർണ്ണവും സുരക്ഷിതവും ആയിരിക്കുകയാലും തിരുമേനിക്കുമുമ്പുകഴിഞ്ഞ 'ഫത്റത്'' ഏതെങ്കിലും ഒരു സമുദായക്കാർക്കൊ രാജ്യക്കാർക്കൊ മാത്രം 'ഫത്റ'തായിരുന്ന ഒരു കാലഘട്ടം ആയിരിക്കാവതല്ല. തിരുമേനിമുഖാന്തരം വെളിപ്പെട്ട ന്യായപ്രമാണവും തിരുമേനിക്കു സിദ്ധിച്ച പ്രവാചകത്വവും ലോകത്താവിർഭവിക്കാതിരുന്ന ആ കാലമത്രയും ആ പ്രവാചകത്വത്തേയും ന്യായപ്രമാണത്തേയും സംബന്ധിച്ചേടത്തോളമുള്ള 'ഫത്റത്'' ആയിരിക്കുന്നതാണു. ആകയാൽ തിരുമേനിക്കുമുമ്പു കഴിഞ്ഞ 'ഫത്റത്''കാലം അറുനൂറൊ, ആയിരമൊ, രണ്ടായിരമൊ കൊല്ലമല്ല; ഈ പരിപൂർണ്ണതയോടുകൂടിയ സാർവ്വലൌകികമായ ദൌത്യം ലോകത്തു ആവിർഭവിക്കാതിരുന്ന കാലമത്രയുമാണു്. എന്നാൽ, തിരുമേനിയല്ലാതെ മുമ്പാരും ഇങ്ങനെയുള്ള സാർവ്വജനീനമായ ദൌത്യത്തോടും ന്യായപ്രമാണത്തോടുംകൂടി ആഗതനാകാതിരുന്നതുകൊണ്ടു ലോകത്തിനൊട്ടാകെ പൊതുവ്യാപകമായ പ്രവാചകത്വത്തിൻെറ ഈ അഭാവകാലമായിരുന്നു തിരുമേനിക്കുമുമ്പു കഴിഞ്ഞ ഫത്റത്കാലം. ഈസാനബി

(അ) ഇസ്രായീല്യക്ക് പ്രവാചകനായിരുന്നതുകൊണ്ടു അവരുടെ ഇടയിൽ കഴിഞ്ഞ ഫത്റത് അദ്ദേഹത്തിനു ശേഷമാണു ആരംഭിക്കുന്നതു. ഇസ്മാഈൽനബി(അ) അറബികളുടെ ഇടയിൽ ആഗതനായിരുന്നതുകൊണ്ടു അദ്ദേഹത്തിനുശേഷം തുടങ്ങിയുള്ള കാലമാണു അവരുടെ ഇടയിലുണ്ടായിട്ടുള്ള ഫത്റത്. ഇങ്ങനെ, ഓരോ ജനവിഭാഗങ്ങളുടെ ഇടയിലും ഉണ്ടായിട്ടുള്ള 'ഫത്റത'കാലത്തിൻെറ ആരംഭം അവക്കായി വന്നിട്ടുണ്ടായിരുന്ന പ്രവാചകന്മാക്കുശേഷം ആയിരിക്കുന്നതാണു. എന്നാൽ, നബിതിരുമേനിക്കുമുമ്പു മനുഷ്യലോകത്തിനൊട്ടാകെ അന്ത്യനാൾവരെയ്ക്കുമുള്ള ദൌത്യത്തോടുകൂടിയ പ്രവാചകനായി ആരും വന്നിട്ടില്ലാത്തതുകൊണ്ടു തിരുമേനിക്കുമുമ്പു കഴിഞ്ഞ കാലം മുഴവനും പരിപൂൎണ്ണവും പൊതുവ്യാപകവും ആയ ദൌത്യം ലോകത്തു പ്രത്യക്ഷപ്പെടാതിരുന്ന 'ഫത്റത്''കാലമാണു. ആകയാൽ, തിരുമേനി അറുനൂറുകൊല്ലക്കാലത്തെ ഫത്റതിനുശേഷം ആഗതനായ പ്രവാചകനല്ല, ആദംനബിതൊട്ടു തൻെറ സ്വന്തം ആഗമനംവരെ നീണ്ടുനിന്ന ഫത്റത്കാലത്തിനുശേഷം അവതീൎണ്ണനായ പ്രവാചകശ്രേഷ്ഠനാകുന്നു. ഒരു പ്രവാചകൻെറ ആവിർഭാവത്തിനു മുമ്പു കഴിയുന്ന ഫത്റത്കാലം ഗ്രന്ഥകൎത്താവു പറയുന്നപോലെ, ആ പ്രവാചകനെ ലോകർ പ്രതീക്ഷിച്ചുകൊള്ളുന്നതിനായിട്ടുള്ളതാണെന്നുവരുകിൽ, തിരുമേനി ആദംസന്തതികൾ ലോകാരംഭംമുതൽ പ്രതീക്ഷിച്ചുകൊണ്ടിരുന്നതിൻെറ ഫലമായി ആഗതനായ പ്രവാചകവൎയ്യനാണു. ആകയാൽ, തിരുമേനിക്കുമുമ്പു ഇസ്രായീൽക്കാരിൽ കഴിഞ്ഞ ആറുനൂററാണ്ടത്തെ ഫത്റത് കാലത്തേക്കാൾ അധികം ദീർഘമായുള്ള ഒരു ഫത്റത്കാലം കഴിഞ്ഞതിനുശേഷവും ഒരു പ്രവാചകൻ വരാതിരുന്നതുകൊണ്ടു തിരു

മേനിയുടെ പിറകെ പ്രവാചകൻ ഉണ്ടാകുന്നതല്ലെന്നും അഥവാ, പ്രവാചകനുണ്ടാകുന്നപക്ഷം അദ്ദേഹം തിരുമേനിയേക്കാൾ ശ്രേഷ്ഠനായിരിക്കേണ്ടതാണെന്നും ഗ്രന്ഥകർത്താവു വാദിക്കുന്നതു ഒരു പ്രകാരത്തിലും സാധുവാകുന്നതല്ല. തിരുമേനി ലോകത്തു അവതീർണ്ണനായതു ലോകവ്യാപകമായ ദൌത്യത്തോടും ന്യായപ്രമാണത്തോടുംകൂടിയ ഒരു പ്രവാചകൻ അതിനുമുമ്പു വെളിപ്പെടാതിരുന്നതിനുശേഷമാണു. തിരുമേനിയുടെ ആ സാർവ്വജനീനമായ സന്ദേശത്തിലേക്കു ലോകത്തെ വീണ്ടും ക്ഷണിക്കുന്നതിനായിക്കൊണ്ടു തിരുമേനിയുടെ അനുയായികളിൽ ഒരു പുണ്യാത്മാവു പ്രവാചകനായി നിയോഗിതനായതു എത്രയോ ആയിരം കൊല്ലത്തെ ഫത്ത്റത്ത്കാലത്തിനുശേഷമല്ല, പതിമൂന്നു നൂററാണ്ടുകൾക്കു ശേഷമാണു. തൻമൂലം, ആ ശിഷ്യപ്രവാചകൻ നബിതിരുമേനിയേക്കാൾ ശ്രേഷ്ഠനായിരിക്കേണ്ടതില്ല; ആയിരിക്കാവതുമല്ല.

### പ്രവാചകാവതാരത്തിനുള്ള കാലം മനുഷ്യനു നിർണ്ണയിക്കാവതല്ല.

ഒരു പ്രവാചകൻെറ ആവിർഭാവത്തിനുശേഷം മററൊരു പ്രവാചകനുണ്ടാകുന്നതു ഇത്രകാലത്തിനുശേഷമായിരിക്കുമെന്നു മനുഷ്യനു തിട്ടപ്പെടുത്തുവാൻ സാദ്ധ്യമല്ല. പ്രവാചകൻ നിയുക്തനാകുന്നതു എപ്പോഴായിരിക്കണമെന്നും, പ്രവാചകനായി നിയോഗിക്കപ്പെടുന്നത് ആരായിരിക്കണമെന്നുമുള്ള സംഗതി അല്ലാഹുവിൻെറ നിശ്ചയത്തിലുള്ളതാണ്. الله أعلم حيث يجعل رسالته ''അല്ലാഹു തൻെറ ദൌത്യം എവിടെയാണു നിക്ഷേപിക്കേണ്ടതു എന്നു നല്ലവണ്ണം അറിയുന്നവനാകുന്നു'' (6 : 125) എന്നത്രേ വിശുദ്ധഖുർആൻ പറയുന്നതു. ഇതിൽനിന്നു

വെളിവാകുന്നതു, പ്രവാചകനെ അയക്കേണ്ടകാലം ഏതാണെന്നും നിയോഗിക്കേണ്ടതു ആരെയാണെന്നും അല്ലാഹു നല്ലപോലെ അറിയുന്നതിനാൽ അവൻ ആവശ്യമനുസരിച്ച് പ്രവാചകനെ അയച്ചുകൊണ്ടിരിക്കുമെന്നാണ്. ഇപ്രകാരം ആവശ്യകതയുണ്ടാകുമ്പോഴാണു തന്നെയാണു പ്രവാചകൻ പ്രത്യക്ഷനാകുന്നതു. എന്നാൽ, ആ ആവശ്യം കാലത്തിൻേറയും ദേശത്തിൻേറയും സമുദായത്തിൻേറയും അവസ്ഥയ്ക്കനുസരിച്ചായിരിക്കുന്നതാണ്. ചില സമുദായക്കാരുടെ ഇടയിൽ അടിക്കടി പ്രവാചകന്മാർ വന്നുകൊണ്ടിരിക്കുകയും, മററു ചില സമുദായക്കാരിൽ അപ്രകാരം തുടർച്ചയായി വരാതിരിക്കുകയോ, ചില ദേശങ്ങളിൽ ഒട്ടധികം പ്രവാചകന്മാർ വെളിപ്പെടുകയും മററുദേശങ്ങളിൽ അപ്രകാരം ഉണ്ടാകാതിരിക്കുകയും ചെയ്യുകാണുന്നതിൽനിന്നു നമുക്കു ഈ വസ്തുത ഗ്രാഹ്യമാകുന്നുണ്ട്. ഇബ്രാഹിംനബിയുടെ രണ്ടാമത്തെ പുത്രനായ ഇസ്ഹാഖും അദ്ദേഹത്തിൻെറ മകൻ യഅ്ഖൂബും അദ്ദേഹത്തിൻെറ മകൻ യൂസുഫും പ്രവാചകന്മാരായിരുന്നു, യഅ്ഖൂബ്നബിയുടെ പരമ്പരയായ ഇസ്രായീല്യരുടെ ഇടയിൽ മൂസാനബിക്കുശേഷം അനേകം പ്രവാചകന്മാർ ഉണ്ടായിക്കൊണ്ടിരുന്നു. എന്നാൽ, ഇബ്രാഹീംനബിയുടെ മൂത്തമകനായ ഇസ്മാഈൽനബിയുടെ പരമ്പരയിൽ രണ്ടായിരത്തിൽപരം കൊല്ലങ്ങളും കഴിഞ്ഞതിൽപിന്നെ നബിതിരുമേനി (സ) മാത്രമേ പ്രവാചകനായുണ്ടായുള്ളൂ. ഇതിൽനിന്നു പ്രവാചകനിയോഗത്തിനുള്ള കാലം മനുഷ്യനു നിർണ്ണയിക്കുവാൻ സാദ്ധ്യമല്ലെന്നു മനസ്സിലാകുന്നു. അതിനാൽ ഒരു പ്രവാചകൻെറ അവതാരകാലത്തെ സംബന്ധിച്ച് മുൻപ്രവാചകൻ മുഖാന്തരം അല്ലാഹു പ്രവചനം നൽകീട്ടണ്ടെങ്കിലല്ലാതെ ആ പ്രവാചകൻെറ വരവു എപ്പോഴുണ്ടാകുമെന്നു നമുക്കു നിശ്ചയിക്കുവാൻ സാദ്ധ്യമല്ലതന്നെ. പരിപൂർണ്ണമാ

യ ന്യായപ്രമാണത്തോടും പൊതുവ്യാപകമായ ദൗത്യാധികാരത്തോടുംകൂടി വരേണ്ട പ്രവാചകശ്രേഷ്ഠൻ, മനുഷ്യസമുദായം വിവിധ പ്രവാചകന്മാരുടെ ശിക്ഷണത്തിൽ എത്ര ആയിരം കൊല്ലക്കാലം വത്തിച്ചതിനുശേഷമാണ നിയോഗിക്കപ്പെടേണ്ടതു എന്നു കണിശമായി പറവാൻ മനുഷ്യക്ക സാധിച്ചിരുന്നില്ല. എന്നാൽ, ലോകം അന്ധകാരാവൃതമായിത്തീരുകയും അപ്രകാരമുള്ള ഒരു മഹാപ്രവാചകൻെറ ആവശ്യം നേരിടുകയും ചെയ്യപ്പോഠം ആ ദിവ്യപുമാൻ ആഗതനായി. ആ തിരുമേനി വന്നു തൻെറ വാദം പുറപ്പെടുവിക്കുന്നതുവരെ ഈ പരമാത്ഥം മനസ്സിലാക്കുവാൻ ലോകത്തിനു സാധിച്ചിരുന്നില്ല. ഇതേ പ്രകാരംതന്നെ ആ ലോകൈകപ്രവാചകനുശേഷം എത്രകാലം കഴിഞ്ഞിട്ടാണു അനുഗാമികളിൽ ഒരു പ്രവാചകൻ വരേണ്ടതു എന്നു അല്ലാഹുവിങ്കൽനിന്നു ലഭിച്ച അറിവുകൊണ്ടല്ലാതെ മനുഷ്യക്ക സ്വന്തമായി പറവാൻ സാധിക്കുന്നതല്ല. ശിഷ്യപ്രവാചകൻ നബിതിരുമേനിക്കുശേഷം പതിമൂന്നു നൂററാണ്ടു കഴിഞ്ഞു വരുന്നതുകൊണ്ടു പ്രവാചകനല്ലാതായിപ്പോവുകയോ, പ്രവാചകൻെറ ആവശ്യകത ഇല്ലാതായിത്തീരുകയോ ചെയ്യുന്നു എന്നു പറയുന്നതു സാധുവായിരിക്കുന്നതുമല്ല. അതു സാധുവായിരിക്കുന്നപക്ഷം തിരുമേനിയുടെ ദിവ്യദൌത്യത്തെ നിഷേധിക്കുകയോ തിരുമേനിയുടെ ആവശ്യം ലോകത്തിന്നില്ലെന്നു പറയുകയോ ചെയ്യേണ്ടതായ്‌വരും. അതായതു, എത്രയോ ആയിരം കൊല്ലക്കാലംവരെ ഭിന്ന ഭിന്ന സമുദായങ്ങാംക്കായി വന്ന പ്രത്യേകം പ്രത്യേകം പ്രവാചകന്മാർ മുഖാന്തരം മനുഷ്യലോകത്തിനു മാഗ്ഗദർശനം ലഭിച്ചുകൊണ്ടിരിക്കുകയും അപ്പോഴൊന്നും ലോകത്തിനു പൊതുവ്യാപകമായ ദൌത്യത്തോടുകൂടിയ പ്രവാചകൻ വരാതിരിക്കുകയും ചെയ്തതുകൊണ്ടു, അനന്തരാഗതനായ തിരുമേനി മുഴലോക

ത്തിനുമുള്ള പ്രവാചകനാകുന്നതല്ലെന്നു പറയുകയോ, അ ഥവാ അങ്ങനെയുള്ള പ്രവാചകൻ ആ കഴിഞ്ഞ ദീർഘ കാലത്തിനിടയിൽ എന്തുകൊണ്ടു ആഗതനായില്ല എന്നു ചോദിക്കുകയോ ചെയ്യാവുന്നതാണു. ആകയാൽ, തിരു മേനിക്കു ശേഷമുള്ള പതിമൂന്നു നൂററാണ്ടുകൾക്കിടയിൽ ഒരു പ്രവാചകൻ വരാതിരുന്നതുകൊണ്ടു 14-ാം നൂററാ ണ്ടിൽ ആഗതനായ പുണ്യപുമാൻ പ്രവാചകനല്ലാതായി ത്തീരുന്നുവെങ്കിൽ, അതേ ന്യായമനുസരിച്ചു നബിതിരുമേ നിയും പ്രവാചകനല്ലാതായിത്തീരുന്നതാണു. നബിതി രുമേനിക്കുശേഷം മസീഹായി വരുന്ന മഹാത്മാവു പ്ര വാചകനായിരിക്കുമെന്നും അദ്ദേഹത്തിൻെറ ആഗമനകാ ലംവരെ ഇടയ്ക്കു വേറൊരു പ്രവാചകൻ ഉണ്ടായിരിക്കുന്ന തല്ലെന്നും തിരുമേനിയുടെ പ്രവചനങ്ങളിൽനിന്നു മന സ്സിലാകുന്നുണ്ടു. അപ്രകാരംതന്നെ ആ പ്രവചിക്കപ്പെട്ട മ സീഹ് പ്രത്യക്ഷനാകേണ്ടകാലം ഇതുതന്നെയാണെന്നു പ്രസ്തുത കാലത്തിനു തിരുമേനി നിർദ്ദേശിച്ചിട്ടുള്ള ലക്ഷ ണങ്ങളിൽനിന്നു വെളിവാകുന്നുമുണ്ടു. ആയതുകൊണ്ടുതന്നെ യാണു വാഗ്ദാനം ചെയ്യപ്പെട്ട മഹാത്മാവു 14-ാം നൂ ററാണ്ടിൻെറ ആരംഭത്തിൽ വെളിപ്പെടുന്നതാണെന്നു പല മഹാന്മാരും പ്രസ്താവിച്ചിട്ടുള്ളതു. ഇങ്ങിനെ പുണ്യപ്രവാ ചകർ തിരുമേനിയുടെ ദീർഘദർശനപ്രകാരം മസീഹ് 13-ാം നൂററാണ്ടിനുശേഷം ആവിർഭവിക്കുകയും അതിനു മുമ്പു വെളിപ്പെടാതിരിക്കുകയും ചെയ്തതു ആക്ഷേപാർഹ മാണെങ്കിൽ, ആ ആക്ഷേപത്തിനു ലക്ഷ്യീഭവിക്കുന്നതു തി രുമേനിതന്നെയാകുന്നു, ചുരുക്കത്തിൽ, കഴിഞ്ഞ പതിമൂ ന്നു നൂററാണ്ടുകൾക്കിടയിൽ പ്രവാചകൻ പ്രത്യക്ഷനാകാ തിരിക്കുകയും ഇപ്പോൾ ആവശ്യം നേരിട്ട കാലത്തു ആ ഗതനാവുകയും ചെയ്തതു, പ്രവാചകത്വം നിക്ഷേപിക്കേ ണ്ടതു എവിടെയാണെന്നു താൻ നല്ലപോലെ അറിയുന്ന

വനാകുന്നുവെന്നു അല്ലാഹു വിശുദ്ധഖുർആനിൽ കല്പിച്ച തിനും നബിതിരുമേനി(സ) അരുളിച്ചെയ്ത പ്രവചനത്തി നും അനുസരിച്ചാണെന്നു സ്പഷ്ടമായി. ആകയാൽ, കഴി ഞ്ഞ "പതിമൂന്നു ശതവർഷക്കാലം പ്രവാചകന്മാരുണ്ടാ കാതെ ഒഴിഞ്ഞുകിടന്നതു എന്തുകൊണ്ടു?" എന്നു ചോദി ക്കുന്നതു അല്ലാഹുവിൻെറ നിയമനടത്തിപ്പു നമ്മുടെ ഇ ഷ്ടപ്രകാരം നിവൃത്തിയാകേണമെന്നു ശഠിക്കുന്നതിനു തു ല്യവും, അപ്രകാരം നമ്മുടെ ആഗ്രഹം നിവൃത്തിയാകാ ത്തതുകൊണ്ടു തിരുമേനി മുഖാന്തരം അല്ലാഹു നൽകീട്ടുള്ള വാഗ്ദാനങ്ങളേയും പ്രവചനങ്ങളേയും * നിരസിക്കുന്നതി നു സമാനവും അത്രേ.

തിരുമേനിയുടെ അനുയായികളിൽ പ്രവാചകനുണ്ടാ കാമെങ്കിൽ, അനുയായികളിൽ ഒരാളും എന്തുകൊണ്ടു ഇ തുവരെ പ്രവാചകനായില്ല എന്നു ഗ്രന്ഥകത്താവു ചോദി ക്കുകയും, അങ്ങനെ പ്രവാചകനാവാൻ പാടുണ്ടെങ്കിൽ അ തിലേക്കു അധികം അർഹതയുള്ളവർ സഹാബിമാരാ ണെന്നു ദ്യോതിപ്പിക്കുകയും ചെയ്യുന്നു. പ്രവാചകൻ പ്രത്യ ക്ഷനാകേണ്ടതു എപ്പോഴായിരിക്കേണമെന്നോ പ്രവാചക നായി നിയോഗിക്കപ്പെടുന്നതു ആരായിരിക്കേണമെന്നോ മനുഷ്യർക്കു സ്വന്തമായി നിർണ്ണയിക്കുവാൻ സാദ്ധ്യമല്ലെന്നും ഒരു പ്രവാചകൻ ഏതാനും ശതവർഷങ്ങൾക്കുശേഷം ആ ഗതനാകുന്നതുകൊണ്ടു പ്രവാചകനല്ലാതായിത്തീരുന്നതല്ലെ ന്നും മുൻഭാഗത്ത് തെളിയിച്ചിട്ടുണ്ടു. എന്നാൽ, ഗ്രന്ഥകത്താ വു പുറപ്പെടുവിച്ച പ്രസ്തുത ആക്ഷേപത്തെക്കുറിച്ചു പറയുക യാണെങ്കിൽ, ഇതേതരത്തിലുള്ള ആക്ഷേപം നബിതിരുമേ

---

* ഈ പ്രവചനങ്ങളെക്കുറിച്ചുള്ള സവിസ്തരമായ വിവരണ ത്തിനു പന്ത്രണ്ടാം അദ്ധ്യായം നോക്കുക.

നിയെക്കുറിച്ച് ശത്രുക്കരം പുറപ്പെടുവിച്ചതിനു അല്ലാഹു ഖുർആനിൽ ഇപ്രകാരമാണു സമാധാനം അരുളിക്കാണുന്നതു:—

هم يقسمون رحمت ربك نحن قسمنا بينهم معيشتهم

فى الحيوة الدنيا

''നിൻെറ റബ്ബിൻെറ അനുഗ്രഹത്തെ പങ്കിട്ടു കൊടുക്കുന്നവർ അവരാണോ? ഇഹത്തിൽ അവരുടെ ജീവനോപായങ്ങളെ അവക്കു പങ്കിട്ടുകൊടുത്തിരിക്കുന്നതു നാമാണല്ലോ'' (43 : 32). ഈ സമാധാനം തന്നെയാണ് പ്രസ്തുത ആക്ഷേപത്തിനു ഒന്നാമതായി ഞങ്ങരംക്കും പറവാനുള്ളതു. അല്ലാഹു തൻെറ അനുഗ്രഹത്തെ താൻ ഇഷ്ടപ്പെടുന്ന ആരംക്കും വിചാരിക്കുന്ന കാലത്തും പ്രദാനം ചെയ്യുന്നു. ആ അനുഗ്രഹദാനത്തിനു അത്യന്താപേക്ഷിതമായ കാലം പതിമൂന്നു നൂററാണ്ടിനുശേഷമാണെന്നു ആ സർവ്വജ്ഞൻ അറിഞ്ഞിരിക്കയാൽ തന്നെയാണ് അതു ഇക്കാലത്തു നൽകിയിരിക്കുന്നതു. അവൻെറ ഈ കൃത്യത്തെ ആക്ഷേപിക്കുവാൻ യാതൊരാരംക്കും അവകാശമില്ല. ആ സർവ്വശക്തൻ അവൻ ഇഷ്ടപ്പെടുന്ന ആരംക്കു താൻ ഇച്ഛിക്കുന്ന പ്രത്യേകാനുഗ്രഹം നൽകുന്നതാണ്. അവൻ ഖുർആനിൽ പറയുന്നതു ഇപ്രകാരമാണ്.

ان الفضل بيد الله يؤتيه من يشاء والله واسع عليم

يختص برحمته من يشاء والله ذوالفضل العظيم

''അനുഗ്രഹം അല്ലാഹുവിൻെറ കൈയിലാകുന്നു; അവൻ താൻ ഇച്ഛിക്കുന്ന ആരംക്കു അതു നൽകുന്നു: അല്ലാഹു അ

ത്യുദാരനും ജ്ഞാനിയും അത്രേ. അവൻ താൻ ഇച്ഛിക്കു ന്നവരേ തൻെറ വരപ്രസാദംകൊണ്ടു പ്രത്യേകപ്പെടുത്തു ന്നു; അവൻ മഹത്തായ അനുഗ്രഹമുടയവനാണ്''' (3: 72, 73). ഇങ്ങനെ, അല്ലാഹു തൻെറ മഹത്തായ അനുഗ്രഹവും വരപ്രസാദവുംകൊണ്ടു പ്രത്യേകപ്പെടുത്തുന്നതു അവൻ ഇ ച്ഛിക്കുന്നവരെ ആയിരിക്കയാൽ, അവൻ ഇതിലേക്കു ആരെ തിരഞ്ഞെടുക്കുമെന്നും അങ്ങനെ തിരഞ്ഞെടുക്കുന്ന തു എപ്പോഴായിരിക്കുമെന്നുമുള്ളതു അവൻ മാത്രം അറിയു ന്ന പരമരഹസ്യമാകുന്നു. ആകയാൽ, സഹാബിമാരിൽ ആരും എന്തുകൊണ്ടു പ്രവാചകനായില്ല എന്നു ചോദി ക്കുകയെന്നതു ഈ ദൈവിക ചട്ടത്തെ ആക്ഷേപിക്കുന്നതി നു തുല്യമാകുന്നു. തന്നേയുമല്ല, നബിതിരുമേനി കൂടിയും ഈ ആക്ഷേപത്തിനു ലക്ഷീഭവിക്കുന്നുണ്ടു. കാരണം, ഹസ്രത്ത് ഉമറും ഹസ്രത്ത് അലിയും പ്രവാചകന്മാരല്ലെ ന്നു പറഞ്ഞിട്ടുള്ള തിരുമേനി തന്നേയാണ് ആഗതനാകു ന്ന മസീഹു നബിയായിരിക്കുമെന്നു അരുളിയിരിക്കുന്നതു. ''ഞാൻ ആദ്യത്തിലും മസീഹു അന്ത്യത്തിലും ഉള്ളതായ ഒരു സമുദായം നശിക്കുന്നതെങ്ങനെ?'' (ഇബ്നുമാജ:) എന്നും, ''ഈ സമുദായത്തിൻെറ ആദ്യവും അവസാനവും ശ്രേഷ്ഠമായതാകുന്നു; ആദ്യത്തേതിൽ ഞാനും അവസാന ത്തേതിൽ ഈസബ്നുമർയമും ആയിരിക്കുന്നതാണ്''' (കൻസുൽഉമ്മാൽ, വാല്യം 6, ഭാ. 132) എന്നും തിരു മേനി അരുളിച്ചെയ്തുകൊണ്ടു അന്ത്യകാലത്തു മസീഹായി വരുന്ന മഹാത്മാവു തൻെറ പൂർണ്ണ പ്രതിബിംബമായിരി ക്കുമെന്നും അതിനാൽ സഹാബിമാരേക്കാൾ ശ്രേഷ്ഠതയുള്ള ആളായിരിക്കുമെന്നും മനസ്സിലാക്കിത്തന്നിരിക്കുന്നു.* ത

---

* പ്രസ്തുത നബിവചനങ്ങളുടെ വ്യാഖ്യാനം പന്ത്രണ്ടാം അ ദ്ധ്യായത്തിലെ 'വാഗ്ദാനം ചെയ്യപ്പെട്ട മഹാത്മാവും ഖുർആനി ലെ പ്രവചനവും' എന്ന വകുപ്പിൽ കാണാവുന്നതാണ്.

ന്നേയുമല്ല, ആഗതനാകുന്ന ആ പുണ്യാത്മാവിനെ തിരുമേനി തന്നോടു ഉപമിച്ചു പറഞ്ഞുകൊണ്ടു അദ്ദേഹത്തിന്റെ സ്ഥാനമാഹാത്മ്യത്തെ വെളിപ്പെടുത്തിത്തരുകയും ചെയ്തിരിക്കുന്നു. ഇതിനുംപുറമെ, തനിക്കുശേഷം അടുത്തു ഉണ്ടാകുന്നതു ഖലീഫമാരാണ്, നബിമാരല്ല എന്നു തിരുമേനി അരുളിച്ചെയ്തു കൊണ്ടു സാഹാബിമാരിൽ പ്രവാചകനുണ്ടാകുന്നതല്ലെന്നും വ്യക്തമാക്കിയിരിക്കുന്നു. തിരുമേനി പറയുന്നതാവിതു:—''ഇസ്രായില്യരെ പ്രവാചകന്മാർ ഭരിച്ചുകൊണ്ടിരിക്കുകയും ഒരു നബി മരിച്ചപ്പോഴം, മറെറാരു നബി അദ്ദേഹത്തിനു പ്രതിപുരുഷനായിത്തീരുകയും ചെയ്തിരുന്നു. എനിക്കുശേഷം നബിയില്ല; അടുത്തു ഖലീഫമാരുണ്ടായിരിക്കുന്നതാണ്'' (ബുഖാരി). തിരുമേനി ഈ വാക്യംകൊണ്ടു, ഇസ്രായീല്യരിൽ മൂസാനബിയുടെ ശേഷം അടുത്തു തുടച്ചയായിത്തന്നെ പ്രവാചകന്മാർ ഭരണം നടത്തിക്കൊണ്ടിരുന്നപോലെ തന്റെ പിറകെ അടുത്തു പ്രവാചകന്മാർ ഉണ്ടായിരിക്കുന്നതല്ലെന്നും മറിച്ചു, പ്രവാചകന്മാരല്ലാത്ത ഖലീഫമാർ മാത്രമാണ് ഭരണം നടത്തുകയെന്നും ആകയാൽ സഹാബിമാരുടെ ഇടയിൽ പ്രവാചകനുണ്ടായിരിക്കുന്നതല്ലെന്നും വ്യക്തമാക്കിത്തന്നിരിക്കുന്നു.

### പ്രവാചകൻ വരേണ്ട കാലം ഇതുതന്നെ

പ്രവാചകത്വം എന്നതു ഒരു വ്യക്തിയുടെ ആവശ്യത്തെ നിവർത്തിക്കാനുള്ളതും സ്വപ്രയത്നംകൊണ്ടു മാത്രം ലഭിക്കാവുന്നതുമായ ഒരു സ്ഥാനമാണെങ്കിൽ മാത്രമേ നമ്മുടെ ഗ്രന്ഥകർത്താവിന്റെ ആക്ഷേപം സാധുവാകയുള്ളൂ. നബിതിരുമേനിയുടെ പിറകെ അടുത്തകാലത്തൊന്നും പ്രവാചകന്റെ ആവശ്യകത ഉണ്ടായിട്ടില്ല. ലോകർ തിരുമേനിയുടെ ഉപദേശത്തിൽനിന്നു ക്രമേണ

അകന്നകന്നു പോവുകയും ഒടുക്കം അവരെ വീണ്ടും ആ ദി വ്യോപദേശത്തിലേക്കുതന്നെ ക്ഷണിക്കേണ്ടതായ ആവ ശ്യം നേരിടുകയും ചെയ്തപ്പോഠം അനുയായികളിൽനിന്നു ഒരാളെ അല്ലാഹു പ്രവാചകനായി നിയോഗിക്കുകയുണ്ടാ യി. ഇതു തിരുമേനിയുടെ മാർഗ്ഗദർശനം പരിപൂർണ്ണവും സുരക്ഷിതവുമാണെന്നും തിരുമേനിയുടെ സ്ഥാനം അത്യു ൽകൃഷ്ടമാണെന്നും തെളിയിക്കുന്നതാകുന്നു. എന്നല്ലാതെ, അതു ഒരു പ്രകാരത്തിലും പുണ്യാത്മാക്കളായ സഹാ ബിമാൎക്കു കുറച്ചിലുണ്ടാക്കുന്നതല്ല. തിരുമേനിതന്നെ പ റയുന്നതാവിത്:—

خَيرُ القرُونِ قرنی ثمَّ الذّين َيلو ُنهم ثمّ الذّين َيلونَهم ثمّ َيفشوا الكذبِ

''നല്ല നൂററാണ്ടുകാർ എൻെറ നൂററാണ്ടുകാരും, പിന്നെ അവരോടു അടുത്തവരും, പിന്നെ അവരോടു തൊട്ടുള്ളവരും ആണ്, അതിൽ പിന്നെ അസത്യം വ്യാപിക്കും'' (ബു ഖാരി). ഈ നബിവാക്യംകൊണ്ടു ആദ്യത്തെ മൂന്നു നൂററാ ണ്ടുകഠംക്കുശേഷം മതബോധം കുറഞ്ഞുതുടങ്ങുമെന്നു മ നസ്സിലാകുന്നു, നല്ലകാലമായി തിരുമേനി പറഞ്ഞതാ യ ഈ മൂന്നു നൂററാണ്ടുകഠംക്കു ശേഷം ആയിരംകൊല്ലം ചെന്നപ്പോഠം മതബോധമില്ലായ്മ അതിൻെറ മൂദ്ധന്യ ത്തിലെത്തുകയും അപ്പോഠം ഒരു പ്രവാചകൻ നിയുക്തനാവുകയും ഉണ്ടായി. അല്ലാഹു വിശുദ്ധഖുർആനിൽ പ റയുന്നു:—

يدبر الامر من السماء الى الارض ثم يعرج اليه فى يوم كان مقداره الف سنة مما تعدون

''അവൻ ആകാശത്തിൽനിന്ന ഭൂമിയിലേക്ക കാര്യത്തെ നടത്തുന്നു; പിന്നെ അതു ഒരു നാരാംകൊണ്ട അവൻെറ പക്കലേക്കുതന്നെ ഉയർന്നുപോകുന്നു ആ നാരാം നിങ്ങരാം എണ്ണുന്ന ആയിരംകൊല്ലത്തിൻെറ തോതിൽ ഉള്ളതാണ്'' (32:5). ഈ വാക്യത്തിൽനിന്ന തിരുമേനിമുഖാന്തരം വെളിപ്പെട്ട ദിവ്യവെളിപാട ആയിരം കൊല്ലംകൊണ്ട ഉയൎന്നപോകുന്നതാണെന്ന മനസ്സിലാകുന്നു. ഈ ആയിരം കൊല്ലം, തിരുമേനി നല്ല കാലമെന്ന വേർതിരിച്ചുപറഞ്ഞിട്ടുള്ളതായ ആ മൂന്ന നൂററാണ്ടുകരാംക്ക ശേഷമുണ്ടാകുന്നതാണെന്നും ഗ്രാഹ്യമാകുന്നുണ്ട്. ഈ കാലത്തെക്കുറിച്ചുതന്നെയാണ് പുണ്യപ്രവാചകർ (സ) ഖുർആൻ ഉയന്നപോവുകയും ഇസ്ലാമിൻെറ പേരുമാത്രം ശേഷിക്കുകയും ചെയ്യുന്ന കാലമെന്നും മററും വിസ്തരിച്ചു പറഞ്ഞിട്ടുള്ളത്. ഇങ്ങനെ, ഇസ്ലാമികബോധവും വിശുദ്ധഖുർആനനുസരിച്ചുള്ള ജീവിതവും കുറഞ്ഞുകുറഞ്ഞ് ഒടുക്കം നല്ല നൂററാണ്ടുകരാംക്ക ശേഷമുള്ള ആയിരമാണ്ടായതോടുകൂടി ഇസ്ലാം നാനാവിധേനയും അത്യന്തം ശോചനീയമായ ഒരു ദുരവസ്ഥയിൽ ആണ്ടുപോവുകയും ഭാഗ്യമായും അഭ്യന്തരമായുള്ള ആക്രമണങ്ങരാംക്ക ലക്ഷീഭവിക്കുകയും ചെയ്യപ്പോരാം, അതിൻെറ സാക്ഷാൽ സുന്ദരരൂപം വെളിപ്പെടുത്തി, അതിലേക്ക ലോകത്തെ ക്ഷണിക്കുന്നതിന്ന ആഗതനാകേണ്ടുന്ന മഹാത്മാവിൻെറ പ്രത്യക്ഷതക്കുള്ള കാലമാവുകയും അതനുസരിച്ചു അദ്ദേഹം ദൈവനിയുക്തനാവുകയും ചെയ്കയുണ്ടായി. അല്ലാഹു വിശുദ്ധഖുർആനിൽ:—

ظهر الفساد فی البر والبحر بما کسبت ایدی الناس

''മനുഷ്യരുടെ ദുഷ്കൃത്യങ്ങരാം ഹേതുവായി കരയിലും കടലിലും ദോഷം വ്യാപിച്ചു'' (30:41) എന്ന പ്രസ്താവി

ച്ചുകൊണ്ടു നബിതിരുമേനി ലോകത്ത് അവതീൎണ്ണനായ ത്തു ഗ്രന്ഥാനുസാരികളും അല്ലാത്തവരുമായ നാനാജാതി മതസ്ഥരും പലവിധ മൂഢവിശ്വാസങ്ങളിലും അധൎമ്മങ്ങളിലും പെട്ടുഴലുകയായിരുന്ന കാലത്താണെന്നു നമ്മെ ബോധപ്പെടുത്തിയിരിക്കുന്നു. ലോകത്തിന്റെ ആ ദുരവസ്ഥ തിരുമേനിയുടെ സത്യസന്ധതയേയും തിരുവവതാരത്തിന്റെ അത്യന്താപേക്ഷയേയും തെളിയിച്ചു കാണിക്കയും ചെയ്തിരിക്കുന്നു. ഇപ്രകാരംതന്നെ തിരുമേനിയുടെ പ്രതിപുരുഷനായി നിയോഗിക്കപ്പെടുന്ന പ്രവാചകൻ ലോകം അന്ധവിശ്വാസങ്ങളിലും അനാചാരങ്ങളിലും അധൎമ്മകൃത്യങ്ങളിലും നിമഗ്നനായിത്തീരുന്ന ഒരു കാലത്തു തന്നെയാണ് ആഗതനാകേണ്ടിയിരിക്കുന്നതു. പ്രസ്തുത വാഗ്ദത്തകാലം ഇതുതന്നെയാണെന്നു ലോകസ്ഥിതി സാക്ഷ്യം വഹിക്കുന്നു. ഇങ്ങനെ പ്രവാചകാഗമനത്തെ ആവശ്യപ്പെടുന്നകാലം ഇതായിരിക്കുമ്പോൾ സഹാബിമാരിൽ ആരും എന്തുകൊണ്ടു പ്രവാചകനായില്ലെന്നോ കഴിഞ്ഞ പതിമൂന്നു നൂററാണ്ടുകൾക്കിടയിൽ എന്തുകൊണ്ടു ഒരു പ്രവാചകൻ നിയോഗിതനായില്ല എന്നോ ഉള്ള ചോദ്യം ഒരിക്കലും ന്യായമായിരിക്കുന്നതല്ല.

### സഹാബിമാരിൽ ആരും നബിയാകാതിരുന്നതുകൊണ്ടു പിന്നീടൊരിക്കലും നബിയുണ്ടായിക്കൂടെന്നില്ല.

നബിതിരുമേനിയെ പരിപൂൎണ്ണമായ നിലയിൽ അനുസരിച്ചിരുന്ന സഹാബിമാരിൽ ആരും പ്രവാചകനാകാതിരുന്നതാണല്ലൊ നമ്മുടെ ഗ്രന്ഥകൎത്താവിനുള്ള ഒരാക്ഷേപം. എന്നാൽ, ഇപ്രകാരംതന്നെ എല്ലാ സഹാബിമാരും എന്തുകൊണ്ടു ഹസ്രത്ത് അബൂബക്കറിനെയും ഹസ്രത്ത് ഉമറിനെയുംപോലെ ആയിത്തീൎന്നില്ല എന്നും, ഹ

സ്രത്ത് ഉമർ (റ) എന്തുകൊണ്ട ഹസ്രത്ത് അബൂബക്കറി നെപ്പോലെ ആയില്ല എന്നും ചോദിക്കാവുന്നതാണ്. ഹസ്രത്ത് അബൂബക്കർ (റ) ഖലീഫയായിത്തീരുകയും സഹാബിമാരെല്ലാം ആ മഹാത്മാവിൻെറ കീഴിൽ വ ത്തിക്കേണ്ടിവരുകയും ചെയ്തു. ഇപ്രകാരംതന്നെ ഖലീഫ മാരായിത്തീർന്ന മററുള്ളവരും ശേഷിച്ച സഹാബിമാരു ടെ മേൽ അധികൃതന്മാരായിത്തീൎന്നു. എന്നാൽ, സഹാബി മാർ നബിതിരുമേനിയെ പരിപൂൎണ്ണനിലയിൽ അനുസരി ച്ചുപോന്നവരായിരുന്നിട്ടും അവരെല്ലാവരുംതിരുമേനിയുടെ പ്രതിപുരുഷന്മാരായിത്തീൎന്നില്ലല്ലോ. മുജദ്ദിദുമാർ ആവിർഭ വിക്കുന്നതാണെന്നുള്ള പ്രവചനമനുസരിച്ചു സമുദായത്തിൽ മഹാജ്ഞാനികളായ മുജദ്ദിദുമാർ വന്നുകൊണ്ടിരുന്നു. എന്നാൽ, സഹാബിമാരിൽ ആരും മുജദ്ദിദാവുകയുണ്ടായി ല്ല. പിൽക്കാലത്തു ഇസ്ലാമിൽ അസംഖ്യം ഒലിമാർ ഉ ത്ഭവിക്കുകയും അവർമുഖാന്തരം പല അത്ഭുതങ്ങളും വീര്യപ്രവൃത്തികളും സംഭവിക്കുകയും അവൎക്കു ദൈവഭാ ഷണം സിദ്ധിക്കുകയും ഉണ്ടായിട്ടുണ്ട്. എന്നാൽ സഹാ ബിമാരെല്ലാം ഇത്തരക്കാരായിരുന്നില്ല. ഈ സംഗതി കാരണംകൊണ്ടൊന്നും സഹാബിമാർ ''അല്ലാഹുവിന്നും റസൂ ലിന്നും ശരിക്കു വഴിപ്പെട്ടിട്ടില്ല'' എന്നു വരുകയോ, അ വൎക്കുള്ള യഥാൎത്ഥസ്ഥാനത്തിനു ഭംഗമുണ്ടാവുകയോ ചെ യ്തിട്ടില്ലെങ്കിൽ, അവരിൽനിന്നു ആരെയും അല്ലാഹു പ്ര വാചകനായി തിരഞ്ഞെടുക്കാതിരിക്കയും പതിമൂന്നു നൂ ററാണ്ടുകൾക്കു ശേഷം ഒരു പ്രവാചകനെ നിയോഗിച്ചയ ക്കുകയും ചെയ്തതുകൊണ്ടു അവൎക്കുള്ള യഥാൎത്ഥസ്ഥാനത്തി നു കുറച്ചിൽ വരുകയോ അവർ ''അല്ലാഹുവിന്നും റസൂ ലിന്നും ശരിക്കു വഴിപ്പെട്ടിട്ടില്ല'' എന്നു വരുകയോ ചെ യ്യുന്നതല്ലതന്നെ. നബിമാരായിരിക്കുന്നതിനു അധികം അർഹതയുള്ളവർ സഹാബിമാരാണെന്നു പറയുകയാണെ

ങ്കിൽ, മഹ്ദിയും മസീഹുമായിരിക്കുവാനും അധികം അർഹതയുള്ളവർ അവർതന്നെയാണെന്നും മററാർക്കും ആ സ്ഥാനം സിദ്ധിക്കുവാൻ പാടില്ലെന്നും അതിനാൽ മഹ്ദീ_മസീഹിനെക്കുറിച്ച് തിരുമേനി അരുളിച്ചെയ്തതൊക്കെ അബദ്ധമാണെന്നും കൂടി പറയേണ്ടതായ്‌വരും. തന്നേയുമല്ല, പിൽക്കാലത്തുണ്ടായ ഓലിമാർ, മുജദ്ദിദ്മാർ തുടങ്ങിയുള്ളവൎക്കു ലഭിച്ചിട്ടുള്ള ദിവ്യഭാഷണം മുതലായ ദൈവീകാനുഗ്രഹങ്ങളെയെല്ലാം നിഷേധിക്കേണ്ടതായും വരും. കാരണം, ഇതുകളെല്ലാം എല്ലാ സഹാബിമാൎക്കും ലഭിച്ചിട്ടുണ്ടായിരുന്നില്ല. ചുരുക്കത്തിൽ, അല്ലാഹു തൻെറ പ്രത്യേകിച്ചുള്ള വരപ്രസാദംകൊണ്ടു ആരെയാണു അനുഗ്രഹിക്കുന്നതെന്ന സംഗതി അവൻമാത്രം അറിയുന്നതും അവൻെറ അധികാരത്തിൽ മാത്രം ഇരിക്കുന്നതുമാകുന്നു. ആയതുകൊണ്ടു തന്നെയാണു ഇമാം ശഅറാനി (റ) ഇപ്രകാരം പറഞ്ഞിരിക്കുന്നത്:—

قال يكون فى هذه الامة خير من ابى بكر و عمر قيل خير منهما قال قد كان يفضل على بعض الانبياء

''പിൽക്കാലത്തു വരുന്ന ചിലൎക്കു ആദ്യകാലത്തുള്ളവൎക്കു കൊടുക്കാതിരുന്ന ചില അനുഗ്രഹങ്ങൾ അല്ലാഹു നൽകുന്നതാണ്'' (തബഖാത്തുശ്ശഅറാനി, വാല്യം 2, ഭാ. 80). ഇപ്രകാരം പിൽക്കാലത്തുള്ളവൎക്കു അല്ലാഹുവിങ്കൽനിന്നു മഹത്തായ അനുഗ്രഹം സിദ്ധിക്കുന്നുവെങ്കിലും അതു തിരുമേനിയോടുള്ള അനുസരണത്താൽ തിരുമേനിമുഖാന്തരം ലഭിക്കുന്നതാകകൊണ്ടു അതുമൂലം തിരുമേനിയുടെ സ്ഥാനമാഹാത്മ്യത്തിനു ഭംഗം വരുകയോ സഹാബിമാൎക്കു ലഭിച്ചിട്ടു

ണ്ടായിരുന്ന അനുഗ്രഹത്തിനു ഹാനിഭവിക്കുകയോ ചെയ്യുന്നില്ല. വാഗ്ദാനം ചെയ്യപ്പെട്ട മഹ്ദീ-മസീഹിനെക്കുറിച്ചു നബിതിരുമേനി (സ) അരുളിചെയ്തിട്ടുള്ള സംഗതികാം വായിക്കുന്നതായാൽത്തന്നെ അദ്ദേഹം സഹാബിമാരെക്കാം ശ്രേഷ്ഠനാണെന്നു മനസ്സിലാകുന്നു. ആ മഹാത്മാവു അല്ലാഹുവിങ്കൽനിന്നുള്ള നിയോഗത്തോടുകൂടി വരുന്ന ആളാണെന്നു തിരുമേനി പറയുകയും, താൻ സമുദായത്തിൻെറ ആദ്യോപദേഷ്ടാവെന്നപോലെ അദ്ദേഹം അന്ത്യോപദേഷ്ടാവായിരിക്കുമെന്നു പറഞ്ഞു അദ്ദേഹത്തെ തന്നോടു ഉപമിക്കുകയും ചെയ്തിട്ടുണ്ട്. ആയതുകൊണ്ടു തന്നെയാണ് ആഗതനാകുന്ന മഹാത്മാവു നബിതിരുമേനിയുടെ പരിപൂർണ്ണപ്രതിനിധിയായിരിക്കുമെന്നു സമുദായം വിശ്വസിക്കുകയും അദ്ദേഹത്തിൻെറ നിഗമനത്തെ ഉൽക്കണ്ഠാപൂർവ്വം പ്രതീക്ഷിക്കുകയും ചെയ്തുപോന്നതു്.

ചുരുക്കത്തിൽ, മഹ്ദീ-മസീഹായി നിയോഗിക്കപ്പെടുന്ന മഹാത്മാവു സഹാബിമാരേക്കാം അധികം സ്ഥാനമാഹാത്മ്യമുള്ള ആളായിരിക്കുമെന്നതു നിസ്തർക്കമാണ്. വാഗ്ദാനം ചെയ്യപ്പെട്ട മഹ്ദിയെക്കുറിച്ചു ഇമാം ഇബനുസീരീൻ (റ) പറഞ്ഞിട്ടുള്ളതായി ''ഹുജജുൽകിറാമഃ''യിൽ ഇപ്രകാരം കാണുന്നു:—

قال يقون فى هذه الامة خليفة خير من ابى بكر وعمر

قيل خير منهما قال قد كان يفضل على بعض الانبياء

''ഈ സമുദായത്തിൽ അബൂബക്കർ, ഉമർ എന്നിവരേക്കാം ശ്രേഷ്ഠനായ ഖലീഫയുണ്ടാകും, എന്നു മുഹമ്മദു ബനുസീരീൻ പറഞ്ഞു. അവരിരുവരേക്കാളും ശ്രേഷ്ഠനാ

യിരിക്കുമോ? എന്നു ചോദിക്കപ്പെട്ടപ്പോൾ, 'അതെ, അദ്ദേഹം ചില പ്രവാചകന്മാരേക്കാൾ കൂടിയും ശ്രേഷ്ഠനായിരിക്കുന്നതാണ്'' എന്നു അദ്ദേഹം മറുപടി പറയുകയുണ്ടായി'' (ഹുജജ്, ഭാ. 386). ഇതേ ഗ്രന്ഥത്തിന്റെ പ്രസ്തുതഭാഗത്തിൽതന്നെ ഇങ്ങനെയും പ്രസ്താവിച്ചു കാണുന്നു: ''അദ്ദേഹത്തിനു (മഹ്ദിക്കു) 'ഖലീഫത്തുല്ലാഹ്'' എന്ന സ്ഥാനപ്പേരാണ് നബിതിരുമേനി നൽകിയിരിക്കുന്നതു. അബൂബക്കറിനെയാകട്ടെ 'ഖലീഫത്തുർറസൂൽ' എന്നേ പറയുന്നുള്ളൂ. ഇതു മഹ്ദിയുടെ ശ്രേഷ്ഠതയെ കാണിക്കുന്നു എന്നു അലീഖാരി! പറഞ്ഞിരിക്കുന്നു.'' ഇതിനുപുറമെ, 'ഫുസൂസുൽഹികം' എന്ന ഗ്രന്ഥത്തിന്റെ വ്യാഖ്യാനത്തിൽ പറഞ്ഞിരിക്കുന്നതാണിതു:—''അന്ത്യകാലത്തു ഈ സമുദായത്തിൽ ആഗതനാകുന്ന മഹ്ദി ന്യായപ്രമാണവിധികളെ അനുസരിക്കുന്ന ആളായിരിക്കുമെങ്കിലും, ജ്ഞാനത്തിലും അഗാധമായ അറിവുകളിലും മററു പ്രവാചകന്മാരും ഒലിമാരും അദ്ദേഹത്തിന്റെ കീഴിലായിരിക്കും. കാരണം, അദ്ദേഹത്തിന്റെ ആത്മീയാവസ്ഥ നബിതിരുമേനിയോടു പ്രത്യേകതരത്തിൽ ബന്ധിക്കപ്പെട്ടിട്ടുള്ളതാണ്'' (ശറഹ് ഫുസൂസുൽഹികം ഭാ. 52, 53). ഇതിൽനിന്നെല്ലാം മഹ്ദിക്കു എത്രയും മഹത്തായ ഒരു സ്ഥാനമാണുള്ളതെന്നു തെളിവാകുന്നു. അദ്ദേഹം തന്നെ പ്രവാചകനായിരിക്കുമ്പോൾ അദ്ദേഹത്തിനുള്ള സ്ഥാനം മററുള്ളവരുടെതിനേക്കാൾ ഉപരിയായതായിരിക്കുമെന്നു പറയേണ്ടതില്ലല്ലോ.

സഹാബിമാരെല്ലാവരും സിദ്ദീഖുമാരാകാതിരുന്നതുകൊണ്ടു പിന്നീടാക്കും സിദ്ദീഖായിക്കൂടെന്നില്ല.

നബിതിരുമേനിയുടെ അനുയായികൾക്കു 'സിദ്ദീഖിയ്യത്'വരെയുള്ള സ്ഥാനങ്ങൾ ലഭ്യമാണെന്നും ''മനുഷ്യ

ക്ക് പ്രാപിക്കുവാൻ സാധിക്കുന്ന ഏററവും ഉയർന്ന പദവി'' സിദ്ദീഖിയ്യത് ആണെന്നും അത്രേ ഗ്രന്ഥകർത്താവിൻെറ അഭിപ്രായം. എന്നാൽ, സഹാബിമാരെല്ലാവരും ഒരേ സ്ഥാനക്കാരല്ലാതിരുന്നതുകൊണ്ടു ''ഏററവും ഉയന്ന പദവി''എന്നു ഗ്രന്ഥകർത്താവു പറയുന്ന സിദ്ദീഖിയ്യത് അവക്കെല്ലാവക്കും സിദ്ധിച്ചിരുന്നില്ലെന്നു സ്പഷ്ടമാകുന്നു. അഥവാ ആ സ്ഥാനം അവക്കു ലഭിച്ചിരുന്നുവെങ്കിൽ, അവരുടെ സ്ഥാനങ്ങൾക്കു വ്യസ്തതയുണ്ടാവുകയില്ലായിരുന്നു. എന്നാൽ, അവക്കു സ്ഥാനവ്യത്യാസമുള്ളതുകൊണ്ടു അവരെല്ലാവരും സദ്ദീഖുമാരായിരുന്നില്ലെന്നും പ്രാപ്യമാകാവുന്ന ഏററവും ഉയന്ന പദവി അവരിൽ ഒവ്വൊരുവക്കും ലഭിച്ചിരുന്നില്ലെന്നും മനസ്സിലാകുന്നു. ഒരിക്കൽ നബിതിരുമേനി (സ) അബൂബക്കർ, ഒമർ, ഉസ്മാൻ എന്നീ സഖാക്കളൊന്നിച്ചു ഉഹദ്കുന്നിൻ മുകളിലായിരുന്നപ്പോൾ ആ കുന്നിനെ സംബോധന ചെയ്തുകൊണ്ടു فانما عليك نبي وصديق وشهيدان ''നിൻെറ മേൽ ഒരു നബിയും ഒരു സിദ്ദീഖും രണ്ടു ശഹീദുമാരുമാണുള്ളതു'' എന്നു അരുളിച്ചെയ്തിരുന്നതായി 'സഹീഹുൽബുഖാരി'യിലും മററും പ്രസ്താവിച്ചു കാണുന്നു. ഇതിൽനിന്നും സഹാബിമാരെല്ലാം സിദ്ദീഖുമാരായിത്തീന്നിരുന്നില്ലെന്നു വ്യക്തമാകുണ്ടു. ഹസ്രത്ത് അബൂബക്കറിന്നു പുറമെ മററാരെല്ലാമാണു പരസ്യമായി സിദ്ദീഖു എന്നു അഭിധാനം ചെയ്യപ്പെട്ടിട്ടുള്ളതെന്നു ഗ്രന്ഥകർത്താവു പഞ്ഞുതന്നാൽ കൊള്ളാം. ''എൻെറ സമുദായത്തിൽനിന്നും ആർ സ്വർഗ്ഗത്തിൽ ആദ്യം പ്രവേശിക്കുന്നുവോ അതു നിങ്ങൾ മാത്രമാണു'' * എന്നു ഹസ്രത്ത് അബൂബക്കറിനോടു നബിതിരുമേനി (സ)

* ഖതമുന്നുബുവ്വത്ത് ഭാ. 72.

അരുളിച്ചെയ്തിട്ടുള്ളതായി ഗ്രന്ഥകത്താവുതന്നെ പറയുന്നു. ഇതിൽനിന്നു ഹസ്രത്ത് അബൂബക്കർ (റ) പ്രാപിച്ച സ്ഥാനം മററാക്കും ലബ്ധമായിരുന്നില്ലെന്നു വെളിവാകുന്നുണ്ടു. സഹാബിമാരെല്ലാവരും ഒരേ സ്ഥാനക്കാരും സിദ്ദീഖുമാരും ആയിരുന്നുവെങ്കിൽ, സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നവരിൽ ഹസ്രത്ത് അബൂബക്കർ (റ) മാത്രം ഒന്നാമനായിരിക്കാവുന്നതെങ്ങനെ? സ്വർഗ്ഗപ്രവേശം ഒന്നാമതായി ലഭിക്കുന്നതു അദ്ദേഹത്തിനാണെന്നു വരുമ്പോൾ സഹാബിമാരെല്ലാം ഒരേ സ്ഥാനക്കാരല്ലെന്നും "മനുഷ്യർ പ്രാപിക്കുവാൻ സാധിക്കുന്ന ഏററവും ഉയന്ന പദവി" അവരിൽ ഒവ്വൊരുവക്കും ലഭിച്ചിരുന്നില്ലെന്നും വ്യക്തമാകുന്നു. ആകയാൽ, "മനുഷ്യർ പ്രാപിക്കുവാൻ സാധിക്കുന്ന ഏററവും ഉയന്ന പദവി ലഭിച്ചിട്ടുണ്ടെന്ന സർട്ടിഫിക്കററ്" † സിദ്ധിച്ചവരെന്നു സഹാബിനെക്കുറിച്ച ഗ്രന്ഥകർത്താവു പറഞ്ഞതു കേവലം അബദ്ധമാണു. ഏററവും ഉയർന്ന പദവി ലഭിച്ചവരെന്നുള്ള സർട്ടിഫിക്കെററു അവരിൽ ഒവ്വൊരുവക്കും കിട്ടിയിരുന്നുവെങ്കിൽ, അവരെല്ലാവരുടേയും സ്ഥാനം ഒന്നുതന്നെയായിരിക്കുകയും ഹസ്രത്ത് അബൂബക്കറിന്നും മററുള്ളവർക്കും തമ്മിൽ സ്ഥാനവ്യത്യാസം ഇല്ലാതിരിക്കുകയും ചെയ്യുമായിരുന്നു. "ഒരു പ്രവാചകനുണ്ടായിരിക്കേണ്ട ഗുണങ്ങൾ ഉമറി(റ)ൽ കാണുന്നു" * എന്നു ഗ്രന്ഥകർത്താവുതന്നെ പറഞ്ഞിരിക്കുന്നതിൽനിന്നു മററു സഹാബിമാക്കു പ്രസ്തുത ഗുണങ്ങൾ ഉണ്ടായിരുന്നില്ലെന്നു വരുന്നു. തന്നേയുമല്ല, ഹസ്രത്ത് ഉമറിനു ദൈവഭാഷണം ലഭിച്ചിരുന്നുവെന്നതു തക്കമററ സംഗതിയുമാണു. അതു മററു സഹാബിമാക്കെല്ലാം

† ഖതമുന്നുബുവ്വത്ത് ഭാ. 71. * ടി. ഭാ. 71.

സിദ്ധിച്ചിരുന്നതായി അറിയപ്പെട്ടന്നില്ല. ഹസ്രത്ത് അബൂബക്കർ(റ) ഖലീഫയായിത്തീരുകയും സഹാബിമാരെല്ലാം അദ്ദേഹത്തിൻെറ കീഴിൽ വർത്തിക്കേണ്ടിവരുകയും അപ്രകാരംതന്നെ അനന്തരം ഖലീഫമാരായിരുന്നവരെ ശേഷിച്ച സഹാബിമാരും അനുസരിക്കേണ്ടിവരുകയും ചെയ്തിരുന്നുവല്ലോ. ഈ സംഗതികളെല്ലാം സഹാബിമാരെല്ലാവരും ഒരേ സ്ഥാനക്കാരായിരുന്നില്ലെന്നു വിശദമാക്കിതരുന്നുണ്ട. ചുരുക്കത്തിൽ, അവരിൽ അധികപേരും ''പ്രാപിക്കുവാൻ സാധിക്കുന്ന ഏററവും ഉയർന്ന പദവി''യായി ഗ്രന്ഥകർത്താവു പറയുന്ന 'സിദ്ദീഖിയ്യത്'' സ്ഥാനം പ്രാപിച്ചവരല്ലെന്നും എല്ലാവരും ഒരേ സ്ഥാനക്കാരായിരുന്നില്ലെന്നും മനസ്സിലാകുന്നു. അതിനാൽ അവരിൽ ആക്കും പ്രവാചകത്വം സിദ്ധിക്കാതിരുന്നതുകൊണ്ട പന്നീടാർക്കും അതു ലഭ്യമാകാവതല്ലെന്നു പറയുകയാണെങ്കിൽ, അവരിൽ അധികപേക്കും ലഭ്യമാകാതിരുന്ന സിദ്ദീഖിയ്യത് സ്ഥാനവും അപ്രകാരംതന്നെ തിരുമേനിയുടെ അനന്തരാനുയായികാംക്ക പ്രാപ്യമാകാവതല്ലെന്നു പറയേണ്ടിവരുന്നതാണു. അപ്പോാം, ഈ ഉൽകൃഷ്ട സമുദായത്തിൽ പ്രവാചകനുണ്ടാകുവാൻ പാടില്ലെന്നു മാത്രമല്ല, പൂർവ്വപ്രവാചകന്മാരുടെ അനുയായികളിലെന്നപോലെ സിദ്ദീഖിയ്യത് സ്ഥാനം പ്രാപിച്ചവർപോലും ഉണ്ടാകുന്നതല്ലെന്നും സമ്മതിക്കേണ്ടതായ്‌വരും. സഹാബിമാരിൽ അധികപേക്കും ലഭിക്കാതിരുന്ന സിദ്ദീഖിയ്യത് അനന്തരഗാമികാംക്ക പ്രാപ്യമാണെങ്കിൽ, പ്രവാചകത്വം സഹാബിമാക്കും ലഭിക്കാതിരുന്നതുകൊണ്ട അതു പിന്നീടാർക്കും ലഭിക്കാവുന്നതല്ലെന്ന ന്യായം സ്വീകാര്യമല്ലെന്നു മനസ്സിലാകുന്നു. തന്നേയുമല്ല, 'സിദ്ദീഖിയ്യത്''വരെയുള്ള സ്ഥാനങ്ങാം സ്വപ്രയത്നംകൊണ്ട ലഭിക്കാവുന്നതാണെങ്കിൽ, സഹാബിമാക്കെല്ലാം ആ സ്ഥാ

നം ലഭിക്കാതിരുന്നതു അവർ തിരുമേനിയെ പൂൎണ്ണമായി അനുസരിക്കാതിരുന്നതുകൊണ്ടു ആണെന്നു സമ്മതിക്കേണ്ടതായിരിക്കുന്നു. ഇനി അവർ പൂൎണ്ണമായി അനുസരിച്ചിട്ടുകൂടിയും അവൎക്കെല്ലാം ആ സ്ഥാനം ലഭിച്ചില്ലെന്നു പറയുകയാണെങ്കിൽ, ആ സ്ഥാനവും സ്വപ്രയത്നംകൊണ്ടു മാത്രം ലഭിക്കാവുന്നതല്ലെന്നു സമ്മതിക്കേണ്ടിവരുന്നതാണു. ഇങ്ങനെ സിദ്ദീഖിയ്യത്ത് പോലും പ്രയത്നംകൊണ്ടു മാത്രം പ്രാപിക്കാവുന്നതല്ലെന്നുവരുമ്പോൾ, പ്രവാചകത്വം ആകട്ടെ എങ്കിലും സ്വപ്രയത്നംകൊണ്ടു മാത്രം ലഭിക്കാവുന്നതാണെന്നു വരുകയോ, സഹാബിമാൎക്കു അതു ലഭിക്കാതിരുന്നതുകൊണ്ടു അവർ തിരുമേനിയെ പൂൎണ്ണമായി അനുസരിച്ചില്ലെന്നു സിദ്ധിക്കുകയോ ചെയ്യുമെന്നു പറയുന്നതു കേവലം അടിസ്ഥാനരഹിതമാണു. ചുരുക്കത്തിൽ, സഹാബിമാരെല്ലാവരും സിദ്ദീഖിയ്യത്ത് സ്ഥാനം ലഭിച്ചവരാകാതിരുന്നതുകൊണ്ടു അവർ അല്ലാഹുവിനേയും നബിതിരുമേനിയേയും പൂൎണ്ണമായി അനുസരിച്ചില്ലെന്നു വരുകയോ പിന്നീടു ആ സ്ഥാനം ആൎക്കും പ്രാപ്യമാകുന്നതല്ലെന്നു സിദ്ധിക്കുകയോ ചെയ്യുന്നില്ല. ഇപ്രകാരംതന്നെ സഹാബിമാൎക്കു പ്രവാചകത്വം ലഭിക്കാതിരുന്നതുകൊണ്ടു അവർ "അല്ലാഹുവിനും റസൂലിനും ശരിക്കു വഴിപ്പെട്ടിട്ടില്ല" എന്നു സിദ്ധിക്കുകയോ പിന്നീടു ആ സ്ഥാനം അനുയായികളിലാൎക്കും പ്രാപ്യമാകുവാൻ പാടില്ലെന്നു വരുകയോ ചെയ്യുന്നുമില്ല.

### പ്രവാചകത്വം പ്രയത്നംകൊണ്ടുമാത്രം പ്രാപ്യമാകാവതല്ല.

അനുസരണംമൂലവും പ്രയത്നംകൊണ്ടും വിചാരിക്കുന്നവൎക്കൊക്കെ പ്രവാചകത്വപദം പ്രാപിക്കാവുന്നതാണെ

ന്നു ഞങ്ങരം പറയുന്നതായി ഗ്രന്ഥകർത്താവു ധരിച്ചി ട്ടുണ്ടെങ്കിൽ അതു കേവലം അബദ്ധമാണ്. പ്രയത്നം കൊണ്ടു മാത്രം പ്രവാചകത്വമെന്നല്ല, സിദ്ദീഖിയ്യത്തോ, അതിലും താഴ്ന്ന സ്ഥാനമായ ശഹീദിയത്തോ, സാ ലിഹിയ്യത്തോകൂടിയും പ്രാപ്യമാകുന്നതല്ല. ഈ സ്ഥാനങ്ങരം സ്വന്തമായ പരിശ്രമംകൊണ്ടുമാത്രം പ്രാപ്യ മാകാവതായിരുന്നുവെങ്കിൽ, സഹാബിമാരെല്ലാം ഓരേ സ്ഥാനക്കാരും എല്ലാവരും സിദ്ദീഖുമാരും ആയിത്തീ രുമായിരുന്നു. എന്നാൽ, അവരെല്ലാവരും സിദ്ദീഖിയ്യത് സ്ഥാനം പ്രാപിച്ചവർ അല്ലാതിരുന്നതുകൊണ്ടുതന്നേ, ഈ സ്ഥാനങ്ങളൊന്നും പരിശ്രമംകൊണ്ടു മാത്രം ലഭ്യമാകുന്ന തല്ലെന്നു വ്യക്തമാകുന്നു. അല്ലാഹുവിൻെറ അനുഗ്രഹ വും ആത്മീയസ്ഥാനങ്ങളും എല്ലാം മനുഷ്യനു ലഭി ക്കുന്നതു സ്വന്ത പരിശ്രമഫലമായിട്ടു മാത്രമല്ല, അതുവ ഓരോരുത്തരുടേയും അനുസരണം, ത്യാഗം, ഭക്തി, ദൈ വാനുരാഗം, ഹൃദയശുദ്ധി, പ്രാപ്തി ഇത്യാദികളുടെ സ്ഥിതിഭേദമനുസരിച്ചു അല്ലാഹുവിങ്കൽനിന്നു ദാനമാ യി ലഭിക്കുന്നതാകുന്നു. സ്വപ്രയത്നത്താൽ മാത്രം സിദ്ദീഖിയ്യത് തുടങ്ങിയുള്ള സ്ഥാനങ്ങരം തന്നെ ലഭ്യ മാകാതിരിക്കുമ്പോരം എല്ലാററിലുമുപരിയായതും വിശി ഷ്യ അല്ലാഹുവിൻെറ നിയോഗം ആവശ്യകമായിരിക്കു ന്നതുമായ പ്രവാചകത്വസ്ഥാനം പരിശ്രമംകൊണ്ടു മാ ത്രം ലഭിക്കാവുന്നതെങ്ങനെ? സ്വപ്രയത്നത്താൽ സി ദ്ദീഖിയ്യത് സ്ഥാനം പ്രാപിക്കുവാൻ കഴിയുമായിരുന്നു വെങ്കിൽ, എല്ലാവരും സിദ്ദീഖുമാരായിത്തീരുമായിരു ന്നു. എല്ലാവരും സിദ്ദീഖുമാരായിത്തീരാതിരുന്ന സ്ഥി തിക്കു സിദ്ദീഖിയ്യത് സ്ഥാനത്തിലും ഉപരിയായ പ്ര വാചകത്വപദം പ്രയത്നംകൊണ്ടു മാത്രം പ്രാപിക്കുക

യോ, ആ സ്ഥാനം പ്രാപിച്ചവരെകൊണ്ടു ലോകം നിബിഡമായിത്തീരുകയോ ചെയ്യേണ്ടതാണെന്നു പറയുന്നതു ഒരിക്കലും സാധുവാകുന്നതല്ല. പ്രവാചകത്വം സ്വന്തമായ പരിശ്രമത്താൽ ലഭ്യമാകുന്നതല്ലെന്നുള്ളതുകൊണ്ടു അതു ആക്കും പ്രാപ്യമല്ലെന്നു പറയുകയാണെങ്കിൽ, പ്രവാചകത്വം മാത്രമല്ല സിദ്ദീഖിയ്യത് തുടങ്ങിയുള്ള സ്ഥാനങ്ങളോ 'വിലായത്' പദവിയോ യാതൊന്നുംതന്നെ ആക്കും ലഭ്യമാകുന്നതല്ലെന്നുകൂടി പറയേണ്ടിവരുന്നതാണ്. പ്രവാചകത്വം പ്രാപ്യമാണെന്നുള്ളതുകൊണ്ടു അനുസരിച്ചു നടക്കുന്ന സകലക്കും അതു പ്രാപ്യമാകേണമെന്നു വരുന്നില്ല. ആ സ്ഥാനം ലഭ്യമാണെന്നുള്ളതുകൊണ്ടു അതു ഏവക്കും സിദ്ധിക്കേണ്ടതാണെന്നു പറയുകയാണെങ്കിൽ, സിദ്ദീഖിയ്യത് തുടങ്ങിയുള്ള സ്ഥാനങ്ങളും വിലായത്പദവിയും മററും അനുസരിച്ചു നടക്കുന്ന ഒവ്വൊരുവർക്കും ലഭിക്കേണ്ടതാണെന്നു പറയേണ്ടിവരുന്നതാണ്. നബിതിരുമേനിയോടുള്ള അനുസരണം വഴിയായും തിരുമേനി മുഖാന്തരമുള്ള അനുഗ്രഹമായും പ്രവാചകത്വം ലഭ്യമാണെന്നു പറയുന്നതിൻെറ താല്പയ്യം, തിരുമേനിയെ അനുസരിക്കുന്ന ഒവ്വൊരുവക്കും അതു ലഭ്യമാകുന്നതാണെന്നല്ല, ആ അനുഗ്രഹം തിരുമേനിയോടുള്ള അനുസരണം മൂലവും തിരുമേനി മുഖാന്തരവും അല്ലാതെ ലഭിക്കുകയില്ലെന്നു മാത്രമാണു. പ്രവാചകത്വമെന്നല്ല, അതിനു താഴെയുള്ള ആത്മീയമായ മററു യാതൊരു സ്ഥാനവും തിരുമേനിയോടുള്ള അനുസരണം വഴിയായും തിരുമേനി മുഖാന്തരമായും അല്ലാതെ ആർക്കും സിദ്ധിക്കുന്നതല്ല. ഇപ്രകാരത്തിലല്ലാതെ അതു സിദ്ധിക്കാവുന്നതല്ലെന്നുള്ളതുകൊണ്ടു മററു യാതൊരു വഴിയായും ഈ സ്ഥാനങ്ങളും ലഭ്യമാകുന്നതല്ലെന്നു വരുന്നുവെന്നല്ലാതെ, തിരുമേ

നിയെ അനുസരിക്കുന്ന എല്ലാ ഓരോരുത്തർക്കും അതു ലഭിക്കുന്നതാണെന്നു വരുന്നില്ല. സ്വന്തമായുള്ള പരിശ്രമംകൊണ്ടു ഇത്തരം ആത്മീയസ്ഥാനങ്ങൾ വിചാരിക്കുന്നവക്കൊക്കെ പ്രാപിക്കുവാൻ സാധിക്കുമെന്നാണെങ്കിൽ, അനുസരിച്ചു നടക്കുന്നവൎക്കു ലഭിക്കുന്നതായി വ്യത്യസ്തങ്ങളായ നാലു സ്ഥാനങ്ങളെ വേർതിരിച്ചുപറയേണ്ട ആവശ്യമില്ലതന്നെ. കാരണം, സ്വന്തമായ പ്രയത്നംകൊണ്ടു പ്രസ്തുത സ്ഥാനങ്ങൾ പ്രാപ്യമാണെന്നു വരുമ്പോൾ ഒട്ടൊരുവരും ഏററവും ഉപരിയായ സ്ഥാനത്തെ ആയിരിക്കും കരസ്ഥമാക്കുന്നതു. നമ്മുടെ ഗ്രന്ഥകർത്താവിൻെറ അഭിപ്രായപ്രകാരം എല്ലററിലുമുപരിയായ സ്ഥാനം സിദ്ദീഖിയ്യത് പദവിയായിരിക്കുമ്പോൾ ഓരോരുത്തരും സിദ്ദീഖ്തന്നെ ആയിത്തീരുന്നതാണു. മുസ്ലിംകൾ അനുവർത്തിക്കേണ്ട ശരീഅത്തു (ന്യായപ്രമാണം) ഒന്നു മാത്രമായിരുന്നിട്ടും അവൎക്കു പ്രാപ്യമാകുന്നതായി പ്രസ്താവിക്കപ്പെട്ടിട്ടുള്ള സ്ഥാനങ്ങൾ വ്യത്യസ്തങ്ങളായിരിക്കുന്നതിൽനിന്നുതന്നേ, ആ പദവികളോരോന്നും അല്ലാഹുവിൻെറ അനുഗ്രഹമായിട്ടു ലഭിക്കുന്നതാണെന്നും സ്വന്തമായ പരിശ്രമംകൊണ്ടുമാത്രം പ്രാപിക്കാവുന്നതല്ലെന്നും മനസ്സിലാകുന്നു. മനുഷ്യനു സാദ്ധ്യമായിരിക്കുന്നതു ദൈവകല്പനകളേയും മതനിർദ്ദേശങ്ങളേയും അനുസരിച്ചു നടക്കുകയെന്നതു മാത്രമാണു. ആ അനുസരണത്തിൻ ഫലമായിട്ട് അവന്നു ലഭിക്കുന്നതു അല്ലാഹുവിങ്കൽനിന്നുള്ള അനുഗ്രഹദാനമാകുന്നു. ഈ അനുഗ്രഹം അല്ലാഹു അവൻ ഉദ്ദേശിക്കുന്ന ആൾക്കു ദാനംചെയ്യുന്നുവെന്നല്ലാതെ, അതു സമ്പാദിക്കുകയെന്നതു മനുഷ്യൻെറ ശക്തിക്കധീനമായുള്ളതല്ല. അതിനാൽ ഇത്തരം സ്ഥാനങ്ങൾ സ്വന്തമായ പരിശ്രമംകൊണ്ടു മാത്രം പ്രാപിക്കാമെന്നു വിചാരിക്കുന്നതു തീരെ അബദ്ധമാണു.

ചുരുക്കത്തിൽ, അനുസരിച്ചുനടക്കുകയെന്നുള്ളതു മനുഷ്യൻെറ ഇച്ഛക്കധീനമായിട്ടുള്ളതാണു. എന്നാൽ, ഈ അനുസരണത്തിനു പ്രതിയായി ലഭിക്കാവുന്ന പ്രതിഫലവും ആത്മീയസ്ഥാനവും കരസ്ഥമാക്കുകയെന്നതു നമ്മുടെ കഴിവിലുള്ളതല്ല. അതു അല്ലാഹുവിൻെറ കൈയിലിരിക്കുന്നതും അവൻ താൻ ഇച്ഛിക്കുന്നവക്കു കൊടുക്കുന്നതുമാണ്. ഇത്രയുമല്ല, യഥാത്ഥമായ ദൈവഭക്തിയും ഹൃദയശുദ്ധിയുംകൂടി അല്ലാഹുവിൻെറ അനുഗ്രഹംമൂലം മാത്രമേ ലഭ്യമാകയുള്ളു. ഈ അവസ്ഥകൾപോലും ഒവ്വൊരുവനും ഇഷ്ടാനുസരണം കരസ്ഥമാക്കുവാൻ സാധിക്കുന്നില്ല. അല്ലാഹു വിശുദ്ധഖുർആനിൽ പറയുന്നതാവിതു:—

ولو لافضل الله عليكم ورحمته ما زكى منكم من احد ابدا
ولكن الله يزكى من يشاء

“അല്ലാഹുവിൻെറ അനുഗ്രഹവും കാരുണ്യവും നിങ്ങളിൽ ഇല്ലായിരുന്നുവെങ്കിൽ, നിങ്ങളിലാരും ഒരിക്കലും ശുദ്ധിമാനാകുന്നതല്ല; എന്നാൽ, അല്ലാഹു അവൻ ഇച്ഛിക്കുന്നവരെ ശുദ്ധീകരിക്കുന്നു” (24:21). ഇങ്ങനെ. വിചാരിക്കുന്നവക്കൊക്കെ യഥാത്ഥശുദ്ധിമാന്മാരായിത്തീരുവാൻ സാധിക്കുന്നില്ലെന്നതുകൊണ്ടു ആയവസ്ഥ യാതൊരാൾക്കു പ്രാപ്യമല്ലെന്നുവരുകയല്ല ചെയ്യുന്നതു, അതു എല്ലാ ഓരോരുത്തനും ലഭിക്കുന്നതല്ലെന്നു മാത്രമേ വരുന്നുള്ളു. ഇപ്രകാരംതന്നെ പ്രവാചകത്വം സ്വന്തമായ പരിശ്രമത്താൽ എല്ലാവക്കും സമ്പാദിക്കുവാൻ സാദ്ധ്യമല്ലാത്തതുകൊണ്ടു അതു എല്ലാവക്കും പ്രാപ്യമല്ലെന്നു വരുന്നുവെന്നല്ലാതെ യാതൊരാൾക്കും ലഭ്യമാകാവതല്ലെന്നുവരുന്നതല്ല. അല്ലാ

ഏ സ്വർഗ്ഗം നല്കുന്നതു സൽകർമ്മികൾക്ക തന്നെയാണെ ന്നിരിക്കിലും വിചാരിച്ചവക്കൊക്കെ സ്വർഗ്ഗപ്രവേശനം സാധിക്കുമെന്ന പറവാനോ, സ്വകർമ്മശക്തിയാൽ താൻ സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നതാണെന്ന ആക്കെങ്കിലും അ വകാശപ്പെടുവാനോ സാദ്ധ്യമല്ലതന്നെ. 'സ്വർഗ്ഗപ്രാപ്തി യുണ്ടാകുന്നതും അല്ലാഹുവിൻെറ പ്രത്യേക അനുഗ്രഹംകൊ ണ്ടുമാത്രമാണ. ഇതിനെക്കുറിച്ച പുണ്യപ്രവാചകർ (സ) അരുളിച്ചെയ്തിട്ടുള്ള ഒരു തിരുവാക്യം 'സഹീഹുൽബുഖാരി' യിൽ ഇപ്രകാരം വായിക്കുന്നു:—

لا يدخل احداً الجنة عملة ولا انت يا رسول الله قال

ولا انا الا ان يتغمدنى الله بمغفرة ورحمة

'ഒരുവനേയും അവൻെറ കർമ്മം സ്വർഗ്ഗത്തിൽ കടത്തുന്നത ല്ല എന്ന തിരുമേനി പറഞ്ഞപ്പോൾ തിരുമേനിയും പ്ര വേശിക്കുന്നതല്ലേ ? എന്നു ചോദ്യമുണ്ടായി. അതിനു, 'അല്ലാഹുവിൻെറ ക്ഷമാദാനവും കാരുണ്യവും എന്നെ ആ വരണം ചെയ്യുന്നുവെങ്കിലല്ലാതെ ഞാനും കടക്കുന്നതല്ല' എന്ന തിരുമേനി ഉത്തരമരുളി.'' ഇങ്ങനെ, വിചാരി ച്ചവക്കൊക്കെ സ്വപരിശ്രമത്താൽമാത്രം സ്വർഗ്ഗപ്രവേശ നം സാദ്ധ്യമല്ലെന്നതുകൊണ്ടു അതു യാതൊരാൾക്കും പ്രാ പ്യമല്ലെന്നു വരുന്നില്ല; മറിച്ച, അതു സ്വപരിശ്രമംകൊ ണ്ടു മാത്രം പ്രാപ്യമാകുന്നതല്ലെന്നും അല്ലാഹുവിൻെറ പ്ര സാദം ലഭിച്ചവർക്കുമാത്രമേ ലഭ്യമാകയുള്ളുവെന്നും മാത്ര മാണ് മനസ്സിലാകുന്നതു. ഈ വിഷയം മുസ്ലിംകൾ വിശ്വ സിക്കേണ്ട കാര്യാദികളെ പ്രതിപാദിച്ചിട്ടുള്ള 'അഖായി ദി'ൻെറ ഗ്രന്ഥങ്ങളിൽതന്നെയും കാണാവുന്നതാണ. ഉദാ ഹരണമായി ''കിഫായത്തുൽഅവാം'' എന്ന ഗ്രന്ഥത്തി

ൽ പറയുന്നു:— وإثابته تعالى للمطيع فضل منه ''അനുസരിക്കുന്നവൎക്കു പ്രതിഫലം നൽകുകയെന്നതു ദൈവത്തിന്റെ ഒരു അനുഗ്രഹമാകുന്നു.'' ഇപ്രകാരംതന്നെ 'ഫിഖ്ഹുൽ അക്ബർ' എന്നതിന്റെ വ്യാഖ്യാനഗ്രന്ഥത്തിൽ പറയുന്നതു കാണുക:—

العمل الصالح ليس بموجب للجزاءِ بل للجزاءُ بفضل الله وبرحمته

''സൽകൎമ്മം പ്രതിഫലത്തെ നിർബന്ധമാക്കുന്നില്ല. പ്രതിഫലം അല്ലാഹുവിന്റെ അനുഗ്രഹവും കാരുണ്യവും കൊണ്ടായിരിക്കുന്നതാണ്.'' (ശറ്ഹുൽ ഫിഖ്ഹിൽ അക്ബർ, ഭാ. 142) ചുരുക്കത്തിൽ, കൎമ്മങ്ങൾക്കു പ്രതിഫലം നൽകുകയെന്നതു അല്ലാഹുവിന്റെ അധികാരത്തിൽ മാത്രമായിരിക്കുന്നതാകകൊണ്ടു അതു അവൻതന്നെ ദാനം ചെയ്യുകയല്ലാതെ, മനുഷ്യനു സ്വേച്ഛയാ കരസ്ഥമാക്കുവാൻ സാധിക്കുകയില്ലതന്നെ. ഇപ്രകാരം മനുഷ്യനു സ്വപരിശ്രമത്താൽമാത്രം ആത്മീയമായ പ്രതിഫലത്തെ സമ്പാദിക്കുവാൻ സാദ്ധ്യമല്ലെന്നുള്ളതുകൊണ്ടു അതു ആൎക്കും പ്രാപ്യമാകാവതല്ലെന്നു വരുന്നതല്ല. ദൈവാനുഗ്രഹത്തിൻ ഫലമായി ലഭ്യമാകുന്ന ഈ അവസ്ഥകളോരോന്നും സ്വന്തമായ പരിശ്രമംകൊണ്ടു മാത്രം കരസ്ഥമാക്കാവുന്നതാണെങ്കിൽ, അനുഗ്രഹലബ്ധി ഉണ്ടായിട്ടുള്ളവരുടെ നേർവഴിയിൽ നയിക്കുന്നതിനായി നാം സൂറ: ഫാതിഹാ ഓതി ചെയ്തുവരുന്ന പ്രാൎത്ഥന ആവശ്യകമല്ലെന്നു വരുന്നതാണ്. ഇങ്ങനെ പ്രാൎത്ഥിക്കുവാൻ കല്പിച്ചിട്ടുള്ളതിൽനിന്നു, ഒരു ഭാഗത്തു അനുഗ്രഹമായി പ്രസ്താവിക്കപ്പെട്ടിട്ടുള്ള സ്ഥാനങ്ങൾ മനുഷ്യനു സ്വപ്രയത്നംകൊണ്ടു മാത്രം പ്രാപിക്കു

വാൻ സാധിക്കാത്തവയാണെന്നും, മറുഭാഗത്തു അവ തിരുമേനിയുടെ അനുയായികൾക്കു ലഭ്യമാകുന്നതാണെന്നും മനസ്സിലാകുന്നുണ്ട്. എന്നാൽ, ഈ പ്രാർത്ഥന ചെയ്യുന്ന ഒവ്വൊരുവനും പ്രവാചകനായിത്തീരേണമെന്നില്ലെന്നുള്ളതുപോലെതന്നെ ഒവ്വൊരുവനും സിദ്ദീഖോ, ശഹീദോ ആയിത്തീരേണമെന്നുമില്ല. ഈ അനുഗ്രഹം നൽകുകയെന്നതു പ്രാർത്ഥനയെ സ്വീകരിക്കുന്നവനായ അല്ലാഹുവിൻെറ കൈയിൽമാത്രം ഇരിക്കുന്നവനാണ്. പ്രാർത്ഥനയെ കൈക്കൊണ്ടു ആ പ്രത്യേകാനുഗ്രഹം അവൻ ഇച്ഛിക്കുന്ന ആൾക്കു പ്രദാനം ചെയ്യുന്നു. ആ സർവ്വശക്തൻ ഖുർആനിൽ ഇപ്രകാരം പറയുന്നു:—

ان الفضل بيد الله يؤتيه من يشاء والله ذو الفضل العظيم

''അനുഗ്രഹം അല്ലാഹുവിൻെറ കൈയിലാണ്; അതു അവൻ ഇച്ഛിക്കുന്ന ആൾക്കു നൽകുന്നു; അല്ലാഹു മഹത്തായ അനുഗ്രഹമുടയവനാകുന്നു.'' (57:29). ആകയാൽ, അല്ലാഹു അവൻ ഇഷ്ടപ്പെട്ട തൻെറ ഒരു ദാസനെ പ്രത്യേകാനുഗ്രഹമാകുന്ന പ്രവാചകത്വംകൊണ്ടു അനുഗ്രഹിച്ചയച്ചതു കൊണ്ടു മറെറ ശതാബ്ദങ്ങൾക്കു ശേഷമായിപ്പോയതുകൊണ്ടു അദ്ദേഹം അസത്യവാദിയായിത്തീരുന്നതല്ലതന്നെ.

### പ്രവാചകനുണ്ടാകാമെന്നതുകൊണ്ടു പ്രവാചകന്മാരാൽ ലോകം നിബിഡമാകേണമെന്നില്ല.

''പ്രാർത്ഥനമൂലം പ്രവാചകന്മാരാകുവാൻ സാധിക്കുമായിരുന്നുവെങ്കിൽ ഈ പതിമൂന്നു നൂററാണ്ടുകൾക്കകം ലോകം പ്രവാചകന്മാരാൽ നിബിഡീകൃതമാകുമായിരുന്നു''*

* ഖത്മുന്നുബുവ്വത്ത്. ഭാ. 76,

എന്നു ഗ്രന്ഥകത്താവു പറയുന്നു. എന്നാൽ, പ്രാത്ഥന കൊണ്ടോ അനുസരണം കൊണ്ടോ മാത്രം പ്രവാചകത്വമോ മറ്റേതെങ്കിലും ആത്മീയമായ സ്ഥാനമോ ലഭ്യമാകാവുന്നതല്ലെന്നു മുമ്പിൽ തെളിയിച്ചിട്ടുണ്ട. പ്രാത്ഥിക്കുന്നവക്കെല്ലാം പ്രവാചകൻമാരായിത്തീരാമെന്നു ഞങ്ങൾ പറയുന്നില്ല. തന്നേയുമല്ല, പ്രാത്ഥിക്കുന്നവക്കെല്ലാം സിദ്ദീഖു, ശഹീദ് എന്നീ സ്ഥാനികന്മാരായിത്തീരുവാൻ സാധിക്കുമെന്നും ഞങ്ങൾ വാദിക്കുന്നില്ല. പ്രാത്ഥനയെ സ്വീകരിച്ചു ആത്മീയമായ സ്ഥാനങ്ങൾ നൽകുകയെന്നതു അല്ലാഹുവിൻെറ പ്രവൃത്തിയായതുകൊണ്ട പ്രാത്ഥിച്ചവക്കെല്ലാം അങ്ങനെയുള്ള സ്ഥാനങ്ങൾ ലഭിക്കേണ്ടതാണെന്നു വിചാരിക്കുന്നതു അബദ്ധമാകുന്നു. ഇങ്ങനെ, പ്രാത്ഥിച്ചവരെല്ലാം പ്രവാചകന്മാരായിത്തീരാഞ്ഞതുകൊണ്ട പ്രവാചകത്വം ആക്കും ലഭ്യമല്ലെന്നു തീരുമാനിക്കുകയാണെങ്കിൽ, പ്രാത്ഥിച്ചുപോന്ന ഒവ്വൊരുവനും സിദ്ദീഖായിത്തീരുകയോ, ശഹീദായിത്തീരുകയോ, സാലിഹായിത്തീരുകയോ ചെയ്യാതിരിക്കുന്നതു കൊണ്ട സിദ്ദീഖിയ്യത്, ശഹീദിയ്യത്, സാലിഹിയ്യത് എന്നീ സ്ഥാനമൊന്നുംതന്നെ ആക്കും ലഭ്യമാകുന്നതല്ലെന്നും തീരുമാനിക്കേണ്ടിവരുന്നതാണു. ആകയാൽ, പ്രാത്ഥനമൂലം പ്രവാചകത്വം പ്രാപിക്കാമായിരുന്നുവെങ്കിൽ, ''ലോകം പ്രവാചകന്മാരാൽ നിബിഡീകൃതമാകുമായിരുന്നു'' എന്നു ഗ്രന്ഥകത്താവു പറയുന്നതു ഒരിക്കലും ന്യായമായിരിക്കുന്നില്ല. 'സിദ്ദ്ഖിയ്യത്'വരെയുള്ള സ്ഥാനമെല്ലാം പ്രാപ്യമാണെന്നു അദ്ദേഹം താനും സമ്മതിക്കുന്നുണ്ടല്ലോ*. തന്മൂലം, പ്രവാചകത്വം ലഭ്യമാണെന്നുവരുകിൽ പ്രവാചകന്മാരെക്കൊണ്ട 'ലോകം നിബിഡമാകേണ്ടതാണെന്നുള്ള ന്യായപ്രകാരം

* ഖതമുന്നുബുവ്വത്ത് ഭാ. 77.

'സിദ്ദീഖിയ്യത്' പ്രാപ്യമാണെന്നുവരുമ്പോഴും സിദ്ദീഖുമാരെകൊണ്ടു ലോകം അതിലേറെ നിബിഡമായിത്തീരേണ്ടതാണ്. എന്നാൽ, പ്രാർത്ഥനയും അനുസരണവും മുഖേന 'സിദ്ദീഖിയ്യത്' പ്രാപ്യമാകാമെന്നിരുന്നിട്ടും ഇതേവരെ ലോകം സിദ്ദീഖുമാരെ ക്കൊണ്ടു ''നിബിഡീകൃത''മായിട്ടില്ലെങ്കിൽപിന്നെ, ലോകം ''പ്രവാചകന്മാരാൽ നിബിഡീകൃത''മായിത്തീരേണ്ടതാണെന്നു പറയുന്നതു ന്യായപൂർവ്വകമാകുന്നതെങ്ങനെ? ആകയാൽ, പ്രവാചകത്വം സിദ്ധിച്ചവരാൽ ലോകം നിബിഡമായിത്തീരാഞ്ഞതുകൊണ്ടു ആ സ്ഥാനം ആർക്കും പ്രാപ്യമല്ലെന്നു പറയുകയാണെങ്കിൽ, 'സിദ്ദീഖിയ്യത്' സ്ഥാനവും ആർക്കും ലഭ്യമാകുന്നതല്ലെന്നു സമ്മതിക്കേണ്ടിവരുന്നതാണ്. ഇന്നു ലോകത്തിൽ ഉദ്ദേശം 200 കോടി ജനങ്ങളുള്ളതിൽ ആയിരത്തിനു ഒന്നുവീതം പോലും സിദ്ദീഖിയ്യത് സ്ഥാനം പ്രാപിച്ചവർ ഉള്ളതായി പറയാവുന്നതല്ലല്ലൊ. ഇങ്ങനെ, ഗ്രന്ഥകർത്താവിൻെറ പക്കൽതന്നെയും പ്രാപ്യമാകാവുന്നതായ 'സിദ്ദീഖിയ്യത്' സ്ഥാനം പ്രാപിച്ചവരെക്കൊണ്ടു ലോകം ''നിബിഡീകൃത''മായിട്ടില്ല എന്നല്ല, ഇതിനുമുമ്പു ഒരുകാലത്തും സിദ്ദീഖുമാരാൽ ലോകം നിബിഡമായിരുന്നതായി ഗ്രന്ഥകർത്താവിനു തെളിയിക്കുവാൻ സാധിക്കുന്നതുമല്ല. ''മനുഷ്യർക്കു പ്രാപിക്കുവാൻ സാധിക്കുന്ന ഏറ്റവും ഉയൎന്ന പദവി ലഭിച്ചിട്ടു''ള്ളവരെന്നു അദ്ദേഹം പ്രസ്താവിച്ചിരിക്കുന്ന സഹാബിമാരുടെ സംഘംതന്നെയും സിദ്ദീഖുമാരാൽ നിബിഡമായിത്തീൎന്നിരുന്നില്ല എന്നു മുമ്പിൽ പ്രതിപാദിക്കപ്പെട്ടിട്ടുണ്ടു*. ഇങ്ങനെ ആ പവിത്രസംഘം പോലും 'സിദ്ദീഖിയ്യത്' പദം പ്രാപിച്ചവരാൽ നിബിഡമായിത്തീരാതിരുന്ന സ്ഥിതിക്കു ലോകം

*പ്രകൃതാദ്ധ്യായം. ഖ. 25, 28

എപ്പോഴെങ്കിലും സിദ്ദീഖുമാരാൽ നിബിഡമായിത്തീർന്നിരുന്നതായി ഊഹിക്കുവാൻകൂടി പാടില്ലാത്തതാകുന്നു. ആകയാൽ, സിദ്ദീഖുമാരാൽ ലോകം ഒരിക്കലും നിബിഡമാകാതിരുന്നതുകൊണ്ടു ആ സ്ഥാനം ആക്കും പ്രാപ്യമല്ലെന്നോ പ്രാർത്ഥനക്കും അനുസരണത്തിന്നും ഫലമില്ലെന്നോ വരുന്നില്ലെങ്കിൽ, അതിലുമുപരിയായ പ്രവാചകത്വം സിദ്ധിച്ചവരാൽ ലോകം തിങ്ങിപ്പോകാതിരുന്നതു കൊണ്ടു ആ സ്ഥാനം പ്രാപ്യമല്ലെന്നു ഒരുപ്രകാരത്തിലും സിദ്ധിക്കുന്നതല്ല. പ്രവാചകത്വം എന്നതു ആവശ്യകതയനുസരിച്ചു അല്ലാഹു ലോകത്തിനു നൽകുന്ന ഒരു അനുഗ്രഹമാണ്. ആ അനുഗ്രഹം സ്വതന്ത്രമായ നിലയിൽ കിട്ടിക്കൊണ്ടിരുന്ന കാലങ്ങളിലൊന്നും അതു ലഭിച്ചവരാൽ ലോകം നിബിഡമായിത്തീർന്നിട്ടില്ലെങ്കിൽ, നബിതിരുമേനിയുടെ പിറകെ ആ അനുഗ്രഹം തിരുമേനിയോടുള്ള അനുസരണം വഴിയായി മാത്രമേ ലഭ്യമാകയുള്ളു എന്നു പറയുന്നതുകൊണ്ടു അതു ലഭിച്ചവരാൽ ലോകം നിബിഡമായിത്തീരേണമെന്നു വരുന്നതല്ലതന്നെ. ചുരുക്കത്തിൽ, 13 നൂററാണ്ടുകാലക്കും പ്രവാചകന്മാരാൽ ലോകം നിബിഡമാകാതിരുന്നതുകൊണ്ടു പ്രവാചകത്വം ആക്കും ലഭ്യമല്ലെന്നു പറയുന്നതു സാധുവായിരിക്കുമെങ്കിൽ, അതിലും താഴ്ന്ന സ്ഥാനക്കാരായ സിദ്ദീഖുമാരാൽ ലോകം തിങ്ങിപ്പോയിട്ടില്ലാത്തതു കൊണ്ടു 'സിദ്ദീഖിയ്യത്' സ്ഥാനവും ആക്കും പ്രാപ്യമല്ലെന്നു സമ്മതിക്കേണ്ടതായ്‌വരും. ഈ പ്രകാരം സമ്മതിക്കുന്നതു തത്വവിരുദ്ധമായിരിക്കുമെങ്കിൽ, പ്രവാചകന്മാരാൽ ലോകം "നിബിഡീകൃത"മാകാതിരുന്നതുകൊണ്ടു പ്രവാചകനുണ്ടാകാവതല്ലെന്നു മനസ്സിലാകുന്നു എന്ന ന്യായം അതിലേറെ ന്യായവിരുദ്ധമായിരിക്കുന്നതാണ്.

ആരേയും പ്രവാചകനാക്കുവാൻ സാദ്ധ്യമല്ലെന്നു
തിരുമേനി പറഞ്ഞുവെങ്കിൽതന്നെ, അതുകൊണ്ടു
പ്രവാചകനുണ്ടാകുന്നതല്ലെന്നു വരുന്നതല്ല.

നബിതിരുമേനി (സ) സഹാബിമാരോടു ''എനി ക്കു നിങ്ങളെ നബിമാരാക്കുവാൻ കഴികയില്ല''* എന്നു അരുളിച്ചെയ്തിരുന്നതായി നമ്മുടെ ഗ്രന്ഥകർത്താവു ഒരു വാചകം ഉദ്ധരിക്കുകയും അതിനെ തിരുമേനിക്ക്ശേഷം പ്രവാചകനുണ്ടാകുന്നതല്ലെന്നതിലേക്കു തെളിവായി കാ ണിക്കുകയും ചെയ്തിരിക്കുന്നതു ആശ്ചര്യജനകമായിരിക്കു ന്നു. തിരുമേനി അരുളിചെയ്തതായി പറയുന്ന പ്രസ്തുത വാക്യം എവിടെയാണുള്ളതെന്നതിലേക്കു അദ്ദേഹം യാ തൊരു ലക്ഷ്യവും കാണിച്ചിട്ടില്ല. എന്നാൽ, തിരുമേ നിയുടെ അനുയായികളിൽ പ്രവാചകനുണ്ടാകുന്നതല്ലെന്നു വരുത്തുവാനായി ഇപ്രകാരമൊക്കെ പ്രസ്താവിച്ചിരിക്കുന്ന ഗ്രന്ഥകത്താവു സിദ്ദീഖുമാരുണ്ടായിരിക്കുന്നതാണെന്നു സമ്മതിക്കുന്നുണ്ടല്ലോ. ഇങ്ങനെ, തിരുമേനിയുടെ അനു യായികൾക്കു സിദ്ദീഖുമാരായിത്തീരാമെന്നു സമ്മതിക്കു ന്ന അദ്ദേഹം, ''നിങ്ങളെ എനിക്കു സിദ്ദീഖുമാരാക്കുവാൻ കഴിയും'' എന്നു തിരുമേനി സഹാബിമാരോടു അരുളി ച്ചെയ്തതായി കാണിച്ചുതരുമോ? ഇപ്രകാരം കാണിക്കാൻ സാദ്ധ്യമല്ലെങ്കിൽ, 'സിദ്ദീഖീയ്യത്'വരെയുള്ള സ്ഥാനങ്ങ ളും പ്രാപ്യമാകുന്നതല്ലെന്നു പറവാൻ അദ്ദേഹം ഒരുങ്ങുമോ? പുണ്യപ്രവാചകരെക്കുറിച്ചു അല്ലാഹു വിശുദ്ധഖുർആനിൽ

انك لا تهدى من احببت ولكن الله يهدى من يشاء

* ഖതമുന്നുബുവ്വത്ത് ഭാ. 71.

''നിങ്ങഠം ഇഷ്ടപ്പെടുന്നവരെ നേർവ്വഴിയിലാക്കുവാൻ നിങ്ങഠംക്കു സാദ്ധ്യമല്ല; അല്ലാഹു അവൻ ഇച്ഛിക്കുന്നവരെ നേർവ്വഴിയിലാക്കുന്നു.'' (28: 56) എന്നു പ്രസ്താവിച്ചുകൊണ്ടു, ആരേയും നേർവ്വഴിയിലാക്കുകയെന്നതു തിരുമേനിയുടെ ഇഷ്ടമനുസരിച്ചു സാധിക്കാവുന്നതല്ലെന്നു വ്യക്തമാക്കിത്തന്നിരിക്കെ, അനുയായികളെ സിദ്ദീഖുമാരും മററുമാക്കിത്തീക്കുകയെന്നതു തിരുമേനിയുടെ കഴിവിൽപെട്ടതാണെന്നു വിചാരിക്കുന്നതു ന്യായപൂർവ്വകമായിരിക്കാവുന്നതെങ്ങനെ? അബൂജഹ്ൽ തുടങ്ങിയ ശത്രുക്കഠം നേർമ്മാർഗ്ഗത്തെ അവലംബിക്കേണമെന്നായിരുന്നുവല്ലോ തിരുമേനി ആഗ്രഹിച്ചുകൊണ്ടിരുന്നതു. എന്നാൽ, തിരുമേനിക്കു അവരെ നേർവ്വഴിയിൽ നടത്തുവാൻ സാധിച്ചിരുന്നില്ല. അബൂതാലിബ് ദിവ്യസന്ദേശം സ്വീകരിച്ചുകാണുവാൻ അദ്ദേഹത്തിൻെറ അന്ത്യഘട്ടംവരെ നബിതിരുമേനി (സ) ആഗ്രഹിച്ചു കൊണ്ടിരുന്നുവെങ്കിലും അദ്ദേഹത്തിനു സത്യം സ്വീകരിപ്പാനുള്ള ഭാഗ്യം സിദ്ധിച്ചിരുന്നില്ലെന്നുള്ളതു ചരിത്രപ്രസിദ്ധമാണല്ലൊ. ''യഹൂദരിൽ പത്തു പേർ എന്നിൽ വിശ്വസിച്ചിരുന്നുവെങ്കിൽ മററുള്ള യഹൂദരും എന്നിൽ വിശ്വസിക്കുമായിരുന്നു'' (ബുഖാരി) എന്നു തിരുമേനി അരുളിച്ചെയ്തിട്ടുള്ളതിൽനിന്നു, അവർ വിശ്വസിക്കാതിരുന്നതുനിമിത്തം തിരുമേനിക്കു അതിയായ വിചാരമുണ്ടായിരുന്നുവെന്നും മദീനയിലുണ്ടായിരുന്ന മൂന്നു യഹൂദഗോത്രങ്ങളിൽ പത്തു വ്യക്തികഠംപോലും തിരുമേനിയിൽ വിശ്വസിക്കുകയുണ്ടായില്ലെന്നും മനസ്സിലാകുന്നു. അല്ലാഹു തിരുമേനിയെക്കുറിച്ചു

لعلك باخع نفسك الا يكونوا مؤمنين

''അവർ വിശ്വാസികളായിത്തീരാത്തതുകൊണ്ടു നിങ്ങഠം പക്ഷെ നിങ്ങളെത്തന്നെ നശിപ്പിച്ചേക്കുമോ?'' (26 : 3)

എന്നു പ്രസ്താവിച്ചുകൊണ്ടു, എല്ലാവരും വിശ്വാസികളായിത്തീരാതിരുന്നതുനിമിത്തം തിരുമേനിക്കു എത്രമാത്രം വിചാരമുണ്ടായിരുന്നുവെന്നും അതിന്നുവേണ്ടി തിരുമേനി എത്രമാത്രം ക്ലേശിച്ചിരുന്നുവെന്നും വ്യക്തമാക്കിത്തന്നിരിക്കുന്നു. തിരുമേനി ഇപ്രകാരമെല്ലാം ക്ലേശിച്ചിരുന്നിട്ടും എല്ലാവരും വിശ്വാസികളായിത്തീരാതിരുന്നതിൽനിന്നും, ജനങ്ങളെ നേർവ്വഴിയിലാക്കുകയും വിശ്വാസികളാക്കിത്തീർക്കുകയും ചെയ്കയെന്നതു തിരുമേനിയുടെ ഇഷ്ടാനുസരണം സാധിതമായിരുന്നില്ലെന്നു മനസ്സിലാകുന്നു. തന്നേയുമല്ല, തിരുമേനി എത്രതന്നെ ആഗ്രഹിച്ചാലും അതു സാധിതമായിരുന്നില്ലെന്നു തിരുമേനിയോടുതന്നെ അല്ലാഹു പറഞ്ഞിട്ടുണ്ടു. ആ സകലേശ്വരൻ ഇപ്രകാരം പറയുന്നു:—

وما اكثر الناس ولو حرصت بمؤمنين

"നിങ്ങൾ അതിയായി ആഗ്രഹിച്ചിരുന്നാലും ഭൂരിപക്ഷജനം വിശ്വാസികളായിത്തീരുന്നതല്ല" (12 : 103). ഇങ്ങനെ, ഇഷ്ടപ്പെടുന്നവരേയൊക്കെ വിശ്വാസികളാക്കിത്തീർക്കുവാൻകൂടിയും തിരുമേനിക്കു സാദ്ധ്യമല്ലെന്നു വരുമ്പോൾ "എനിക്കു നിങ്ങളെ നബിമാരാക്കുവാൻ കഴികയില്ല" എന്നു സഹാബിമാരോടു തിരുമേനി പറഞ്ഞതായി വിശ്വസിക്കുവാൻ കേവലം പാടുള്ളതല്ല; അഥവാ, അപ്രകാരം തിരുമേനി പറഞ്ഞുവെങ്കിൽതന്നെ അതുകൊണ്ടു മേലിൽ പ്രവാചകനുണ്ടാകുന്നതല്ലെന്നു സിദ്ധിക്കുന്നതുമല്ല. തിരുമേനിക്കു സഹാബിമാരെ പ്രവാചകത്വത്തിലും താഴ്ന്ന പടിയിലുള്ള സ്ഥാനം പ്രാപിച്ചവരാക്കിത്തീർപ്പാൻ സാധിക്കുമായിരുന്നുവെങ്കിൽ, അവരെല്ലാം ഒരേ സ്ഥാനക്കാരും സിദ്ദീഖുമാരും ആയിത്തീരു

മായിരുന്നേനെ. എന്നാൽ അവരെല്ലാവരും ഒരേ സ്ഥാനക്കാരും സിദ്ദീഖുമാരും ആയിത്തീരാതിരുന്നതുകൊണ്ടു, ആത്മീയമായ സ്ഥാനങ്ങൾ നൽകുവാനുള്ള അധികാരം അല്ലാഹുവിനു മാത്രമുള്ളതാണെന്നും അതു അവൻ തിരുമേനിക്കുപോലും നൽകിയിരുന്നില്ലെന്നും മനസ്സിലാകുന്നു. വാസ്തവത്തിൽ പ്രവാചകത്വം എന്ന സ്ഥാനം മാത്രമല്ല, ആത്മീയമായ യാതൊരു സ്ഥാനവും നൽകുവാനുള്ള അധികാരം അല്ലാഹുവിങ്കൽ അല്ലാതെ മററു യാതൊരാളിലും ഇല്ലതന്നെ. ഈ അധികാരങ്ങളൊന്നും പുണ്യപ്രവാചകൾക്കു ഇല്ലാതിരുന്നതുകൊണ്ടു തിരുമേനിയുടെ അനുയായികൾക്കു ആത്മീയമായ സ്ഥാനങ്ങളൊന്നും ലഭ്യമാകുന്നതല്ലെന്നു വരുന്നില്ലെങ്കിൽ, തിരുമേനിക്കു അനുയായികളെ പ്രവാചകന്മാരാക്കിത്തീർക്കുവാൻ സാധിക്കാതിരുന്നതുകൊണ്ടു പ്രവാചകത്വവും അനുയായികളിലാർക്കും പ്രാപ്യമാകാവതല്ലെന്നു വരുന്നില്ല. തിരുമേനിയുടെ പ്രവൃത്തിപരിപാടിയെ അല്ലാഹു വിശുദ്ധഖുർആനിൽ വിവരിച്ചേടത്തൊന്നുംതന്നെ ജനങ്ങളെ സിദ്ധീഖുമാരാക്കിത്തീർക്കുക എന്ന ഒരു കൃത്യത്തെക്കുറിച്ചു പറയുന്നില്ല. അവരെ നല്ലുപദേശം ചെയ്കയും സന്മാർഗ്ഗത്തിലേക്കു ക്ഷണിക്കുകയും അവർക്കു ദിവ്യസന്ദേശം എത്തിച്ചുകൊടുക്കുകയും ദൈവികജ്ഞാനത്തെയും ഗ്രന്ഥത്തെയും പഠിപ്പിച്ചുകൊടുക്കുകയും ആത്മപരിശുദ്ധിയുടെ മാർഗ്ഗം കാണിച്ചുകൊടുക്കുകയും ചെയ്യുക എന്നുള്ളതാണ് തിരുമേനിയുടെ പ്രവൃത്തിപരിപാടിയായി പ്രസ്താവിക്കപ്പെട്ടിരിക്കുന്നതു. ആകയാൽ, തിരുമേനിയുടെ ദിവ്യോപദേശത്തെയും മാതൃകയെയും അനുസരിച്ചു നടക്കുന്നവർക്കു അവരുടെ പ്രാപ്തിയും സൽകർമ്മവും ത്യാഗശീലവും ഭക്തിയും ദൈവാനുരാഗവും അനുസരിച്ചു അവർക്കു ആത്മീയമായ സ്ഥാന

വും പദവിയും കല്പിച്ചുനൽകുകയെന്നതു അല്ലാഹുവിൻെറ അധികാരത്തിൽ മാത്രമിരിക്കുന്നതാണ്. എന്നാൽ, അവൻ ഈ സ്ഥാനം നൽകുന്നതു നബിതിരുമേനിയുടെ ഉപദേശത്തെ ശരിയായി ഉപജീവിക്കുകയും തിരുമേനിയെ പൂർണ്ണമായി അനുസരിക്കുകയും ചെയ്യുന്നവർക്ക മാത്രമേ ആയിരിക്കയുള്ളു. ഇപ്രകാരംതന്നെ, ആക്കെങ്കിലും പ്രവാചകത്വം നൽകുകയെന്നതു തിരുമേനിയുടെ അധികാരത്തിൽപെട്ടതല്ല; അതു അല്ലാഹു അവൻ ഇഷ്ടപ്പെട്ടുന്നവർക്ക നൽകുന്ന ദാനമാകുന്നു. എന്നാൽ, അവൻ പ്രവാചകത്വംകൊണ്ടു അനുഗ്രഹിച്ചയക്കുന്നതു നബിതിരുമേനിയുടെ അനുഗാമിയായി, തിരുമേനിയോടുള്ള അനുസരണത്തിൽ ലയിച്ചു, തിരുമേനിയുടെ സംപൂർണ്ണമാതൃകയായിത്തീൎന്ന ആളെ മാത്രമായിരിക്കുന്നതാണ്. ചുരുക്കത്തിൽ, തിരുമേനിക്കു വിചാരിച്ചവരേയൊക്കെ പ്രവാചകന്മാരാക്കിത്തീൎക്കാൻ സാധിക്കാഞ്ഞതുകൊണ്ടു പ്രവാചകത്വപദവി അനുയായികളിലാൎക്കും ലഭ്യമാകുന്നതല്ലെന്നു വരുന്നപക്ഷം 'സിദ്ദീഖിയ്യത്'' തുടങ്ങിയുള്ള ആത്മീയമായ മററു സ്ഥാനങ്ങളും തിരുമേനിയുടെ അനുയായികളിലൊരാൾക്കും ലഭ്യമാകുന്നതല്ലെന്നുകൂടി സമ്മതിക്കേണ്ടിവരുന്നതാണ്.